# ഹോർത്തൂസ് മലബാറിക്കസ്സ് : ഒരു സാംസ്കാരിക പാഠം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**സുമിത. വി**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2019

# HORTUS MALABARICUS : A CULTURAL TEXT

**Thesis submitted to the University of Calicut**

**in partial fulfillment of the requirements for the award of the degree of**

**DOCTOR OF PHILOSOPHY IN MALAYALAM**


**SUMITHA. V**

**DEPARTMENT OF MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**


**2019**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **"ഹോർത്തൂസ് മലബാറിക്കസ്സ്: ഒരു സാംസ്കാരിക പാഠം"** എന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ, അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചതല്ല എന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി : 17.01.2019

**സുമിത. വി**

**ഡോ. എസ്. ശ്രീകുമാരി**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
പ്രോവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട്
(ഗവേഷണ മാർഗ്ഗദർശി,
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി. എച്ച്. ഡി. ബിരുദത്തിനുവേണ്ടി **സുമിത. വി** സമർപ്പിക്കുന്ന **"ഹോർത്തൂസ് മലബാറിക്കസ്സ്: ഒരു സാംസ്കാരിക പാഠം"** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി : 17.01.2019

**ഡോ. എസ്. ശ്രീകുമാരി**

# കൃതജ്ഞത

ഈ പ്രബന്ധം പൂർത്തീകരിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഡോ. എസ്. ശ്രീകുമാരി ടീച്ചറോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. മലയാള - കേരള പഠനവിഭാഗത്തിൽ ഗവേഷണ സൗകര്യങ്ങൾ ഒരുക്കിതന്ന വകുപ്പദ്ധ്യക്ഷൻ ഡോ. എൽ. തോമസ്ക്കുട്ടിയോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഗവേഷണാരംഭം മുതൽ സമർപ്പണംവരെയുള്ള എല്ലാ ഘട്ടത്തിലും മാർഗ്ഗനിർദ്ദേശകക്കൊപ്പം ഉപദേശനിർദ്ദേശങ്ങൾ നൽകിയ പ്രിയപ്പെട്ട ഗുരുനാഥൻ ഡോ. ടി. പവിത്രനോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട നിർണ്ണായകഘട്ടങ്ങളിലെല്ലാം കൃത്യമായി ഇടപ്പെട്ട് സഹായിച്ചിട്ടുള്ള ഡോ. കെ. എം. അനിൽ മാഷിനോടുള്ള നന്ദി വാക്കുകളിലൊതുക്കാനാവില്ല. ഗവേഷണകാലയളവിൽ വകുപ്പധ്യക്ഷന്മാരായിരുന്ന ഡോ. അനിൽ വള്ളത്തോൾ, ഡോ. ഉമ്മർ തറമേൽ എന്നിവർ നൽകിയ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നന്ദിയോടെ സ്മരിക്കുന്നു. മറ്റ് അധ്യാപകരായ ഡോ. എം. ബി. മനോജ്, ഡോ. സോമനാഥൻ, പി., ഡോ. ആർ. വി. എം. ദിവാകരൻ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ലാറ്റിൻ ഗ്രന്ഥമായ ഹോർത്തൂസ് മലബാറിക്കസ് ഇംഗ്ലീഷിലേക്കും തുടർന്ന് മലയാളത്തിലേക്കും വിവർത്തനം ചെയ്തുകൊണ്ട് ഒട്ടേറെ ഗവേഷണ പഠന സാധ്യതകൾ തുറന്നുതന്ന ഡോ. കെ. എസ്. മണിലാൽ സാറിനും, അദ്ദേഹത്തിന്റെ ഗവേഷക സംഘത്തിനോടുമുള്ള നിസ്സീമമായ കടപ്പാട് രേഖപ്പെടുത്തുന്നു. ഈ പഠനം തെരഞ്ഞെടുക്കാൻ പ്രചോദനമായ ബോട്ടണി വിഭാഗത്തിലെ ഡോ. കെ. പി. ഗണേഷിനും, പ്രോത്സാഹനവും സഹായവും നൽകിയ ഡോ. വി. വി. രാധാകൃഷ്ണനും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഗവേഷണത്തിനാവശ്യമായ ഗ്രന്ഥങ്ങളും മറ്റുരേഖകളും പരിശോധിക്കുന്നതിനും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെർബേറിയം (CALI) ഉപയോഗിക്കുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിതന്നതിന് ബോട്ടണി വിഭാഗം അധികൃതർക്ക് നന്ദി രേഖപ്പെടുത്തുന്നു.

മലയാള വിഭാഗത്തിലെ സെക്ഷൻ ഓഫീസർ ജയഘോഷ് സാർ, മറ്റ് ഓഫീസ് ജീവനക്കാർ, മലയാളവിഭാഗം ലൈബ്രറി ജീവനക്കാരായ സജയ, പ്രസീത, ഹസ്സൻകുട്ടി, ഇംഗ്ലീഷ് വിഭാഗം ലൈബ്രറിയിലെ സോണി, ഷൈനി എന്നിവർക്കും, കാലിക്കറ്റ് യൂണിവേഴ്സിറ്റി സി. എച്ച്. എം. കെ. ലൈബ്രറി, കേരള യൂണിവേഴ്സിറ്റി ലൈബ്രറി ജീവനക്കാർ എന്നിവർക്കെല്ലാം നന്ദി രേഖപ്പെടുത്തു

ന്നു. റിസർച്ച് സെക്ഷനിലെ ഡെപ്യൂട്ടി രജിസ്ട്രാർ വത്സ എ. കെ. മറ്റു ജീവന ക്കാർ എന്നിവരുടെ സഹകരണത്തിനും നന്ദി രേഖപ്പെടുത്തുന്നു.

പ്രൂഫ് നോക്കുന്നതടക്കമുള്ള സഹായങ്ങൾ നൽകിയ അഖിൽ എ., നിഖിൽ (ലൈബ്രേറിയൻ കോ-ഓപ്പറേറ്റീവ് കോളേജ്, കൊണ്ടോട്ടി). ആതിര കെ. പി. (ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ), ഡോ. ആൻസി ബെ, ദീപ പി. കെ., എന്നിവർക്കും മാനസിക പിന്തുണനൽകി പ്രോത്സാഹിപ്പിച്ച ഷീബ-ദീപക് ജോർജ്ജ്, ബിജിഷ-മനോജ് കുടുംബങ്ങൾക്കുമുള്ള നന്ദി രേഖപ്പെടുത്തുന്നു. സുഹൃത്തുക്കളായ ജിഷി, പ്രീത, സരിത, ഡോ. ലിൻസി, ബിന്ദു, ശ്രീകല, ആര്യ തുടങ്ങി എല്ലാവരുടെയും സഹായ സഹകരണത്തിന് കൃതജ്ഞത രേഖപ്പെടുത്തു ന്നു.

ഗവേഷണ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയേകി ഒപ്പം നിന്ന ഭർത്താവ് ഡോ. പി. എം. പ്രകാശൻ, മക്കളായ അശ്വിൻ എസ്. പ്രകാശ്, ആവണി എസ്. പ്രകാശ് എന്നിവർക്കും കൂടെനിന്ന ബന്ധുമിത്രാദികൾക്കും ഭർത്തൃ കുടുംബത്തിനും നന്ദി രേഖപ്പെടുത്തുന്നു.

ഡി. ടി. പി. ജോലികൾ ഭംഗിയായി നിർവ്വഹിച്ച 'ബിന' വില്ലൂന്നിയാലിലെ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**അച്ഛന്റെയും അമ്മയുടെയും ഓർമ്മയ്ക്കുമുമ്പിൽ ആദരപൂർവ്വം.**

**സുമിത വി.**

# ഉള്ളടക്കം


സത്യപ്രസ്താവന
സാക്ഷ്യപത്രം
കൃതജ്ഞത
പട്ടികകൾ
ഹോർത്തൂസിലെ സാക്ഷ്യപത്രങ്ങൾ

| അധ്യായങ്ങൾ | | പുറം |
|---|---|---|
| | ആമുഖം | 1-13 |
| അധ്യായം 1 | ഹോർത്തൂസ് മലബാറിക്കസ്സ് : രചനാ പശ്ചാത്തലം | 14-50 |
| അധ്യായം 2 | കേരളസംസ്ക്കാരം അധിനിവേശ പശ്ചാത്തലത്തിൽ | 51-97 |
| അധ്യായം 3 | മലയാളലിപി ഹോർത്തൂസ് മലബാറിക്കസ്സിൽ | 98-172 |
| അധ്യായം 4 | പാരമ്പര്യവൈദ്യവും ഹോർത്തൂസ് മലബാറിക്കസ്സും | 173-323 |
| | ഉപസംഹാരം | 324-331 |
| | സഹായക ഗ്രന്ഥങ്ങൾ | 332-346 |
| | അനുബന്ധങ്ങൾ | 347-384 |
| | 1. ഹെൻട്രിക് വാൻറീഡ് | |
| | 2. ഒന്ന്, മൂന്ന് വാല്യത്തിലെ (ലാറ്റിൻ) ചിത്രം | |
| | 3. ഹോർത്തൂസ് മലബാറിക്കസ്സ് ശീർഷക പുറങ്ങൾ (ലാറ്റിൻ) | |
| | 4. സാക്ഷ്യപത്രങ്ങൾ | |
| | 5. അധ്യായങ്ങളുടെ മാതൃക (ലാറ്റിൻ) | |
| | 6. ഹോർത്തൂസ് മലബാറിക്കസ്സിലെ ചിത്രങ്ങൾ | |
| | 7. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെർബേറിയം (CALI) | |

# പട്ടികകൾ


| ക്രമ നമ്പർ | പേര് | പേജ് നമ്പർ |
|---|---|---|
| 3.1 | ഒന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 124 |
| 3.2 | രണ്ടാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 127 |
| 3.3 | മൂന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 131 |
| 3.4 | നാലാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 134 |
| 3.5 | അഞ്ചാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 137 |
| 3.6 | ആറാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 141 |
| 3.7 | ഏഴാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 145 |
| 3.8 | എട്ടാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 148 |
| 3.9 | ഒമ്പതാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 152 |
| 3.10 | പത്താം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 156 |
| 3.11 | പതിനൊന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 161 |
| 3.12 | പന്ത്രണ്ടാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും | 164 |
| 4.1 | ശിരോരോഗങ്ങൾ | 196 |
| 4.2 | നേത്രരോഗങ്ങൾ | 199 |
| 4.3 | കർണ്ണരോഗങ്ങൾ | 203 |
| 4.4 | ശ്വസനേന്ദ്രിയ രോഗങ്ങൾ | 205 |
| 4.5 | ചർമ്മ രോഗങ്ങൾ | 224 |
| 4.6 | പ്രത്യുത്പാദനവയവ രോഗങ്ങൾ | 240 |
| 4.7 | ദഹനേന്ദ്രിയ രോഗങ്ങൾ | 248 |
| 4.8 | ഹൃദയ രോഗങ്ങളും രക്തചംക്രമണവ്യൂഹ രോഗങ്ങളും | 263 |
| 4.9 | മൂത്രാശയരോഗങ്ങൾ | 268 |
| 4.10 | നാഡീവ്യൂഹ രോഗങ്ങൾ | 272 |
| 4.11 | ഉപാപചയ രോഗങ്ങളും സന്ധി രോഗങ്ങളും | 281 |
| 4.12 | മോണരോഗങ്ങൾ | 294 |
| 4.13 | ശിശു രോഗങ്ങൾ | 297 |
| 4.14 | സാംക്രമിക രോഗങ്ങൾ | 298 |
| 4.15 | ഉദര രോഗങ്ങൾ, | 300 |
| 4.16 | വിഷ ചികിത്സ | 310 |

# ഹോർത്തൂസിലെ സാക്ഷ്യപത്രങ്ങൾ


| ക്രമ നമ്പർ | സാക്ഷ്യപത്രങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | ഇമ്മാനുവൽ കർണിറോവിന്റെ സാക്ഷ്യപത്രം | 41 |
| 2 | ഇട്ടി അച്യുതന്റെ സാക്ഷ്യ പത്രം | 42 |
| 3 | രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പു ഭട്ട് എന്നിവരുടെ സാക്ഷ്യപത്രം | 44 |

# ആമുഖം

കേരളത്തിൽ കാണപ്പെടുന്ന സസ്യസമ്പത്തിനെ സംബന്ധിച്ച സചിത്രവിവരണങ്ങളടങ്ങിയ ആദ്യത്തെ ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്സ്. 17-ാം നൂറ്റാണ്ടിൽ കേരളത്തിലെ സാമാന്യ ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന സസ്യസംബന്ധമായ നാട്ടറിവുകളുടെ സമാഹാരവുമാണ് ഹോർത്തൂസ് മലബാറിക്കസ്സ്. 1678 നും 1693 നും ഇടയിലായി നെതർലാൻഡിലെ ആംസ്റ്റർഡാമിൽ നിന്നുമാണ് ഹോർത്തൂസ് മലബാറിക്കസ്സ് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയത്. 12 വാല്യങ്ങളായി പുറത്തുവന്ന ഹോർത്തൂസ് മലബാറിക്കസ്സ് ലാറ്റിൻ ഭാഷയിലാണ് പ്രസിദ്ധീകരിക്കപ്പെട്ടതെങ്കിലും അതിൽ ലാറ്റിൻ, മലയാളം, അറബി, നാഗരി (ബ്രാഹ്മണ) ലിപികളിലായി ചെടികളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 742 അധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിലാണ് മലയാള ലിപി ആദ്യമായി അച്ചടിക്കപ്പെട്ടിട്ടുള്ളത്. മലബാറിൽ കണ്ടുവന്നിരുന്ന 679 സസ്യവർഗ്ഗത്തിൽപ്പെടുന്ന ഔഷധമൂല്യമുള്ളതും അല്ലാത്തതുമായ സസ്യങ്ങളെക്കുറിച്ച് വിശദമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇതിലെ 573 ഔഷധ സസ്യങ്ങളെക്കുറിച്ചും അവ ഉപയോഗിച്ച് ഏതെല്ലാം രോഗങ്ങളെ ചികിത്സിച്ച് ഭേദമാക്കാനാകുമെന്നും ഇതിൽ വിവരിക്കുന്നു. പാരമ്പര്യവൈദ്യത്തിലധിഷ്ഠിതമായ ചികിത്സ സമ്പ്രദായമാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്. വൈദ്യ പാരമ്പര്യമുള്ള കുടുംബത്തിൽ ജനിക്കുകയും പാരമ്പര്യവൈദ്യം ഉപയോഗിച്ച് ചികിത്സ നടത്തുകയും ചെയ്തിരുന്ന ഇട്ടിഅച്യുതൻ എന്ന ഈഴവ വൈദ്യനുൾപ്പെടെയുള്ള നാട്ടുവൈദ്യൻമാരുടെ അറിവാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ പാരമ്പര്യവിജ്ഞാനം കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകമായിരുന്നു. സസ്യങ്ങൾ ഉപയോഗിച്ച് ഔഷധങ്ങൾ തയ്യാറാക്കി വിവിധ രോഗങ്ങൾക്കായി ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാമെന്നതിനെ സംബന്ധിച്ചുള്ള മലയാളിയുടെ അറിവ് ആരോഗ്യ പരിപാലനത്തിൽ വലിയ സ്വാധീനമായിരുന്നു ചെലുത്തിയിരുന്നത്. ആയുർവേദമുൾപ്പെടെയുള്ള ചികിത്സാ പദ്ധതികൾ

സാധാരണക്കാരന് പ്രാപ്യമല്ലാതിരുന്ന കാലത്ത് സാധാരണക്കാരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളുടെയും ആശ്രയമായിരുന്നു ഈ നാട്ടുവൈദ്യം. ഹോർത്തൂസ് മലബാറിക്കസ്സിൽ നൽകിയ സാക്ഷ്യപത്രങ്ങളിലെല്ലാംതന്നെ പാരമ്പര്യ വൈദ്യ ത്തെക്കുറിച്ച് മാത്രമെ പരാമർശമുള്ളൂ. പാരമ്പര്യ വൈദ്യത്തിലധിഷ്ഠിതമായ ഒരു ആരോഗ്യസംരക്ഷണ സംസ്കാരമായിരുന്നു 17-ാം നൂറ്റാണ്ടിൽ കേരളത്തിൽ നില നിന്നിരുന്നത്.

ഹോർത്തൂസിന്റെ രചനയിലും അതിന്റെ ചിട്ടപ്പെടുത്തലിലും വ്യാഖ്യാനങ്ങ ളിലുമൊക്കെയായി ഒട്ടനവധിപേർ സഹകരിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശീയർ, യൂറോ പ്യൻമാരായ സസ്യശാസ്ത്രജ്ഞർ, ഡോക്ടർമാർ, പണ്ഡിതൻമാർ, ദ്വിഭാഷികൾ, പുരോഹിതൻമാരൊക്കെയുണ്ട്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ സസ്യ നാമങ്ങളും മലയാള ഭാഷയിൽ മലബാറിൽ പ്രാദേശികമായി എങ്ങനെയാണോ ഉപയോഗിച്ചിരുന്നത് അതേ രീതിയിലാണ് കൊടുത്തിട്ടുള്ളത്. സസ്യനാമങ്ങൾ മലയാളത്തിൽ നിന്ന് പോർട്ടുഗീസിലേക്കും തുടർന്ന് ലാറ്റിനിലേക്കും മൊഴി മാറ്റി യെങ്കിലും അവയ്ക്ക് പുതിയ പേരുകൾ കണ്ടെത്താൻ ശ്രമം നടത്തിയിരുന്നില്ല. അതിനു കാരണം യൂറോപ്യൻമാർക്ക് തീർത്തും അജ്ഞമായിരുന്നു ഇത്തരം സസ്യജാലങ്ങൾ. എന്നാൽ മലയാള ഭാഷയിൽ ഇവയ്ക്കെല്ലാം കൃത്യമായ പേരു കൾ ഉണ്ടായിരുന്നു. ഒരു പ്രാദേശിക ഭാഷ എത്രത്തോളം ശക്തമാണെന്നുള്ള തിന്റെ തെളിവാണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഓരോ അധ്യായവും. മല യാള ലിപിയുടെ വളർച്ചയുടെ ഒരു ഘട്ടത്തിലായിരുന്നു ഹോർത്തൂസ് മലബാറിക്ക സ്സിന്റെ രചന നിർവ്വഹിക്കപ്പെട്ടത്. മലയാള ലിപിയുടെ ആദ്യകാല രൂപങ്ങളായ കോലെഴുത്തും, ആര്യ എഴുത്തും ഈ ഗ്രന്ഥത്തിലുണ്ട്. അതുപോലെ സസ്യങ്ങ ളുടെ ചിത്രങ്ങൾക്ക് മുകളിലായി മലയാള ലിപിയിൽ സസ്യനാമങ്ങളും കൊടുത്തി ട്ടുണ്ട്. ഇന്ന് സസ്യങ്ങളുടെ പേരിനും അവ സൂചിപ്പിക്കാനായി ഉപയോഗിച്ച ലിപിയിലും പല മാറ്റങ്ങളും വന്നുചേർന്നിട്ടുണ്ട്. നിരന്തരമായ പരിഷ്ക്കരണ പ്രക്രിയയിലൂടെ ഈ സമൂഹം കടന്നുപോയതുകൊണ്ടാണ് ഇത് സാധ്യമായത്.

മലബാറിന്റെ സാംസ്കാരിക പൈതൃകത്തിലേക്ക് ചരിത്രസാക്ഷ്യമായി മാറിയ സാംസ്കാരിക പാഠമാണ് ഹോർത്തൂസ് മലബാറിക്കസ്സ്[1]. ഈ ഗ്രന്ഥത്തിന്റെ മൂന്നാം വാല്യത്തിൽ വാൻറീഡ് നൽകിയ ആമുഖത്തിൽ മലബാർ പ്രദേശത്തെപ്പറ്റി ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്. 'മലബാറിന്റെ ഒരു വശം കടലാണ്. ഗോവ മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന ഈ പ്രദേശത്തിന് ഏകദേശം 120 ജർമ്മൻ മൈൽ നീളം കാണും. (1 ജർമ്മൻ മൈൽ = 7.4 കി. മീ അതായത് 120 മൈൽ = 888 കി. മി. ഈ അകലം ഇന്നത്തെ ആധുനിക രീതിയിലുള്ള അളവനുസരിച്ച് വളരെ ശരിയാണ്. ഗോവ മുതൽ കന്യാകുമാരി മുനമ്പ് വരെയുള്ള ആകാശദൂരം 900 കി. മീ ആണ്). ചില പ്രദേശങ്ങൾക്ക് 10 മൈൽ വീതി കാണും. അതേ സമയം മറ്റു ചില പ്രദേശത്തിന് 30 മൈലോളം വീതിയുമുണ്ട്[2]. ഈ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ 'മലബാർ' എന്നാൽ ഇന്നത്തെ കേരളം തന്നെയാണ്.

15-ാം നൂറ്റാണ്ടുമുതൽ ആരംഭിച്ച യൂറോപ്യൻ അധിനിവേശം അവസാനിച്ചത് 20-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ ഇവിടെ നിന്നും തിരിച്ചുപോയതോടെയാണ്. അധിനിവേശത്തിന്റെ ഭാഗമായി ഒട്ടേറെ പരിക്കുകളാണ് കേരളസമൂഹത്തിനുമേൽ വന്നുപതിച്ചതെങ്കിലും ഭാഷ, വിദ്യാഭ്യാസം, നിയമവ്യവസ്ഥ, വ്യവസായം, ഗതാഗതം തുടങ്ങിയ പല മേഖലകളും ഇവിടെ ഗുണപരമായ പരിവർത്തനത്തിന് വിധേയമായി. സാംസ്കാരിക ഇടപ്പെടലുകളിലൂടെയാണ് കോളനികളിൽ രാഷ്ട്രീയാധികാരം അവർ പിടിച്ചെടുത്തത്. അറബിക്കടലിനും സഹ്യപർവ്വതത്തിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഈ ഭൂപ്രദേശത്തെ ഭൂമിശാസ്ത്രപരമായുള്ള പ്രത്യേകതകൾ അതിന്റെ ചരിത്രത്തെയും സംസ്കാരത്തേയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ജനതയുടെ പാരമ്പര്യം ആചാരാനുഷ്ഠാനസംബന്ധമായ മൂല്യങ്ങൾ, നാടോടികഥകൾ, മതം, തത്വചിന്ത, ഭാഷ എന്നീ സമസ്തമേഖലകളേയും സ്പർശിക്കുന്ന ഒന്നാണ് സംസ്ക്കാരം. ഇത്തരം സാംസ്കാരിക വ്യവഹാരങ്ങ

ളുടെ അടയാളപ്പെടുത്തലിലൂടെ കേരളമെന്ന പ്രദേശത്തിന്റെ സംസ്കാരത്തിലേക്ക് വിരൽ ചൂണ്ടുന്ന ചരിത്ര രേഖയാണ് ഹോർത്തൂസ് മലബാറിക്കസ്സ്.

കൊച്ചിക്കോട്ടയിൽ ഡച്ചുകാർ ആധിപത്യം പുലർത്തിയിരുന്ന കാലത്താണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അന്ന് മലബാറിലെ ഡച്ച് ഗവർണ്ണറായിരുന്ന ഹെൻട്രിക് ആഡ്രിയാൻ വാൻറീഡ് ആയിരുന്നു മുപ്പതുവർഷത്തിലേറെ നീണ്ട അതിബൃഹത്തായ ഈ ഗ്രന്ഥത്തിന്റെ മേൽനോട്ടം വഹിച്ചത്. കേരളത്തിലെ സസ്യസമ്പത്തിനെ യൂറോപ്യൻകാർക്ക് പരിചയപ്പെടുത്തുകയായിരുന്നു ഈ ഗ്രന്ഥരചനയിലൂടെ വാൻറീഡ് ലക്ഷ്യമാക്കിയിരുന്നത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ലാറ്റിൻ, ഇംഗ്ലീഷ് എന്നീ പതിപ്പുകൾ പ്രബന്ധരചനയ്ക്കായി വിശകലന വിധേയമാക്കിയിട്ടുണ്ടെങ്കിലും കെ. എസ്. മണിലാൽ തയ്യാറാക്കി കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ച ഹോർത്തൂസ് മലബാറിക്കസ്സിന്റെ മലയാള പരിഭാഷയാണ് മുഖ്യമായി പഠനവിധേയമാക്കിയിട്ടുള്ളത്.

**പഠനത്തിന്റെ പ്രാധാന്യം**

ഹോർത്തൂസ് മലബാറിക്കസ്സ് എന്ന ബൃഹത് ഗ്രന്ഥത്തിന്റെ രചനയിലേക്ക് നയിക്കത്തക്ക സമ്പന്നമായൊരു സാംസ്കാരിക പാരമ്പര്യത്തെ ലാറ്റിൻ ഭാഷയിലൂടെയാണ് ലോകത്തിന് മുമ്പിൽ വാൻറീഡ് പരിചയപ്പെടുത്തിയതെങ്കിലും ഇതിന്റെ എല്ലാ അധ്യായത്തിലും മലയാള ഭാഷയും ലിപിയും ശക്തമായ സാന്നിധ്യമറിയിച്ചിരുന്നു. പാരമ്പര്യമായി കൈമാറിവന്ന ഒരു പ്രാദേശിക ജനസമൂഹത്തിന്റെ വൈദ്യവിജ്ഞാനത്തെ അടയാളപ്പെടുത്തപ്പെട്ട ചരിത്ര രേഖകൂടിയാണ് ഈ ഉത്കൃഷ്ട ഗ്രന്ഥം. സാംസ്കാരികമായും ചരിത്രപരമായും സസ്യശാസ്ത്രപരമായും വളരെ പ്രാധാന്യമുള്ള അമൂല്യഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്. സസ്യശാസ്ത്രപരമായും ചരിത്രപരമായും ഹോർത്തൂസ് മലബാറിക്കസ്സിനെ വിലയിരുത്തിക്കൊണ്ട് പല പഠനങ്ങളും നടന്നിട്ടുണ്ട്. എന്നാൽ സാംസ്കാരിക പശ്ചാ

ത്തലം വിശകലനവിധേയമാക്കിക്കൊണ്ട് ഒരു പഠനവും നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഈ പഠനം പ്രാധാന്യമർഹിക്കുന്നു.

**പഠനലക്ഷ്യം**

സാംസ്കാരിക പാഠമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ വിലയിരുത്തുന്നതിനായി താഴെ പറയുന്ന ലക്ഷ്യങ്ങളാണ് മുന്നോട്ടുവെയ്ക്കുന്നത്.

1. ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളിലായി വിന്യസിച്ചിട്ടുള്ള മലയാളഭാഷയും ലിപിയും പഠനവിധേയമാക്കി മലബാർ പ്രദേശത്തിന്റെ സാംസ്കാരിക ജീവിതം അടയാളപ്പെടുത്തുന്ന ഒരു സാംസ്കാരിക പാഠമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ വിശകലനം ചെയ്യുക.
2. ഹോർത്തൂസ് മലബാറിക്കസ്സിൽ വിവരിച്ചിട്ടുള്ള ഔഷധസസ്യങ്ങളെകുറിച്ചും അവ ഉപയോഗിച്ചുള്ള ചികിത്സാരീതികളെകുറിച്ചും മനസ്സിലാക്കി 17 -ാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന പാരമ്പര്യവൈദ്യ സാംസ്കാരത്തിന്റെ സ്വാധീനം ഹോർത്തൂസ് മലബാറിക്കസ്സിൽ എത്രത്തോളമുണ്ടെന്ന് വിശകലനം ചെയ്യുക.

**പഠനപരിമിതി**

1. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയിൽ 17-ാം നൂറ്റാണ്ടിലെ മലയാളഭാഷയുടെയും ലിപിയുടെയും സ്വാധീനവും വിന്യാസവും എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കി ഒരു സാംസ്കാരിക പാഠമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ വിശകലനം ചെയ്യുക മാത്രമാണ് ഈ പഠനത്തിൽ. ഭാഷാശാസ്ത്രപരമായുള്ള അന്വേഷണം നടത്തുന്നില്ല.
2. കേരളത്തിലെ ഔഷധ സസ്യങ്ങളെക്കുറിച്ചും പാരമ്പര്യവൈദ്യത്തിലധിഷ്ഠിതമായ ചികിത്സാ രീതികളെക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥമെന്ന നിലയിൽ ഹോർത്തൂസ് മലബാറിക്കസ്സിൽ പാരാമർശിച്ചിട്ടുള്ള ഔഷധസ

സ്യങ്ങളെയും, രോഗങ്ങളെയും, പാരമ്പര്യവൈദ്യ ചികിത്സാ രീതികളെയും മാത്രമാണ് പഠനവിധേയമാക്കുന്നത്.

**പഠനത്തിന്റെ രീതിശാസ്ത്രം**

ലാറ്റിൻ ഭാഷയിൽ രചിക്കപ്പെട്ട മലബാറിലെ സസ്യസമ്പത്തിനെക്കുറിച്ചുള്ള ഈ ഗ്രന്ഥം ഒരു സസ്യശാസ്ത്ര ഗ്രന്ഥമെന്നതിനേക്കാളുപരി 17-ാം നൂറ്റാണ്ടിലെ വൈദേശികാധിനിവേശത്തിന്റെ ഉത്പന്നവും കൂടിയാണ്. ആ അർത്ഥത്തിൽ ഈ ഗ്രന്ഥത്തിന് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രവുമായി ബന്ധമുണ്ട്. മലയാള ഭാഷ ആദ്യമായി അച്ചടിച്ച് ലിപി പരിണാമത്തിന്റെ ഒരു ഘട്ടത്തെ അടയാളപ്പെടുത്തുന്ന അധികാരിക രേഖ കൂടിയാണ് ഈ ഗ്രന്ഥം. ആ നിലയ്ക്ക് ഭാഷാശാസ്ത്രപരമായ പ്രാധാന്യവുമുണ്ട് ഈ ഗ്രന്ഥത്തിന്. മലബാർ പ്രദേശത്ത് കണ്ടുവരുന്ന ഔഷധസ സ്യങ്ങളെകുറിച്ചും അതുപയോഗിച്ച് പാരമ്പര്യവൈദ്യസമ്പ്രദായത്തിൽ ചികിത്സാ രീതികൾ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം കേരളത്തിലെ വൈദ്യപാരമ്പര്യത്തിന്റെ സാംസ്കാരിക പശ്ചാത്തലം വെളിവാക്കുന്ന രേഖ കൂടിയാണ്. അതുകൊണ്ട് ഒരു പ്രാദേശിക സമൂഹത്തിന്റെ ഭാഷയും വൈദ്യപാരമ്പര്യവും പ്രതിപാദിക്കുന്ന ഗ്രന്ഥ മെന്ന നിലയിൽ ഈ ഗ്രന്ഥത്തെ 'സാംസ്കാരിക പാഠ'മെന്ന ആശയത്തെ മുൻനിർത്തികൊണ്ടുള്ള അന്തർവൈജ്ഞാനിക പഠനമാതൃകയാണ് ഈ പഠന ത്തിന് രീതിശാസ്ത്രമായി ഉപയോഗിച്ചിരിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

ഹോർത്തൂസ് മലബാറിക്കസ്സിനെപ്പറ്റിയുള്ള ആദ്യ അവലോകനം പ്രത്യക്ഷ പ്പെട്ടത് 'Journal des Scavans' എന്ന പ്രസിദ്ധീകരണത്തിലാണ്. ഹോർത്തൂ സിന്റെ വാല്യങ്ങളായ രണ്ട്, നാല്, ഏഴ്, എട്ട് എന്നിവയുടെ ഉള്ളടക്കത്തിന്റെ രത്ന ച്ചുരുക്കം 1680,[3] 1686,[4] 1690[5]. വർഷങ്ങളിൽ പുറത്തിറങ്ങിയ ലക്കങ്ങളിൽ അവലോ കനം ചെയ്യുകയും ഇതിൽ പരാമർശിച്ചിട്ടുള്ള ചില ഔഷധസസ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം രണ്ടാമതായി ഹോർത്തൂസ് മലബാറിക്കസ്സിനെക്കുറിച്ച് വിശകലനം തയ്യാറാക്കിയത് ടാൻക്രീഡ് റോബിൻസൺ

ആണ്. ഇത് 'ഫിലോസഫിക്കൽ ട്രാൻസാക്ഷൻസ്' എന്ന പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഹോർത്തൂസിന്റെ രചനാപശ്ചാത്തലമാണ് ഇതിൽ വിവരിച്ചിട്ടുള്ളത്. മൂന്നാമത്തെ പഠനം 'Acta Eruditorum' എന്ന ജേർണലിലാണ് പ്രസിദ്ധീകരിച്ചത്. ഇതിൽ ഹോർത്തൂസിൽ വിവരിച്ചിട്ടുള്ള സസ്യങ്ങളെക്കുറിച്ചും ഈ ഗ്രന്ഥം രചിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചുമാണ് വിവരിച്ചിട്ടുള്ളത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ വാല്യം പന്ത്രണ്ടിൽ വാൻറീഡ് (1693)[6] തന്നെ ഇതിൽ പരാമർശിച്ചിട്ടുള്ള സസ്യങ്ങളുടെ പ്രാദേശിക നാമങ്ങളുടെ ഒരു സൂചിക തയ്യാറാക്കുകയുണ്ടായി. അതുപോലെ കാസ്പർ കോമ്മലിൻ (1696)[7], 'ഫ്ളോറ മലബാറിക്ക' എന്ന പേരിൽ ഹോർത്തൂസ് മലബാറിക്കസ്സിൽ ഉപയോഗിച്ചിട്ടുള്ള സസ്യനാമങ്ങളുടെ സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പിന്നീട് ബർമാൻ (1769)[8] വാൻറീഡ് നൽകിയ സസ്യനാമങ്ങളുടെ സൂചിക അക്ഷരക്രമത്തിൽ തയ്യാറാക്കി. അദ്ദേഹത്തിന്റെ മകനായ എൻ. എൽ. ബർമ (1768)[9] 'ഫ്ളോറ ഇൻഡിക്ക' പ്രസിദ്ധീകരിച്ചു.

വാൻറീഡ് തന്റെ ഗ്രന്ഥത്തിൽ നൽകിയ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ റോക്സ്ബർഗ് (1814)[10] 38 സസ്യവർഗ്ഗങ്ങളുടെ പേരുകൾ തന്റെ കൃതിയിൽ പരാമർശിച്ചുകൊണ്ട് ഹോർത്തൂസ് മലബാറിക്കസ്സിനെ ശക്തമായി പിന്തുണച്ചു. രണ്ട് എഡീഷനുകളിലായി പ്രസിദ്ധീകരിച്ച ഡെൻസ്റ്റെട്ടി (1818)[11] ന്റെ 'Schlussed zum Hortus Indicus Malabaricus' എന്ന രചനയിൽ സസ്യനാമങ്ങളും അവയുടെ ശാസ്ത്രീയ നാമവും വാല്യവും പ്ലേറ്റുകളുടെ എണ്ണവും മൂന്ന് രജിസ്റ്ററുപോലെ തയ്യാറാക്കി. പിന്നീട് മാനിറ്റ്സ് (1968)[12] ഇത് പുനഃപരിശോധിക്കുകയും പരിഷ്ക്കരിച്ചുകൊണ്ട് 'International Code of Botanical Nomanclature' ൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതിൽ വന്നുപെട്ടിട്ടുള്ള പല തെറ്റുകളും കാനിസ് (1987)[13] പിന്നീട് തിരുത്തുകയും ചെയ്തു.

ഹോർത്തൂസ് മലബാറിക്കസ്സിനെക്കുറിച്ച് ആദ്യമായി ഒരു ഗഹനമായ അവലോകനം തയ്യാറാക്കിയത് ഫ്രാൻസിസ് ഹാമിൽട്ടനാണ്. ആദ്യത്തെ നാല് വാല്യങ്ങളെക്കുറിച്ചുള്ള അവലോകനം 'Transactions of the Linnean Society (1822-1835)[14-18] യിൽ പ്രസിദ്ധീകരിച്ചു. പിന്നീട് ഇത് ദിൽവൈൻ (1839)[19] പരിശോധിക്കുകയുണ്ടായി. മേബർലേ (1977)[20] ഹാമിൽട്ടന്റെ രചനയിൽ തന്റെ ക്രിയാത്മകമായ പ്രതികരണം രേഖപ്പെടുത്തുകയും ചെയ്തു.

1861[21] ലും 1867[22] ലുമായി ഹസ്സ്കാൾ വാൻറീഡിന്റെ രചനയെക്കുറിച്ച് രണ്ട് പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഇതിൽ അദ്ദേഹം സസ്യനാമങ്ങളുടെ ഒരു സൂചിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ജെ. ഡി. ഹൂക്കർ 'ഫ്ളോറ ഓഫ് ബ്രിട്ടീഷ് ഇൻഡ്യ' (1872–1897)[23] എന്ന ഗ്രന്ഥത്തിൽ ഹോർത്തൂസ് മലബാറിക്കസ്സിലെ ചിത്രങ്ങളുടെ അവലോകനം തയ്യാറാക്കുകയും ഇവയെ വീണ്ടും കണ്ടെത്താനുള്ള ബുദ്ധിമുട്ട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡാർഗഡോ (1896)[24] തന്റെ പ്രസിദ്ധീകരണത്തിൽ ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ള ഔഷധ സസ്യങ്ങളുടെ ശാസ്ത്രീയ നാമങ്ങളുടെ സൂചിക തയ്യാറാക്കി. ഇതിന് പുറമെ ഇൻഡ്യൻ ഔഷധ സസ്യങ്ങളും അവയുടെ ഔഷധ മൂല്യങ്ങളും പ്രതിപാദിക്കുന്ന ഒരു പട്ടിക തയ്യാറാക്കുകയും ചെയ്തു. മണിലാൽ, സുരേഷ്, ശിവരാജൻ (1977)[25] എന്നിവർ ചേർന്ന് ഹോർത്തൂസ് മലബാറിക്കസ്സിലെ സസ്യങ്ങളെ വീണ്ടും കണ്ടെത്തി പ്രസിദ്ധീകരിച്ചു. മൂറും ഡ്രാൻഡ്ഫീൽഡും (1979)[26] ഹോർത്തൂസിൽ പഠനം നടത്തിയിരുന്നു. മണിലാൽ 1979[27] ലും 1980[28] ലും 1981[29] ലും ഹോർത്തൂസിനെ അധികരിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സുരേഷ്, ശിവദാസൻ, മണിലാൽ (1983)[30] എന്നിവർ ചേർന്നുകൊണ്ട് പഠനങ്ങൾ നടത്തുകയുണ്ടായി. മണിലാലും സുരേഷും (1984)[31] വാൻറീഡിന്റെ ഹോർത്തൂസിൽ പ്രബന്ധങ്ങൾ തയ്യാറാക്കിയിരുന്നു. ഹെനിജർ (1986)[32], ദത്ത (1987)[33], ഷെട്ടിയും സിങ്ങും (1988)[34] ഹോർത്തൂസ് മലബാറിക്കസ്സിനെ വിശകലന വിധേയമാക്കിയിട്ടുണ്ടായിരുന്നു. നിക്കോൾസൺ, സുരേഷ്, മണിലാൽ (1988)[35] എന്നിവർ

ചേർന്ന് ഹോർത്തൂസ് മലബാറിക്കസ്സിന് ഒരു വ്യാഖ്യാനം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. റാഡ്ക്ലിഫും, മണിലാലും (1984)[36] ഹോർത്തൂസിന്റെ സസ്യശാസ്ത്രവും ചരിത്രവും വിവരിച്ചുകൊണ്ട് പ്രബന്ധരചന നടത്തി. സുരേഷ്, സി. ആർ. (1986)[37] ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ള ഔഷധസസ്യങ്ങളെ കണ്ടെത്താനുള്ള ഗവേഷണം നടത്തുകയുണ്ടായി. മണിലാൽ ഹോർത്തൂസ് മലബാറിക്കസ്സിനെ ഇംഗ്ലീഷിലേക്കും (2003)[38] പിന്നീട് മലയാളത്തിലേക്കും (2008)[39] പരിഭാഷപ്പെടുത്തി കേരള യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കുകയും ചെയ്തു.

**അധ്യായ വിഭജനം**

ആമുഖത്തിനുപുറമെ നാല് അധ്യായങ്ങളും ഉപസംഹാരവും അനുബന്ധങ്ങളും ചേർന്നതാണ് പ്രബന്ധം.

'ഹോർത്തൂസ് മലബാറിക്കസ്സ് : രചനാപശ്ചാത്തലം' എന്ന ഒന്നാമത്തെ അധ്യായത്തിൽ ഹോർത്തൂസ് മലബാറിക്കസ്സ് എന്ന ഗ്രന്ഥത്തിന്റെ നിർമ്മാണചരിത്രം, രചനയിലേക്ക് വാൻറീഡിനെ നയിച്ച കാരണങ്ങൾ, ഹോർത്തൂസ് രചനയിൽ പങ്കാളികളായവരെയും അവരുടെ സംഭാവനകളെയും കുറിച്ചുള്ള ചരിത്രപരമായ അന്വേഷണമാണ് നടത്തുന്നത്.

'കേരളസംസ്ക്കാരം അധിനിവേശ പശ്ചാത്തലത്തിൽ' എന്ന രണ്ടാം അധ്യായത്തിൽ വൈദേശികാധിപത്യകാലഘട്ടത്തിൽ വിദേശീയരുടെയും തദ്ദേശീയരുടേയും ഇടയിൽ നടന്നിട്ടുള്ള സാംസ്കാരിക വിനിമയം വിവരിക്കുന്നു. സാംസ്കാരിക പഠനങ്ങൾ, അധിനിവേശചരിത്രം, വൈദേശികാധിപത്യത്തിന്റെ ഫലങ്ങൾ എന്നിങ്ങനെ പ്രത്യേകം വിശകലനം ചെയ്യുന്നു.

'മലയാളലിപി ഹോർത്തൂസ് മലബാറിക്കസ്സിൽ' എന്ന മൂന്നാം അധ്യായത്തിൽ ഭാരതീയ ലിപി, മലയാള ലിപി ഇവയുടെ പരിണാമ വികാസചരിത്രം സാമാന്യമായി വിശദീകരിക്കുന്നു. അതോടൊപ്പം ഹോർത്തൂസ് മലബാറിക്കസിലെ മല

യാളലിപിയെയും ഭാഷയേയും വിശകലനം ചെയ്ത് അത് നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം അവലോകനം ചെയ്യുന്നു.

'പാരമ്പര്യവൈദ്യവും ഹോർത്തൂസ് മലബാറിക്കസ്സും' എന്ന നാലാമത്തെ അധ്യായത്തിൽ ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ള ഔഷധ സസ്യങ്ങളെ കുറിച്ചും അവ ഉപയോഗിച്ചുള്ള ചികിത്സാവിധികളെക്കുറിച്ചും പഠനം നടത്തി ആ കാലഘട്ടത്തിൽ ഇവിടെ നിലനിന്നിരുന്ന പാരമ്പര്യവൈദ്യത്തിന്റെ സ്വാധീനം ഈ ഗ്രന്ഥത്തിൽ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നു.

നാലധ്യായങ്ങളിലായി നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ.

## ഗ്രന്ഥസൂചി


1. മണിലാൽ, കെ.എസ്. (2008). വാൻറീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി. 12 വാല്യം.

2. മണിലാൽ, കെ.എസ്. (2008). വാൻറീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി. വാല്യം 3.

3. Roque, Jean-Paul de La.(1680). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

4. Roque, Jean-Paul de La.(1686). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

5. Roque, Jean-Paul de La.(1690). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

6. Van Rheede tot Drakenstein. (1693). Hortus Malabaricus. Amsterdam: Widow of J. Van Someren, J. Van Dyck, H. widow of T. Boom. Vol 12.

7. Commelin, C., & Rheede, . D. H. A. (1696). *Flora Malabarica, sjve Horti Malabarici Catalogus*. Lugduni Batavorum.

8. Burman, J., & Schreuder, J. (1769). *Flora Malabarica.* Amstelaedami: Apud Johannem Schreuderum.

9. Burman, N. L.(1768). *Nicolai Laurentii Burmanni Flora Indica: Cui accedit series zoophytorum Indicorum, nec non prodromus florae Capensis*. Lugduni Batavorum: Apud Cornelium Haek.

10. Roxburgh, W. (1814). *Hortus bengalensis: Or, A catalogue of the plants growing in the East India company's botanic garden at Calcutta*. Serampore.

11. Dennstedt, A. W., & Reede, . D. H. A. (1818). *Schlussel zum Hortus Indicus Malabaricus, von H.A. van Rheede tot Draakestein oder dreifaches Register zu diesem werke*. Weimar: Landes Industrie-Comptoirs.

12. Manitz, H., & Dennstedt, A. (1968). August Wilhelm Dennstedt's Schlussel zum Hortus indicus malabaricus. *Taxon*, *17*(5), 496. doi: 10.2307/1216045

13. Kanis, A. (1987). More Validly Published Names from A. W. Dennstedt's Key to Rheede's Hortus Indicus Malabaricus. *Taxon*, *36*(1), 99.

14. Hamilton, F. (1822). XXIII. A Commentary on the Hortus Malabaricus, Part I.*Transactions Of The Linnean Society Of London*, *13*(2), 474-560. doi: 10.1111/j.1095-8339.1821.tb00070.x

15. Hamilton, F. (1824). XII. A Commentary on the Second Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *14*(2), 171-312. doi: 10.1111/j.1095-8339.1823.tb00088.x

16. Hamilton, F. (1825). A commentary on the Second part of the Hortus Mabalabricus. *Trans. Linn. Soc. London*. 14(2): 171-312.

17. Hamilton, F. (1827). IV. A Commentary on the Third Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *15*(1), 78-152. doi: 10.1111/j.1095-8339.1826.tb00110.x

18. Hamilton, F. (1835). XI. A Commentary on the Fourth Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *17*(2), 147-252. doi: 10.1111/j.1095-8339.1834.tb00022.x

19. Dillwyn, L. W., & Reede, . D. H. (1839). *A review of the references to the Hortus malabaricus of Henry Van Rheede Van Draakenstein [sic]*. Swansea: Murray and Rees.

20. Mabberley, D. J., & Hamilton, F. (1977). Francis Hamilton's Commentaries with Particular Reference to Meliaceae. *Taxon, 26,* 523-540.

21. Hasskarl, J.K. (1861). Horti Malabarici Clavis Nova. Flora.

22. Hasskarl, J. K. (1867). *Horti Malabarici Rheedeani clavis locupletissima.* Dresden: Druck von E. Blochmann und Sohn.

23. Hooker, J. D. (1872-1897). *The Flora of British India, by J.D. Hooker.* London: L. Reeve.

24. Dalgado, D.G. (1896). Vires Plantarum Malabaricum, ou Virtodas das Plantas do Malabar extrahidas do “Hortus indicus Malabaricus” de Hentrique Van Rheede. – 290pp.Goa.

25. Manilal, K. S., Suresh, C. R., & Sivarajan, V. V. (1977). A Reinvestigation of the Plants Described in Rheede's "Hortus Malabaricus": An Introductory Report.*Taxon, 26,* 549-550.

26. Moore, H. E., & Dransfield, J. (1979). The Typification of Linnaean Palms.*Taxon, 28,* 59-70.

27. Manilal, K. S. (1979). The relationship of Hortus Malabaricus with Kerala and Malayam. *Malayalam Lit. Surv*. 3(4), 54-64.

28. Manilal, K.S. (1980). Botany and history of Hortus Malabaricus. New Delhi: Oxford & IBH Pub. Co., 237pp.

29. Manilal, K.S. (1981). Ethnobotany of the Nagari Script in Hortus Malabaricus. Lucknow : Recent Researches in Indian Ethnobotany. Society of Ethnobotanists.

30. Suresh, C. R., Sivadasan, M., & Manilal, K. S. (1983). A Commentary on Rheede's Aroids. *Taxon, 32,* 1, 126-132.

31. Manilal, K. S., & Suresh, C. R. (1984). The Pandani in Rheede's Hortus Malabaricus. *New Botanist, 11,* 2, 120-125.

32. Heniger, J. (1986). *Hendrik Adriaan Van Reed Tot Drakestein (1636-1691) and Hortus Malabaricus*. Rotterdam: CRC Press.

33. Datta, A. (1987). Rheede's ferns in Hortus Malabaricus. *Bull.Bot. Surv. India*. 27, 129-141.

34. Shetty, B. V. & Paramjit Singh. (1988). The Vitaceae in Rheede's "Hortus Malabaricus". *Taxon, 37,* 1, 169-174.

35. Nicolson, Dan H, Suresh, C.R. and Manilal, K.S. (1988). An interpretation of Van Rheedes Hortus Malabaricus. Germany: Koeltz Scientific books. 378p.

36. Radcliffe-Smith, A., & Manilal, K. (1984). Botany and History of Hortus Malabaricus.*Kew Bulletin*, *38*(4), 682. doi: 10.2307/4108582

37. Suresh, C.R. (1986). A reinvestigation of the medicinal plants described in Hortus Malabaricus. (Ph.D. Thesis). Malappuram: University of Calicut.

38. Manilal, K.S. (2003). Van Rheede's Hortus Malabaricus. Tiruvananthapuram. Kerala University, 12 vols.

39. മണിലാൽ, കെ. എസ്. (2008). വാൻറീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി. 12 വാല്യം.

# അധ്യായം 1

# ഹോർത്തൂസ് മലബാറിക്കസ്സ്: രചനാപശ്ചാത്തലം

## 1.1 ആമുഖം

കേരളത്തിലെ സസ്യവൈവിധ്യവും വൈദ്യപാരമ്പര്യവും ലോകശ്രദ്ധയിലേക്ക് കൊണ്ടുവന്ന വൈജ്ഞാനിക ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്സ്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഉള്ളടക്കത്തെയും ഘടനയെയും വെല്ലാൻ മറ്റൊരു ഗ്രന്ഥവും അന്നുവരെ യൂറോപ്പിൽ പുറത്തിറങ്ങിയിട്ടുണ്ടായിരുന്നില്ല. കൊച്ചിക്കോട്ടയിൽ ഡച്ചുകാർ ആധിപത്യം പുലർത്തിയിരുന്ന കാലത്താണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അന്ന് മലബാറിലെ ഡച്ചുഗവർണറായിരുന്ന ഹെൻട്രിക് അഡ്രിയാൻ വാൻറീഡ് (Hendrik Adriaan Van Rheede) ആയിരുന്നു മുപ്പത് വർഷത്തിലേറെ നീണ്ട അതിബൃഹത്തായ ഈ ഗ്രന്ഥത്തിന്റെ മേൽനോട്ടം വഹിച്ചത്. കേരളത്തിലെ സസ്യസമ്പത്തിനെ യൂറോപ്പുകാർക്ക് പരിചയപ്പെടുത്തുകയായിരുന്നു ഇത്തരമൊരു ഗ്രന്ഥനിർമ്മാണം നടത്തുന്നതിലൂടെ വാൻറീഡ് ലക്ഷ്യം വച്ചത്. ലാറ്റിനായിരുന്നു അക്കാലത്ത് യൂറോപ്പിലെ വൈജ്ഞാനിക സദസ്സുകളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഭാഷ. അതിനാലായിരുന്നു പുസ്തകം ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. മലയാളത്തിൽ നിന്നും ആദ്യം പോർച്ചുഗീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും പോർച്ചുഗീസിൽ നിന്ന് ഡച്ച് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. ഡച്ച് ഭാഷയിൽ നിന്നുമാണ് പിന്നീട് ലാറ്റിനിലേക്ക് മൊഴിമാറ്റം നടത്തിയത്.

മലയാളഭാഷാലിപികളിൽ അച്ചടി മഷി പതിഞ്ഞ ആദ്യഗ്രന്ഥമെന്ന ചരിത്രപ്രാധാന്യവും ഈ ഗ്രന്ഥത്തിന് അവകാശപ്പെടാനുണ്ട്. മലയാളത്തിലുള്ള രണ്ട്

തരം പ്രാചീന ലിപികൾ ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഹോർത്തൂസ് മലബാറിക്കസ് രചനയിൽ ദ്വിഭാഷിയായിരുന്ന മാനുവൽ കാർണിറോവിന്റെ സാക്ഷ്യപത്രം ആര്യ എഴുത്ത് ലിപിയിലും ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം കോലെഴുത്തിലുള്ളതുമാണ്. 17-ാം നൂറ്റാണ്ടിലെ ലഭ്യമായ ഒരു കൂട്ടം വിദഗ്ദ്ധരുടെ വർഷങ്ങൾ നീണ്ട ശ്രമഫലമാണ് ഈ ഗ്രന്ഥം. ഇവരിൽ പാരമ്പര്യവൈദ്യൻമാർ, ചിത്രകാരൻമാർ, ശില്പികൾ, ഔഷധശാസ്ത്ര വിദഗ്ദ്ധൻമാർ തുടങ്ങിയവരും മലബാറിലെയും യൂറോപ്പിലെയും വിദഗ്ദ്ധരും ഉൾപ്പെടുന്നു. ഈ ഗ്രന്ഥത്തിനാവശ്യമായ അടിസ്ഥാനപരമായ എല്ലാവിവരങ്ങളും നൽകിയത് ആലപ്പുഴ ജില്ലയിലെ ചേർത്തല കൊല്ലാട കുടുംബാംഗമായ ഈഴവവൈദ്യൻ ഇട്ടി അച്യുതൻ, കൊങ്കണി ബ്രാഹ്മണ വൈദ്യന്മാരായ അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ് എന്നീ പ്രാദേശിക വൈദ്യൻമാരുമായിരുന്നു.

### 1.2 ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഉത്ഭവം

മലബാറിൽ സുലഭമായ സസ്യസമ്പത്തിലും അതിന്റെ വൈവിധ്യത്തിലും വാൻറീഡ് ആകൃഷ്ടനായിരുന്നു. വ്യാപാരാവശ്യാർത്ഥം വാൻറീഡ് ഇന്ത്യയുടെ പല ഭാഗത്തും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ അവിടെ നിന്നെല്ലാം പല തരത്തിലുള്ള സസ്യങ്ങൾ ശേഖരിക്കുക പതിവായിരുന്നു. മലബാറിലെ ഭരണാധികാരികളും ചെടികളും അവയുടെ വിവരങ്ങളും നൽകി സഹായിക്കുകയുണ്ടായി. ഔദ്യോഗിക യാത്രാർത്ഥം മലബാറിലെ എല്ലാ പ്രദേശങ്ങളിലൂടെയും അദ്ദേഹത്തിന് യാത്ര ചെയ്യേണ്ടതായി വന്നു. അനേകതരം അമൂല്യ വൃക്ഷലതാദികളെക്കൊണ്ട് നിറഞ്ഞ കേരളം വാൻറീഡിനെ വളരെയധികം ആകർഷിച്ചു. വാൻറീഡ് മലബാറിലെ സാധാരണക്കാരായ ആളുകളുമായി ചങ്ങാത്തം സ്ഥാപിച്ചു. ഈ അവസരത്തിലാണ് തദ്ദേശവാസികൾക്കിടയിലുള്ള ഔഷധസസ്യോപയോഗത്തെക്കുറിച്ചുള്ള അറിവുകൾ അദ്ദേഹത്തിന് ലഭിക്കുന്നത്. ഇത് സസ്യസമ്പത്തിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിന് വാൻറീഡിന് പ്രേര

ണയായി. രാഷ്ട്രീയനേട്ടങ്ങൾക്കുപരി വാണിജ്യാധിഷ്ഠിതമായ സാമ്പത്തിക നേട്ട ങ്ങളും അക്കാദമികവുമായ നേട്ടങ്ങളും ഹോർത്തൂസ് രചനയ്ക്കുപിന്നിൽ വാൻറീഡ് ലക്ഷ്യം വെച്ചിരുന്നു. പക്ഷേ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ അനുവാദ ത്തോടുകൂടി മാത്രമേ അദ്ദേഹത്തിന് അത് സാധ്യമാക്കാൻ പറ്റുമായിരുന്നുള്ളൂ. അവരെ മലബാർ സസ്യങ്ങളുടെ പ്രത്യേകതയും ഔഷധമൂല്യങ്ങളും മറ്റും ബോധ്യപ്പെടുത്തി അവ കമ്പനിയ്ക്ക് ഉപകാരപ്രദമാവും വിധത്തിൽ കൊണ്ടുവ രാൻ വേണ്ടി അദ്ദേഹം പരിശ്രമിച്ചു. ഇന്ത്യയിലെ പല ഭാഗങ്ങളിലും ജോലി ചെയ്യുന്ന കമ്പനി തൊഴിലാളികൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ എത്തിച്ചു കൊടുക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. പല മരുന്നുകളും നെതർലാൻഡിൽ നിന്നാണ് ഇറക്കുമതി ചെയ്തിരുന്നത്. മലബാറിൽ ലഭ്യമായി ട്ടുള്ള ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് ഇവരെ ചികിത്സിക്കാൻ കഴിഞ്ഞാൽ അത് കമ്പനിക്ക് വലിയ മുതൽകൂട്ടാകുമെന്ന് അദ്ദേഹം വിശ്വസിച്ചു.

അങ്ങനെ മലബാറിന്റെ പലഭാഗങ്ങളിൽ നിന്നും സസ്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ അദ്ദേഹം തീരുമാനിച്ചു. എന്നാൽ മലബാറിലെ കമാന്ററായി സേവനമനുഷ്ടിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന് ഭാരിച്ച ഉത്തരവാ ദിത്തങ്ങൾ ഉള്ളതിനാലും സസ്യങ്ങളെ കുറിച്ച് ശരിയായ അറിവില്ലാത്തതിനാലും ഈ ഉദ്യമം വളരെ ബുദ്ധിമുട്ട് നിറഞ്ഞതായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്ന തിനായി അദ്ദേഹം സസ്യശാസ്ത്രത്തെപറ്റിയും ഔഷധങ്ങളെപറ്റിയും അറിവുള്ള യോഗ്യരായവരെ കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു. ഇക്കാര്യത്തിൽ വാൻറീഡ് ആശ്രയിച്ചതും അതിനായി ആദ്യമായി ചിത്രങ്ങളും വിവരണങ്ങളും തയ്യാറാക്കി നൽകിയതും ഫാദർ മാത്യു (Father Mathew of St. Joseph) ആയിരുന്നു. നഗ്ന പാദ സന്യാസി വർഗ്ഗത്തിൽപ്പെട്ട ഒരു കർമ്മലിത്ത വൈദികനായിരുന്നു അദ്ദേഹം. കേരള സർവ്വകലാശാല 2008 ൽ പുറത്തിറക്കിയ ഹോർത്തൂസ് മലബാറിക്കസിന്റെ മൂന്നാം വാല്യത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്[1]. പക്ഷേ വാൻറീഡ് പ്രതീക്ഷിച്ച

രീതിയിലുള്ള ഒരു പുരോഗതിയുണ്ടാക്കാൻ അദ്ദേഹത്തെകൊണ്ട് സാധിച്ചില്ല. ആ ഒരു അവസരത്തിലാണ് 1675–ൽ മലബാർ സന്ദർശിച്ച ബോട്ടണി പ്രൊഫസറും ഹോർത്തൂസ് ബൊട്ടാണിക്കസ്സിന്റെ (ലെയ്ഡൻ) ഡയറക്ടറുമായ പോൾ ഹെർമന്റെ സഹായം അദ്ദേഹത്തിന് ലഭിച്ചത്[2]. പിന്നീടദ്ദേഹം ഇതിനെ ഒരു വലിയ പ്രോജക്ടായി രൂപപ്പെടുത്തുകയും തദ്ദേശീയരിൽ നിന്നും സസ്യങ്ങളെ കുറിച്ചുള്ള പരമാവധി അറിവ് സമ്പാദിക്കാനുള്ള പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്തു.

### 1.2.1 ഹോർത്തൂസ് രചനയ്ക്കു പിന്നിലെ രാഷ്ട്രീയ കാരണങ്ങൾ

കേരളക്കരയുടെ സസ്യവിജ്ഞാനം പ്രത്യേകിച്ചും ഔഷധ വിജ്ഞാനം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ബൃഹദ് ഗ്രന്ഥം തയ്യാറാക്കുന്നതിനു പിന്നിൽ രാഷ്ട്രീയപരമായ രഹസ്യലക്ഷ്യങ്ങൾ വാൻറീഡിനുണ്ടായിരുന്നു എന്ന് ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകും. കൊച്ചിക്കോട്ട പിടിച്ചെടുക്കുന്നതിനു മുമ്പു തന്നെ ജാവ, ബോർണിയോ, ബെറ്റേവിയ, സിലോൺ, മലബാർ തുടങ്ങി വിവിധ രാജ്യങ്ങളിലെ നിരവധി ഭൂഭാഗങ്ങൾ ഡച്ചുകാർ പിടിച്ചടക്കിയിരുന്നു. കോഴിക്കോട് സാമൂതിരിയുമായി 1604 ൽ വ്യാപാരകരാറിൽ ഡച്ചുകാർ ഏർപ്പെട്ടു. 1608 ലും 1610 ലും കരാർ ആവർത്തിച്ചു. ഉത്തര കേരളത്തിൽ ഡച്ചുകാർ സ്ഥാനം ഉറപ്പിച്ചുകഴി ഞ്ഞത് 1642 ൽ പുറക്കാട്ടിലേയും 1645 ൽ കായംകുളത്തേയും ഭരണാധികാരികളു മായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ്. ഇതിന്റെയെല്ലാം ഫലമായി ഫാക്ടറികളും പാണ്ടികശാലകളും പലയിടത്തും നിർമ്മിച്ചു. 1662 ൽ വേണാടുമായി കരാറുണ്ടാ ക്കി. 1665 – ൽ കൊച്ചികോട്ടയിൽ നിന്നും പോർച്ചുഗീസുകാരെ തുരത്തിയതോടെ ഡച്ചുകാരുടെ അധീനതയിൽ ലഭിച്ച പ്രദേശങ്ങളുടെ സംരക്ഷണത്തിന് നാവിക സിരാകേന്ദ്രമാകുവാൻ സിലോൺ ആണ് ഏറ്റവും അനുയോജ്യമെന്ന് ഏഷ്യയിലെ സുപ്രീം കമാണ്ടറായിരുന്ന റിക്ക് ലോഫ് വാൻ ഗൊൺസ് ഡച്ച് ഭരണാധികാരിക

ളോട് ശുപാർശ ചെയ്തിരുന്നു. അതിനുവേണ്ടി തീവ്രമായി പരിശ്രമിക്കുകയും ചെയ്തു[3].

1673 മുതൽ 1677 വരെ കൊച്ചിക്കോട്ടയിലെ ഗവർണ്ണർ ആയിത്തീർന്നത് വാൻറീഡാണ്. വാൻ ഗൊൺസിന്റെ ശുപാർശയുടെ ഫലമായിട്ടാണ് ഈ സ്ഥാന ലബ്ധി. എന്നിട്ടും തന്റെ ഉന്നത സ്ഥാന ലബ്ധിക്കു കാരണഭൂതനായ വാൻഗൊൺസിന്റെ ശുപാർശയ്ക്കു വിപരീതമായി നാവിക കേന്ദ്രം കൊച്ചിയിൽ വേണമെന്ന് കേന്ദ്രഭരണാധികാരികളോട് ഗവർണർ വാൻറീഡ് ആവശ്യപ്പെട്ടു. അതു വരേയ്ക്കും സിലോണിന്റെ (ശ്രീലങ്ക) കീഴിലായിരുന്നു മലബാറിന്റെ ഭരണ നിയന്ത്രണം. 1677 ൽ ഇത് നിർത്തലാക്കി. മലബാറിനെ പൂർണ്ണമായും വാൻറീഡിന്റെ കീഴിലാക്കുന്ന ഉത്തരവെത്തി. ഇതുമൂലം സിലോൺ ഗവർണരുടെ ചോദ്യങ്ങൾക്ക് മലബാറിന്റെ കമാൻഡർ മറുപടി പറയാൻ ബാധ്യസ്ഥനല്ല എന്ന സ്ഥിതി വന്നു. ഇത് വാൽഗൊൺസിന്റെ മനസ്സിൽ വാൻറീഡിനെതിരെയുള്ള വിരോധത്തിന് കാരണമായി. തുടർന്നുള്ള കാലങ്ങളിൽ വാൻറീഡിന്റെ കടുത്ത എതിരാളിയായി മാറുകയായിരുന്നു വാൻഗൊൺസ്. ഒരു തരത്തിൽ ഹോർത്തൂസ് മലബാറിക്കസ്സിന്റെ നിർമ്മാണത്തിലും സ്വാധീനം ചെലുത്തുന്നതായിരുന്നു വാൻഗോൺസിന്റെ ഈ വിരോധം. സിലോൺ ആണ് ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശമെന്നും അസംസ്കൃതവിഭവങ്ങൾ അവിടെ സുലഭമാണെന്നും സമ്പത്ത് ചൂഷണം ചെയ്യാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്നും മറ്റുമുള്ള വാൻഗൊൺസിന്റെ വാദഗതികളെ പരാജയപ്പെടുത്തി. കൊച്ചിയെ നാവികസിരാകേന്ദ്രമാക്കുക എന്നതാണ് വാൻറീഡ് 'ഹോർത്തൂസ് മലബാറിക്കസ്' രചനയിലൂടെ ലക്ഷ്യം വച്ചത്. ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിക്ക് ധനസമ്പാദനമായിരുന്നു ലക്ഷ്യം. സുഗന്ധവ്യഞ്ജന വ്യാപാരം നടത്തി കൊള്ളലാഭം കൊയ്യാനെത്തിയ ഡച്ചുകാർക്ക്, സിലോണിൽ ഉള്ളതിനേക്കാൾ കൂടുതൽ ചൂഷണത്തിനുള്ള സമ്പത്ത് മലബാറിലുണ്ടെന്ന് കേന്ദ്രഭരണാധികാരികളെ ബോധ്യപ്പെടുത്തണം[4]. അതിലൂടെ ഭര

ണകേന്ദ്രം കൊച്ചിയിൽതന്നെ ഉറപ്പിച്ചു നിർത്താൻ കഴിയുമെന്ന് വാൻറീഡ് വിശ്വസിച്ചു.

### 1.2.2 ഹോർത്തൂസ് രചനയ്ക്കു പിന്നിലെ സാമ്പത്തിക കാരണങ്ങൾ

ധാരാളം സമ്പത്ത് ചൂഷണം ചെയ്യാൻ അനുയോജ്യമായ സ്ഥലമാണ് മലബാർ എന്ന് ഡച്ചുകാർ മനസ്സിലാക്കിയിരുന്നു. കേരളത്തിലുടനീളം സഞ്ചരിക്കാനിടയായ വാൻറീഡിന് അത്ഭുതം ഉണ്ടാകുന്ന കാഴ്ചയാണ് എവിടെയും ദർശിക്കാൻ കഴിഞ്ഞത്. ഒരു വശത്ത് കടൽ എതിർ ദിശയിൽ മലകൾ. എവിടെയും വൻമരങ്ങളും പുഷ്പിക്കുന്ന കാടുകളും കാണാൻ സാധിച്ചു. കപ്പൽ നിർമ്മിക്കാനും കെട്ടിടം പണിയാനും ആവശ്യമായ വൻമരങ്ങൾ സുലഭം. വളരെ വളക്കൂറുള്ള ഭൂമിയാണെന്നും വാൻറീഡ് തിരിച്ചറിഞ്ഞു. ഈ അറിവ് മൂലമായിരിക്കണം പിന്നീട് അദ്ദേഹം തോട്ടം അടിസ്ഥാനത്തിൽ ഇവിടെ തെങ്ങുകൾ നട്ടുപിടിപ്പിക്കാനും മറ്റ് പലതരം കൃഷികൾ ചെയ്യാനും തയ്യാറായത്. നാട്ടുപട്ടാളക്കാരും വാൻറീഡും ഒരുമിച്ചുള്ള യാത്രാനുഭവങ്ങൾ ഹോർത്തൂസിന്റെ മൂന്നാം വാല്യത്തിലെ ദീർഘമായ മുഖവുരയിൽ വിവരിക്കുന്നു. ഓരോ സസ്യത്തെക്കുറിച്ചും നാട്ടുകാരായ പട്ടാളക്കാർക്ക് നല്ല വിവരമുണ്ട്. അവർക്ക് അസുഖമുണ്ടായാൽ പച്ചിലകൾ പറിച്ച് തിന്നുന്നതും വാൻറീഡ് കണ്ടു. രോഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ ഇവിടെ വളരുന്ന സസ്യങ്ങളിൽ സുലഭമായിട്ടുണ്ടെന്ന് വാൻറീഡിന് ബോധ്യമായി. ഇവിടെ താമസിക്കുന്ന ഡച്ചുകാർ ഒഴികെയുള്ള യൂറോപ്യൻമാർ നാട്ടുകാരെ പോലെ പച്ചില മരുന്നുകൾ ഉപയോഗിച്ചിരുന്നു.

കേരളത്തിൽ നിന്നും അറബികൾ ശേഖരിച്ചുകൊണ്ടുപോയി യൂറോപ്പിൽ വിറ്റഴിക്കുന്ന പച്ചമരുന്നുകൾ അവിടെ നിന്നും അമിതമായ വിലനൽകി ഇവിടത്തന്നെ കൊണ്ടുവരുന്നതാണ് ഡച്ച് പട്ടാളക്കാർ ഉപയോഗിച്ചിരുന്നത്. കാലതാമസംകൊണ്ട് ഗുണം നഷ്ടപ്പെട്ട്, പഴകി ഉപയോഗശൂന്യമായ നിലയിലെത്തുമ്പോഴാണ് മരുന്നുകൾ ഇവിടെ എത്തുന്നതും കഴിക്കുന്നതും. തന്മൂലം ശരിയായ ഫലം

ലഭിക്കുന്നില്ല. മാത്രമല്ല ധനനഷ്ടവും തദ്ദേശീയർ ഉപയോഗിക്കുന്നതും അറബിക ളിൽ നിന്ന് ഭീമമായ വിലകൊടുത്ത് വാങ്ങിക്കുന്നതുമായ മരുന്നുകൾ ഒന്നാണെന്ന് വാൻറീഡിന് ബോധ്യം വന്നു. ഇവിടെ നിന്നുള്ള പച്ചമരുന്നുകൾ കൊണ്ട് ഡച്ചു കാരെ ചികിത്സിക്കാൻ ഏർപ്പാടു ചെയ്തു[5]. ഈ ഔഷധസസ്യങ്ങൾ വളരെ ഫല പ്രദമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഈ ഔഷധസസ്യങ്ങൾ ഉപയോഗിച്ച് മരുന്നുകൾ ഇവിടെതന്നെ ഉത്പാദിപ്പിക്കുകയാണെങ്കിൽ നെതർലാന്റിൽ നിന്നും ഇറക്കുമതി ചെയ്യാതെയും കാലതാമസം കൂടാതെയും രോഗശമനത്തിന് ഉപയോ ഗിക്കാമെന്നും അതുവഴി കമ്പനിക്ക് വൻ സാമ്പത്തിക നേട്ടമുണ്ടാക്കാമെന്നും വാൻറീഡ് കണ്ടെത്തി. ഈ സമയം തന്നെ ബറ്റാവിയയിലെ മുഖ്യഡോക്ടർ മല ബാറിലെ ഔഷധസസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾക്കായുള്ള കത്തുകൾ സിലോൺ ഗവൺമെന്റിന് അയച്ചിരുന്നു. ഇതുകൂടി ഔഷധ സസ്യങ്ങൾക്കായുള്ള അന്വേഷണത്തിലേക്ക് തിരിയുന്നതിന് വാൻറീഡിന് കാരണമായി[6].

### 1.2.3 ഹോർത്തൂസ് രചനയ്ക്കു പിന്നിലെ അക്കാദമിക കാരണങ്ങൾ

കേരളത്തിൽ കാണപ്പെടുന്ന സസ്യസമ്പത്തിലെ ഓരോ സസ്യത്തേയും വേര്, തണ്ട്, ഇല, വിത്ത് തുടങ്ങിയ ആകൃതി പ്രകൃതികൾക്കനുസൃതമായ വിവര ണങ്ങളോടെയും അവയുടെ ഔഷധ മൂല്യങ്ങളും ഔഷധങ്ങൾ തയ്യാറാക്കി ഉപ യോഗിക്കേണ്ടവിധവും സവിസ്തരം പ്രതിപാദിക്കുന്നു. ഇത്തരം രേഖപ്പെടുത്തലു കൾ യൂറോപ്പിലെ സസ്യശാസ്ത്രവിദ്യാർത്ഥികൾക്ക് ഭാവിയിൽ ഏറെ ഉപകരിക്കു മെന്ന് വാൻറീഡിന് നല്ല ബോധ്യമുണ്ടായിരുന്നു[7]. "അറിവ് വാണിജ്യവത്ക്കരിക്ക പ്പെട്ട അച്ചടിയുഗത്തിൽ ജ്ഞാനവിഭങ്ങളായ പുസ്തകങ്ങൾ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സുലഭമായി ലഭിക്കും. സമാനമായ രീതിയിലുള്ള പുസ്തകങ്ങളും പരിഷ്കരണങ്ങളോടുകൂടിയ പുസ്തകങ്ങളും ധാരാളമായി പ്രസിദ്ധീകരിക്കപ്പെടു ന്നുണ്ട്[8]." അതുകൊണ്ടുതന്നെ ഹോർത്തൂസ് മലബാറിക്കസ് ആധികാരികമായിരി ക്കണമെന്ന് വാൻറീഡിന് നിർബന്ധമുണ്ടായിരുന്നു. അതിനാലാണ് ഹോർത്തൂസ്

മലബാറിക്കസ്സിന്റെ ആദ്യവാല്യത്തിൽ തന്നെ സഹായിച്ചവരുടെ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുള്ളത്. മലബാറിൽ കണ്ടുവരുന്നതും യൂറോപ്യൻമാർക്ക് അന്യമായതുമായ നൂറു കണക്കിന് സസ്യങ്ങളെയാണ് ഹോർത്തൂസ് മലബാറിക്കസിൽ വിവരിക്കുന്നത് എന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇത്തരം സസ്യഅറിവുകളെ സസ്യശാസ്ത്രം പഠിക്കുന്ന യൂറോപ്പിലെ വിദ്യാർത്ഥികൾക്ക് പുതിയൊരു അറിവായിരിക്കും എന്നുള്ളതിനാൽ സസ്യശാസ്ത്രജ്ഞൻമാരുടെയും ദ്വിഭാഷികളുടെയുമൊക്കെ സേവനങ്ങളും അവർ എഴുതിയ കുറിപ്പുകളുമെല്ലാം പല വാല്യങ്ങളിലും ആധികാരികതയ്ക്കു വേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അക്കാദമിക രംഗത്ത് ഇതൊരു മുതൽ കൂട്ടാവണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

"ഈ കാലഘട്ടത്തിലെ സൗകര്യങ്ങൾ മൂലം, അച്ചടിവിദ്യ വാണിജ്യവൽക്കരിക്കപ്പെട്ടു കഴിഞ്ഞ സ്ഥിതിയ്ക്ക്, ലോകത്തിന്റെ ഏത് ഭാഗത്തും പുസ്തകങ്ങൾ ആവശ്യത്തിന് ലഭ്യമാണ്. അതുകൊണ്ട് പുസ്തകങ്ങളുടെ അനുകരണങ്ങളും യഥേഷ്ടം ഉണ്ടാകുന്നുണ്ട്. മുൻകാലങ്ങളിലെ പുസ്തകങ്ങളിലും വിവരണങ്ങളിലും ചെറിയ മാറ്റം വരുത്തി പുതിയ പുസ്തകങ്ങൾ ഇറക്കുന്നു. ഏതൊരു പുതിയ പുസ്തകവും അറിവും അതുകൊണ്ടുതന്നെ എല്ലാവരാലും ഒരുപോലെ അംഗീകരിക്കപ്പെടുന്നില്ല" എന്ന് മൂന്നാം വാല്യത്തിന്റെ ആമുഖത്തിൽ വാൻറീഡ് രേഖപ്പെടുത്തിയിട്ടുണ്ട്.

"ഞങ്ങളുടെ അറിവിൽ ഒതുങ്ങി നിൽക്കുന്ന ചെടികളുടെ സൂചികയിലേക്ക് കൂടുതൽ പേരുകൾ ചേർത്ത് വിപുലീകരിക്കുന്നതിന് മറ്റുള്ളവർക്ക് ഞങ്ങൾ അവസരം നൽകുന്നുവെന്ന്" അദ്ദേഹം കൂട്ടിചേർക്കുന്നു. യൂറോപ്യൻ സസ്യശാസ്ത്ര വിദ്യാർത്ഥികൾ ഈ ഗ്രന്ഥം പ്രയോജനപ്പെടുത്തുകയും തങ്ങൾ കണ്ടെത്തിയിട്ടി

ല്ലാത്ത സസ്യങ്ങളെയും അവയുടെ തുടരന്വേഷണങ്ങൾക്കുമുള്ള വിപുലമായ സാധ്യത കേരളത്തിൽ നിലനിൽക്കുന്നുമുണ്ടെന്നുള്ള സൂചന നൽകുന്നു.

**1.3 വാൻറീഡ്** (Hendrik Adriaan Van Rheede tot Drakestein)

ഡച്ച് ഭരണത്തിൽ കാര്യമായ സ്വാധീനമുള്ള ഒരു കുലീനകുടുംബത്തിൽ ഏണസ്റ്റ് വാൻറീഡിന്റെയും എലിസബത്ത് യുട്ടെൻഹൊവിന്റെയും മകനായി 1636 -ൽ നെതർലൻഡിലെ ട്രാക്ക്സ്റ്റയിൻ കാസിൽ എന്ന സ്ഥലത്താണ് വാൻറീഡ് (അനുബന്ധം 1) ജനിച്ചത്. തന്റെ നാലാമത്തെ വയസ്സിൽ അനാഥനാവുകയും പതിനാലാമത്തെ വയസ്സിൽ കുടംബവീട് വിട്ട് മറ്റു രാജ്യത്തേക്ക് പോകാൻ നിർബന്ധിതനാവുകയും ചെയ്തു. അങ്ങനെ തന്റെ ഇരുപതാമത്തെ വയസ്സിൽ അദ്ദേഹം ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ (Verenigide Oost-Indische Compagnie or VOC) ഒരു പട്ടാളക്കാരനായി സേവനം ആരംഭിച്ചു. 1661-ൽ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ അദ്ദേഹത്തിന് ഡച്ച് ആർമിയിൽ ലെഫ്റ്റനന്റായി സ്ഥാനക്കയറ്റം ലഭിച്ചു. പിന്നീട് അഡ്മിറൽ റിജ്ക്ലോഫ് വാൻഗോൺസിന്റെ കൂടെ പോർച്ചുഗീസ് ശക്തിക്കെതിരെ മലബാറിൽ നിരവധി തവണ പൊരുതുകയുണ്ടായി[9].

അങ്ങനെ കൊച്ചിയിൽ ഡച്ചുകാരുടെ ആധിപത്യം ഉറപ്പിച്ചതിന് ശേഷം 1663 - ൽ വാൻറീഡിനെ കൊച്ചിയിലെ സ്റ്റേറ്റ് ഓഫീസറായി നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രധാന ചുമതല ഡച്ചു ഈസ്റ്റ് ഇന്ത്യാ കമ്പനിയും കോടതിയും തമ്മിലുണ്ടാകുന്ന വ്യവഹാരങ്ങളിൽ മധ്യസ്ഥനായി പ്രവർത്തിച്ച് പ്രശ്നപരിഹാരമുണ്ടാക്കുക എന്നതായിരുന്നു. ഇതിന്റെ ഫലമായി കൊച്ചി രാജാവായിരുന്ന വീര കേരളവർമ്മയുമായി നല്ല ബന്ധമുണ്ടാക്കാനും മലബാറുകാരുടെ സാമൂഹ്യ ചുറ്റുപാടുകളുടെ വൈവിധ്യങ്ങൾ അടുത്തറിയാനും കഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങളിൽ വാൻറീഡ് തന്റെ കഴിവ് തെളിയിക്കുകയും VOC യുടെ താത്പര്യം സംരക്ഷിക്കുകയും അതിനെ കൂടുതൽ കൂടുതൽ പുരോഗതിയിലേക്കെത്തിച്ചതോടുകൂടി

അദ്ദേഹത്തെ മലബാറിലെ കമാൻഡർ ആയി നിയമിക്കാൻ വാൻഗോൺസ് കമ്പനി യോട് ശുപാർശ ചെയ്യുകയും ചെയ്തു[10].

തുടർന്നുള്ള വർഷങ്ങളിൽ അദ്ദേഹം മലബാറിലെ ഒട്ടുമിക്ക പ്രദേശങ്ങ ളിലും സഞ്ചരിക്കുകയും പലയിടങ്ങളിലും ഡച്ച് കോട്ടകൾ സ്ഥാപിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തു. എന്നാൽ തുടർന്നങ്ങോട്ട് വാൻഗോൺസു മായി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുകയും ഈ പ്രശ്നം കമ്പനിയുടെ മലബാറിൽ നിന്നുള്ള കുരുമുളക് വ്യാപാരത്തിലെ ലാഭത്തിൽ കുറവ് വരുന്നതിന് ഇടയാക്കുകയും ചെയ്തു. കമ്പനിയുടെ മലബാറിലെ വ്യാപാരതാത്പര്യത്തിന് വാൻഗോൺസിന്റെയും വാൻറീഡിന്റെയും താത്പര്യങ്ങൾ വിപരീതദിശയിലായി രുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചു. വാൻഗോൺസ് പലപ്പോഴും മലബാറിലെ ഭരണാ ധികാരികളുമായി സൈനിക നടപടികൾക്ക് ഒരുങ്ങിയിരുന്നു. എന്നാൽ വാൻറീഡ് ആകട്ടെ അവരുമായ സമാധാനത്തിന്റെ പാതയിൽ സന്ധി സംഭാഷണങ്ങളി ലേർപ്പെടുകയുമാണ് ചെയ്തിരുന്നത്. ഇത്തരം അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് വാൻറീഡ് മലബാറിലെ കമാന്റർ പദവിയിൽ നിന്നും രാജിവെച്ചു.

അദ്ദേഹം രാജിവെച്ചതിനുശേഷം ബെറ്റാവിയ (ജക്കാർത്ത) യിലേക്ക് പുറ പ്പെടുകയും അവിടെ ആറ് മാസം താമസിക്കുകയും ചെയ്തു. 1677-ൽ അദ്ദേഹം ആംസ്റ്റർഡാമിലേക്ക് പുറപ്പെടുകയും 1678-ൽ അവിടെ എത്തി ചേരുകയും ചെയ്തു. അദ്ദേഹം നെതർലാൻഡിൽ താമസിച്ചു വരുന്ന സമയത്ത് (ഉട്രിച്ച്) Utrech പ്രവിശ്യയിലെ ഗവൺമെന്റ് കാര്യങ്ങളിൽ ഇടപെടുകയും ചെയ്തു. 1684 -ൽ കമ്പനി തെക്കേ ആഫ്രിക്ക, സിലോൺ, ഇന്ത്യ തുടങ്ങിയ പടിഞ്ഞാറൻ കേന്ദ്ര ങ്ങളിലേക്ക് പരിശോധന നടത്താൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. ഇവിടങ്ങ ളിലെ കമ്പനി താവളങ്ങളിൽ പലതരത്തിലുള്ള അഴിമതികളും ഈ ഘട്ടത്തിൽ ഉണ്ടായിരുന്നു. ഈ സമയത്ത് ഈ പ്രശ്നങ്ങളിൽ കാര്യമായി ഇടപ്പെടാനും പരി ഹാരം കാണാനും അദ്ദേഹത്തിന് കഴിഞ്ഞു. പിന്നീടദ്ദേഹം നാഗപട്ടണത്ത് കോട്ട

കൾ സ്ഥാപിക്കുകയും കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്തു. 1690-ൽ അദ്ദേഹം ശ്രീലങ്കയിൽ ജാഫ്ന സെമിനാരി സ്ഥാപിക്കുകയും അവിടെ വെച്ച് മന്ത്രിമാർക്കും അദ്ധ്യാപകർക്കും ദ്വിഭാഷികൾക്കും പരിശീലന പരി പാടി ആരംഭിക്കുകയും ചെയ്തു. അങ്ങനെ 1691-ൽ അദ്ദേഹത്തിന്റെ ഇന്ത്യയിലെ പര്യടനം പൂർത്തീകരിക്കുന്ന വേളയിൽ അദ്ദേഹം മരണമടയുകയും ഭൗതിക ശരീരം സൂറത്തിൽ സംസ്ക്കരിക്കുകയും ചെയ്തു[11].

### 1.3.1 വാൻറീഡും ഹോർത്തൂസ് മലബാറിക്കസ്സും

ഇരുപതാമത്തെ വയസ്സിൽ പട്ടാളക്കാരനായി ജീവിതമാരംഭിച്ച വാൻറീഡ് വാൻഗോൺസിന്റെ കൂടെ മലബാറിലെത്തിച്ചേർന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥ സേവനത്തിൽ സംതൃപ്തരായ ഡച്ച് അധികാരികൾ 1669 – ൽ അദ്ദേഹത്തെ മല ബാറിന്റെ കമാന്റർ ചുമതല ഏൽപ്പിച്ചു. ഔദ്യോഗിക യാത്രാർത്ഥം മലബാറിലെ എല്ലാ പ്രദേശങ്ങളിലൂടെയും അദ്ദേഹത്തിന് യാത്ര ചെയ്യേണ്ടതായി വന്നു. അനേ കതരം അമൂല്യ വൃക്ഷലതാദികളെക്കൊണ്ട് നിറഞ്ഞ കേരളം വാൻറീഡിനെ വള രെയധികം ആകർഷിച്ചു. സിലോൺ കേന്ദ്രീകരിച്ച് നാവിക ആസ്ഥാനം വേണ മെന്ന വാൻഗോൺസിന്റെ കേന്ദ്രഭരണാധികാരികളോടുള്ള ശുപാർശയ്ക്കു വിപരീ തമായി കൊച്ചിയിൽ തന്നെ നാവിക ആസ്ഥാനം സ്ഥാപിക്കമെന്ന് വാൻറീഡ് ഡച്ച് ഭരണാധികാരികളോട് ആവശ്യപ്പെട്ടിരുന്നു. ഇതിനായി സിലോണിലുള്ളതി നേക്കാൾ അസംസ്കൃത വസ്തുക്കൾ മലബാറിൽ സുലഭമാണെന്ന് ഡച്ച് കേന്ദ്ര അധികാരികളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യം കൂടി കൈവരിക്കുന്നതിനുവേ ണ്ടിയാണ് വാൻറീഡ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ നിർമ്മാണം ആരംഭിച്ചത്.

വാൻറീഡിന്റെ നേതൃത്വത്തിൽ 17-ാം നൂറ്റാണ്ടിലെ ലഭ്യമായ ഒരു കൂട്ടം വിദ ഗ്ദ്ധരുടെ കഠിനപരിശ്രമമാണ് ഹോർത്തൂസ് മലബാറിക്കസ്. ഇവരിൽ തദ്ദേശീയ രായ പാരമ്പര്യ വൈദ്യന്മാർ, ചിത്രകാരന്മാർ, ശില്പികൾ, ഔഷധ ശാസ്ത്രവിദ ഗ്ദ്ധർ എന്നിവർക്കൊപ്പം വിദേശ വിദഗ്ദ്ധരുമുൾപ്പെടുന്നു. ഈ ഗ്രന്ഥത്തിന് ആവ

ശ്യമായ അടിസ്ഥാന വിവരങ്ങളെല്ലാം നൽകിയത് പ്രാദേശിക വൈദ്യന്മാരായിരുന്നു. ഗൗരവമുള്ള മറ്റ് നിരവധി കാര്യങ്ങളിൽ ഏർപ്പെടാൻ നിയുക്തനായ ഫാദർ മാത്യു ആണ് ആദ്യമായി ചെടികളെക്കുറിച്ചുള്ള ഈ ശേഖരണം നടത്തിയത്. ഓർമ്മയിൽ നിന്നാണ് അദ്ദേഹം ചിത്രങ്ങളെല്ലാം വരച്ചിരുന്നത്. ബ്രഷ് ഉപയോഗിച്ചുള്ള ചിത്രരചന അദ്ദേഹത്തിന് അപരിചിതമായതിനാൽ പേന ഉപയോഗിച്ച് വരയ്ക്കുന്ന ചിത്രങ്ങൾക്ക് പ്രകൃത്യാ കാണുന്ന ചെടികളുമായി വേണ്ടത്ര സാമ്യം ഉണ്ടായിരുന്നില്ല. അതുപോലെ ചെടികളുടെ വിവരണം അതത് ചെടികളുമായി തീരെ യോജിച്ചു പോകാത്ത തരത്തിലുള്ളതായിരുന്നു. യഥാർത്ഥത്തിൽ വളരെ വ്യത്യസ്തത പുലർത്തുന്ന ചെടികൾക്കുപോലും അലസതയും ശ്രദ്ധയില്ലായ്മയും മൂലം പൊതുവായ വിവരണങ്ങൾ ഉണ്ടായി. ഫാദർ മാത്യു തയ്യാറാക്കിയ സസ്യവിവരണങ്ങളിലും ചിത്രങ്ങളിലും വാൻറീഡ് ഒട്ടും തൃപ്തനായിരുന്നില്ല. എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചിരുന്ന അവസ്ഥയിലാണ് പ്രശസ്തമായ ലെയ്ഡൻ സർവകലാശാലയിൽ സസ്യശാസ്ത്ര പ്രഫസർ ആയ ഡോ. പോൾ ഹെർമൻ സിലോണിൽ നിന്ന് മലബാറിൽ എത്തിയത്. ചിത്രങ്ങളുടെ അവ്യക്തതയും വിവരണങ്ങളുടെ പോരായ്മയും മൂലം ഹോർത്തൂസ് മലബാറിക്കസിന്റെ തുടക്കത്തിലുണ്ടായ തടസ്സങ്ങൾ അദ്ദേഹം കണ്ടു. വികലവും അവ്യക്തവുമായ വിവരണങ്ങൾ നിറഞ്ഞ ഈ പുസ്തകത്തിന് ശാസ്ത്രലോകത്തിൽ യാതൊരു പ്രാധാന്യവും ഉണ്ടാവുകയില്ലെന്ന് അദ്ദേഹം മനസ്സിലാക്കിച്ചു. ഇതേ തുടർന്ന് മാത്യൂസിന്റെ നേതൃത്വത്തിൽ ഹോർത്തൂസ് മലബാറിക്കസിനായി നടത്തപ്പെട്ട എല്ലാ ശ്രമങ്ങളും വാൻറീഡ് ഉപേക്ഷിച്ചു. പ്രതിസന്ധിയിലായ വാൻറീഡ് കൊച്ചിരാജാവിന്റെ സഹകരണം ഹോർത്തൂസ് മലബാറിക്കസിന്റെ രചനയ്ക്ക് ആവശ്യമാണെന്ന് മനസ്സിലാക്കി സഹായം അഭ്യർത്ഥിച്ചു. മലബാറിലെ ഔഷധച്ചെടികളെക്കുറിച്ച് നല്ല അറിവുള്ള പ്രശസ്തനായ നാട്ടുവൈദ്യൻ ആരാണെന്ന് വാൻറീഡ് രാജാവിനോട് തിരക്കി. കൊച്ചി രാജാവിന്റെ നിർദ്ദേ

ശപ്രകാരമാണ് കൊല്ലാട്ട് വൈദ്യൻ എന്നറിയപ്പെടുന്ന ഇട്ടി അച്യുതൻ ഹോർത്തൂസ് മലബാറിക്കസിന്റെ രചനയുടെ ഭാഗമാകുന്നത്.

രംഗഭട്ട്, അപ്പുഭട്ട്, വിനായ പണ്ഡിറ്റ് എന്നീ കൊങ്കിണി ബ്രാഹ്മണരെ ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ സഹായികളായി വാൻറീഡ് നിയോ ഗിച്ചിരുന്നു. അവരുടെ ഔഷധ വിജ്ഞാന കോശമായ 'മന്ഹാനിങ്ങഘട്നം' (മഹാനിഘണ്ടു) എന്ന ഗ്രന്ഥത്തിലെ വിവരങ്ങൾ കൂടി ഹോർത്തൂസിന്റെ രചന യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്[12].

ശാസ്ത്രപണ്ഡിതലോകം ഉപയോഗിച്ചുപോന്ന ലാറ്റിൻ ഗ്രന്ഥത്തിൽ മൂന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് പ്രാചീനലിപികളായ കോലെഴുത്ത്, ആര്യഎഴുത്ത് എന്നീ രൂപത്തിൽ മലയാളം ഇടം നേടി. ഹോർത്തൂസ് മലബാറിക്കസ് രചനയിൽ ദ്വിഭാഷി യായിരുന്ന മാനുവൽ കാർണിറോ ആര്യ എഴുത്ത് ലിപിയിലുള്ള സാക്ഷ്യപത്രവും ഇട്ടിഅച്യുതൻ കോലെഴുത്തിലുള്ള സാക്ഷ്യപത്രവും നൽകിയത് ഹോർത്തൂസ് മലബാറിക്കസ്സിന്റെ 1-ാം വാല്യത്തിൽ ചേർത്തിട്ടുണ്ട്[13]. കൂടാതെ ഓരോ സസ്യത്തി ന്റെയും മലയാളത്തിലെ പ്രാദേശികമായ പേരുകൾ ലാറ്റിൻ, അറബി, നാഗരി, മല യാളം ലിപികളിലായി ഓരോ സസ്യത്തിന്റെയും ചിത്രങ്ങളുടെ വലതുവശത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹോർത്തൂസ് മലബാറിക്കസിൽ പാരാമർശിച്ചിരിക്കുന്ന ചെടികളുടെ മലയാള ഭാഷാഭേദങ്ങൾ 17-ാം നൂറ്റാണ്ടിൽ കൊച്ചിയിലെ തദ്ദേശീയർ ഉപയോഗിച്ചിരുന്നവയാണ്. ഈ പേരുകൾ പലതും ഇന്ന് പ്രയോഗത്തിലില്ലാത്തവ യാണ്. ചിലപേരുകൾ തദ്ദേശീയർ പോലും തിരിച്ചറിയാനാവാത്തവിധം മാറിപോ യതോ രൂപഭേദം വന്നതോ ആണ്. എന്നാൽ ചില പേരുകൾ ഇന്നും പരിവർത്തന വിധേയമാവാതെ നിലകൊള്ളുന്നുമുണ്ട്[14].

ഹോർത്തൂസ് മലബാറിക്കസ്സിലെ ആദ്യ അധ്യായം തെങ്ങിനെക്കുറിച്ചാണ്. 'തെങ്ങ' എന്നാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഴയ മലയാള ലിപിയിൽ

ചന്ദ്രക്കല ഉപയോഗിച്ചിരുന്നില്ല. 'കവുങ്ങി'നെക്കുറിച്ചുള്ള രണ്ടാമധ്യായത്തിൽ 'കവുങ്ങ' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. തെങ്ങ് മുതൽ തെനവരെയുള്ള 742 അധ്യായങ്ങളിലെ ഒട്ടുമിക്ക സസ്യങ്ങളുടെയും മലയാളം പേരുകൾ ഓരോ ചിത്ര ത്തിന്റെയും വലതുവശത്തായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം 6). പരമ്പരാ ഗതമായി തലമുറകളിലൂടെ വാമൊഴിയായും താളിയോലകളിലൂടെയും കൈമാറ്റം ചെയ്ത് വന്നിട്ടുള്ള ഔഷധ സസ്യ അറിവുകൾ സമാഹരിച്ചിരിക്കുകയാണ് ഹോർത്തൂസ് മലബാറിക്കസിൽ[15].

ആംസ്റ്റർഡാമിലേക്ക് അച്ചടിക്കാനായ് അയച്ച ഹോർത്തൂസിന്റെ കൈയ്യെ ഴുത്ത് പ്രതി ഇട്ടി അച്യുതൻ പറഞ്ഞു കൊടുത്ത മലയാളത്തിലായിരുന്നില്ല തയ്യാ റാക്കിയിരുന്നത്. ചെടികളുടെ മലയാളം പേരുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം അതി നകം ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തിരുന്നു. മലയാളരൂപത്തെ ആദ്യം പോർച്ചുഗീസിലേക്ക് വിവർത്തനം ചെയ്തു. ഡച്ച് കമ്പനിയുടെ ദ്വിഭാഷിയായിരുന്ന ഇമാനുവേൽ കർണിറോയാണ് ഇത് നിർവഹിച്ചത്. തുടർന്ന് ഇദ്ദേഹവും കൊച്ചി യിലെ സിവിൽ സെക്രട്ടറിയായിരുന്ന ക്രിസ്ത്യൻ ഡി. ഡോണപ്പും (Christian De Donep) ചേർന്നായിരുന്നു പോർച്ചുഗീസ് ഭാഷയിൽ നിന്ന് ഡച്ചിലേക്ക് വിവർത്തനം ചെയ്തത്. കൊച്ചിയിലെ കമ്പനി പുരോഹിതനായിരുന്ന ജോഹന്നസ് കസേറിയസ് (Johennes Cearius) അത് ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തി. വാൻറീ ഡിന്റെ മേൽനോട്ടം കാര്യങ്ങളെല്ലാം സുഗമമായി നീങ്ങുന്നതിനും സഹായകമായി. എന്നാൽ ഹോർത്തൂസ് മലബാറിക്കസിന്മേലുള്ള അമിതമായ ശ്രദ്ധ, ഭരണപരമായ കാര്യങ്ങളിൽ, പ്രത്യേകിച്ചും കച്ചവടസംബന്ധമായ കാര്യങ്ങളിൽ, വാൻറീഡിന് അശ്രദ്ധയ്ക്കു കാരണമാവുന്നതായും അക്കാലത്ത് വിമർശനമുയർന്നു. കുരുമുളക് വ്യാപാരത്തിലെ കുത്തകാവകാശത്തിന്റെ കാര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ബലപ്രയോഗവും ആകാം എന്നതായിരുന്നു കമ്പനിയുടെ നിലപാട്. എന്നാൽ നയതന്ത്രത്തിലൂടെ കാര്യങ്ങൾ നീക്കാനായിരുന്നു വാൻറീഡിന് താൽപ്പ

ര്യം. ഇത് കമ്പനി അധികാരികളുടെ അപ്രീതിക്ക് കാരണമായി. മാത്രമല്ല, 1665-ൽ കൊച്ചികോട്ട പിടിച്ചടക്കിയപ്പോൾ ഡച്ചുകാരല്ലാത്ത മറ്റ് യൂറോപ്യൻ വംശജരെല്ലാം കൊച്ചി വിട്ടുപോകണമെന്നായിരുന്നു ഉത്തരവ്. എന്നാൽ ഇതിന് വിരുദ്ധമായിട്ടുള്ള തായിരുന്നു കത്തോലിക്ക വിഭാഗത്തിൽപ്പെടുന്ന വൈദികനായ ഫാദർ മാത്യൂസു മായി വാൻറീഡിനുള്ള അടുപ്പം. ഇക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചുകൊണ്ട് മലബാ റിലെ ഡച്ച് കമ്പനി പ്രതിനിധികളിലൊരാളായ ജെർമൻ വൊസ്ബർഗ് മേലധികാരി കൾക്കു റിപ്പോർട്ടയച്ചു. വാൻറീഡിന്റെ മുഖ്യശത്രുവായി മാറിയിരുന്ന അഡ്മിറൽ വാൻ ഗോൺസ് ആയിരുന്നു അപ്പോൾ ബട്ടേവ്യയിലുള്ള ഡച്ച് ഇന്ത്യൻ കൗൺസി ലിന്റെ ഡയറക്ടർജനറൽ. ഹോർത്തൂസ് മലബാറിക്കസിന്റെ മുന്നേറ്റത്തിൽ അസൂ യയും അതോടൊപ്പം അതിന്റെ നിർമ്മാണത്തിൽ ഫാദർ മാത്യൂസിന്റെ പങ്കിനെ ക്കുറിച്ച് അറിവും ഉണ്ടായിരുന്ന വാൻഗൊൺസ് ആ അവസരം പാഴാക്കിയില്ല. 1675 ഒക്ടോബർ 22 ന് ഇന്ത്യൻ കൗൺസിൽനിന്നും വാൻറീഡിന് ഉത്തരവ് ലഭിച്ചു. 'കൊച്ചിയിൽ നിന്നു ഫാദർ മാത്യൂസിനെ പുറത്താക്കുക'. അതിൽ അതൃപ്തി രേഖപ്പെടുത്തിയ വാൻറീഡിന് അപ്പോൾ തന്നെ കൊച്ചിക്കോട്ടയുടെ ഗവർണ്ണർ സ്ഥാനത്തു നിന്നുള്ള തന്റെ രാജി സന്നദ്ധം ഇന്ത്യൻ കൗൺസിലിനെ അറിയിച്ചു. ഹോർത്തൂസിനു നേരേയുള്ള ഒളിയമ്പായിരുന്നു അതെന്ന് മനസ്സിലാക്കിയ യോഹാൻ കസേറിയസ്, വാൻറീഡിനോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് തന്റെ രാജി സന്നദ്ധത പ്രഖ്യാപിച്ചു. 1671-ൽ ഹോർത്തൂസ് മലബാറിക്ക സ്സിന്റെ പൂർത്തിയായ ഭാഗവുമായി വാൻറീഡ് കൊച്ചിയെ താത്കാലികമായി ഉപേ ക്ഷിച്ച് ബട്ടേവ്യയിലേക്ക് യാത്രയായി. 1677 മാർച്ച് 18 നായിരുന്നു വാൻറീഡിനേയും കസേറിയസിനേയും വഹിച്ചുകൊണ്ടുള്ള 'പോലെറോൺ'എന്ന കപ്പൽ കൊച്ചി തീരം വിട്ടത്. 1677 മേയ് 13 ന് ബട്ടേവ്യ (ഡച്ച് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ പൗര സ്ത്യതലസ്ഥാനമായിരുന്നു ബട്ടേവ്യ)യിലെത്തിയ വാൻറീഡ് ആദ്യം ചെയ്തത് ഹോർത്തൂസ് മലബാറിക്കസിന്റെ ആദ്യ രൂപത്തിന്റെ ഒരു പകർപ്പുകൂടി സൃഷ്ടി ക്കുകയായിരുന്നു. ഡച്ച് ഡോക്ടറായിരുന്ന വില്യം ടെൻറൈനിന്റെ സഹായത്തോ

ടുകൂടിയായിരുന്നു ഇത് ചെയ്തത്. 1677 ജൂലൈയിൽ പക്ഷേ കസേറിയസ് മരിച്ചത് ഈ ശ്രമങ്ങൾക്ക് തിരിച്ചടിയായി[16]. എങ്കിലും ക്രിസ്ത്യൻ ഡോണപ്പിന്റെ അവിചാരിതമായ സഹായം അപ്പോഴും തുണയായെത്തി. അവസാനം ഹോർത്തൂസിന്റെ ബട്ടേവ്യ പകർപ്പിനെ വില്യം ടെൻറൈനിനെ സൂക്ഷിക്കാൻ ഏൽപ്പിച്ചിട്ടാണ് വാൻറീഡ് ഹോർത്തൂസ് മലബാറിക്കസിന്റെ ഒറിജിനലുമായി ആംസ്റ്റർഡാമിലേക്ക് യാത്രയായത്. വാൻറീഡിന്റെ കൈവശമുണ്ടായിരുന്ന ഈ ഒർജിനൽ മലബാർ പതിപ്പ് ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. ബട്ടേവ്യൻ പകർപ്പിന്റെ ഭാഗമായിരുന്ന 651 ചിത്രങ്ങൾ മാത്രമാണ് ഹോർത്തൂസ് മലബാറിക്കസിന്റെ അവശേഷിക്കുന്ന ആദിമരൂപമായി ഇപ്പോൾ ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളത്[17].

1678 ജൂൺ 30-ന് വാൻറീഡ് ആംസ്റ്റർഡാമിലേക്ക് എത്തിയപ്പോഴേക്കും ഹോർത്തൂസ് മലബാറിക്കസിന്റെ ആദ്യ പതിപ്പ് പുറത്തുവന്നിരുന്നു. ആദ്യ വാല്യത്തെ ഏറ്റവും അധികം വിമർശിച്ചത് വാൻഗൊൺസ് ആയിരുന്നു. ഹോർത്തൂസിൽ പറഞ്ഞിരിക്കുന്ന പല ചെടികളും അതിനേക്കാൾ സുലഭമായി സിലോണിൽ കാണുന്നു. അവിടെ നിന്നു ഇവയ്ക്കായി ഒരാൾ മലബാറിൽ പോകേണ്ട കാര്യമില്ല. മാത്രമല്ല പതിനായിരത്തലേറെ പുതിയ സസ്യങ്ങൾ ഡോ.പോൾ ഹെർമൻ സിലോണിൽ കണ്ടെത്തി കഴിഞ്ഞു. ഇങ്ങനെ പോയി വാൻഗൊൺസിന്റെ വിമർശനങ്ങൾ. ഇവയ്ക്കെല്ലാമുള്ള മറുപടി ഹോർത്തൂസിന്റെ മൂന്നാം വാല്യത്തിനുള്ള ആമുഖത്തിൽ വാൻറീഡ് നൽകുന്നുണ്ട്[18]. ഇങ്ങനെയൊരു വിശദീകരണം വാൻറീഡ് നൽകിയതിനാലാണ്. സത്യത്തിൽ ഹോർത്തൂസ് മലബാറിക്കസിന്റെ ഉത്ഭവ ചരിത്രത്തെക്കുറിച്ച് ഏറ്റവും ആധികാരികമായ വിവരങ്ങൾ നമുക്ക് ലഭിച്ചതെന്നും ശ്രദ്ധേയമാണ്. ഒന്നാം വാല്യത്തിന്റെ എഡിറ്ററായിരുന്ന അർനോൾഡ് സെയിൻ 1678-ൽ അന്തരിച്ചു, അതുപോലെ ആദ്യ പതിപ്പിന്റെ പ്രസാധകരും. പിന്നീട് അവരുടെ വിധവകളുടെ സഹകരണത്തോടെയാണ് രണ്ടാം വാല്യം പ്രസിദ്ധീകരിക്കപ്പെട്ടത്. 1679-ൽ സസ്യശാസ്ത്രരംഗത്ത് ഒരു വിദ്യാർത്ഥിയും തുടക്കക്കാരനും മാത്രമാ

യിരുന്ന ജൊഹന്നാസ് കൊമാലിയനസ് (Joannes Commelinus)ആയിരുന്നു രണ്ടാം വാല്യത്തിന്റെ എഡിറ്റിംഗ് നിർവഹിച്ചത്. യൂട്രച്ച് സർവകലാശാലയിലെ ബൊട്ടാണിക് ഗാർഡന്റെ ഡയറക്ടറായിരുന്ന ജൊഹന്നസ് മുന്നിക്സ് ˇ(Joannes Munnicks)മൂന്നാം വാല്യത്തിന്റെ എഡിറ്റിങ്ങിൽ കൊമേലിനസിനൊപ്പം പങ്കാളിയായി.1682-ൽ മൂന്നാം വാല്യം പുറത്തു വന്നു. നാലും അഞ്ചും വാല്യങ്ങളും അദ്ദേഹം തന്നെ എഡിറ്റ് ചെയ്തു. തിയോഡൊറസ് ജൻസോനിയസ് വാൻ അൽ മെലോവിൻ (Theodorus Jumssonius van Almeloveeu)ആയിരുന്നു 6-ാം വാല്യത്തിന്റെ എഡിറ്റ് നിർവഹിച്ചത്. അവശേഷിച്ച ആറ് വാല്യങ്ങളും എഡിറ്റ് ചെയ്തത് അബ്രഹാം വാൻപൂട്ട് (Abraham Vanpoot) ആയിരുന്നു. ആംസ്റ്റർഡാമിലെ ഒരു ഡോക്ടർ (ഭിഷഗ്വരൻ) ആയിരുന്നു അദ്ദേഹം. ഹോർത്തൂസ് മലബാറിക്കസിന്റെ 12 വാല്യം പുറത്തുവന്നു[19]. അതിനിടെ ഡച്ച് ഈസ്റ്റ് കമ്പനിയുടെ വെസ്റ്റേൺ ക്വാട്ടേഴ്സിന്റെ ജനറൽ എന്ന സ്ഥാനം ലഭിച്ച വാൻറീഡ് 1691 ഫെബ്രുവരി 10 ന് വീണ്ടും കൊച്ചിയിലെത്തി. കമ്പനിയിലെ ഉദ്യോഗസ്ഥരുടെ അഴിമതികൾ അന്വേഷിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പുതിയ ദൗത്യം. 1691 ഡിസംബർ 15 ന് ഡ്രക്റ്റെർലാൻഡ് (Dreehterland) എന്ന കപ്പലിൽ സൂറത്തിലേക്കുള്ള യാത്രക്കിടയിൽ ബോംബെ തീരത്ത് വെച്ച് വാൻറീഡ് അന്തരിച്ചു.

### 1.4 ഇട്ടി അച്യുതനും ഹോർത്തൂസ് മലബാറിക്കസ്സും

ഹോർത്തൂസ് മലബാറിക്കസ്സിൽ കൊടത്തിട്ടുള്ള 6 സാക്ഷ്യപത്രങ്ങളിൽ 4 എണ്ണവും ഇട്ടി അച്യുതനുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങളാണ് (അനുബന്ധം 4). ആലപ്പുഴ ജില്ലയിലെ ചേർത്തല കൊടക്കരപള്ളിയിലാണ് ഇട്ടി അച്യുതന്റെ ജന്മദേശം. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ ചേർത്തിരിക്കുന്ന ഒന്നാം സാക്ഷ്യപത്രത്തിൽ ഇട്ടി അച്യുതന്റെ കുടുംബപ്പേരായിരുന്നു കൊല്ലാട്ട് പറമ്പ്. കൊല്ലാട്ട് വൈദ്യനായ ഇട്ടി അച്യുതൻ കൊച്ചിക്കോട്ടയിലേക്ക്

ക്ഷണിക്കപ്പെടുകയായിരുന്നു. താളിയോല ഗ്രന്ഥത്തിലുണ്ടായിരുന്ന വിവരങ്ങളാണ് ഇട്ടി അച്യുതൻ വായ്മൊഴിയായി പറഞ്ഞുകൊടുത്തത്. ഓരോ ചെടിയുടെയും ആകൃതിയും ബാഹ്യലക്ഷണങ്ങളും (എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്ന സ്വഭാവങ്ങൾ) തുടർന്ന് അവയുടെ ഉപയോഗങ്ങൾ, ഔഷധഗുണം, ചികിത്സാരീതി ഈ ക്രമത്തിലായിരുന്നു വിവരണം[20].

ഇട്ടി അച്യുതന്റേതെന്ന് കരുതുന്ന ചൂരൽക്കൂട ഇന്നും കൊല്ലാട്ട് പറമ്പിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന് പാരമ്പര്യമായി പകർന്നു കിട്ടിയ വൈദ്യ ജ്ഞാനം രേഖപ്പെടുത്തിയ താളിയോലഗ്രന്ഥങ്ങളൊന്നുംതന്നെ ഇന്ന് ലഭ്യമല്ല. എങ്കിലും അദ്ദേഹം സ്വായത്തമാക്കിയ അറിവിന്റെ രേഖയാണ് ഹോർത്തൂസ് മല ബാറിക്കസ്. 1674 ലാണ് വാൻ റീഡ് കൊല്ലാട്ട് വൈദ്യനായിട്ടുള്ള ഇട്ടി അച്യു തനെ കടക്കര പള്ളിയിൽ നിന്ന് കൊച്ചിക്കോട്ടയിലേക്ക് ക്ഷണിച്ചുവരുത്തിയത്. അങ്ങിനെയാണ് അദ്ദേഹം ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയിലെ മുഖ്യ സഹായിയായി മാറുന്നത്. ഈഴവ ജാതിയിൽപ്പെട്ട അദ്ദേഹത്തിനെ ക്ഷണിച്ചതിൽ നിന്നും വെളിവാകുന്ന വസ്തുത അദ്ദേഹത്തിന്റെ അറിവിന്റെ ആഴമാണ്. അത്രയ്ക്ക് പ്രഗൽഭനായതുകൊണ്ടുമാത്രമാണ് അദ്ദേഹത്തെ തേടിപ്പിടിച്ച് ഒരു വലിയ ഉത്തരവാദിത്വം ഏൽപ്പിച്ചത്. 17-ാം നൂറ്റാണ്ടിലെ സാമൂഹ്യ അന്തരീക്ഷ ത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോഴാണ് അത് മനസ്സിലാവുക. ചാതുർവർണ്ണ്യത്തിന്റെ ഇരുണ്ടയുഗമായിരുന്നു ആ കാലഘട്ടം. ഹോർത്തൂസിന്റെ രചനയിൽ അദ്ദേഹത്തിന് വലിയ പങ്കുണ്ടായിരുന്നു എന്ന് തെളിയിക്കുന്നതാണ് അതിലെ സാക്ഷ്യപത്രങ്ങൾ[21].

കേരളത്തിന്റെ വൈദ്യപാരമ്പര്യത്തിന് എത്ര വലിയ സ്ഥാനമാണുള്ളതെന്ന് ഹോർത്തൂസ് അടിവരയിടുന്നു[22]. കേരളത്തിലെ സാമാന്യ ജനങ്ങളുടെ ചുറ്റുപാടു കളെക്കുറിച്ചുള്ള അറിവിന്റെ പ്രത്യക്ഷ തെളിവാണ് ഈ ഗ്രന്ഥം. ഇതിന്റെ ആധി കാരികതയ്ക്കുവേണ്ടിയാണ് വാൻറീഡ് ഇട്ടി അച്യുതനെക്കൊണ്ട് സ്വന്തം കൈപ്പട

യിൽ കോലെഴുത്ത് ലിപിയിൽ സാക്ഷ്യപത്രം തയ്യാറാക്കിച്ച് ഒന്നാംവാല്യ ത്തിൽതന്നെ പ്രസിദ്ധീകരിച്ചത്.

## 1.5 ഹോർത്തൂസ് മലബാറിക്കസിന്റെ പ്രസിദ്ധീകരണം

ഹോർത്തൂസ് മലബാറിക്കസിന്റെ ആദ്യ വാല്യം ആംസ്റ്റർഡാമിൽ വെച്ച് പ്രസിദ്ധീകരിക്കപ്പെട്ടത് 1678 ലാണ്. ഇതിന്റെ തലക്കെട്ടിന്റെ പൂർണ്ണരൂപം Hortus Indicus Malabaricus, Continens Regni Malabarici apud Indos Celeberrimi omnis generis Plantas rariores, Latinis, Malabaricis, Arabicis & Bramanum Characteribus nominibusque expressas Una cum Floribus, Fructibus & Seminibus, naturali magnitudine peritissimis dictoribus delineatas, ad vivum exhibitas. Addita insuper accurata earundem descriptione, qua colores, odores, sapores, facultates & praecipuae in Medicina vires exactissime demonstrantur,[23] എന്നാണ്. എന്നാൽ പിന്നീട് വന്ന ചില വാല്യങ്ങളിൽ ചെറിയ മാറ്റങ്ങളും വരുത്തിയിട്ടുണ്ട് (അനുബന്ധം 5). വാൻറീഡിന്റെ പേരിനുശേഷം ഇതിന്റെ പൂർത്തീകരണത്തിനായി സഹകരിച്ച് ജോഹന്നസ് കസേറിയസ്, ആർനോൾഡ് സ്യൻ, ജോൺ കെമലിൻ, ജോഹന്നസ് മുന്നിക്സ്, തിയഡോർ, ജോൺസോണിയസ് വാൻ ആൽ മെലോവീൻ, അബ്രഹാം വാൻപുട്ട് തുടങ്ങിയവ രെയും ചേർത്തിട്ടുണ്ട്[24]. ഹോർത്തൂസ് മലബാറിക്കസിന്റെ ബാക്കിയുള്ള പതിനൊന്ന് വാല്യങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടത് 1682, 1683, 1685, 1686, 1688 –ൽ രണ്ടെണ്ണം, 1689, 1690, 1692, 1693 എന്നീ വർഷങ്ങളിലാണ് (അനുബന്ധം 3). അതായത് അവസാനത്തെ വാല്യം പ്രസിദ്ധീകരിച്ചത് ആദ്യ വാല്യം പ്രസിദ്ധീകരിച്ച് പതിനഞ്ച് വർഷങ്ങൾക്കുശേഷമാണ്. ഈ പന്ത്രണ്ട് വാല്യങ്ങൾക്കു പുറമേ 1686 -ൽ ഒന്നാമത്ത വാല്യത്തിന്റെ തലക്കെട്ട് പേജ് പതിപ്പ് പ്രസിദ്ധീകരിക്കപ്പെടുകയു ണ്ടായി. അതുപോലെ 1689-ൽ ആദ്യ രണ്ട് വാല്യങ്ങളുടെ ഡച്ച് വിവർത്തനം

അബ്രഹാം വാൻപുട്ട് തയ്യാറാക്കുകയുണ്ടായി. ഈ പരിഭാഷ 1720-ൽ ഹേഗിൽ വെച്ച് വീണ്ടും തലക്കെട്ട് പേജ് പതിപ്പായി പ്രസിദ്ധീകരിക്കുകയുണ്ടായി. 1774-ൽ ഒന്നാം വാല്യത്തിന്റെ പുതിയ രൂപത്തിലും ഭാവത്തിലുമുള്ള പതിപ്പ് ജോൺ ഹില്ലിന്റെ മേൽ നോട്ടത്തിൽ ലണ്ടനിൽ വെച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. പക്ഷേ 1775-ൽ അദ്ദേഹത്തിന്റെ മരണത്തോടുകൂടി മറ്റ് വാല്യങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിയാതെ പോവുകയായിരുന്നു.

ഹോർത്തൂസിന്റെ നാലാമത്തെയും അവസാനത്തെയും വാല്യങ്ങളുടെ പ്രസിദ്ധീകരണ വർഷത്തിന്റെ കാര്യത്തിൽ ചില ആശയ കുഴപ്പങ്ങൾ നിലനിന്നിരുന്നു. നാലാമത്തെ വാല്യത്തിന്റെ തലക്കെട്ട് പേജിൽ ചില കോപ്പികളിൽ 1673 എന്നും 1683 എന്നും അച്ചടിച്ചിട്ടുണ്ട്. ഇതിൽ 1673 എന്നത് തെറ്റായി അച്ചടിച്ചതായിരിക്കാനാണ് സാധ്യത. കാരണം ഒന്നാമത്തെ വാല്യം പ്രസിദ്ധീകരിക്കപ്പെട്ടത് 1678-ൽ മാത്രമാണ്. അതുപോലെതന്നെ പന്ത്രണ്ടാം വാല്യത്തിൽ ചിലതിൽ 1703 എന്നും തെറ്റായി അച്ചടിച്ചിട്ടുണ്ട്. പക്ഷേ ഇത് 1693-ൽ തന്നെയാണ് എന്ന് ഉറപ്പിച്ച് പറയാൻ കഴിയും. കാരണം 1694-ൽ ടാൻക്രഡ് റോമ്പിൻ സൺ (Tancred Robinson) ന്റെ ഹോർത്തൂസ് മലബാറിക്കസ്സിനെ പറ്റിയുള്ള പുസ്തകാവലോകനം Philosophical Transaction (ഫിലോസഫിക്കൽ ട്രാൻസാക്ഷണിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്)[25].

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളും ഫോളിയോ ഫോർമാറ്റിലാണ് പ്രിന്റ് ചെയ്തത്. 791 കോപ്പർ തകിട്ടുപയോഗിച്ചിട്ടുള്ള സസ്യങ്ങളുടെ ഡബിൾ ഫോളിയോ വലിപ്പത്തിലുള്ള ചിത്രങ്ങളായിരുന്നു (അനുബന്ധം 6). ചില സസ്യങ്ങളുടെ കൃത്യമായ വിവരം ലഭിക്കുന്നതിനായി ഒന്നിൽ കൂടുതൽ ചിത്രങ്ങൾ ഇതിൽ കൊടുത്തിട്ടുണ്ടായിരുന്നു. ഹോർത്തൂസിന്റെ ഒന്ന് മൂന്ന് വാല്യങ്ങളുടെ തുടക്കത്തിൽ മനോഹരമായ ഒരു ചിത്രവും കൊടുത്തിട്ടുണ്ട്. (അനു

ബന്ധം 2). അങ്ങനെ 725 വ്യത്യസ്തമായ സസ്യവിഭാഗത്തിൽപ്പെട്ട ചെടികളെ ഇതിൽ വിവരിക്കുന്നുണ്ട്. ഈ സസ്യങ്ങൾ ഇന്ത്യയുടെ പലഭാഗത്തും പ്രത്യേകിച്ച് മലബാറിലും സുലഭമായി കാണപ്പെടുന്നവയാണ്.

ചെടികളുടെ വിവരണം അതിന്റെ വേര്, തണ്ട്, ഇല, പൂക്കൾ, ഫലങ്ങൾ, വിത്തുകൾ എന്ന രീതിയിലാണ്. ഓരോ ചെടിയുടെയും ഇലകളുടെ ഘടന, തണ്ടിൽ ഇലകളുടെ ക്രമീകരണം, ദളങ്ങളും രൂപവും എണ്ണവും പുഷ്പ കേസരങ്ങളുടെ എണ്ണം എന്നിവയും സൂചിപ്പിച്ചിട്ടുണ്ട്. ചില ചെടികളുടെ സ്വാഭാവിക വാസസ്ഥലം അതിന്റെ ഉത്ഭവം പൂക്കുന്നതിന്റെയും കായ്ക്കുന്നതിന്റെയും കാലം എന്നിവയും സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ ചെടികളുടെ ഗുണങ്ങളും ഔഷധമൂല്യങ്ങളും വിവരിക്കുന്നുണ്ട്. ഇതിനുപുറമെ ചെടികളുടെ വിവിധ ഭാഗങ്ങളുടെ മണം, നിറം, രുചി എന്നിവയും വിവരിക്കുന്നുണ്ട്. ഓരോ വാല്യത്തിലെയും ചെടികളെ പറ്റിയുള്ള വിവരണങ്ങൾ ആരംഭിക്കുന്നത് അവയുടെ ചിത്രങ്ങളോടുകൂടിയാണ്.

### 1.6 ഹോർത്തൂസ് മലബാറിക്കസ്സിന്റെ പരിഭാഷ

ലാറ്റിൻ ഭാഷയിൽ നിന്നും ഹോർത്തൂസ് മലബാറിക്കസ്സിനെ മറ്റ് ഭാഷകളിലേക്ക് പൂർണ്ണമായും മൊഴിമാറ്റം നടത്തുക എന്നത് വളരെ ബുദ്ധിമുട്ട് നിറഞ്ഞ ഒരു ഉദ്യമമായിരുന്നു. സസ്യശാസ്ത്രത്തിൽ പരിജ്ഞാനമുള്ളവർക്കും നാട്ടുവൈദ്യത്തെക്കുറിച്ച് അറിവുള്ളവർക്കും മലയാള ഭാഷയുടെ പരിണാമ ദശയെകുറിച്ച് അവഗാഹമുള്ളവർക്കും മാത്രമേ ഈ ബൃഹത്ഗ്രന്ഥം ശരിയായ രീതിയിൽ പരിഭാഷപ്പെടുത്താൻ കഴിയുകയുള്ളൂ. സസ്യനാമങ്ങൾ 17-ാം നൂറ്റാണ്ടിൽ മലബാറിൽ പ്രാദേശികമായി ഉപയോഗിച്ചിരുന്ന വാമൊഴിനാമങ്ങളായതിനാലും അവയിൽ പലതും ഇന്ന് ഉപയോഗത്തിലില്ലാത്തതിനാലും ഈ ശ്രമം വളരെ ദുഷ്കരമായിരിക്കും. മാത്രമല്ല അന്നത്തെ സസ്യവർഗ്ഗങ്ങളെ കണ്ടെത്തുക എന്നത് വൈദേശികരെ സംബന്ധിച്ചിടത്തോളം ഏറെ പ്രയാസമുള്ള കാര്യമായിരുന്നു. എന്നിരു

ന്നാലും ചില ശ്രമങ്ങൾ ഇതിനായി നടക്കുകയുണ്ടായി. ഹോർത്തൂസിന്റെ ഏഴ് മുതൽ പന്ത്രണ്ട് വാല്യങ്ങൾ വരെ എഡിറ്റ് ചെയ്ത അബ്രഹാം വാൻപൂട്ട് ആണ് ഇത്തരത്തിലൊരു ശ്രമം നടത്തിയ ആദ്യ വ്യക്തി. 1689 ൽ ഇദ്ദേഹം ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നും രണ്ടും വാല്യങ്ങളുടെ ഡച്ച് ഭാഷയിലേക്കുള്ള പരിഭാഷ യാണ് ഇദ്ദേഹം നടത്തിയത്. ഇവ പ്രസിദ്ധീകരിച്ചെങ്കിലും തുടർന്നുള്ള പരിഭാഷ ശ്രമം ഇദ്ദേഹം അവസാനിപ്പിക്കുകയായിരുന്നു. ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നട ത്താനുള്ള ഒരു ശ്രമമായിരുന്നു പിന്നീട് നടന്നത്. പക്ഷേ ഇതിൽ ആദ്യ വാല്യ ത്തിലെ സസ്യങ്ങളുടെ സസ്യശാസ്ത്ര വിവരണം നൽകുക മാത്രമായിരുന്നു ചെയ്തത്. 1774 ൽ ഇത് തയ്യാറാക്കി പ്രസിദ്ധീകരിച്ചത് ജോൺഹിൽ എന്ന സസ്യ ശാസ്ത്ര പ്രതിഭയായിരുന്നു[26]. ഇതുപോലെയുള്ള ശ്രമങ്ങൾ നടന്നുവെന്നല്ലാതെ ഹോർത്തൂസ് മലബാറിക്കസ്സിന്റെ മുഴുവൻ വാല്യങ്ങളും ശാസ്ത്രീയമായി പരിഭാ ഷപ്പെടുത്താൻ മൂന്ന് നൂറ്റാണ്ടുകളോളം കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ വലിയ ദൗത്യം ഏറ്റെടുത്ത് ഹോർത്തൂസിനെ പൂർണ്ണമായും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെ ടുത്തി കേരളത്തിൽ നിന്നുതന്നെ പ്രസിദ്ധീകരിക്കാൻ മണിലാൽ എന്ന സസ്യ ശാസ്ത്ര പ്രൊഫസർക്ക് കഴിഞ്ഞു എന്നുള്ളത് വലിയ കാര്യമാണ്. പതിറ്റാണ്ടു കൾ എടുത്ത തീവ്ര പ്രയത്നങ്ങളുടെയും പ്രയാസങ്ങളുടെയും അന്വേഷണങ്ങളു ടെയും ഒടുവിൽ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്താൻ അദ്ദേഹത്തിന് കഴിയു കയും 2003 ൽ കേരള സർവകലാശാല അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത് പിന്നീട് 2008 ൽ മലയാളത്തിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി.

### 1.6.1 മണിലാലും ഹോർത്തൂസ് മലബാറിക്കസ്സും

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളും ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തുന്നതിനായി ഹോർത്തൂസ് മലബാറിക്കസ്സിൽ പ്രതിപാദിച്ചിട്ടുള്ള 742 സസ്യങ്ങളിൽ ഒന്നൊഴികെ മുഴുവൻ സസ്യങ്ങളെയും ശേഖരിക്കുകയും യഥാർത്ഥ സസ്യനാമങ്ങൾ കണ്ടെത്തുകയും അവയുടെ ശാസ്ത്രീയമായ വർഗ്ഗീക

രണവും വ്യാഖ്യാനവും നടത്തുകയും ചെയ്ത്, ഈ ഗ്രന്ഥത്തെ സസ്യശാസ്ത്ര മേഖലയിലുള്ളവർക്ക് മാത്രമല്ല വിജ്ഞാന ദാഹികൾക്കെല്ലാം ഉപകാരപ്പെടുന്ന രീതിയിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ഒരു ജന്മം നീണ്ടുനിന്ന അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യമൊന്നുകൊണ്ട് മാത്രമാണ്. സസ്യശാസ്ത്രം, വൈദ്യശാസ്ത്രം, ഭാഷാശാസ്ത്രം, സംസ്കാരം എന്നിവയിലൊക്കെ അറിവ് നേടിയ ഒരു വ്യക്തിക്ക് മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. അങ്ങനെ ആ മഹാദൗത്യം പൂർത്തീകരിക്കാൻ അദ്ദേഹമെടുത്തത് തന്റെ ജീവിതത്തിലെ അമ്പത് വർഷങ്ങളായിരുന്നു.

കാട്ടുങ്ങൽ എം. സുബ്രഹ്മണ്യത്തിന്റെയും കെ. കെ. ദേവകിയുടെയും മൂന്നു മക്കളിൽ മൂത്തയാളായി 1938 സെപ്റ്റംബർ 17 ന് പറവൂരിലാണ് കെ. എസ്. മണിലാൽ ജനച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഇന്റർമീഡിയത്തിൽ ചേർന്നത് എറണാകുളം മഹാരാജാസ് കോളേജിലായിരുന്നു. അതിന്ശേഷം അവിടെതന്നെ അദ്ദേഹം ബി. എസ്. സി. ബോട്ടണിക്ക് ചേർന്നു. ബിരുദം പൂർത്തിയാക്കിയതിനു ശേഷം ബിരുദാനന്തര ബിരുദത്തിന് ചേർന്നത് മധ്യപ്രദേശിലെ സാഗർ യൂണിവേഴ്സിറ്റിയിലാണ്. പിന്നീട് അദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതുതായി ആരംഭിച്ച ബോട്ടണി വിഭാഗത്തിലെ റീഡറായി നിയമിതനായി. എന്നാൽ അവിടുത്തെ പരിമിതമായ സൗകര്യങ്ങളും തന്റെ ഇഷ്ടപഠനമേഖലയായ സസ്യവർഗ്ഗീകരണ ശാസ്ത്രം നേരിടുന്ന കടുത്ത അവഗണനയിലും മനം മടുത്ത അദ്ദേഹം കുറച്ച് കാലത്തേക്ക് തന്റെ പഠനമേഖല ഒന്ന് ചുവട് മാറ്റുകയുണ്ടായി. അങ്ങനെയാണ് 'റേഡിയേഷൻ ഇക്കോളജി' എന്ന പഠനശാഖയിൽ ഗവേഷണം നടത്താനായി ബ്രിട്ടനിലെ ബാൻഗോർ സർവകലാശാലയിൽ ഗോർഡൻ ഏലിയറ്റ് ഫോഗിന്റെ കീഴിൽ മറൈൻ ബയോളജി വിഭാഗത്തിൽ എത്തിച്ചേർന്നത്. എന്നാൽ പഠനം പൂർത്തീകരിച്ച് ആൽഗെയിൽ നല്ലൊരു കണ്ടെത്തൽ നടത്തിയ അദ്ദേഹത്തിന് നിരാശയാണ് ഉണ്ടായത്. തന്റെ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിൽ ഫോഗ് താല്പര്യം കാണിക്കാത്തതിലുള്ള നിരാശമൂലം ആ പഠനമേഖല

ഉപേക്ഷിച്ച് തിരിച്ചുപോരുകയായിരുന്നു[27]. എം. എസ്. സി. പഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയതിന് ശേഷം തേവര എസ്. എച്ച്. കോളേജിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. എങ്കിലും പി. എച്ച്. ഡി. സാഗർ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. മളിന്റെ കീഴിൽ ചെയ്യണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ ഇക്കോളജിയിൽ പഠനം നടത്തണമെന്ന തന്റെ ആഗ്രഹത്തിന് വിപരീതമായ സസ്യവർഗ്ഗീകരണത്തിൽ ഡോ. ത്യാഗിയുടെ കീഴിലായിരുന്നു പി. എച്ച്. ഡി. ചെയ്യാൻ അദ്ദേഹത്തിന് നിയോഗമുണ്ടായത്. ഏതായാലും സാഗർ യൂണിവേഴ്സിറ്റിയിൽ നിന്നും രണ്ടര വർഷത്തിനുള്ളിൽ മണിലാൽ പി. എച്ച്. ഡി. കരസ്ഥമാക്കി. അതിനുശേഷം 1964 ൽ അദ്ദേഹം കണ്ണൂർ എസ്. എൻ. കോളേജിൽ അധ്യാപകനായി ചേർന്നു. അവിടെ അദ്ദേഹം ഒന്നരമാസം മാത്രമേ ജോലി ചെയ്തുള്ളൂ. അപ്പോഴേക്കും കേരള സർവകലാശാലയിൽ സസ്യശാസ്ത്ര അധ്യാപകനായി ജോലി ലഭിച്ചു. സർവകലാശാലയുടെ കാലിക്കറ്റ് സെന്ററിലെ ബോട്ടണി വിഭാഗത്തിലായിരുന്നു നിയമനം. ഈ സെന്റർ ദേവഗിരി കോളേജിലായിരുന്നു. 1970 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ബോട്ടണി വിഭാഗം നിലവിൽ വന്നപ്പോൾ റീഡറായ ഇദ്ദേഹം വകുപ്പു മേധാവിയായി ചുമതലയേൽക്കുകയായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും 1999 ലാണ് മണിലാൽ വിരമിക്കുന്നത്[28].

ബോട്ടാണിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ബി. എസ്. ഐ.) യുടെ ദക്ഷിണമേഖലാ കേന്ദ്രം സ്ഥിതി ചെയ്യുന്നത് കോയമ്പത്തൂരിലെ തമിഴ്നാട് കാർഷിക സർവ്വകലാശാല ക്യാമ്പസിലായിരുന്നു. പഠനസംബന്ധമായി പല കാര്യങ്ങൾക്കും റഫറൻസിനുമായി ബി. എസ്. ഐ. ലേയും കാർഷിക സർവ്വകലാശാല ലൈബ്രറിയിലേയും ഒരു സ്ഥിരം സന്ദർശകനായിരുന്നു മണിലാൽ. ആ ലൈബ്രറിയിൽ വച്ചാണ് പഴയ പുസ്തകങ്ങൾ ഒഴിവാക്കാനായി കൂട്ടിയിട്ടിരിക്കുന്ന കൂട്ടത്തിൽ നിന്ന് മണിലാലിന് ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളും കിട്ടി

യത്. ഡെറാഡൂണിൽ വെച്ച് 1958 ലായിരുന്നു ആദ്യമായി ഈ ഗ്രന്ഥം അദ്ദേഹം കണ്ടത്. കേരളത്തിൽ ഹോർത്തൂസിന്റെ വാല്യങ്ങൾ രണ്ടു പേരുടെ പക്കൽമാത്രമേ ഉള്ളൂ എന്ന് മനസ്സിലാക്കിയ മണിലാൽ അതിന്റെ കോപ്പിയെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കോട്ടയത്തെ വയസ്കര മൂസ്സിന്റെയും തിരുവിതാംകൂർ മഹാരാജാവിന്റെയും കൈയിലുണ്ടായിരുന്ന ഗ്രന്ഥത്തെ ഉപയോഗിക്കാൻ അദ്ദേഹത്തിന് നിർഭാഗ്യവശാൽ സാധിച്ചിരുന്നില്ല. അങ്ങനെ നിരാശയിലായ സമയത്തായിരുന്നു കോയമ്പത്തൂരിലെ കാർഷിക സർവകലാശാല ലൈബ്രറിയിൽ അവിചാരിതമായി ഹോർത്തൂസ് മലബാറിക്കസ്സ് കാണുന്നത്. പക്ഷെ ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം മണിലാലിലൂടെ അറിഞ്ഞ ലൈബ്രറി മേധാവി വീണ്ടും അത് എടുത്ത് ലൈബ്രറിയുടെ നിയന്ത്രണത്തിലാക്കി. പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ആർട്ട് ആന്റ് ഫോട്ടോഗ്രാഫി വിഭാഗം മേധാവിയായിരുന്നു കെ. ജനാർദ്ദനനാണ് ഹോർത്തൂസിന്റെ കോപ്പിയെടുക്കാൻ സഹായിച്ചത്[29].

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ടാം വാല്യത്തിലുള്ള 'പൂവൻപെട' എന്ന സസ്യത്തെക്കുറിച്ചറിയുന്നതിനായി ലാറ്റിൻ ഭാഷ പണ്ഡിതനായിട്ടുള്ള കോഴിക്കോട് ബിഷപ്പ് എ. എം. പത്രോണിയുടെ സേവനം നേടിയെടുക്കാനദ്ദേഹത്തിന് കഴിഞ്ഞു. ഇതിന്റെ പരിഭാഷ കണ്ടപ്പോളാണ് നിരവധി മേഖലകളിൽ വ്യാപിച്ചു കിടക്കുന്ന ഒരു നിധിപേടകമാണ് ഈ ഗ്രന്ഥമെന്ന് മണിലാലിന് ബോധ്യപ്പെട്ടത്. ആ ചെപ്പ് തുറക്കാൻ തന്നെ അദ്ദേഹം തീരുമാനിക്കുകയും കേരളത്തിലെ ക്രിസ്ത്യൻ വൈദികരുടെ സഹായം അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയു ചെയ്തു[30]. കേരളത്തിലങ്ങോളമിങ്ങോളം അതിനുവേണ്ടി അദ്ദേഹം അലഞ്ഞു അവസാനം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ബോട്ടണി അധ്യാപകനായ ഫാ. തോമസ് അച്ചാണ്ടിയെ സമീപിക്കുകയും വിവർത്തനം ചെയ്തു തരാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹവും ഈ ഉദ്യമത്തിൽ നിന്ന് പിൻമാറുകയായിരുന്നു. ഇതിനിടയിൽ ഹോർത്തൂസിൽ പരാമർശിക്കപ്പെട്ട

സസ്യങ്ങളെ തിരിച്ചറിയാനുള്ള യു. ജി. സി. പ്രോജക്ടുമായി ബന്ധപ്പെട്ടു ഗവേഷണം ബോട്ടണി വിഭാഗത്തിൽ ആരംഭിച്ചിരുന്നു. വേറെ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടിയ സാഹചര്യത്തിൽ മണിലാൽ ലാറ്റിൻ ഭാഷ പഠിക്കാൻ തീരുമാനിക്കുകയായിരുന്നു. അങ്ങനെ കളമശ്ശേരി സെന്റ് പോൾസ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഫാ. ഡോ. ആന്റണി മൂക്കത്ത് സഹായിക്കാമെന്നേറ്റു. ഇതൊക്കെ മണിലാലും സംഘവും നന്ദിയോടെ സ്മരിക്കുന്നുണ്ട്. ഈ വൈദികന്റെ സഹായമില്ലായിരുന്നെങ്കിൽ ഹോർത്തൂസ് മലബാറിക്കസ്സിന്റെ പരിഭാഷ എന്ന അതികഠിനമായ ജോലി പൂർത്തീകരിക്കാൻ മണിലാലിന് കഴിയുമായിരുന്നില്ല. ബാക്കിയുള്ള വാല്യങ്ങളുടെ പരിഭാഷ സ്വന്തമായി നടത്താൻ മണിലാൽ തീരുമാനിച്ചു. 1990 ൽ ഹോർത്തൂസിന്റെ അവശേഷിച്ച വാല്യങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ പൂർത്തീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആമുഖം, സമർപ്പണം, തുടങ്ങിയ സസ്യശാസ്ത്രവുമായി ബന്ധമില്ലാത്ത ഭാഗങ്ങൾ വിവർത്തനം ചെയ്യാൻ സഹായിച്ചത് ഫാ.ജോസഫ് കണ്ണമ്പുഴ എന്ന വൈദികനാണ്. അങ്ങനെ നിരവധി സുമനസ്സുകളുടെ നിസ്സീമമായ സഹായസഹകരണത്തോടെ 1999 ആകുമ്പോഴേക്കും ഹോർത്തൂസ് പൂർണ്ണമായും മൊഴിമാറ്റാൻ മണിലാലിന് കഴിഞ്ഞു. ഹോർത്തൂസ് മലബാറിക്കസ്സിലെ മുഴുവൻ സസ്യങ്ങളെയും കണ്ടെത്തി ശാസ്ത്രീയമായി പഠിച്ച് വിശകലനം നടത്തി കൊണ്ടാണ് ഈ വിവർത്തനം മണിലാൽ നടത്തിയത്. അങ്ങനെ 27 വർഷത്തെ നിരന്തര അന്വേഷണത്തിനൊടുവിലാണ് ഇതിലെ സസ്യങ്ങളെ കണ്ടെത്തി പഠിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. മണിലാലിന്റെ കീഴിൽ ഗവേഷണം നടത്തിയ സുരേഷ് കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് ഹോർത്തൂസിൽ പരാമർശിച്ചിട്ടുള്ള ഒട്ടുമിക്ക സസ്യങ്ങളും കണ്ടെത്തുകയുണ്ടായി[32]. ഇതിന്റെ മാതൃകകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെർബേറിയത്തിൽ (CALI) സൂക്ഷിച്ചിട്ടുണ്ട്. (അനുബന്ധം 7). മണിലാലിന്റെ നേതൃത്വത്തിൽ നിരവധി പണ്ഡിതൻമാരുടെ വർഷങ്ങൾ നീണ്ട പ്രയത്നത്തിന്റെ ഫലമാണ് ഈ ഗ്രന്ഥം ഇംഗ്ലീഷിലേക്കും തുടർന്ന് മലയാളത്തിലേക്കും പരിഭാഷപ്പെടുത്താൻ

കഴിഞ്ഞത്. ഇതിന്റെ ഫലമായി ഒട്ടേറെ പഠന സാധ്യതകളാണ് തുറന്ന് കിട്ടിയത്. സസ്യശാസ്ത്ര പഠനങ്ങൾക്ക് പുറമെ ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവർത്തനം സാധ്യമാക്കിയത് പതിനേഴാം നൂറ്റാണ്ടിലെ കേരളത്തിലെ സാംസ്കാരിക പശ്ചാത്തലത്തിലേക്കും, സാമൂഹിക പശ്ചാത്തലത്തിലേക്കും, ചരിത്രത്തിലേക്കും, ഭാഷാ ശാസ്ത്ര പഠനത്തിലേക്കുമൊക്കെയാണ്.

### 1.7 സാക്ഷ്യപത്രങ്ങൾ


കമ്പനിയുടെ ഔദ്യോഗിക ദ്വിഭാഷിയായ ഇമ്മാനുവൽ കർണേരു, പാരമ്പര്യവൈദ്യ തറവാട്ടിൽ പിറന്ന ഇട്ടി അച്യുതൻ, ബ്രാഹ്മണ ഭാഷയിൽ രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ തയ്യാറാക്കിയ സാക്ഷ്യപത്രങ്ങൾ കേരളത്തിന്റെ തനതായ വൈദ്യപാരമ്പര്യത്തിന്റെ ചരിത്ര രേഖകളാണ്.

### 1.7.1 ഇമ്മാനുവൽ കർണിറോവിന്റെ സാക്ഷ്യപത്രം

കൊച്ചി നഗരത്തിൽ സ്ഥിരതാമസമാക്കിയ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഔദ്യോഗിക ദ്വിഭാഷിയായ ഇമ്മാനുവൽ കർണിറോ വാൻറീഡിന്റെ ആജ്ഞാനുസരണമാണ് വൈദ്യപാരമ്പര്യമുള്ള കരപ്പുറം സ്വദേശിയായിട്ടുള്ള ഈഴവ കുലത്തിൽ ജനിച്ച കൊല്ലാടൻ എന്നു പേരുള്ള മലയാളി വൈദ്യൻ പറഞ്ഞു തന്ന മലബാർ പ്രദേശത്ത് വളരുന്ന വൃക്ഷങ്ങൾ, ചെടികൾ, ഔഷധസസ്യങ്ങൾ, വള്ളികൾ എന്നിവയുടെ പേരും, ഔഷധ മൂല്യങ്ങളും, ഗുണങ്ങളും മലയാള ഭാഷയിൽ നിന്ന് പോർച്ചുഗീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്തത് എന്ന് സാക്ഷ്യപ്പെടുത്തുകയാണ് ഇതിൽ. ആദ്യകാല മലയാള ലിപിയിലാണ് ഈ സാക്ഷ്യപത്രം തയ്യാറാക്കിയിരിക്കുന്നത് (സാക്ഷ്യപത്രം 1)[33].

**സാക്ഷ്യപത്രം 1**

**ഇമ്മാനുവൽ കർണിറോയുടെ സാക്ഷ്യപത്രം**




### 1.7.2 ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം

ലാറ്റിൻ ഭാഷയിലുള്ള ഹോർത്തൂസ് മലബാറിക്കസ്സിൽ കൊടുത്തിട്ടുള്ള മൂന്നും നാലും സാക്ഷ്യപത്രങ്ങൾ ഇട്ടി അച്യുതന്റേതാണ്. എന്നാൽ ഹോർത്തൂസിന്റെ ഇംഗ്ലീഷ്, മലയാളം പതിപ്പുകളിൽ രണ്ടാമത്തെ സാക്ഷ്യപത്രമായി ഇട്ടി അച്യുതൻ കോലെഴുത്ത് ലിപിയിൽ തയ്യാറാക്കിയ സാക്ഷ്യപത്രം മാത്രമേ നൽകിയിട്ടുള്ളു. ഇതിന് കാരണം നാലാമത്തെ സാക്ഷ്യപത്രം ഇട്ടി അച്യുതൻ കോലെഴുത്തിൽ തയ്യാറാക്കിയ സാക്ഷ്യപത്രത്തിന്റെ ലാറ്റിൻ പരിഭാഷയാണത് (സാക്ഷ്യപത്രം 2)[34].

**സാക്ഷ്യപത്രം 2**

**ഇട്ടി അച്യുതൻ കോലെഴുത്ത് ലിപിയിൽ തയ്യാറാക്കിയ സാക്ഷ്യപത്രം**



വാൻ റീഡിന്റെ കൽപ്പനപ്രകാരമാണ് കരപ്പുറം എന്ന സ്ഥലത്തെ കൊടകര പ്പള്ളി എന്ന ദേശത്ത് കൊല്ലാട്ട് തറവാട്ടിലെ പാരമ്പര്യമായി വൈദ്യൻമാരായിട്ടുള്ള തറവാട്ടിൽ പിറന്ന ഇട്ടി അച്യുതൻ ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള വൃക്ഷണ ങ്ങൾ, ഔഷധ സസ്യങ്ങൾ, വള്ളികൾ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങളും ഔഷധ ശക്തികളും ഗുണങ്ങളും ദ്വിഭാഷിയായിട്ടുള്ള ഇമ്മാനുവൽ കർണിറോവി നോട് പറഞ്ഞു കൊടുക്കുകയും ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിൽ സഹാ യിക്കുകയും ചെയ്തതെന്നാണ് ഇട്ടി അച്യൂതൻ സാക്ഷ്യപ്പെടുത്തുന്നത്. ഈ ഗ്രന്ഥത്തിന്റെ വിശ്വാസ്യത മലയാളികൾപ്പോലും ചോദ്യം ചെയ്യാതിരിക്കാൻ


സ്വന്തം കൈപ്പടയിലാണ് ഇത് തയ്യാറാക്കിയതെന്നും അദ്ദേഹം സാക്ഷ്യപത്രത്തിൽ വിവരിക്കുന്നു.

### 1.7.3 രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവരുടെ സാക്ഷ്യപത്രം

രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ ചേർന്ന് തയ്യാറാക്കിയ സാക്ഷ്യപത്രം (സാക്ഷ്യപത്രം 3)[35] കൊങ്കണി ഭാഷയിൽ നാഗരി ലിപിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. 17-ാം നൂറ്റാണ്ടിൽ കൊങ്കണി ഭാഷ ലിങ്ഗ്വാ ബ്രാഹ്മണിക (ബ്രാഹ്മണഭാഷ) എന്നാണ് അറിയപ്പെട്ടിരുന്നത്. കൊങ്കണിക്ക് സ്വന്തമായ ലിപി വ്യവസ്ഥയില്ല. മറാഠിയുടെയും, ഹിന്ദിയുടെയും പോലെ തോന്നിക്കാവുന്ന ദേവ നാഗരി ലിപിയാണതിനുള്ളത്. ബ്രാഹ്മണ ഭാഷയിൽ നിന്ന് ഈ സാക്ഷ്യപത്രം പോർച്ചുഗീസിലേക്ക് പരിഭാഷപ്പെടുത്തിയത് വിനായക പണ്ഡിറ്റാണ്. പോർച്ചു ഗീസ് ഭാഷയിൽനിന്ന് ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തിയത് ക്രിസ്ത്യൻ ഹെർമൻ ഡി ഡോണപ്പാണ്. ഈ സാക്ഷ്യപത്രത്തിൽ കൊങ്കണി ബ്രാഹ്മണർ തങ്ങളുടെ ഗ്രന്ഥമായ 'മൻഹനിൻഗട്ട്നം' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ചെടികളുടെ പേരുകളും അവയുടെ ഔഷധ ഗുണങ്ങളെയും ഉപയോഗത്തെയും കുറിച്ചുള്ള വിവരണങ്ങൾക്കു പുറമെ അവരുടെ ദീർഘനാളത്തെ പഠനത്തിന്റെയും പരിചയ ത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി ലഭിച്ച അറിവുകളും ഈ ഗ്രന്ഥ ത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു ണ്ട്.

### സാക്ഷ്യപത്രം 3

### രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവരുടെ സാക്ഷ്യപത്രം



## 1.8 മുഖവുരകൾ

സാക്ഷ്യപത്രങ്ങൾപോലെത്തന്നെ വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ ജോൺ കസേറിയസ് (കൊച്ചിയിലെ പുരോഹിതൻ) തയ്യാറാക്കിയ മുഖവുരയും മൂന്നാം വാല്യത്തിൽ ഹെന്റിക് വാൻറീഡ് നൽകിയ ആമുഖവും. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാപശ്ചാത്തലവും കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലവും മനസ്സിലാക്കാൻ ഇവ ഉപയോഗപ്പെടും.

### 1.8.1 ജോൺ കസേറിയസ് തയ്യാറാക്കിയ മുഖവുര

ഒന്നാം വാല്യത്തിൽ കൊടുത്തിട്ടുള്ള കസേറിയസ്സിന്റെ മുഖവുരയുടെ ആദ്യഭാഗത്ത് കൊച്ചിയിലെ ഈസ്റ്റിന്ത്യ കമ്പനി ഗവർണറായിട്ടുള്ള വാൻറീഡിന്റെ മലബാറിലെ സസ്യജാലങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള അടങ്ങാത്ത ആഗ്രഹം സഫലമായിതുടങ്ങുന്നതിന്റെ വിവരണമാണ് കൊടുത്തിട്ടുള്ളത്. സസ്യങ്ങളെക്കുറിച്ചും അവയുടെ ഔഷധമൂല്യങ്ങളെക്കുറിച്ചും അവ ഉപയോഗിച്ച് രോഗങ്ങൾ

ചികിത്സിച്ച് ഭേദമാക്കുന്നതിനെക്കുറിച്ചും നല്ല ജ്ഞാനമുള്ള ഒരാളെ അന്വേഷിച്ചു കൊണ്ടിരുന്ന വാൻറീഡിന് ഇത്തരം അറിവുകൾ കൈമുതലായിട്ടുള്ള കാർമൽ ക്രിസ്തീയ സഭയിലെ പുരോഹിതനായിട്ടുള്ള ഫാദർ മാത്യുവിനെ കണ്ടെത്താൻ കഴിഞ്ഞുവെന്നും സൂചനയുണ്ട്. വളരെ ഭംഗിയായി ചിത്രം വരക്കുമായിരുന്ന അദ്ദേഹം ചിത്രങ്ങൾ സഹിതമുള്ള സസ്യങ്ങളുടെ വിവരങ്ങൾ അടങ്ങിയ പുസ്തകം തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിജ്ഞാനം വാൻറീഡ് പ്രതീക്ഷിക്കുന്ന തലത്തിലായിരുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം സസ്യവിജ്ഞാനം ആധികാരികമായി പറയാൻ കഴിയുന്ന നാട്ടുവൈദ്യൻമാരുടെ സേവനം ലഭിക്കുകയാണെങ്കിൽ വാൻറീഡിന്റെ ഉദ്യമത്തിന് കൂടുതൽ കാര്യക്ഷമത യുണ്ടാകുമെന്ന് അദ്ദേഹം കരുതുകയും അങ്ങനെയുള്ള ഒരാളെ അന്വേഷിക്കാനാ രംഭിക്കുകയും അവസാനം സസ്യങ്ങളെക്കുറിച്ചും അതിന്റെ ഓരോ ഭാഗത്തെക്കു റിച്ചും അവ ഉപയോഗിച്ച് ഔഷധങ്ങൾ നിർമ്മിക്കാനുള്ള അറിവ് നേടിയവരുമായി ട്ടുള്ള പാരമ്പര്യവൈദ്യൻമാരായ അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ്, ഇട്ടി അച്യുതൻ എന്നിവരെ കണ്ടെത്തിയതായും ഈ ഗ്രന്ഥം സഫലമായതായും കസേ റിയസ് തയ്യാറാക്കിയ മുഖവുരയിൽ രേഖപ്പെടുത്തിയിട്ടുണ്ട്[36].

### 1.8.2 വാൻറീഡ് തയ്യാറാക്കിയ ആമുഖം

മൂന്നാം വാല്യത്തിലെ ഈ ആമുഖത്തിൽ വാൻറീഡ് ഹോർത്തൂസ് മലബാ റിക്കസ്സിന്റെ രചനയിലേക്ക് നയിച്ച കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. തന്റെ നിരന്തരമായ യാത്രകളിൽ നിന്നും അദ്ദേഹത്തിന് ലോകത്തിലെ തന്നെ ഏറ്റവും ഫലഭൂയിഷ്ഠമായ സ്ഥലമാണ് ഇന്ത്യയിലെ മലബാർ പ്രദേശമെന്ന് മനസ്സി ലായി. വൈവിധ്യമാർന്ന സസ്യജാലങ്ങളാൽ മനോഹരമായിരുന്നു ഈ പ്രദേശം എന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. ഇവിടെയുള്ള സസ്യങ്ങളെപ്പറ്റിയും അവയുടെ ഓരോ ഭാഗത്തെപ്പറ്റിയും വിശദമായി പഠിക്കാൻ അദ്ദേഹത്തിന് ആഗ്രഹം തോന്നു കയും ചെയ്തു. അദ്ദേഹത്തെ അനുഗമിച്ചിരുന്ന തദ്ദേശീയരായവർക്ക് ഇവിടുത്തെ ഓരോ ചെടിയുടെ പേരും അവ ഓരോന്നിന്റെയും ഔഷധഗുണവും ഉപയോഗവും

നന്നായി അറിയാമായിരുന്നുവെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെ സാമാന്യ ജനങ്ങൾക്ക് ഇത്തരത്തിലുള്ള ഔഷധ വിജ്ഞാനമോ സസ്യശാസ്ത്രവിജ്ഞാനമോ സ്വായത്തമായിരുന്നില്ലയെന്നും അദ്ദേഹം ഇതിൽ പറഞ്ഞു വയ്ക്കുന്നുണ്ട്. ഗോവ മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഈ മലബാർ പ്രദേശത്തെ ജനങ്ങൾക്ക് പൊതുവെ ആയുർദൈർഘ്യം കൂടുതലാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നത്. ഇതിന് കാരണം ഇവിടുത്തെ തദ്ദേശീയരായ വൈദ്യൻമാർ ആരോഗ്യ സംരക്ഷണത്തിനായി തദ്ദേശീയമായി ലഭിക്കുന്ന ഔഷധങ്ങളുപയോഗിച്ച് നിർമ്മിക്കുന്ന ഔഷധക്കൂട്ടുകളെ അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതി പിന്തുടർന്നുവരുന്നു എന്നുള്ളതുകൊണ്ടാണ്. ഈയൊരു രീതി ഡച്ചു ഈസ്റ്റിന്ത്യ കമ്പനിക്കാർക്കും ഉപയോഗപ്പെടുത്താമെന്നും അദ്ദേഹം ആഗ്രഹിച്ചു. അതിനായി ഇവിടെയുള്ള ചെടികളെക്കുറിച്ചും അവയുടെ ഔഷധങ്ങളെക്കുറിച്ചും, ഉപയോഗരീതികളെക്കുറിച്ചും ഉള്ള ചിത്രങ്ങളും, വിവരങ്ങളും ശേഖരിക്കാൻ കഴിവുള്ള ഒരാളെകണ്ടെത്താനുള്ള ശ്രമം അദ്ദേഹം ആരംഭിച്ചു. ഇത് യൂറോപ്പിലെ സസ്യശാസ്ത്ര വിദ്യാർത്ഥികൾക്കും ഡച്ച് ഈസ്റ്റിന്ത്യാകമ്പനിക്കും ഗുണം ചെയ്യുമെന്ന് അദ്ദേഹം കരുതി. അങ്ങനെയാണ് മലബാറിലെ ചെടികളെക്കുറിച്ച് പരിജ്ഞാനമുള്ള കർമ്മലീത്ത സഭയിലെ പുരോഹിതനായിരുന്ന മലബാറിലെ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ആർച്ച് ബിഷപ്പിന്റെ സഹായിയായിരുന്ന ഫാദർ മാത്യുവിനെ കണ്ടെത്തുന്നത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചന പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ ലെയ്ഡർ സർവ്വകലാശാലയിലെ സസ്യശാസ്ത്ര പ്രൊഫസറായിരുന്ന ഡോക്ടർ പോൾ ഹെർമൻ സിലോണിൽ നിന്നും മലബാർ സന്ദർശിച്ച സമയത്ത് ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാവേളയിലെ പകർപ്പ് കാണാനിടയായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വികലവും അവ്യക്തവുമായ വിവരങ്ങൾ നിറഞ്ഞ ഈ പുസ്തകം ശാസ്ത്രലോകത്ത് യാതൊരു പ്രാധാന്യവുമുണ്ടാകില്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി. അതിനു ശേഷം ഈ കാര്യങ്ങളിൽ കൂടുതൽ വ്യക്തതയുള്ള ആളുകളെ കണ്ടെത്താനുള്ള ശ്രമങ്ങൾ അദ്ദേഹം തുടർന്നു.

പിന്നീട് വിവിധ തലത്തിലുള്ള പ്രഗൽഭരെ ഒരുമിച്ച് ചേർത്തുകൊണ്ട് ഹോർത്തൂസിന്റെ രചന ചിട്ടയോടും ശാസ്ത്രീയമായും നിർവ്വഹിക്കാൻ തീരുമാനിച്ചു. ഇതിൽ ബ്രാഹ്മണർമാരും അല്ലാത്തവരുമായ വൈദ്യൻമാരുണ്ടായിരുന്നു, വിദഗ്ധരുടെ ഒരു സമിതി ഉണ്ടായിരുന്നു, ചിത്രകാരൻമാരുണ്ടായിരുന്നു, മലബാറിലെ രാജാക്കൻമാരുടെ സേവനമുണ്ടായിരുന്നു.

പണ്ഡിതൻമാർ തങ്ങളുടെ പൂർവ്വീകൻമാരിൽ നിന്നും പൗരാണിക ഗ്രന്ഥങ്ങളിൽ നിന്നും ശേഖരിച്ച അറിവുകളും നിയമങ്ങളും പൊതുവേദിയിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കും തർക്കങ്ങൾക്കും ശേഷം അഭിപ്രായ സമന്വയം നടത്തുകയും ചെയ്തതിന് ശേഷമാണ് ഗ്രന്ഥരചന മുന്നോട്ടുപോയി കൊണ്ടിരുന്നുത്. പൗരാണിക ഗ്രന്ഥങ്ങളിൽ ശ്ലോകരൂപത്തിലായിരുന്നു സസ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ രേഖപ്പെടുത്തിയിരുന്നത്. ഔഷധ സസ്യങ്ങളെക്കുറിച്ചും അവയുപയോഗിച്ചുള്ള ചികിത്സാരീതികളെക്കുറിച്ചും അറിവുകൾ നേടിയത് പ്രത്യേക ജനവിഭാഗങ്ങൾക്ക് തലമുറകളിലൂടെ കൈമാറിവരുന്ന ഇത്തരം പൗരാണിക ഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയുമായിരുന്നു. എന്നാൽ ഈ പൗരാണിക ഗ്രന്ഥങ്ങൾ ഏതാണെന്നോ ആര് രചിച്ചതാണെന്നോ ഒന്നും തന്നെ ഈ ആമുഖത്തിൽ വാൻറീഡ് പരാമർശിക്കുന്നില്ല. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ നിന്നും ലഭിച്ച സൂചനയനുസരിച്ച് ഇട്ടി അച്യുതൻ, അപ്പു ഭട്ട്, രംഗ ഭട്ട്, വിനായക പണ്ഡിറ്റ് തുടങ്ങിയ വൈദ്യൻമാരെക്കുറിച്ച് മാത്രമെ പേരെടുത്ത് രേഖപ്പെടുത്തിയിട്ടുള്ളതും സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുള്ളതും. എന്നാൽ ഇവിടെയും പാരമ്പര്യമായി കൈമാറിക്കിട്ടിയ ഗ്രന്ഥങ്ങളെക്കുറിച്ചും അറിവിനെക്കുറിച്ചും വിവരിക്കുന്നുണ്ടെങ്കിലും അതിന് ആയുർവേദം പോലുള്ള ചികിത്സ സമ്പ്രദായങ്ങളുമായി ബന്ധമുള്ളതായി സൂചനയില്ല. സസ്യശാസ്ത്രത്തെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചുമുള്ള പല അറിവുകളും ശ്ലോക രൂപത്തിലാണ് പൗരാണിക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്നത് എന്ന് വാൻറീഡ് മൂന്നാം വാല്യത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതുകൊണ്ട് ഈ അറിവുകൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് പ്രത്യേക വിഭാഗങ്ങളിലൂടെ പാരമ്പര്യമായിട്ടു തന്നെയായിരുന്നു. അത്തരം

ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സാരീതികൾ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരേപ്പോലെ കരഗതമായിരുന്നില്ല എന്നും ഈ ആമുഖത്തിൽ വാൻറീഡ് പരാമർശിക്കുന്നുണ്ട്[37].

**1.9 ഉപസംഹാരം**

കൊളോണിയൽ ആധിപത്യം ഇന്ത്യയിൽ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വന്നത് പശ്ചിമതീരവും പ്രത്യേകിച്ച് കേരളവുമാണ്. പോർട്ടുഗീസ്, ഡച്ച്, ഇംഗ്ലീഷ് ആധിപത്യങ്ങൾ ഒന്നിനു പിറകെ ഒന്നായി 400 വർഷമെങ്കിലും തുടർച്ചയായി നിലനിന്ന നാടാണിത്. ഒരു പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക രംഗത്തിന് മുകളിലുള്ള ബോധപൂർവ്വമായ ഇടപെടലുകളാണ് അധിനിവേശം. വൈജ്ഞാനിക രംഗത്ത് നടക്കുന്ന അധിനിവേശങ്ങൾ അറിവിനെ നിരന്തരം മാറ്റത്തിന് വിധേയമാക്കിക്കൊണ്ടിരിക്കും. പ്രാദേശിക വൈജ്ഞാനിക രംഗത്തിന് പലപ്പോഴും അധിനിവേശങ്ങൾ മുതൽ കൂട്ടാകാറുണ്ട്.

ഹോർത്തൂസ് മലബാറിക്കസ്സിന്റെ അണിയറപ്രവർത്തനങ്ങളുടെ എല്ലാം സിരാകേന്ദ്രവും സൂത്രധാരനും സർവ്വസ്വവും വാൻറീഡ് മാത്രമാണ്. വൈദ്യൻമാരെയും പണ്ഡിതൻമാരെയും കണ്ടെത്തിയതും, വിവരശേഖരണത്തിന്റെ എല്ലാഘട്ടത്തിലും പോർച്ചുഗീസിലേക്കും ലത്തീനിലേക്കും മൊഴിമാറ്റം നടത്തിച്ചതും, പ്രഗത്ഭരായ ചിത്രകാരൻമാരെ സംഘടിപ്പിച്ചതും, വിദേശ വിദഗ്ദ്ധരെയും, കൊത്തുപണിക്കാരെയും സംഘടിപ്പിച്ച് അക്കങ്ങളും അക്ഷരങ്ങളും ഉണ്ടാക്കി അച്ചടി നിർവ്വഹിച്ച് പ്രസിദ്ധപ്പെടുത്തിയതും, അതിനുവേണ്ട എല്ലാ പ്രയത്നങ്ങളും ചെലവുവഹിച്ചതും ഈ മഹാനാണ്. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും കഠിനാധ്വാനവുമാണ് ഹോർത്തൂസ് മലബാറിക്കസ്. എന്നിരുന്നാലും അതിലെ വിജ്ഞാനം നമ്മുടെ തനതായ പാരമ്പര്യമാണ്. നൂറ്റാണ്ടുകൾക്കുശേഷം കേരളത്തിൽ നടന്ന മണിലാലിന്റെ നേതൃത്വത്തിലുള്ള ഹോർത്തൂസ് മലബാറിക്കസിന്റെ മൊഴിമാറ്റം വൈജ്ഞാനിക രംഗത്ത് ഒട്ടേറെ സാധ്യതകളാണ് തുറന്നിട്ടത്.

## ഗ്രന്ഥസൂചി


1. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം, കേരള സർവ്വകലാശാല, 2003, വാല്യം 3.
2. Fournier, Marian (1980). Horthus Malabaricus of Hendrick Adriaan van Reede tot Drakestein in Manilal, K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980, 9p.
3. Heniger, J. (1980). Van Reede's Preface to Volume III of Hortus Malabaricus and its historical and political significance in Manilal, K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980. 35 p.
4. Manilal, K.S. (2003). Van Reede's Hortus Malabaricus. Thiruvananthapuram: University of Kerala, 2003. Vol. 3.
5. ചിദംബരൻ, എ. എൻ. (2011). ഹോർത്തൂസും ഇട്ടി അച്യുതനും: സത്യവും മിഥ്യയും. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011. പുറം 54.
6. Manilal, K.S. (2003). Van Rheede's Hortus Malabricus: Thiruvananthapuram: University of Kerala, 2003, Vol.3.
7. അരുൺ കുമാർ, എൻ. എസ്. (2014). ഹോർത്തൂസ് മലബാറിക്കസ് : ചരിത്രവും ശാസ്ത്രവും. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014, പുറം 29.
8. Manilal, K.S. (2003). Van Reedes' Hortus Malabaricus, Thiruvananthapuram: University of Kerala, 2003.
9. Heniger, J. (1986). Hendrick Adriaan van Reede tot Drakenstein (1636 – 1691) and Hortus Malabricus. Rottendam & Boston: A.A. Balakema Publishers, 1986. 295 pp.
10. Nicolson, Dan H. et al. (1988). An interpretation of Van Rheede's Hortus Malabaricus. Germann: Koeltz Scientific Books, 1988. 10 p.
11. Fournier, M. and Heniger, J. (1979). Hendrick Adriaan van Reede tot drakestein and Hortus Malabaricus. Amsterdam: A. Asher & Co., 1979.
12. Manilal, K.S. (1979). The Nagari Script in Hortus Malabaricus. Rheede Comm. Vol. Bio hist. Inst., Utrecht.
13. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള സർവ്വകലാശാല, 2008. വാല്യം 1.
14. Manilal, K.S. (1980). Malayalam plant names from Hortus Malabaricus in modern Botanical Nomenclature in Manilal K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980. 70 p.
15. ജോസഫ് ആന്റണി (2015). ഹരിത ഭൂപടം,കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2015, പുറം 16.
16. Henier, J. (1986). Hendrick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus, Rottandam & Bostin : A.A. Balakema Publishers, 1986. p. 41, .42, p.53.
17. Heniger, J. (1986). Hendick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus. Rottendam & Boston: A.A. Balkema Publishers, 1986. p.125, p.130, p.134.

18. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള സർവ്വകലാശാല, 2008, വാല്യം 3.

19. Van Rheede tot Drakenstein. (1678-1693). Hortus Malabaricus. Amsterdam: Widow of J. Van Someren, J. Van Dyek, H. Widow of T. Boom. 12 Vols.

20. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല, 2008, 12 വാല്യങ്ങൾ.

21. അതേ പുസ്തകം

22. ജോസഫ് ആന്റണി. (2015), ഹരിത ഭൂപടം, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2015.

23. Fournier, M. (1980). Hortus Malabaricus of Hendrick Adriaan van Reede tot Drakestein in Manilal, K.S. Botany and History or Hortus Malabaricus, New Delhi: Oxford & IBH Publishing Col, 1980, 9p.

24. Manilal, K.S. (1980). Botany and History of Hortus Malabaricus, New Delhi: Oxford & IBH Publishing Co., 1980, 16 p.

25. Nicolson, Dan H., et al. (1988). An interpretation or Van Reede's Hortus malabaricus. Germany: Koetltz Scientific Books, 1988.10p.

26. Heniger, J. (1986). Hendrick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus. Rottendam & Boston: A.A. Balkema Publishers, 1986, 97p.

27. ജോസഫ് ആന്റണി. (2015). ഹരിത ഭൂപടം. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2015.

28. അതേ പുസ്തകം.

29. അതേ പുസ്തകം.

30. അതേ പുസ്തകം.

31. Manilal, K.S. et al. (1977). A reinvestigation of the plants described in Rheede's "Hortus Malabaricus" : an introductory report. Taxon, 26 (5/6), 549-550. doi: 10.2307/1219647.

32. Suresh, C.R. (1986). A reinvestigation of the medicinal plants described in Hortus Malabaricus (Ph.D. Thesis). Malappuram: University of Calicut.

33. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മബലാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല, 2008. വാല്യം 1.

34. അതേ പുസ്തകം.

35. അതേ പുസ്തകം.

36. അതേ പുസ്തകം.

37. അതേ പുസ്തകം. വാല്യം 3.

# അധ്യായം 2

# കേരളസംസ്ക്കാരം അധിനിവേശ പശ്ചാത്തലത്തിൽ

## 2.1 ആമുഖം

ഒരു പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക രംഗത്തിന് മുകളിലുള്ള ബോധപൂർവ്വമായ ഇടപെടലുകളാണ് അധിനിവേശം. ഇത് ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് സാംസ്കാരിക രംഗത്താണ്. ഇതിന്റെ അലയൊലി കൾ പതിറ്റാണ്ടുകളോളം നീണ്ടു നിൽക്കും. വൈജ്ഞാനിക രംഗത്ത് നടക്കുന്ന ഇത്തരം അധിനിവേശങ്ങൾ അറിവിനെ നിരന്തരം മാറ്റത്തിന് വിധേയമാക്കിക്കൊ ണ്ടിരിക്കും[1]. അധിനിവേശത്തിന്റെ ഫലമായി കേരളത്തിന്റെ സർവ്വമേഖലകളിലും മാറ്റങ്ങൾ ദൃശ്യമായിട്ടുണ്ട്. ഇവയെല്ലാം ചരിത്രത്തിന്റെ ഭാഗമെന്നതുപോലെ സാംസ്കാരിക മണ്ഡലത്തിലും അതിന്റേതായ സ്വാധീനം പ്രകടമാക്കുകയും ചെയ്തിട്ടുണ്ട്. മതം, രാഷ്ട്രീയം,സാഹിത്യം, ഭാഷ, കല, സമ്പത്വ്യവസ്ഥ ഇത്യാദി വിഷയങ്ങളിലെല്ലാം ഇത്തരമൊരു സാംസ്കാരിക പരിണാമം ദൃശ്യമാ ണ്[2]. പലപ്പോഴും സാഹിത്യ സൃഷ്ടികൾ മിക്കതും അതതു കാലത്തിന്റെ സാമൂ ഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ മാനങ്ങൾ ഉൾക്കൊള്ളുന്നവയായി രിക്കും. നിലവിലെ ചരിത്രത്തെ പുനർ നിർമ്മിക്കാനുള്ള സാംസ്കാരിക നിർമ്മിതി കൾ കൂടിയായവ മാറിയേക്കാം[3]. പ്രാദേശിക വൈജ്ഞാനിക രംഗത്തിന് പല പ്പോഴും അധിനിവേശങ്ങൾ മുതൽ കൂട്ടാകാറുണ്ട്. എന്നാൽ അറിവുകളെ ശേഖ രിച്ച് അസംസ്കൃത വസ്തുക്കളെപ്പോലെ ഉപയോഗിക്കുന്നതരം അധിനിവേശ ങ്ങളും ഉണ്ടാകാറുണ്ട്[4]. ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഗവർണ്ണറായിരുന്ന ഹെൻട്രിച്ച് ആഡ്രിയാൻ വാൻറീഡ് ടോട് ഡ്രാക്കസ്റ്റെയിൻ മലബാറിലെ അമൂല്യ മായ സസ്യസമ്പത്തിനെക്കുറിച്ചുള്ള പ്രാദേശിക അറിവുകൾ ശേഖരിച്ചതിന്റെ അധിനിവേശ ചരിത്ര പശ്ചാത്തലം പരിശോധിക്കുകയാണിവിടെ.

അധിനിവേശത്തിന്റെ സുദീർഘമായൊരു ചരിത്രമുണ്ട് കേരളത്തിന്. ആര്യന്മാരുടെ ആഗമനത്തോടെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലുണ്ടായ ആധിപത്യമാണ് ഇന്ത്യയിലെ ആദ്യകാല അധിനിവേശം. പിൽക്കാലത്ത് സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ കൂടി ആധിപത്യം ഉറപ്പിച്ചുകൊണ്ടുള്ള കൊളോണിയൽ അധിനിവേശമായിരുന്നു നടന്നത്. പതിനഞ്ചാം നൂറ്റാണ്ടു മുതൽ ആരംഭിച്ച യൂറോപ്യൻ അധിനിവേശം അവസാനിച്ചത് 20-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ ഇവിടെ നിന്നും മടങ്ങാൻ നിർബന്ധിതരായതോടെയാണ്[5]. അധിനിവേശത്തിന്റെ ഭാഗമായി ഭാഷ, വിദ്യാഭ്യാസം നിയമ വ്യവസ്ഥ, വ്യവസായം, ഗതാഗതം തുടങ്ങിയ പല മേഖലകളും പരിവർത്തനത്തിന് വിധേയമായി[6]. അധിനിവേശക്കാരുടെ സംസ്ക്കാരം തദ്ദേശീയരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഒരു പൊതുരീതിയാണ് കണ്ടു വരുന്നത്. പലപ്പോഴും അത് അധിനിവേശം നടന്ന പ്രദേശങ്ങളിലെ ജീവിത രീതികളെയും സംസ്കാരത്തെയും വെല്ലുവിളിച്ചുകൊണ്ട് അവയെ മാറ്റിമറിക്കാനും ചൂഷണം ചെയ്യാനും ശ്രമിച്ചിട്ടുണ്ട്[7]. സംസ്കാരത്തിന്റെ സർവ്വ മേഖലകളിലും പ്രത്യേകിച്ച് ജീവിതരീതി, വസ്ത്രം, ഭക്ഷണം, ഭാഷ, വേഷം, സൗന്ദര്യ സങ്കൽപ്പം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയവയിൽ മനുഷ്യനെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമാക്കുകയായിരുന്നു അവർ. മാത്രമല്ല തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി സാധ്യതകൾ തേടുകയായിരുന്നു പുതിയ കാലത്ത് സാംസ്കാരിക അധിനിവേശത്തിലൂടെ[8].

മറ്റ് പ്രദേശങ്ങളിൽ നിന്ന് കുടിയേറുകയും കുടിയിറക്കുകയും ചെയ്തവരും ഇവിടെ സ്ഥിരതാമസമാക്കിയവരും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വളർന്നു വന്ന ജനസമൂഹമാണ് കേരളത്തിലുള്ളത്[9]. കൂടാതെ കേരളത്തിന്റെ ഭൂപ്രകൃതിയും ഇവിടുത്തെ സംസ്കാര രൂപീകരണത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കാട് പ്രകൃതിയുടെ ഉൽപ്പന്നമാവുമ്പോൾ വിഭവസമ്പത്തിന്റെ കേന്ദ്രമാവുമ്പോൾ നാട് മനുഷ്യന്റെ സൃഷ്ടിയാണ്. വിഭവസമാഹരണത്തിൽ നിന്ന്

വിഭവ ഉൽപാദനത്തിലേക്കുള്ള മാറ്റമാണ് കാടും നാടും തമ്മിലുള്ള വൈജാത്യം. ഇവ രണ്ടും തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയും കേരള സമൂഹത്തിന്റെ ആശ യപ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്[10].

## 2.2. കേരളം

ഏതൊരു പ്രദേശത്തിന്റെയും ഭൂപ്രകൃതിയും സംസ്കാരവും തമ്മിൽ വലിയ ബന്ധമാണുള്ളത്. ഭൂമിശാസ്ത്രപരമായി ഒട്ടേറെ പ്രത്യേകതയുള്ള പ്രദേശ മാണ് കേരളം. പശ്ചിമഘട്ടത്താലും അറബികടലിനാലും വലയം ചെയ്യപ്പെട്ട പരി മിതമായ ഭൂപ്രദേശമാണ് കേരളം[11]. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശം പർവ്വതങ്ങൾ, അരുവികൾ, കായലുകൾ, മലനിര കൾ, കാലാവസ്ഥ തുടങ്ങി നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ്. ഈ പ്രത്യേ കതകളൊക്കെ തന്നെ കേരളത്തിന്റെ ചരിത്രവും സംസ്കാരവും രൂപപ്പെടുത്താൻ നിർണ്ണായകമായ പങ്ക് വഹിച്ച ഘടകങ്ങളുമാണ്. കേരളത്തിന്റെ തനത് സംസ്കാ രത്തെ നിർണ്ണയിക്കുന്നതിൽ വൈവിധ്യപൂർണ്ണമായ ഭൂപ്രകൃതി പ്രധാനപങ്കുവഹി ച്ചിട്ടുണ്ട്. ഈ പ്രത്യേകതകൾ കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമാക്കുന്നു. ഉത്തരേന്ത്യയിലുണ്ടായിട്ടുള്ള രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ നിന്നും ഒരു പരിധിവരെ കേരളത്തെ രക്ഷിച്ചത് ഈ ഭൂമിശാസ്ത്രപരമായ പ്രത്യേ കതകളാണ്. വൈവിധ്യമാർന്ന കേരളത്തിന്റെ ഭൂപ്രകൃതിയെ പൊതുവെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. പശ്ചിമഘട്ട നിരകളെ ചേർന്നുനിൽക്കുന്ന പ്രദേശമാണ് മലനാട്. പടിഞ്ഞാറുഭാഗത്തായി കടൽതീരത്തോട് ചേർന്നുകിടക്കുന്ന പ്രദേശമാണ് സമതലം (തീരപ്രദേശം). മല നാടിനും സമതലത്തിനും ഇടയ്ക്ക് സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഇടനാട്[12]. പര സ്പരാശ്രിതവും സമന്വിതവുമായ സാമൂഹ്യബന്ധവും സംസ്കാരവുമാണ് ഇവിടെ പുലർത്തുന്നത്. സമൃദ്ധമായ ജല ലഭ്യതയും ഫലഭൂയിഷ്ഠതയും കാലാവസ്ഥയും മണ്ണും കേരളത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ പറുദീസയാക്കി. ഇത് വിദേശികളെ

ഇങ്ങോട്ട് ആകർഷിപ്പിക്കുന്നതിനും ഇവിടെ ആധിപത്യം സ്ഥാപിക്കുന്നതിനും വരെ വഴിവെച്ചു. കേരളത്തിന്റെ തീരപ്രദേശമാകട്ടെ വിദേശസഞ്ചാരമാർഗ്ഗങ്ങൾ തുറന്നിടുകയും ചെയ്തു.

### 2.2.1 മലബാർ

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന പ്രദേശ മാണ് മലബാർ. 'ഇന്ത്യാ' ഉപഭൂഖണ്ഡത്തിന്റെ പശ്ചിമ തീരത്തെയാകെ പരാമർശി ക്കാൻ 'മലബാർ' എന്ന പദം ഉപയോഗിച്ചുപോന്നിട്ടുണ്ട്. മധ്യകാലഘട്ടത്തിൽ കേരളം മുഴുവൻ മലബാർ എന്നാണ് അറിയപ്പെട്ടിരുന്നത്. കേരളത്തിൽ കച്ചവട ത്തിനായി വന്നു പോയിരുന്ന അറബികളും പേർഷ്യക്കാരുമാണ് ഈ പ്രദേശ ത്തിനെ മല എന്ന വാക്കിനോട് 'ബാർ' (നാട്) എന്ന പേർഷ്യൻ പദം ചേർത്ത് മല ബാർ എന്ന പേര് നൽകിയത്[13]. സ്വതന്ത്ര ഇന്ത്യയിൽ ഐക്യ കേരള രൂപവത്ക രണ സമയം വരെയും മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ഇപ്പോൾ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുൾപ്പെടുന്ന പ്രദേശമാണ് മലബാർ[14].

### 2.2.2 ഭൂപ്രകൃതിയും സംസ്കാരവും

അക്ഷാംശങ്ങൾ 8$^{o}$ വടക്കിനും 12$^{o}$ വടക്കിനും രേഖാംശങ്ങൾ 75$^{o}$ കിഴി ക്കിനും 77$^{o}$ കിഴക്കിനും ഇടയ്ക്ക് വീതികുറഞ്ഞ് തെക്ക് വടക്കായി നീണ്ടുകിട ക്കുന്ന ചെറിയൊരു സംസ്ഥാനമാണ് കേരളം. തെക്ക് വടക്ക് നീളം 560 കിലോമീറ്റ റോളം വരും. കിഴക്ക് പടിഞ്ഞാറ് വീതിയാകട്ടെ കൂടിയത് 212 കിലോ മീറ്ററാണ്. മൊത്തം വിസ്തീർണ്ണം 38, 803 ച. കി. മീ. മാത്രമാണ്[15]. കന്യാകുമാരി മുതൽ ഗോകർണ്ണം വരെ എന്നായിരുന്നു പണ്ടത്തെ ചൊല്ല്. ഇന്നത് പാറശ്ശാല മുതൽ കാസർഗോഡ് വരെയാണ്.

ഇന്ത്യയുടെ ഇതര ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കലകളിലും വാസ്തു വിദ്യയിലും തനതായ വ്യക്തിത്വവും ശൈലിയും രൂപപ്പെട്ടുവരാൻ കേരള ത്തിന്റെ ഭൂപ്രകൃതി കാരണമായിട്ടുണ്ട്[16]. കഥകളി, ചാക്യാർ കൂത്ത്, ഓട്ടൻ തുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ കലാരൂപങ്ങളൊക്കെതന്നെ ഇവിടെ രൂപപ്പെട്ടു വന്നതാണ്. എന്നിരുന്നാലും സംസ്കാരങ്ങളുടെ കൈമാറ്റവും അയൽ ദേശങ്ങ ളുടെ ആക്രമണവും നേരിടേണ്ടിവന്നിട്ടുണ്ട്. അയൽ ദേശങ്ങളായ തമിഴ് നാട്ടിലും കർണ്ണാടകത്തിലും ആധിപത്യം നേടിയ പല ശക്തികളും കേരളത്തെ പലപ്പോഴും ആക്രമിച്ചിട്ടുണ്ട്. ചാലൂക്യരും രാഷ്ട്രകൂടരും പാണ്ഡ്യൻമാരും ചോളന്മാരും പലത വണ കേരളത്തെ ആക്രമിച്ചിട്ടുണ്ട്. മൈസൂരിലേയും വിജയനഗര സാമ്രാജ്യത്തി ലെയും ഭരണാധികാരികൾ പിൽക്കാലത്ത് ഇവിടേക്ക് പടയോട്ടം നടത്തി.

മലയാളഭാഷയുടെ പരിണാമത്തിൽ തമിഴ് കർണ്ണാടക ദേശങ്ങളുമായി നിലനിന്നിരുന്ന ബന്ധം സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ഇത്തരം ഭാഷകളുടെ വ്യാപകമായ ഉപയോഗം ഇപ്പോഴും കണ്ടുവ രുന്നുണ്ട്. കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം തുട ങ്ങിയ അതിർത്തി ജില്ലകളിൽ തൊട്ടടുത്ത ദേശങ്ങളുടെ ഭാഷയുടെ വ്യാപകമായ ഉപയോഗം കാണുന്നുണ്ട്. അതുപോലെ അത്തരം അതിർത്തി ദേശങ്ങളിൽ മല യാളവും ഉപയോഗിക്കുന്നതായി കണ്ടുവരുന്നുണ്ട്[17]. ഭാഷാപരമായ ഈയൊരു ബന്ധം മാത്രമല്ല ഈ ദേശങ്ങളുമായി കേരളത്തിനുണ്ടായിരുന്നത്. തൊഴിലന്വേ ഷിച്ച് അങ്ങോട്ടും ഇങ്ങോട്ടും ജനങ്ങൾ കുടിയേറിയിട്ടുണ്ട്. ഇവർ തമ്മിൽ വൈവാഹിക ബന്ധങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ അതിർത്തി പ്രദേശങ്ങളിൽ മിശ്ര സംസ്കാരമാണ് നില നിൽക്കുന്നത്. ഇവിടങ്ങ ളിലെ ആചാരാനുഷ്ടാനങ്ങളിൽ പോലും നിരവധി സാമ്യങ്ങൾ കാണാവുന്നതാ ണ്. സാംസ്കാരിക സമ്പർക്കങ്ങൾക്ക് രാഷ്ട്രീയ അധിനിവേശത്തിനും സാധ്യത തുറന്നുകൊടുത്തതിലും കേരള ഭൂപ്രകൃതി വലിയ പങ്കുവഹിച്ചിട്ടുണ്ട്.

### 2.2.3 കാലാവസ്ഥ

കേരളത്തിന്റെ കിടപ്പും ഭൂതലപ്രകൃതിയും ഇവിടുത്തെ കാലാവസ്ഥയെ ഗണ്യമായി സ്വീധീനിക്കുന്നു. ഭൂമധ്യരേഖയിൽ നിന്ന് $8^0$ മാത്രം അകന്ന് നിൽക്കുന്ന കേരളത്തിൽ ഉഷ്ണമേഖലാ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വർഷം മുഴുവൻ താപനില മാത്രമല്ല ആർദ്രതയും കേരളത്തിൽ ഉയർന്നിരിക്കുന്നു. വർഷത്തിൽ 125 ദിവസത്തിലേറെ മഴ ലഭിക്കുന്നു. തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റിന്റേയും വടക്കുകിഴക്കൻ മൺസൂൺ കാറ്റിന്റെയും പ്രവാഹ മേഖല യിൽ കേരളം ഉൾപ്പെടുന്നു.

രണ്ട് മഴക്കാലം പ്രതിവർഷം കേരളത്തിലുണ്ട്. കാലവർഷവും തുലാ വർഷവും. രണ്ടും തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ സംഭാവനയാണ്. അറബിക്കടലിൽ നിന്നും ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്നും നീരാവി നിറഞ്ഞ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ മേയ് അവസാനം അല്ലെങ്കിൽ ജൂൺ ആദ്യം കേരളക്കരയിൽ എത്തിച്ചേരുന്നു. പശ്ചിമഘട്ടങ്ങൾ ഈ മഴമേഘങ്ങളെ തടഞ്ഞു നിർത്തി പശ്ചിമത്തീരത്തുടനീളം ശക്തമായ മഴ പെയ്യിക്കുന്നു. വടക്ക് കിഴക്കോട്ട് നീങ്ങും തോറും മഴയ്ക്കും ശക്തി കൂടുന്നു. കിഴക്കൻ മലപ്രദേശത്താ യിരിക്കും ഏറ്റവും ശക്തിയായി മഴ. എന്നാൽ പശ്ചിമഘട്ടത്തിലുള്ള വിള്ളൽ മൂലം പാലക്കാട് - മലപ്പുറം ജില്ലകളിൽ സമീപ ജില്ലകളേക്കാൾ 20-25 ശതമാനം കുറവ് മഴയേ ലഭിക്കുകയുള്ളൂ.

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ പിന്മാറ്റം പൂർത്തിയാവുന്ന തോടെ ഡിസംബർ മുതൽ വരണ്ട വടക്ക് കിഴക്കൻ മൺസൂൺ കാറ്റുകളുടെ പ്രവാഹം ആരംഭിക്കുന്നു. മഴ ക്രമേണ കുറഞ്ഞു വരുന്നു. ജനുവരി - ഫെബ്രു വരി മാസങ്ങളിലാണ് കേരളത്തിൽ ഏറ്റവും കുറവ് മഴ ലഭിക്കുന്നത്; താപനിലയും താഴുന്നു. വരണ്ട ചൂടു കുറഞ്ഞ കാലമെന്ന് ഈ മാസങ്ങളെ വിളിക്കാം. മാർച്ചു മാസമാകുമ്പോൾ താപനില ഉയരുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ ചൂടു

ക്കാലമാണ്. ആർദ്രതയും വർദ്ധിക്കുന്നു. തന്മൂലം ഈർപ്പോഷ്മളമായ അന്ത രീക്ഷ സ്ഥിതിയാവുന്നു[18].

കേരളത്തിലെ ഈ കാലാവസ്ഥ ചംക്രമം കാര്യമായ ഭേദഗതികളൊന്നും കൂടാതെ തുടർന്നു പോരുന്നു. കാലവർഷത്തെയും തുലാവർഷത്തെയും ആശ്രയി ച്ചുള്ള കൃഷി പ്രാചീന കാലം മുതൽ ഇന്നും തുടർന്നു പോരുന്നു. കേരളത്തിലെ വിശാലമായ മലകളും വനസമ്പത്തും മഴമൂലം ലഭിക്കുന്ന ജലസമ്പത്തിനെ മണ്ണിൽ നിലനിർത്തുന്നതിന് വലിയ പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ കൃഷി പൂർണ്ണ മായും മഴയെ ആശ്രയിച്ചാണിരിക്കുന്നത്. സസ്യനിബിഢമായ പ്രദേശമായി കേര ളത്തെ നിലനിർത്തിയിരുന്നതിന് ഈ കാലാവസ്ഥ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

വ്യത്യസ്ത ജാതിമത ജനവിഭാഗങ്ങളും പ്രാദേശിക സംസ്കൃതികളും ഭാഷാഭേദങ്ങളും കൂടിചേർന്ന സാംസ്കാരിക വൈവിധ്യമാണ് കേരളത്തിലുള്ളത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പല കാലങ്ങളായി ഉണ്ടായിട്ടുള്ള കുടിയേറ്റ ങ്ങളും, പൗരാണികമായ വിദേശവ്യാപാരബന്ധങ്ങളും, ഭാഷയും കലാസാഹിത്യ ശാസ്ത്രപാരമ്പര്യങ്ങളും, കാർഷിക സംസ്കൃതികളുമെല്ലാം ചേർന്ന് സൃഷ്ടിച്ചെടു ത്തതാണ് കേരളത്തിന്റെ ഈ സാംസ്കാരിക വൈവിധ്യം.

### 2.3. സംസ്കാര പഠനങ്ങൾ

ഒരു ജനസമൂഹം തലമുറകളിലൂടെ പടുത്തുയർത്തിയ മൂല്യങ്ങളുടെ ആകെ തുകയെ സംസ്കാരമെന്ന് സാമാന്യമായി പറയാം. സംസ്കാരം എന്ന വാക്കിന് സംസ്കരിച്ചെടുക്കുന്നത്, ശുദ്ധീകരിച്ചെടുക്കുന്നത് എന്നൊക്കെയാണ് അർത്ഥം[19]. പ്രകൃതിയും, മനുഷ്യനും, ജീവിത രീതിയും, വ്യവസ്ഥയും എല്ലാം കൂടിചേർന്ന താണ് സംസ്കാരം.

ഒരു ജനതയുടെ പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, മൂല്യങ്ങൾ മിത്തുകളും നാടോടി കഥകളും, മതം, തത്വചിന്ത, ഭാഷ, അറിവ്, ധർമ്മങ്ങൾ

എന്നീ സമസ്തമേഖലകളെയും ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ് സംസ്കാരം. ഒരാളുടെ പരമ്പരാഗതമായ സംസ്കാരം അത്ര പെട്ടെന്ന് മാറ്റത്തിന് വിധേയമാകില്ല. കാരണം അത് അയാളുടെ ഹൃദയത്തിലും മനസ്സിലും, ശരീരത്തിലും, ആത്മാവിലും ആഴത്തിൽ വേരൂന്നിയ യാഥാർത്ഥ്യമാണ്[20]. അതു കൊണ്ടാണ് എഴുത്തുകാരുടെ സാഹിത്യ സൃഷ്ടിയിൽ അവരുടെ സ്വന്തം സാംസ്കാരിക സാമൂഹിക പശ്ചാത്തലവും ഒളിഞ്ഞു കിടക്കുന്നത്. അതുകൊണ്ടുതന്നെ സംസ്കാരമെന്ന പദത്തെ ശരിയായ രീതിയിൽ നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യത്യസ്ത ചിന്തകർ സംസ്കാരത്തെ വ്യത്യസ്തമായ രീതിയിലാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. സംസ്കാരം ഒരു ജനസമൂഹത്തിന്റെ വളർച്ചയുടെ തുടർപ്രക്രിയയെ സൂചിപ്പിക്കുന്നു. ശബ്ദതാരാവലിയിൽ സംസ്കാരം എന്ന പദത്തെ ശുദ്ധീകരണം, പാകപ്പെടുത്തൽ, പൂർത്തിയാക്കൽ (ശവം) അടക്കം ചെയ്യൽ, തയ്യാറാക്കൽ, വിശുദ്ധകർമ്മം എന്നൊക്കെയാണ് അർത്ഥം നൽകിയിരിക്കുന്നത്[21].

ഒരു പ്രത്യേക കാലഘട്ടത്തിലെ ജനങ്ങളുടെ അല്ലെങ്കിൽ ഒരു കൂട്ടം ജനങ്ങളുടെ ജീവിതചര്യ എന്ന് റെയ്മണ്ട് വില്യംസ് സംസ്കാരത്തെ നിർവ്വചിക്കുന്നു[22]. The Encyclopedia of Philosophy സംസ്കാരത്തെ നിർവ്വചിച്ചിരിക്കുന്നത് ഒരു ജനതയുടെ ഉയർന്ന ചിന്താധാരയെക്കുറിച്ച് മനസ്സിലാക്കുന്ന അവസ്ഥ എന്നും ഒരു സമൂഹത്തിന്റെ പൊതുവായ ഭൗതികവും ധാർമ്മികവുമായ അവസ്ഥ എന്നുമാണ്[23].

സംസ്കാരമെന്ന പദത്തിന് കാലഘട്ടം മാറുന്നതനുസരിച്ച് അർത്ഥതലങ്ങളിൽ മാറ്റം ദർശിക്കാവുന്നതാണ്. 18-ാം നൂറ്റാണ്ടുവരെ സംസ്കാരമെന്ന പദം പ്രധാനമായും ഉപയോഗിക്കപ്പെട്ടത് കൃഷിയും ഭൂസംസ്കരണവുമായി[24] ബന്ധപ്പെട്ട് മാത്രമായിരുന്നെങ്കിൽ 18, 19 നൂറ്റാണ്ടുകളിൽ സംസ്കാരം അതിന്റെ വ്യാപ്തി കുറേക്കൂടി വ്യാപിപ്പിച്ചു. 'സാംസ്കാരിക പഠനങ്ങൾ' വേരൂന്നിയതിന് മുമ്പേ

'സംസ്കാരപഠനം' കലാസാഹിത്യം പാരമ്പര്യം ആചാരാനുഷ്ഠാനങ്ങൾ ആഘോഷങ്ങൾ എന്നിവയൊക്കെ  കൂടി ചേർന്ന ജീവിതരീതി എന്ന നിലയിലേക്ക് വളരുകയും സൗന്ദര്യശാസ്ത്രപരമായും നരവംശശാസ്ത്രപരമായതുമായ ഒരു പുതിയ തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു[25].

സാമൂഹികമായി കിട്ടുന്നതും സാമൂഹികമായി കൈമാറ്റം ചെയ്യാവുന്നതുമായ പെരുമാറ്റ മാതൃകകളുടെ ബിംബങ്ങളാണ് സംസ്ക്കാരം.  ഭാഷ, പാരമ്പര്യം, ആചാരങ്ങൾ, നിയമങ്ങൾ, സ്ഥാപനങ്ങൾ എല്ലാം സംസ്കാരത്തിലുൾച്ചേർന്നിരിക്കുന്നു എന്ന വിശാലമായ കാഴ്ച്ചപാടോടുകൂടി റൊമീല ഥാപർ സംസ്ക്കാരത്തെ നിർവ്വചിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ട്[26]. എന്നാൽ സംസ്കാരമെന്ന പദത്തിന്റെ അർത്ഥവ്യാപ്തി പിന്നെയും വർദ്ധിച്ചുകൊണ്ടേയിരുന്നു.  പരിഷ്കൃതം എന്ന അർത്ഥത്തിലോ മനുഷ്യന്റെ ജീവിതശൈലിയുമായി ബന്ധപ്പെട്ടവ എന്ന അർത്ഥത്തിലേക്കോ അത് മാറിക്കൊണ്ടിരുന്നു.  ഇത്തരത്തിൽ ഈ മേഖലയിൽ കൂടുതൽ ചിന്താധാരകൾ രൂപപ്പെട്ടതോടുകൂടി വളരെ സൂക്ഷ്മമായ പല മേഖലകളിലേക്കും അത് വ്യാപിക്കുകയും ഇന്ന് ഒട്ടനവധി പഠനസാധ്യതയുള്ള പദമായി സംസ്കാരം മാറുകയും ചെയ്തു. അവിടെയാണ് പാരമ്പര്യസംസ്കാരം, നാടോടി വിജ്ഞാനീയം, കീഴാളസംസ്കാരം, ദേശീയസംസ്കാരം, പരിസ്ഥിതിവാദം, സിനിമ, മാധ്യമ പഠനം തുടങ്ങി ഏത് വിഷയവും സംസ്കാരപഠനത്തിന്റെ ഭാഗമാകുന്നത്.

സംസ്കാരത്തെ കുറിച്ചുള്ള ഏത് പഠനവും സംസ്കാര പഠനമാകും.  ആ പഠനം കാലാതീതവും ഏത് രീതിയിൽ നടന്നാലും സംസ്കാരപഠനം തന്നെയാണ്.  എന്നിരുന്നാലും സാംസ്കാരികപഠനങ്ങൾ എന്ന പഠന പദ്ധതി പിന്തുടർന്നുകൊണ്ട് സാംസ്കാരികമായി നടത്തുന്ന പഠനമേ സാംസ്കാരിക പഠനങ്ങളുടെ പരിധിയിൽ വരൂ[27].  ലളിതമായ ഒരു നിർവചനം സാംസ്കാരിക പാഠം എന്ന പദ

ത്തിനുമേൽ നിർവഹിച്ചാൽ 'സാംസ്കാരികമായി പഠിക്കുക' എന്നതാണ് അതിന്റെ മർമ്മം.

സാംസ്കാരിക നിർമ്മിതികളെയും അവ ഉത്പാദിപ്പിക്കുന്ന അനുഭൂതി ലോകങ്ങളെയും നിർണ്ണയിച്ചുകൊണ്ട് പ്രച്ഛന്നമായി വർത്തിക്കുന്ന അബോധഘടന യായാണ് അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനായ ഫ്രഡറിക് ജയിംസൺ പാഠരൂപ ങ്ങളുടെ രാഷ്ട്രീയത്തെ പരിഗണിച്ചത്. സംസ്കാരം എന്ന പദത്തേക്കാൾ അർത്ഥവും വ്യാപ്തിയുമുള്ളതാണ് സാംസ്കാരിക പഠനം. അത് മനുഷ്യന്റെ സർവ്വതല സ്പർശിയായ എല്ലാ ജീവിത വ്യവഹാരങ്ങളെയും ഉൾക്കൊള്ളുന്ന ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. സാംസ്കാരിക പഠനത്തെ എല്ലാ അറിവുല്പാ ദന മേഖലയെയും ചോദ്യം ചെയ്യുന്ന അറിവിന്റെ പുതുമേഖലയായി കാണാം[28]. സാംസ്കാരിക പഠനത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന പുതിയ വിജ്ഞാനത്തെ പോലും അത് ചോദ്യം ചെയ്യുന്നു എന്നുള്ളതാണിതിന്റെ പ്രത്യേകത.

ഇരുപതാം നൂറ്റാണ്ടിന്റെ ആറാം ദശകത്തിലാണ് സാംസ്കാരിക പഠനങ്ങ ളുടെ ഉത്ഭവം. 1957 -ൽ 'സാക്ഷതയുടെ ഉപയോഗം'[29] എന്ന റിച്ചാർഡ് ഹോഗാർട്ടിന്റെ പുസ്തകവും റെയ്മണ്ട് വില്യംസിന്റെ 'സംസ്കാരവും സമൂഹവും (1958[30]) എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചതോടുകൂടി ഈ പഠനശാഖയുടെ ഉത്ഭവം കുറിച്ചു. തുടർന്ന് പത്ത് വർഷത്തിനുശേഷം 1968-ൽ ബ്രിട്ടനിൽ സ്ഥാപിച്ച വിഖ്യാതമായ ബർമ്മിംഗാഹാം സെന്റർ ഫോർ കണ്ടംപറി കൾച്ചറൽ സ്റ്റഡീസിൽ (CCCS) സാംസ്കാരിക പഠനം ആരംഭിച്ചതോടുകൂടി അതിന് അക്കാദമിക രംഗത്തും കാലെടുത്ത് വെക്കാൻ കഴിഞ്ഞു. ഈ പഠനശാഖയ്ക്ക് കരുത്തു പകർന്നു കൊണ്ട് സ്റ്റ്യൂവർട്ട് ഹാൾ, ഇ. പി., തോംസൺ തുടങ്ങിയ ചിന്തകർ രംഗ പ്രവേശനം ചെയ്തതോടുകൂടി സംസ്കാരിക പഠനശാഖ വളർന്ന് വികസിക്കാൻ

തുടങ്ങി. ഇങ്ങനെ സാങ്കേതികമായി പറയുകയാണെങ്കിൽ ബ്രിട്ടനിൽ 1960 – കളിലാണ് സാംസ്കാരിക പഠനങ്ങൾ തുടങ്ങിയത്.

മനുഷ്യന്റെ നിത്യജീവിതവുമായി അഭേദ്യമായ ബന്ധമാണ് സംസ്കാരത്തിനുള്ളതെന്നാണ് ബെന്നത്ത് വിശദീകരിക്കുന്നത്. സംസ്കാരപഠനമേഖലയിൽ സ്റ്റുവർട്ട് ഹാളിന്റെ സിദ്ധാന്തങ്ങൾ വ്യത്യസ്തമായ ആശയങ്ങൾകൊണ്ട് ശ്രദ്ധേയമാണ്. അദ്ദേഹം സംസ്കാരത്തിന്റെ അർത്ഥതലത്തിനാണ് പ്രധാനമായും ഊന്നൽ നൽകിയത്. കേവലം എഴുതപ്പെട്ടതോ മുദ്രണം ചെയ്തതോ ആയ ഒരു പഠനത്തിൽ അന്തർലീനമായി കിടക്കുന്ന ഒന്നല്ല അതിന്റെ ആശയപരമായ അർത്ഥതലം, മറിച്ച് അത് വായിച്ചെടുക്കുന്ന വ്യക്തിയുടെ അനുഭവങ്ങളും രാഷ്ട്രീയ സാമൂഹിക മേഖലകളിൽ അദ്ദേഹത്തിന്റെ അവഗാഹവുമായി ബന്ധപ്പെട്ടതുമാണ് എന്നാണദ്ദേഹം പറയുന്നത്. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൽ 1923-ൽ സ്ഥാപിച്ച വിഖ്യാതമായ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചുമായി'[32] ബന്ധപ്പെട്ട ഗവേഷകരും ചിന്തകരും സംസ്കാര പഠന പദ്ധതിയിൽ പല ചിന്താധാരയും മുന്നോട്ടു വെച്ചവരാണ്. ബ്രിട്ടനിലാണ് സംസ്കാരപഠനം ആരംഭിച്ച് വികാസം പ്രാപിച്ചതെങ്കിലും ജർമ്മനിയിലും ഫ്രാൻസിലും ഇറ്റലിയിലുമൊക്കെ വലിയ സ്വാധീനമാണ് അത് ചെലുത്തിയത്. സാംസ്കാരികപഠന മേഖലയ്ക്ക് ഫ്രാൻസിന്റെ സംഭാവനയായിരുന്നു മാർക്സിസ്റ്റ് ചിന്തകനായ ലൂയി അൽത്തൂസർ. ഇറ്റലിയിൽ നിന്നും ഈ മേഖലയ്ക്ക് കമ്മ്യൂണിസ്റ്റ് വിപ്ലവനേതാവും ചിന്തകനുമായ അന്റോണിയോ ഗ്രാംഷി ആശയപരമായ കരുത്ത് പകർന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ യഥാർത്ഥത്തിൽ ആഴത്തിൽ ചർച്ച ചെയ്യപ്പെട്ടത് അദ്ദേഹത്തിന്റെ മരണാനന്തരമായിരുന്നു. ഇങ്ങനെ ലോകത്തിന്റെ പലഭാഗങ്ങളിലും ഉയർന്നുവന്ന സംസ്കാര പഠന ആശയങ്ങൾ വ്യത്യസ്തങ്ങളായ തലത്തിലാണെങ്കിലും മാർക്സിയൻ ആശയങ്ങൾ പ്രകടമായി ദർശിക്കാവുന്നതാണ്[33]. എന്നിരുന്നാലും അതിനെ പ്രായോഗിക രീതിയിൽ സമീപിച്ചപ്പോൾ ഇവർ പിന്തുടർന്നത് വ്യത്യസ്തമായ രീതികളാണ്.

പൊതുവെ ഈ ചിന്തകരെല്ലാം സംസ്കാരത്തെ നിരീക്ഷിച്ചത് അത് സമൂഹം, ചരിത്രം, രാഷ്ട്രീയം എന്നീ ഘടകങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്.

**2.3.1 സംസ്കാരവും സമൂഹവും**

സംസ്കാരവും സമൂഹവും എന്ന വില്യംസിന്റെ ഗ്രന്ഥം പുറത്തിറങ്ങിയതോടുകൂടി 1780 മുതൽ 1950 വരെയുള്ള സംസ്കാരത്തെ കുറിച്ചുള്ള സങ്കല്പനങ്ങളുടെ ആലേഖനമായി ഇത് മാറി. തന്റെ ആശയങ്ങളിലൂടെ സംസ്കാരത്തെ 'ചലിപ്പിക്കുന്ന' ഒന്നാക്കി മാറ്റി വില്യംസ്[34] മുതലാളിത്തത്തെയും ജനപ്രിയ സംസ്കാരത്തെയും കുറിച്ചുള്ള ചിന്തകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിലും ചരിത്രപരമായ പങ്ക് വഹിച്ച പത്രമാണ് 1960 ൽ ഹാൾ പത്രാധിപരായി ആരംഭിച്ച ന്യൂ ലെഫ്റ്റ് റിവ്യൂ[35]. ഹോഗാർട്ടിന്റെ സി. സി. സി. എസ്. സ്ഥാപിതമാകുന്നതിന്റെ മുമ്പുതന്നെ സാംസ്കാരിക പഠനങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും അതിനെ അക്കാദമിക നിലവാരത്തിലേക്ക് എത്തിച്ചതിൽ സി. സി. സി. എസിന് വലിയ പങ്ക് ഉണ്ട്. അതോടുകൂടി സാംസ്കാരിക പഠനത്തിൽ നിരവധി കാൽവെപ്പുകൾ ഉണ്ടായി. മാക്സിയൻ ചിന്തകനായ അൽത്തൂസറിന്റെ വരവോടുകൂടി മാക്സിനെയും അദ്ദേഹത്തിന്റെ രചനകളെയും വിമർശനാത്മകമായി പഠന വിധേയമാക്കിക്കൊണ്ട് സാംസ്കാരിക പഠനരംഗത്ത് മറ്റൊരധ്യായം കുറിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൃതികളാണ് 1965 – ൽ പുറത്തിറങ്ങിയ മാർക്സിനുവേണ്ടി, മൂലധനം വായിക്കുമ്പോൾ എന്നിവ ഈ കൃതികളിലൂടെ വായനയുടെ രീതിശാസ്ത്രം മാറ്റിമറിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു[36]. 1971–ൽ സാംസ്കാരിക ചിന്തകൾക്ക് പുതിയമാനം നൽകികൊണ്ട് അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രത്തെ കുറിച്ചുള്ള കുറിപ്പുകൾ രംഗത്ത് വന്നു. ഗ്രാംഷി കുറച്ചുകൂടി മുന്നോട്ടുപോയി മേൽക്കോയ്മയെ കുറിച്ചുള്ള സാംസ്കാരിക ചിന്തകൾക്ക് കൂടുതൽ വ്യക്തത നൽകി. അദ്ദേഹത്തിന്റെ 'ജയിൽ കുറിപ്പുകൾ 1957 ൽ പുറത്തിറങ്ങുകയും സി. സി. സി. എസിന് കൂടുതൽ കരുത്തു

പകർന്നുകൊണ്ട് സാംസ്കാരികപഠനങ്ങളുടെ ആചാര്യനായി മാറുകയും ചെയ്തു[37].

സംസ്കാരം എന്ന പദത്തിന് 'ഒരു ജനതയുടെ മുഴുവൻ ജീവിതരീതി' (The whole way of life)[38] എന്ന അർത്ഥം വരുന്നത് 18-ാം നൂറ്റാണ്ടിനുശേഷമാണ്. റെയ്മണ്ട് വില്യംസാണ് സംസ്കാരത്തെ ഇങ്ങനെ നിർവചിച്ചത്. ഒരു സമഗ്രജീവി തരീതിയുടെ ഘടകസാമഗ്രികൾ തമ്മിലുള്ള സങ്കീർണ്ണ ബന്ധ വ്യവസ്ഥയായാണ് സംസ്കാരത്തെ അദ്ദേഹം കണക്കാക്കിയത്. അത് ഒരു ജീവിത രീതിയെ ആക മാനം അടയാളപ്പെടുത്തുന്ന ഒന്നാണ്. 1958-ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ 'സംസ്കാരവും സമൂഹവും' (Culture and Society) എന്ന കൃതി ഈയൊരു ചിന്താ ധാരയുടെ അടിസ്ഥാനമായിരുന്നു. ഇതിലൂടെ അദ്ദേഹം സംസ്കാരം എന്ന ആശ യത്തെ ജനാധിപത്യവത്കരിക്കുകയാണ് ചെയ്തത്. സംസ്കാരം എന്ന സംജ്ഞ ഒരു മുഴുവൻ ജീവിത വഴി അല്ലെങ്കിൽ രീതി എന്നതും മറ്റൊന്ന് കലയും പഠനവും കൂടിച്ചേർന്നതുമായ ഒന്നാണെന്നാണ് റെയ്മണ്ട് വില്യംസ് അടയാളപ്പെടുത്തുന്നത്. തന്റെ ജീവിതകാലം മുഴുവൻ അദ്ദേഹം സാംസ്കാരിക വികസനത്തിന്റെ ചിന്ത യിൽ മുഴുകുകയും സാംസ്കാരിക ഭൗതികവാദം (Cultural materialism) എന്ന സിദ്ധാന്തത്തിന് രൂപം കൊടുക്കുകയും ചെയ്തു[39]. സാമൂഹ്യജീവിയായ മനു ഷ്യന്റെ മൊത്തം ജീവിതരീതിയാണ് ഇത് സൂചിപ്പിക്കുന്നത്. അവരുടെ ആചാര ങ്ങൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യം, വിശ്വാസങ്ങൾ, വേഷം, ആശയങ്ങൾ, അറി വുകൾ, കഴിവുകൾ തുടങ്ങിയ മൂല്യങ്ങളെല്ലാം ചേർന്നതാണ് സംസ്കാരം.

സംസ്കാരം എന്ന പദത്തിന് മൂന്ന് തരം അർത്ഥങ്ങൾ ഉണ്ടാക്കാമെന്നാണ് റെയ്മണ്ട് വില്യംസ് പറയുന്നത്. ഉയർന്ന ആദർശമൂല്യങ്ങൾ ഉയർത്തിപ്പിടിക്കു ന്നതും സാർവ്വലൗകികതയെ ഉയർത്തിപ്പിടിക്കുന്ന ഒന്നാമത്തെ അർത്ഥം. വ്യക്തി കൾ ജീവിതത്തിൽ ഉയർത്തിപിടിക്കേണ്ടുന്ന മൂല്യങ്ങളുമായി ബന്ധപ്പെട്ടതാണിവ.

വ്യക്തികൾ മാത്രമല്ല കൂട്ടങ്ങൾക്കും ഇത് ബാധകമാണ്. അങ്ങനെ സത്യസന്ധത, നന്മ, സ്നേഹം, ദയ, കരുണ തുടങ്ങിയ ആദർശമൂല്യവുമായി കണക്കാക്കപ്പെടുന്ന അവസ്ഥയാണിത്[40]. ഈ അവസ്ഥയിൽ അത്തരം വ്യക്തികളെ സംഘടനയെ സംസ്കാരസമ്പന്നർ എന്നും അല്ലാത്ത അവസ്ഥയിൽ അവരെ സംസ്കാരശൂന്യർ എന്നും വിശേഷിപ്പിക്കും. സംസ്കാരം എന്ന പദത്തിന്റെ രണ്ടാമത്തെ അർത്ഥം. കലാസാഹിത്യ ശാസ്ത്രമേഖലയിൽ ലോകത്തിൽ നിലനിൽക്കുന്ന എല്ലാ മഹത്തായ ഭാവനാസൃഷ്ടികളും ഈ ഗണത്തിൽപ്പെടും[41]. എന്നാൽ മൂന്നാമത്തെ അർത്ഥം ലോകത്തിന്റെ പലഭാഗത്തും നിലനിൽക്കുന്ന ജീവിത ശൈലിയുമായി ബന്ധപ്പെട്ടതാണ്. ഓരോ ജനവിഭാഗങ്ങൾക്കും അവരുടേതായിട്ടുള്ള ജീവിത ശൈലിയുണ്ടെന്നാണ് ഇതിലൂടെ വില്യംസ് പറഞ്ഞു വെയ്ക്കുന്നത്.

ജനങ്ങൾ തങ്ങളുടെ ജീവിതത്തിലൂടെ സൃഷ്ടിക്കുന്ന ജനകീയ സംസ്കാരവും ജനങ്ങൾ നേരിട്ട് സൃഷ്ടിക്കാത്തതും പരസ്യ തന്ത്രങ്ങളിലൂടെ ജനങ്ങളിൽ പ്രചരിക്കുന്നതുമായ ജനപ്രിയ സംസ്കാരവും രണ്ടും രണ്ടാണെന്ന പക്ഷക്കാരനാണ് റിച്ചാർഡ് ഹൊഗർട്ട്[42]. ഹൊഗർട്ട് തന്റെ 'uses of literacy' എന്ന പുസ്തകത്തിൽ തന്റെ ജീവിതാനുഭത്തിന്റെ പശ്ചാത്തലത്തിൽ ജനകീയ സംസ്കാരത്തേയും ജനപ്രിയ സംസ്കാരത്തെയും ബന്ധപ്പെടുത്തികൊണ്ട് രണ്ട് കാലഘട്ടങ്ങളിലായി തിരിക്കുന്നുണ്ട്[43]. ഇതിൽ ജനകീയ സംസ്കാര കാലഘട്ടമായി കണക്കാക്കപ്പെട്ടത് 1930 കളും ജനപ്രിയ സംസ്കാര കാലഘട്ടമായി കണക്കാക്കപ്പെട്ടത് 1950 കളും ആണ്. ഏതായാലും അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഗൃഹാതുരത്വമാകാം ജനകീയം/ജനപ്രിയം എന്ന വിഭജനത്തിനു പിന്നിലുള്ള വൈകാരിക കാരണം[44].

സാംസ്കാരിക പഠനങ്ങളുടെ സമീപനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ചിന്തകനായിരുന്നു ഹാൾ. ഇദ്ദേഹം 'വായന'യെ സമീപിച്ചത് കേവലമായ

ഗ്രന്ഥവായന എന്നതിനപ്പുറം അതിലൂടെ ലോകത്തെ മനസ്സിലാക്കുക എന്നത് കൂടിയാണ്[45]. അതുപോലെതന്നെ 'അർത്ഥ'ത്തെയും അദ്ദേഹം വ്യാഖ്യാനിക്കുക യുണ്ടായി. സാമൂഹികോൽപാദന പ്രക്രിയയായും പ്രയോഗമായും വ്യാഖ്യാനി ച്ചതിലൂടെ ഇത് സാംസ്കാരിക പഠനങ്ങളുടെ കാഴ്ച്ചപ്പാടുകളുടെ കേന്ദ്രമായി മാറി.

പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും സാംസ്കാരിക പഠനങ്ങൾ പ്രധാനപ്പെട്ട ഒരു അക്കാദമിക പഠന മേഖലയായി മാറിക്കഴിഞ്ഞിരു ന്നു. സാംസ്കാരികമായി എന്തിനെയും മനസ്സിലാക്കുകയും വിശദീകരിക്കുകയും അതിന്റെ വേരുകൾ തേടിപോവുകയും അപനിർമ്മിക്കുകയും ചെയ്യുന്നതാണ് സാംസ്കാരിക പഠനങ്ങൾ[46]. അറിയുന്നതും കാണുന്നതും അനുഭവിക്കുന്നതുമായ എല്ലാം സാംസ്കാരിക പഠനങ്ങൾക്ക് വിധേയമാണ്. അതുകൊണ്ടുതന്നെ സാംസ്കാരികമായ കൃതികളോ, പാഠങ്ങളോ അല്ലാത്ത ഒന്നും നിലവിലില്ല. മനു ഷ്യൻ പാഠങ്ങളുടെ അർത്ഥത്തിലേക്ക് വ്യാപരിക്കുന്നതാണ് പാഠവും പഠനവും[47]. ഈ അർത്ഥങ്ങൾ ആകട്ടെ മനുഷ്യനിർമ്മിതിയുമാണ് അതിനെ വിശദീകരിക്കുന്ന താണ് അല്ലെങ്കിൽ പഠിക്കുന്നതാണ് സാംസ്കാരിക പഠനങ്ങൾ.

### 2.4 ആദിമ സംസ്കാരം

മനുഷ്യർ സ്ഥിരവാസമില്ലാതെ നായാടിയും, വേട്ടയാടിയും നടന്ന ചരിത്രാ തീത ശിലായുഗത്തെക്കുറിച്ച് ലിഖിതരേഖകളൊന്നുംതന്നെയില്ല. ചരിത്രാതീതകാ ലത്ത് കേരളത്തിൽ മനുഷ്യവാസമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന പുരാവശി ഷ്ടങ്ങളും ലഭ്യമായിട്ടില്ല. അതിപുരാതനകാലത്ത് കൊടുംവനമായിരുന്നു കേരള ത്തിൽ. മധ്യശിലായുഗത്തിന്റെ അവസാനഘട്ടത്തിലാണ് മനുഷ്യൻ ലഘുശിലായു ധങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്[48]. കേരളത്തിന്റെ വനാന്തരങ്ങളിൽ ഇന്നും അവശേഷിച്ചിട്ടുള്ള ആദിവാസി സമൂഹത്തിൽ പലതും നമ്മുടെ ആദിമ നിവാസിക ളുടെ പിന്മുറക്കാരാണെന്ന് വിശ്വസിച്ചു വരുന്നു. ഇവർ മധ്യശിലായുഗത്തിലെ

മനുഷ്യരെപോലെ വേട്ടയാടിയും ഭക്ഷ്യവസ്തുക്കൾ ശേഖരിച്ചുമാണ് വനങ്ങളെ ആശ്രയിച്ച് ജീവിച്ചു പോന്നത്. മലവേടന്മാർ, ഇരുളൻമാർ, കാടന്മാർ, മലപണ്ടാര ങ്ങൾ, പണിയർ, വിഷവർ, മന്നാൻമാർ, മുതുവന്മാർ, ഊരാളികൾ തുടങ്ങിയ ഗിരി വർഗ്ഗക്കാരൊക്കെ ആദിമനിവാസികളിൽപ്പെട്ടവരാണ്[49]. മധ്യശിലായുഗത്തിൽ ആദിമനിവാസികൾ ഗോത്രങ്ങളായിട്ടാണ് ജീവിച്ചിരുന്നത്. പല ഗോത്രങ്ങൾ ചേർന്ന് ഗണങ്ങളുണ്ടാകുന്നു. ഓരോഗണത്തിനും പ്രത്യേകം ഗണ ചിഹ്നങ്ങളുണ്ട്. ഈ ഗണചിഹ്നത്തിന് കീഴിലാണ് ഈ വർഗ്ഗങ്ങൾ സാമൂഹ്യമായ ഐക്യം നില നിർത്തിയത്. ഓരോ ഗോത്രത്തിലെയും അംഗങ്ങൾ തമ്മിലുള്ള രക്തബന്ധമാണ് അവരുടെ ഇടയിൽ അവകാശങ്ങളും ഉത്തവാദിത്വങ്ങളും രൂപപ്പെടുത്തിയത്[50]. അതു വഴിയാണ് ഗോത്ര പാരമ്പര്യം നിലനിർത്തി പോന്നിരുന്നത്. ഈ മാതൃപാര മ്പര്യം കേരളത്തിലെ മിക്ക ഗിരിവർഗ്ഗക്കാരിലും ഇപ്പോഴും തുടർന്നു വരുന്നുണ്ട്. തണ്ടപുലയർ എന്ന ഗോത്ര വിഭാഗത്തിൽ ഒരാൾ മരിച്ചാൽ 16 ദിവസത്തെ പുല ആചരിക്കുന്നത് മരിച്ചയാളുടെ മരുമകനാണ്. ഭാര്യയും മക്കളും പുല ആചരിക്കു കയില്ല. അവർക്കിടയിൽ സ്ത്രീകൾ വഴിക്കാണ് സ്വത്തവകാശം. അതുപോലെ സഹോദരീ സഹോദരന്മാരുടെ മക്കൾ തമ്മിൽ വിവാഹബന്ധം നടന്നിരുന്നു. ഒരു സ്ത്രീയുടെ കുട്ടികളും അവരുടെ സഹോദര സന്തതികളും വ്യത്യസ്ത ഗോത്രങ്ങ ളിൽപ്പെട്ടവരായതുകൊണ്ടാണ് ഇത് അനുവർത്തിച്ചു പോന്നത്. ജ്യേഷ്ഠന്റെ വിധവയെ വിവാഹം ചെയ്യുന്ന മറ്റൊരു ആചാരവും നിലനിന്നിരുന്നു. ഇവയ്ക്കു പുറമെ തീണ്ടാരി, ചോരയ്ക്കു ചോര എന്ന കുടിപക സമ്പ്രദായം, ശവം മറവുചെ യ്യൽ, പരേതാത്മാക്കളെ ആരാധിക്കൽ തുടങ്ങിയ സാംസ്കാരിക പശ്ചാത്തലമുള്ള വരായിരുന്നു കേരളത്തിലെ ആദിമ നിവാസികൾ. ഇവയിൽ പലതും ഇന്നും അനുവർത്തിച്ചു പോരുന്ന ആചാരങ്ങളാണ്.

### 2.5 ദ്രാവിഡരുടെ ആഗമനം

സിന്ധുനദീതട തീരത്തു നിന്നുമാണ് ദ്രാവിഡർ കേരളത്തിലെത്തിയതെന്നാണ് കരുതപ്പെടുന്നത്[52]. തെക്കേ ഇന്ത്യയിലെ പല ഭാഗത്തുനിന്നും വെങ്കലത്തിലുള്ള ഉപകരണങ്ങളുടെ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ സിന്ധു നദീതടത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ള കറുപ്പും ചുവപ്പും മൺപാത്രങ്ങൾ ദക്ഷിണേന്ത്യയിൽ നിന്നും കണ്ടെത്തിയിട്ടുള്ളത് ഇതിന്റെ തെളിവായി കണക്കാക്കപ്പെടുന്നു[53]. ചെമ്പുകൊണ്ടും ഓടുകൊണ്ടുമുള്ള ഉപകരണങ്ങളായിരുന്നു ഹാരപ്പൻ സംസ്കാര കാലത്ത് ഉപയോഗിച്ചിരുന്നത്. സിന്ധു താഴ്വരയിലെ സീലുകൾ 47 എണ്ണം ദക്ഷിണേന്ത്യയിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. താമ്രശിലായുഗത്തിലെ അവശിഷ്ടങ്ങൾ ലഭിച്ചതുകൊണ്ട് ബി സി. 18-ാം നൂറ്റാണ്ടിനും 15-ാം നൂറ്റാണ്ടിനുമിടയ്ക്കാണ് ദ്രാവിഡർ തെക്കെ ഇന്ത്യയിൽ എത്തിയതെന്ന് കരുതുന്നു. ചിലപ്പോൾ കടൽ മാർഗ്ഗമായിരിക്കാം അവർ വന്നത് എന്ന് അനുമാനിക്കുന്ന ചരിത്രകാരന്മാരുണ്ട്. ദ്രാവിഡരുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അവരുടെ ഭാഷയാണ്. ആദി ദ്രാവിഡ ഭാഷയിൽ നിന്നാണ് തെലുങ്ക്, തമിഴ്, കർണ്ണാടകം, മലയാളം, തുടങ്ങിയ ഭാഷകളെല്ലാം ഉണ്ടായത്. ദ്രാവിഡഭാഷയ്ക്ക് സുമേറിയൻ ഭാഷയുമായി വലിയ ബന്ധമുള്ളതായി കാണാൻ കഴിയും[54]. വേട്ടയാടൽ, കന്നുകാലി വളർത്തൽ, ഭക്ഷ്യശേഖരണം, ചെറിയ തോതിലുള്ള കൃഷി എന്നിവയായിരുന്ന പ്രധാന ജീവിതമാർഗ്ഗങ്ങൾ[55]. ദക്ഷിണേന്ത്യയിലെ ദ്രാവിഡർ പിതൃപാരമ്പര്യക്കാരായിരുന്നു[56]. പറയർ, പുലയർ, വേട്ടുവർ, കണക്കൻ എന്നിവരെല്ലാം പിതൃപാരമ്പര്യമാണ് അനുവർത്തിക്കുന്നത്. കൂടാതെ പാണ്ഡ്യൻ, ചോളർ, ചേരർ, ആയ് മുഖ്യന്മാർ തുടങ്ങിയ ദക്ഷിണേന്ത്യയിലെ തനുവംശങ്ങളിലെല്ലാം തന്നെ പിതൃപാരമ്പര്യക്കാരായിരുന്നുവെന്ന് സംഘം കൃതികളിൽ സൂചിപ്പിക്കുന്നു. ദ്രാവിഡരായിരുന്ന ചേരരാജാക്കൻമാരുടെ ആദിമകേന്ദ്രം മധ്യകേരളം (കുട്ടനാടും, കുടനാടും) ആയിരുന്നു.

അവിടെ നിന്നും തെക്കോട്ടും വടക്കോട്ടും വ്യാപിക്കുകയാണ് ചെയ്തത്. ഈ പ്രദേശങ്ങളിലൊക്കെ പിതൃപാരമ്പര്യം വളരെ പ്രബലമായി നിലനിന്നിരുന്നു

**2.6 ആര്യാധിനിവേശം**

രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ സർവ്വമേഖലകളിലും തങ്ങളുടേതായ അധികാര ചിഹ്നങ്ങൾ സ്ഥാപിച്ച ആര്യന്മാർ കേരളത്തിലെ ദ്രാവിഡ ജനതയുടെ ഇടയിലേക്ക് കടന്നുകയറി വന്നതെന്നാണെന്നതിനെ ചൊല്ലി പണ്ഡിതർക്കിടയിൽ വിവിധാഭിപ്രായങ്ങളാണ് നിലനിൽക്കുന്നത്. വൈദിക ബ്രാഹ്മണർ മലബാറിലെത്തിയത് എ.ഡി. 8-ാം ശതകത്തിലാണെന്നും, തുളുനാട്ടിൽ നിന്നും കടൽത്തീരം വഴിയാണവർ വന്നതെന്നും ലോഗൻ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ സംഘസാഹിത്യം നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ക്രിസ്തുവർഷാരംഭത്തിൽ തന്നെ ആര്യൻമാർ കേരളത്തിലേക്ക് വന്നിരുന്നെന്ന് മനസ്സിലാക്കാം. ബി. സി. മൂന്നാം നൂറ്റാണ്ടിൽ തന്നെ ജൈന ബൗദ്ധരെ പിന്തുടർന്ന് ആര്യന്മാർ കേരളത്തിൽ വന്നതായി കരുതാം. എ. ഡി. 8-ാം നൂറ്റാണ്ടിൽ വൈദേശികരായ ഒരു സംഘം ബ്രാഹ്മണർ കേരളത്തിലേക്ക് വന്നു ചേർന്നതുമൂലം ഇവിടെയുണ്ടായിരുന്ന ആര്യന്മാരുടെ കരുത്ത് വർദ്ധിക്കുകയും അവർ തങ്ങളുടെ അധിനിവേശം ശക്തിപ്പെടുത്തുകയും ചെയ്തു[57].

ഇതോടുകൂടി സമൂഹത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു തുടങ്ങി. ജാതിരഹിതമായ ജീവിത ശൈലിയിലുള്ള പ്രാകൃത ജനതയുടെ മേൽ ജാതി സമ്പ്രദായം അടിച്ചേൽപ്പിക്കപ്പെട്ടു. കീഴടക്കപ്പെട്ട ദ്രാവിഡരേക്കാൾ മികച്ചവർ തങ്ങളാണെന്ന് ആര്യന്മാർ കരുതി. ഇങ്ങനെ പരസ്പരം അകറ്റി നിർത്തപ്പെട്ടിടത്തു നിന്നാണ് വർണ്ണവ്യവസ്ഥയുടെ ആരംഭം. ചാതുർ വർണ്ണ്യത്തിലധിഷ്ഠിതമായ ആര്യപ്രമാണങ്ങൾ സമൂഹത്തിൽ ബോധപൂർവ്വം അടിച്ചേൽപ്പിച്ചു. ബ്രാഹ്മണ മേധാവിത്വത്തിന്റെ രൂക്ഷ അധീശത്വമുഖം സമൂഹത്തിലുടനീളം നിഴലിച്ചു കാണാം[58].

ആദ്യകാലത്ത് സമൂഹത്തിൽ ഉന്നത സ്ഥാനം ഉണ്ടായിരുന്ന ഉത്പാദനമേഖലയിൽ അധ്വാനിച്ചിരുന്ന പാണർ, വേടർ, പറയർ തുടങ്ങിയ വിഭാഗങ്ങൾ അധ:സ്ഥിത വർഗ്ഗമായി മാറി[59]. നിലവിലുണ്ടായിരുന്ന സ്ത്രീ പുരുഷ സമത്വം എന്ന സാമൂഹ്യവ്യവസ്ഥിതിയിലും മാറ്റം വന്നു. സ്ത്രീ വിദ്യാഭ്യാസം ഒരു പരിധി വരെ നിരോധിച്ചു. കേരളീയ ഭക്ഷണശീലങ്ങളുടെ മേൽ കടന്നുകയറി മാംസാഹാരം കഴിക്കുന്നതിനെ മ്ലേച്ഛമായി ചിത്രീകരിച്ചു. ശാരീരികാധ്വാനമുള്ള തൊഴിൽ വർഗ്ഗങ്ങളെ താഴ്ന്ന വർഗ്ഗക്കാരായി മുദ്ര കുത്തുന്ന പ്രവണതയും ആര്യവത്കരണത്തോടെ കണ്ടു വന്നു.

കേരളത്തിൽ ബുദ്ധജൈനമത പ്രതിമകളും വിഹാരങ്ങളും നശിപ്പിക്കുകയും ഹൈന്ദവക്ഷേത്രങ്ങൾ പണികഴിപ്പിക്കുകയും ചെയ്ത ആര്യവത്കരണ പ്രവൃത്തികൾ കേരളത്തിലെ ബുദ്ധജൈനമതങ്ങളെ പിന്തള്ളുന്ന അവസ്ഥ സംജാതമാക്കി. ദ്രാവിഡാരാധന മൂർത്തികളെ ആര്യവൽകരണഭാഗമായി വരേണ്യ ബോധവുമായി കൂട്ടിചേർത്തു. ദ്രാവിഡ ദേവതയായ 'കൊറ്റവൈ' - കാളി, ദുർഗ്ഗ, ഭഗവതി എന്നിവരൊക്കെയായി മാറി. ജനസാമാന്യം ആരാധിച്ചുപോന്ന ശാസ്താവിനെ ബ്രാഹ്മണർ ഹരിഹരപുത്രനായും (ഹരിയുടെയും ഹരന്റെയും പുത്രൻ - വിഷ്ണു + ശിവ പുത്രൻ) മാറ്റി, വിഷ്ണു ശിവൻ തുടങ്ങിയ ദൈവങ്ങൾക്ക് ആരാധനാപ്രാധാന്യം നൽകി.

കേരളീയ ജനജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവും, രാഷ്ട്രീയവും ആത്മീയവുമായ സർവ്വ മേഖലകളിലുമുണ്ടായിരുന്ന സമതുലനാവസ്ഥ അര്യാധിനിവേശം ഇല്ലാതാക്കി. കേവലമൊരു പ്രവണത എന്നതിലുപരി കേരളീയ പാരമ്പര്യത്തെയാകെ മാറ്റി മറിച്ച ഒരു ചരിത്ര സംഭവമായി ആര്യാധിനിവേ ശത്തെ അപഗ്രഥിക്കാം[60].

പ്രാചീനകേരളസംസ്കാര രൂപീകരണത്തിൽ പ്രാചീനജനഗോത്രസമൂഹങ്ങളുടെയും മതവിശ്വസങ്ങളുടെയും കൂടിചേരൽ കാരണമായിട്ടുണ്ട്. പ്രാചീന ആര്യേതരവർഗ്ഗജനങ്ങൾക്കുമേൽ കേരളബ്രാഹ്മണർ രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും അതുവഴി സാംസ്കാരികമായും സാമൂഹികമായും അവർക്കുമേൽ അധീശ്വത്വം സ്ഥാപിക്കുകയുമായിരുന്നു. കേരളത്തിലേക്കു കടന്നുവന്ന ബ്രാഹ്മണർ കേരളത്തിലെ മറ്റ് ജനവിഭാഗങ്ങളുമായി സമവായം പുലർത്തിക്കൊണ്ട് തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ സ്വീകാര്യമായ ഭേദഗതികൾ വരുത്തി തങ്ങളുടെ അധീശത്വം നിലനിർത്തി. അങ്ങിനെ നിലവിലെ ലഘു സംസ്കാരങ്ങൾക്കുമേൽ അധീശത്വം സ്ഥാപിച്ച് ഒരു പൊതുസംസ്കാരത്തെ രൂപപ്പെടുത്തിയെടുത്തു.

### 2.7 ആദ്യകാല വിദേശബന്ധങ്ങൾ

കേരളത്തിന് വിദേശരാജ്യങ്ങളുമായി ചരിത്രാതീതകാലത്ത് തന്നെ നല്ല ബന്ധമുണ്ടായിരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ പറുദീസയായ കേരളത്തെ നല്ലൊരു വാണിജ്യകേന്ദ്രമായി വൈദേശികർ കണക്കാക്കിയിരുന്നു. ആദ്യകാല വിദേശബന്ധങ്ങൾ കേരളത്തിന്റെ സാംസ്കാരികവും, സാമൂഹികവുമായ ജീവിതരീതിയെ സ്വാധീക്കുകയും വാണിജ്യാധിഷ്ഠിതമായ സാമ്പത്തികാടിത്തറ നിർമ്മിക്കുന്നതിലും സഹായിച്ചു. പ്രധാനമായും അറബികൾ, അസ്സീറിയ, ബാബിലോണിയ, ചൈന, ഫിനീഷ്യൻ, ഗ്രീക്ക്, റോമൻ, ഇസ്രയേൽ തുടങ്ങിയ നിരവധി രാജ്യങ്ങളുമായി കേരളത്തിന് സുദൃഢമായ കച്ചവടബന്ധം ഉണ്ടായിരുന്നു[61]. സുഗന്ധദ്രവ്യങ്ങളാണ് വിദേശികളെ കേരളത്തിലേക്ക് ആകർഷിച്ചത്. ഏലവും കറുവപട്ടയും, ഇലവങ്ഗവും, കാട്ടുകൊന്നയുമടക്കം കേരളത്തിന്റെ സസ്യവൈവിധ്യം പാശ്ചാത്യർക്ക് പരിചയപ്പെടുത്തിയത് ഇവരാണ്. സുഗന്ധദ്രവ്യങ്ങൾക്കുപുറമേ ആന, കുരങ്ങ്, മയിൽ തുടങ്ങിയവയും വാണിജ്യാടിസ്ഥാനത്തിൽ കയറ്റികൊണ്ടുപോയിരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങി

യവയും കയറ്റുമതി ചെയ്യപ്പെട്ടിരുന്നു. അക്കാലത്ത് കര മാർഗ്ഗവും, കടൽ മാർഗ്ഗവുമായി ശക്തമായ വാണിജ്യബന്ധങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്.

ക്രിസ്തുവർഷാരംഭത്തിൽ കേരളവുമായി അടുത്ത ബന്ധംപുലർത്തിയ വിദേശീയർ ചൈനക്കാരാണ്. കേരളത്തിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ചീന നാണയങ്ങളും, പാത്രങ്ങളും ഈ ബന്ധം സാധൂകരിക്കുന്നു. ക്രിസ്തുവർഷം ഒമ്പതും പതിമൂന്നും ശതകത്തിനിടയ്ക്ക് അഞ്ചു വർണ്ണം, മണിഗ്രാമം എന്നീ കേരളീയവാണിജ്യ സംഘങ്ങൾ വിദേശവ്യാപരത്തിലേർപ്പെട്ടിരുന്നു. മുസരീസ്, തിണ്ടിസ്, ബറേക്ക, നെൽകിണ്ട തുടങ്ങിയ ആദ്യകാല തുറമുഖങ്ങൾ വാണിജ്യപരവും സാംസ്കാരികവുമായ ആദാനപ്രദാനങ്ങൾക്ക് ശക്തമായ അടിത്തറ നൽകി. ഈ ബന്ധം ക്രമേണ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ക്രിസ്തുമതം, ഇസ്ലാംമതം, യഹൂദമതം എന്നിവ പതിയെ ഇവിടെ വേരോടാൻ തുടങ്ങി. അങ്ങനെ കേരളത്തിന്റെ സാംസ്കാരിക ചരിത്രം മാറ്റിമറിക്കുന്നതിൽ ഇത്തരം കച്ചവട ബന്ധങ്ങൾ കാരണമായി.

### 2.8 വൈദേശികാധിപത്യം

സുദീർഘമായ കടൽതീരമാണ് കേരളത്തിന്റെ പ്രത്യേകത. പുരാതനകാലം മുതൽക്കെ വിദേശികൾ കേരളവുമായി ബന്ധം സ്ഥാപിക്കുന്നതിന് എത്തിയിരുന്നു. അറബികൾ, പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിവരൊക്കെ തന്നെ കടൽമാർഗ്ഗം ആയിരുന്നു ചരക്കുകൾ കൊണ്ടു പോയിരുന്നത്. വ്യാപാരബന്ധത്തിനോടൊപ്പം തന്നെ അധിനിവേശവും അധിനിവേശസംസ്ക്കാരവും ഇവിടെ വ്യാപിപ്പിക്കാൻ ഇത്തരം ബന്ധങ്ങൾക്കായിട്ടുണ്ട്. കടൽ മാർഗ്ഗമുള്ള വൈദേശികാധിപത്യം മതം, വിദ്യാഭ്യാസം, തുറമുഖങ്ങൾ, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ പല ഘടകങ്ങളും ഇവിടെ പുരോഗമിക്കാൻ ഇടയായി[62]. ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും മിക്ക രാഷ്ട്രങ്ങളും

പതിനാറ് മുതൽ പത്തൊമ്പത് വരെയുള്ള നൂറ്റാണ്ടുകളിൽ കോളനികളായി ഏതെങ്കിലും യൂറോപ്യൻ രാഷ്ട്രശക്തിയുടെ കീഴിലായിരുന്നു. വാണിജ്യബന്ധം സ്ഥാപിക്കുന്നതിനും മതം പ്രചരിപ്പിക്കുന്നതിനുമായി ഇന്ത്യയിലേക്ക് കടന്നുവന്ന യൂറോപ്യൻമാർ നമ്മുടെ സാമൂഹ്യസാംസ്കാരിക രംഗങ്ങൾ വളരെ പെട്ടെന്ന് തന്നെ പിടിച്ചടക്കി. ഈ രാജ്യങ്ങൾ സാമ്പത്തികവും രാഷ്ട്രീയവുമായ ചൂഷണ ങ്ങൾക്കു വിധേയമാകുമ്പോൾ തന്നെ ഭരണം, വിദ്യാഭ്യാസം, ഗതാഗതം, വാർത്താ വിനിമയം തുടങ്ങിയ രംഗങ്ങളിലെല്ലാം ഗുണപരമായ പുരോഗതിയും മാറ്റങ്ങളും കൈവരിച്ചു. ഇത് അധിനിവേശ രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതി നുവേണ്ടി തന്നെയായിരുന്നെങ്കിലും പിൽക്കാല ചരിത്രത്തിൽ കോളനിയാനന്തര സ്വാതന്ത്ര്യത്തിനും പുരോഗതികൾക്കും വഴിവെച്ചതും ഈ പുരോഗമനോന്മുഖ മായ മാറ്റങ്ങളാണ്[63].

പ്രബല രാഷ്ട്രങ്ങളായ പോർച്ചുഗൽ, ഇംഗ്ലണ്ട്, ഫ്രാൻസ്, തുടങ്ങിയവർ കച്ചവടകമ്പനികൾ രൂപീകരിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ച രിക്കാനാരംഭിച്ചു. അങ്ങനെ കേരളവുമായി വിദേശ ശക്തികൾക്ക് വ്യാപാരബന്ധ ത്തിന്റെ നൂറ്റാണ്ടുകളുടെ ചരിത്ര പാരമ്പര്യമുണ്ട്. യൂറോപ്യൻമാർക്ക് കേരളത്തിൽ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന സുഗന്ധദ്രവ്യങ്ങളായ ഏലം, കുരുമുളക്, ഗ്രാമ്പു, ഇഞ്ചി, കറുവപട്ട, ചന്ദനം തുടങ്ങിയ ഉൽപ്പന്നങ്ങളിൽ വലിയ താൽപര്യം ഉണ്ടായി രുന്നു. എന്നാൽ കേരളവും യുറോപ്യൻ രാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങ ളിൽ വളരെ മുമ്പുതന്നെ ഇടനിലക്കാരായി വർത്തിച്ചത് അറബികളായിരുന്നു[64]. അതുകൊണ്ടുതന്നെ കച്ചവടത്തിന്റെ ഭാഗമായി വലിയ ലാഭമായിരുന്നു അറബി കൾക്ക് കൊയ്യാൻ കഴിഞ്ഞത്. അറേബ്യൻ വ്യാപാരികളെ വ്യാപാരത്തിന്റെ ഇടനി ലയിൽ നിന്നും ഒഴിവാക്കി നേരിട്ട് സുഗന്ധദ്രവ്യങ്ങൾ കച്ചവട നടത്താൻ കഴി ഞ്ഞാൽ അത് തങ്ങളുടെ രാജ്യങ്ങൾക്ക് വലിയ ഗുണം ചെയ്യുമെന്ന് യുറോപ്യൻ വ്യാപാര കമ്പനികൾ മനസ്സിലാക്കി. തുടർന്ന് ഈ പ്രദേശങ്ങളുമായി വ്യാപാര

ബന്ധം സ്ഥാപിക്കാനുള്ള നയങ്ങളുമായി അവർ മുന്നോട്ടു പോവുകയും ഓരോരോ യൂറോപ്യൻ ശക്തികളും കേരളത്തിൽ ആധിപത്യം സ്ഥാപിക്കുകയു മാണ് ഉണ്ടായത്. ഈ കൊളോണിയൽ ശക്തികളുടെ ആഗമനം കേരളത്തിന് ഭൗതിക നേട്ടങ്ങൾക്കൊപ്പം ഇവിടുത്തെ രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലും വലിയ തോതിലുള്ള സ്വാധീനം ചെലുത്തി[65].

### 2.8.1 പോർച്ചുഗീസ് ആധിപത്യം

പതിനഞ്ചാം നൂറ്റാണ്ടിൽ കേരളം ഒട്ടേറെ ചെറു നാട്ടുരാജ്യങ്ങളുടെ കീഴിൽ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്ന പ്രദേശമായിരുന്നു. നാടുവാഴിത്തത്തിന്റെ പിടിയിലമർന്നുകൊണ്ട് നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയായിരുന്നു മിക്ക നാട്ടു രാജ്യങ്ങൾക്കും. വിരലിലെണ്ണാവുന്ന രാജാക്കന്മാരെ ആ കാലഘട്ടത്തിൽ പ്രബല രായിരുന്നുള്ളൂ. കോഴിക്കോട്ടും വേണാടും, കോലത്തുനാടും, കൊച്ചിയുമായി രുന്നു ഇതിൽ പ്രമുഖർ. ചെറുകിട രാജ്യങ്ങൾ നാടുവാഴികളുടെയും നായർ മാട മ്പിമാരുടെയും നമ്പൂതിരി പ്രഭുക്കന്മാരുടെയും കീഴിൽ പരസ്പരം കലഹിച്ചു കൊണ്ട് ജനങ്ങളെ പരമാവധി ചൂഷണം ചെയ്തുമൊക്കെയായിരുന്നു നിലനിന്നു പോന്നത്. അധിനിവേശ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമയുടെ വരവ്[66]. 1498 മെയ് മാസത്തിൽ കോഴിക്കോ ടിനടുത്തുള്ള കാപ്പാടാണ് പോർച്ചുഗൽ രാജാവ് ഡോം മാനുവലിന്റെ നിർദ്ദേശപ്ര കാരം ഗാമ എത്തിയത്. രാജാവായ സാമൂതിരി ആതിഥ്യമര്യാദയോടെ ഗാമയെ സ്വീകരിച്ചു. ഇവിടെ വാണിജ്യാധിപത്യം കൈയ്യാളിയിരുന്ന അറബികളെ തുരത്തി വാണിജ്യ കുത്തക നേടിയെടുക്കാൻ ഗാമയ്ക്ക് ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ കോഴിക്കോട് കച്ചവടം നടത്തണമെങ്കിൽ എല്ലാവരും ചെയ്യുന്നതുപോലെ ചക്രം കൊടുത്ത് സാധനങ്ങൾ വാങ്ങി കൊണ്ടു പോകണമെന്ന് സാമൂതിരി ഉറച്ച നിലപാ ടെടുത്തതോടുകൂടി തന്റെ ലക്ഷ്യപ്രാപ്തി നേടാൻ വളരെയേറെ ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കുകയും ആഗസ്റ്റ് മാസത്തിൽ കോഴിക്കോട് വിട്ടുപോവുകയും ചെയ്തു.

എന്നാൽ കണ്ണൂരിലേക്ക് ഗാമയെ കോലത്തിരി രാജാവ് ക്ഷണിക്കുകയും കച്ചവടം നടത്താനുള്ള എല്ലാ സൗകര്യവും ചെയ്തു കൊടുക്കുകയും ചെയ്തു. കോല ത്തിരി രാജാവുമായി കണ്ണൂരിൽ വാസ്ഗോഡഗാമ വാണിജ്യവുമായി ബന്ധപ്പെട്ട ഒരു കരാറിൽ ഒപ്പു വെയ്ക്കുകയും കച്ചവടം ആരംഭിക്കുകയും ചെയ്തു[67]. 1499-ൽ ഇവിടെ നിന്നും ലിസ്ബണിൽ എത്തിചേർന്ന ഗാമയ്ക്കു വലിയ സ്വീകരണമാണ് ലഭിച്ചത്. അതുകൊണ്ടു തന്നെ ഈ കച്ചവടബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ പോർച്ചുഗൽ തീരുമാനിക്കുകയും കബ്രാളിന്റെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം കേരളത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഇത്തവണ കബ്രാളിന്റെ പ്രതിനിധിയായ ഐറെസ് കൊറിയയ്ക്ക് സാമൂതിരിയുമായി ധാരണയിലെ ത്താനും കോഴിക്കോട് ഒരു വ്യാപാരശാല ആരംഭിക്കുന്നതിനും സാധിച്ചു. എന്നാൽ കോഴിക്കോടുമായി സുദീർഘമായ വ്യാപാരബന്ധം പുലർത്തിയിരുന്ന അറബികളെ ഇവിടെ നിന്ന് ഒഴിവാക്കുന്നതിന് പോർച്ചുഗീസ് സംഘം ആഗ്രഹി ച്ചു[68]. അറബികളുമായുള്ള ശത്രുത അറബി കപ്പലുകൾ നശിപ്പിക്കുന്നതിലും കപ്പൽ ജീവനക്കാരെ വകവരുത്തുന്നതിലും വരെ എത്തിച്ചു. ഇതോടുകൂടി തദ്ദേശ വാസികൾ കൂടി പോർട്ടുഗീസുകാർക്കെതിരെ തിരിയുകയും പോർട്ടുഗീസ് വ്യാപാ രശാല നശിപ്പിക്കുകയും ചെയ്തു. ഭീതിതമായ അവസ്ഥയിൽ കബ്രാളും സംഘവും കൊച്ചി ലക്ഷ്യമാക്കി യാത്ര തിരിച്ചു. കൊച്ചിരാജാവ് കബ്രാളിനെയും സംഘത്തേയും ഹൃദ്യമായ വരവേൽപ്പ് നൽകി സ്വീകരിച്ചതിനോടൊപ്പം കച്ചവട ത്തിനും വ്യാപാരശാലകൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുത്തു. കബ്രാൾ കൊച്ചിയിൽ നിന്നും സാധനങ്ങൾ ശേഖരിച്ചുള്ള മടക്കയാ ത്രയിൽ കണ്ണൂരിലിറങ്ങി[69]. കുറേ കൂടി ചരക്കുകൾ നൽകി കോലത്തിരി രാജാവ് സഹായിച്ചു. കബ്രാളിന്റെ കേരളപര്യടനവും വിജയകരം തന്നെയായിരുന്നു. കൂടാതെ കൊച്ചി രാജാവുമായുള്ള സൗഹൃദവും കേരളത്തിൽ വാണിജ്യപരവും രാഷ്ട്രീയവുമായ താത്പര്യങ്ങൾ സംരക്ഷിക്കാൻ സഹായകരമാം വിധം ഒരു നല്ല തുറമുഖം പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യവും ലഭിച്ചു. കബ്രാൾ മടങ്ങി

എത്തുന്നതിനുമുമ്പുതന്നെ ജാവോഡ നോവയുടെ നേതൃത്വത്തിൽ മറ്റൊരു സംഘത്തെ പോർച്ചുഗീസ് രാജാവ് കേരളത്തിലേക്കയച്ചിരുന്നു. കമ്പ്രാളിന് കോഴി ക്കോട്ട് നേരിട്ട ദുരനുഭവമറിഞ്ഞ നോവ കോഴിക്കോട് ഇറങ്ങാതെ കൊച്ചിയിലും കണ്ണൂരും പര്യടനം നടത്തി തിരിച്ചു പോയി.

വാസ്ഗോഡിഗാമ രണ്ടാമതായി കേരളത്തിലേക്കെത്തിയത് 1502-ൽ ആയി രുന്നു. കച്ചവടാധിപത്യം ഉറപ്പിക്കാനുള്ള തന്ത്രങ്ങളുമായാണ് അദ്ദേഹമെത്തിയത്. കൂടാതെ വാസ്ഗോഡഗാമ തുടങ്ങിവെച്ച കച്ചവടബന്ധങ്ങൾ ഫലപ്രദമായി തുടർന്നുകൊണ്ടുപോകാൻ കമ്പ്രാളിന് കഴിഞ്ഞിരുന്നില്ല. ഇത് പരിഹരിക്കുക എന്ന ലക്ഷ്യംകൂടി അദ്ദേഹത്തിന്റെ രണ്ടാം വരവിനുണ്ടായിരുന്നു. കോഴിക്കോട് വെച്ച് കമ്പ്രാളിന് അറബികളുമായി സംഘർഷത്തിൽ ഏർപ്പെടേണ്ടി വന്നപ്പോൾ പ്രദേശവാസികളുൾപ്പെടെ ചേർന്നുകൊണ്ട് കമ്പ്രാളിനെ അവിടെ നിന്ന് തുരത്തിയ തിന്റെ പക അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇവിടേക്ക് വരുന്ന സമയത്ത് സമുദ്രത്തിൽ കണ്ട അറബി കപ്പലുകൾ ആക്രമിക്കുകയും പിടിച്ചെടുക്കു കയും ചെയ്തു. അതിനുശേഷം കണ്ണൂരിലേക്കെത്തിയ ഗാമയെ കോലത്തിരി രാജാവ് സ്വീകരിക്കുകയും തുടർന്നും ശക്തമായ രീതിയിൽ വ്യാപാര ബന്ധം മുന്നോട്ടു കൊണ്ടുപോകാനുള്ള എല്ലാ സാഹചര്യങ്ങളുമൊരുക്കി കൊടുത്തു. ചര ക്കുകൾ പോർച്ചുഗീസുകാർക്ക് കൊച്ചിയിൽ നൽകി കൊണ്ടിരിക്കുന്ന വിലയ്ക്ക് വിറ്റുകൊള്ളാമെന്ന ഒരു ഉടമ്പടിയിൽ വളരെ സമർത്ഥമായി കോലത്തിരിയെ കൊണ്ട് ഒപ്പ് വെപ്പിച്ചു. അങ്ങനെ കണ്ണൂരിലെ കച്ചവട കുത്തക നേടിയതിനു ശേഷം കോഴിക്കോട്ടും ആധിപത്യം സ്ഥാപിക്കാൻ വേണ്ടി പുറപ്പെടുകയും ചെയ്തു. സാമൂതിരി രാജാവിനെ സന്ദർശിച്ചുകൊണ്ട് ഗാമ പുതിയൊരാവശ്യം ഉന്നയിച്ചു. തന്റെ കച്ചവട താത്പര്യങ്ങൾക്ക് വിഘാതമായി നിന്നേക്കാവുന്ന എല്ലാ മുസ്ലീംങ്ങളെയും കോഴിക്കോട് നഗരത്തിൽ നിന്ന് ഒഴിപ്പിക്കണമെന് ആവശ്യം ഉന്നയിച്ചു. എന്നാൽ ഈ ആവശ്യമംഗീകരിക്കാൻ സാമൂതിരി തയ്യാറാ യില്ല. ഇതിന്റെ പ്രതികരണമെന്നോണം പോർച്ചുഗീസുകാർ കോഴിക്കോട് നഗരം

ആക്രമിച്ചു[70]. അതിനുശേഷം കൊച്ചിയും തന്റെ അധീനതയിൽ കൊണ്ടുവരുന്ന തിനുവേണ്ടിയുള്ള തന്ത്രങ്ങൾ മെനഞ്ഞു തുടങ്ങി. കൊച്ചിയിലെത്തിയ ഗാമ പാരി തോഷികങ്ങളുമായാണ് രാജാവിനെ കാണാൻ പോയത്. അങ്ങനെ രാജാവുമായി ബന്ധം സ്ഥാപിച്ചതിനുശേഷം കച്ചവട തന്ത്രങ്ങൾ മെനയാൻ തുടങ്ങി. ഇവിടെ കണ്ണൂരിൽ നിന്നും വ്യത്യസ്തമായി ഉടമ്പടി ഉണ്ടാക്കിയപ്പോൾ കുരുമുളക്, ഏലം, തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം പോർച്ചുഗീസുകാരിലേക്ക് എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നാട്ടുകാരിൽ നിന്ന് നേരിട്ട് ചരക്കുകൾ സ്വീകരിക്കുക വഴി കൊള്ളലാഭമാണ് ഗാമയ്ക്ക് ലഭിച്ചു കൊണ്ടിരുന്നത്[71]. അതിനുശേഷം പോർച്ചുഗീസുകാർ വ്യാപാരശാലകൾ കൊച്ചി യിലെങ്ങും വ്യാപിപ്പിക്കുകയും സൈനികതാവളങ്ങൾ സ്ഥാപിക്കാനുള്ള അനുമ തിയും രാജാവിൽ നിന്ന് തന്ത്രപൂർവ്വം നേടിയെടുത്തു. കൊച്ചിയിലെ കാര്യങ്ങൾ അതീവ ഗുരുതരമാണെന്ന് മനസ്സിലാക്കിയ സാമൂതിരി പോർച്ചുഗീസുക്കാരെ അവിടെ നിന്നും ഒഴിവാക്കണമെന്ന് കൊച്ചി രാജാവിനോട് നിർദ്ദേശിച്ചു. എന്നാൽ ഈ നിർദ്ദേശത്തിന്റെ വസ്തുത മനസ്സിലാക്കാൻ കഴിയാത്ത വിധം കൊച്ചി രാജാവ് പോർച്ചുഗീസുകാർക്ക് വിധേയനായി കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ പോർച്ചുഗീസുകാരെ തുരത്താൻ കൊച്ചി രാജാവ് തയ്യാറായില്ല. ഇതിൽ പ്രകോപി തനായ സാമൂതിരി 1503-ൽ കൊച്ചി ആക്രമിക്കാനായി പുറപ്പെട്ടു. എന്നാൽ കൊച്ചി സൈന്യത്തിന് ശക്തമായ സഹായം പോർച്ചുഗീസുകാർ വാഗ്ദാനം ചെയ്യുകയും അതിശക്തമായ പ്രതിരോധം തീർക്കാൻ അവർക്ക് കഴിയുകയും ചെയ്തു. എന്നാൽ സാമൂതിരിയുടെ സൈന്യം കരയിലൂടെയും കടലിലൂടെയും ആക്രമണങ്ങൾ അഴിച്ചുവിടുകയും കൊച്ചി സൈന്യത്തിന് പിടിച്ചു നിൽക്കാൻ കഴി യാതെ പരാജയം ഏറ്റു വാങ്ങേണ്ടി വരുകയും ചെയ്തു. ഈ ആക്രമണത്തിൽ കൊച്ചിയ്ക്ക് വലിയ നഷ്ടങ്ങളുണ്ടാവുകയും ഒരുപാട് പേർക്ക് ജീവൻ നഷ്ടപ്പെടു കയും ചെയ്തു. കൊച്ചി പിടിച്ചടക്കിയ സാമൂതിരി ശക്തമായ ഒരു സൈന്യത്തെ അവിടെ വിന്യസിക്കുകയും ചെയ്തു. ഈയിടയ്ക്ക് ഫ്രാൻസിസ്കോ അൽബൂ

ക്കർക്കിന്റെ നേതൃത്വത്തിൽ ശക്തമായ നാവികസേനാവിഭാഗം കൊച്ചിയിലെത്തി ചേർന്നു[72]. ഈ അവസരം മുതലെടുത്തുകൊണ്ട് കൊച്ചി സൈന്യം അവരെ ഇരു കൈയ്യും നീട്ടി സ്വീകരിച്ചു. ഇത് കൊച്ചിയിൽ തമ്പടിച്ചിരുന്ന കോഴിക്കോട്ടു സൈന്യത്തിന് വലിയ തിരിച്ചടിയായി ആവർക്ക് അവിടെനിന്ന് പിന്മാറേണ്ടിവന്നു എന്നതു മാത്രമല്ല പാലായനം ചെയ്ത കൊച്ചി രാജാവിനെ പോർച്ചുഗീസുകാർ തിരിച്ച് കൊച്ചിയിലെത്തിക്കുകയും രാജാധികാരം പുന:സ്ഥാപിച്ചു കൊടുക്കു കയും ചെയ്തു. ഈ അവസരം നന്നായി പോർച്ചുഗീസുകാരുപയോഗിക്കുകയും ഇടപ്പള്ളി രാജാവിന്റെ ദേശങ്ങൾ കൊള്ളയടിക്കുകയും സമ്പത്തുകൾ കൈക്കലാ ക്കുകയും എതിർത്തുനിന്ന സാധാരണക്കാരെപ്പോലും നിഷ്കരുണം കൊന്നൊടു ക്കുകയും ചെയ്തു. ഇതിന്റെ നന്ദിസൂചകമായ കൊച്ചി രാജാവ് കൂടുതൽ സൗക ര്യങ്ങൾ ഒരുക്കികൊടുക്കാൻ തയ്യാറായി. കൊച്ചിയിലെ വ്യാപാരകേന്ദ്രങ്ങൾ സംര ക്ഷിച്ച് സുഗമമായി കച്ചവടം നടത്താനായി ഒരു കോട്ട കെട്ടാനുള്ള അനുവാദവും കൂടി കൊച്ചി രാജാവ് പോർച്ചുഗീസുകാർക്ക് നൽകി. ഈ കോട്ടയാണ് ഇന്ത്യ യിൽ യൂറോപ്യൻമാർ നിർമ്മിച്ച ആദ്യത്തെ കോട്ട. പോർച്ചുഗീസ് രാജാവിന്റെ പേര് തന്നെയാണ് ഈ കോട്ടയ്ക്കായി അവർ കണ്ടുവെച്ചത്. മാനുവൽ കോട്ട എന്നാണതിന് പേരിട്ടത്. അങ്ങനെ പോർച്ചുഗീസുകാർ വാണിജ്യ അധിനിവേശ ത്തിൽ നിന്ന് സൈനികാധിനിവേശത്തിലേക്ക് കാല് എടുത്ത് വെച്ചു. കൂടുതൽ ശക്തമായി ഈ മണ്ണിൽ വേരൂന്നി കൊണ്ടിരിക്കുന്ന പോർച്ചുഗീസ് സൈന്യത്തെ ശക്തമായി തുരത്താനായി സാമൂതിരി രാജാവ് ശ്രമം നടത്തിയെങ്കിലും പരാജയ പ്പെടുകയുണ്ടായി. മാത്രവുമല്ല പോർച്ചുഗീസുകാർ സാമൂതിരിയുടെ അധീനതയി ലുള്ള കൊടുങ്ങല്ലൂർ പിടിച്ചെടുക്കുകയും നഗരത്തിന് ചുറ്റും കോട്ടമതിൽ കെട്ടു കയും ചെയ്തു. ഇതോടുകൂടി കൊടുങ്ങല്ലൂർ രാജാവ് കോഴിക്കോട്ടുമായുള്ള ബന്ധം അവസാനിപ്പിക്കുകയും പോർച്ചുഗീസ് ആധിപത്യത്തിൽ അമരുകയും ചെയ്തു[73].

ഇന്ത്യയിൽ തനിക്കുള്ള സ്ഥാനമാനങ്ങൾ നിലനിർത്തി അധികാരം ശക്തമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പോർച്ചുഗൽ രാജാവ് ഫ്രാൻസിസ് കോ അൽമേടയെ വൈസ്രോയി ആയി 1505-ൽ നിയമിച്ചു. അദ്ദേഹം കണ്ണൂർ, അഞ്ചിദ്വീപ്, മലാക്ക, കൊച്ചി എന്നിവിടങ്ങളിലായി പുതിയ കോട്ടകൾ സ്ഥാപിക്കുകയും പഴയ കോട്ടകളെയൊക്കെ പുന:സംരക്ഷിക്കുകയും ചെയ്തു. സെന്റ് ആഞ്ചലോ എന്നായിരുന്നു കണ്ണൂരിലെ പുതിയ കോട്ടയ്ക്കിട്ട പേര്. കോട്ട നിർമ്മാണവും സംരക്ഷണവുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പരിപാടി.

അപകടം മുൻകൂട്ടി കണ്ട സാമൂതിരി, കോലത്തിരിയുമായി പ്രശ്നത്തിന്റെ ഗൗരവം പറഞ്ഞ് മനസ്സിലാക്കിച്ച് സന്ധിയിലെത്തുകയും അറബികളുടെയും തുർക്കികളുടെയും സഹായത്തോടെ സംയുക്തമായി പോർച്ചുഗീസുക്കാരെ നേരിട്ടു. ഈ വൻ സന്നാഹത്തിനുമുന്നിൽ പോർച്ചുഗീസ് സൈന്യം പരാജയപ്പെട്ടു. ഇതിനുശേഷം 1509-ൽ പോർച്ചുഗീസുകാർ സമുദ്രാധിപത്യം തിരിച്ചു പിടിച്ചു. അൽമേഡ മടങ്ങിപോയതിനുശേഷം അൽഫോസാ ഡി അൽബുക്കർ വൈസ്രോയിയായി സ്ഥാനമേറ്റെടുത്തു. പോർച്ചുഗീസ് വാണിജ്യബന്ധങ്ങൾ ശക്തമാക്കുക എന്നതിലുപരി ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യം പടുത്തുയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം[74]. അതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയില്ല. പിന്നീടദ്ദേഹം തന്ത്രങ്ങൾ മാറ്റുകയും സാമൂതിരിയുമായി ഉടമ്പടിയുണ്ടാക്കുകയും സന്ധിയിലേർപ്പെടുകയും ചെയ്തു.

ഭരണപരിഷ്കരണത്തിന്റെ ഭാഗമായി ഇന്ത്യക്കാരെ സൈന്യത്തിൽ ചേർക്കുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, നീതിന്യായ വ്യവസ്ഥകൾ കർശനമാക്കുക, സതി നിരോധിക്കുക, ഇന്ത്യൻ സ്ത്രീകളുമായുള്ള പോർച്ചുഗീസ് ഉദ്യോഗസ്ഥ വിവാഹം പ്രോത്സാഹിപ്പിക്കുക, ഇന്ത്യയിലുള്ള പോർച്ചുഗീസ് ഭരണ ആസ്ഥാനം കൊച്ചിയിൽ നിന്ന് ഗോവയിലേക്ക് മാറ്റുക തുടങ്ങി ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്ന പല മാറ്റങ്ങളും നടപ്പിൽ വരുത്തുവാൻ അൽബുക്കർക്ക് സാധിച്ചു[75].

അൽബുക്കറിന്റെ മരണശേഷം നിയമിതരായ വൈസ്രോയിമാരെല്ലാം തന്നെ അഴിമതിക്കാരും ദുർബലരുമായിരുന്നു; അതുകൊണ്ടുതന്നെ വൻനേട്ടങ്ങളുണ്ടാക്കുന്നതിന് അവർക്ക് സാധിച്ചതുമില്ല. ഡച്ചുകാരുടെ ആഗമനത്തോടുകൂടി പോർച്ചുഗീസ് സാമ്രാജ്യ സ്ഥാപനത്തിന് തടസ്സങ്ങൾ നേരിട്ടു തുടങ്ങി. ഡച്ചുകാർ പ്രബല ശക്തിയായി മാറിയതോടുകൂടി ഇന്ത്യയിൽ സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള താത്പര്യം പോർട്ടുഗീസ് രാജാവിന് ഇല്ലാതാവുകയും ചെയ്തതോടുകൂടി 1663-ൽ കേരളത്തിലെ പോർച്ചുഗീസ് ആധിപത്യത്തിന് തിരശ്ശീല വീഴുകയായിരുന്നു[76].

### 2.8.2 ഡച്ച് അധിനിവേശം

കേരളത്തിലെ പോർച്ചുഗീസ് വ്യാപാര നേട്ടങ്ങളിൽ ആകൃഷ്ടരായി മറ്റ് യൂറോപ്യൻ രാജ്യങ്ങളെ പോലെ കേരളവുമായി നേരിട്ട് കച്ചവടം നടത്താൻ ഡച്ചുക്കാരും ആഗ്രഹിക്കുകയും അതിനുള്ള ശ്രമഫലമായി അവരതിൽ വിജയിക്കുകയും ചെയ്തു. 1592-ൽ പ്രമുഖ ഡച്ചുവ്യാപാരികളുടെ യോഗത്തിൽ വെച്ച് സ്ഥാപിച്ച ഡച്ച് ഈസ്റ്റിന്ത്യ കമ്പനിയാണ് ആദ്യകാല പര്യടനങ്ങൾ സംഘടിപ്പിച്ചിരുന്നത്. അവർ അഡ്മിറൽ സ്റ്റീഫൻ വാൻ ഹൗട്ട്മാന്റെ നേതൃത്വത്തിലുള്ള സംഘം കിഴക്കൻ രാജ്യങ്ങളിലെത്തി നേരിട്ട് വ്യാപാരമാരംഭിച്ചു. പിന്നീട് അവിടെ ധാരാളം വ്യാപാര സംഘങ്ങളുണ്ടായി. 1602-ൽ ഡച്ച് ഗവൺമെന്റ് ഈ സംഘടനകളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് യുണൈറ്റഡ് ഈസ്റ്റിന്ത്യാ കമ്പനി (വി. ഒ. സി.) രൂപീകരിച്ചു[77].

ജാവയിലും കിഴക്കനേഷ്യൻ ദ്വീപുകളിലും ശ്രീലങ്കയിലുമെല്ലാം സ്വാധീനമുറപ്പിച്ചതിനുശേഷമാണ് യുനൈറ്റഡ് ഈസ്റ്റിന്ത്യാകമ്പനി ഭാരതവുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നത്.

കേരളീയ തുറമുഖങ്ങളിൽ പോർട്ടുഗീസ് ആധിപത്യത്തിന് ഇളക്കം തട്ടി തുടങ്ങിയ കാലത്ത് 1604 ആയപ്പോഴാണ് അഡ്മിറൽ സ്റ്റീവൻ വാൻഡർഹാന്റെ നേതൃത്വത്തിലുള്ള വാണിജ്യ സംഘം കേരളത്തിലെത്തിയത്. പോർച്ചുഗീസ് സംഘത്തിന്റെ ക്രൂരവും പൈശാചികവുമായ അതിക്രമങ്ങളിലും നടപടിക്രമങ്ങളും കേരളീയ ജനതയെയും രാജാക്കന്മാരെയും അലോസരപ്പെടുത്തി. പോർട്ടുഗീസുക്കാരെ തുരത്തിയോടിക്കുവാൻ ആഗ്രഹിച്ചിരിക്കുന്ന വേളയിലാണ് ഡച്ചുകാരുടെ വരവും ഇതോടുകൂടി കേരളീയ രാഷ്ട്രീയസ്ഥിതി ഗതികളിൽ മാറ്റങ്ങൾ പ്രകടമായി. ഡച്ച് സംഘത്തെ പ്രതിരോധിക്കുവാനുള്ള ശേഷി പോർച്ചുഗീസുകാർക്കില്ലെന്ന് മനസ്സിലാക്കിയ ചെറുകിട രാജാക്കന്മാർപോലും അവരെ തള്ളികളയുന്ന കാഴ്ച്ചയാണ് ഉണ്ടായത്. 1608 ഒക്ടോബർ 16 ന് കോഴിക്കോട്ടെത്തിയ ഡച്ചു സംഘം സാമൂതിരിയുമായി സഖ്യം ചെയ്ത് ഒരു ഉടമ്പടി ഉണ്ടാക്കി.

കോഴിക്കോട് കോട്ട കെട്ടുന്നതിനുള്ള അനുവാദവും വാണിജ്യ താമസസൗകര്യങ്ങളും ഈ ഉടമ്പടി ഉറപ്പുനൽകി. സാമൂതിരിയും ഡച്ചുകാരും കൂടിയാലോചിച്ചല്ലാതെ പോർച്ചുഗീസുകാരുമായി ധാരണയിലെത്താൻ പാടില്ലെന്നും ഈ ഉടമ്പടി വ്യവസ്ഥ ചെയ്തു. ഡച്ചുകാരെ കൂട്ടുപിടിച്ച് പോർച്ചുഗീസുക്കാരെ കേരളത്തിൽ നിന്നും തുരത്തിയോടിക്കുകയായിരുന്നു സാമൂതിരിയുടെ ലക്ഷ്യം. ഡച്ചുക്കാരും ഒരു ഇന്ത്യൻ ഭരണാധികാരിയും തമ്മിലുണ്ടായ ആദ്യ രാഷ്ട്രീയ കരാറാണിത്.

1608-ൽ കോഴിക്കോട്ടെത്തിയ അഡ്മിറൽ വെർനോഫ് 1604-ലെ വ്യവസ്ഥകൾ പുതുക്കി ഉടമ്പടിയുണ്ടാക്കി[78]. ഇതിന്റെ അടിസ്ഥാനത്തിൽ ഡച്ചുകാർക്ക് തന്റെ രാജ്യത്ത് വാണിജ്യ സ്വാതന്ത്ര്യം സാമൂതിരി നൽകി. കൂടാതെ ചരക്കുകൾ സൂക്ഷിച്ചുവെക്കുന്നതിന് ഒരു വലിയ പാണ്ടികശാലയും നൽകി. 1610-ൽ കോഴിക്കോടേക്ക് മൂന്ന് ഡച്ചു കപ്പലുകൾ കൂടി വന്നെത്തി. അപ്പോഴും സാമൂതിരിയും ഡച്ചു സംഘവും കരാർ ഉണ്ടാക്കുകയും അതിൽ കോഴിക്കോടുള്ള ഇറക്കുമതിക്കും കയറ്റുമതിക്കും രണ്ടു ശതമാനം ചുങ്കം സാമൂതിരിയ്ക്ക് ഡച്ചുകാർ നൽകാ

മെന്നേറ്റു. 1616-ൽ സാമൂതിരിയെ സന്ദർശിച്ച വാൻഡർ ബ്രൂക്ക് കേരളത്തിലെ നാടുവാഴികളെ സംഘടിപ്പിച്ച് പോർച്ചുഗീസുക്കാർക്കെതിരെ അണിനിരത്താനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും വിജയിച്ചില്ല. 1625-ൽ വാൻ സ്പ്യൂൽറ്റ് സാമൂതിരിയുമായി ചേറ്റുവാ വെച്ച് നടത്തിയ കൂടി കാഴ്ച്ചയുടെ ഫലമായി ഫാക്ടറി നിർമ്മാണത്തിനുള്ള അനുവാദവും മൂവായിരം കണ്ടി കുരുമുളകും ഡച്ചുകാർക്ക് വാഗ്ദാനം നൽകി. ഇങ്ങനെ ഡച്ചുക്കാർ കേരളത്തിൽ ഉയർച്ച നേടുമ്പോൾ പോർച്ചുഗീസ് ശക്തിയ്ക്ക് ഇളക്കം തട്ടി കൊണ്ടിരുന്നു.

കുരുമുളക് വ്യാപാരത്തിന്റെ പൂർണ്ണ കുത്തകാവകാശം ആഗ്രഹിച്ച ഡച്ചുക്കാർ കേരളീയ രാജാക്കൻമാരെ നേരിൽ സന്ദർശിച്ച് ചർച്ചകൾ നടത്താൻ തീരുമാനിച്ചു. 1664-ൽ കൊച്ചിക്കു തെക്കുള്ള രാജാക്കൻമാരെ കണ്ട് കരാറുണ്ടാക്കാൻ ദൗത്യമേറ്റെടുത്ത ക്യാപ്റ്റൻ ന്യൂഹോഫ് ആദ്യം സന്ദർശിച്ചത് കായംകുളം രാജാവിനെയാണ്. അദ്ദേഹം ഹൃദ്യമായ സ്വീകരണത്തോടൊപ്പം ഡച്ച് ഉടമ്പടികളിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. ഡച്ചുക്കാരുടെ പുതിയ ദൗത്യത്തിന് ശുഭാരംഭം കുറിച്ചു. കായംകുളത്തുനിന്ന് പുറക്കാട് (ചെമ്പകശ്ശേരി) എത്തിയ ന്യൂഹോഫിന് അവിടെയും മികച്ച സ്വീകരണം ലഭിച്ചു. അവിടെയുണ്ടാക്കിയ ഉടമ്പടി പ്രകാരം പുറക്കാട് ഒരു ഫാക്ടറി നിർമ്മിക്കാനുള്ള അനുമതി ഡച്ചുകാർക്ക് കിട്ടി. പഞ്ഞി, ഇരുമ്പ്, തകരം, കറുപ്പ്, ചന്ദനത്തടി മുതലായ ഡച്ച് വിഭങ്ങൾക്ക് പകരം കുരുമുളക് നൽകാമെന്നും മറ്റ് യൂറോപ്യൻ ശക്തികളുമായി യാതൊരു ബന്ധവും പുലർത്തില്ലെന്നും ഉടമ്പടി വ്യവസ്ഥ ചെയ്തു. കൊല്ലത്തിനും കായംകുളത്തിനും ഇടയിലുള്ള മരുതൂർ കുളങ്ങരയിലായിരുന്നു ന്യൂഹോഫിന്റെ അടുത്ത സന്ദർശനം. കുരുമുളക് വ്യാപാരത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു ഈ ചെറിയ രാജ്യം. കുരുമുളക് കയറ്റുമതി, കറുവാപ്പട്ട അടർത്തൽ എന്നിവയ്ക്കുള്ള പൂർണ്ണ അവകാശം ഡച്ച് കമ്പനിയ്ക്ക് നൽകണമെന്ന കരാർ അംഗീകരിക്കാൻ മരുതൂർ കുളങ്ങര രാജാവിന് സമ്മതമായിരുന്നില്ല[79]. രാജ്യത്തെ മുഴുവൻ കുരുമുളക്

തണ്ടാർ വാങ്ങാമെന്നും കറുവപട്ടയുടെ കാര്യം രാജാവിന് ഇഷ്ടം പോലെ ചെയ്യാമെന്ന ഇളവ് ചെയ്ത ഉടമ്പടി രാജാവ് അംഗീകരിച്ചു.

1658 ഡിസംബർ 29-ാം തിയ്യതി, പോർച്ചുഗീസ് ശക്തികേന്ദ്രമായ കൊല്ലം കോട്ട വാൻ ഗോൺസിന്റെ നേതൃത്വത്തിലുള്ള സൈന്യം പിടിച്ചെടുത്തു. 1659-ൽ കൊല്ലം റാണിയുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം കൊല്ലം നഗരവും പോർച്ചുഗീസ് അധീനതയിലുള്ള തോട്ടങ്ങളും വസ്തുവകകളും, സുഗന്ധദ്രവ്യങ്ങളുടെ കച്ചവടകുത്തകയും ഡച്ചുകാർക്ക് ലഭിച്ചു. വാൻഗോൺസ് കൊല്ലത്തുനിന്ന് പോയത് ഡച്ചുകാരുടെ നില പരുങ്ങലിലാക്കി. 1659-ൽ പോർച്ചുഗീസ് സമ്പർക്കത്താൽ ഡച്ച് സംഘത്തിന് കൊല്ലത്തുനിന്ന് പിൻമാറേണ്ടി വന്നു. 1661 - ഡിസംബറിൽ കൊല്ലം വാൻഗോൺസിന്റെ നേതൃത്വത്തിൽ തിരിച്ചു പിടിച്ചു. മുൻ വ്യവസ്ഥ പുതുക്കിക്കൊണ്ടുള്ള ഉടമ്പടിയിൽ ഒപ്പുവെച്ചു[80].

പിന്തുടർച്ചാവകാശത്തെ ചൊല്ലിയുള്ള ആഭ്യന്തര കലഹം നടക്കുന്ന കൊച്ചിയിൽ തങ്ങളുടെ മേധാവിത്വം നടപ്പിലാക്കാൻ ഡച്ചുകാർക്ക് എളുപ്പം കഴിഞ്ഞു. പോർച്ചുഗീസ് പക്ഷക്കാരനായ ഇളയതാവഴി തമ്പുരാൻ സിംഹാസനം കൈവശപ്പെടുത്തിയതിനെതിരെ യഥാർത്ഥകിരീടാവകാശികളും മാടമ്പിമാരും പ്രധാനമന്ത്രി പാലിയത്തച്ഛനും തമ്മിൽ അസ്വാരസ്യം നിലനിന്നിരുന്നു. അതിനിടെ പാലിയത്തച്ചൻ രഹസ്യമായി സിലോണിൽ പോയി ഡച്ചുമേധാവിയെ കണ്ടു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവ് ശ്രീലങ്കയിൽ പോയി ഡച്ചുമേധാവിയുടെ സഹായമഭ്യർത്ഥിച്ചു. സാമൂതിരിയുടെയും മറ്റ് രാജാക്കന്മാരുടെയും സഹകരണം ഉണ്ടാവുമെന്ന് മനസ്സിലാക്കിയ ഡച്ച് മേധാവി കൊച്ചിയിലെ രാഷ്ട്രീയ കാര്യങ്ങളിൽ സസന്തോഷം സജീവമായി ഇടപ്പെട്ടു[81].

പോർച്ചുഗീസുകാരുടെ ഏക ശക്തികേന്ദ്രമായ കൊച്ചികോട്ട പിടിച്ചെടുക്കാൻ ശക്തമായ യുദ്ധം നടന്നു. പോർച്ചുഗീസ്ക്കാരുടെ അടിതെറ്റി, ഒടുവിൽ പരാജയം ഉറപ്പായപ്പോൾ പോർച്ചുഗീസ് സൈന്യാധിപൻ കീഴടങ്ങി. കൊച്ചി

കോട്ടയുടെ താക്കോൽ നൽകി. കേരളത്തിൽ പോർച്ചുഗീസ് പ്രതാപത്തിന്റെ അസ്തമയമായിരുന്നു അത്. അതോടെ കൊച്ചി, കണ്ണൂർ, കൊല്ലം എന്നീ കോട്ട കൾക്കുമുകളിൽ ഡച്ച് പതാകകൾ പാറി.

കൊച്ചിയിലെ യുദ്ധശേഷം കൊടുങ്ങല്ലൂർ തങ്ങൾക്ക് വിട്ടുതരാൻ സാമൂതിരി ആവശ്യപ്പെട്ടു. എന്നാൽ അത് നൽകുന്നതിനുമുമ്പുതന്നെ ഡച്ചുകാർ അവിടുത്തെ കോട്ട മുഴുവൻ ഇടിച്ചു നിരത്തി. കൊച്ചിക്കോട്ടയിൽ നിന്ന് പറങ്കികളെ ഒഴിവാക്കിയശേഷം ഡച്ചുകാർ അതു തങ്ങളുടെ കേന്ദ്രമാക്കി. കൊച്ചി രാജാവ് ഡച്ച് മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്തു.

പോർച്ചുഗീസുകാർക്ക് കിട്ടിയതിനേക്കാൾ മികച്ച സൗകര്യങ്ങളാണ് ഡച്ചുകാർക്കിവിടെ ലഭിച്ചത്. അറബികളുടെ ശക്തി നേരത്തെ ക്ഷയിച്ചിരുന്നതുകൊണ്ട് ആഭ്യന്തരവ്യാപാരത്തിലും അവരോട് മത്സരിക്കാനാരുമുണ്ടായിരുന്നില്ല. പോർച്ചുഗീസ്ക്കാരുടെ പരാജയത്തോടെ നാട്ടുരാജാക്കൻമാരുമായി അവരേർപ്പെട്ടിരുന്ന ഉടമ്പടികൾക്കെല്ലാം അവകാശികൾ ഡച്ചുകാർ മാത്രമായി. കണ്ണൂർ, കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം എന്നിവിടങ്ങളിലെ പോർട്ടുഗീസ് കോട്ടകളും സൈനിക താവളങ്ങളും പിടിച്ചെടുത്തതോടുകൂടി കേരളത്തിൽ ഡച്ച് ആധിപത്യത്തിന് അടിത്തറ ഉറച്ചു.

തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ്മ വേണാട്ടിൽ തെറ്റിപിരിഞ്ഞു നിന്ന കുടുംബബന്ധങ്ങളെ ഒന്നിപ്പിച്ചുകൊണ്ടും ചെറിയ ചെറിയ രാജ്യങ്ങൾ കീഴടക്കിയും തന്റെ രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. മാർത്താണ്ഡവർമ്മയുടെ ശക്തി വർദ്ധിച്ചത് ഡച്ച് ശക്തിക്ക് ഭീഷണിയായി[82]. കായംകുളം പിടിച്ചെടുക്കാനുള്ള ശ്രമം ഡച്ചുകാരെ നീരസപ്പെടുത്തി. 1841-ലെ കുളച്ചൽയുദ്ധത്തിൽ ഡച്ചുസംഘത്തെ മാർത്താണ്ഡവർമ്മ പരാജയപ്പെടുത്തി. 1748-ൽ ഡച്ച്-തിരുവിതാംകൂർ സഖ്യഉടമ്പടിയുണ്ടാക്കി. തിരുവിതാംകൂറിലെ അഞ്ചുതെങ്ങിലും ഇടവയിലും വിഴിഞ്ഞത്തുമുള്ള വ്യാപാരശാലകളിൽ തങ്ങൾ പ്രശ്നങ്ങളൊന്നുമുണ്ടാ

ക്കില്ലെന്നും മറ്റ് ഏതെങ്കിലും യൂറോപ്യൻ ശക്തികളുടെ ആക്രമണം തിരുവിതാംകൂറിന് നേരെയുണ്ടായാൽ സഹായിക്കാമെന്നും ഡച്ച് സംഘം ഉറപ്പു നൽകി. ഡച്ച് സംഘത്തിന്റെ ശക്തിക്ഷയിച്ചു കൊണ്ടിരിക്കുന്നതിനുള്ള തെളിവുകൂടിയാണ് ഈ ഉടമ്പടി.

### 2.8.3 ഫ്രഞ്ചുകാർ

തലശ്ശേരിയിൽ 1698-ൽ തന്നെ ഫ്രഞ്ചുകാർ താവളമുറപ്പിച്ചിരുന്നു. പിന്നീട് മാഹി (മയ്യഴി) കേന്ദ്രമാക്കിമാറ്റി. കടത്തനാട്ടുരാജാവിൽ നിന്ന് 1725-ൽ ബെദ്രാൻസ് ഫ്രെങ്കോസ്ഡിലെ ബോണസ് എന്ന് ക്യാപ്റ്റന്റെ നേതൃത്വത്തിലുള്ള സൈന്യമാണ് മയ്യഴി പിടിച്ചെടുക്കുന്നത്. തലശ്ശേരിയിൽ ഇംഗ്ലീഷ് ഈസ്റ്റ്ഇന്ത്യാകമ്പനിയ്ക്ക് ഫ്രഞ്ചുകാർ ശക്തരായ എതിരാളികളായി. നാട്ടുരാജാക്കൻമാരുടെ പിന്തുണയ്ക്ക് ഇരു സംഘവും പ്രവർത്തിച്ചു. ഡച്ചുസേനയുടെ സഹായത്തോടെ കണ്ണൂരിലെ ആലി രാജാവ് കൂട്ടാളിയിലെ ഫ്രഞ്ചുതാവളം ആക്രമിച്ചു. 1730 കളിൽ ഇതുവഴി നാട്ടുനമ്പ്യാന്മാരുമായി മത്സരത്തിലായ ഫ്രഞ്ചുക്കാരെ സഹായിക്കുന്നത് കടത്തനാട് ആണ്. ബ്രിട്ടീഷുകാർ ഫ്രഞ്ചുക്കാർക്കെതിരെ കോലത്തിരി രാജാവിനെയും സഹായിക്കുന്നു. ഇതിനൊടുവിൽ 1739 ആയപ്പോഴേക്കും ഫ്രഞ്ചുശക്തി കോഴിക്കോട്ടും ചേറ്റുവായിലും താവളമുറപ്പിച്ചു. 1741-ൽ വിപുലമായ ഫ്രഞ്ചു സംഘം മാഹിയിലെത്തി. കടത്തനാടുമായി ഏറ്റുമുട്ടൽ നടത്തി ബ്രിട്ടീഷുക്കാരെ ഉപരോധിക്കാൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. തുടർന്ന് ഫ്രഞ്ചുകോട്ടകളും സ്ഥലങ്ങളും ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുത്ത് സന്ധിചെയ്തു. 1756-ൽ യൂറോപ്പിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ നടന്ന യുദ്ധം ഇന്ത്യയിലും അവർ നടത്തി. ഫ്രഞ്ചുതാവളമായ പോണ്ടിച്ചേരി 1761 ലും പിന്നീട് മയ്യഴിയും അവർക്ക് നഷ്ടമായെങ്കിലും യൂറോപ്പിലെ പാരീസ് ഉടമ്പടി പ്രകാരം മയ്യഴി 1765-ൽ ഫ്രഞ്ചുകാർക്ക് തിരിച്ചുകിട്ടി. പിന്നീട് 1954-വരെ മയ്യഴി ഫ്രഞ്ച് അധീനതയിൽ തന്നെയായിരുന്നു[83].

### 2.8.4 ബ്രിട്ടീഷ് അധിനിവേശം

കേരളത്തിലെ പ്രകൃതിവിഭവങ്ങളിലാകൃഷ്ടരായി ഇവിടെയെത്തിയ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച് സംഘങ്ങളെപോലെ വ്യാപാരാവശ്യാർത്ഥം തന്നെയാണ് ഇംഗ്ലീഷുക്കാരും കേരളത്തിലെത്തുന്നത്. 1583-ൽ റാൽഫിച്ച് എന്ന ഇംഗ്ലീഷുക്കാരനാണ് കേരളത്തിലാദ്യമായി എത്തിയത്. 1615-ൽ മൂന്ന് കപ്പലുകളിലായി ക്യാപ്റ്റൻ കീലിംഗിന്റെ നേതൃത്വത്തിൽ കോഴിക്കോട് എത്തിയ ഇംഗ്ലീഷ് വ്യാപാര സംഘം സാമൂതിരിയുമായി വ്യാപാര ഉടമ്പടിയിലേർപ്പെട്ടു. സാമൂതിരിയും രാജ്യത്തിന്റെ വ്യാപാരം നടത്താനുള്ള സ്വാതന്ത്ര്യം ഇംഗ്ലീഷ്ക്കാർക്ക് നൽകിയതിനു പകരം പോർച്ചുഗീസുക്കാർക്കെതിരെ നടത്തുന്ന പോരാട്ടങ്ങളിൽ സാമൂതിരിയെ സഹായിക്കണമെന്ന വ്യവസ്ഥ ഇംഗ്ലീഷുകാർ പാലിച്ചില്ല. പോർച്ചുഗീസ് ആധിപത്യത്തിന്റെ അന്ത്യഘട്ടത്തിൽ ഉണ്ടാക്കിയ ഇംഗ്ലീഷ് പോർച്ചുഗീസ് സന്ധി പ്രകാരം കേരളത്തിലെ പോർച്ചുഗീസ് തുറമുഖങ്ങളിൽ പ്രവേശനം ലഭിച്ചു. 1644 വേണാടുരാജാവിൽ നിന്നും വ്യവസായശാല സ്ഥാപിക്കാനുള്ള അനുവദം കിട്ടിയിരുന്നു. പക്ഷേ പോർച്ചുഗീസ് അധിനിവേശ പ്രദേശങ്ങൾ ഡച്ചുക്കാർ പിടിച്ചെടുത്തത് ഇംഗ്ലീഷുകാർക്ക് തിരിച്ചടിയായി[84]. 1664-ൽ സാമൂതിരിയും വ്യാപാരശാലയ്ക്ക് അനുവാദം നൽകിയിരുന്നെങ്കിലും വിദേശീയരുടെ പ്രവൃത്തികളിൽ പൂർണ്ണസംതൃപ്തനല്ലാത്തതിനാൽ വളരെ കുറച്ച് സ്ഥലം മാത്രമേ അനുവദിച്ചിരുന്നുള്ളു. കോഴിക്കോട് സുഖകരമല്ലാത്ത അനുഭവങ്ങൾ നേരിട്ടതിനാൽ കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിലേക്ക് ഇംഗ്ലീഷുകാർ വ്യാപാരപ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. 1684-ൽ ആറ്റിങ്ങൽ റാണി അഞ്ചുതെങ്ങിൽ വ്യാപാരശാലയ്ക്ക് അനുമതി നൽകി 1690-ൽ അവിടെ കോട്ട കെട്ടാനുള്ള അനുവാദവും ഇംഗ്ലീഷുകാർ നേടിയെടുത്തു. 1695-ൽ കോട്ടയുടെ പണിപൂർത്തിയായി ഇതോടെ ഇംഗ്ലീഷുകാരുടെ ശക്തികേന്ദ്രമായി അഞ്ചുതെങ്ങ് മാറുകയും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്വാധീനം വർദ്ധിക്കുകയും ഇവിടെ ശക്തമായ ഒരടിത്തറ ഉറപ്പിക്കുന്നതിനൊരിടം ആവുകയും ചെയ്തു. സൈനിക സാമഗ്രികളുടെ സംഭരണകേന്ദ്രവുംകൂടി ആയി

അഞ്ചുതെങ്ങ് മാറിയതോടെ വാണിജ്യാഭിവൃദ്ധിയും ഇംഗ്ലീഷുകാർക്ക് വന്നു ചേർന്നു. 1721-ൽ നാട്ടുകാരും ഇംഗ്ലീഷുകാരും തമ്മിൽ വീണ്ടും സംഘട്ടനം നട ന്നു. നാട്ടുക്കാർ ഗണ്ണർ ഇൻസ് കോട്ട ആറുമാസത്തോളം ഉപരോധിച്ചു. തലശ്ശേ രിയിൽ നിന്നും ഇംഗ്ലീഷ് സേന എത്തിയതോടെ ഇത് അവസാനിപ്പിക്കാനായത്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായ ആദ്യ സംഘടിത പ്രക്ഷോഭമെന്ന നിലയിൽ ഈ ആറ്റിങ്ങൽ കലാപം പ്രാധാന്യമർഹിക്കുന്നു. ഈ കലാപത്തിൽ പരാജയപെട്ട ആറ്റിങ്ങൽ റാണി ഇംഗ്ലീഷുകാർ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം ആക്രമണത്തിൽ കമ്പനിക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കേണ്ട ബാധ്യത റാണിക്ക് ഏറ്റെടുക്കേണ്ടി വന്നു[85]. കൂടാതെ കുരുമുളക് കച്ചവടത്തിന്റെ കുത്തകയും താത്പര്യമുള്ളയിടങ്ങ ളിലെല്ലാം വ്യവസായ ശാലകൾ നിർമ്മിക്കാനുള്ള അവകാശവും ഇംഗ്ലീഷുകാർക്ക് ലഭിച്ചു.

1723-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും തിരുവിതാംകൂർ രാജാവും തമ്മി ലുണ്ടാക്കിയ ഉടമ്പടി പ്രകാരം തിരുവിതാംകൂർ രാജാവ് സ്വന്തം ചിലവിൽ കുള ച്ചലിൽ ഒരു കോട്ട കെട്ടി കൊടുക്കാമെന്ന് ഇംഗ്ലീഷുകാരോട് ഏറ്റു. കോട്ടയ്ക്കു വേണ്ട വെടികോപ്പുകളും പീരങ്കികളും ഇംഗ്ലീഷുകാർ നൽകാമെന്നും ഏറ്റു. മാർത്താണ്ഡവർമ്മ യുവരാജാവും അഞ്ചുതെങ്ങിലെ കമാണ്ടർ ഡോക്ടർ അല ക്സാണ്ടർ ഓവും ഇരുവിഭാഗക്കാരുടെ പ്രതിനിധികളായി ഉടമ്പടിയിൽ ഒപ്പുവെച്ചു. ഇതോടുകൂടി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയും തിരുവിതാംകൂറുമായുള്ള ബന്ധം ശക്തമായി[86].

ദക്ഷിണകേരളത്തോടൊപ്പം ഉത്തരകേരളത്തിലും തങ്ങളുടെ അധികാര വിപുലീകരണ ശ്രമങ്ങൾ ബ്രിട്ടീഷുകാർ നടത്തികൊണ്ടിരുന്നു. കോലത്തുനാ ട്ടിലെ ഭരണാധികാരികളുമായി നടത്തിയ ചർച്ചകളിലൂടെ തലശ്ശേരിയിൽ വ്യവ സായ ശാല സ്ഥാപിച്ചു. എന്നാൽ തലശ്ശേരിയിലെ സ്ഥലവാസികളുടെ കടുത്ത എതിർപ്പും സംഘട്ടനവും മൂലം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ പണ്ടകശാ

ലയ്ക്കും സാധന സാമഗ്രികൾക്കും നാശനഷ്ടങ്ങൾ ഉണ്ടായി. ഇതിനെ തുടർന്ന് വടക്കുംകൂർ രാജാവ് തലശ്ശേരിയിൽ കമ്പനിയ്ക്കുവേണ്ടി കോട്ടപണിത് 1708 ആഗസ്റ്റ് 20-ാം തിയ്യതി കമ്പനിക്ക് സമർപ്പിക്കുകയും ചെയ്തു. തുടക്കത്തിൽ ചെറിയ ബുദ്ധിമുട്ടുകൾ കമ്പനിയ്ക്ക് തലശ്ശേരിയിൽ നിന്ന് നേരിടേണ്ടി വന്നെ ങ്കിലും പിന്നീട് വാണിജ്യാഭിവൃദ്ധി നേടുകയുണ്ടായി. 1725-ൽ ഫ്രഞ്ചുപട മാഹി (മയ്യഴി), പിടിച്ചടക്കിയതോടെ ഉത്തരകേരളത്തിൽ ബ്രിട്ടീഷുകാർക്ക് ശക്തമായ എതിർപ്പ് നേരിട്ടു. 1728-ലെ ഉടമ്പടിപ്രകാരം ഇരുകൂട്ടരും സമരസപ്പെട്ട് കഴിയാൻ ധാരണയായി[87]. അപ്പോഴേക്കും കണ്ണൂർകോട്ട കൈവശപ്പെടുത്തിയിരുന്ന ഡച്ച് സംഘത്തിന്റെ ആക്രമണങ്ങൾക്ക് ഇംഗ്ലീഷുകാർ വിധേയരായി.

**2.9 പടയോട്ടങ്ങൾ**

1761-ൽ മൈസൂരിന്റെ ആധിപത്യം കൈയ്യാളിയിരുന്ന ഹൈദ്രർ ആലിക്കും കേരള തീരപ്രദേശത്ത് നിയന്ത്രണങ്ങൾ ലഭിക്കുന്നതിനും കച്ചവടത്തിനുമായി താത്പര്യമുണ്ടായി. ഈ അവസരത്തിൽ കണ്ണൂരിലെ അലിരാജാവിന്റെ ക്ഷണവും കോലത്തിരി രാജാവിന്റെ ചില അസംതൃപ്തരുടെയും ക്ഷണവും ഹൈദ്രർക്ക് ലഭി ക്കുന്നത്. ഇതോടെ മലബാറിലേക്കുള്ള മൈസൂർ പടയോട്ടം യാഥാർത്ഥ്യമായി. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ വലിയ ചലനങ്ങളുണ്ടാക്കിയ ഈ സംഭവം കൊച്ചിയെയും തിരുവിതാംകൂറിനെയും ഇളക്കി മറിച്ചു. അങ്ങനെ കേരള ചരിത്രഗതിയെ തന്നെ മാറ്റി ഹൈദ്രാലിയുടെയും മകൻ ടിപ്പു സുൽത്താന്റെയും പടയോട്ടങ്ങൾ. 1766-ഫെബ്രുവരിയിൽ ആരംഭിച്ച ആക്രമണങ്ങൾക്ക് കണ്ണൂരിലെ അലി രാജാവും മാപ്പിള സേനാനികളുടെയും സഹായം ലഭിച്ചു[88]. കോലത്തുനാടും കോഴിക്കോടും ഹൈദ്രർ ആക്രമിച്ചു. മൈസൂരിന്റെ രാഷ്ട്രീയ വളർച്ച മുന്നിൽ കണ്ട് ധനശേഖരണമായിരുന്നു ഹൈദ്രരുടെ ലക്ഷ്യം. അതിനായി ക്ഷേത്രങ്ങൾ മിക്കതും കൊള്ളയടിച്ച് തകർക്കപ്പെട്ടു. ചീക്കോട് കോയമ്പത്തൂർ പ്രദേശങ്ങളും തങ്ങളുടെ അധീനതയിലാക്കി. വയനാട്ടിൽ ആധിപത്യം ഉറപ്പിച്ചു

വെങ്കിലും മറാത്തികളുടെയും ഇംഗ്ലീഷുകാരുടെയും മൈസൂർ ആക്രമണത്തെ ചെറുക്കാൻ ഹൈദ്രർക്ക് തിരിച്ചു പോവേണ്ടി വന്നു.

മലബാറിൽ തലശ്ശേരി കേന്ദ്രമാക്കിയുള്ള ബ്രിട്ടീഷ് മുന്നേറ്റങ്ങൾ ഹൈദ്രർക്ക് പ്രശ്നങ്ങളുണ്ടാക്കി. കൊച്ചിഭരണാധികാരി വൻതുക കപ്പം കൊടുത്ത് ഹൈദ്രർക്ക് അടിയറവ് പറഞ്ഞു. തിരുവിതാംകൂർ ലക്ഷ്യം വെച്ച ഹൈദ്രർക്ക് ബ്രിട്ടീഷ്-തിരുവിതാംകൂർ സൗഹൃദം തടസ്സമായി. ഹൈദ്രറിന്റെ സാന്നിധ്യം മലബാറിൽ കലാപങ്ങൾക്ക് കാരണമായി. മഖ്ദൂ അലിയുടെ നേതൃത്വത്തിലുള്ള മൈസൂർ സേനയുടെ പരാജയത്തോടെ ടിപ്പു സുൽത്താൻ മലബാറിൽ എത്തി. മലബാറിലെ ജന്മി-നാടുവാഴികൾ മൈസൂർ സന്ധികൾ അംഗീകരിച്ചു. മഞ്ചേരി കുരിക്കളുടെ നേതൃത്വത്തിലുള്ള കലാപം ടിപ്പുവിന്റെ ഭരണത്തെ പ്രതിസന്ധിയിലാക്കി. ചാലിയാർ തീരത്ത് ഫാറൂഖാബാദ് പട്ടണം സ്ഥാപിച്ച് തലസ്ഥാന നഗരമായി മാറ്റാനുള്ള പദ്ധതി ടിപ്പു ആരംഭിച്ചു. ടിപ്പുവിന്റെ പുതിയ റവന്യൂ നടപടികളും റോഡുകളും മലബാർ ജീവിതത്തെ മാറ്റിയെങ്കിലും മലബാറിൽ കലാപങ്ങൾ വർദ്ധിച്ചു വന്നു[89]. അറയ്ക്കൽ ബീവിയേയും മാപ്പിളമാരേയും തന്റെ മകന്റെ വൈവാഹിക ബന്ധത്തിലൂടെ ടിപ്പു വശത്താക്കി. ടിപ്പുവിൽ നിന്ന് രക്ഷനേടുന്നതിനായി കൊച്ചിയിൽ നിർമ്മിച്ച നെടുങ്കോട്ട മൈസൂർ പട്ടാളം തകർക്കുകയും തിരുവിതാംകൂറിനെ ആക്രമിക്കുകയും ചെയ്തു. ബോംബെ മദ്രാസ് എന്നിവിടങ്ങളിലെ സൈന്യത്തിന്റെയും മലബാർ, കൊച്ചി, നാടുവാഴികളുടെയും സഹായത്തോടെ ടിപ്പുവിന്റെ അധീന പ്രദേശങ്ങളിൽ വീണ്ടും കലാപങ്ങളുണ്ടായി. 1792 മാർച്ച് 8 ന് ബ്രിട്ടീഷ് സേന ശ്രീരംഗപട്ടണത്ത് വെച്ച് മൈസൂറിനെ തോൽപ്പിച്ച് സന്ധി ഒപ്പുവെച്ചു. ടിപ്പുവിന്റെ പരാജയത്തോടെ മലബാറും കണ്ണൂരും ബ്രിട്ടീഷ് നിയന്ത്രണത്തിലായി. മൈസൂർ ആക്രമണ ഭീതിയാൽ കൊച്ചിയും തിരുവിതാംകൂറും നേരത്തെതന്നെ ബ്രിട്ടീഷ് നിയന്ത്രണത്തിലായി കഴിഞ്ഞിരുന്നതിനാൽ കേരളം പൂർണ്ണമായി ബ്രിട്ടീഷ് അധീന കോളനിയായി മാറി.

### 2.10 വൈദേശികാധിപത്യത്തിന്റെ ഫലങ്ങൾ

ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലേയും ഒട്ടുമിക്ക രാഷ്ട്രങ്ങളും നൂറ്റാണ്ടുകളോളം ഏതെങ്കിലുമൊരു വൈദേശികാധിപത്യത്തിന് വിധേയമായി കഴിഞ്ഞിരുന്നു. ഇന്ത്യയെ സംബന്ധിച്ച് വൈദേശിക ആധിപത്യം പോർട്ടുഗീസുകാരിൽ തുടങ്ങി ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരിലുമെത്തി നിന്നു. വാണിജ്യ ബന്ധം സ്ഥാപിക്കാനായി കച്ചവടക്കമ്പനികൾ സ്ഥാപിച്ച് കേരള മുൾപ്പെടെയുള്ള പ്രദേശങ്ങളിൽ എത്തിച്ചേർന്നവർ അധികാരദാഹികളായിത്തീരു കയും ചെയ്തു[90]. ദുർബലരും അസംഘടിതരുമായ പ്രാദേശിക രാജാക്കന്മാരെ അധീനതയിലാക്കി സൈനികമായി പരാജയപ്പെടുത്തി സാമ്പത്തിക ഉന്നമനത്തി നായി ഉപദേശിച്ചും കേരളത്തിലാണെങ്കിൽ ശക്തരായ നാട്ടുരാജാക്കന്മാർ ഇല്ലാത്ത അവസ്ഥയും ഉള്ളവർതമ്മിൽ പരസ്പരം കലഹിച്ചുപോരടിക്കുന്നവരും ആയിരു ന്നു. അങ്ങനെ 16-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാണ്ടുവരെ കേരളം കൊളോണി യൽ അധിനിവേശങ്ങളുടെ കാലഘട്ടത്തിലൂടെയാണ് കടന്നുപോയത്[91]. സാമ്പത്തി കവും രാഷ്ട്രീയവുമായ ചൂഷണങ്ങൾക്ക് ഇത്തരം പ്രദേശങ്ങൾ വിധേയമായിട്ടു ണ്ടെങ്കിലും ഭരണം, വിദ്യാഭ്യാസം, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ പല മേഖലകളിലും പല പരിഷ്കരണ പ്രക്രിയയ്ക്കും വിധേയമായി. ഇത്തരം പരിഷ്ക രണ നടപടികൾ അധിനിവേശ ശക്തികൾ നടത്തിയത് അവരുടെ സാമ്പത്തികവും രാഷ്ട്രീയവരുമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെങ്കിലും പിൽക്കാലത്ത് ഇത് കോളനികളുടെ സ്വാതന്ത്ര്യത്തിനും രാഷ്ട്രപുരോഗതിക്കും കാരണമായി ത്തീർന്ന വിലപ്പെട്ട സംഭാവനകളായിരുന്നു[92]. ഇത്തരം നേട്ടങ്ങളെ ഭൗതികമണ്ഡല ത്തിലെ മാറ്റമായിട്ടല്ല വിലയിരുത്തേണ്ടത്. മറിച്ച് ഇത്തരം പ്രദേശങ്ങളിലെ സാംസ്കാരിക സാമൂഹിക ബോധതലങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഫലമായാ ണ്.

വൈദേശികാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലങ്ങളിൽ ഒന്ന് അതിന്റെ വൈജ്ഞാനിക രംഗത്തെ അധിനിവേശമായിരുന്നു. വൈജ്ഞാനിക രംഗത്ത് നടന്നിട്ടുള്ള കൊടുക്കൽ വാങ്ങലുകൾ ഇന്ത്യയെയും പ്രത്യേകിച്ച് കേരള ത്തെയും സാംസ്കാരികമായി രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനം ചെലുത്തി യിട്ടുണ്ട്. ഈ പ്രദേശത്തിന്റെ സാംസ്കാരത്തിലെന്നപോലെ ചരിത്രത്തിന്റെയും ഗതി നിർണ്ണയിക്കുന്നതിൽ കോളണീകരണം സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ സാമൂഹിക അന്തരീക്ഷവും ഭാഷയും രൂപപ്പെടുത്തുന്നതിൽപോലും ഇതിന്റെ സ്വാധീനം ദൃശ്യമാണ്. അച്ചടി മാധ്യമങ്ങളുടെ വികാസം സാംസ്കാരിക മണ്ഡല വികാസത്തിൽ നാഴികക്കല്ലായി മാറി. സാഹിത്യമുൾപ്പെടെയുള്ള മേഖല യിൽ ഈ മാധ്യമത്തിന്റെ ഉപയോഗവും സാധ്യതയും വളരെ വലുതാണെന്ന് മന സ്സിലാക്കി അത് പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങളിൽ കോളനിക്കാർ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. അച്ചടിയുടെ വ്യാപനത്തിലൂടെ അറിവിനെ പ്രാദേശിക തലങ്ങ ളിലെ വ്യക്തിയെ തളച്ചിടുന്നതിന് പകരം വലിയൊരു വായനാകൂട്ടത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞു. അങ്ങനെ പ്രാദേശികമായ ചിന്തകളെ അറിവുകളെ തലമു റകളിലേക്ക് സന്നിവേശിപ്പിക്കാൻ ഇത്തരം മാധ്യമത്തിന് കഴിഞ്ഞു എന്നുള്ളത് വലിയ കാര്യമാണ്. ഒരു കാലത്ത് അറിവ് എന്നുള്ളത് ചിലരുടെ മാത്രം സാംസ്കാ രിക മൂലധനമായി ഒരിടത്ത് തളച്ചിട്ടിരുന്നെങ്കിൽ കോളനീകരണ സാഹചര്യത്തിൽ ആ ജ്ഞാനവ്യവസ്ഥയെ തകർക്കുകയും അറിവിന്റെ ജനാധിപത്യം അല്ലെങ്കിൽ ജനായത്ത വൽക്കരണം നടത്തി. പഴയകാല ജാതി ജന്മി നാടുവാഴിത്ത സാമൂഹിക ചുറ്റുപാടിൽ അറിവുകൾ തളച്ചിടപ്പെട്ടിരുന്നു. അതിന്റെ ഘടനയെന്നത് നിഗൂഢമാ യിരുന്നു. ആ ജ്ഞാനവ്യവസ്ഥയിൽ ഒരു സാധാരണക്കാരന് എത്തിച്ചേരാൻ കഴി യുമായിരുന്നില്ല. എന്നാൽ ആ ഒരു തടങ്കലിൽ നിന്ന് അറിവിനെ മോചിപ്പിക്കാനും പ്രചരിക്കാനും അധിനിവേശത്തിന് കഴിഞ്ഞു എന്നുള്ളത് വളരെ അനുകൂലമായ ഫലമാണ്.

അധിനിവേശത്തിന്റെ ഫലമായി പഴയ ജാതി ജന്മി നാടുവാഴിത്വത്തിന്റെ അടിത്തറക്ക് ഇളക്കം തട്ടുകയും ആധുനിക മുതലാളിത്ത ഘടനയിലേക്ക് സമൂഹം മാറുന്നതിന് ഇത് വഴിതെളിയിച്ചു. എന്നാൽ പ്രാദേശികമായ സംസ്കൃതികളെയും പാരമ്പര്യ ജ്ഞാനത്തെയും അത് പൂർണ്ണമായും തകർത്തെറിഞ്ഞിട്ടില്ല. പല നല്ല വശങ്ങളെയും അധിനിവേശക്കാർ തങ്ങളുടെ സംസ്കൃതിയിലേക്ക് ആഗിരണം ചെയ്ത് പുനരാവിഷ്ക്കരിക്കുകയാണുണ്ടായത്. ആചാരങ്ങൾ, വിശ്വാസങ്ങൾ, കലകൾ, വൈദ്യപാരമ്പര്യം, അനുഷ്ഠാനങ്ങൾ എന്നിവയെല്ലാം തന്നെ പുനക്രമീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ വൈദ്യപാരമ്പര്യം പോലുള്ളവയിൽ അശാസ്ത്രീയത കണ്ട് അതിനെ പാടെ തിരസ്കരിക്കാൻ അവർ തയ്യാറായിരുന്നില്ല. വിദ്യയും വൈദ്യവും മറ്റ് പല ഘടകങ്ങളും മൗലികമായി ജാതി വർണ്ണാധികാരത്തിന്റെ പരിധിയിൽ നിന്ന് മുക്തി നേടിയിരുന്നില്ല. അധിനിവേശത്തിന്റെ ഫലമായി അത്തരം അറിവുകളെ അതിന്റെ യാഥാർത്ഥ്യത്തെ പുറംലോകത്തെത്തിക്കാൻ അച്ചടി മാധ്യമം വഴി കഴിഞ്ഞു. അതുവരെ അറിവ് എന്നത് ദൈവികമാണെന്നും നിഗൂഢമാണെന്നും സാമാന്യജനത്തിന് അന്യമായ ഭാഷയിൽ ഒതുക്കപ്പെട്ടതുമാണെങ്കിൽ അതിനെ സർവ്വജന പ്രാപ്യമാക്കുന്നതിൽ കോളനീകരണത്തിന് കഴിഞ്ഞു.

### 2.11 ഉപസംഹാരം

സുദീർഘവും സംഭവബഹുലവുമായ ഒരു അധിനിവേശ ചരിത്രമാണ് കേരളത്തിനുള്ളത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പ്രകൃതി സമ്പത്തും അധിനിവേശങ്ങളുടെ വേദിയാക്കി കേരളത്തെ മാറ്റുകയായിരുന്നു. ഇത് ഒരു ജനസമൂഹത്തെയും അവരുടെ സാംസ്കാരിക, സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തെയും നിർണ്ണായകമായി സ്വാധീനിക്കുകയുണ്ടായി. സർവ്വതലസ്പർശിയായ ഒരു സാംസ്കാരിക അധിനിവേശമാണിവിടെ നടന്നത്. ഗോത്രങ്ങളായി നിവസിച്ചിരുന്ന ആദിമവാസികളിലേക്ക് ദ്രാവിഡൻമാർ കടന്നുവന്നതോടുകൂടി ആശയവിനിമയത്തിനുള്ള ഒരു പൊതുഭാഷാക്രമം രൂപപ്പെട്ടു. തെലുങ്ക്, തമിഴ്, കന്നട ഭാഷ

കളെപ്പോലെ മലയാളവും ദ്രാവിഡാധിനിവേശത്തിന്റെ ഫലമാണ്. അതിന്ശേഷം വന്ന ആര്യൻമാരുടെ ബ്രാഹ്മണമേധാവിത്ത്വത്തിലധിഷ്ഠിതമായ ചാതുർവർണ്ണ്യ വ്യവസ്ഥിതി കൊണ്ടുവരികയും ജാതിരഹിത ജീവിത ശൈലി പുലർത്തിപ്പോന്നിരുന്ന ജനങ്ങളുടെ ഇടയിലേക്ക് വിഭാഗീയതയുടെ വലിയ പരിക്കാണ് ഏൽപ്പിച്ചത്. വാണിജ്യബന്ധം സ്ഥാപിക്കാനായിരുന്നു പിന്നീട് വന്ന അറബികൾ, അസ്സീറിയക്കാർ, ബാബിലോണിയക്കാർ, ചൈനക്കാർ, ഫിനീഷ്യൻമാർ, ഗ്രീക്കുകാർ, റോമാക്കാർ എന്നിവർ ശ്രമിച്ചത്. കേരളത്തിന്റെ സാംസ്കാരിക ചരിത്രം മാറ്റിമറിച്ചു കൊണ്ട് ക്രിസ്തുമതം, ഇസ്ലാം മതം, യഹൂദമതം എന്നിവ പ്രചരിക്കാൻ ഈ ബന്ധങ്ങൾ വഴിവെച്ചു. കച്ചവടത്തിന് വന്ന് കൊളോണിയൻ ആധിപത്യം സ്ഥാപിച്ച ശക്തികളായ പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിവർ ഈ പ്രദേശത്തിന്റെ പ്രകൃതിയേയും സമ്പത്തിനേയും വലിയ തോതിൽ ചൂഷണ വിധേയമാക്കി രാഷ്ട്രീയാധികാരം സ്ഥാപിച്ചു. ഹൈദരാലിയുടെയും ടിപ്പുവിന്റെയും പടയോട്ടങ്ങൾ കേരളചരിത്രത്തെ സ്വാധീനിച്ച ചരിത്രസംഭവങ്ങളായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും വിദ്യാഭ്യാസം, ഭരണസംവിധാനങ്ങൾ, കലാലയങ്ങൾ, ആശുപത്രികൾ, ഗതാഗത സൗകര്യങ്ങൾ, സാംസ്കാരിക വിനിമയങ്ങൾ, ജീവിത ക്രമങ്ങൾ എന്നിവയിൽ വലിയ തോതിലുള്ള പുരോഗതിയുണ്ടാക്കാൻ ഈ അധിനിവേശങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## ഗ്രന്ഥസൂചി

1. സിദ്ധീഖ്, എം. എ. (2010). ആഗോളീകരണവും മലയാള ചെറുകഥയും. തിരുവനന്തപുരം: കേരളസർവ്വകലാശാല. പുറം 55.
2. അനിൽ കെ. എം. (2004). ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴിക്കോട് : പാപ്പിയോൺ. പുറം 79.
3. പണിക്കർ, കെ. എൻ. (2016). ചരിത്രത്തിന് സംഭവിക്കുന്നത്. കോഴിക്കോട് 4: പ്രോഗ്രസ്സ് പബ്ലിക്കേഷൻ. പു. 34.
4. അനിൽ കെ. എം. (2004). ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴിക്കോട് : പാപ്പിയോൺ. പുറം 121.
5. സിദ്ധീഖ്, എം. എ. (2010). ആഗോളീകരണവും മലയാള ചെറുകഥയും. തിരുവനന്തപുരം: കേരളസർവ്വകലാശാല. പുറം 40.
6. അനിൽ, കെ. എം. (2004). ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴിക്കോട് : പാപ്പിയോൺ. പുറം 34.
7. ഹരിദാസൻ, എൻ. സി. (1995). സാംസ്കാരികാധിനിവേശം - പ്രാചീന കേരളപശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഒരന്വേഷണം (ഭാഷാസാഹിതി, പുറം 19, ലക്കം 2). തിരുവനന്തപുരം : മലയാളവിഭാഗം, കേരള സർവ്വകലാ ശാല. പുറം 52.
8. അനിൽ, കെ. എം. (2004). ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴിക്കോട് : പാപ്പിയോൺ. പുറം 43.
9. പണിക്കർ, കെ. എൻ. (2010). സംസ്ക്കാരവും ദേശീയതയും. തൃശൂർ : കറന്റ് ബുക്സ്. പുറം 23.
10. ഗണേഷ്, കെ. എൻ. (2002). കേരള സമൂഹ പഠനങ്ങൾ. പത്തനംത്തിട്ട : പ്രസക്തി ബുക്സ് ഹൗസ്.
11. പരമേശ്വരപിള്ള, എരുമേലി. (1996). മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം : കറന്റ് ബുക്സ്. പുറം 22.
12. ശ്രീനാഥൻ, എം. (2006). കേരളത്തിലെ ഭാഷകൾ. തിരുവനന്തപുരം : അന്താ രാഷ്ട്ര പഠന കേന്ദ്രം, പുറം 23.
13. പരമേശ്വരയ്യർ ഉള്ളൂർ, എസ്. (1990). കേരള സാഹിത്യ ചരിത്രം വാല്യം (ഒന്ന്). തിരുവനന്തപുരം : കേരള സർവ്വകലാശാല, പുറം. 88.
14. അഖില വിജ്ഞാന കോശം (വാല്യം നാല്). (1998). കോട്ടയം : ഡി. സി. ബുക്സ്, പുറം 28.
15. തോമസ് ഐസക്, ടി. എം. (1987). കേരളം മണ്ണും മനുഷ്യനും. തൃശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, പു. 51.
16. ശശിഭൂഷൺ എം. ജി. (1988). 'വാസ്തു വിദ്യ', കേരള വിജ്ഞാന കോശം. (എ ഡി.), ടി. കെ. കൊച്ചു നാരായണൻ, തിരുവനന്തപുരം : ദേശബന്ധു പബ്ലിക്കേ ഷൻസ്,പുറം 864.
17. കുഞ്ചുണ്ണി രാജ. (2015). മലയാള ഭാഷയെപറ്റി എല്ലിസിന്റെ ലേഖനം. (മലയാളഭാ ഷ, ചരിത്രം (എഡി.), തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു. 84.
18. തോമസ് ഐസക്. (1987). കേരളം മണ്ണും മനുഷ്യനും. തൃശ്ശൂർ : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, പുറം 56.
19. ബാലമോഹനൻ തമ്പി, ജി. (1989). സംസ്കാരം : ഒരു നിർവചനം, സംസ്കാര കേരളം. ജനുവരി - മാർച്ച്, പുസ്തകം 3 ലക്കം 1 പുറം 103.

20. Williams Reymond. (2009). Cultural and society 1780 – 1950. London: The Hogarth Press 1958 Hoggart, Richard. The uses of Literacy: Aspects of working class life. London: Penguin Moden Classics.

21. പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം. (1695). ശബ്ദതാരാവലി. കോട്ടയം. സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്സ്റ്റാൾ.

22. Williams, Raymond. (2004). Television: Technology and Cultural Form. First Iian Reprint, London: Routledge p. 87.

23. The New Encyclopedia Britanica. (1974). Macropaedic Volume, 4, p.657.

24. പ്രഭാകരവാര്യർ, കെ. എം. (1998). തെളിച്ചവും വെളിച്ചവും. കോഴിക്കോട് : കാലിക്കറ്റ് സർവ്വകലാശാല പു. 109.

25. Danesi, Marcel. Dictionary of Media and Communications USAO M. E. Shape.

26. Romila Tapper, Cultural Transaction and Early India: Tradition and patronage Oxford University, p.7.

27. സ്കറിയ സക്കറിയ. (2011). സംസ്കാരപഠനം: ശുകപുരം: വള്ളത്തോൾ വിദ്യാപീഠം. പുറം 10.

28. അനിൽ കെ. എം. (2017). സാംസ്കാരിക നിർമ്മിതി, കോഴിക്കോട് : പ്രോഗ്രാം ബുക്സ്, പുറം 210.

29. ഗോവിന്ദപിള്ള, പി. (2011). സാംസ്കാരിക പഠനം : പുതുമ, പഴമ, പ്രസക്തി, സംസ്കാരപഠനം : ചരിത്രം, സിദ്ധാന്തം, പ്രയോഗം (ed) മലയാള പഠനസംഘം, ശുകപുരം : വള്ളത്തോൾ വിദ്യാപീഠം. പുറം 31.

30. ഷീബ, എം. കുര്യൻ. (1997). അടിത്തറ/ഉപരിഘടനം മാക്സിസം മുതൽ സാംസ്കാരിക പഠനംവരെ. തിരുവനന്തപുരം : ഭാഷാസാഹിതി (ഏപ്രിൽ - ജൂൺ) ലക്കം 21, പു. 86.

31. രവീന്ദ്രൻ, പി. പി. (2013). സംസ്കാര പഠനം ഒരു ആമുഖം. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പുറം 27.

32. രവീന്ദ്രൻ, പി. പി. (2013). സംസ്കാര പഠനം ഒരു ആമുഖം. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പുറം 71.

33. രാമചന്ദ്രൻ, ടി. കെ. (2006). കേരളത്തിലെ സാസ്കാരിക രംഗം ഒരു മാക്സിയൻ വിശകലനം. കാഴ്ചയുടെ കോയ്മ. കോഴിക്കോട്: മാതൃഭൂമി ബുക്സ്. പുറം 45.

34. അനിൽ, കെ. എം. (2017). സംസ്ക്കാര നിർമ്മിതി. കോഴിക്കോട് : പ്രോഗ്രസ്സ് ബുക്സ്. പുറം 85.

35. ഗോവിന്ദപിള്ള, പി. (2011). സാംസ്കാരിക പഠനം: പുതുമ, പഴമ, പ്രസക്തി, സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം (ed) മലയാള പഠനസംഘം, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം. പുറം 31.

36. പോക്കർ, പി. കെ. (2010). അവസാനമില്ലാത്ത പ്രത്യയശാസ്ത്രം. പ്രത്യയശാസ്ത്രം ലൂയി അൽത്തൂസർ, കോഴിക്കോട്: പ്രോഗ്രസ്. പുറം. 5.

37. ഗോവിന്ദപിള്ള, ഇ. എം. എസ്. (2008). പി. ഗ്രാംഷിയൻ വിചാര വിപ്ലവം. അഞ്ചാംപതിപ്പ്, തിരുവനന്തപുരം : ചിന്ത. പു. 8.

38. രവീന്ദ്രൻ, പി. പി. (2013). സംസ്കാര പഠനം ഒരു ആമുഖം. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പുറം 17.

39. Williams Reymond. (1998). What is Culture, John Story (ed) Amoid A member of the Hodder Head line Group. New York: p.1.

40. ഗോവിന്ദപിള്ള, പി. സാംസ്കാരിക പഠനം: പുതുമ, പഴമ, പ്രസക്തി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 34.

41. പവിത്രൻ, പി. സംസ്കാരപഠനത്തിന്റെ മൂന്നാം ലോകവഴി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 62.

42. മധു, ടി. വി. സാംസ്കാരിക പഠനങ്ങൾ: രീതിശാസ്ത്ര പരമായ ഒരു പുനർവിഭാവനം, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 181.

43. സുനിൽ, പി. ഇളയിടം, സംസ്കാര വിമർശം: മർക്സിസ്റ്റ് പാഠങ്ങൾ, ചരിത്രം സംസ്കാരപഠനം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 132.

44. നിസാർ, അഹമ്മദ്, സാംസ്കാരിക പഠനങ്ങൾ എന്താണ് ചെയ്യുന്നത്, സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 194.

45. സുനിൽ,. പി. ഇളയിടം. (2011). സംസ്കാര വിമർശം: സാധ്യതകളും ബാധ്യതകളും, ദേശാഭിമാനി 27, നവംബർ.

46. Gupta, Neelanjana. (2004). Approches in Literary Theory Delhi. World View.

47. സുനിൽ, പി. ഇളയിടം (2007). ഉരിയാട്ടം, കോട്ടയം: ഡി. സി. ബുക്സ്.

48. ബാലകൃഷ്ണൻ, പി കെ. (1987). ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, കോട്ടയം: ഡി. സി. ബുക്സ്. പുറം 36.

49. ശാന്താ തുളസീധരൻ. (2016). കേരളത്തിലെ ആദിവാസി സംസ്ക്കാരങ്ങൾ സമ്പൂർണ്ണ പഠനം : തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 22.

50. Gordon Childe. (2016). What happened in History. Delhi: A Kar Books, p.53.

51. ശിവശങ്കരൻ നായർ, കെ. (2017). പ്രാചീന കേരളത്തിന്റെ ചരിത്രം. കോട്ടയം : ഡി. സി. ബുക്സ്.

52. Raymond & Bridget Allchin. (1968). The Birth of Indian Civilization. India: Penguin, p.200.

53. Raymond Bridget Allchi. (1968). The Birth of Indian Civilization. India: Penguin. p.165.

54. ഗോപാലകൃഷ്ണൻ, പി. കെ. (2000). കേരളത്തിന്റെ സാംസ്കാരിക ചരിത്രം, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 38.

55. Panikkar, K.M. A Hitory of Kerala, Annamalai Nagar: Annamalai University Press, 1960, p.131.

56. ബാലകൃഷ്ണൻ, പി കെ. (1987). ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും. കോട്ടയം: ഡി. സി. ബുക്സ്, പുറം 300.

57. ബാലകൃഷ്ണൻ, പി.കെ. (1987). ജാതിവ്യവസ്ഥയും കേരള ചരിത്രവും. കോട്ടയം: ഡി.സി. ബുക്സ്, പുറം 209.

58. Madhavan, K.S. (2001). Self Perception of Jathi in Pre-Colonial Keralam . Calicut University Research Journal, p.33.

59. Mammeen, K. (1942). Kerala Culture : Its Genesis and Early History, City Press, p.94.

60. ശ്രീനാഥൻ, എം. (2006). കേരളത്തിലെ ഭാഷകൾ. തിരുവനന്തപുരം : അന്താ രാഷ്ട്ര പഠന കേന്ദ്രം, പുറം 13.

61. ഗണേഷ്, കെ. എൻ. (1997). കേരളത്തിന്റെ ഇന്നലെകൾ. തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. പുറം 205.

62. ബാലകൃഷ്ണൻ, പി.കെ. (1987). ജാതിവ്യവസ്ഥയും കേരള ചരിത്രവും. കോട്ടയം: ഡി.സി. ബുക്സ്,പുറം 23.

63. ബാലകൃഷ്ണൻ, പി കെ. (1987). ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും. കോട്ടയം: ഡി. സി. ബുക്സ്,പുറം 31.

64. Donald. F. (1968,). Lach, India in the Eyes of Euroup, Chicago: University of Chicago, 347.

65. Joshi P.C. Article on the remembered village : Insights into an Agrarian Civilisation, Social Structure and Change, Vol.I, p.127.

66. Bastian, A.L., Ed. (1975). A Cultural History of India, New Delhi: Oxford University Press, p.337.

67. Punnan, T.I. (1978). Dutch begemony in Malabar and its collapse. Trivandrum: Kerala University.

68. Sreedhara Menon, A. (2000). A Survey of History, Madrass: S. ViswanathPublishers, p.220.

69. Chopra, P.N., Ravindran T.K. (1979). History of South India: New Delhi, S. Chand & Company. p.1.

70. Majumdhar R.C. Ed. (1981). The History and Culture of the Indian People – British Paramountey and Indian Renaissance, Part II, Bombay: Barathiya Vidhya Bhavan. p.31.

71. വേലായുധൻ പണിക്കശ്ശേരി (2004). പോർച്ചുഗീസ് - ഡച്ച് ആധിപത്യം കേരള ത്തിൽ. കോട്ടയം : കറന്റ് ബുക്സ്. പുറം 110.

72. ഗോപാലകൃഷ്ണൻ മലയിൻകീഴ്. (2012). കേരളം ലോക ചരിത്ര സംഭവങ്ങളിലൂ ടെ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു. 89.

73. രാഘവവാര്യർ, എം. ആർ. മധ്യകാല കേരളം. തിരുവനന്തപുരം :ചിന്താ പബ്ലിക്കേ ഷൻസ്, പുറം 101.

74. തോമസ്, പി. ജെ. (1961). മലയാള സാഹിത്യവും ക്രിസ്ത്യാനികളും, കോട്ടയം : എൻ. ബി. എസ്. രണ്ടാം പതിപ്പ്, പുറം 79.

75. ഗോപാലകൃഷ്ണൻ, പി. കെ. (1995). കേരളത്തിന്റെ സാംസ്കാരിക ചരിത്രം. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 507.

76. Panikar, K.M. (1960). A History of Kerala, Annamalai Nagar: Annamalai University Press, p.131.

77. Sreedhara Menon, A. (1978). A Cultural Heritage of Kerala, East West Publication Pvt. Ltd., p.47.

78. പുന്നൻ, ടി. ഐ. (1965). ലന്തക്കാർ കേരളത്തിൽ, കോട്ടയം : എൻ. ബി. എസ്.

79. Kusuman, K.K. (1987). A History of Trade and Commerce, Delhi: p.81.

80. ശ്രീധരമേനോൻ, എ. (1964). കേരള ചരിത്രം. കോട്ടയം : ഡി. സി. ബുക്സ്, പുറം 117.

81. Achutha Menon, C. (1964). The Cochin State Manual, Ernakulam, x p.97.

82. Chopra, P.N., Ravindran, T.K., Subrahmaniyan N. (1972). History of South India, Vol.111, New Delhi, S. Chand Company Limited. p.2.

83. Padmanabha Menin, K.P. (1924). History of Kerala: A vols, Ernakulam : p.37.

84. Saldhana, S. "First Englishman in India (Art)," Journal of the Bombay Brach of the Royal Asiatic Society, Vol.xxii, p.209.

85. Eapen, K.V. (1985). Church Missionary: Society and Education in Kerala. Kottayam: Kollet Publications. p.27.

86. Kurup, K.K.N. (1988). Nationalism and Social Change, The role of Malayalam Literature, Thrissur: Kerala Sahithya Academy, p.39.

87. Foster, W. (1973). Letters to the English East India Company, Vol.4, 64 and Kerala History Association, Kerala Charitram (Mal.), Vol.1, Ernakulam: p.629.

88. George Mathew (1989). Communal Road to Secular Kerala, New Deli: Concept Publishing House p.33.

89. Ram Ahuja. (1999). Society in India, Cocepts, Theories and Changing Trends. New Delhi: Rawat Publication, 18.

90. Sreedhara Menon, A. (2000). A Survey of History. Madrass: Madrassi Viswanath Publishers, p.329.

91. Yesudas, R.N. (1977). Colonel John Mundro in Travancore, Kerala Historical Society, p.20.

92. Bastian, A.L. ed. (1975). A Cultural History of India New Delhi: Oxford University Press, p.387.

# അധ്യായം 3

# മലയാളലിപി ഹോർത്തൂസ് മലബാറിക്കസ്സിൽ

## 3.1 ആമുഖം

ഒരു സാമൂഹ്യജീവി എന്ന നിലയിൽ ആശയങ്ങൾ പരസ്പരം കൈമാറുക എന്നത് മനുഷ്യന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട അവശ്യഘടകമാണ്. ആശയങ്ങൾ കൈമാറുന്നതിന് മനുഷ്യർ ഉപയോഗിച്ചു വരുന്ന ശബ്ദശേഖരമാണ് ഭാഷ[1]. ഉച്ചരിക്കുന്ന ശബ്ദമായ വർണ്ണത്തെ സൂചിപ്പിക്കുന്ന രേഖാ സങ്കേതമാണ് ലിപി[2]. നാഗരികതയുടെ ആരംഭത്തോടെയാണ് എഴുത്ത് വിദ്യ ആരംഭിച്ചത്. ഗുഹാചിത്രങ്ങളിലും മറ്റും കാണപ്പെട്ട എഴുത്തിന്റെ ആദ്യ രൂപം ആയിരക്കണക്കിന് വർഷമെടുത്ത് പടിപടിയായി ഇന്നത്തെ നിലയിലേക്ക് എത്തിച്ചേർന്നതാണ്. ഒരു സമൂഹത്തിന്റെ സംസ്കാരം രൂപപ്പെടുത്തുന്നതിന് ഭാഷയും ലിപിയും സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആശയവിനിമയോപാധി എന്നതിലുപരി മനുഷ്യസമൂഹത്തിന്റെ മൊത്തത്തിലുള്ള വ്യവഹാരങ്ങളെയും ഉൾക്കൊള്ളുന്നുണ്ടത്. ഈ സവിശേഷതകളുടെ ആകെത്തുകയാണ് ആ സമൂഹത്തിന്റെ സംസ്കാരം. ഓരോ ഭാഷയും പ്രതിനിധാനം ചെയ്യുന്നത് ആ പ്രദേശത്തിന്റെ സാംസ്കാരിക ജീവിതത്തെയാണ്[3]. അതിന്റെ അടയാളപ്പെടുത്തലാണ് യഥാർത്ഥത്തിൽ ലിപിയിലൂടെ സാധ്യമാകുന്നത്. ഭാഷകളുടെയും ലിപികളുടെയും പരിണാമ കാലഘട്ടത്തിലെ വിജ്ഞാനത്തെ അടയാളപ്പെടുത്തുകയാണ് ലിപി നിർവഹിക്കുന്ന ചരിത്രപരമായ ദൗത്യം. ആ നിലയിൽ മലയാള ലിപി ആദ്യമായി അച്ചടിച്ച ഗ്രന്ഥമെന്ന നിലയിൽ മലയാളിയുടെ സാംസ്കാരിക ചരിത്രത്തിൽ സുപ്രധാനമായ ഇടമാണ് ഹോർത്തൂസ് മലബാറിക്കസ്സിനുള്ളത്. മലയാള ലിപിയുടെ വിന്യാസം എത്രത്തോളം ആ ഗ്രന്ഥത്തിലുണ്ടെന്ന് മനസ്സിലാക്കി ഹോർത്തൂസ് മലബാറിക്കസ്സിനെ

ഒരു സാംസ്കാരിക പാഠമെന്ന നിലയിൽ പഠന വിധേയമാക്കുകയാണ് ഈ അധ്യായത്തിൽ.

### 3.2 മലയാളഭാഷയും ലിപിയും

സാംസ്കാരിക പുരോഗമനത്തിന്റെ സുപ്രധാനമായ ഘട്ടമാണ് ഭാഷയുടെയും അത് രേഖപ്പെടുത്തി വയ്ക്കാനുള്ള അടയാളങ്ങളായ അക്ഷരങ്ങളുടെയും രൂപീകരണം. മാനവസംസ്കാരത്തിന്റെ വളർച്ചയിലും മനുഷ്യൻ ഇന്നേവരെ കൈവരിച്ച നേട്ടങ്ങളിലും ഭാഷയ്ക്കും എഴുത്തിനുമുള്ള സ്ഥാനം നിസ്തുലമാണ്. 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പണ്ഡിതൻമാരുടെ ഇടയിൽ ചർച്ച ചെയ്തിരുന്ന ഒരു പ്രധാന വിഷയമായിരുന്നു ഭാരതത്തിലെ ഭാഷയുടെയും എഴുത്തുവിദ്യയുടെയും ഉത്ഭവം. പുരാവസ്തുക്കളും ചരിത്രരേഖകളും പ്രാചീന കൃതികളും പാരമ്പര്യങ്ങളും ഭാരതത്തിലെ എഴുത്തുവിദ്യയ്ക്ക് പുരാതനമായ ഒരു ചരിത്രമുണ്ടെന്ന് വ്യക്തമാക്കുന്നു[4]. പ്രാചീനരേഖകൾ കൃത്യമായി വായിച്ചു മനസ്സിലാക്കാനും അവയെ വിശകലനം ചെയ്ത് ചരിത്രസത്യങ്ങൾ പലതും കണ്ടെത്താനും ഭാഷയുടെയും ലിപിയുടെയും ചരിത്രപഠനങ്ങൾ സഹായിക്കുന്നു. അതിപ്രാചീനകാലത്തുതന്നെ മനുഷ്യൻ ഭാഷണചാതുര്യം നേടിക്കഴിഞ്ഞിരുന്നെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതാനും ചില ഭാഷകൾ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അവയുടെ ഗോത്രത്തിൽപ്പിറന്ന് അനേകം ശതവർഷങ്ങളിലെ പരിശ്രമഫലമായി അഭിവൃദ്ധിപ്പെട്ടിട്ടുള്ളതാണ് ഇന്നുള്ള ഭാഷകളെല്ലാം. ഇന്ത്യയിലിന്നു പ്രചാരത്തിലുള്ള ബഹുഭൂരിപക്ഷം ഭാഷകളും ഇൻഡോയൂറോപ്യൻ, ദ്രാവിഡം എന്നീ പ്രാചീനഭാഷാഗോത്രങ്ങളിൽ നിന്നും ജനിച്ചവയാണ്[5]. ഇരുപത്തിയഞ്ച് ശതമാനത്തോളം ഇന്ത്യാക്കാർ സംസാരിക്കുന്നത് ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷകളാണ്. തമിഴ്, മലയാളം, കന്നട, തെലുങ്ക് എന്നിവയ്ക്കുപുറമെ ഇരുപതിലധികം ദ്രാവിഡഭാഷകൾ ഇന്ത്യയിൽ പലയിടത്തായി ചിതറിക്കിടപ്പുണ്ട്. ആദിദ്രാവിഡമെന്നും, മൂലദ്രാവിഡമെന്നും

ഭാഷാചരിത്രകാരന്മാർ വിളിക്കുന്ന മൂലഗോത്രമാണ് ഇന്നുള്ള വികസിതവും അവികസിതവുമായ എല്ലാ ദ്രാവിഡഭാഷകളുടെയും മൂലഗോത്രം[6]. ഈ മൂലഗോത്രത്തെ അവ നിലനിന്നിരുന്ന പ്രദേശം, പ്രത്യേക സ്വഭാവം, സ്വതന്ത്രഭാഷയായി രൂപപ്പെട്ടകാലം എന്നിവയുടെ അടിസ്ഥാനത്തിൽ ഉത്തരദ്രാവിഡം, മദ്ധ്യദ്രാവിഡം, ദക്ഷിണദ്രാവിഡം എന്നിങ്ങനെ മൂന്നു ശാഖകളായി വിഭജിച്ചിരിക്കുന്നു. ബ്രാഹൂയി, ഗോണ്ഡി തുടങ്ങിയ ഭാഷകൾ ഉത്തരമൂലദ്രാവിഡത്തിൽ നിന്നും, തെലുങ്ക് മദ്ധ്യദ്രാവിഡത്തിൽ നിന്നും, മലയാളം, തമിഴ്, കന്നട, തുളു, കൂർഗ്ഗ് തുടങ്ങിയ ഭാഷകൾ ദക്ഷിണ മൂലദ്രാവിഡത്തിൽ നിന്നും വേർപെട്ടുണ്ടായവയാണ്[7].

ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷയാണ് മലയാളമെന്നതിൽ ഇന്നാർക്കും തർക്കമില്ലെങ്കിലും ഈ ഭാഷ ഏതു സാഹചര്യത്തിലാണുണ്ടായതെന്ന കാര്യത്തിൽ വിഭിന്നമായ അഭിപ്രായങ്ങളാണുള്ളത്. മിക്ക ഭാഷാഗവേഷകരും അവരവർക്കുചിതമെന്നു തോന്നിയ ശാസ്ത്രീയ ചിന്താപദ്ധതികളിലൂടെ ചില നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. മലയാളഭാഷയുടെ വികാസ പരിണാമങ്ങൾക്ക് അന്യഭാഷകൾ പലതും സഹായകമായിത്തീർന്നിട്ടുണ്ട്. എന്നാൽ ആദ്യകാലത്ത് പ്രധാനമായും സഹായിച്ചിട്ടുള്ളത് തമിഴും സംസ്കൃതവുമാണ്. ആയതിനാൽ മലയാളഭാഷയുടെ ഉൽപ്പത്തിക്ക് ഹേതുവായിത്തീർന്ന ഭാഷകളാണിവയെന്ന് വ്യത്യസ്തവീക്ഷണത്തിലൂടെ അവതരിപ്പിക്കുവാനും അതിനുപോദ്ബലകമായ യുക്തികൾ ഉന്നയിക്കുവാനുമാണ് നമ്മുടെ പ്രമുഖഭാഷാപണ്ഡിതന്മാരധികവും ശ്രമിച്ചിട്ടുള്ളത്.

18-ാം ശതകത്തിന്റെ അന്ത്യപാദങ്ങളിൽ പാശ്ചാത്യ നാടുകളിൽ ഭാഷയെപ്പ റ്റിയുള്ള ശാസ്ത്രീയ ചിന്തകൾ ആരംഭിച്ചിരുന്നു. യൂറോപ്പിൽ ഉദയം ചെയ്ത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് വ്യാപിച്ച സംസ്കാരാന്വേഷണം പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കേരള സംസ്കൃതിയുടെ അന്വേഷണ വീഥികളി

ലേക്കും വ്യാപിച്ചു. മിഷണറിമാർക്ക് തങ്ങളുടെ മതപ്രചരണപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അവ സാധാരണക്കാരായ തദ്ദേശവാസികളിൽ എത്തിക്കുന്ന തിനുമായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വിവിധ ദേശീയ ജനതകളുടെ ഭാഷയും അവരുടെ പൂർവ്വ സംസ്കൃതിയും പഠിക്കേണ്ടത് ഒരാവശ്യമായി തീർന്നു. ഭാഷാ പഠനരംഗത്ത് കാൽഡ്വലിനെയും ഗുണ്ടർട്ടിനെയും പോലുള്ള മിഷണറിമാർ ഇതിന് തുടക്കം കുറിച്ചു. കിട്ടാവുന്ന ചരിത്ര സാമഗ്രികളുപയോഗിച്ച് അവർ ഭാഷയുടെ വികാസപരിണാമങ്ങളെ കുറിച്ച് അന്വേഷണമാരംഭിച്ചു.

മലയാളം സംസ്കൃതത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഭാഷയാണെ ന്നായിരുന്നു ഒരു കാലത്തുണ്ടായിരുന്ന ശക്തമായ ധാരണ. മലയാളത്തിൽ കാണുന്ന സംസ്കൃതപദങ്ങളുടെ ബാഹുല്യമാണ് മേൽപ്പറഞ്ഞ ധാരണയ്ക്കടിസ്ഥാനം. തെന്നിന്ത്യൻ ഭാഷകളായ തമിഴ്, തെലുങ്ക്, കന്നട, മലയാ ളം, തുളു, കൊടക് ഭാഷകളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള എഫ്. ഡബ്ല്യു എല്ലിസ് സംസ്കൃതവും ദക്ഷിണേന്ത്യൻ ഭാഷകളും ഒരേ ഗോത്രത്തിൽ ജനിച്ചവയ ല്ലെന്ന് ആദ്യമായി കണ്ടെത്തി. കേരളം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ പണ്ട് വിശാല തമിഴകത്തിന്റെ ഭാഗമായിരുന്ന കാലത്തെ സംസാരഭാഷ തമിഴ് ആയിരുന്നെങ്കിൽ പോലും തമിഴും മലയാളവും തമ്മിൽ അതിന്റെ വികാസപരിണാമത്തിൽ വലിയ അന്തരമുണ്ടെന്നും എല്ലിസ് കണ്ടെത്തി[8].

മലയാളം തമിഴിന്റെ ഉ*പഭാഷ*യാണെന്നും കൊല്ലവർഷാരംഭത്തോടു കൂടിയാണ് ഇതിന്റെ ഉത്ഭവമെന്നുമാണ് തെന്നിന്ത്യൻഭാഷാകളുടെ കുടുംബ ബന്ധം ആദ്യമായി പഠനവിധേയമാക്കിയ റോബർട്ട് കാൽഡ്വലിന്റെ അഭിപ്രായം[9]. മലയാളം തമിഴിന്റെ അതിപ്രാചീനമായ ഒരു ശാഖയാണെന്നും, പുരുഷഭേദനിരാസം കൊണ്ടും സംസ്കൃതപദപ്രയോഗബാഹുല്യം കൊണ്ടുമാണ് ഇപ്പോൾ അത് മുഖ്യമായും തമിഴിൽ നിന്ന് വേർതിരിഞ്ഞു നിൽക്കുന്നതെന്നുമാണ് ഡോ. കാൽഡ്വലിന്റെ അഭിപ്രായം. മലയാളത്തിൽ പ്രചാരത്തിലുള്ള കിഴക്ക്, മേക്ക്

(പടിഞ്ഞാറ്) എന്നീ പദങ്ങൾ ചൂണ്ടിക്കാട്ടി ഭൂമിശാസ്ത്രപരമായി തമിഴ്നാടിനെ സംബന്ധിച്ച് ഈ പദങ്ങൾ അർത്ഥവത്താണെന്നും എന്നാൽ കേരളത്തെ സംബന്ധിച്ച് കിഴക്കുഭാഗം ഉയർന്നതും പടിഞ്ഞാറുഭാഗം താഴ്ന്നതുമാണ്; ആയതിനാൽ ഈ പദങ്ങൾ കേരളത്തിനു യോജിക്കയില്ലെന്നും അതുകൊണ്ടുതന്നെ മലയാളം തമിഴിൽ നിന്നും വേർപെടുന്നതിനുമുമ്പുണ്ടായ പദങ്ങളാണിവയെന്നു മനസ്സിലാക്കാമെന്നും കാൾഡ്വൽ അഭിപ്രായപ്പെടുന്നു[10]. തമിഴ്നാട്ടിൽ നിന്ന് കുടിയേറിപ്പാർത്തവരാണ് കേരളീയരെന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്.

ഗുണ്ടർട്ടിന്റെ വീക്ഷണത്തിൽ ദ്രാവിഡ ഗോത്രത്തിന്റെ ഉപശാഖകളാണ് തമിഴും, മലയാളവും. ഇവ തമ്മിൽ വലിയ അടുപ്പമുണ്ടെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു[11]. മിഷണറിമാരായ ഭാഷാപണ്ഡിതൻമാർക്കൊപ്പം തദ്ദേശീയരും ഭാഷാ പഠന രംഗത്തേക്ക് കടന്നു വന്നു. തമിഴിൽ നിന്നുണ്ടായതാണെന്ന വാദം ഉന്നയിച്ചവരിൽ പ്രധാനി കേരളപാണിനിയാണ്. മലൈനാടായ കേരളത്തിലെ ആദിമനിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴുമായിരുന്നു. എന്നാൽ ഗ്രന്ഥഭാഷ (വരമൊഴി) നാടോടിഭാഷ (വായ്മൊഴി) ഇവ തമ്മിലുള്ള വ്യത്യാസം എല്ലാ ജീവത് ഭാഷകളിലെയും പോലെ തമിഴിലും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷയിൽ ചെന്തമിഴ് എന്നും നാടോടി ഭാഷയ്ക്ക് കൊടും തമിഴെന്നുമാണ് അദ്ദേഹം പേരിട്ടിരിക്കുന്നത്[12]. പലവിധ കൊടുംതമിഴുകളിൽ ഒന്നാണ് മലയാളമായി പരിണമിച്ചതെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ചേരം, ചോളം, പാണ്ഡ്യം എന്നീ രാജ്യങ്ങൾ ചേർന്നതായിരുന്നു ഒരു കാലത്ത് തമിഴകം. ഇവിടുത്തെ വ്യവഹാരഭാഷയായിരുന്ന കൊടുംതമിഴിൽ നിന്നുതന്നെയായിരിക്കും മലയാളമുണ്ടായത് എന്ന പക്ഷക്കാരനാണ് ഭാഷാപണ്ഡിതനായ ഡോ. എൻ. ആർ. ഗോപിനാഥപിള്ള[13].

തമിഴിൽ നിന്നു ജനിച്ചതാണ് മലയാളമെന്ന പക്ഷത്തെ ഭാഷാപണ്ഡിതനായ ആറ്റൂർ കൃഷ്ണപിഷാരടി അംഗീകരിക്കുന്നില്ല[14]. കേരളത്തിൽ ഒരു കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ഭാഷയ്ക്ക് തമിഴെന്ന പേരു വന്നത് അതിന് തമിഴുമായി എന്തെങ്കിലും ബന്ധം ഉണ്ടായിട്ടല്ല; മറിച്ച് ഭാഷ എന്ന അർത്ഥത്തിൽ തമിഴെന്ന പദം ഒരുകാലത്ത് ദ്രാവിഡർ ഉപയോഗിച്ചിരുന്നതിനാലാണ് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. തെലുങ്കുനാട്ടു തമിഴ്, കരിനാട്ടു തമിഴ്, മലനാട്ടു തമിഴ്, പാണ്ടിത്തമിഴ് എന്നിങ്ങനെയാണ് ദ്രാവിഡഭാഷകളെ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് തെലുങ്കുനാട്ടു തമിഴ് തെലുങ്കും, കരിനാട്ടു തമിഴ് കന്നടവും, മലനാട്ടുതമിഴ് മലയാളവുമായി. ചോളപാണ്ഡ്യദേശക്കാർ മാത്രം തമിഴെന്ന പദം ഭാഷാനാമമായി സ്വീകരിക്കുകയും ചെയ്തു എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. ആറ്റൂരിന്റെ 'ഭാഷാചരിത്രം', 'മലയാളഭാഷയും സാഹിത്യവും ഒരു പഠനം' എന്നീ പ്രബന്ധങ്ങളിലൂടെ മൂലഭാഷയുടെ സ്വതന്ത്രശാഖയാണ് മലയാളമെന്ന് അദ്ദേഹം സ്ഥാപിച്ചു[15].

ഒരു ഭാഷയുടെ പ്രാക്തനസ്വഭാവം വെളിവാക്കുന്നവയാണ് ആ ഭാഷയിലെ പഴഞ്ചൊല്ലുകൾ. മലയാളത്തിലെ പഴഞ്ചൊല്ലുകളിൽ ഒന്നിലും പുരുഷപ്രത്യയം ചേർന്ന രൂപങ്ങളില്ലെന്നും ആയതിനാൽ കേരളത്തിലെ വ്യവഹാരഭാഷയി ലൊരിക്കലും ഇത്തരം ക്രിയകളില്ലായിരുന്നുവെന്നും അതുകൊണ്ടുതന്നെ മലയാളം തമിഴിൽ നിന്നുണ്ടായ ഭാഷയല്ലെന്നുമാണ് ഡോ. കെ. എം. ജോർജ്ജിന്റെയും അഭിപ്രായം[16]. മലയാളം മൂലദ്രാവിഡത്തിന്റെ സ്വതന്ത്രശാഖയാണെന്നും അതിന് ഇന്നത്തെ തമിഴിനേക്കാൾ പഴക്കമുണ്ടെന്നു അഭിപ്രായപ്പെടുന്നു. ഒൻപതാം നൂറ്റാണ്ടോടുകൂടി കേരളത്തിൽ പ്രബലശക്തിയായി മാറിക്കഴിഞ്ഞിരുന്ന ആര്യന്മാർക്ക് തമിഴ് സംസാരിച്ചുകൊണ്ടിരുന്ന നാട്ടുകാരുമായി ഇടകലർന്ന് ജീവിക്കേണ്ടി വന്നപ്പോൾ ഇരുവിഭാഗക്കാർക്കും പരസ്പരം ആശയവിനിമയം നടത്തുന്നതിനുതകുന്ന ഒരു ഭാഷ ആവശ്യമായി വരികയും

അങ്ങനെ തമിഴും സംസ്കൃതവും ഇടകലർത്തി നമ്പൂതിരിമാർ ഒരു കൃത്രിമ ഭാഷ സൃഷ്ടിക്കുകയും ചെയ്തു. ഭാഷാമിശ്രം എന്നറിയപ്പെടുന്ന ഈ മിശ്രഭാഷയുടെ പ്രേരണമൂലം തമിഴിലുണ്ടായ മാറ്റമാണ് മലയാളത്തിന് ജന്മം നൽകിയതെന്ന അഭിപ്രായമാണ് ഇളംകുളം കുഞ്ഞൻപിള്ളയ്ക്കുള്ളത്[17].

മലയാളത്തിന് മറ്റ് ദ്രാവിഡഭാഷകളോടുള്ളതിനേക്കാൾ രൂഢമൂലമായ ബന്ധം തമിഴിനോടുണ്ട്. അതുപോലെതന്നെ വികാസപരിണാമങ്ങളുടെ ഓരോ ഘട്ടത്തിലും മലയാളത്തിൽ അന്യഭാഷകളുടെ സ്വാധീനം പ്രതിഫലിക്കുന്നുമുണ്ട്. ഇങ്ങനെ ഏതെങ്കിലുമൊരു ഭാഷയിൽ നിന്ന് കുറച്ച് പദങ്ങളും ആശയങ്ങളും സ്വീകരിച്ചതുകൊണ്ടോ വളർച്ചയുടെ ഘട്ടത്തിൽ സ്വാധീനം ചെലുത്തിയതുകൊണ്ടോ ആ ഭാഷകളിൽ നിന്നാണ് മലയാളം ഉണ്ടായതെന്ന് വാദിക്കുന്നത് യുക്തിയല്ല. കേരളത്തിലെ ഭാഷയ്ക്ക് മലയാളമെന്ന പേരു ലഭിച്ചിട്ട് രണ്ടോ രണ്ടരയോ നൂറ്റാണ്ടിലധികമായിട്ടില്ല. മലയാളമെന്നത് ദേശനാമമായിരുന്നു[18]. ഈ ദേശനാമമാണ് ഭാഷാനാമമായി പരിണമിച്ചത്. 'മലയാളം' എന്ന ദേശനാമം എങ്ങനെ ഉണ്ടായി എന്ന കാര്യത്തിലും പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമല്ല ഉള്ളത്.

ഡോ. കാൽഡ്വലിന്റെ അഭിപ്രായത്തിൽ മല ആളുന്നിടമാണ് 'മലയാളം' ആളുക എന്നതിന് അനുഭവിക്കുക എന്നാണദ്ദേഹം അർത്ഥം കൽപ്പിക്കുന്നത്. ആളുക എന്നതിന്റെ ക്രിയാനാമമാണ് 'ആളം'. അങ്ങനെ 'മലയാളം' എന്നതിന് 'മല അനുഭവിക്കുന്നിടം' അഥവാ 'മലമ്പ്രദേശം' എന്നർത്ഥം ലഭിക്കുന്നു[19]. മലയാളം എന്നതിന് ഗിരിപ്രദേശം എന്ന അർത്ഥമാണ് ഡോ. ഗുണ്ടർട്ട് നൽകിയിട്ടുള്ളത്[20]. മലയുടേയും ആഴിയുടേയും ഇടയ്ക്കുള്ള പ്രദേശമായതിനാൽ ആണ് മലയാളം എന്ന പേരു ലഭിച്ചതെന്നാണ് കോവുണ്ണി നെടുങ്ങാടി അഭിപ്രായപ്പെടുന്നത്. ആളം എന്നതിന് നാടെന്ന അർത്ഥമുണ്ടെന്നും മലയോട്

ചേർന്ന നാട് ആയതിനാലാണ് മലയാളം എന്ന പേരുണ്ടായതെന്നുമാണ് ഡോ.ഗോദവർമ്മയുടെ അഭിപ്രായം[21]. മല എന്നതിനോട് 'ആളം' എന്നു ചേർത്താണ് ഡോ. കെ. എം ജോർജ്ജ് മലയാളം എന്ന പദം നിഷ്പാദിപ്പിക്കുന്നത്. 'അളം' എന്നതിന് ഈറൻ പ്രദേശമെന്നും 'ആളം' എന്നതിന് താഴെയുള്ള പ്രദേശമെന്നും അർത്ഥമുള്ളതിനാൽ സഹ്യപർവ്വതത്തോടു ചേർന്ന ഈറൻപ്രദേശമെന്നോ, സഹ്യപർവ്വതത്തിന്റെ താഴെയുള്ള പ്രദേശമെന്നോ ഉള്ള അർത്ഥമാണ് മലയാളത്തിനുള്ളതെന്നും വാദിക്കുന്നവരുണ്ട്. വഞ്ചിനാട്, വള്ളുവ നാട്, ആയ്നാട്, വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട്, ശീതനാട്, വെൺനാട്, പന്റിനാട്, മലനാട്, കൊൺകാനം എന്നിങ്ങനെ അനവധി നാടുകൾ ചേർന്നതായിരുന്നു ഇന്നത്തെ കേരളം ഉൾപ്പെടെയുള്ള തമിഴകം[21].

ഒരു സ്വതന്ത്രഭാഷയായി നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും കേരളത്തിലെ ഭാഷയ്ക്ക് തമിഴെന്ന പേരുതന്നെ നിലനിന്നിരുന്നു. മലയാളത്തെപ്പറ്റി പരാമർശിക്കേണ്ടി വന്നപ്പോഴൊക്കെ ലീലാതിലകകാരൻ ഭാഷ എന്നേ പറഞ്ഞിരുന്നുള്ളൂ. മലയാളമെന്ന പേരുറയ്ക്കുന്നതിന് മുമ്പ് മലയാളഭാഷ എന്ന അർത്ഥത്തിൽ മലയാണ്മ എന്നാണ് വിളിച്ചിരുന്നത്. ഇപ്പോഴും മലയാളത്തിന് 'മലയാണ്മ' എന്ന പദം പ്രയോഗിച്ചു കാണാറുണ്ട്. മലയാൻ എന്നതിന് മലനാട്ടിലുള്ളവനെന്നാ ണർത്ഥം[22]. മലയൻ എന്നതിനോട് 'മ' എന്ന തദ്ധിതപ്രത്യയം ചേരുമ്പോൾ മലയാണ്മ എന്ന തദ്ധിതരൂപം കിട്ടുന്നു. മലയാന്റെ ഭാവം എന്നാണിതിനർത്ഥം. മലയാണ്മയാണ് പിന്നീട് മലയാഴ്മ എന്നും മലയാളം എന്നും രൂപാന്തരപ്പെട്ടത്.

നമ്മുടെ ഭാഷയ്ക്ക് മലയാളമെന്ന പേരു ലഭിക്കുന്നതിനു മുമ്പുതന്നെ ഇന്നത്തെ രീതിയിലുള്ള ലിപി സമ്പ്രദായം ഇവിടെ പ്രചാരത്തിൽ വന്നിരുന്നു. ഉച്ചരിക്കുന്ന ശബ്ദമായ വർണ്ണത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി. അപ്പപ്പോൾ ഹൃദയത്തിൽ ഉളവാകുന്ന വികാരവിചാരങ്ങൾ അടുത്തുള്ളവരെ

ധരിപ്പിക്കുന്നതിനു മാത്രമേ ഭാഷയുടെ വാങ്മൂലമായ ഉപയോഗം പര്യാപ്തമാകുന്നുള്ളൂ. എന്നാൽ മനുഷ്യഗണം വർദ്ധിച്ചുപരക്കുകയും ലോകവ്യവഹാരങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയതതു നിമിത്തം ദൂരസ്ഥിതന്മാരുമായുള്ള സംസർഗ്ഗം സാധിക്കുന്നതിനും മറ്റുമായി ഭാഷ കൈക്കൊണ്ടു പ്രയോഗിക്കുകയും കണ്ണുകൊണ്ട് ഗ്രഹിക്കുകയും ചെയ്യത്തക്കവണ്ണം ലേഖനവിദ്യ ആരംഭിച്ചു. പ്രകൃതി വസ്തുക്കൾ സൃഷ്ടിച്ച രൂപബോധം ചിത്രങ്ങളിലൂടെ ആവിഷ്ക്കരിക്കാൻ തുടങ്ങിയതോടെയാണ് ഈ വിദ്യയുടെ ആരംഭം. മനുഷ്യന്റെ സർഗ്ഗശക്തിയുടെ പ്രതിഫലനം കൂടിയായിരുന്നു ഇത്.

ചിത്രങ്ങൾ വസ്തുവിനെ മാത്രമല്ല അതു സൂചിപ്പിക്കുന്ന മറ്റ് ആശയങ്ങളേയും പ്രതിനിധീകരിക്കാൻ തുടങ്ങിയതോടെ എഴുത്തിന്റെ രണ്ടാം ഘട്ടമെത്തി. സൂര്യന്റെ ചിത്രം ക്രമേണ പകലിനും വെളിച്ചത്തിനുമുള്ള ചിത്രരൂപങ്ങളായി. അങ്ങനെ വസ്തുക്കളെ മാത്രമല്ല ബന്ധപ്പെട്ട ആശയങ്ങളേയും ക്രിയകളേയും ദ്യോതിപ്പിക്കുവാനും ഭാവങ്ങളെ പ്രകടിപ്പിക്കുവാനുമുള്ള കഴിവ് ചിത്രങ്ങൾ നേടി. ഈജിപ്റ്റ്, ചൈന, ബാബിലോണിയ, അസിരിയ തുടങ്ങിയ പ്രാചീനരാജ്യങ്ങളിലാണ് ഇത്തരം ചിത്രലേഖനങ്ങളാദ്യം ആരംഭിച്ചത്. തുടർന്ന് ചിത്രങ്ങൾ പ്രതീകാത്മകതയിൽ നിന്നും സാങ്കേതികത്വത്തിലേക്കു നീങ്ങുകയും ഏകവർണ്ണ ചിത്രങ്ങളാവിർഭവിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ പദങ്ങളെ വർണ്ണകങ്ങളായി വേർതിരിച്ച് ഓരോ സിലബിളിനും പ്രത്യേക ചിഹ്നങ്ങൾ ഉപയോഗിക്കാൻ തുടങ്ങി[23]. വർണ്ണങ്ങളെ വീണ്ടും വിശ്ലേഷിപ്പിച്ചതിന്റെ ഫലമായി സ്വരവ്യഞ്ജനവ്യവസ്ഥകൾ ഉണ്ടായി. ചിത്രരേഖകളിൽ നിന്ന് ശബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന ലേഖനസമ്പ്രദായങ്ങളിലേക്കുള്ള പരിവർത്തനം മാനവപുരോഗതിയുടെ അതിപ്രധാന ഘട്ടത്തെക്കുറിക്കുന്നു.

### 3.3 ലിപി (എഴുത്ത്)

എഴ് (അഴ്) എന്ന ധാതുവിൽ നിന്നാണ് എഴുത്ത് ഉണ്ടായത്. എഴ് എന്നാൽ വെട്ടിയെടുത്ത് ഉപയോഗിക്കുക എന്നർത്ഥം. ഇംഗ്ലീഷിലെ പ്രിറ്റൻ എന്ന വാക്കിൽ നിന്നാണ് write എന്ന പദം ഉണ്ടായത്. ഇതിന്റെ അർത്ഥം വെട്ടുക എന്നതാണ്. ഗ്രീക്കിലെ ലിപികൾക്ക് ഹയറോഗ്ലിഫിക്സ് പരിശുദ്ധമായ കൊത്തുവരകൾ എന്നാണർത്ഥം[24]. ആലേഖനത്തിന്റെ കല മനുഷ്യൻ കൈവരിച്ച സിദ്ധികളിലൊന്നാണ്. കാണുന്ന കാഴ്ചകൾ ചിത്രണം ചെയ്യാനുള്ള കഴിവ് മനുഷ്യവംശം രൂപപ്പെട്ട കാലത്തുതന്നെ ഉണ്ടായിട്ടുള്ളതാവണം. ഭാഷണത്തോടൊപ്പം ഇതും വളർന്നിട്ടുണ്ടാകാം. ഭാഷ ഉപയോഗിച്ച് തുടങ്ങിയ കാലത്തോളം പഴക്കം ആലേഖന വിദ്യയ്ക്കും ഉണ്ടാകും[25].

ഹൃദയത്തിൽ നിന്നും ഉടലെടുക്കുന്ന വികാരവിചാരങ്ങളെ സമീപസ്ഥരായ വരോട് പങ്കുവയ്ക്കുന്നതിന് മാത്രമേ ഭാഷയുടെ വാങ്മൂലമായ ഉപയോഗം പര്യാപ്തമാവുകയുള്ളൂ. എന്നാൽ മനുഷ്യരും അവരുടെ വ്യവഹാരങ്ങളും വർദ്ധിക്കുകയും ദൂരസ്ഥിതന്മാരുമായുള്ളതുമായ സംസർഗ്ഗവും ആശയവിനിമയവും സുഗമമാക്കുന്നതിനും മറ്റുമായി ലേഖനവിദ്യ ആരംഭിച്ചുവെന്ന് കരുതാം. പ്രകൃതി വസ്തുക്കൾ സൃഷ്ടിച്ച രൂപബോധം ചിത്രങ്ങളിലൂടെ ആവിഷ്കരിക്കാൻ തുടങ്ങിയതോടെയാണ് ഈ വിദ്യയുടെ ആരംഭം. മനുഷ്യന്റെ സർഗ്ഗശക്തിയുടെ പ്രതിഫലനം കൂടിയായിരുന്നു ഇത്. താനുണ്ടാക്കുന്ന രേഖ വസ്തുക്കളെ സൂചിപ്പിക്കാൻ ഉപയോഗിക്കാം എന്ന് മനസ്സിലായതോടെ അവയെ സങ്കേതങ്ങളാക്കിക്കൊണ്ട് ആശയപ്രകടനം നടത്തുന്ന സമ്പ്രദായം ഭാഷണശബ്ദങ്ങൾ ചിട്ടപ്പെട്ടുകഴിഞ്ഞ കാലത്ത് ഉണ്ടായിരിക്കണം. സന്ദേശങ്ങളറിയിക്കാനോ മുൻ കരാറുകളെ ഓർമിപ്പിക്കാനോ ആയി ചായം കൊണ്ടോ അല്ലാതെയോ ഉള്ള ചിത്രങ്ങളും കോറലുകളും ഉപയോഗിക്കുന്ന രീതി ഇന്നും പ്രാകൃത വർഗ്ഗങ്ങളുടെ ഇടയിൽ നിലവിലുണ്ട്.

ഇന്ന് കാണുന്ന എഴുത്ത് വിദ്യയ്ക്ക് ഏതാണ്ട് 5500 വർഷത്തെ പഴക്കമാണ് കരുതപ്പെടുന്നത്. നാഗരികതയുടെ ആരംഭത്തോടെയാണ് എഴുത്ത് വിദ്യയും ആരംഭിക്കുന്നത്. പ്രകൃതി ശക്തികളെ മെരുക്കിയെടുക്കുക, ഉപകരണങ്ങൾ ഉപ യോഗിച്ചു തുടങ്ങുകയും വളർത്തുമൃഗങ്ങളെ സംരക്ഷിക്കുക, ഭക്ഷണ സംഭരണം ലക്ഷ്യമാക്കി കാർഷികവൃത്തിയിലേക്കിറങ്ങുക എന്നിവയിലൂടെ വന്യമായ പ്രാകൃ തജീവിത്തിൽ നിന്നും മനുഷ്യവർഗ്ഗം സാമൂഹിക വ്യവസ്ഥയിലേക്ക് മാറിയത് പുരോഗതിയുടെ പാതയിലേക്കുള്ള മഹത്തായ ചുവടുവെപ്പായിരുന്നു. ഇത്തര ത്തിൽ ജനങ്ങളിൽ കേന്ദ്രീകൃതമായ സമൂഹത്തിന്റേതായ പൊതുരീതികളും സംഘടനയും രൂപപ്പെട്ടുവന്നു. ദൂരെയുള്ളവരെ വിവരങ്ങൾ അറിയിക്കുന്നതിനും ഓർമ്മയിൽ സൂക്ഷിച്ചു വെയ്ക്കാൻ കഴിയാത്ത കാര്യങ്ങൾ രേഖപ്പെടുത്തുന്നതിനു മായി പുതിയ മാർഗ്ഗങ്ങൾ ആരാഞ്ഞു. ഈയൊരു സാഹചര്യത്തിന്റെ സൃഷ്ടിയാണ് എഴുത്ത്. ഇത് അനേകശതവർഷങ്ങളിലായി ക്രമാനുഗതമായി വളർന്ന് വികസിച്ചു വന്നിട്ടുള്ളതാണ്. ഇതിന്റെ ആദ്യരൂപങ്ങൾ ഗുഹാചിത്രങ്ങളുടെ ഭിത്തികളിലും പാറപ്പുറങ്ങളിലും രേഖാചിത്രങ്ങളായി കൊത്തിവെച്ചിട്ടുള്ളത് ഇന്നും പലയിടങ്ങളിൽ കാണാൻ കഴിയും[26]. ഈ ചിത്രങ്ങൾ അവർക്ക് പരിചിത മായ വസ്തുക്കളോ അവയുടെ ലഘൂകരിച്ച സൃഷ്ടികളോ ആവാം, ഈ ശിലാചി ത്രങ്ങൾ സൂചിപ്പിക്കുന്ന ആശയമെന്തെന്ന് ഇന്ന് ശരിക്കും വ്യക്തമല്ല. ആശയങ്ങൾ ദൃശ്യവത്കരിക്കാൻ വേറെ ചിലമാർഗ്ഗങ്ങളും പ്രാചീനരുടെ ഇടയിൽ നിലനിന്നിരു ന്നു. കല്ലുകൾ, നാരുകൾ, ചെടിക്കമ്പുകൾ തുടങ്ങിയ വസ്തുക്കളെ പ്രത്യേക രീതി യിൽ കൂട്ടികെട്ടി ദൂരെയുള്ളവർക്ക് എത്തിച്ച് കൊടുത്തും ആശയവിനിമയം നടത്തി യിരുന്നു. അർത്ഥവത്തായ അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അസ്ഥികളും അതുപോലെ കൊതകൾ വെട്ടിയെടുത്ത വടികൾ സൂക്ഷിച്ചിരിന്നതും ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ഈ ശിലാചിത്രങ്ങളെയോ കെട്ടുവിദ്യകളെയോ ലിപികൾ എന്ന് പറയാനാവില്ല. എങ്കിലും അത്തരം അടയാളപ്പെടുത്തലുകളിലൂടെ അവർ ലേഖനവിദ്യയിലേക്ക് നീങ്ങുന്നതിന്റെ സൂചനകൾ കാണാം[27].

ആശയങ്ങൾ രേഖപ്പെടുത്തുന്ന രീതിയെക്കുറിച്ച് നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും പ്രാചീന രേഖകൾ, എഴുത്തിന്റെ വികാസത്തിൽ ചിത്ര ലേഖനമാണ് ആദ്യപടി എന്ന് തെളിയിക്കുന്നു. ചിത്രലേഖനത്തിൽ ദൃശ്യ പ്രതിരൂപങ്ങളാണ് ഉപ യോഗിച്ചിരുന്നത്. പിന്നീടാണ് ഭാവലേഖനങ്ങൾ (ideograph) ഉണ്ടാക്കുന്നത്. ഇതു കൊണ്ടുദ്ദേശിക്കുന്നത് ചിത്രം വഴി ആശയങ്ങൾ പ്രകടിപ്പിക്കുക എന്നതാണ്. ഇവിടെ ചിത്രങ്ങൾ ആശയത്തിന്റെ പ്രതീകങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഒരു ചിത്ര ത്തിലൂടെ പല ആശയങ്ങൾ സൂചിപ്പിക്കാൻ കഴിയും[28]. സുമേറിയയിലാണ് ഇത്തരം ചിത്രലിപികൾ ആദ്യമായി ഉപയോഗിച്ചു വന്നതെന്ന് കരുതപ്പെടുന്നു. ചിത്രലേഖന ത്തിന് അമൂർത്താശായങ്ങളെ പ്രകാശിപ്പിക്കാൻ കഴിയില്ല. സാധാരണങ്ങളായ മൂർത്ത വസ്തുക്കളെ മുഴുവൻ സൂചിപ്പിക്കാൻ ആയിരക്കണക്കിന് ചിത്രങ്ങൾ വേണ്ടിവരും.

### 3.3.1. ഭാരതീയ ലിപികൾ

ബി. സി. ഏഴാംശതകത്തിലാണ് ഇന്ത്യയിൽ ആദ്യം എഴുത്ത് തുടങ്ങിയ ത്[29]. പ്രാചീന മധ്യകാലഘട്ടത്തിലെ ഭാരതചരിത്രവും സംസ്കാരവും മറ്റും അറി യുന്നതിനുള്ള ഉപാധികൾ ലിഖിതങ്ങളും കയ്യെഴുത്തുപ്രതികളും സാഹിത്യകൃതി കളും നാണയങ്ങളും ശിൽപകലാരൂപങ്ങളും മറ്റുമാണ്. ഭാരതത്തിലെ ഏറ്റവും പഴ ക്കമേറിയ എഴുത്ത് ലഭിച്ചിട്ടുള്ളത് സിന്ധുനദീതടത്തിൽ നിന്നാണ്. പക്ഷേ ഈ സൈന്ധവലിപി വായിച്ചു മനസ്സിലാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ പൂർണ്ണമായി വിജയിച്ചിട്ടില്ല. ക്രി.മു. 5-ാംശതകം മുതൽ ഭാരതത്തിൽ നിലവിലിരുന്ന ലിപികളെ ക്കുറിച്ചും അവയുടെ വളർച്ചയെക്കുറിച്ചും ലിപിശാസ്ത്രജ്ഞർ ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഭാരതത്തിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ലിഖിതങ്ങളിൽ ഏറ്റവും പഴക്കമേറിയതും കൃത്യമായി കാലം നിർണ്ണയിക്കാൻ കഴിയുന്നതും അശോകചക്ര വർത്തിയുടെ ബ്രാഹ്മിലിപിയിലുള്ള ശിലാശാസനങ്ങളാണ്[30]. ബി.സി. മൂന്നാം

നൂറ്റാണ്ടിൽ അശോകചക്രവർത്തി ഭാരതത്തിന്റെ ഏകദേശഭാഗവും കീഴടക്കിയിരുന്നു. അതുകൊണ്ടു തന്നെ ഭാരതത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തുനിന്നും അശോകശാസനങ്ങളും കിട്ടിയിട്ടുണ്ട്. ഇവയിലെ ഭാഷ പാലിയും മാഗധിയുമാണ്. ലിപിയാകട്ടെ ബ്രാഹ്മിയും. ഇന്ത്യയ്ക്കു വെളിയിൽ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും ഖരോഷ്ടിലിപിയിലുള്ള അപൂർവം അശോകശാസനകൾ കണ്ടെത്തിയിട്ടുണ്ട്[31]. ബ്രാഹ്മിലിപിയിലുള്ള ശാസനകൾ ഭാരതത്തിൽ എല്ലായിടത്തും ലഭിച്ചിട്ടുള്ളതുകൊണ്ട് ബ്രാഹ്മി ഒരു കാലത്ത് ഇന്ത്യ മുഴുവൻ ഒരുപോലെ പ്രചരിച്ചിരുന്നു എന്നു വേണം അനുമാനിക്കാൻ.

### 3.3.1.1 ബ്രാഹ്മി ലിപി

അക്ഷരങ്ങൾ കൊണ്ട് ആശയം രേഖപ്പെടുത്തുന്ന സമ്പ്രദായത്തിന് 4000 വർഷത്തിലധികം പഴക്കമില്ല[32]. ലിപികളുടെ ഉത്ഭവം, വികാസം എന്നിവയെക്കുറിച്ച് ഗവേഷണം നടത്തിയ ഭാഷാശാസ്ത്രജ്ഞർ, ഭാരതീയ ലിപികളുടെ മൂലരൂപം ബ്രാഹ്മിയാണെന്ന് കണ്ടെടുത്തിട്ടുണ്ട്. സിന്ധൂനദീതട നാഗരിതയെകുറിച്ച് ഗവേഷണം നടത്തിയ 'കണ്ണിംങ്ഹാം' ഹാരപ്പയിൽ ചിത്രലേഖനത്തിന്റെ വികാസമാതൃകയെന്ന് തോന്നിപ്പിക്കുന്ന ചില മുദ്രകൾ കണ്ടെത്തി[33]. സൈന്ധവ ലിഖിതങ്ങൽ എന്ന് വിളിക്കുന്ന ഈ ലിഖിതങ്ങൾ ഇതുവരെ വായിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഈ ലിഖിതങ്ങളായിരിക്കാം ബ്രാഹ്മിലിപിയായി വികസിച്ചതെന്നും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായമുണ്ട്. ഇന്ത്യയുടെ സ്വയാർജ്ജിത വിദ്യയായി ബ്രാഹ്മിലിപിയെ ഭാരതീയർ കരുതിപോരുന്നു, ഭാരതീയ ചിത്രലിപികളിൽ നിന്നാണ് ബ്രാഹ്മിയുടെ ഉൽപ്പത്തിയെന്നാണ് ബ്യൂളറുടെ അഭിപ്രായം. എന്നാൽ ഇത് പുരാതന ഫിനീഷ്യൻ ലിപിയാണെന്ന വെബ്ബറും അശൂര്യൻ ആണി എഴുത്താണെന്ന് ഡീക്കും ദക്ഷിണ അറേബ്യൻ ലിപിയാണെന്ന് ടെയ്ലറും കരുതുന്നു. ഡോ.ബർണ്ണൽ, ഡോ.ബുച്ചലർ തുടങ്ങിയവരുടെ[34] അഭിപ്രായത്തിൽ വിദേശിയ

രായ കച്ചവടക്കാരിൽ നിന്നും കടം കൊണ്ടതാണിത്. അരാമിയ, ഗ്രീക്ക്, ഖരോഷ്ടി ഇവ മൂന്നും കൂടി ചേർന്നുണ്ടായ രൂപമാണ് ബ്രാഹ്മി എന്നാണ് ഹാലവിയുടെ അഭിപ്രായം[35]. എന്നാൽ ഈജിപ്തുകാരുടെയും ചീനാക്കാരെയും പോലെ ഭാഷയും ലിപിയും ഈശ്വരദത്തമെന്ന് വിശ്വസിച്ചിരുന്ന ഭാരതീയരുമുണ്ട്. ബ്രാഹ്മി ബ്രഹ്മാവിന്റെ സൃഷ്ടിയാണെന്നും ആയതുകൊണ്ടാണ് ഇതിന് ബ്രാഹ്മി എന്ന പേരുവന്നതെന്നും ആണ് ഇവരുടെ വിശ്വാസം. അതിനു തെളിവെന്നോണം നാരദസ്മൃതിയും ബദാമിക്ഷേത്രത്തിലെ ഒരു കൈയിൽ പനയോലയുമായി നില്ക്കുന്ന ബ്രാഹ്മാവിന്റെ പ്രതിമയും അവർ ചൂണ്ടിക്കാണിക്കുന്നു[36].

പ്രാചീന മധ്യകാലഘട്ടത്തിലെ ഭാരതചരിത്രവും സംസ്കാരവും മറ്റും അറിയുന്നതിനുള്ള ഉപാധികൾ ലിഖിതങ്ങളും കയ്യെഴുത്തുപ്രതികളും സാഹിത്യകൃതികളും നാണയങ്ങളും ശിൽപകലാരൂപങ്ങളും മറ്റുമാണ്. ഭാരതത്തിലെ ഏറ്റവും പഴക്കമേറിയ എഴുത്ത് ലഭിച്ചിട്ടുള്ളത് സിന്ധുനദീതടത്തിൽ നിന്നാണ്. പക്ഷേ ഈ സൈന്ധവലിപി വായിച്ചു മനസ്സിലാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ പൂർണ്ണമായി വിജയിച്ചിട്ടില്ല. ക്രി.മു.5-ാംശതകം മുതൽ ഭാരതത്തിൽ നിലവിലിരുന്ന ലിപികളെക്കുറിച്ചും അവയുടെ വളർച്ചയെക്കുറിച്ചും ലിപിശാസ്ത്രജ്ഞർ ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഭാരതത്തിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ലിഖിതങ്ങളിൽ ഏറ്റവും പഴക്കമേറിയതും കൃത്യമായി കാലം നിർണ്ണയിക്കാൻ കഴിയുന്നതും അശോകചക്രവർത്തിയുടെ ബ്രാഹ്മിലിപിയിലുള്ള ശിലാശാസനകളാണ്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ അശോകചക്രവർത്തി ഭാരതത്തിന്റെ ഏകദേശഭാഗവും കീഴടക്കിയിരുന്നു. അതുകൊണ്ടു തന്നെ ഭാരതത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തുനിന്നും അശോകശാസനങ്ങളും കിട്ടിയിട്ടുണ്ട്. ഇവയിലെ ഭാഷ പാലിയും മാഗധിയുമാണ്. ലിപിയാകട്ടെ ബ്രാഹ്മിയും. ഇന്ത്യയ്ക്കു വെളിയിൽ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും ഖരോഷ്ടിലിപിയിലുള്ള അപൂർവ്വം അശോകശാസനകൾ കണ്ടെത്തിയിട്ടുണ്ട്. ബ്രാഹ്മിലിപിയിലുള്ള ശാസനകൾ ഭാരതത്തിൽ

എല്ലായിടത്തും ലഭിച്ചിട്ടുള്ളതുകൊണ്ട് ബ്രാഹ്മി ഒരു കാലത്ത് ഇന്ത്യ മുഴുവൻ ഒരു പോലെ പ്രചരിച്ചിരുന്നു എന്നു വേണം അനുമാനിക്കാൻ. പ്രാചീന ലിപികളിൽ വായിക്കാൻ കഴിയുന്ന രണ്ട് ലിപികൾ ബ്രഹ്മിയും ഖരോഷ്ഠിയുമാണ്[37]. ഖരോഷ്ഠി, ചെറിയ കാലയളവിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ ഒതുങ്ങി കൂടിയെന്നനുമാനിക്കുന്നു.

പ്രാദേശിക വ്യത്യാസങ്ങളെ അടിസ്ഥാനമാക്കി ബ്രാഹ്മിയ്ക്ക് വടക്കൻ, തെക്കൻ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളുണ്ട്. തെക്കെ ഇന്ത്യയിലെ ബ്രാഹ്മിയെ ദക്ഷിണ ദിക്കിലേത് എന്നർത്ഥത്തിൽ ദക്ഷിണി ബ്രാഹ്മി, ദ്രാവിഡനാട്ടിലേത് എന്നർത്ഥത്തിൽ തമിഴ് ബ്രാഹ്മി എന്നിങ്ങനെയുള്ള പേരുകളും വന്നു ചേർന്നു. തമിഴ്, തെലുങ്ക്, കന്നട, മലയാളം എന്നീ ദക്ഷിണേന്ത്യൻ ലിപികളുടെ ഉറവിടമായി മാറി തെക്കൻ ബ്രാഹ്മി. തെക്കൻ ബ്രാഹ്മിയിലെ എഴുത്തിനുദാഹരണം ദക്ഷിണേന്ത്യയിലെ ചില ചിത്രമാതൃകളാണ്. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലെ കുറച്ച് സ്ഥലങ്ങളൊഴികെ ഇന്ത്യാ ഭൂഖണ്ഡത്തിന്റെ മറ്റ് ഭാഗങ്ങളിലെല്ലാം പ്രചാരം നേടാൻ വടക്കൻ ബ്രാഹ്മിക്ക് സാധിച്ചു. വടക്കൻ ബ്രാഹ്മിയുടെ മാതൃകയാണ് അശോകശാസനങ്ങളിൽ കാണുന്നത്. വടക്കൻ ലിപിയുടെ ഏറ്റവും പഴയരൂപം കാണുന്നതിനാൽ ഇത് മൗര്യശാസനങ്ങൾ എന്ന പേരിലും അറിയപ്പെട്ടു. തെക്കൻ, വടക്കൻ എന്നിങ്ങനെയുള്ള ബ്രാഹ്മിയുടെ വകഭേദങ്ങൾ അതാത് പ്രദേശങ്ങളിലെ ഭാഷാപരമായ ആവശ്യങ്ങൾ നിറവേറ്റാൻ പാകപ്പെട്ടു വളർന്നു[38]. ഈ രണ്ട് ലിപികളും അടിസ്ഥാനപരമായി ഒന്നാണെങ്കിലും സ്വതന്ത്രമായ രീതിയാണ് രൂപപ്പെട്ടുവന്നത്. വടക്കൻ ബ്രാഹ്മി ദ്രാവിഡഭാഷാ, ഗോത്രങ്ങളുടെയും ശബ്ദവ്യവസ്ഥക്കിണങ്ങും വിധമാണ് വളർന്നു വന്നത്[39]. തെക്കൻ ബ്രാഹ്മി രൂപാന്തരം പ്രാപിച്ച് വട്ടെഴുത്തും, തമിഴുമായി മാറുന്നത് കാണാം.

ക്രിസ്ത്വബ്ദം ഒന്നാം ശതാബ്ദം വരെയുള്ള തമിഴ് ഭാഷാ ലിഖിതങ്ങളെല്ലാം ദക്ഷിണബ്രാഹ്മിയിൽ തന്നെയുള്ളതാണ്. ക്രിസ്തുവിന് ശേഷം ഏതാണ്ട്

മൂന്നാം നൂറ്റാണ്ടുവരെ തമിഴ് നാട്ടിലും കേരളത്തിലും ദക്ഷിണ ബ്രാഹ്മിയുടെ വക ഭേദം നിലവിലിരുന്നതായി കാണാം. കാലാനുസൃതമായ വളർച്ചയുടെ ഫലമായി ഇതിൽ നിന്നും ഉണ്ടായ ലിപികളാണ് ഗ്രന്ഥലിപിയും വട്ടെഴുത്തും. മലയാള ലിപി രൂപം കൊള്ളുന്നതിനു മുമ്പ് കേരളത്തിൽ പ്രചാരണത്തിലുണ്ടായിരുന്ന ലിപികൾ പ്രധാനമായും ഗ്രന്ഥലിപിയും വട്ടെഴുത്തുമാണ്[40]. പിന്നീട് വട്ടെഴുത്തിന്റെ പ്രാദേശികരൂപങ്ങളായ കോലെഴുത്തും മലയാണ്മയും കേരളത്തിന്റെ ചില ഭാഗങ്ങളിൽ പ്രചരിച്ചു.

### 3.3.1.2 ഗ്രന്ഥലിപി

ചേര, ചോള, പാണ്ഡ്യ സാമ്രാജ്യങ്ങളുൾപ്പെട്ട തമിഴകത്തിലും കർണ്ണാടകത്തിന്റെ തെക്കൻ പ്രദേശങ്ങളിലും സംസ്കൃതമെഴുതാൻ ഉപയോഗിച്ചിരുന്ന ലിപിയാണ് ഗ്രന്ഥം. ഗ്രന്ഥം എന്നാൽ പുസ്തകം എന്നർത്ഥം. . സംസ്കൃത ഗ്രന്ഥങ്ങളെഴുതാനുപയോഗിച്ചിരുന്നതിനാലാവണം 'ഗ്രന്ഥ' എന്ന നാമമുണ്ടായത്. സംസ്കൃതത്തിലെ പല വിശിഷ്ടഗ്രന്ഥങ്ങളും ഈ ലിപിയിൽ രചിക്കപ്പെട്ടിട്ടുണ്ട്. ക്രി. പി. ഏഴാം ശതകം മുതൽ ഗ്രന്ഥലിപി ദക്ഷിണേന്ത്യയിൽ പ്രചാരത്തിൽ കാണുന്നു[41]. അഞ്ച്, ആറ് നൂറ്റാണ്ടുകളിലെ ചെമ്പുതകിടിലാണ് ഈ ലിപി കാണപ്പെടുന്നത്. പല്ലവൻമാരുടെ ആധിപത്യം മൂലമാണ് ഗ്രന്ഥലിപി തെക്കെ ഇന്ത്യയിൽ വ്യാപിച്ചത്. ബ്രാഹ്മിലിപിയുടെ ലക്ഷണങ്ങൾ ഏറ്റവും കൂടുതലായി കാണപ്പെടുന്ന ലിപി എന്ന നിലയ്ക്ക് ഗ്രന്ഥലിപിയുടെ പ്രധാന്യം ശ്രദ്ധേയമാണ്. ഈ ലിപിയുടെ മാതൃകകൾ എ.ഡി. അഞ്ച്, ആറ് ശതകങ്ങൾ മുതൽ ലഭ്യമാണെങ്കിലും എ.ഡി. എട്ടാം നൂറ്റാണ്ടോടുകൂടിയാണ് ശിലാലിഖിതങ്ങൾ അറിയപ്പെടാൻ തുടങ്ങിയത്. താളിയോലഗ്രന്ഥങ്ങളിൽ കാണുന്നത് ഈ ലിപിയുടെ ആധുനിക രൂപമാണ്. സമീപകാലംവരെ അച്ചടിക്കുവേണ്ടിയും ആധുനിക ഗ്രന്ഥലിപി ഉപയോഗിച്ചിരുന്നു. അക്ഷരത്തിന്റെ രൂപത്തെ അടിസ്ഥാനമാക്കി ഗ്രന്ഥലിപിയെ വൃത്താകൃതിയിലുള്ളതെന്നും ചതുരാകൃതിയിലുള്ളതെന്നും രണ്ടായി തിരിക്കാം. പ്രാദേശികവ്യ

ത്യാസങ്ങളെ ആസ്പദമാക്കിയും ഈ ലിപിയെ ചോള, പാണ്ഡ്യ, പല്ലവ, തുളു, മലയാളം എന്നിങ്ങനെ തരംതിരിച്ചിരുന്നു. തുളുനാട്ടിലെയും മലയാളനാട്ടിലെയും ഗ്രന്ഥലിപികൾക്കു ചില ചെറിയ വ്യത്യാസങ്ങൾ പിന്നീടുണ്ടാവുകയും ഈ ലിപികൾ യഥാക്രമം തുളുഗ്രന്ഥം എന്നും ആര്യ എഴുത്ത് എന്നും അറിയപ്പെടുകയും ചെയ്തു. കേരളത്തിലുടനീളം പ്രചരിച്ചിരുന്ന ഈ ഗ്രന്ഥലിപി അതായത് ആര്യ എഴുത്ത് സംസ്കൃതഭാഷയെഴുതാൻ ഉപയോഗിച്ചു[42]. തമിഴിൽ നിന്ന് വ്യത്യസ്തമായി സംസ്കൃതത്തിൽ അതിഖരമുള്ള ഘോഷങ്ങൾ ഉള്ളതിനാൽ മലയാളത്തിൽ ഗ്രന്ഥലിപിക്ക് കൂടുതൽ പ്രചാരം ലഭിച്ചു. സ്വസ്തിശ്രീപോലുള്ള മംഗളാചരണ പദങ്ങളെഴുതാൻ ഗ്രന്ഥാക്ഷരങ്ങളിൽ മാത്രമേ സാധിക്കുമായിരുന്നുള്ളൂ[43]. കൃഷ്ണഗാഥ പോലുള്ള മലയാള കൃതികളിലെ ദ്രാവിഡേതരവർണ്ണങ്ങളുള്ള സംസ്കൃത തത്സമങ്ങളുടെ ഉപയോഗവും എഴുത്തച്ഛൻ കൃതികളുടെ പ്രചുര പ്രചാരവും ഗ്രന്ഥലിപികൾക്ക് കൂടുതൽ പ്രചാരം നൽകി.

#### 3.3.1.3 വട്ടെഴുത്ത്

ദക്ഷിണ ബ്രാഹ്മിയിൽ നിന്നു ഉത്ഭവിച്ച് കേരളത്തിലും തമിഴ്നാടിന്റെ തെക്കൻ ഭാഗങ്ങളിലുമായി നിലവിലിരുന്ന ലിപി സമ്പ്രദായമാണ് വട്ടെഴുത്ത്. വട്ടെഴുത്ത്, വെട്ടെഴുത്ത്, തെക്കൻ മലയാളം, ചേരപാണ്ഡ്യ എഴുത്ത്, നാനംമോനം എന്നെല്ലാം അറിയപ്പെട്ടിരുന്ന ഈ ലിപി കേരളത്തിൽ വ്യാപകമായി ഉപയോഗിച്ചിരുന്നു[44]. തമിഴും മലയാളവും എഴുതാൻ ഈ ലിപി ഉപയോഗിച്ചിരുന്നു. ഗ്രന്ഥലിപിയെപ്പോലെ വട്ടെഴുത്തുണ്ടായതും ദക്ഷിണ ബ്രാഹ്മിയിൽ നിന്നാണ്. ദക്ഷിണഭാരതത്തിൽ സർവ്വസാധാരണമായിരുന്ന ലേഖനസമ്പ്രദായം മൂർച്ചയുള്ള കോലുകൊണ്ടോ ഉളിയും ചുറ്റികയും കൊണ്ടോ ശക്തിയായി വെട്ടി രേഖപ്പെടുത്തുകയായിരുന്നു. അതുകൊണ്ട് ഈ ലിപിയ്ക്ക് വെട്ടെഴുത്ത്[45] എന്നും അക്ഷരങ്ങൾ വട്ടത്തിൽ ആയിരുന്നതുകൊണ്ട് അവയുടെ ഉരുണ്ടവടിയുടെ അടിസ്ഥാനത്തിൽ വട്ടെ

ഴുത്ത് എന്നും പേരുണ്ടായി. ചേര-പാണ്ഡ്യദേശത്ത് ഉപയോഗിച്ചിരുന്നതിനാൽ ചേര-പാണ്ഡ്യ എഴുത്ത് എന്നും കേരളത്തിന്റെ തെക്കൻ ദേശത്ത് പ്രചരിച്ചിരുന്നതു കൊണ്ട് തെക്കൻ മലയാളം എന്നും ഈ ലിപി അറിയപ്പെട്ടു. എഴുതിത്തുടങ്ങു മ്പോൾ 'ഹരിശ്രീ' എന്നതിനു പകരം നമോനാരായണ എന്നെഴുതിയിരുന്നതിനാൽ ഈ ലിപിക്ക് നാനംമോനം എന്നും പേരുണ്ടായി[46]. വട്ടെഴുത്ത് അധികവും ശിലക ളിലായിരുന്നു എഴുതിയിരുന്നതെങ്കിലും ചെമ്പുതകിടുകൾ, മുളച്ചീളുകൾ താളി യോലകൾ എന്നിവയിലും കാണുന്നുണ്ട്. ഇതിന് വടക്കൻ, തെക്കൻ എന്നീ രണ്ട് വ്യത്യസ്ത രൂപങ്ങളുണ്ടായിരുന്നു[47]. ഇവയിൽ വടക്കൻ ലിപി ഉരുണ്ടതും തെക്കൻ ലിപി ചതുരത്തിലുമായിരുന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി വട്ടെ ഴുത്തിലുള്ള അനവധി ശാസനങ്ങൾ കണ്ടെടുത്തിട്ടുണ്ട്. വാഴപ്പള്ളി ശാസനം, തരി സാപ്പള്ളി ശാസനം, തിരുവാറ്റുവായ ശാസനം, തിരുനന്തിക്കര ശാസനം എന്നിവ ഇവയിൽ ചിലതുമാത്രം. അതുപോലെ വട്ടെഴുത്തിലുള്ള താളിയോലഗ്രന്ഥങ്ങളും കേരളത്തിന്റെ നാനാഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. പാണ്ഡ്യസാമ്രാജ്യം ക്ഷയിച്ചുതു ടങ്ങിയതോടെ വട്ടെഴുത്തിന്റെ പ്രചാരം കുറഞ്ഞെങ്കിലും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ കേരളത്തിൽ വട്ടെഴുത്തു പ്രചാരത്തിലിരുന്നു[48]. അതായത് മല യാളലിപിയുടെ ആവിർഭാവത്തിനുശേഷവും മുന്നൂറിലേറെ വർഷം മലയാളികൾ വട്ടെഴുത്തിനെ ആശ്രയിച്ചിരുന്നു. വട്ടെഴുത്തിന്റെ പ്രാദേശിക ഭേദങ്ങളായ കോലെ ഴുത്തും മലയാൺമയും പിന്നീടും കുറെക്കാലം നിലനിന്നു.

#### 3.3.1.4 കോലെഴുത്ത്

മലയാളമെഴുതുന്നതിന് വട്ടെഴുത്തിനോടൊപ്പം തന്നെ ഉപയോഗിച്ചിരുന്ന മറ്റൊരു ലിപിയാണ് കോലെഴുത്ത്. കേരളമൊട്ടാകെ (തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും) ഈ ലിപി പ്രചാരത്തിലിരുന്നു. ദൈർഘ്യമുള്ള എഴു ത്താണി (നാരായം) ഉളി (കോലു) എന്നിവ ഉപയോഗിച്ച് അക്ഷരചിഹ്നങ്ങൾ

കൊത്തി രൂപപ്പെടുത്തുന്ന സമ്പ്രദായമെന്നർത്ഥത്തിലാണ് ഇതിന് കോലെഴുത്ത് എന്ന പേരുണ്ടായത്[49]. കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളായി കൊച്ചി മലബാർ ഉൾപ്പെട്ട കോലത്തുനാട്ടിലാണ് കോലെഴുത്തിന് പ്രചുര പ്രചാരമുണ്ടായിരുന്നത്. കോലത്തു നാടുമായി ബന്ധപ്പെട്ടത് എന്ന അർത്ഥത്തിലായിരിക്കാം ഇതിന് കോലെഴുത്ത് എന്ന സംജ്ഞ ഉണ്ടായതെന്നും ഊഹിക്കുന്നു.എന്നാൽ മലബാർ മുസ്ലീങ്ങളുടെ ഇടയ്ക്കാണ് കോലെഴുത്തിന് കൂടുതൽ അംഗീകാരം നേടാൻ കഴി ഞ്ഞത്[50]. ഈ ലിപി എപ്പോൾ ആരംഭിച്ചു എന്നു വ്യക്തമായി പറയാൻ വേണ്ടത്ര തെളിവുകളില്ലെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ മലബാറിൽ പ്രാബല്യത്തിലിരുന്നു എന്നതിന് തെളിവുകളുണ്ട്. തലശ്ശേരിയിലും സമീപപ്രദേശ ങ്ങളിലുമുള്ള മാപ്പിളമാർ ഈ അടുത്തകാലം വരെ കോലെഴുത്തിൽ എഴുതിയിരു ന്നു. കരിങ്കല്ലിൽ കൊത്തപ്പെട്ട ഏതാനും കോലെഴുത്തുരേഖകളുണ്ടെങ്കിലും ഈ എഴുത്ത് കൂടുതലായി കാണുന്നത് താളിയോലകളിലാണ്. എഴുതുന്നതിനായി ഉപ യോഗിച്ച വസ്തുവിന്റെയും ഉപകരണത്തിന്റെയും മാറ്റം മൂലം വട്ടെഴുത്തിന് ആകൃതി വിത്യാസം വന്നുണ്ടായതാണ് കോലെഴുത്തെന്നും അതിനെ വട്ടെഴു ത്തിന്റെ വകഭേദം മാത്രമായി കണ്ടാൽ മതിയെന്നും കെ. എ. ജലീൽ നിരീക്ഷിക്കു ന്നു[51].

### 3.3.1.5 മലയാൺമ (മലയാഴ്മ)

കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ നിലവിലിരുന്ന ഈ ലിപി വട്ടെഴു ത്തിന്റെയും കോലെഴുത്തിന്റെയും ഒരു സമ്മിശ്രരൂപത്തിൽ നിന്നു വികസിച്ചതാണ്. ഇതിനെ 'മലയാഴ്മ' എന്നും പറഞ്ഞിരുന്നു. എ.ഡി.1819 വരെ തിരുവിതാംകൂർ രേഖകൾ മലയാൺമയിലായിരുന്നു എഴുതിയിരുന്നത്[52]. സ്വാതിതിരുനാൾ മഹാരാ ജാവിന്റെ കാലത്താണ് മലയാള ലിപിയിൽ എഴുതാൻ ആരംഭിച്ചത്. ഈ ലിപിയിലുള്ള ധാരാളം ചെപ്പേടുകൾ ലഭിച്ചിട്ടുണ്ട്. താളിയോലകളിൽ ഗ്രന്ഥവരി

കളും രേഖകളുമാണ് കൂടുതലായി കാണുന്നത്. അക്ഷരങ്ങൾക്ക് ഉരുണ്ട വടിവാണെങ്കിലും വട്ടെഴുത്തിനോളം വൃത്താകൃതി പ്രാപിച്ചിട്ടില്ല. പത്തൊമ്പതാംനൂറ്റാണ്ടിനു ശേഷം മലയാൺമയുടെ പ്രചാരം തീരെ ഇല്ലാതായി.

### 3.4. മലയാള ലിപി പരിണാമം

ആദ്യകാലത്ത് മലയാളഭാഷ എഴുതിപോന്നിരുന്നത് വട്ടെഴുത്തിലും കോലെഴുത്തിലുമായിരുന്നു . വട്ടെഴുത്തിലും കോലെഴുത്തിലും തമിഴക്ഷരങ്ങൾക്ക് സമാനമായ ലിപികളേ ഉണ്ടായിരുന്നുള്ളൂ. 17-ാം ശതകത്തിൽ സംസ്കൃത ഭാഷയ്ക്ക് കൂടുതൽ പ്രചാരം ലഭിച്ചതോടെ സംസ്കൃതസ്വാധീനം ലിപി വ്യവസ്ഥയിലേക്കു കൂടി വ്യാപിച്ചു. മലയാളത്തിലെ സംസ്കൃത പദ ബാഹുല്ല്യവും സംസ്കൃത ഗ്രന്ഥങ്ങളെ പൂർത്തിയെടുക്കുമ്പോഴുള്ള ദ്രാവിഡേതര വർണ്ണങ്ങളുടെ സംസ്കൃത തത്സമങ്ങളെ പ്രാദേശിക ഭാഷയിലുപയോഗിക്കുമ്പോഴും വട്ടെഴുത്ത് ലിപികൾ മാത്രം ഉപയോഗിച്ചാൽ മതിയാവില്ല എന്നതുകൊണ്ടു കൂടി പരിഷ്കരണങ്ങൾ വരുത്തി. ഗ്രന്ഥലിപി (സംസ്കൃത ലിപിയിലില്ലാത്തതും മലയാള ഭാഷയ്ക്കാവശ്യമുള്ളതുമായി അക്ഷരങ്ങളെ വട്ടെഴുത്തിൽ നിന്ന് കടം എടുത്തിട്ടുമുണ്ട്.) മലയാള ലിപിയുടെ ഉത്ഭവം ആര്യഎഴുത്തിന്റെ വികാസവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആര്യഎഴുത്തിന്റെ ഈ പരിണാമപ്രക്രിയ പത്താം നൂറ്റാണ്ടിന്റെ അന്തിമ ദശയോടെ ആരംഭിക്കുകയും ഏതാണ്ട് പതിനഞ്ചാം നൂറ്റാണ്ടോടെ പൂർത്തീകരിക്കുകയും ചെയ്തിരിക്കണം[53]. ഭാഷാകൗടലീയവും കൊല്ലൂർമഠം താമ്രശാസനവും തിരുവമ്പാടി ശാസനവും തിരുവിതാംകോട്ടുശാസനവും മലയാളലിപിയുടെ വികാസചരിത്രത്തിന് ഉത്തമോദാഹരണമാണ്. ഇവയിലെല്ലാം സംസ്കൃതപദങ്ങൾ ഗ്രന്ഥാക്ഷരത്തിലാണ് എഴുതിയിരിക്കുന്നത്. വട്ടെഴുത്തിലുള്ള ആദ്യകാല ശാസനകളിൽ പോലും സംസ്കൃത പദങ്ങൾ ഗ്രന്ഥലിപിയിലാണ് എഴുതിയിരിക്കുന്നതെന്ന് സൂചിപ്പിച്ചല്ലോ. കാലക്രമേണ സംസ്കൃതവാക്കുകൾ കൂടുതലായി മലയാള ഭാഷയിലേക്കു കടന്നുവരികയും അവയെ സംസ്കൃതോച്ചാരണ രീതിയിൽ മലയാ

ളികൾ ഉച്ചരിക്കുകയും ചെയ്തു. സംസ്കൃത പ്രഭാവത്തിനു കീഴടങ്ങിയ മലയാള ഭാഷ എഴുതാൻ വട്ടെഴുത്ത് തികച്ചും അപര്യാപ്തമായിത്തീർന്നു. സംസ്കൃതമെഴുതാൻ ഉപയോഗിച്ച ലിപി എന്ന നിലയ്ക്ക് കേരളീയർക്ക് സുപരിചിതമായ ആര്യ എഴുത്ത് മലയാളഭാഷയെഴുതാൻ തികച്ചും അനുയോജ്യമെന്നതിനാൽ അതിനെ മലയാളലിപിയായി സ്വീകരിച്ചു[54]. ആര്യ എഴുത്തിൽ ഇല്ലാത്ത റ, ഴ എന്നിവയ്ക്ക് വട്ടെഴുത്ത് അക്ഷരങ്ങൾതന്നെ നിലനിർത്തി. ഗ്രന്ഥലിപിയിൽ 'ള' കാരം ആദ്യകാലത്ത് ഇല്ലായിരുന്നതിനാൽ പിന്നീട് വട്ടെഴുത്തിൽനിന്ന് അതും കടംകൊണ്ടു. ദന്ത്യമായ 'ന'യ്ക്കും വത്സ്യമായ 'ന'യ്ക്കും വട്ടെഴുത്തിൽ പ്രത്യേകം അക്ഷരങ്ങളുണ്ടെങ്കിലും എന്തുകൊണ്ടോ മലയാളം അതു നിലനിർത്തിയില്ല. ആര്യഎഴുത്തിന്റെ ചതുരവടിവ് തുടക്കത്തിൽ മലയാളാക്ഷരങ്ങൾ നിലനിർത്തിയില്ലെങ്കിലും പിന്നീട് മലയാളത്തിലെ അക്ഷരങ്ങളുടെ വടിവ് ഉരുണ്ടതായിത്തീർന്നു.

എഴുത്തച്ഛൻ കൃതികളിലെ ആര്യ എഴുത്തിന്റെ പ്രചാരവും അദ്ദേഹം നാരായമുപയോഗിച്ച് പനയോലയിലെഴുതിയ അക്ഷരങ്ങളുടെ വളവും പുള്ളിയുമുള്ള എഴുത്തു ശൈലിയും കേരളത്തിൽ പരക്കെ സ്വീകാര്യമായി. 1836-ൽ മലയാളം അച്ചടി ആരംഭിച്ചപ്പോൾ നിലവിലെ അക്ഷരരൂപങ്ങളെ നിശ്ചിത അക്ഷര രൂപങ്ങൾ നൽകി അച്ചിലാക്കി[55]. അച്ചുകളുടെ പ്രചാരണത്തോടെ കൈയ്യെഴുത്തിന്റെ ആകൃതിയാലും പ്രകൃതിയിലുമുള്ള വ്യത്യാസങ്ങളിലില്ലാതാവുകയും ഏകസ്വരൂപം കൈവരുകയും ചെയ്തു. ചെറുശ്ശേരിയുടെയും പൂന്താനത്തിന്റെയും എഴുത്തച്ഛന്റെയും ഒക്കെ ജനകീയ കൃതികളിൽക്കൂടി മലയാളലിപി കേരളീയർക്കെല്ലാം സുപരിചിതമായിത്തീർന്നു. ഈ എഴുത്തുശൈലി മലയാളത്തിൽ പ്രചരിക്കുകയും ചെയ്തു.

മലയാളം അച്ചടിക്കാൻ തുടങ്ങിയപ്പോൾ നിലവിലിരുന്ന അക്ഷരരൂപങ്ങൾക്ക് നിശ്ചിത അച്ചടിരൂപങ്ങൾ നൽകി. അതിന്റെ ഭാഗമായി കൂട്ടക്ഷരങ്ങൾ

പിരിച്ചെഴുതുക, സ്വരോപചിഹ്നങ്ങളെ വ്യഞ്ജനാക്ഷരങ്ങളിൽ നിന്നു വേർപ്പെടുത്തുക, ഘടകാക്ഷരങ്ങളെ വശങ്ങളിലേക്ക് ഒരേ നേർവരയിലെഴുതുക എന്നീ ലിപി പരിഷ്കാരങ്ങൾ വന്നു. 1968-ലാണ് ഈ പരിഷ്ക്കാരം ആരംഭിച്ചത്. 1973 ൽ ഈ പരിശ്രമങ്ങൾ കുറേകൂടി പ്രായോഗിക തലത്തിൽ നടപ്പിലാക്കി[56].

### 3.5. മലയാള ലിപി ഹോർത്തൂസ് മലബാറിക്കസ്സിൽ

മലയാള ലിപി ആദ്യമായി അച്ചടിച്ച പുസ്തകമെന്ന നിലയിൽ മലയാള ലിപിയുടെ പരിണാമഘട്ടത്തിന്റെ അടയാളപ്പെടുത്തപ്പെട്ട ഏറ്റവും സുപ്രധാനമായ രേഖയാണ് ഹോർത്തൂസ് മലബാറിക്കസ്. 17-ാം നൂറ്റാണ്ടിൽ കേരളത്തിൽ നിലവിലുണ്ടായിരുന്ന മലയാള ലിപിയും അവയുടെ പ്രയോഗവും വിന്യാസവും ഈ ഗ്രന്ഥത്തിൽ എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുകയും അതുവഴി മലയാള ഭാഷയും ലിപിയും ആ കാലഘട്ടത്തിലെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിലും വരും തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്നതിലും ഹോർത്തൂസ് മലബാറിക്കസ്സ് വഹിച്ച പങ്ക് അന്വേഷിച്ച് കണ്ടെത്തുകയാണ് ഈ അധ്യായത്തിൽ. ഇതിനായി ഹോർത്തൂസ് മലബാറിക്കസിന്റെ ലാറ്റിൻ ഭാഷയിലെഴുതപ്പെട്ട പന്ത്രണ്ട് വാല്യങ്ങളും[57] പരിശോധിക്കുകയും അതിന്റെ ഇംഗ്ലീഷ് പരിഭാഷയും[58] മലയാളം പരിഭാഷയും[59] പഠന വിധേയമാക്കുകയും ചെയ്തു. ഭാഷയുടെയും ലിപിയുടെയും പരിണാമ ചരിത്രം പഠിക്കുക എന്നതല്ല ഈ പഠനത്തിന്റെ ലക്ഷ്യം. മറിച്ച് മലയാള ലിപി വ്യാപകമായി ഈ ഗ്രന്ഥത്തിലെങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് മനസ്സിലാക്കി ഈ ഗ്രന്ഥത്തെ ഒരു സാംസ്കാരിക പാഠമായി വിലയിരുത്താനുമാണ് ശ്രമിക്കുന്നത്.

#### 3.5.1 മലയാള ലിപി വിന്യാസം ഒന്നാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ മലബാർ പ്രദേശത്ത് കണ്ടുവരുന്ന വൃക്ഷങ്ങളെക്കുറിച്ചും നീണ്ട തോടോടുകൂടി കായ്കളുള്ള മരങ്ങളെ

ക്കുറിച്ചുമാണ് വിവരിക്കുന്നത്. ഇതിലെ പാഠഭാഗവും തലക്കെട്ടും പൂർണ്ണമായും ലാറ്റിൻ ഭാഷയിലാണ് രചിക്കപ്പെട്ടത്. ഈ വാല്യം അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈന്നും തിയഡോർ ജാൻസ് ഓഫ് അൽമിലോ വിനും ചേർന്നാണ്. അതുപോലെ വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും നൽകിയത് യൊഹാന്നസ് കോമ്മലൈനസാണ്. 1678 ൽ ആംസ്റ്റർ ഡാമിൽ നിന്നു മാണ് ആദ്യവാല്യം പ്രസിദ്ധീകരിച്ചത്. വാൻറീഡ് ഈ വാല്യം സമർപ്പിച്ചിട്ടുള്ളത് ജോൺ മാറ്റ്സ്യൂക്കറിനാണ്. ഐക്യ ബൽജിയത്തിൻ കീഴിലുള്ള ഈസ്റ്റിന്ത്യയുടെ ഗവർണ്ണറും സർവ്വസൈനാധിപനും പ്രഭുവുമായിരുന്നു ഇദ്ദേഹം. അതിനുശേഷം കൊച്ചിയിലെ പുരോഗിതനായ ജോൺ കസേറിയസും ബ്രദർ മാത്യു ഓഫ് സെന്റ് ജോസഫും വായനക്കാർക്കായി തയ്യാറാക്കിയിട്ടുള്ള രണ്ടു മുഖവുരകളും നൽകി യിട്ടുണ്ട്. ഇവയെല്ലാം ലാറ്റിൻ ഭാഷയിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന് ശേഷം ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയ്ക്ക് പിന്നിൽ അതിന്റെ പ്രധാന വിജ്ഞാന ശ്രോതസ്സുകളായി പ്രവർത്തിച്ചവരുടെ മൂന്ന് സാക്ഷ്യപത്രങ്ങളും നൽകിയിട്ടുണ്ട് (അനുബന്ധം 4).

ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ ദ്വിഭാഷിയായി പ്രവർത്തിച്ചി ട്ടുള്ള ഇമ്മാനുവൽ കർണീറോ ആണ് ആര്യ എഴുത്ത് ലിപി മാതൃകയിലുള്ള ആദ്യ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടുള്ളത്. വാൻറീഡിന്റെ ആജ്ഞപ്രകാരം കരപ്പുറം സ്വദേശിയും ഈഴവ കുലത്തിൽ ജനിച്ചവനുമായ 'കൊല്ലാട' എന്ന മലയാളി വൈദ്യനിൽ നിന്നും (ഇട്ടി അച്യുതനെയാണ് ഉദ്ദേശിച്ചത്) മറ്റ് മലയാളികളായ വൈദ്യൻമാരുടെ കയ്യെഴുത്ത് ഗ്രന്ഥങ്ങളിൽ നിന്നും ശേഖരിച്ചിട്ടുള്ളതുമായ മല ബാർ പ്രവിശ്യയിൽ കണ്ടുവരുന്ന ചെടികളുടെയും മരങ്ങളുടെയും വള്ളിച്ചെടികളു ടെയും പേരുകളും അവയുടെ ഔഷധ ഗുണങ്ങളും മലയാള ഭാഷയിൽ നിന്ന് പോർച്ചുഗീസിലേക്ക് തർജ്ജമ ചെയ്തത് കർണീറോ ആണെന്നുമാണ് ഈ സാക്ഷ്യപത്രത്തിൽ. ഇത് തയ്യാറാക്കിയത് 1675 ഏപ്രിൽ മാസം 19 നാണെന്നും

സൂചിപ്പിച്ചിരിക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഇതിലെ സസ്യങ്ങളെക്കുറിച്ചും അവയുടെ ഔഷധമൂല്യത്തെ സംബന്ധിച്ചുള്ളതുമായ അടിസ്ഥാനവിവരങ്ങൾക്കാധാരം മലബാറിലെ പാരമ്പര്യവൈദ്യമാണെന്നും, ഇതിൽ ഉപയോഗിച്ച ആര്യഎഴുത്ത് ലിപി പതിനേഴാം നൂറ്റാണ്ടിലെ മലയാള ലിപി വളർച്ചയുടെ പരിണാമഘട്ടത്തെ സാക്ഷ്യപ്പെടുത്തുന്നു എന്നുമാണ്.

ഒന്നാം വാല്യത്തിൽ നൽകിയിട്ടുള്ള രണ്ടാമത്തെ സാക്ഷ്യപത്രം പാരമ്പര്യ വൈദ്യനായിട്ടുള്ള ഇട്ടി അച്യുതൻ കോലെഴുത്ത് ലിപിയിൽ തയ്യാറാക്കിയതാണ്. വൈദ്യപാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച ഇട്ടി അച്യുതന് പൂർവ്വികർ പാരമ്പര്യമായി കൈമാറി ലഭിച്ചിട്ടുള്ള താളിയോല ഗ്രന്ഥത്തിൽനിന്നുള്ള അറിവും തന്റെ ദീർഘനാളത്തെ പ്രായോഗിക പരിചയത്തിന്റെയും പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ സ്വായത്തമാക്കിയ ചെടികളുടെയും മരങ്ങളുടെയും വള്ളിച്ചെടികളുടെയും പേരുകളും അവയുടെ ഔഷധ മൂല്യങ്ങളും ഇന്ത്യൻ സൊസൈറ്റിയിലെ (ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി) ദ്വിഭാഷിയായ ഇമ്മാനുവൽ കർണീറോ മുഖേന പകർന്നു നൽകിയതാണെന്നും സാക്ഷ്യപത്രത്തിൽ വിവരിക്കുന്നുണ്ട്. ഇതിന്റെ സത്യാവസ്ഥയെക്കുറിച്ച് മലയാളി വൈദ്യൻമാർക്ക്പോലും യാതൊരു സംശയവും ഉണ്ടാകാൻ പാടില്ല എന്നുമുള്ള കാര്യങ്ങൾ സ്വന്തം കൈപ്പടയിൽ എഴുതി സാക്ഷ്യപത്രത്തിൽ ഒപ്പിട്ടിരിക്കുകയാണ്. 1675 ഏപ്രിൽ മാസം 20 നാണ് ഈ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടുള്ളത്. ഇത് മലയാളത്തിൽ നിന്ന് പോർച്ചുഗീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത് മാനുവൽ കർണീറോയും, പോർച്ചുഗീസിൽ നിന്ന് ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തിയത് കൊച്ചി നഗരത്തിലെ സിവിൽ സെക്രട്ടറിയായിരുന്ന ക്രിസ്ത്യൻ ഹെർമൻ ഡി ഡോണപ്പുമാണ്.

ഇട്ടി അച്യുതൻ തയ്യാറാക്കിയ ഈ സാക്ഷ്യപത്രം മലയാള ലിപി പരിണാമ ചരിത്രത്തിന്റെ സാക്ഷ്യപത്രം കൂടിയാണ്. മലയാളത്തിലെ ആധുനിക ലിപി സമ്പ്രദായം വരുന്നതിന് മുമ്പ് കേരളത്തിൽ വട്ടെഴുത്ത്, കോലെഴുത്ത്, മലയാൺമ

എന്നീ ലിപി വ്യവസ്ഥകളാണ് നിലവിലിരുന്നത് എന്ന് സൂചിപ്പിച്ചുവല്ലോ? വട്ടെഴുത്തിന്റെ വകഭേദമാണ് കോലെഴുത്ത്. ഇതിന് മലയാൺമയെന്നും മലയാം തമിഴ് എന്നും പേരുണ്ട്. കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളായ കൊച്ചിയും മലബാർ ഉൾപ്പെട്ട കോലത്തുനാട്ടിലാണ് കോലെഴുത്തിന് പ്രചുരപ്രചാരമുണ്ടായിരുന്നുത്. കോലെഴുത്ത്ലിപിയിലാണ് ഇട്ടി അച്യുതൻ ഈയോരുസാക്ഷ്യപത്രം തയ്യാറാക്കിയത് എന്നത് ശ്രദ്ധേയമാണ്. മലബാറിൽ കോലെഴുത്ത് ലിപി ഉപയോഗത്തിലുണ്ടായിരുന്നു എന്നുള്ളതിന്റെ തെളിവുകൂടിയാണ് ഈ സാക്ഷ്യപത്രം. അങ്ങനെ ഇന്നത്തെ മലയാള ലിപി വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയുമൊക്കെ കാലത്തിലൂടെ കടന്നുവന്നതാണെന്ന് ഹോർത്തൂസിനെ മുൻനിർത്തി സാക്ഷ്യപ്പെടുത്താൻ കഴിയും.

കൊങ്കിണി ബ്രാഹ്മണൻമാരായ രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പു ഭട്ട് എന്നിവർ ചേർന്ന് 'കൊങ്കണി' ഭാഷയിൽ തയ്യാറാക്കി 'നാഗരിലിപിയിൽ' എഴുതി ഈ ഗ്രന്ഥത്തിലെ വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്ന ഒരു സാക്ഷ്യപത്രം കൂടി ഒന്നാം വാല്യത്തിൽ ഉണ്ട്. ഈ ഗ്രന്ഥത്തിലെ സസ്യസംബന്ധമായ വിവരങ്ങൾക്ക് തങ്ങളുടെ പാരമ്പര്യവൈദ്യഗ്രന്ഥമായ 'മാൻഹനിഘട്ടണം' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾകൂടി ഉപയോഗിച്ചിരിക്കുന്നുവെന്നും, ഗ്രന്ഥപൂർത്തീകരണത്തിനായി രണ്ടുവർഷകാലം ഞങ്ങൾ ചെലവഴിച്ചിട്ടുള്ളതുമാണെന്നും രേഖപ്പെടുത്തി മൂവരും പേരെഴുതി ഒപ്പുവച്ചിട്ടുള്ളതാണ് മൂന്നാമത്തെ സാക്ഷ്യപത്രം. നാഗരി ലിപിയിലുള്ള ഈ സാക്ഷ്യപത്രം വിനായക പണ്ഡിറ്റാണ് പോർച്ചുഗീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ക്രിസ്ത്യൻ ഹെർമൻ ഡി. ഡോണപ്പ് ലാറ്റിനിലേക്കും പരിഭാഷപ്പെടുത്തി.

മലബാറിൽ കണ്ടുവരുന്ന 'വൃക്ഷങ്ങളെ' 52 അധ്യായങ്ങളിലൂടെയാണ് ഒന്നാം വാല്യത്തിൽ വിശദീകരിച്ചിരിക്കുന്നത്. പാഠഭാഗത്തുള്ള സസ്യങ്ങളെ കുറിച്ചുള്ള വിവരണം പൂർണ്ണമായും ലാറ്റിൻ ഭാഷയിലാണ്. അധ്യായത്തിന്റെ പേരു

കൾ ലാറ്റിൻ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നുതെങ്കിലും അതിന്റെ ഉച്ചാരണ രീതി മലബാറിൽ ആ കാലഘട്ടത്തിൽ മലയാളത്തിൽ നിലനിന്നിരുന്ന സസ്യങ്ങ ളുടെ പേരുപോലെയാണ്. അതായത് മലബാറിലെ തദ്ദേശീയർ ഉപയോഗിച്ചിരുന്ന സസ്യനാമങ്ങൾ ലാറ്റിൻ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ഉദാഹ രണമായി തെങ്ങിനെ 'തെങ്ങ' എന്നു തന്നെയാണ് ലാറ്റിൻ ഭാഷയിൽ കൊടുത്തി ട്ടുള്ളത് (അനുബന്ധം 6). യൂറോപ്യൻമാർക്ക് പരിചിതമല്ലാത്ത നൂറുകണക്കിന് സസ്യങ്ങളെയാണ് ഇവിടെ കണ്ടത് എന്നുള്ളതിനാൽ മലബാറിൽ പ്രചാരത്തി ലുള്ള പേരുകൾ അതേപോലെ സ്വീകരിച്ച് ലാറ്റിനിൽ ഉപയോഗിച്ചു എന്നുമാത്രം.

ഒന്നാം വാല്യത്തിൽ വൃക്ഷങ്ങളുടെ 57 ചിത്രങ്ങളാണ് കൊടുത്തിട്ടുള്ളത്. അവയ്ക്ക് മുകളിലായി ലാറ്റിൻ, മലബാർ (മലയാളം), അറബി, ബ്രാഹ്മണ ലിപി (നാഗരി) കളിൽ സസ്യങ്ങളുടെ പേരുകളും കൊടുത്തിട്ടുണ്ട് (അനുബന്ധം 6). എന്നാൽ 'ആനപ്പരുവ', 'കാട്ടു-അമ്പാഴം', 'പപ്പായ മരം' എന്നീ സസ്യങ്ങളുടെ ചിത്രങ്ങളും മലയാള ലിപിയിൽ അവയുടെ പേരുകളും ആലേഖനം ചെയ്തിട്ടില്ല. ബാക്കിയുള്ള എല്ലാ ചിത്രങ്ങളുടെയും മുകളിലായി കൊടുത്തിട്ടുള്ള സസ്യ നാമ ങ്ങൾ മലബാറിൽ പ്രാദേശികമായി ഉപയോഗിച്ചിരുന്ന സസ്യങ്ങളുടെ പേരുതന്നെ യാണ്. ഇതിൽ നിന്നും മലയാള ഭാഷയും ലിപിയും പതിനേഴാം നൂറ്റാണ്ടിലും സമ്പന്നമായിരുന്നെന്നും ആ കാലഘട്ടത്തിലെ സംസ്കാരത്തെയും വിജ്ഞാന ത്തെയും അടയാളപ്പെടുത്താൻ തക്ക ശക്തമായിരുന്നുവെന്നും അനുമാനിക്കാം.

പാഠഭാഗത്തെ വിശദീകരണങ്ങളും സസ്യനാമങ്ങളും മനസ്സിലാക്കാൻ മല യാള പരിഭാഷ വളരെ ഉപകാരപ്രദമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സസ്യനാമ ങ്ങളുടെയും അവയുടെ ചിത്രങ്ങളുടെയും പട്ടിക (പട്ടിക 3.1) ഇവിടെ ചേർക്കു ന്നു.

പട്ടിക 3.1

ഒന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | തെങ്ങ | ചിത്രം 1, 2, 3, 4 |
| 2. | കവുങ്ങ | ചിത്രം 5, 6, 7, 8 |
| 3. | കരിം-പന | ചിത്രം 9 |
| 4. | ആമ്പന | ചിത്രം 10 |
| 5. | ചൂണ്ട-പന | ചിത്രം 11 |
| 6. | വാഴ | ചിത്രം 12, 13, 14 |
| 7. | ആമ്പപ്പായ | ചിത്രം 15 |
| 8. | പപ്പായ മരം | ചിത്രമില്ല |
| 9. | ഇല്ലി | ചിത്രം 16 |
| 10. | മലാക്ക ചാമ്പ | ചിത്രം 17 |
| 11. | നാട്ടു-ചാമ്പ | ചിത്രം 18 |
| 12. | ചമ്പകം | ചിത്രം 19 |
| 13. | ഇലഞ്ഞി | ചിത്രം 20 |
| 14. | മഞ്ഞപ്പൂമരം | ചിത്രം 21 |
| 15. | കൊന്ന | ചിത്രം 22 |
| 16. | ബാളം പുളി (മദെരം-പുളി) | ചിത്രം 23 |
| 17. | കൊടം-പുളി | ചിത്രം 24 |
| 18. | അത്തി - ആലു | ചിത്രം 25 |
| 19. | ഇത്തി- ആലു | ചിത്രം 26 |
| 20. | അരെയാലു | ചിത്രം 27 |
| 21. | പെരാലു | ചിത്രം 28 |
| 22. | പൂപരിത്തി | ചിത്രം 29 |
| 23. | പരിത്തി (താളി പരിത്തി) | ചിത്രം 30 |
| 24. | കുരു-പരിത്തി | ചിത്രം 31 |
| 25. | ചൊവന്ന - മന്താരു | ചിത്രം 32 |
| 26. | ചൊവന്ന - മന്താരു | ചിത്രം 33 |
| 27. | വെളുത്ത - മന്താരു | ചിത്രം 34 |
| 28. | കാഞ്ചെന-പൂ | ചിത്രം 35 |
| 29. | മരോട്ടി | ചിത്രം 36 |

| | | |
|---|---|---|
| 30. | കാഞ്ഞിരം | ചിത്രം 37 |
| 31. | നെല്ലിക്കാമരം | ചിത്രം 38 |
| 32. | ഒദളം | ചിത്രം 39 |
| 33. | മയിൽ - ആഞ്ചി | ചിത്രം 40 |
| 34. | കുമ്പുളു | ചിത്രം 41 |
| 35. | കാഞ്ചി | ചിത്രം 42 |
| 36. | പലെക-പയ്യാഞ്ഞിലി | ചിത്രം 43 |
| 37. | പയ്യാഞ്ഞിലി | ചിത്രം 44 |
| 38. | പാല | ചിത്രം 45 |
| 39. | കുരുട്ടു-പാല | ചിത്രം 46 |
| 40. | കൊടക-പ്പാല | ചിത്രം 47 |
| 41. | തിണ്ടപ്പരുവ | ചിത്രം 48 |
| 42. | ആനപ്പരുവ | ചിത്രമില്ല |
| 43. | കാവളം | ചിത്രം 49 |
| 44. | അമ്പഴം | ചിത്രം 50 |
| 45. | കാട്ടു-അമ്പഴം | ചിത്രമില്ല |
| 46. | അകത്തി | ചിത്രം 51 |
| 47. | കട-പിലാവു | ചിത്രം 52 |
| 48. | അപ്പൽ | ചിത്രം 53 |
| 49. | അമരി | ചിത്രം 54 |
| 50. | കൊഴിഞ്ഞിൽ | ചിത്രം 55 |
| 51. | ചകെരി-കൊട്ടം | ചിത്രം 56 |
| 52. | കറുവ | ചിത്രം 57 |

ഈ പട്ടികയെ അടിസ്ഥാനപ്പെടുത്തി ചിത്രങ്ങൾക്ക് മുകളിലായുള്ള മലയാള ലിപി വിന്യാസം പരിശോധിക്കുകയാണെങ്കിൽ വാക്കുകൾ എഴുതിയതിൽ ചില പ്രത്യേകതകൾ കാണാൻ കഴിയും. പാഠഭാഗത്ത് കൊടുത്തിട്ടുള്ള സസ്യനാമം 'തെങ്ങ'യ്ക്ക് 'തങ്ങ' എന്നാണ് ചിത്രത്തിന് മുകളിലായി മലയാള ലിപിയിൽ കൊടുത്തത്. അതുപോലെ 'കവുങ്ങ' എന്നതിന് 'കളങ്ങ' എന്നും 'ഇലഞ്ഞി' യ്ക്ക് 'എലഞ്ഞി', 'ബാളം പുളി', 'വാളംമ്പുളി', 'കുമ്പുളു' വിന് 'കവുളു' എന്നു

മാണ് കൊടുത്തിരിക്കുന്നത്. മറ്റുള്ള സസ്യനാമങ്ങളിൽ കാര്യമായ വ്യത്യാസം കാണാൻ കഴിഞ്ഞിട്ടില്ല. മലബാർ പ്രദേശത്ത് പ്രാദേശികമായി ഉപയോഗത്തിലുള്ള ഭാഷാശൈലിയിൽ ആണ് സസ്യങ്ങളുടെ പേരുകൾ ഹോർത്തൂസിൽ ഉപയോഗിച്ചത്. അവിടെ നിന്നും നൂറ്റാണ്ടുകളെടുത്തിട്ടാണ് ഇന്നത്തെ മലയാള ലിപിയും ഭാഷയും ഈ നിലയിലെത്തിയത്. ഈയൊരു പരിണാമത്തിന്റെ കാലഘട്ടത്തെ അടയാളപ്പെടുത്തുകയാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ.

### 3.5.2 മലയാള ലിപി വിന്യാസം രണ്ടാം വാല്യത്തിൽ

മലബാർ പ്രദേശത്ത് കണ്ടുവരുന്ന 'കുറ്റിച്ചെടി'കളെക്കുറിച്ചാണ് രണ്ടാം വാല്യത്തിൽ വിവരിച്ചിട്ടുള്ളത്. 55 അധ്യായങ്ങളിലൂടെയാണ് ഈ വാല്യം കടന്നുപോകുന്നത്. ഈ സസ്യങ്ങളുടെ ഔഷധമൂല്യങ്ങളും രോഗങ്ങൾക്ക് ഏത് രീതിയിലാണ് അവ ഉപയോഗിക്കുന്നത് എന്നൊക്കെ വിശദമാക്കിക്കൊണ്ടുള്ള ഈ വാല്യം അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈനും കൊച്ചിയിലെ പുരോഹിതനായിരുന്ന ജോൺ കസേറിയസും ചേർന്നാണ്. ഇതിന്റെ വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും നൽകിയിരിക്കുന്നത് യോഹന്നസ് കോമ്മലൈനസ് ആണ്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ചത് 1679 ൽ ആംസ്റ്റർഡാമിൽ വച്ചാണ് (അനുബന്ധം). ഈ വാല്യം എഗീഡിയസ് വാൾക്കെനീർ, ജോൺഹുഡെ, ജോൺ ഹുയ്ഡെ കുപ്പർ, പീറ്റർ വാൻ ഡാം എന്നിവർക്കാണ് വാൻറീഡ് സമർപ്പിച്ചിരിക്കുന്നത്. വാൻറീഡിനെപ്പറ്റിയും, ജോൺ കസേറിയസിനെപ്പറ്റിയും ആദരസൂചകമായി വിൽഹം ടെൻ റൈൻ എഴുതിയ കുറിപ്പുകൂടാതെ സസ്യശാസ്ത്ര വായനക്കാരന് ജോൺ കോമലിന്റെ ആമുഖകുറിപ്പും കൊടുത്തിട്ടുണ്ട്.

രണ്ടാം വാല്യത്തിൽ സസ്യങ്ങളുടെ 56 ചിത്രങ്ങളാണ് കൊടുത്തിരിക്കുന്നത്. എന്നാൽ 'പാണ്ടി ആവണക്കു', 'വള്ളി-ചൊറിഗെണം', 'വെൾ-എരിക്കു'

എന്നീ സസ്യങ്ങളുടെ ചിത്രങ്ങളും ലിപികളും കൊടുത്തിട്ടില്ല. ബാക്കിയുള്ള എല്ലാ ചിത്രങ്ങൾക്കു മുകളിലായി ലാറ്റിൻ, മലബാർ (മലയാളം), അറബി, ബ്രാഹ്മ ണലിപികളിൽ സസ്യനാമങ്ങൾ കൊടുത്തിട്ടുണ്ട്. ഈ മലയാള ലിപിയാണ് ആ കാലഘട്ടത്തിലെ മലയാള ലിപിയുടെ ഘടനയും ഉപയോഗക്രമവും മനസ്സിലാക്കാ നുള്ള ഹോർത്തൂസിലെ മാർഗ്ഗം. ഇവ പരിശോധിച്ചാൽ ആ കാലഘട്ടത്തിലെ ലിപികളുടെ പ്രത്യേകതകൾ മനസ്സിലാകും. സംസാരഭാഷ എഴുത്തിലേക്ക് വരു മ്പോൾ നിലവിലെ ലിപികൾ ഉപയോഗിച്ച് അവ എങ്ങനെ പ്രതിനിധാനം ചെയ്യാ മെന്ന് ഈ മലയാളലിപികൾ നമുക്ക് കാണിച്ചു തരുന്നു.

പാഠഭാഗത്ത് കൊടുത്തിരിക്കുന്ന സസ്യ നാമങ്ങളും വിശദീകരണങ്ങളും ലാറ്റിനിലായതിനാൽ ആ വിശദീകരണങ്ങൾ വായിച്ചു മനസ്സിലാക്കുന്നത് വളരെ ബുദ്ധിമുട്ടായിരുന്നു ഈ പ്രശ്നം പരിഹരിച്ചുകൊണ്ട് ഹോർത്തൂസിന്റെ മലയാള പരിഭാഷ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സസ്യനാമ ങ്ങളുടെയും ചിത്രങ്ങളുടെയും പട്ടിക (പട്ടിക 3.2) നൽകിയിട്ടുണ്ട്.

**പട്ടിക 3.2**

**രണ്ടാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | കൈത | ചിത്രം 1, 2, 3, 4, 5 |
| 2. | കൈത തടി | ചിത്രം 6 |
| 3. | പെരിൻ-കൈത-തടി | ചിത്രം 7 |
| 4. | കൈത ചെറിയ | ചിത്രം 8 |
| 5. | പാണൽ | ചിത്രം 9 |
| 6. | നറും പാണൽ | ചിത്രം 10 |
| 7. | കര-നൊച്ചി | ചിത്രം 11 |
| 8. | വെൺ-നൊച്ചി | ചിത്രം 12 |
| 9. | ചെത്തി | ചിത്രം 13 |
| 10. | വെം-ചെത്തി | ചിത്രം 14 |
| 11. | നെടും-ചെത്തി | ചിത്രം 15 |

| | | |
|---|---|---|
| 12. | ചെറുനാം-കൊട്ടം | ചിത്രം 16 |
| 13. | ചെം-പരിത്തി | ചിത്രം 17 |
| 14. | വെള്ളില | ചിത്രം 18 |
| 15. | മോതിര-കണ്ണി | ചിത്രം 19 |
| 16. | കരിം-കുറിഞ്ഞി | ചിത്രം 20 |
| 17. | വെം-കുറിഞ്ഞി | ചിത്രം 21 |
| 18. | കഴെറ്റി | ചിത്രം 22 |
| 19. | കുപ്പി | ചിത്രം 23 |
| 20. | കാട്ടു-ജീരകം | ചിത്രം 24 |
| 21. | പെരഗു | ചിത്രം 25 |
| 22. | നഴുകു | ചിത്രം 26 |
| 23. | നിരൂരി | ചിത്രം 27 |
| 24. | ഉമ്മത്തു | ചിത്രം 28 |
| 25. | നില-ഉമ്മത്തു | ചിത്രം 29 |
| 26. | മുതെല-നില-ഉമ്മത്തു | ചിത്രം 30 |
| 27. | എരിക്കു | ചിത്രം 31 |
| 28. | വെൾ-എരിക്കു | ചിത്രമില്ല |
| 29. | ആവണക്കു (ചിറ്റാവണക്കു) | ചിത്രം 32 |
| 30. | പാണ്ടി ആവണക്കു | ചിത്രമില്ല |
| 31. | കടൽ-ആവണക്കു | ചിത്രം 33 |
| 32. | കൊടി ആവണക്കു | ചിത്രം 34 |
| 33. | ആനച്ചുണ്ട | ചിത്രം 35 |
| 34. | ചെറു-ചുണ്ട | ചിത്രം 36 |
| 35. | ചുണ്ട | ചിത്രം 37 |
| 36. | കാട്ടു-ഗസ്തൂരി | ചിത്രം 38 |
| 37. | ചൊറിഗെണം | ചിത്രം 39 |
| 38. | ബട്ടി-ചൊറിഗെണം | ചിത്രം 40 |
| 39. | ആന-ച്ചൊറിഗെണം | ചിത്രം 41 |
| 40. | വള്ളി-ചൊറിഗെണം | ചിത്രമില്ല |
| 41. | ചദിദ-കള്ളി | ചിത്രം 42 |
| 42. | ഇല-കള്ളി | ചിത്രം 43 |
| 43. | തിരു-കള്ളി | ചിത്രം 44 |
| 44. | ബഹെൽ-ചുള്ളി | ചിത്രം 45 |

| | | |
|---|---|---|
| 45. | നീർ-ചുള്ളി | ചിത്രം 46 |
| 46. | കര-ചുള്ളി | ചിത്രം 47 |
| 47. | പൈന - ചുള്ളി | ചിത്രം 48 |
| 48. | കരാമ്പു | ചിത്രം 49 |
| 49. | കാട്ടു-കരാമ്പു | ചിത്രം 50 |
| 50. | നീർ-കരാമ്പു | ചിത്രം 51 |
| 51. | പൊന്നാം-തകര (പൊന്ന-വീരം) | ചിത്രം 52 |
| 52. | തകര | ചിത്രം 53 |
| 53. | നന്തി-എർവട്ടം | ചിത്രം 54 |
| 54. | നന്തി-എർവട്ടെ ചെറുത് | ചിത്രം 55 |
| 55. | കപ്പ-മുളകു | ചിത്രം 56 |

ഇതിനെ പഠനവിധേയമാക്കിയാൽ പതിനേഴാം നൂറ്റാണ്ടിലെ ലിപികളുടെ പ്രത്യേകതകളും അവയുടെ ഉപയോഗങ്ങളും മനസ്സിലാക്കാൻ കഴിയും. പാഠഭാഗത്ത് കൊടുത്തിട്ടുള്ള സസ്യനാമമായ 'കൈത'യ്ക്ക് 'കൈയത' എന്നാണ് ചിത്രത്തിലെ മലയാള ലിപിയിൽ കൊടുത്തിട്ടുള്ളത്. അതുപോലെ 'ചെം-പരിത്തി' യെ 'ചെമ്പരിത്തി', 'ജീരകം', ത്തിനെ 'ചീരകം', 'ആവണക്കു'നെ 'ആമണക്കു', 'ഇല-കള്ളി' യെ 'എലക്കള്ളി', 'കരാമ്പു' വിനെ 'കറെയംമ്പുവ' എന്നുമാണ് ചിത്രത്തിൽ പ്രയോഗിച്ചിട്ടുള്ളത്. പ്രാദേശികമായി പ്രചാരത്തിലുള്ള ശൈലിയാണ് ഈ ലിപിയിലൂടെ വെളിവാകുന്നത്. ആ കാലഘട്ടത്തിൽ മലയാള ലിപികൾ ഉപയോഗിച്ച് വാക്കുകളെ ഏതു രീതിയിലാണ് നിർമ്മിച്ചതെന്ന് മനസ്സിലാക്കാൻ ഈ ചിത്രങ്ങളുടെ മുകളിലായി കൊടുത്തിട്ടുള്ള മലയാള ലിപി പരിശോധിച്ചാൽ മനസ്സിലാകും. ആ കാലഘട്ടത്തിലെ മലയാള ഭാഷയുടെയും ലിപികളുടെയും ശക്തിയും ദൗർബല്ല്യവും മനസ്സിലാക്കാൻ ഈ ഗ്രന്ഥത്തിലൂടെ കഴിയുന്നു എന്നുള്ളതാണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ പ്രാധാന്യം.

### 3.5.3. മലയാള ലിപി വിന്യാസം മൂന്നാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ മൂന്നാം വാല്യത്തിൽ മുപ്പത്തി മൂന്നോളം അധ്യായങ്ങളിലൂടെയാണ് വൃക്ഷങ്ങളെ വിശദീകരിച്ചിരിക്കുന്നത്. ഹെൻറി വാൻറീഡ് ടോട് ഡ്രക്കസ്റ്റെനും യോഹന്നെം മുന്നിക്സും ചേർന്നാണ് ഈ വാല്യം തയ്യാറാക്കിയത്. ഇതിന്റെ വിശദീകരണക്കുറിപ്പുകളും വ്യാഖ്യാനങ്ങളും നിർവ്വഹിച്ചിരിക്കുന്നത് യൊഹാന്നസ് കോമ്മലൈനസ്സാണ്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ മൂന്നാംവാല്യം, പ്രസിദ്ധപ്പെടുത്തിയ് 1682-ൽ ആംസ്റ്റർഡാമിൽ വച്ചാണ്. ഈ വാല്യത്തിന്റെ തുടക്കത്തിൽ മലബാറിലെ പ്രഥമ പ്രഭുവായ വിരോളൻ തമ്പുരാനെ (പെരുമ്പടപ്പുസ്വരൂപം, കുറൂർനാട് പടിഞ്ഞാറ്റെ, എളേടത്തു സ്വരൂപം, കൊച്ചി മുതലായ പ്രദേശങ്ങളുടെ രാജാവ്) വാൻറീഡ് അഭിവാദ്യം ചെയ്യുന്നുണ്ട്. ഈ പുസ്തകത്തിന്റെ ആമുഖത്തിൽ ഹോർത്തൂസിന്റെ രചനാപശ്ചാത്തലവും, മലബാറിലെ സസ്യസമ്പത്തും, ആചാരാനുഷ്ഠാനങ്ങളുമൊക്കെത്തന്നെ വാൻറീഡ് വിവരിക്കുന്നുണ്ട്. കൂടാതെ വായനക്കാരെ അഭിവാദ്യം ചെയ്തുകൊണ്ട് ജോൺ മുനിക്സിന്റെയും ജോൺകോമലിന്റെയും കുറിപ്പുകളും ചേർത്തിട്ടുണ്ട്.

ഈ വാല്യത്തിൽ വിവരിച്ചിട്ടുള്ള സസ്യങ്ങളുടെയൊക്കെ പേരുകളും പാഠഭാഗങ്ങളും ലാറ്റിൻ ഭാഷയിലാണ് രചിച്ചിട്ടുള്ളത്. പാഠഭാഗത്തെ അധ്യായങ്ങളുടെ പേരുകളുടെ പ്രത്യേകത അവ ലാറ്റിൻ ഭാഷയിലാണെങ്കിലും മലബാറിൽ പ്രാദേശികമായി ഉപയോഗിച്ചുവരുന്ന അതേ പേരുകളാണ് നൽകിയിരിക്കുന്നത് എന്നതാണ്. അതിന്റെ മുഖ്യ കാരണം യൂറോപ്യൻമാർക്ക് ഇത്തരം സസ്യങ്ങൾ അപരിചിതമായിരുന്നു എന്നുള്ളതാണ്. എന്നാൽ മലയാള ഭാഷയിൽ ആ കാലത്തു തന്നെ ഇതിനൊക്കെ കൃത്യമായ പേരുകളുണ്ടായിരുന്നു എന്നുള്ളത് ഈ ഭാഷയുടെ ശക്തിയാണ് വിളിച്ചോതുന്നത്.

ഈ വാല്യത്തിൽ മലബാറിലെ 33 ഇനം സസ്യങ്ങളുടെ 64 ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ചിത്രങ്ങൾക്ക് മുകൾ ഭാഗത്തായി ലാറ്റിൻ, മലബാർ, അറ

ബി, ബ്രാഹ്മണ ലിപികളിൽ സസ്യത്തിന്റെ പേരുകളും ചേർത്തിട്ടുണ്ട്. വിവിധ ഭാഷകളാണെങ്കിലും മലയാള സസ്യനാമങ്ങളാണ് കൊടുത്തിരിക്കുന്നത്. മലയാള ലിപി ആദ്യമായി അച്ചടിച്ച പുസ്തകമെന്ന നിലയിൽ ലിപിയുടെ പരിണാമത്തിന്റെ ഒരു രേഖയായി ഇതിനെ പരിഗണിക്കാവുന്നതാണ്. ഈ ലിപികൾ പരിശോധിക്കുകയാണെങ്കിൽ ആ കാലഘട്ടത്തിൽ മലയാളത്തിന്റെ ഉപയോഗം ഏത് രീതിയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. 'നീറ്റി-പന്ന' എന്ന സസ്യത്തിന്റെ ചിത്രം നൽകിയിട്ടില്ല. അതുപോലെ 'കൊട-പന്ന', 'തൊട-പന്ന', 'കാട്ടു-ഈന്തൽ,' 'അനോണ-മരം', 'സ്യാലിറ്റ', 'നെല്ലിപ്പുളി', 'പഞ്ഞ, പഞ്ഞള' എന്നീ സസ്യങ്ങളുടെ ചിത്രത്തിന് മുകളിലായി മലയാള ലിപിയിൽ പേര് ചേർത്തിട്ടില്ല.

ഹോർത്തൂസ് മലബാറിക്കസ്സിന്റെ മലയാള പരിഭാഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക (പട്ടിക 3.3) താഴെ നൽകുന്നു.

**പട്ടിക 3.3**

**മൂന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | കൊട-പന്ന (മലബാറിലെ മലമ്പന) | ചിത്രം 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12 |
| 2. | നീറ്റി - പന്ന | ചിത്രമില്ല |
| 3. | തൊട-പന്ന | ചിത്രം 13, 14, 15, 16, 17, 18, 19, 20, 21 |
| 4. | കാട്ടു-ഈന്തൽ | ചിത്രം 22, 23, 24, 25 |
| 5. | ചക്കമരം (യക്ക ഒരു പക്ഷേ യാക്ക) | ചിത്രം 26, 27, 28 |
| 6. | ആത്ത മരം | ചിത്രം 29 |
| 7. | അനോണ-മരം (അനോൻ ഒവീഡി) | ചിത്രം 30, 31 |
| 8. | ആഞ്ഞിലി | ചിത്രം 32 |
| 9. | കാട്ടു ചക്ക | ചിത്രം 33 |
| 10. | പേല (ഗ്വാജാബോർ പോമിഫെറ ഇൻഡിക്ക ബിപിൻ)/ പേര | ചിത്രം 34 |

| | | |
|---|---|---|
| 11. | മലാക്ക-പ്പേല | ചിത്രം 35 |
| 12. | പേലു (ഗ്വയാബോ സിൽവെസ്ട്രെ) | ചിത്രം 36 |
| 13. | കോവളം (സൈഡോണിയ എക്സോട്ടിക്ക ബോഹ് ഇൻ പിൻ)/ കൂവളം | ചിത്രം 37 |
| 14. | സ്യാലിറ്റ | ചിത്രം 38, 39 |
| 15. | ബ്ലാത്തി (ജോബോസ് സിൽവെസ്ട്രിസ്) | ചിത്രം 40 |
| 16. | പനിച്ചിക്ക-മരം | ചിത്രം 41 |
| 17. | നീർവാള | ചിത്രം 42 |
| 18. | താമര-തൊങ്ങ (കരംബോലാസ്) | ചിത്രം 43, 44 |
| 19. | ബിലിമ്പി | ചിത്രം 45, 46 |
| 20. | നെല്ലിപ്പുളി (ചെറിയബിലിമ്പി) | ചിത്രം 47, 48 |
| 21. | പഞ്ഞ, പഞ്ഞള (ആർബോർ ലാനിജീറ ബോൺടി) | ചിത്രം 49, 50, 51 |
| 22. | മുൾ - ഇലവ് (ആർബോർ ലാനിജെറ സ്പൈനോസ) | ചിത്രം 52 |
| 23. | വെളുത്ത ചമ്പകം (കാസ്റ്റനിയ റോസിയ ഇൻഡിക്ക) | ചിത്രം 53 |
| 24. | കപ്പ-മാവ് (അക്കാജോസ് അനക്കാർഡി ബി. പിൻ-ന്റെ മറ്റൊരിനം) | ചിത്രം 54 |
| 25. | ഇത്തി - അരയാലു | ചിത്രം 55 |
| 26. | ചെറു-മീർ-ആല് | ചിത്രം 56 |
| 27. | കാട്ടു-ആലു | ചിത്രം 57 |
| 28. | അത്തി-മീർ ആലു | ചിത്രം 58 |
| 29. | ഹൻഡിർ-ആലു | ചിത്രം 59 |
| 30. | തെരഗം | ചിത്രം 60 |
| 31. | പെരിൻ തെരഗം | ചിത്രം 61 |
| 32. | വള്ളി - തെരഗം | ചിത്രം 62 |
| 33. | ചേല | ചിത്രം 63 |
| 34. | ചക്കേല | ചിത്രം 64 |

ഇതിൽ സസ്യനാമങ്ങളും അവയുടെ ചിത്രങ്ങളുടെ ക്രമനമ്പറുമാണ് കൊടുത്തിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ മലയാള ലിപി വിന്യാസം പരിശോധിക്കുകയാണെങ്കിൽ ചില പ്രത്യേകതകൾ ദർശിക്കാവുന്നതാണ്. പാഠഭാഗത്തെ സസ്യ

നാമമായ 'ആഞ്ഞിലി' യ്ക്ക് 'ആയിനി', 'പേരാ'യക്ക് 'പെര', 'കോവള'ത്തിന് 'കൂവളം', 'നീർവാള'യ്ക്ക് 'നീർവാല', 'ബിലിമ്പി'യ്ക്ക് 'പിലിമ്പി', 'പഞ്ഞ'യ്ക്ക് 'പഞ്ഞിമരം', 'ആലു'വിന് 'ആല', 'തെരഗം'ത്തിന് 'തെരകം', 'ചേല'യ്ക്ക് 'ചെല' യെന്നുമാണ് ചിത്രത്തിന് മുകളിലായി മലയാള ലിപിയിൽ കൊടുത്തിട്ടുള്ള ത്.

### 3.5.4 മലയാള ലിപി വിന്യാസം നാലാം വാല്യത്തിൽ

മലബാർ പ്രദേശത്തെ ഫലവൃക്ഷങ്ങളെക്കുറിച്ചും അവയുടെ ഔഷധ മൂല്യ ങ്ങളെക്കുറിച്ചും ഈ സസ്യങ്ങൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള രോഗങ്ങളെ എങ്ങനെ സുഖപ്പെടുത്താം എന്നൊക്കെ വിശദമായി പ്രതിപാദിക്കുന്നതാണ് ഹോർത്തൂസിന്റെ നാലാമത്തെ വാല്യം. ഇത് അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കൻസ്റ്റൈനും യോഹന്നെം മുന്നിക്സും ചേർന്നാണ്. ഈ വാല്യത്തിന്റെ വിശദീകരണകുറിപ്പുകളും വ്യാഖ്യാനങ്ങളും തയ്യാറാക്കിയത് ജോൺ കോമ്മലിൽ ആണ്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ നാലാം വാല്യം 1683 ൽ ആംസ്റ്റർഡാമിൽ വച്ചു പ്രസിദ്ധീകരിച്ചു. വാൻറീഡ് ഈ വാല്യം ഡി. ഹെന്റിക്കസ് ജേക്കോബാസീ (ഫ്രെലാന്റിയ നഗരത്തിന്റെ ഭരണകർത്താവും പല പ്രവിശ്യകളുടെയും അധികാരമുള്ള പ്രഭു) നാണ് സമർപ്പിച്ചത്.

നാലാം വാല്യത്തിൽ 57 അധ്യായങ്ങളിലൂടെയാണ് വൃക്ഷങ്ങളെ വിവരിച്ചി ട്ടുള്ളത്. ഈ വൃക്ഷങ്ങളുടെ 61 ചിത്രങ്ങളും കൊടുത്തിട്ടുണ്ട്. എന്നാൽ 'ബെൻ-കദളി' എന്ന സസ്യത്തിന്റെ ചിത്രം നൽകിയിട്ടില്ല. മറ്റ് ചിത്രങ്ങളുടെ മുകളിലായി ലാറ്റിൻ, മലയാളം, അറബി, ബ്രാഹ്മണ ലിപികളിൽ സസ്യനാമങ്ങൾ കൊടുത്തിട്ടു ണ്ട്. ആ കാലഘട്ടത്തിൽ മലബാറിൽ പ്രചാരത്തിലുണ്ടായിരുന്ന സസ്യനാമങ്ങൾ പ്രാദേശിക മലയാള ശൈലിയിൽ തന്നെയാണ് ഇവിടെയും കൊടുത്തിട്ടുള്ളത്. മറ്റ് ഭാഷകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും നാമങ്ങൾ എല്ലാം തന്നെ മലയാളശൈലി

യിലാണ് കൊടുത്തത്. ആ കാലഘട്ടത്തിൽ അന്യഭാഷകളിൽ ഇവിടുത്തെ മിക്ക സസ്യങ്ങൾക്കും പേരില്ലായിരുന്നു. അതുപോലെ ഓരോ പാഠത്തിന്റെയും തല ക്കെട്ട് മലയാളത്തിലുള്ള സസ്യനാമങ്ങളാണ് ഉപയോഗിച്ചത്. ലാറ്റിൻ ഭാഷയി ലാണ് പാഠങ്ങളും തലക്കെട്ടുമൊക്കെ രചിച്ചതെങ്കിലും സസ്യനാമങ്ങൾ മലയാള ശൈലിയിൽ തന്നെയാണ് ചേർത്തത്. അത്രയ്ക്ക് പദസമ്പത്തായിരുന്നു ആ കാല ഘട്ടത്തിലും മലയാളത്തിനുള്ളതെന്നാണ് ഇത് തെളിയിക്കുന്നത്. ഈ വാല്യ ത്തിന്റെ മലയാള പരിഭാഷയുടെ അടിസ്ഥാനത്തിൽ സസ്യനാമങ്ങളും ചിത്രങ്ങളും പട്ടികയായി (പട്ടിക 3.4) കൊടുത്തിട്ടുണ്ട്.

**പട്ടിക 3.4**

**നാലാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | മാള (മാവു) /മാങ്ങ | ചിത്രം 1. 2 |
| 2. | അടമരം | ചിത്രം 3, 4 |
| 3. | പനം-പാൽക്കാ | ചിത്രം 5 |
| 4. | സംസ്ത്രവാടി (കൈപ-ജാംബു) | ചിത്രം 6 |
| 5. | ചെറിയ സംസ്ത്രവാടി | ചിത്രം 7 |
| 6. | മല-കാട്ടു-ജാംബ | ചിത്രം 8 |
| 7. | കാട്ടു-ചേരു (ചേരു) | ചിത്രം 9 |
| 8. | താന്നി | ചിത്രം 10 |
| 9. | ചെം-താന്നി | ചിത്രം 11 |
| 10. | മല-നാരകം (കാട്ടു-നാരകം) | ചിത്രം 12 |
| 11. | കാട്ടു-നാരകം | ചിത്രം 13 |
| 12. | ചെറു-കാട്ടു-നാരകം | ചിത്രം 14 |
| 13. | പയെനോ | ചിത്രം 15 |
| 14. | ന്യാലേൽ | ചിത്രം 16 |
| 15. | അങ്കോലം | ചിത്രം 17 |
| 16. | ഇഡു-മുള്ളി | ചിത്രം 18 |
| 17. | പൊറിഞ്ചി | ചിത്രം 19 |
| 18. | അടമ്പൊ | ചിത്രം 20, 21 |
| 19. | കാട്ടു-അടമ്പൊ | ചിത്രം 22 |
| 20. | കരിൻ-കാര | ചിത്രം 23 |
| 21. | പെരിൻ-കാര | ചിത്രം 24 |
| 22. | മനിൽ-കാര | ചിത്രം 25 |
| 23. | കര-അങ്കോലം | ചിത്രം 26 |

| | | |
|---|---|---|
| 24. | തേക്ക | ചിത്രം 27 |
| 25. | കാട്ടു-തേക്ക | ചിത്രം 28 |
| 26. | ചെറു-തേക്ക | ചിത്രം 29 |
| 27. | ബെൻതേക്ക | ചിത്രം 30 |
| 28. | ഇരിപ്പ | ചിത്രം 31 |
| 29. | കലശം | ചിത്രം 32 |
| 30. | കാട്ടു-കലശം | ചിത്രം 33 |
| 31. | ബെൻ-കലശം | ചിത്രം 34 |
| 32. | പൊങ്ക | ചിത്രം 35 |
| 33. | കരീൽ | ചിത്രം 36 |
| 34. | വിതിമരം | ചിത്രം 37 |
| 35. | പൊന്ന | ചിത്രം 38 |
| 36. | ചെറു-പൊന്ന | ചിത്രം 39 |
| 37. | മലം-തൊടലി | ചിത്രം 40 |
| 38. | പെരിൻ-തൊടലി | ചിത്രം 41 |
| 39. | കദളി | ചിത്രം 42 |
| 40. | ബെൻ-കദളി | ചിത്രമില്ല |
| 41. | കാട്ടു-കദളി | ചിത്രം 43 |
| 42. | ചെറു-കദളി | ചിത്രം 44 |
| 43. | ഇപ്പത്ത | ചിത്രം 45 |
| 44. | വടുക്ക | ചിത്രം 46 |
| 45. | രാവ-പൂ | ചിത്രം 47, 48 |
| 46. | ആനവിങ്ക | ചിത്രം 49 |
| 47. | കുറോണ്ടി | ചിത്രം 50 |
| 48. | ബെങ്കിയേരി | ചിത്രം 51 |
| 49. | ആരിയ-ബേപ്പു | ചിത്രം 52 |
| 50. | കറി-ബേപ്പു | ചിത്രം 53 |
| 51. | കരി-വെട്ടി | ചിത്രം 54 |
| 52. | പേവെട്ടി | ചിത്രം 55 |
| 53. | നോലി-താളി | ചിത്രം 56 |
| 54. | പുത്തലെജ്ജെ | ചിത്രം 57 |
| 55. | മോദകം | ചിത്രം 58 |
| 56. | ബെള്ള മോദകം | ചിത്രം 59 |
| 57. | തൊണ്ടി തേരെഗം | ചിത്രം 60 |
| 58. | രാമെണ-പൂ-മരം | ചിത്രം 61 |

ഈ പട്ടികയെ അടിസ്ഥാനമാക്കി ഈ വാല്യത്തെ പരിശോധിക്കുമ്പോൾ 'മാള'/മാവു' എന്ന സസ്യനാമത്തിന് 'മാവ' എന്നും, 'പനം-പാൽക്കാ'യ്ക്ക്

'പൊന്നെൻലഴുക്ക', 'കാട്ടു-ജാംബ'യെ, 'കാട്ടുചാമ്പു', 'പൊറിഞ്ചി'യെ 'ഉറിഞ്ചി', 'പൊന്ന'യെ 'പുന്ന', 'കദളി'യെ 'കതളി', 'കറി-ബേപ്പു' വിനെ 'കരിവെപ്പു' എന്നുമാണ് മലയാള ലിപിയിൽ എഴുതിയിട്ടുള്ളത്. മറ്റുള്ള നാമങ്ങളൊക്കെ ഏറെ ക്കുറെ സമാനമായാണ് കാണുന്നത്. മലയാള ലിപി വിന്യാസങ്ങളുടെ വൈവിധ്യ മാണ് ഇവിടെ ദർശിക്കാവുന്നത്. 17-ാം നാറ്റാണ്ടിൽ കേരളത്തിൽ പ്രത്യേകിച്ച് മല ബാറിൽ പ്രചാരത്തിലുണ്ടായിരുന്ന ഭാഷാ ശൈലിയിലേക്കും ലിപി ഉപയോഗത്തി ലേക്കുമാണ് ഇത് വെളിച്ചം വീശുന്നത്.

### 3.5.5. മലയാള ലിപി വിന്യാസം അഞ്ചാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ അഞ്ചാം വാല്യത്തിൽ 'വൃക്ഷങ്ങളെപ്പ റ്റിയും ചെറുപഴങ്ങൾ കായ്ക്കുന്ന കുറ്റിച്ചെടികളെ'പ്പറ്റിയുമാണ് വിവരിച്ചിട്ടുള്ളത്. ഈ സസ്യങ്ങളുടെ എല്ലാ ഭാഗത്തെപ്പറ്റിയും അവയുടെ ഔഷധമൂല്യങ്ങളെപ്പറ്റിയും ഇവ ഉപയോഗിച്ച് രോഗങ്ങളെ ചികിത്സിച്ച് ഭേദമാക്കുന്നതിനെപ്പറ്റിയും വിശദീകരി ച്ചിട്ടുണ്ട്. ഈ വാല്യം അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്ക സ്റ്റൈനും യോഹന്നെസ് മുന്നിക്സും ചേർന്നാണ്. ഇതിന്റെ വിശദീകരണവും വ്യാഖ്യാനങ്ങളും തയ്യാറാക്കിയത് യോഹന്നസ് കോമ്മലൈനസ് ആണ്. ആംസ്റ്റർ ഡാമിൽ നിന്ന് 1685 ലാണ് അഞ്ചാം വാല്യം പ്രസിദ്ധീകരിച്ചത്. ഹോർത്തൂസ് മല ബാറിക്കസ്സ് പ്രസിദ്ധീകരണവേളയിൽ നേരിട്ടുള്ള പ്രതിസന്ധികളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും യോഹന്നെസ് മുനിക്സ് ഈ വാല്യത്തിന്റെ ആദ്യഭാ ഗത്ത് വിശദീകരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ സസ്യശാസ്ത്ര പണ്ഡിതനായ തിയോഡോർ ജാൻസോണിയസ് ഓഫ് അൽമെലോവിനെ ചുമതലപ്പെടുത്തിയ തായും സൂചിപ്പിക്കുന്നുണ്ട്. വാൻറീഡ് ഈ വാല്യം ഡി. ഡി. ഗൊഡോർട്ടസ് ആഡ്രിയാനസിനാണ് സമർപ്പിച്ചത്. ഈ വാല്യത്തെ പരിചയപ്പെടുത്തിയത് യോഹന്നസ് കോമ്മലൈനസ് ആണ്.

ഈ വാല്യത്തിൽ 62 അധ്യായങ്ങളിലൂടെയാണ് സസ്യങ്ങളെ പരിചയപ്പെടുത്തുന്നത്. ഇതിൽ സസ്യങ്ങളുടെ 60 ചിത്രങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ 'നൊള-ഇലി' എന്ന സസ്യത്തിന്റെ ചിത്രം കൊടുത്തിട്ടില്ല. ചിത്രങ്ങളുടെ മുകളിലായി ലാറ്റിൻ, മലയാളം, അറബി, ബ്രാഹ്മണലിപികളിൽ അവയുടെ പേരും കൊടുത്തിട്ടുണ്ട്. മലയാളം പേരുകളാണ് വിവിധ ഭാഷകളിലും കൊടുത്തിട്ടുള്ളത്. ആ കാലഘട്ടത്തിലെ മലയാള ലിപിയുടെ പ്രത്യേകതകൾ മനസ്സിലാക്കാൻ ഇവിടെ ഉപയോഗിച്ചിട്ടുള്ള മലയാള ലിപി പരിശോധിച്ചാൽ മതി. ഈ വാല്യത്തിന്റെ മലയാള പരിഭാഷയിൽ പാഠഭാഗങ്ങളും തലക്കെട്ടുകളും മലയാളത്തിൽ നൽകിയിട്ടുണ്ട്. ഈ പരിഭാഷയെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പട്ടിക (പട്ടിക 3.5) ഇവിടെ ചേർക്കുന്നു.

**പട്ടിക 3.5**

**അഞ്ചാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | മയിൽ-എള്ളു | ചിത്രം 1 |
| 2. | കാട്ടു-മയിൽ-എള്ളു | ചിത്രം 2 |
| 3. | പരിലി | ചിത്രം 3 |
| 4. | ബീനെൽ | ചിത്രം 4 |
| 5. | പാച്ചോറ്റി | ചിത്രം 5 |
| 6. | പെരിം-പാച്ചോറ്റി | ചിത്രം 6 |
| 7. | കാട്ടു-പാച്ചോറ്റി | ചിത്രം 7 |
| 8. | അക്കര-പാച്ചോറ്റി | ചിത്രം 8 |
| 9. | മല പൊന്ന | ചിത്രം 9 |
| 10. | പാവട്ട (മലിയ്യമോതി) | ചിത്രം 10 |
| 11. | ചെറിയാം-കൊട്ടം | ചിത്രം 11 |
| 12. | ബസാൽ | ചിത്രം 12 |
| 13. | കരെ-കണ്ടൽ | ചിത്രം 13 |
| 14. | കൊറിന്തി - പാണൽ | ചിത്രം 14 |

| | | |
|---|---|---|
| 15. | പെരിൻ - പാണൽ | ചിത്രം 15 |
| 16. | ചെറു-പാണൽ | ചിത്രം 16 |
| 17. | കൽചെറുപാണൽ (ചെറിയ മലമ്പാ ണൽ) | ചിത്രം 17 |
| 18. | കാശാവു പാണൽ (കാട്ടുപാണൽ) | ചിത്രം 18 |
| 19. | കശാവു മരം | ചിത്രം 19 |
| 20. | വെളുത്ത-കനെലി | ചിത്രം 20 |
| 21. | പൊന്നഗം | ചിത്രം 21 |
| 22. | ചെറു-പൊന്നകം | ചിത്രം 22 |
| 23. | പെ-ചെറു-പൊന്നകം | ചിത്രം 23 |
| 24. | പേ-പൊന്നകം | ചിത്രം 24 |
| 25. | മുളകു-മരം | ചിത്രം 25 |
| 26. | മയിൽ-ഒമ്പി | ചിത്രം 26 |
| 27. | ഞാറ | ചിത്രം 27 |
| 28. | കാക്ക-ഞാറ | ചിത്രം 28 |
| 29. | പെരിൻ-ഞാറ | ചിത്രം 29 |
| 30. | വെട്ടടകു | ചിത്രം 30 |
| 31. | കൽ-വെട്ടടകു | ചിത്രം 31 |
| 32. | വട്ട താളി | ചിത്രം 32 |
| 33. | കറത്ത അമൽപൊടി | ചിത്രം 33 |
| 34. | കാട്ടു വെളുത്ത അമൽപൊടി | ചിത്രം 33 |
| 35. | മുള്ളി-ഇല (മുൾ ഇലവു) | ചിത്രം 34 |
| 36. | വെൺ-കാര | ചിത്രം 35 |
| 37. | കണ്ടെൻ-കാര | ചിത്രം 36 |
| 38. | ചെറു കാര | ചിത്രം 37 |
| 39. | തളിർ-കാര | ചിത്രം 38 |
| 40. | കുറു-മൊള്ളി | ചിത്രം 39 |
| 41. | സുന്താരി | ചിത്രം 40 |
| 42. | കാക്ക-തൊടലി | ചിത്രം 41 |
| 43. | ബ്രുക്ഷനെല്ലി | ചിത്രം 42 |
| 44. | പെരിൻ നീരൂരി (മ നീരൂരി) | ചിത്രം 43 |
| 45. | ചെറിയ നീരൂരി & കാട്ടുനീരൂരി | ചിത്രം 44 |
| 46. | കമ്മെട്ടി | ചിത്രം 45 |

| | | |
|---|---|---|
| 47. | പൈ-പരുഅ (കുരടി) | ചിത്രം 46 |
| 48. | കാട്ടപ്പ | ചിത്രം 47 |
| 49. | ചൊക്കട്ടി | ചിത്രം 48 |
| 50. | നീർ നൊച്ചിൽ | ചിത്രം 49 |
| 51. | ചെറു കന്നേലി | ചിത്രം 50 |
| 52. | അമൽപ്പൊടി | ചിത്രം 51 |
| 53. | പോയെച്ചെറ്റി | ചിത്രം 52 |
| 54. | കാട്ടു-കറുവ | ചിത്രം 53 |
| 55. | ആംവെട്ടി (വെട്ടി-ത്താളി) | ചിത്രം 54 |
| 56. | മല-ഇലഞ്ഞി | ചിത്രം 55 |
| 57. | ചെറു പോയം | ചിത്രം 56 |
| 58. | വെൺ - മുഞ്ഞ | ചിത്രം 57 |
| 59. | വീട്ടി | ചിത്രം 58 |
| 60. | അശോകം | ചിത്രം 59 |
| 61. | ബീഷ | ചിത്രം 60 |
| 62. | നൊള-ഇലി | ചിത്രമില്ല |

അഞ്ചാം വാല്യത്തിന്റെ മലയാള പരിഭാഷയുടെ അടിസ്ഥാനത്തിൽ സസ്യ നാമങ്ങളെ പരിശോധിച്ചാൽ ആ കാലഘട്ടത്തിലെ മലയാള ലിപിയുടെ ചില പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിയും. 'പരിലി'യെ 'പരെലി'യെന്നും, 'ബീനെൽ', നെ 'വെനെൽ' എന്നും 'പാവട്ട'യെ 'പാപെട്ട'യെന്നുമാണ് ഉപയോഗിച്ചത്. ഈ വാല്യത്തിൽ 'ബസാൽ' നെ 'വിഴാൽ', 'കാശാവു' വിനെ 'കാചൗബ', 'പൊന്നാഗം' ത്തിനെ 'പൊന്നകം', 'ഞാറ'യെ 'നാറാ', 'വെട്ടടകു' വിനെ 'ബെട്ടടകു', 'ബ്രൂക്ഷനെല്ലി' യെ 'വൃക്ഷനെല്ലി', 'കാട്ടപ്പ'യെ 'കാട്ടവെർ', 'ഇലഞ്ഞി' യെ 'എലഞ്ഞി', 'അശോകം', 'അശൊഘ'യെന്നുമാണ് മലയാള ലിപിയിൽ എഴുതിയിട്ടുള്ളത്. മലയാള ലിപിയുടെ പരിണാമഘട്ടത്തിൽ അതിനെ മലയാള പദ നിർമ്മാ

ണത്തിൽ എങ്ങനെയാണ് ഉപയോഗിച്ചതെന്നറിയാൻ ഹോർത്തൂസ് നല്ലൊരു ആധി കാരിക രേഖയാണ്.

### 3.5.6. മലയാള ലിപി വിന്യാസം ആറാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ ആറാം വാല്യത്തിൽ വിവിധതരം വൃക്ഷ ങ്ങളെപ്പറ്റി പ്രത്യേകിച്ച് നീണ്ടതോടോടുകൂടിയ കായ്കളുണ്ടാകുന്നവയെപ്പറ്റിയാണ് വിവരിക്കുന്നത്. മലബാർ പ്രദേശത്ത് കണ്ടുവരുന്ന ഇത്തരം സസ്യങ്ങളുടെ ഔഷധ മൂല്യവും ഉപയോഗവും മറ്റ് പ്രത്യേകതകളും വിശദമായി പ്രതിപാദിക്കുന്ന താണ് ഈ വാല്യം. ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈനും തിയഡോർ ജാൻസൺ ഓഫ് അൽമിലോവിനും ചേർന്നാണ് ഈ വാല്യം തയ്യാറാക്കിയത്. ഇതിന്റെ വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും തയ്യാറാക്കിയത് യോഹാ ന്നസ് കോമ്മലൈനസാണ്. ആംസ്റ്റർ ഡാമിൽ നിന്നും 1686 ലാണ് ഈ വാല്യം പ്രസിദ്ധീകരിച്ചത്. വാൻറീഡ് ഇത് സമർപ്പിച്ചത് ഡി. എൻ. വിൽഹെൽമോ ഡി. നാസ്സോവിനാണ്. ഡോക്ടറായിട്ടുള്ള തീയോഡർ ജാൻസോനിയസ് അബ് അൽമെലോവിന്റെയും ഹെൻറിക്കസ് ക്രി ഹെന്നിനസിന്റെയും കുറിപ്പുകളും ഈ വാല്യത്തിലുണ്ട്.

പയർ വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളെ 54 അധ്യായങ്ങളിലൂടെയാണ് ഈ വാല്യത്തിൽ പരിചയപ്പെടുത്തുന്നത്. സസ്യനാമങ്ങളും വിവരണങ്ങളും നൽകിയി രിക്കുന്നത് ലാറ്റിൻ ഭാഷയിലാണ്. ലാറ്റിനിലേക്ക് മലയാള പദങ്ങൾ മാറ്റുമ്പോൾ മലയാളത്തിലെ ലിപികളിൽ പലതിന്റെയും ധ്വനി വരുന്ന അക്ഷരങ്ങൾ ലാറ്റിനിൽ ഇല്ലെങ്കിൽ ഉച്ചാരണത്തിൽ വ്യതിയാനം സംഭവിക്കും. അങ്ങനെ വ്യത്യാസമുള്ള പദങ്ങളും കാണുന്നുണ്ട്. ഏതായാലും മലയാള ഭാഷ എത്രത്തോളം ശക്തമാണെ ന്നുള്ളതാണ് ഈ തലക്കെട്ടുകൾ തെളിയിക്കുന്നത്.

ഫലവൃക്ഷങ്ങളുടെ 61 ചിത്രങ്ങളാണ് ഈ വാല്യത്തിൽ കൊടുത്തിട്ടുള്ളത്. ‘വലിയ-തകര’, ‘കണ്ടൽ’, ‘ഹീന-വരെത്തി’ യുടെ അഞ്ചോളം ചിത്രങ്ങൾ, ‘സോൾഡ’ എന്നീ ചിത്രങ്ങളുടെ മുകളിലായി മലയാള ലിപിയിൽ സസ്യത്തിന്റെ പേരുകൾ ചേർത്തിട്ടില്ല ബാക്കി എല്ലാ സസ്യങ്ങളുടെ മുകളിലായി മലയാള ലിപിക്ക് പുറമെ ലാറ്റിൻ, അറബി, ബ്രാഹ്മണ ലിപികളിൽ പേരുകൾ കൊടുത്തിട്ടുമുണ്ട്. ഈ ചിത്രങ്ങളിൽ കൊടുത്തിട്ടുള്ള പേരുകളാണ് ഹോർത്തൂസിലെ മലയാള ലിപിയുടെ സാന്നിധ്യം. ഹോർത്തൂസിന്റെ ലാറ്റിൻ ഭാഷയുടെ പരിഭാഷ മലയാളത്തിൽ ലഭ്യമാണ്. അതിന്റെ സസ്യനാമങ്ങളും വിശദീകരണങ്ങളും ഇന്ന് മലയാളത്തിൽ മനസ്സിലാക്കാൻ കഴിയും. അതിന്റെ ഒരു പട്ടിക (പട്ടിക 3.6) താഴെ കൊടുത്തിട്ടുണ്ട്.

**പട്ടിക 3.6**
**ആറാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | തെറ്റി-മന്ദാരം | ചിത്രം 1 |
| 2. | സൃപ്പങ്ങം | ചിത്രം 2 |
| 3. | പൊങ്ങം (മിനാരി) | ചിത്രം 3 |
| 4. | ഇഞ്ച | ചിത്രം 4 |
| 5. | വാഗ | ചിത്രം 5 |
| 6. | മുള്ളവ | ചിത്രം 6 |
| 7. | മുരിക്കു | ചിത്രം 7 |
| 8. | കൽ-തൊട്ടാവാടി | ചിത്രം 8 |
| 9. | വലിയ-തകര | ചിത്രം 9, 10 |
| 10. | മുരിങ്ങ | ചിത്രം 11 |
| 11. | കാട്ടു-കൊന്ന | ചിത്രം 12 |
| 12. | തോര-പ്പയറു | ചിത്രം 13 |
| 13. | മഞ്ചാടി | ചിത്രം 14 |
| 14. | പൊങ്ങല്യം (പെരിമരം) | ചിത്രം 15 |
| 15. | പ്ലാശു | ചിത്രം 16, 17 |
| 16. | കരിൻ-ഞൊട്ടി | ചിത്രം 18 |
| 17. | കാക്കമുള്ളു (കാക്ക മൊള്ളൊ) | ചിത്രം 19 |

| | | |
|---|---|---|
| 18. | വൻകരട്ടി | ചിത്രം 20 |
| 19. | നാഗം | ചിത്രം 21 |
| 20. | നൂൽവള്ളി പന്നിവള്ളി | ചിത്രം 22 |
| 21. | കാട്ടു-പുഴുക്കൊല്ലി | ചിത്രം 23 |
| 22. | പെരിൻ കുറികിൽ | ചിത്രം 24 |
| 23. | കരിൻ-തകെര | ചിത്രം 25 |
| 24. | പാതിരി | ചിത്രം 26 |
| 25. | കെടങ്ങു | ചിത്രം 27 |
| 26. | അൽപ്പം | ചിത്രം 28 |
| 27. | നീർ-പൊങ്ങല്യം | ചിത്രം 29 |
| 28. | ഈസൊര-മുരി | ചിത്രം 30 |
| 29. | കണ്ടെൽ | ചിത്രം 31, 32 |
| 30. | കറി-ക്കണ്ടെൽ (കനിൽ ക്കണ്ടെൽ) | ചിത്രം 33 |
| 31. | പേ-ക്കണ്ടൽ | ചിത്രം 34 |
| 32. | ചെറു-കണ്ടെൽ | ചിത്രം 35 |
| 33. | പൂ-ക്കണ്ടെൽ | ചിത്രം 36 |
| 34. | കട-കണ്ടെൽ | ചിത്രം 37 |
| 35. | ഹീന-പരെത്തി | ചിത്രം 38, 39, 40, 41, 42 |
| 36. | ഐൻ-പരിത്തി | ചിത്രം 43 |
| 37. | നരിണാം-പുളി | ചിത്രം 44 |
| 38. | ബെലോരെ | ചിത്രം 45 |
| 39. | കാട്ടു-ബെലോരെൻ | ചിത്രം 46 |
| 40. | ചൊവന്ന-അമൽപ്പൊരി | ചിത്രം 47 |
| 41. | വെളുത്ത-അമൽപൊരി | ചിത്രം 48 |
| 42. | ചെനി-മുല്ല | ചിത്രം 49 |
| 43. | നല്ല-മുല്ല | ചിത്രം 50 |
| 44. | കുട-മുല്ല | ചിത്രം 51 |
| 45. | പിച്ചകം-മുല്ല | ചിത്രം 52 |
| 46. | കാട്ടുപിച്ചകം -മുല്ല | ചിത്രം 53 |
| 47. | കാട്ടുജീരകം-മുല്ല | ചിത്രം 54 |
| 48. | ജീരകം - മുല്ല | ചിത്രം 55 |
| 49. | കാട്ടു-മുല്ല | ചിത്രം 56 |
| 50. | ബടുക്ക | ചിത്രം 57 |
| 51. | സോൾഡ | ചിത്രം 58 |
| 52. | സീത-പ്പൂ | ചിത്രം 59 |
| 53. | ചൂതെ-മരം | ചിത്രം 60 |
| 54. | ചേര-മരം | ചിത്രം 61 |

ഈ പട്ടിക സസ്യത്തെയും അതിന്റെ ചിത്രത്തിന്റെ ക്രമനമ്പറിനെയും കുറിച്ച് വിവരങ്ങൾ തരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആറാം വാല്യത്തെ പരി ശോധിക്കുകയാണെങ്കിൽ സസ്യനാമങ്ങൾക്കും ചിത്രത്തിൽ കൊടുത്തിട്ടുള്ള മല യാള ലിപികൾക്കും ചില പ്രത്യേകതകൾ ഉള്ളതായി കാണാൻ കഴിയും. 'തെറ്റി-മ ന്ദാര'ത്തിന് 'ചെക്കിമന്താര' മെന്നും, 'സ്യപ്പങ്ങം'ത്തിന് 'ചപ്പങ്ങ'യെന്നും, പൊങ്ങം', 'പൂങ്ങം' എന്നുമാണ് ഉപയോഗിച്ചിട്ടുള്ളത്. അതുപോലെ 'മുരിക്കു' വിന് 'മുരിക്ക', 'തകര' യ്ക്ക് 'തകെര', കെടങ്ങു'വിന് 'കെടങ്ങ', 'നരിണാം' ത്തിന് 'ഞെരിക്കും', 'കണ്ടെൽ' ന് 'കണ്ടെല', 'ബെലോരെ' യെ 'വെള്ളൂരെൻ', 'കാട്ടുജീരക' ത്തെ 'കാട്ടുചീരക', 'ചേര-മരം', 'ചെരമരം' എന്നുമാണ് ചിത്രങ്ങ ളിൽ മലയാള ലിപികളിൽ പ്രയോഗിച്ചത്. തദ്ദേശീയമായി വളരെ പ്രചാരത്തിലുള്ള പേരുകളായാതുകൊണ്ടായിരിക്കണം. ഈ രീതി പേരുകൾ ചിത്രത്തിന് മുകളിൽ കൊടുത്തത്. എന്നിരുന്നാലും ആ കാലഘട്ടത്തിൽ പല അക്ഷരങ്ങളും ഇന്ന് ഉപ യോഗത്തിലില്ല എന്നുവേണം മനസ്സിലാക്കാൻ.

### 3.5.7. മലയാള ലിപി വിന്യാസം ഏഴാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഏഴാം വാല്യത്തിൽ 'പഴങ്ങളുണ്ടാകുന്ന വിവിധ തരം സസ്യങ്ങളും പയർ വർഗ്ഗത്തിൽപ്പെട്ട ചെറുസസ്യ' ങ്ങളെയുമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഈ വാല്യം അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈൻ ആണ്. സസ്യങ്ങളെക്കുറിച്ചുള്ള വിശദീകരണകുറിപ്പുകളും വ്യാഖ്യാനങ്ങളും നൽകിയിരിക്കുന്നത് യൊഹാന്നസ് കോമ്മലൈനസാണ്. എബ്രഹാം എ. പൂട്ടാണ് ഈ വാല്യം ചിട്ടപ്പെടുത്തിയതും ലാറ്റിൻ ഭാഷയിൽ വേണ്ട മിനുക്കുപണികൾ നടത്തിയതും. ആംസ്റ്റർഡാമിൽ വച്ച 1688 ലാണ് ഈ വാല്യം പ്രസിദ്ധപ്പെടുത്തിയത്. ഏഴാം വാല്യം ഭരണ-നീതിന്യായ ചുമതലകൾ വഹിച്ചിരുന്ന ഡിസെറിക്കൊയ്ക്കാണ് വാൻറീഡ് സമർപ്പിച്ചത്.

ഈ വാല്യത്തിൽ 57 അധ്യായങ്ങളിലൂടെയാണ് 'പടർന്നുകയറുന്ന ചെറു സസ്യങ്ങളെ' പരിചയപ്പെടുത്തുന്നത്. എല്ലാ സസ്യനാമങ്ങളും വിശദീകരണവും നൽകിയിരിക്കുന്നത് ലാറ്റിൻ ഭാഷയിലാണ്. എങ്കിലും സസ്യത്തിന്റെ പേരുകൾ മലയാള പേരിന് സമാനമായി ലാറ്റിനിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇത് കാണിക്കുന്നത് മലയാള ഭാഷയും ലിപിയും വൈദേശികാധിപത്യ കാലത്തുതന്നെ വളരെ സമ്പന്നമായിരുന്നുവെന്നും അത്തരമൊരു സാംസ്കാരിക പൈതൃകം കേരളീയർക്കുണ്ടായിരുന്നുവെന്നുമാണ്.

സസ്യങ്ങളുടെ 57 ചിത്രങ്ങളാണ് ഈ വാല്യത്തിൽ കൊടുത്തിരിക്കുന്നത്. എന്നാൽ 'പേ-അമെർതു', 'ചങ്ങലം-പരണ്ട' എന്നീ സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി മലയാളലിപി അടയാളപ്പെടുത്തിയിട്ടില്ല. മറ്റു ചിത്രങ്ങൾക്ക് മുകളിലായി ലാറ്റിൻ, മലയാളം, അറബി, ബ്രാഹ്മണ പേരുകളും കൊടുത്തിട്ടുണ്ട്. ആധുനിക മലയാളം ലിപിയിലേക്കുള്ള വളർച്ചയുടെ ഒരു പരിണാമഘട്ടമാണ് ഹോർത്തൂസ് കാലഘട്ടമെന്ന് ലിപി പരിശോധിച്ചാൽ മനസ്സിലാകും. ആ കാലഘട്ടത്തിൽ മലബാറിൽ പ്രാദേശികമായി പ്രയോഗത്തിലുള്ള സസ്യനാമങ്ങളാണ് ഇവിടെ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന അല്ലെങ്കിൽ പാരമ്പര്യമായി കൈമാറി വരുന്ന അറിവുകളെ വരും തലമുറയിലേക്ക് കൈമാറാൻ ശക്തമായൊരു ലിപി സമ്പ്രദായം നിലനിന്നിരുന്നു എന്നുള്ളതാണ് അതിന്റെ പ്രാധാന്യം.

ഹോർത്തൂസിന്റെ പാഠഭാഗത്ത് കൊടുത്തിട്ടുള്ള സസ്യനാമങ്ങളും വിശദീകരണവും മനസ്സിലാക്കാനായി അതിന്റെ മലയാള പരിഭാഷയാണ് ഉപയോഗിച്ചത്. ഇതിനനുസരിച്ച് സസ്യനാമങ്ങളുടെയും ചിതങ്ങളുടെയും ക്രമനമ്പർ ഉൾപ്പെടുത്തി പട്ടിക (പട്ടിക 3.7) താഴെ കൊടുത്തിട്ടുണ്ട്.

**പട്ടിക 3.7**
**ഏഴാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യനാമം | ചിത്രം |
|---|---|---|
| 1. | നച്ചതം; നച്ചം-കൂഅ (ബട്ടവള്ളി) | ചിത്രം 1 |
| 2. | ചെറിയ-കാഞ്ഞിരം (ചെറു കാഞ്ഞിരം) | ചിത്രം 2 |
| 3. | വള്ളി-കാഞ്ഞിരം | ചിത്രം 3 |
| 4. | ചെറു-വള്ളി-കാനിരം (ചെറുവള്ളി കാഞ്ഞിരം) | ചിത്രം 4 |
| 5. | ചെറു-കാട്ടു-വള്ളി-കാനിരം (ചെറു-കാട്ടു-വള്ളി-കാഞ്ഞിരം) | ചിത്രം 5 |
| 6. | ചെമ്പ്ര-വള്ളി | ചിത്രം 6 |
| 7. | വലിയ-പിരാ-പിട്ടിക്ക | ചിത്രം 7 |
| 8. | വലിയ-ചാറി-വള്ളി | ചിത്രം 8 |
| 9. | ചൊറി-വള്ളി | ചിത്രം 9 |
| 10. | വെളുത്ത-ചൊറി-വള്ളി | ചിത്രം 10 |
| 11. | ചുണ്ണാമ്പുവള്ളി | ചിത്രം 11 |
| 12. | മൊളകു-കൊടി | ചിത്രം 12 |
| 13. | കാട്ടു-മൊളകു | ചിത്രം 13 |
| 14. | കാട്ടു-തിർപ്പലി | ചിത്രം 14 |
| 15. | വെറ്റല-കൊടി | ചിത്രം 15 |
| 16. | ആമൊളഗൊ (കാട്ടുമുളക്) | ചിത്രം 16 |
| 17. | കാട്ടു-കാര-വള്ളി | ചിത്രം 17 |
| 18. | വള്ളി-ക്കാര | ചിത്രം 18 |
| 19. | പേ-അമെർതു | ചിത്രം 19, 20 |
| 20. | ചിറ്റ്-അമൃത് | ചിത്രം 21 |
| 21. | ഉള | ചിത്രം 22 |
| 22. | പേ-ഉള | ചിത്രം 23 |
| 23. | ബസള | ചിത്രം 24 |
| 24. | കുറിനിൽ (കുറിങ്ങിനിൽ) | ചിത്രം 25 |
| 25. | കുരികി-താളി | ചിത്രം 26 |
| 26. | പട-വാര | ചിത്രം 27 |
| 27. | ഉഞ്ഞല | ചിത്രം 28 |
| 28. | ഇത്തി-ക്കണ്ണി | ചിത്രം 29 |

| | | |
|---|---|---|
| 29. | തിരി-ഇത്തിക്കണ്ണി | ചിത്രം 30 |
| 30. | കരി-വിലാണ്ടി | ചിത്രം 31 |
| 31. | വാട്ടു-വള്ളി | ചിത്രം 32 |
| 32. | ചകിരി-നൂറൻ | ചിത്രം 33 |
| 33. | കാട്ടു-നൂറെൻ-കിഴങ്ങ് | ചിത്രം 34 |
| 34. | നൂറം-കിഴങ്ങ | ചിത്രം 35 |
| 35. | കാട്ടു-കാച്ചിൽ | ചിത്രം 36 |
| 36. | കാട്ടു-കിഴങ്ങ | ചിത്രം 37 |
| 37. | കാച്ചിക്കിഴങ്ങ് | ചിത്രം 38 |
| 38. | എരിമ-താളി | ചിത്രം 39 |
| 39. | ആന-പരുവ | ചിത്രം 40 |
| 40. | ചങ്ങലം-പരണ്ട | ചിത്രം 41 |
| 41. | പൂ-വള്ളി | ചിത്രം 42 |
| 42. | പൂ-പാൽ-വള്ളി | ചിത്രം 43 |
| 43. | ആകാശ വള്ളി (മുദില താളി) | ചിത്രം 44 |
| 44. | കറുത്ത-ചൊറി-വള്ളി | ചിത്രം 45 |
| 45. | മോതിര-വള്ളി | ചിത്രം 46 |
| 46. | വള്ളി-മോദകം | ചിത്രം 47 |
| 47. | മെരിയം-പുള്ളി | ചിത്രം 48 |
| 48. | പാട-വള്ളി (പാട-ക്കിഴങ്ങ്) | ചിത്രം 49 |
| 49. | കപ്പ-കിഴങ്ങ (ബറ്റാറ്റാസ്) | ചിത്രം 50 |
| 50. | പൊടവ-ക്കിഴങ്ങ് | ചിത്രം 51, 52 |
| 51. | പനമ്പു-വള്ളി | ചിത്രം 53 |
| 52. | പിരിപ്പൂ | ചിത്രം 54 |
| 53. | ചെറിയ-പൂ-പാൽ-വള്ളി | ചിത്രം 55 |
| 54. | തഴുതാമ | ചിത്രം 56 |
| 55. | മേന്തോന്നി | ചിത്രം 57 |
| 56. | വെറ്റില-കെട്ട് | ചിത്രം 58 |
| 57. | പൊങ്കോലം | ചിത്രം 59 |

ഈ പട്ടിക ഉപയോഗിച്ച് ചിത്രങ്ങളിലെ മലയാള ലിപി പരിശോധിക്കുകയാണെങ്കിൽ സസ്യത്തിന്റെ പേരുകളിൽ ചില പ്രത്യേകതകൾ ദർശിക്കാവുന്നതാണ്.

'വലിയ', യ്ക്ക് പകരം 'ബലിയ', 'ബസള'യ്ക്ക് 'വശള', 'കുറിനിൽ' ന് 'കുറിഞ്ഞിൽ', 'ചകിരി' യ്ക്ക് 'ചകെരി', 'കാച്ചിൽ' ന് 'കാച്ചില', 'കിഴങ്ങ്' ന് 'കിഴങ്ങ', 'പരുവ'യ്ക്ക് 'പരുബ', 'വള്ളി', യ്ക്ക് 'ബള്ളി' എന്നുമാണ് ഈ വാല്യത്തിൽ ഉപയോഗിച്ചിട്ടുള്ളത്. സംസാര ഭാഷയിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന പേരുകളുമാണ് ഇങ്ങനെ എല്ലാ ചിത്രത്തിന് മുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പലതും കാലാന്തരത്തിൽ പലമാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും ആ കാലഘട്ടത്തിലെ ലിപിയുടെ പ്രയോഗം മനസ്സിലാക്കാൻ ഹോർത്തൂസിലൂടെ കഴിയുന്നു

### 3.5.8. മലയാള ലിപിവിന്യാസം എട്ടാം വാല്യത്തിൽ

എട്ടാം വാല്യത്തിൽ 'പഴങ്ങളുണ്ടാകുന്ന വിവിധയിനം സസ്യങ്ങളെക്കുറിച്ചും പയർ വർഗ്ഗത്തിൽപ്പെട്ട ചെറുസസ്യങ്ങളെ'ക്കുറിച്ചുമാണ് വിശദീകരിക്കുന്നത്. ഹെൻറി വാൻറീഡ് ടോട്ട് ഡ്രോക്കസൈറ്റനാണ് ഈ വാല്യം അണിയിച്ചൊരുക്കിയത്. വിശദീകരണകുറിപ്പുകളും വ്യാഖ്യാനങ്ങളും നൽകിയിരുക്കുന്നത് യൊഹാനസ് കോമ്മലൈനസാണ്. ഇതിനെ ചിട്ടപ്പെടുത്തി ലാറ്റിൻ ഭാഷയിൽ മിനുക്കു പണി നടത്തിയിരിക്കുന്നത് എബ്രഹാം എ. പൂട്ടാണ്. എട്ടാം വാല്യം 1682 ൽ ആസംറ്റർ ഡാമിൽ നിന്നുമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വാൻറീഡ് ഈ വാല്യത്തെ സമർപ്പിച്ചിരിക്കുന്നത് ഡി. ഫ്രെഡറിക്കസ് ആഡ്രിയാനസ് എന്ന പ്രഭുവിനാണ് അദ്ദേഹം ആശ്വാരൂഢ സേനയിലെ അംഗം കൂടിയായിരുന്നു.

പഴങ്ങൾ ഉണ്ടാകുന്നതും നീണ്ട തോടോടുകൂടിയ കായ്കൾ ഉണ്ടാകുന്നതുമായ സസ്യങ്ങളെയാണ് 48 അധ്യായങ്ങളിലായി എട്ടാം വാല്യം പരിചയപ്പെടുത്തുന്നത്. സസ്യനാമവും പാഠവും ലാറ്റിൻ ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. എന്നിരുന്നാലും സസ്യങ്ങളുടെ പേരുകൾ മലയാള പേരിന് സമാനമായ രീതിയിൽ ലാറ്റിനിൽ തയ്യാറാക്കപ്പെട്ടിരിക്കുകയാണ്.

ഇതിൽ പ്രതിപാദിച്ചിട്ടുള്ള ചെടികളുടെ 50 ചിത്രങ്ങൾ എട്ടാം വാല്യത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ 'ബിലെൻ ച്ചൊര', 'മുക്കിഴങ്ങ' എന്നീ സസ്യങ്ങളുടെ ചിത്രങ്ങൾ നൽകിയിട്ടില്ല. മറ്റ് ചിത്രങ്ങളുടെയൊക്കെ മുകളിലായി ലാറ്റിൻ, മലയാളം, അറബി, ബ്രാഹ്മണ ലിപികളിൽ പേരുകൾ ചേർത്തിട്ടുണ്ട്. എന്നിരുന്നാലും മലയാള പേരിന്റെ ധ്വനിവരത്തക്ക ലിപികൾ ചേർത്തുകൊണ്ടാണ് മറ്റ് ഭാഷകളിലും പേരുകൾ നൽകിയിരിക്കുന്നത്. 'നിഹേമേക', 'നാഗ-മു-വള്ളി', 'പെണാർ-വള്ളി' എന്നീ സസ്യങ്ങളുടെ ചിത്രങ്ങളിൽ മലയാള ലിപിയിൽ പേര് കൊടുത്തിട്ടില്ല. മലയാള ലിപികളുടെ പ്രയോഗം ആ കാലഘട്ടത്തിൽ എങ്ങനെയായിരുന്നുവെന്ന് ചിത്രത്തിന് മുകളിലുള്ള പേരുകൾ പരിശോധിച്ചാൽ മനസ്സിലാകും.

പഠന സൗകര്യാർത്ഥം ഹോർത്തൂസിന്റെ മലയാള പരിഭാഷ പഠന വിധേയമാക്കിയിട്ടുണ്ട്. അതുപയോഗിച്ച് സസ്യനാമങ്ങളുടെയും ചിത്രങ്ങളുടെയും ക്രമനമ്പറും ഉപയോഗിച്ച് പട്ടിക (പട്ടിക 3.8) താഴെ നൽകുന്നു.

**പട്ടിക 3.8**
**ഏഴാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യനാമം | ചിത്രം |
|---|---|---|
| 1. | വെള്ള-ച്ചൊര | ചിത്രം 1 |
| 2. | ചകെരി-ച്ചൊറ | ചിത്രം 2 |
| 3. | കുമ്പളം | ചിത്രം 3 |
| 4. | കാക്ക-പലം | ചിത്രം 4 |
| 5. | കയ്പ-ച്ചൊര | ചിത്രം 5 |
| 6. | ബിലെൻച്ചൊര | ചിത്രമില്ല |
| 7. | മുള്ളൻ-വെള്ളരി | ചിത്രം 6 |
| 8. | പീച്ചിങ്ങ | ചിത്രം 7 |
| 9. | കാട്ടു - പീച്ചിങ്ങ | ചിത്രം 8 |
| 10. | പാണ്ടി-പാവൽ | ചിത്രം 9 |
| 11. | പാവൽ | ചിത്രം 10 |
| 12. | ബലിയ-മുക്കാപ്പിരി | ചിത്രം 11 |
| 13. | എരിമ-പാവൽ | ചിത്രം 12 |
| 14. | മുക്കാപ്പിരി | ചിത്രം 13 |

| | | |
|---|---|---|
| 15. | കോവൽ | ചിത്രം 14 |
| 16. | പടവലം | ചിത്രം 15 |
| 17. | ചെറുപടവലം | ചിത്രം 16 |
| 18. | തോട്ട-പ്പിരി | ചിത്രം 17 |
| 19. | ബെംപാവൽ | ചിത്രം 18 |
| 20. | നിഹേമേക | ചിത്രം 19 |
| 21. | മോതക്ക | ചിത്രം 20 |
| 22. | പാൽമോതക്ക | ചിത്രം 21 |
| 23. | മൊട്ട-മോതക്ക | ചിത്രം 22 |
| 24. | ഓരില-മോതിക്ക | ചിത്രം 23 |
| 25. | മോതിര-ക്കാഞ്ഞിരം | ചിത്രം 24 |
| 26. | കരളെ-വേഗൻ | ചിത്രം 25 |
| 27. | കരിവി-വള്ളി | ചിത്രം 26 |
| 28. | കുറിച്ചി-വള്ളി | ചിത്രം 27 |
| 29. | ഉഴിഞ്ഞ | ചിത്രം 28 |
| 30. | നാഗ-വള്ളി (മന്ദാരു-വള്ളി) | ചിത്രം 29 |
| 31. | നാഗ-മൂ-വള്ളി | ചിത്രം 30, 31 |
| 32. | പെരിം-കക്കു-വള്ളി | ചിത്രം 32, 33, 34 |
| 33. | നായ്-കൊരണ | ചിത്രം 35 |
| 34. | കക്കു-വള്ളി | ചിത്രം 36 |
| 35. | പൂച്ച-പ്പയറു | ചിത്രം 37 |
| 36. | ശങ്ക-കുസ്പി | ചിത്രം 38 |
| 37. | കൊന്നി | ചിത്രം 39 |
| 38. | ആന-മുള്ളു | ചിത്രം 40 |
| 39. | പയെറു | ചിത്രം 41 |
| 40. | കാട്ടു-പയറു | ചിത്രം 42 |
| 41. | കാട്ടു-ചണ്ടി | ചിത്രം 43 |
| 42. | ബാര-മരക്ക | ചിത്രം 44 |
| 43. | കാട്ടു-ബാരമരക്ക | ചിത്രം 45 |
| 44. | ചെറിയ-കമ്മട്ടി-വള്ളി | ചിത്രം 46 |
| 45. | പെണാർ-വള്ളി (പെൺ) | ചിത്രം 47, 48 |
| 46. | പെണാർ-വള്ളി (ആൺ) | ചിത്രം 49 |
| 47. | കാട്ടു-ഉഴുന്നു | ചിത്രം 50 |
| 48. | മുക്കിഴങ്ങു | ചിത്രം 51 |

ഹോർത്തൂസിന്റെ പരിഭാഷയും അതിലെ ചിത്രങ്ങളിൽ കൊടുത്തിട്ടുള്ള മലയാള ലിപിയിലുള്ള പേരുകളും പരിശോധിച്ചപ്പോൾ ലിപിയുടെ പ്രയോഗത്തിൽ

കണ്ടിട്ടുള്ള പ്രത്യേകതകളാണിവിടെ കൊടുത്തിരിക്കുന്നത്. 'പാവൽ' ന് 'പാബെൽ', 'ബലിയ'യ്ക്ക് 'വലിയ', 'കോവൽ'ന് 'കൊവെൽ', 'പടവലം'ത്തിന് 'പടവളം', 'ബെം പാവൽ' ന് 'വെൻമ്പാവെൽ', 'മോതക്ക'യ്ക്ക്, 'മൊതക്ക/ 'മൊദക്ക', 'നായ്' ക്ക് 'നായി', 'പയറു' വിന് 'പയെറു', 'ശങ്ക' യ്ക്ക് 'ചങ്ക', 'കൊന്നി'യ്ക്ക് 'കുന്നി' എന്നുമാണ് ഉപയോഗിച്ചിട്ടുള്ളത്. മലയാള ലിപിയുടെ ഇന്നത്തെ അവസ്ഥവച്ച് പരിശോധിക്കുകയാണെങ്കിൽ 17-ാം നൂറ്റാണ്ട് ഒരു ലിപി പരണാമഘട്ടം തന്നെയാണെന്ന് മനസ്സിലാക്കാൻ കഴിയും.

### 3.5.9 മലയാള ലിപി വിന്യാസം ഒമ്പതാം വാല്യത്തിൽ

മലബാറിൽ കണ്ടുവരുന്ന 'ചെറുസസ്യങ്ങളെയും അവയുടെ വിവിധ ഇനങ്ങളെ'പ്പറ്റിയുമാണ് ഒമ്പതാം വാല്യത്തിൽ വിശദീകരിച്ചിരിക്കുന്നത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഈ വാല്യം തയ്യാറാക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈൻ ആണ്. ഇതിന്റെ വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും നൽകി കൃതിയെ സമ്പുഷ്ടമാക്കിയത് യൊഹന്നാസ് കോമ്മലൈനസാണ്. അതുപോലെ ഈ വാല്യത്തെ ചിട്ടപ്പെടുത്തി ലാറ്റിൻ ഭാഷയിൽ വേണ്ട മിനുക്കു പണി നടത്തിയത് എബ്രഹാം എ. പൂട്ടാണ്. ഈ ഗ്രന്ഥം 1689-ൽ ആംസ്റ്റർ ഡാമിൽ വച്ചാണ് പ്രസിദ്ധീകരിച്ചത്. ഈ വാല്യം ഡി. ഗൊഡാർഡസ് വിൽഹെമസ്സിനാണ് സമർപ്പിക്കപ്പെട്ടത്. കൂടാതെ വിഖ്യാതനായ ശാസ്ത്രപണ്ഡിതനും വിശാരദനും ആയ ഡോ.എബ്രഹാം വാൻപൂട്ട് ഹോർത്തൂസിന്റെ പൂർത്തീകരണത്തിനായി അഹോരാത്രം പ്രയത്നിച്ചതിനെ സ്മരിച്ചുകൊണ്ട് നിക്കൊളസ്കിസ് എം. ടോട്ഫലുസിയും നിക്കോളാസ് ആപ്റ്റി പി. ഡി. യും രചിച്ച രണ്ട് രചനകൾ കൂടി ഇതിലുണ്ട്.

ഒമ്പതാം വാല്യത്തിൽ 85 അധ്യായങ്ങളിലൂടെയാണ് ചെറുസസ്യങ്ങളെ പരിചയപ്പെടുത്തുന്നത്. സസ്യങ്ങളുടെ വിവിധ ഭാഗങ്ങളെപ്പറ്റിയും, ഔഷധമൂല്യങ്ങളെപ്പറ്റിയും, രോഗപ്രതിവിധിക്കായി അവയെ എങ്ങനെ ഉപയോഗിക്കാമെന്നുമൊക്കെ ലാറ്റിൻ ഭാഷയിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിലും പാഠഭാഗത്തിന്റെ തലക്കെട്ട് കൊടുത്തിരിക്കുന്നത് ലാറ്റിൻ ഭാഷയിൽ തന്നെയാണെങ്കിലും മലബാറിൽ പ്രാദേശികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പേരുകളാണ് കൊടുത്തിരിക്കുന്നത്. മലയാളത്തിൽ ഇത്തരം സസ്യങ്ങൾക്ക് കൃത്യമായ പേരുകൾ ആ കാലഘട്ടത്തിൽ നിലനിന്നിരുന്നു. എന്നാൽ ഡച്ചുകാർക്ക് അത്തരം സസ്യങ്ങളെപ്പറ്റിയോ അവയുടെ പേരിനെപ്പറ്റിയോ ഒന്നും പരിചയമില്ലായിരുന്നു. മലയാളത്തിന്റെ പ്രകൃതിയും ഭാഷയും ആ കാലഘട്ടത്തിൽ സമ്പന്നമായിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

ചെറുസസ്യങ്ങളുടെ 87 ചിത്രങ്ങളാണ് ഒമ്പതാം വാല്യത്തിൽ കൊടുത്തിട്ടുള്ളത്. ഈ ചിത്രത്തിന് മുകളിലായി ലാറ്റിൻ, മലബാർ, അറബി, ബ്രാഹ്മണ ലിപികളിൽ സസ്യങ്ങളുടെ പേര് ചേർത്തിട്ടുണ്ട്. എന്നാൽ 'നീലം-പാല', 'അടകൊതിയെൻ', 'മൻ-തൊട്ടാ-വാടി,' 'മലം-തൊട്ടാ-വാടി', 'മൻ-ഓണപ്പൂ', 'എൻടാഡ', 'മലം-ചുള്ളി' എന്നീ സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി മലയാള ലിപി കൊടുത്തിട്ടില്ല.

സസ്യനാമങ്ങളും വിശദീകരണങ്ങളും മലയാളത്തിൽ മനസ്സിലാക്കാൻ ഹോർത്തൂസിന്റെ മലയാളപരിഭാഷ സഹായകമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക (പട്ടിക 3.9) താഴെ കൊടുത്തിട്ടുണ്ട്.

സൂചിക 3.9

ഒമ്പതാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും

| ക്രമ നമ്പർ | സസ്യ നാമം | ചിത്രം |
|---|---|---|
| 1. | ചൊവന്ന അരളി (ഫുല മെസ്റ്റിക്ക ഇൻകാർണേറ്റ) | ചിത്രം 1 |
| 2. | വെളുത്ത അരളി (ഫുല മെസ്റ്റിക്ക ആൽബ) | ചിത്രം 2 |
| 3. | നീലം-പാല | ചിത്രം 3, 4 |
| 4. | വെളുത്ത-കാക്ക-ക്കൊടി | ചിത്രം 5, 6 |
| 5. | അട കൊതിയെൻ | ചിത്രം 7 |
| 6. | കാക്ക കൊടി | ചിത്രം 8 |
| 7. | കുടിച്ചി ക്കൊടി | ചിത്രം 9 |
| 8. | വലിയ-പാൽ-വള്ളി | ചിത്രം 10 |
| 9. | കാട്ടു-പാൽ-വള്ളി | ചിത്രം 11 |
| 10. | പാൽ-വള്ളി | ചിത്രം 12 |
| 11. | നഞ്ചറ-പച്ച | ചിത്രം 13 |
| 12. | കമ്മട്ടി-വള്ളി | ചിത്രം 14 |
| 13. | വട്ട-കാക്ക-ക്കൊടി | ചിത്രം 15 |
| 14. | ഞൊട്ട-ഞൊടിയം വള്ളി | ചിത്രം 16 |
| 15. | പർപ്പരം | ചിത്രം 17 |
| 16. | നെല്ലി-ത്താളി | ചിത്രം 18 |
| 17. | തൊട്ടാ-വാടി | ചിത്രം 19 |
| 18. | നീറ്റി-തൊട്ടാ-വാടി | ചിത്രം 20 |
| 19. | മലം-തൊട്ടാ-വാടി | ചിത്രം 21 |
| 20. | മൻ-തൊട്ടാ-വാടി | ചിത്രം 22 |
| 21. | ആരിയ-വെള്ള | ചിത്രം 23 |
| 22. | കര-വെള്ള | ചിത്രം 24 |
| 23. | തന്തല-കൊട്ടി | ചിത്രം 25 |
| 24. | തന്തല - കൊട്ടി, നമ്പർ 2 | ചിത്രം 26 |
| 25. | നെല്ലിയ-തന്തല-കൊട്ടി | ചിത്രം 27 |
| 26. | വലിയ-തന്തല-കൊട്ടി | ചിത്രം 28 |
| 27. | പെ-തന്തല-കൊട്ടി | ചിത്രം 29 |
| 28. | കാട്ടു-തകര | ചിത്രം 30 |
| 29. | കൊന്തം-പല്ലു | ചിത്രം 31 |
| 30. | നീർ-മുറി | ചിത്രം 32 |
| 31. | കുപ്പ-വെള | ചിത്രം 33 |

| | | |
|---|---|---|
| 32. | ചെറു-വെള | ചിത്രം 34 |
| 33. | വലിയ-കപ്പ-മുളക് | ചിത്രം 35 |
| 34. | നീർ-പുല്ലരി | ചിത്രം 36 |
| 35. | മണെലി | ചിത്രം 37 |
| 36. | ചുവന്ന-മണലി | ചിത്രം 38 |
| 37. | ചെറു-മണലി | ചിത്രം 39 |
| 38. | സുതെന്താതി-പുല്ലു | ചിത്രം 40 |
| 39. | കൊല്ലത്ത-വെറ്റില | ചിത്രം 41 |
| 40. | വാത-ക്കൊടി | ചിത്രം 42 |
| 41. | ആടൽ-ഓടകം | ചിത്രം 43 |
| 42. | കാട്ടു-കരിവി | ചിത്രം 44 |
| 43. | വലിയ-ഉപ്പു-തെളി | ചിത്രം 45 |
| 44. | പേ-തുമ്പ | ചിത്രം 46 |
| 45. | ഓണപ്പൂ | ചിത്രം 47 |
| 46. | വല്ലി-ഓണപ്പൂ | ചിത്രം 48 |
| 47. | ചെറിയ-ഓണപ്പൂ | ചിത്രം 49 |
| 48. | മൻ-ഓണപ്പൂ | ചിത്രം 50 |
| 49. | വെളുത്ത-ഓണപ്പൂ | ചിത്രം 51 |
| 50. | തിലോ-ഓണപ്പൂ (നൊട്ടെങ്ങ) | ചിത്രം 52 |
| 51. | കാക്ക-പൂ | ചിത്രം 53 |
| 52. | ചിറ്റെ-എള്ളു | ചിത്രം 54 |
| 53. | കര-എള്ളു | ചിത്രം 55 |
| 54. | കര-കാഞ്ഞിരം | ചിത്രം 56 |
| 55. | ശംഖ-പുഷ്പം | ചിത്രം 57 |
| 56. | കാട്ടു-പേ-ശംഖ-പുഷ്പം | ചിത്രം 58 |
| 57. | പേ-ശംഖ-പുൽപം | ചിത്രം 59 |
| 58. | നിലം-പരെണ്ട | ചിത്രം 60 |
| 59. | കാട്ടു-വിഷ്ണു-ക്ലാന്തി | ചിത്രം 61 |
| 60. | മഞ്ഞ-കുറിഞ്ഞി | ചിത്രം 62 |
| 61. | താളി-പുല്ലു | ചിത്രം 63 |
| 62. | ഉപ്പു-തളി | ചിത്രം 64 |
| 63. | സൊന്നെരി-ഇല | ചിത്രം 65 |
| 64. | കല്ലു-പൊളപ്പൻ | ചിത്രം 66 |
| 65. | കൊടാചാരി | ചിത്രം 67 |
| 66. | ഗോരോചനം | ചിത്രം 68 |
| 67. | പുഴു-ക്കൊല്ലി | ചിത്രം 69 |
| 68. | നെല്ലിപ്പൂ | ചിത്രം 70 |

| | | |
|---|---|---|
| 69. | കൊച്ചിളെച്ചി-പുല്ലു | ചിത്രം 71 |
| 70. | മീൻ-അങ്ങാണി | ചിത്രം 72 |
| 71. | ചെറു-ഊരൻ | ചിത്രം 73 |
| 72. | ഇരിവേലി | ചിത്രം 74 |
| 73. | പെരിം-മുഞ്ഞ | ചിത്രം 75 |
| 74. | താർ-താവെൽ | ചിത്രം 76 |
| 75. | എൻടാഡ | ചിത്രം 77 |
| 76. | പോള-ച്ചീര | ചിത്രം 78 |
| 77. | പേ-താർതാവെൽ | ചിത്രം 79 |
| 78. | കല്ലു-താളി | ചിത്രം 80 |
| 79. | എണ്ണ-പ്പായെൽ | ചിത്രം 81 |
| 80. | നീലം-മരി | ചിത്രം 82 |
| 81. | മലം-ചുള്ളി | ചിത്രം 83 |
| 82. | വെള്ളി-ച്ചീര | ചിത്രം 84 |
| 83. | ചെറിയ-മാങ്ങാ-നാറി | ചിത്രം 85 |
| 84. | ചെറിയ-ഞെരിങ്ങംപുളി | ചിത്രം 86 |
| 85. | വയൽ-ചുള്ളി | ചിത്രം 87 |

ഹോർത്തൂസിന്റെ മലയാള പരിഭാഷയുപയോഗിച്ച് ഈ വാല്യത്തെ പരിശോധിക്കുകയാണെങ്കിൽ ചിത്രത്തിന് മുകളിലായി കൊടുത്തിട്ടുള്ള മലയാള ലിപികളുടെ ചില പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിയും. ഇതിൽ 'വള്ളി'യ്ക്ക് 'ബള്ളി', 'ഞൊട്ട' യ്ക്ക് 'നൊട്ട', 'ചുവന്ന'യ്ക്ക് 'ചുബന', 'പുല്ലു', വിന് 'പുല്ല', 'വാത'യ്ക്ക് 'ബാത', 'വലിയ'യ്ക്ക് 'ബലിയ', 'ശംഖ-പുഷ്പം' ത്തിന് 'ചങ്കുപുഷ്പം', 'വിഷ്ണു' വിന് 'ബിഷ്ണു' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ആ കാലഘട്ടത്തിലെ മലയാള ഭാഷാപ്രയോഗവും ലിപിയുടെ ഉപയോഗവുമാണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ആ ഒരു കാലഘട്ടത്തിലെ ലിപിയുടെ അടിത്തറയിൽ നിന്നു കൊണ്ടാണ് മലയാള ലിപി ഇന്നത്തെ നിലയിലേക്കുള്ള മാറ്റങ്ങൾ നേടിയെടുത്തത്.

### 3.5.10. മലയാള ലിപി വിന്യാസം പത്താം വാല്യത്തിൽ

മലബാർ പ്രദേശത്ത് കണ്ടുവരുന്ന ചെറുസസ്യങ്ങളെയും അവയുടെ വിവിധ ഇനങ്ങളെപ്പറ്റിയുമാണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ പത്താം വാല്യത്തിൽ വിശദീകരിച്ചിരിക്കുന്നത്. ഇത് തയ്യാറാക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈനാണ്. ഈ വാല്യം ചിട്ടപ്പെടുത്തിയതും ലാറ്റിൻ ഭാഷയിൽ മിനുക്കുപണികൾ നടത്തിയതും എബ്രഹാം എ. പൂട്ടാണ്. സസ്യങ്ങളെക്കുറിച്ചുള്ള വിശദീകരണ കുറിപ്പുകളും വ്യഖ്യാനങ്ങളും തയ്യാറാക്കിയിരിക്കുന്നത് യോഹാന്നസ് കോമ്മലൈനസ്സാണ്. ഹോർത്തൂസിന്റെ പത്താം വാല്യം ആംസ്റ്റർഡാമിൽ നിന്ന് 1690 ലാണ് പ്രസിദ്ധീകരിച്ചത്. വാൻറീഡ് ഈ വാല്യം തന്റെ സുഹൃത്തും സൈനിക കോടതിയിലെ മജിസ്ട്രേറ്റുമായ ഡി. ഹെൻറിക്കോ ഡി. യുടെൻ ഹോഫെയ്ക്കാണ് സമർപ്പിച്ചത്.

ഈ വാല്യത്തിൽ 94 അധ്യായങ്ങളിലൂടെ വ്യത്യസ്തങ്ങളായ ചെറു സസ്യങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. ഈ സസ്യങ്ങളുടെയെല്ലാം പേരുകളും വിശദീകരണങ്ങളും ലാറ്റിൻ ഭാഷയിലാണ് പാഠഭാഗത്ത് കൊടുത്തിരിക്കുന്നത്. യൂറോപ്യൻമാർക്ക് തീർത്തും അന്യമായ സസ്യസമ്പത്തിന്റെ പേരുകൾ മലയാളത്തിലേതു തന്നെയാണ് ചേർത്തിരിക്കുന്നത്. മലയാളലിപി ലാറ്റിനിലേക്ക് മാറ്റുമ്പോൾ സമാനമായ അക്ഷരങ്ങൾ ഉണ്ടാകണമെന്നില്ല എന്നിരുന്നാലും മലബാറിലെ പ്രാദേശിക സസ്യ നാമങ്ങളോട് പരമാവധി നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. മലയാള ഭാഷയുടെ കുലിനത്വമാണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്.

ഇതിൽ പ്രതിപാദിച്ചിട്ടുള്ള ചെടികളുടെയെല്ലാം 94 ചിത്രങ്ങളും കൊടുത്തിട്ടുണ്ട്. ഈ ചിത്രങ്ങൾക്ക് മുകളിലായി ലാറ്റിൻ, മലബാർ (മലയാളം), അറബി, ബ്രാഹ്മണ ലിപികളിൽ സസ്യനാമങ്ങളും ചേർത്തിട്ടുണ്ട്. ഇത് പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ആ കാലഘട്ടത്തിൽ മലബാറിൽ ഉപയോഗിച്ചിരുന്ന പ്രാദേശിക സസ്യനാമങ്ങളാണ് ഇവിടെ എഴുതിയിരിക്കുന്നതെന്നാണ്.

അന്നത്തെ മലയാള അക്ഷരങ്ങൾക്കും ഉപയോഗങ്ങൾക്കും പ്രത്യേകതകൾ ഉണ്ടായിരുന്നു. അതിൽ നിന്നും പരിണാമങ്ങൾ സംഭവിച്ചാണ് മലയാള ലിപി ഇന്നത്തെ നിലയിലേക്ക് വളർന്നതെന്ന് മനസ്സിലാക്കാൻ കഴിയും. 'സ്യാസ്മിൻ', 'നെല-നാരകം', 'ചെറിയ-വെളുത്ത-അടക്കാമണിയൻ', 'കീൻകൊല-ചെത്തി' എന്നീ സസ്യങ്ങളുടെ ചിത്രത്തിന് മുകളിലായി മലയാള ലിപിയിൽ പേരുകൾ ചേർത്തിട്ടില്ല. മലയാളപരിഭാഷ ഉപയോഗപ്പെടുത്തി തയ്യാറാക്കിയ സസ്യനാമങ്ങളുടെ പട്ടിക (പട്ടിക 3.10) താഴെ കൊടുത്തിട്ടുണ്ട്.

**പട്ടിക 3.10**

**പത്താം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യനാമം | ചിത്രം |
|---|---|---|
| 1. | സ്യാസ്മിൻ | ചിത്രം 1 |
| 2. | ഊരൻ | ചിത്രം 2 |
| 3. | വല്ലി-ഇത്തി-കണ്ണി | ചിത്രം 3 |
| 4. | വെളുത്ത-ഇത്തി-കണ്ണി | ചിത്രം 4 |
| 5. | കനെലി-ഇത്തി-കണ്ണി | ചിത്രം 5 |
| 6. | മാങ്ങാ-നാറി | ചിത്രം 6 |
| 7. | ആന-ച്ചുവടി | ചിത്രം 7 |
| 8. | തുമ്പ-ക്കൊടിവേലി | ചിത്രം 8 |
| 9. | ചെത്തി-ക്കൊടു-വേലി | ചിത്രം 9 |
| 10. | ശതാ-വേലി-കിഴങ്ങു | ചിത്രം 10 |
| 11. | കൊഴുപ്പ | ചിത്രം 11 |
| 12. | നീർ-വള്ളി-പ്പുല്ലു | ചിത്രം 12 |
| 13. | നീർ-പുല്ലി | ചിത്രം 13 |
| 14. | ബ്രഹ്മി | ചിത്രം 14 |
| 15. | കിർഗാനെല്ലി | ചിത്രം 15 |
| 16. | ചെറു-കീർഗാനെല്ലി | ചിത്രം 16 |
| 17. | മഞ്ഞ-അടക്കാ-മഞ്ചൻ | ചിത്രം 17 |
| 18. | കുറുന്തോട്ടി | ചിത്രം 18 |

| | | |
|---|---|---|
| 19. | നിലം-പുല്ലു | ചിത്രം 19 |
| 20. | അർക്ക-പൂട | ചിത്രം 20 |
| 21. | കരിന്തകാളി | ചിത്രം 21 |
| 22. | നെല-നാരകം | ചിത്രം 22 |
| 23. | ചങ്ങണം - പുല്ലു | ചിത്രം 23 |
| 24. | കയ്പച്ചീര | ചിത്രം 24 |
| 25. | ചെറു-തഴു-ദാമ | ചിത്രം 25 |
| 26. | ചെറു-ഞൊങ്ങണം-പുല്ലു | ചിത്രം 26 |
| 27. | നീരൂരി (നീർപ്പുല്ല്) | ചിത്രം 27 |
| 28. | ചെറു-വള്ളെൽ | ചിത്രം 28 |
| 29. | ചെറു-ബൂള | ചിത്രം 29 |
| 30. | ബൂള | ചിത്രം 30 |
| 31. | നില-ച്ചീര | ചിത്രം 31 |
| 32. | മുറികൂട്ടി | ചിത്രം 32 |
| 33. | കൈക്കൊത്തെൻ-പാല | ചിത്രം 33 |
| 34. | നറു-നുണ്ടി | ചിത്രം 34 |
| 35. | പർപ്പടകം | ചിത്രം 35 |
| 36. | കര-ച്ചീര | ചിത്രം 36 |
| 37. | വാടാപ്പൂ | ചിത്രം 37 |
| 38. | വെളുത്ത-അടക്കാ-മണിയൻ | ചിത്രം 38 |
| 39. | ചെറിയ-വെളുത്ത-അടക്കാമണിയൻ | ചിത്രം 39 |
| 40. | വലിയ-മാങ്ങാ-നാറി | ചിത്രം 40 |
| 41. | കഞ്ഞെണ്ണിയം | ചിത്രം 41 |
| 42. | പെ-കായ്യെണ്ണിയം | ചിത്രം 42 |
| 43. | അടയ്ക്കാ-മണിയൻ | ചിത്രം 43 |
| 44. | ചെട്ടി-പ്പൂ | ചിത്രം 44 |
| 45. | കാട്ടു-ചെട്ടി-പ്പൂ | ചിത്രം 45 |
| 46. | കൊടഗൻ | ചിത്രം 46 |
| 47. | ആന-കൊഴുപ്പ | ചിത്രം 47 |
| 48. | വേന-പച്ച | ചിത്രം 48 |
| 49. | നിലം-പതെ | ചിത്രം 49 |
| 50. | നഞ്ചറ-കഞ്ചാവു | ചിത്രം 50 |
| 51. | നീർ-കൊത്തം-പാല | ചിത്രം 51 |

| | | |
|---|---|---|
| 52. | കഞ്ചൻ-കോര | ചിത്രം 52 |
| 53. | ചെറു-പരുവ | ചിത്രം 53 |
| 54. | കാട്ടു-ഊരൻ | ചിത്രം 54 |
| 55. | നീരീരെൻ | ചിത്രം 55 |
| 56. | നാഗ-പ്പൂ | ചിത്രം 56 |
| 57. | കീൽകൊല - ചെത്തി | ചിത്രം 57 |
| 58. | വെൺ-പാല | ചിത്രം 58 |
| 59. | വെല്ലിയ-കൊടിവേലി | ചിത്രം 59 |
| 60. | കലെഞ്ചി കഞ്ചാവ | ചിത്രം 60 |
| 61. | ചെറു-കഞ്ചാവ | ചിത്രം 61 |
| 62. | നരി-പച്ച | ചിത്രം 62 |
| 63. | പൂ-തുമ്പ | ചിത്രം 63 |
| 64. | പൂവാം-കുറുന്തല | ചിത്രം 64 |
| 65. | മനം-പൊതം | ചിത്രം 65 |
| 66. | കാട്ടു-മൈലോസിന | ചിത്രം 66 |
| 67. | പെ-കൊഴുപ്പ | ചിത്രം 67 |
| 68. | മുയൽ-ചെവി | ചിത്രം 68 |
| 69. | നെല-വാക | ചിത്രം 69 |
| 70. | ഞൊട്ടാ-ഞൊടിയൻ (മെട്ടെ) | ചിത്രം 70 |
| 71. | പേ-ഞൊട്ട-ഞൊടിയൻ | ചിത്രം 71 |
| 72. | കാക്ക-മുള്ളു | ചിത്രം 72 |
| 73. | നെലൻ-ചുണ്ട | ചിത്രം 73 |
| 74. | നില-ബഴുതന | ചിത്രം 74 |
| 75. | അന്തി-മലരി | ചിത്രം 75 |
| 76. | നാഗ-ദന്തി | ചിത്രം 76 |
| 77. | കൊട്ടം | ചിത്രം 77 |
| 78. | കടലാരി | ചിത്രം 78 |
| 79. | ചെറു-കടലാരി | ചിത്രം 79 |
| 80. | വെളുത്ത-മൊദല-മൂക്കു | ചിത്രം 80 |
| 81. | കുപ്പമേനി | ചിത്രം 81 |
| 82. | പേ-കുപ്പമേനി | ചിത്രം 82 |
| 83. | വലിയ കുപ്പമേനി | ചിത്രം 83 |
| 84. | പെരിം-തൊളസി | ചിത്രം 84 |

| | | |
|---|---|---|
| 85. | നല്ല-തിർത്താവ | ചിത്രം 85 |
| 86. | കാട്ടു-തിർത്താവ | ചിത്രം 86 |
| 87. | സൊളതി-തിർത്താവ | ചിത്രം 87 |
| 88. | ചടെയേൻ | ചിത്രം 88 |
| 89. | ചെറിയ-മാങ്ങാ-നാറി | ചിത്രം 89 |
| 90. | കാട്ടു-കൂർക്ക | ചിത്രം 90 |
| 91. | തുമ്പ | ചിത്രം 91 |
| 92. | കാട്ടു-തുമ്പ | ചിത്രം 92 |
| 93. | കരിം-തുമ്പ | ചിത്രം 93 |
| 94. | ചെറു-തർദാവെൽ | ചിത്രം 94 |

ഈ മലയാള പരിഭാഷ പരിശോധിക്കുകയാണെങ്കിൽ ചില സസ്യനാമ ങ്ങളും ചിത്രത്തിലെ മലയാള ലിപിയിലുള്ള നാമങ്ങളും തമ്മിൽ ലിപിയുടെ ഉപ യോഗത്തിലെ പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിയും. 'ആന-ച്ചുവടി'യ്ക്ക് 'ആനച്ചൊകടി', 'ശതാ-വേലി-കിഴങ്ങിന്' 'ചകാവെലികിഴങ്ങ്', 'കൊഴുപ്പ'യ്ക്ക് 'കൊളുപ്പ', 'നീർ-പുല്ലി'യ്ക്ക് 'നിപ്പുല്ല', 'കിർഗാനെല്ലി'യ്ക്ക് 'കീഷ്കാനെല്ലി', 'പുല്ല്', ന് 'പുല്ല', 'ചെറു-ബൂള'യ്ക്ക് 'ചെറുപൂള', 'നാഗപ്പൂ'വിന് 'നാകപ്പൂ' എന്നി ങ്ങനെയാണ് ചിത്രങ്ങളിൽ മലയാള ലിപിയിൽ എഴുതിയിട്ടുള്ളത്. പ്രാദേശിക മായി ആ കാലഘട്ടത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന പേരുകളായിരുന്നു അവ. എന്നിരുന്നാലും 17-ാം നൂറ്റാണ്ടിലെ മലയാള ഭാഷയുടെയും ലിപിയുടെയും ശക്തി എത്രത്തോളമായിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാവും. ഇവ ആ കാലഘട്ട ത്തിലെ സാംസ്കാരിക പുരോഗതിയിലേക്കാണ് വെളിച്ചം വീശുന്നത്.

### 3.5.11. മലയാള ലിപി വിന്യാസം പതിനൊന്നാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പതിനൊന്നാം വാല്യത്തിൽ ചെറുസസ്യ ങ്ങളെയും അവയുടെ വിവിധ ഇനങ്ങളെയും കുറിച്ചാണ് വിശദീകരിച്ചിരിക്കുന്നത്. മലബാർ പ്രദേശത്ത് കണ്ടുവരുന്ന ഈ സസ്യങ്ങളെ കുറിച്ച് നിരവധി വ്യക്തിക

ളുടെ സഹായത്തോടെ പഠിച്ച് വായനക്കാർക്കായി അണിയിച്ചൊരുക്കിയത് ഹെൻറി വാൻറീഡ് ടോട് ഡ്രാക്കസ്റ്റൈനാണ്. ഇതിനെ ചിട്ടപ്പെടുത്തുകയും ലാറ്റിൻ ഭാഷയിൽ മിനുക്കുപണി നടത്തുകയും ചെയ്തത് എബ്രഹാം എ. പൂട്ടാണ്. കൂടാതെ ഈ വാല്യത്തിന്റെ വിശദീകരണക്കുറിപ്പുകളും വ്യാഖ്യാനങ്ങളും നടത്തിയത് യോഹന്നസ് കോമ്മലൈനസാണ്. അങ്ങനെ തയ്യറാക്കപ്പെട്ടിട്ടുള്ള ഈ വാല്യം 1692-ൽ ആംസ്റ്റർഡാമിൽ നിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

63 അധ്യായങ്ങളിലൂടെ ചെറുസസ്യങ്ങളെക്കുറിച്ചും അവയുടെ വിവിധ ഇനങ്ങളെക്കുറിച്ചുമാണ് ഹോർത്തൂസിന്റെ ഈ വാല്യത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ഈ സസ്യനാമങ്ങളെല്ലാം തന്നെ ലാറ്റിൻ ഭാഷയിലാണ് എഴുതിയിട്ടുള്ളത്. അതുപോലെ വിശദീകരണം നൽകിയ പാഠഭാഗവും ലാറ്റിൻ ഭാഷയിൽ തന്നെയാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. പാഠഭാഗത്തെ സസ്യനാമങ്ങളുടെ പ്രത്യേകത അത് ലാറ്റിൻഭാഷയിലാണെങ്കിലും മലബാറിൽ പ്രാദേശികമായി ഉപയോഗിച്ചുവരുന്ന അതേ പേരുകളാണ് നൽകിയിരിക്കുന്നത്. മലയാള ഭാഷയിൽ അക്കാലത്തുതന്നെ ഇതിനൊക്കെ കൃത്യമായ പേരുകളുണ്ടായിരുന്നു എന്നുള്ളത് ഈ ഭാഷയുടെ ശക്തിയാണ് വിളിച്ചോതുന്നത്.

ഈ വാല്യത്തിൽ ചെറു സസ്യങ്ങളുടെ 65 ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ചിത്രങ്ങളുടെ മുകൾഭാഗത്തായി ലാറ്റിൻ മലബാർ, അറബി, ബ്രാഹ്മണ ലിപികളിൽ സസ്യത്തിന്റെ പേരുകളും ചേർത്തിട്ടുണ്ട്. മലയാള ലിപി ആദ്യമായി അച്ചടിച്ച പുസ്തകമെന്ന നിലയിൽ ലിപിയുടെ പരിണാമത്തിന്റെ സാക്ഷ്യപത്രമായി ഇതിനെ പരിഗണിക്കാവുന്നതാണ്. ഈ ലിപികൾ പരിശോധിക്കുകയാണെങ്കിൽ ആ കാലഘട്ടത്തിൽ എങ്ങനെയാണ് മലയാളം ഉപയോഗിച്ചതെന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ 'കപ്പ-ച്ചക്ക', 'അരിക്കആമ്പൽ' എന്നീ സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി മലയാള ലിപിയിൽ പേര് ചേർത്തിട്ടില്ല. ഈ പഠനത്തിനായി ഹോർത്തൂസ് മലബാറിക്കസ്സിന്റെ മലയാളപരിഭാഷ ഉപയോഗപ്പെടുത്തിയിട്ടു

ണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക (പട്ടിക 3.11) താഴെ കൊടുത്തിട്ടുണ്ട്.

**പട്ടിക 3.11**

**പതിനൊന്നാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യനാമം | ചിത്രം |
|---|---|---|
| 1. | കപ്പ-ച്ചക്ക | ചിത്രം 1, 2 |
| 2. | കടനാക്കു (കറ്റവാഴ) | ചിത്രം 3 |
| 3. | ഏലത്തരി | ചിത്രം 4, 5, 6 |
| 4. | കൂവ | ചിത്രം 7 |
| 5. | ചണ്ണ-കൂവ | ചിത്രം 8 |
| 6. | മലം-കൂവ | ചിത്രം 9 |
| 7. | മഞ്ഞ-ക്കൂവ | ചിത്രം 10 |
| 8. | മഞ്ഞൾ കൂവ | ചിത്രം 11 |
| 9. | ഇഞ്ചി (ഇഞ്ചിക്കൂവ) | ചിത്രം 12 |
| 10. | കാട്ടു ഇഞ്ചിക്കൂവ | ചിത്രം 13 |
| 11. | മല ഇഞ്ചിക്കൂവ | ചിത്രം 14 |
| 12. | പരുവ-കിഴങ്ങ | ചിത്രം 15 |
| 13. | നീർച്ചേമ്പ് | ചിത്രം 16 |
| 14. | നിലച്ചേന ചെറുത് | ചിത്രം 17 |
| 15. | ചേന | ചിത്രം 18 |
| 16. | മുള്ളൻ ചേന | ചിത്രം 19 |
| 17. | നിലംചേന വലുത് | ചിത്രം 20 |
| 18. | കാട്ടുചേന | ചിത്രം 21 |
| 19. | വെള്ളി ഇല | ചിത്രം 22 |
| 20. | കരിം-പോള | ചിത്രം 23 |
| 21. | പൊങ്ങത്തി | ചിത്രം 24 |
| 22. | കൂർക്ക | ചിത്രം 25 |
| 23. | ആമ്പൽ | ചിത്രം 26 |
| 24. | അരിക്ക ആമ്പൽ | ചിത്രമില്ല |
| 25. | ചിറ്റ്-ആമ്പൽ | ചിത്രം 27 |
| 26. | നെടൈൽ ആമ്പൽ | ചിത്രം 28 |
| 27. | ചെറിയ ചിറ്റാമ്പൽ | ചിത്രം 29 |
| 28. | താമര | ചിത്രം 30 |
| 29. | വെൻ താമര | ചിത്രം 31 |

| | | |
|---|---|---|
| 30. | കൊട പായിൽ | ചിത്രം 32 |
| 31. | പനവേർ ചിരവ | ചിത്രം 33 |
| 32. | നറുക്കില | ചിത്രം 34 |
| 33. | ബെള്ളപ്പോള | ചിത്രം 35 |
| 34. | എല പ്പോള | ചിത്രം 36 |
| 35. | ബെലം കണ്ട ചൂളാർമണി | ചിത്രം 37 |
| 36. | വെളുത്ത പോളത്താളി | ചിത്രം 38 |
| 37. | ചുവന്ന പോളത്താളി | ചിത്രം 39 |
| 38. | കാട്ടുള്ളിപോള | ചിത്രം 40 |
| 39. | കച്ചൂല കിഴങ്ങു | ചിത്രം 41 |
| 40. | കാട്ടുകപ്പൽ (കടനാക്ക്) | ചിത്രം 42 |
| 41. | കാട്ടു ബാള | ചിത്രം 43 |
| 42. | കരിം ഗൊള | ചിത്രം 44 |
| 43. | കുഴി ത്താമര | ചിത്രം 45 |
| 44. | ഒട്ടൽ ആമ്പൽ | ചിത്രം 46 |
| 45. | ചെം കുമുളു | ചിത്രം 47 |
| 46. | വയമ്പു | ചിത്രം 48 |
| 47. | പാൽ മൊതക്ക | ചിത്രം 49 |
| 48. | മുണ്ട വള്ളി | ചിത്രം 50 |
| 49. | കാട്ടു-കെഴങ്ങു | ചിത്രം 51 |
| 50. | ബെള്ളെൽ | ചിത്രം 52 |
| 51. | തിരു താളി | ചിത്രം 53 |
| 52. | വെൺ-തിരു-താളി | ചിത്രം 54 |
| 53. | തല-നീളി | ചിത്രം 55 |
| 54. | അടമ്പ് | ചിത്രം 56 |
| 55. | ചുവന്ന അടമ്പു | ചിത്രം 57 |
| 56. | വെള്ള-അടമ്പു | ചിത്രം 58 |
| 57. | പുലി-ച്ചുവടി | ചിത്രം 59 |
| 58. | ചൂരിയ-ക്രാന്തി | ചിത്രം 60 |
| 59. | സമുദ്ര-ജോഗം | ചിത്രം 61 |
| 60. | കാട്ടു-വള്ളി | ചിത്രം 62 |
| 61. | മരത്തെ-നാളി | ചിത്രം 63 |
| 62. | വിഷ്ണു-ക്ലാന്തി | ചിത്രം 64 |
| 63. | സെന്തര ക്ലാന്തി | ചിത്രം 65 |

ഈ പരിഭാഷയുടെ അടിസ്ഥാനത്തിൽ ഈ വാല്യത്തെ വിലയിരുത്തിയപ്പോൾ കണ്ടെത്തിയ ചില പ്രത്യേകതകൾ ഇവിടെ വിവരിക്കുന്നു. 'കൂവ' എന്ന സസ്യനാമത്തിന് 'കുആ' എന്നാണ് ചിത്രത്തിന് മുകളിലായുള്ള മലയാള ലിപിയിൽ കൊടുത്തിട്ടുള്ളത്. അതുപോലെ 'മഞ്ഞൾ' ന് 'മഞ്ഞെള', 'പരുവ'യ്ക്ക് 'പരുബ', 'ചേന'യ്ക്ക് 'ചെന', 'ബെള്ളപ്പോള'യ്ക്ക് 'വെളപ്പൊള', 'എലപ്പോള'യ്ക്ക് 'ഇലപ്പൊള', 'ബെലം' ത്തിന് 'വെലം', 'വയമ്പു' വിന് 'ബയെമ്പ', 'സെന്തരക്ലാന്തി'യ്ക്ക് 'ചന്ത്രക്രാന്തി' എന്നുമാണ് ചിത്രത്തിന് മുകളിലായി കൊടുത്തിട്ടുള്ളത്. ഈ മലയാള ലിപികൾ ആ കാലഘട്ടത്തിൽ മലബാർ സമൂഹത്തിൽ വ്യാപകമായി ഉപയോഗിച്ചു കൊണ്ടിരുന്ന സസ്യനാമങ്ങളായിരുന്നു. അതാണ് ചിത്രത്തിൽ നൽകിയത്.

### 3.5.12. മലയാള ലിപി വിന്യാസം പന്ത്രണ്ടാം വാല്യത്തിൽ

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ടാം വാല്യത്തിൽ മലബാറിൽ കണ്ടുവരുന്ന ചെറുസസ്യങ്ങളെക്കുറിച്ചും അവയുടെ വിവിധ ഇനങ്ങളെക്കുറിച്ചുമാണ് വിശദീകരിച്ചിരിക്കുന്നത്. ഈ വാല്യം വായനക്കാർക്കായി അണിയിച്ചൊരുക്കിയത് ഹെൻറി വാൻ റീഡ് ടോട് ഡ്രാക്കസ്റ്റൈനാണ്. ഇത് ചിട്ടപ്പെടുത്തിയതും ലാറ്റിൻഭാഷാ മിനുക്കുപണി നടത്തിയതും എബ്രഹാം എ. പൂട്ടാണ്. അതുപോലെ ഇതിലെ വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും നടത്തിയിരിക്കുന്നത് യൊഹന്നാസ് കോമ്മലൈനസ്സാണ്. ഹോർത്തൂസിന്റെ പന്ത്രണ്ടാം വാല്യം ആംസ്റ്റർഡാമിൽ വച്ച് 1693 ൽ പ്രസിദ്ധീകരിച്ചു.

മലബാർ പ്രദേശത്ത് കണ്ടുവരുന്ന സസ്യങ്ങളെ 77 അധ്യായങ്ങളിലൂടെയാണ് ഈ വാല്യത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നത്. ലാറ്റിൻ ഭാഷയിലാണ് സസ്യനാമങ്ങളും വിശദീകരണങ്ങളും അടങ്ങുന്ന പാഠഭാഗം. ലാറ്റിൻ ഭാഷയിലാണെങ്കിലും സസ്യത്തിന്റെ പേരുകൾ മലയാളത്തിൽ വ്യാപകമായി ഉപയോഗി

ക്കുന്ന അതേ പേരുകളാണ് ഉപയോഗിച്ചത്. ഇതിന്റെ കാരണം അത്തരം സസ്യങ്ങൾ ഡച്ചുകാർക്ക് അന്യമായിരുന്നുവെന്നുള്ളതാണ്. മലയാള ഭാഷയും പ്രകൃതി സമ്പത്തും അത്രയ്ക്ക് സമ്പന്നമായിരുന്നു ആ കാലത്തുമെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.

പന്ത്രണ്ടാം വാല്യത്തിൽ ചെറുസസ്യങ്ങളുടെ 79 ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ഈ ചിത്രങ്ങൾക്ക് മുകളിലായി ലാറ്റിൻ, മലബാർ, അറബി, ബ്രാഹ്മണ ലിപികളിൽ സസ്യങ്ങളുടെ മലബാറിൽ ഉപയോഗിച്ചുവരുന്ന പേരുകൾ ചേർത്തിട്ടുണ്ട്. എന്നാൽ 'കാട്ടു-പൊന്നാം-മരവാഴ', 'ബെള്ളൻ-പച്ച' എന്നീ സസ്യങ്ങളുടെ ചിത്രത്തിന് മുകളിലായി മലയാള ലിപി കൊടുത്തിട്ടില്ല. മറ്റു ചിത്രങ്ങൾക്ക് മുകളിലായി കൊടുത്തിട്ടുള്ള മലയാള ലിപികളിൽ നിന്നും പതിനേഴാം നൂറ്റാണ്ടിലെ മലയാള ലിപിയുടെ പ്രത്യേകതകളും ശക്തിയും മനസ്സിലാക്കാൻ കഴിയും. എല്ലാതരത്തിലുമുള്ള സസ്യങ്ങൾക്കും മലബാർ പ്രദേശത്ത് കൃത്യമായ പേരുകൾ നിലനിന്നിരുന്നു. അതാണ് ഇവിടെ രേഖപ്പെടുത്തപ്പെട്ടതും.

ലാറ്റിൻ ഭാഷയിലെഴുതപ്പെട്ട ഹോർത്തൂസ് മലബാറിക്കസ്സിന്റെ മലയാള പരിഭാഷ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സസ്യങ്ങളുടെ പേരുകളും അവയുടെ ചിത്രത്തിന്റെ ക്രമനമ്പറും സൂചിപ്പിക്കുന്ന പട്ടിക (പട്ടിക 3.12) താഴെ കൊടുത്തിട്ടുണ്ട്.

**പട്ടിക 3.12**

**പന്ത്രണ്ടാം വാല്യത്തിലെ സസ്യനാമങ്ങളും ചിത്രങ്ങളും**

| ക്രമ നമ്പർ | സസ്യനാമം | ചിത്രം |
|---|---|---|
| 1. | ആഞ്ഞിലി മരവാഴ | ചിത്രം 1 |
| 2. | വീട്ടിമരം മരവാഴ | ചിത്രം 2 |
| 3. | പൊന്നാം-പൂ മരവാഴ | ചിത്രം 3 |
| 4. | താളിയ മരവാഴ | ചിത്രം 4 |
| 5. | ചെറു-മാവു-മരവാഴ | ചിത്രം 5 |
| 6. | കൊള്ളി-ച്ചെറു-മാവു-മരവാഴ | ചിത്രം 6 |

| | | |
|---|---|---|
| 7. | ആനത്താളി-മരവാഴ | ചിത്രം 7 |
| 8. | കാഞ്ഞിരം-മരവാഴ | ചിത്രം 8 |
| 9. | മരവാഴ ചേമ്പു | ചിത്രം 9 |
| 10. | പട്ടിച്ചെവി മരവാഴ | ചിത്രം 10 |
| 11. | പന്ന-ക്കിഴങ്ങു-മരവാഴ | ചിത്രം 11 |
| 12. | വെള്ളി-പന്ന-ക്കിഴങ്ങു മരവാഴ | ചിത്രം 12, 13 |
| 13. | താമ-പൂവ്വൽ-പച്ച-മരവാഴ(എനേഡി-കൊ രെങ്ങോ) | ചിത്രം 14 |
| 14. | പര-പന്ന മരവാഴ | ചിത്രം 15 |
| 15. | കൽ-പന്ന-മരവാഴ | ചിത്രം 16 |
| 16. | കരി-വെള്ളി-പന്ന മരവാഴ | ചിത്രം 17 |
| 17. | നെല-പന്ന-മരവാഴ | ചിത്രം 18 |
| 18. | പന്നമര-മരവാഴ | ചിത്രം 19 |
| 19. | എലിത്തടി-മരവാഴ | ചിത്രം 20,21 |
| 20. | തേക്ക്-മരവാഴ | ചിത്രം 22 |
| 21. | ചെറു-തേക്ക് മരവാഴ | ചിത്രം 23 |
| 22. | വലിയ-തേക്കു-മരവാഴ (മാവു-മരവാഴ) | ചിത്രം 24 |
| 23. | കാട്ടു-തേക്കു-മരവാഴ | ചിത്രം 25 |
| 24. | കാട്ടു-കൈത-മരവാഴ | ചിത്രം 26 |
| 25. | ബസല-പുല്ലു-മരവാഴ | ചിത്രം 27 |
| 26. | കാട്ടു-പൊന്നാം-മരവാഴ | ചിത്രം 28 |
| 27. | മരത്തെ-മാല-മരവാഴ | ചിത്രം 29 |
| 28. | വള്ളി-വാര-കൊടി-മരവാഴ | ചിത്രം 30 |
| 29. | അരണപന്ന | ചിത്രം 31 |
| 30. | വള്ളി-പന്ന | ചിത്രം 32 |
| 31. | ചെറു-വള്ളി-പന്ന (വാരാപൊളി) | ചിത്രം 33 |
| 32. | ചെറുവള്ളി-പന്ന (മറ്റൊന്ന്) | ചിത്രം 34 |
| 33. | പന്ന-വള്ളി | ചിത്രം 35 |
| 34. | ചടെൻചീര | ചിത്രം 36 |
| 35. | പൂവെം-പെട | ചിത്രം 37 |
| 36. | മൊട്ട-പ്പുല്ലു | ചിത്രം 38 |
| 37. | അവെൻക | ചിത്രം 39 |
| 38. | ബെള്ളൻ-പച്ച | ചിത്രം 40 |
| 39. | ചാമ-പ്പുല്ലു | ചിത്രം 41 |
| 40. | വാര-പുല്ലു | ചിത്രം 42 |
| 41. | കുതിര-പ്പുല്ലു | ചിത്രം 43 |
| 42. | തേരെട്ട-പുല്ലു | ചിത്രം 44 |
| 43. | ചാമ-പുല്ലു | ചിത്രം 45 |
| 44. | കേർപ | ചിത്രം 46 |

| | | |
|---|---|---|
| 45. | ബലി-കറുക | ചിത്രം 47 |
| 46. | കാടൻ-പുല്ലു | ചിത്രം 48 |
| 47. | തകെടി | ചിത്രം 49 |
| 48. | പൊട്ട-പ്പുല്ലു | ചിത്രം 50 |
| 49. | കൗണ്ട-പ്പുല്ലു | ചിത്രം 51 |
| 50. | മുത്തങ്ങ | ചിത്രം 52 |
| 51. | പേ-മുത്തങ്ങ | ചിത്രം 53 |
| 52. | മുള്ളൻ-പുല്ലു | ചിത്രം 54 |
| 53. | ഇര | ചിത്രം 55 |
| 54. | ഈര (ബാലാരി) | ചിത്രം 56 |
| 55. | കൊടി-പുല്ലു | ചിത്രം 57 |
| 56. | ബെര-കൈത | ചിത്രം 58 |
| 57. | മെല്ല-പ്പന-കെളൻഗു | ചിത്രം 59 |
| 58. | കാട്ടു-ചോളം | ചിത്രം 60 |
| 59. | കൂരൻ പുല്ലു | ചിത്രം 61 |
| 60. | ചെറിയ-കൂരൻ-പുല്ലു | ചിത്രം 62 |
| 61. | കോൽ-പുല്ലു | ചിത്രം 63 |
| 62. | ചെറു-ചൂരൽ | ചിത്രം 64 |
| 63. | കാട്ടു-ചൂരൽ | ചിത്രം 65 |
| 64. | പെരിം-ചൂരൽ | ചിത്രം 66 |
| 65. | ചോള-പുല്ലു | ചിത്രം 67 |
| 66. | ചെറു-കൊച്ചിളെത്തി-പുല്ലു | ചിത്രം 68 |
| 67. | കവര-പുല്ലു | ചിത്രം 69 |
| 68. | കത്രി-കൊണ്ട | ചിത്രം 70 |
| 69. | ചെല്ലി | ചിത്രം 71 |
| 70. | രാമച്ചം | ചിത്രം 72 |
| 71. | നായിൻ-കണ | ചിത്രം 73 |
| 72. | തിരി-പന്ന | ചിത്രം 74 |
| 73. | എലി-മുള്ളു | ചിത്രം 75 |
| 74. | വെളുത്ത-മൊതല-മൂക്കു | ചിത്രം 76 |
| 75. | ചുവന്ന-മൊതല-മൂക്കു | ചിത്രം 77 |
| 76. | ചെട്ടി-പുല്ലു | ചിത്രം 78 |
| 77. | തെന | ചിത്രം 79 |

മലയാളപരിഭാഷയിൽ കൊടുത്തിട്ടുള്ള സസ്യനാമങ്ങളും ചിത്രത്തിലെ മലബാർ ലിപിയും തമ്മിൽ പരിശോധിച്ചു കഴിഞ്ഞാൽ മലയാള ലിപിക്ക് ആ കാലഘട്ടത്തിൽ ഒട്ടേറെ പ്രത്യേകതകൾ ഉണ്ടെന്ന് മനസ്സിലാകും. 'ചേമ്പു' എന്ന പാഠഭാ

ഗത്തെ പേരിന് ചിത്രത്തിലുള്ള മലയാള ലിപി 'ചെമ്പു' എന്നാണ്. അതുപോലെ 'കിഴങ്ങു' എന്നതിന് 'കിഴങ്ങ', 'ബസല-പുല്ലു' ന് 'വശളപ്പുല്ല', 'വള്ളിപന്ന'യ്ക്ക് 'ബള്ളിപ്പന്ന' യെന്നും, 'തേർപ'യ്ക്ക് 'ധർപ്പ'യെന്നുമാണ് ചിത്രത്തിലെ മലയാള ലിപികൾ. ഈ ലിപികൾ പാഠഭാഗത്തെ ലാറ്റിൻ ഭാഷയിലേക്ക് മാറ്റിയെഴുതിയപ്പോൾ ഉച്ചാരണത്തിലും പ്രയോഗത്തിലും വന്ന മാറ്റങ്ങളാണിവ. എന്നിരുന്നാലും മലയാള ലിപികൾ ആ കാലത്തും അതിശക്തമായിരുന്നുവെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. എല്ലാ സസ്യങ്ങൾക്കും കൃത്യമായ പേരും അവയ്ക്ക് മലയാള ലിപിയിൽ എഴുത്തും പതിനേഴാം നൂറ്റാണ്ടിലും നിലനിന്നിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ആ ലിപി വിന്യാസത്തിലൂടെ മലയാള സംസ്കാരത്തിന്റെ അടയാളപ്പെടുത്തലിന്റെ ചരിത്രരേഖയായി ഹോർത്തൂസ് മലബാറിക്കസ്സ് മാറുകയായിരുന്നു.

### 3.6 ഉപസംഹാരം

ഒരു പ്രാദേശിക ഭാഷ എത്രത്തോളം ശക്തമാണെന്നുള്ളതിന്റെ തെളിവാണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഓരോ അധ്യായവും. മലയാള ലിപിയുടെ വളർച്ചയുടെ ഒരു ഘട്ടത്തിലായിരുന്നു ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചന നിർവ്വഹിക്കപ്പെട്ടത്. മലയാള ലിപിയുടെ ആദ്യകാല രൂപങ്ങളായ വട്ടെഴുത്തും, കോലെഴുത്തു ഈ ഗ്രന്ഥത്തിലുണ്ട്. അതുപോലെ സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി മലയാള ലിപിയിൽ സസ്യനാമങ്ങളും കൊടുത്തിട്ടുണ്ട്. മലയാള ലിപിയുടെ വകഭേദങ്ങൾ ഒരേ ഗ്രന്ഥത്തിൽ കാണുകവഴി ഈ കാലഘട്ടത്തിൽ മലയാള ലിപി പരിണാമഘട്ടത്തിലാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മലയാള ലിപി അച്ചടിച്ച ആദ്യത്തെ പുസ്തകമെന്ന നിലയിൽ ഹോർത്തൂസ് മലബാറിക്കസ് മലയാള ലിപി പരിണാമത്തിന്റെ ഒരു ചരിത്രരേഖ കൂടിയാണ്. സസ്യങ്ങളുടെ പേരുകൾ പ്രാദേശിക മലയാള ഭാഷയിലെ വാക്കുകളിലാണ് അടയാളപ്പെടുത്തപ്പെട്ടത്. ഇന്ന് അത്തരം സസ്യങ്ങളുടെ പേരിനും അവ സൂചിപ്പിക്കാനായി ഉപയോഗിച്ച് ലിപിയ്ക്കും പല മാറ്റങ്ങളും കാലക്രമത്തിൽ വന്നുചേർന്നിട്ടുണ്ട് ഈ

ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ മലയാളഭാഷയും ലിപിയും വലിയ തോതിൽ പരിഷ്ക്കരണത്തിന് വിധേയമായിട്ടുണ്ട്. ഇങ്ങനെ മാറി യിട്ടുണ്ടെങ്കിൽ അതിന് ഈ സമൂഹത്തിന്റെ വൈജ്ഞാനിക പശ്ചാത്തലത്തിന് വലിയ പങ്കുണ്ട്. നിരന്തരമായപരിഷ്ക്കരണ പ്രക്രിയയിലൂടെ ഈ സമൂഹവും അതിന്റെ ആശയവിനിമയ ഉപാദികളും പോയിക്കൊണ്ടിരുന്നത്. അങ്ങനെ പാര മ്പര്യ വിജ്ഞാനത്തിലധിഷ്ഠമായ വൈദ്യവും, ഭാഷയും, ലിപിയുമൊക്കെ അടയാ ളപ്പെടുത്തപ്പെട്ട ഈ ഗ്രന്ഥം ആ കാലഘട്ടത്തിലെ സാംസ്കാരിക പശ്ചാത്തലത്തി ലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്. ആ അർത്ഥത്തിൽ മലബാറിന്റെ സാംസ്കാ രിക പൈതൃകത്തിലേക്ക് ചരിത്രസാക്ഷ്യമായി മാറിയ സാംസ്കാരിക പാഠമാണ് ഹോർത്തൂസ് മലബാറിക്കസ്സ്.

## ഗ്രന്ഥസൂചി


1. പ്രഭാകരവാര്യർ, കെ. എം. (1999). ഭാഷാവലോകനം. ശുകപുരം : വള്ളത്തോൾ വിദ്യാപീഠം. പു. 15.

2. ജലീൽ, കെ. എ. (1989). ലിപികളും മാനവസംസ്കാരവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 260.

3. വേലായുധപിള്ള, പി. വി. (2015). മലയാളഭാഷയുടെ സാംസ്കാരികഘട്ടങ്ങൾ (ഗോപാലകൃഷ്ണൻ നടുവട്ടം. മലയാള ഭാഷാ ചരിത്രം). തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 233.

4. രവി വർമ്മ, എൽ. എ. (1971). പ്രാചീന കേരള ലിപികൾ. തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

5. ഗോദവർമ്മ. (1961). കേരള ഭാഷാവിജ്ഞാനീയം. തിരുവനന്തപുരം : കേരള സർവ്വകലാശാല. പു. 45.

6. Krishna Pisharadi, Attur. (1927). A Critical Survey of Malayalam language and literature. Vidya Vilasam Press. p.38-62.

7. ഗോദവർമ്മ. (1961). കേരളഭാഷാ വിജ്ഞാനീയം. തിരുവനന്തപുരം : കേരള സർവ്വകലാശാല. പുറം 65.

8. Cambell, A.D. (1816). A grammar of the Telungu Language, Laurier Books, (അവതാരിക കുറിപ്പിൽ).

9. Robert Calwell, (1875). A Comparative grammar of Dravidian or South Indian languages (1875), p.18.

10. ശ്രീനാഥൻ, എം. (2006). കേരളത്തിലെ ഭാഷകൾ. തിരുവനന്തപുരം : അന്താരാഷ്ട്ര കേരള പഠനകേന്ദ്രം. പുറം 23.

11. ഹെർമൻ ഗുണ്ടർട്ട്. (1962). മലയാള ഭാഷാ വ്യാകരണം. കോട്ടയം : എൻ. ബി. എസ്.

12. രാജരാജവർമ്മ, ഏ. ആർ. (1895). കേരളപാണിനീയം. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം. പുറം 44.

13. ഗോപിനാഥപിള്ള, എൻ. ആർ. (1972). അന്വേഷണം. കോട്ടയം : എൻ. ബി. എസ്.

14. കൃഷ്ണപിഷാരടി ആറ്റൂർ. (1936). ഭാഷാസാഹിത്യ ചരിത്രം. തിരുവനന്തപുരം : വി. പി. ബുക്ക് ഡിപ്പോ.

15. കൃഷ്ണപിഷാരടി ആറ്റൂർ. (1927). കേരളഭാഷയും സാഹിത്യവും. കോട്ടയം: എൻ. ബി. എസ്.

16. ജോർജ്ജ്, കെ. എം. (1998). സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പു. 53.

17. കുഞ്ഞൻ പിള്ള, ഇളംകുളം. കേരള ഭാഷാ പരിണാമം, കോട്ടയം : എൻ. ബി. എസ്. പു. 12.

18. രാജരാജവർമ്മ, ഏ. ആർ. (1895). കേരളപാണിനീയം. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം. പുറം 41.

19. Robert Caldwell. (1875). A Comparative Grammar of the Dravidian or South Indian Family of Languages. Madras.

20. ഹെർമൻ ഗുണ്ടർട്ട്. (1962). മലയാള ഭാഷാ വ്യാകരണം. കോട്ടയം : എൻ. ബി. എസ്.

21. കുഞ്ഞൻപിള്ള, ഇളംകുളം. (1970). അന്നത്തെ കേരളം. കോട്ടയം : എൻ. ബി. എസ്. പു. 68.

22. ഗോദവർമ്മ. (1961). കേരളഭാഷാ വിജ്ഞാനീയം. തിരുവനന്തപുരം : കേരള സർവ്വകലാശാല. പു 125.

23. ജലീൽ, കെ. എ. (1989). എഴുത്തിന്റെ തുടക്കം (ലിപികളും മാനവ സംസ്ക്കാരവും). തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 15.

24. ജലീൽ, കെ. എ. (1989). എഴുത്തിന്റെ തുടക്കം (ലിപികളും മാനവ സംസ്ക്കാരവും). തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 6.

25. ജലീൽ, കെ. എ. (1989). എഴുത്തിന്റെ തുടക്കം (ലിപികളും മാനവ സംസ്ക്കാരവും). തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 7.

26. Bravil H. (1952). Four Hundred Centuries of Cave Art. 1952.

27. ജലീൽ, കെ. എ. (1989). എഴുത്തിന്റെ തുടക്കം (ലിപികളും മാനവ സംസ്ക്കാരവും). തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 12.

28. John Kenely Princes. (1908). Sumeriyan Lexican Introduction. Leipzing: J.C. Hinrichssene. Buccandiung.

29. Macdonell, A. (1917). Vedic Reader. Oxford: p.xii.

30. മംഗലം, എസ്. ജെ. (1997). പ്രാചീന ഭാരതീയ ലിപിശാസ്ത്രവും, മലയാള ലിപി വികാസവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 115.

31. പരമേശ്വരപിള്ള, വി. ആർ. (1978). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 36.

32. Hunter, G.R. (1934). The scripts of Harappa and Mohenjodaro and its connection with other scripts, London: Kogan Paul, trench Tunsler and Company Ltd., p.27.

33. Alexander Cunnigham. (1879). Corpus Inscriptionum Indicarum Inscription of Asokan Kessiner Publishing.

34. Burnell, A.C. (1978). Elements of South Indian Paleography. London: p.28-36.

35. ജലീൽ, കെ. എ. (1989). ലിപികളും മാനവസംസ്കാരവും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 221.

36. ജലീൽ, കെ. എ. (1989). ലിപികളും മാനവസംസ്കാരവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 222.

37. ഗോപിനാഥൻ നായർ, എൻ. (2015). മലയാള ഭാഷാ രൂപീകരണവും പ്രാകൃതഭാഷകളും. (ഗോപാലകൃഷ്ണൻ, നടുവട്ടം. മലയാള ഭാഷാ ചരിത്രം). തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 187.

38. രാഘവവാര്യർ, എം. ആർ. (2015) മലയാള ലിപി ചരിത്രം. (ഗോപാലകൃഷ്ണൻ നടുവട്ടം, മലയാള ഭാഷാ ചരിത്രം). തിരുവനന്തുപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 340.

39. പരമേശ്വരപിള്ള, വി. ആർ. (1963). പ്രാചീന ശിലാലിഖിതവിജ്ഞാനീയം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 53.

40. പരമേശ്വരപിള്ള, വി. ആർ. (1963). പ്രാചീന ശിലാലിഖിതവിജ്ഞാനീയം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 38.

41. പരമേശ്വരപിള്ള, വി. ആർ. (1963). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 38.

42. ജലീൽ, കെ. എ. (1989). ലിപികളും മാനവ സംസ്കാരവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 239.

43. രാഘവവാര്യർ, എം. ആർ. (2015). എഴുത്തിന്റെ ആരംഭം. കൊട്ടയം : നാഷണൽ ബുക്സ്റ്റാൾ.

44. പരമേശ്വരപിള്ള, വി. ആർ. (1978). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 47.

45. രവിവർമ്മ, എൽ. എ. (1971) പ്രാചീന കേരള ലിപികൾ. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി. ആമുഖം.

46. ഗോപാലകൃഷ്ണൻ, പി. കെ. (1974). കേരളത്തിന്റെ സാംസ്കാരിക ചരിത്രം. തിരുവന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 219.

47. ജലീൽ, കെ. എ. (1989). ലിപികളും മാനവ സംസ്കാരവും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 238.

48. രാമചന്ദ്രൻ, പുതുശ്ശേരി (2007). കേരളത്തിന്റെ അടിസ്ഥാന രേഖകൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 432.

49. പരമേശ്വരപിള്ള, എരുമേലി. (1996). മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം : കറന്റ് ബുക്സ്. പു. 48.

50. രാമ പിഷാരടി, പഴയന്നൂർ. (1969). വട്ടെഴുത്തും കോലെഴുത്തും (ലേഖനം : മാതൃഭൂമി വാരാന്തപതിപ്പ്). 12 ഫെബ്രുവരി.

51. ജലീൽ, കെ. എ. (1989). ലിപികളും മാനവ സംസ്കാരവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 238.

52. പരമേശ്വരപിള്ള, വി. ആർ. (1963). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 40.

53. പരമേശ്വരപിള്ള എരുമേലി (1996). മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം : കറന്റ് ബുക്സ്. പുറം 46.

54. രാജരാജവർമ്മ, ഏ. ആർ. (1895). കേരളപാണിനീയം. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം. പുറം 96.

55. ഗോവി, കെ. എം. (1998). ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി. പുറം 114.

56. പരമേശ്വരപിള്ള, എരുമേലി. (1996). മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം : കറന്റ് ബുക്സ്. പുറം 49.

57. Van Rheede tot Drakenstein. (1678-1693). Hortus Malabaricus. Amsterdam : Widow of J. Van Someren, J. Van Dyek, H. Widow of T. Boom. 12 Vols.

58. Manilal, K.S. (2003). Van Rheedes' Hortus Malabaricus. Thiruvananthapuram: University of Kerala, 12 vols.

59. മണിലാൽ, കെ. എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല. 12 വാല്യങ്ങൾ.

# അധ്യായം 4

# പാരമ്പര്യവൈദ്യവും ഹോർത്തൂസ് മലബാറിക്കസ്സും

## 4.1 ആമുഖം

പ്രകൃതിയോട് ഇണങ്ങിചേർന്ന ചികിത്സാസമ്പ്രദായമാണ് പാരമ്പര്യ വൈദ്യം. മനുഷ്യൻ ചുറ്റുമുള്ള സസ്യങ്ങളെ രോഗശാന്തിക്കായി പലവിധത്തിൽ ഉപയോഗിച്ചിരുന്നു. നിരന്തരമായ പരീക്ഷണ നിരീക്ഷണങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്തമായ സമൂഹത്തിൽ വ്യത്യസ്തമായ ചികിത്സാരീതികൾ രൂപപ്പെടുകയും ചെയ്തു. സമൂഹങ്ങൾക്ക് മാത്രമല്ല അതിലെ ജാതി -മതകൂട്ടങ്ങൾക്കും തനതായ ചികിത്സാ സമ്പ്രദായങ്ങൾ രൂപപ്പെട്ടുവന്നതായി കാണാൻ കഴിയും. അവ തലമുറകളിലൂടെ വാമൊഴിയായും വരമൊഴിയായും കൈമാറ്റം ചെയ്യപ്പെടുകയും പാരമ്പര്യവൈദ്യം എന്ന നിലയിലേക്ക് വളരുകയുമായിരുന്നു. അത്തരമൊരു സാംസ്കാരിക പാരമ്പര്യത്തിന്റെ ചരിത്രരേഖകൂടിയാണ് ഹോർത്തൂസ് മലബാറിക്കസ്സ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വളരുന്ന ഔഷധമൂല്യമുള്ളതും അല്ലാത്തതുമായ സസ്യങ്ങളെക്കുറിച്ചും അവയുപയോഗിച്ചുള്ള ചികിത്സാരീതികളെക്കുറിച്ചുമുള്ള വിവരങ്ങൾ അടങ്ങിയ ഒരു യൂറോപ്യൻ ഭാഷയിൽ രചിക്കപ്പെട്ട ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്സ്. കേരളത്തിൽ നിലനിന്നിരുന്ന പരമ്പരാഗതമായ വൈദ്യജ്ഞാന ശേഖരമായ ഈ ഗ്രന്ഥം പാരമ്പര്യാധിഷ്ഠിതമായ ഒരു സംസ്കാരത്തിന്റെ പാഠപുസ്തകം കൂടിയാണ്. ഈ ഗ്രന്ഥത്തിലെ സാക്ഷ്യപത്രങ്ങളും മുഖവുരകളും അധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ രീതികളും പാരമ്പര്യ വൈദ്യചികിത്സാ സമ്പ്രദായത്തിന്റെ ശക്തമായ തെളിവുകളാണ്.

### 4.2 പാരമ്പര്യവും സംസ്കാരവും

വ്യക്തി, കുടുംബം, സമൂഹം, ദേശം എന്നീ മനുഷ്യകേന്ദ്രീകൃതമായ ഘടകങ്ങളുമായെല്ലാം ബന്ധപ്പെട്ടതാണ് പാരമ്പര്യം. ഈ ഘടകങ്ങളുടെ ആകെത്തുകയാണ് സംസ്കാരം. സ്വയം ആർജ്ജിച്ചതോ തലമുറകളായി കൈവന്നതോ ആയിരിക്കും ഈ സാംസ്കാരിക മൂല്യങ്ങൾ. 'പരം', 'പര' എന്നീ ധാതുക്കളുടെ സമുച്ചയമായ പരമ്പര എന്ന സംസ്കൃത പദത്തിൽ നിന്നാണ് 'പാരമ്പര്യം' എന്ന മലയാള പദം ഉണ്ടായത് എന്നാണ് കരുതുന്നത്.[1] സാമൂഹ്യ ജീവികളായ മനുഷ്യർ നയിച്ചു പോന്നിട്ടുള്ള സാംസ്കാരിക ജീവിത്തിന്റെ ഭൂതകാലത്തെയും ഭാവികാലത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് പാരമ്പര്യം. ഏതൊരു സമൂഹത്തിനും പൊതുവായ ചില സ്വത്വങ്ങൾ മുന്നോട്ടു വയ്ക്കാനുണ്ടാകും. അതാകട്ടെ, ആ സമൂഹത്തിലെ ജനത പൊതു സ്വത്തായി പരിഗണിക്കുന്നതും തലമുറകളായി കൈമാറ്റം ചെയ്തു വരുന്നതുമായ വിജ്ഞാനം, നാട്ടറിവുകൾ, കഥകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയുടെയൊക്കെ ആകെത്തുകയായിരിക്കും. അത്തരം പാരമ്പര്യത്തിൽ അഭിമാനിക്കുന്നവരായിരിക്കും അവിടെ വസിക്കുന്ന ജനത. പാരമ്പര്യത്തെ ഒരു അവകാശമായിട്ടാണ് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ[2] നിർവ്വചിച്ചിരിക്കുന്നത്. ഈ നിർവ്വചനപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്നതോ വിതരണം ചെയ്യപ്പെടുകയോ ആയ ഭൗതിക സ്വഭാവമുള്ള വസ്തുക്കളെയാണ് പാരമ്പര്യത്തിന്റെ നിയമ വശത്തിലുൾപ്പെടുത്തുക. നിയമപരമായി ലഭിക്കേണ്ടുന്ന ഒരു അവകാശമായിട്ടാണ് ഈയവസരത്തിൽ പാരമ്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. എന്നാൽ പാരമ്പര്യാവകാശം എന്ന രീതിയിൽ ഈ വാക്കിനെ ഒതുക്കി ചെറുതായി കാണാൻ പറ്റില്ല. അതുകൊണ്ട് തന്നെ ക്രമേണ ഈ വാക്കിന്റെ അടിസ്ഥാന അർത്ഥതലത്തിൽതന്നെ ഒരു പൊളിച്ചെഴുത്ത് നടക്കുകയും നിയമത്തിന്റെ അധികാര പിൻബലത്തിനപ്പുറം കൈമാറ്റം ചെയ്യപ്പെടുന്ന ഏതിനേയും പാരമ്പര്യം എന്ന പദം ഉൾക്കൊള്ളാൻ തുടങ്ങി. അങ്ങനെയാണ് തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന ആശയങ്ങൾ, അറിവുകൾ,

ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, കഥകൾ എന്നിവയെല്ലാം പാരമ്പ ര്യം എന്ന പദം ഉൾക്കൊള്ളാൻ തുടങ്ങിയത്.

ഒരു വ്യക്തിയുടെ സംസ്കാരത്തിന്റെ ആകെത്തുകയാണല്ലോ പാരമ്പര്യം എന്നത്. ഒരു വ്യക്തിയിൽ രണ്ടുരീതിയിൽ പാരമ്പര്യം സ്വാധീനം ചെലുത്തുന്ന തായി കാണാൻ കഴിയും. ഇത് സംഭവിക്കുന്നത് ബാഹ്യമായതോ ആന്തരികമാ യതോ ആയ ഘടകങ്ങളുടെ സ്വാധീനത്തിലാണ്. പ്രത്യക്ഷത്തിൽ കാണാനും അറി യാനും കഴിയുന്ന പ്രത്യേകതകളാണ് ബാഹ്യ പാരമ്പര്യം എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്. ഒരാൾക്ക് തന്റെ പൂർവ്വികരിൽ നിന്ന് ലഭിച്ച ശാരീരികമായ പ്രത്യേകത കൾ, അയാളുടെ പെരുമാറ്റ രീതി, സ്വഭാവം എന്നിവയെ ബാഹ്യമായ പാരമ്പര്യ ഘടകങ്ങളായി കണക്കാക്കാവുന്നതാണ്. ജീനുകൾ വഴി കൈമാറ്റം ചെയ്യപ്പെടുന്ന സവിശേഷ ഗുണങ്ങളായതിനാൽ ഇതിനെ ജൈവിക പാരമ്പര്യമെന്ന് പറയാം. എന്നാൽ ഒരാളുടെ ആന്തരികമായ പാരമ്പര്യഘടകങ്ങൾ സ്വാധീനിക്കുന്നത് അയാ ളുടെ സംസ്കാരത്തെയാണ്. ഈ സമൂഹത്തിലും പ്രപഞ്ചത്തിലും സംഭവിച്ചുകൊ ണ്ടിരിക്കുന്ന എല്ലാ മാറ്റങ്ങളോടുള്ള മനുഷ്യന്റെ പ്രതികരണങ്ങളും ചെറുത്തു നില്പുകളും ജീവിത വീക്ഷണവും തത്വചിന്തയുമെല്ലാം ഉൾച്ചേരുന്ന ഒരു സാംസ്കാരിക പാരമ്പര്യമാണത്. വൈജ്ഞാനിക മണ്ഡലത്തിലാണ് ഇത്തരം സാസ്കാരിക പാരമ്പര്യം ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത്[3]. അങ്ങനെ യുള്ള സാംസ്കാരിക പശ്ചാത്തലമുള്ള പാരമ്പര്യത്തിന്റെ പ്രധാനപ്പെട്ട നിർവ്വചന ങ്ങളെല്ലാം തന്നെ ഭൂതകാലത്തിലെ സംസ്കാരശേഷിപ്പുകളെക്കുറിച്ചാണ് വ്യക്തമാ ക്കുന്നത്. പഴയകാല സാമൂഹിക ചുറ്റുപാടുകളുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ഉയർന്നു വരുന്ന സാംസ്കാരിക പൈതൃകത്തിലധിഷ്ഠിതമായ പാരമ്പര്യബോധം ജനങ്ങളെ നയിക്കുന്നു എന്നതാണ് സവിശേഷത.

മാർട്ടിൻ ക്രീജിയർ[4] പാരമ്പര്യത്തെ നിർവ്വചിച്ചിരിക്കുന്നത് തുടർച്ചയായി കൈമാറ്റം ചെയ്തുപോരുന്ന ഭൂതകാലത്തിന്റെ ആധികാരികമായ വർത്തമാന കാല സാന്നിദ്ധ്യമെന്നാണ്. പൂർവ്വികർ പകർന്നു നല്കുകയും പിൻതലമുറ നില

നിർത്തിപ്പോരുന്നതുമായ ആചാരങ്ങളും സ്ഥാപനങ്ങളും പാരമ്പര്യത്തിന്റെ ഭാഗമായിത്തീരുന്നുവെന്നും നിർവ്വചനമുണ്ട്[5]. എന്നാൽ കാലാകാലങ്ങളായി ഒരു ജനത സ്വന്തം അസ്തിത്വം നിലനിർത്താൻ അതിന്റെ എല്ലാ സങ്കീർണ്ണതയിലൂടെയും കടന്നുപോയി ചികഞ്ഞു കണ്ടെത്തി സംഭരിച്ചു സൂക്ഷിച്ചുപോരുന്ന നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും ആകെത്തുകയാണ് പാരമ്പര്യം എന്നാണ് രാമചന്ദ്രൻ നായർ[6] അഭിപ്രായപ്പെടുന്നത്. അങ്ങനെ ഭൂതകാലത്തിൽ വേരൂന്നി ഒരു സമൂഹത്തിൽ പടർന്നു പന്തലിച്ച ജനങ്ങളുടെ പാരമ്പര്യമാണ് ആ സമൂഹത്തിന്റെ സംസ്കാരം എന്നു പറയുന്നത്. ഇത് കാലചക്രം മുന്നോട്ടുപോയപ്പോൾ ചരിത്രത്തിൽ അടയാളപ്പെടുത്തിയതാണ്. യഥാർത്ഥ പാരമ്പര്യത്തെ കണ്ടെത്തുക എന്നത് ഒരു ചരിത്രാന്വേഷണം കൂടിയാണ്. ചരിത്ര സത്യങ്ങളുടെ ബോധതലത്തിൽ നിന്നു മാത്രമെ സാംസ്കാരിക ചരിത്രം നിർവ്വചിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ സാംസ്കാരിക ഘടകങ്ങളും പാരമ്പര്യഘടകങ്ങളും നിർവ്വചിക്കുമ്പോൾ ഏകദേശം ഒരേ അർത്ഥതലങ്ങൾ കടന്നുവരുന്നത് സ്വാഭാവികം. പാരമ്പര്യവും സംസ്കാരവും പ്രകൃതിയോടും മനുഷ്യനോടും സമൂഹത്തോടും അത്രകണ്ട് ബന്ധപ്പെട്ട ഘടകങ്ങളായാണ് പാരമ്പര്യത്തിലും സംസ്കാരത്തിലും അന്തർലീനമായി കിടക്കുന്നത്. സാമൂഹ്യജീവിയായ മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാവിധ അനുഭവങ്ങളുമാണ് സംസ്കാരത്തിലും പാരമ്പര്യത്തിലും നിഴലിച്ചു കാണുന്നത്. അനുഭവങ്ങളുടെ പശ്ചാത്തലത്തിലുള്ള അറിവുകളിൽ അല്ലെങ്കിൽ രചനകളിൽ സാംസ്കാരിക പാരമ്പര്യത്തിന്റെ അടയാളപ്പെടുത്തലുകൾ കാണാൻ കഴിയും.

സംസ്കാരം എന്ന പദത്തിന് ഇന്നു കാണുന്ന രീതിയിൽ അർത്ഥവ്യാപ്തി കൈവരിക്കാൻ കഴിഞ്ഞത് ഈ അടുത്ത കാലത്താണ്. സംസ്കാരം വ്യക്തിയിൽ അധിഷ്ഠിതമല്ല. ഒരു വ്യക്തിയുടെ ശൈലിയോ സ്വഭാവമോ സംസ്കാരത്തിന്റെ ഭാഗമാകണമെന്നില്ല. എന്നാൽ വ്യക്തിയാൽ സൃഷ്ടിക്കപ്പെടുന്ന ആശയങ്ങളും അറിവുകളും സംസ്കാരത്തിന്റെ ഭാഗമാണ്. അതായത് അത്തരം ആശയങ്ങളും

അറിവുകളും സമൂഹത്തിന്റെ പൊതുസ്വത്തായി മാറുന്നിടത്താണ് സംസ്കാരം രൂപപ്പെടുന്നത്. സംസ്കാരം എന്നതിന് ഭൗതികേതരം എന്നൊരർത്ഥം കൂടിയുണ്ട്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിങ്ങനെ ഭൗതിക വസ്തുക്കൾ നാഗരികതയുടെ ഭാഗമാവുകയും അറിവിന്റെയും ആശയങ്ങളുടെയും സങ്കല്പങ്ങളുടെയും ലോകം സംസ്കാരത്തിന്റെ ഭാഗമാവുകയും ചെയ്തു. മനുഷ്യജീവിതത്തിന്റെ സമഗ്രതയാണ് സംസ്കാരം. അത് മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളെയും ഉൾക്കൊള്ളുന്ന വലിയ അർത്ഥ തലങ്ങളുള്ള ഒന്നായി പരിണമിക്കുകയും ചെയ്തു. മനുഷ്യരുടെ ബൗദ്ധികവും ഭാവനാപരവുമായ സംഭാവനകളെ പൊതുവെ സംസ്കാരം എന്നു പറയാം. ഇവ പലപ്പോഴായി അതാതു കാലഘട്ടത്തിലോ അല്ലാതെയോ രേഖപ്പെടുത്തപ്പെടും. ഒരു പ്രത്യേക കാലഘട്ടത്തിലെ സാംസ്കാരിക സംഭാവനകളെ അല്ലെങ്കിൽ സാംസ്കാരിക ജീവിതത്തെ പാരമ്പര്യത്തിലൂന്നിയ വിശകലന കാഴ്ചപ്പാടോടു കൂടിയാണ് നോക്കിക്കാണുന്നത്[7].

**4.3 പാരമ്പര്യവൈദ്യം**

നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഭാരതത്തിന് തനതായ ചില ചികിത്സാസമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നു. ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് രൂപപ്പെട്ടുവന്ന അറിവിന്റെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പണ്ഡിത ശ്രേഷ്ഠന്മാർ നിരന്തരമായി പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമാക്കി ശേഖരിച്ച് വച്ച ജ്ഞാനത്തിന്റെ രൂപങ്ങളായിരുന്നു അത്തരം ചികിത്സാ സമ്പ്രദായങ്ങൾ. അവയിൽ പ്രഥമ ഗണനീയങ്ങളാണ് ആയുർവേദവും സിദ്ധവൈദ്യവും. പിന്നീട് മുഗൾ കാലഘട്ടത്തിൽ ഭാരതത്തിൽ പ്രചാരത്തിൽ വരികയും ഇന്നും വ്യാപകമായി നിലനിൽക്കുന്ന മറ്റൊരു ചികിത്സാസമ്പ്രദായമാണ് യുനാനിയെന്ന പേർഷ്യൻ ചികിത്സാ സമ്പ്രദായം. മനുഷ്യനെയും പ്രകൃതിയെയും കൂട്ടിയിണക്കിക്കൊണ്ട് പഞ്ചഭൂത - ത്രിദോഷ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ആയുസ്സിന്റെ വേദമാണ് ആയുർവേദം. സിദ്ധവൈദ്യമാകട്ടെ

രസവാദാധിഷ്ഠിതമായ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പ്രദായമാണ്. എന്നാൽ മനുഷ്യ പ്രകൃതി, ജൈവവ്യവസ്ഥ, ചിത്തവൃത്തി തുടങ്ങിയവയെ ആധാരമാക്കിയാണ് യുനാനി[8]. ഇവയ്ക്കെല്ലാം തന്നെ സൈദ്ധാന്തികമായ അടിത്തറയും ശാസ്ത്രീയമായ തനതായ ചില രീതികളുമുണ്ടായിരുന്നു. കേരളത്തിന്റെ ആരോഗ്യ പരിപാലനത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളാലും, സാഹചര്യങ്ങളാലും, പ്രകൃതിവിഭവങ്ങളുടെ ലഭ്യതയാലും ഇവിടെ രൂപപ്പെട്ടുവന്ന ചികിത്സാ പദ്ധതികളുമുണ്ട്. കളരി ചികിത്സ, വിഷ ചികിത്സ എന്നിവ അത്തരത്തിൽപ്പെടുന്ന ചികിത്സാസമ്പ്രദായങ്ങളാണ്. ഇത്തരം ചികിത്സാ പദ്ധതികൾക്ക് കേരളസമൂഹത്തിൽ വലിയതോതിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. എന്നിരുന്നാലും ശുദ്ധായുർവേദം പിന്തുടരുന്നതുപോലെയുള്ള കഠിനമായ പാഠവും പ്രയോഗമൊന്നും ഇത്തരം സമ്പ്രദായങ്ങളില്ലായിരുന്നു. സിദ്ധാന്തവല്ക്കരിച്ച ചികിത്സാ വിധിപ്രകാരമാണ് ആയുർവേദത്തിൽ രോഗനിർണ്ണയവും ചികിത്സയും നിർവ്വചിക്കപ്പെടുന്നത്. എന്നാൽ നാട്ടുചികിത്സയിൽ അത്തരത്തിലുള്ള സൈദ്ധാന്തിക അടിത്തറയ്ക്ക് പകരം അനുഭവങ്ങളെയാണ് പരമപ്രധാനമായിക്കണ്ടത്. അതുകൊണ്ട് തന്നെ ഈയൊരു അശാസ്ത്രീയത കാരണം അനുദിനം അരികുവൽക്കരിക്കപ്പെടുന്ന ഒരു രീതിയിലേക്കാണ് പാരമ്പര്യ വൈദ്യം ചെന്നെത്തിയിരിക്കുന്നത്[9].

ലോകാരോഗ്യ സംഘടനയുടെ നിർവ്വചനപ്രകാരം ആധുനിക വൈദ്യശാസ്ത്രം വ്യാപകമാകുന്നതിന് മുമ്പ് നിലനിന്നിരുന്ന പ്രാചീനവും ജനജീവിതവുമായി അഭേദ്യബന്ധമുള്ളതുമായ ചികിത്സാ സമ്പ്രദായമാണ് പാരമ്പര്യ വൈദ്യം. അതായത് ഒരു പ്രദേശത്തിന്റെ തനതായതും വംശീയബന്ധമുള്ളതും ഒപ്പം നാടൻ ശൈലിയും കൂടിച്ചേർന്നതാണ് പാരമ്പര്യവൈദ്യം. 1976-ൽ പാരമ്പര്യ ചികിത്സകരുടെ ചികിത്സാ രീതികൾ സംബന്ധിച്ച ആഫ്രിക്കൻ വിദഗ്ദ്ധ സമിതിയുടെ ഒരു നിർവ്വചനമുണ്ട്. അതനുസരിച്ച് ഒരു പാരമ്പര്യ ചികിത്സകന് അല്ലെങ്കിൽ വൈദ്യന് വലിയ സാമൂഹികാംഗീകാരമാണ് ലഭിക്കുന്നത്. ചികിത്സക്കായി പ്രകൃതിയിൽ

നിന്നോ ജന്തുക്കൾ, ധാതുലവണങ്ങൾ ഇവയിൽ നിന്നു ലഭിക്കുന്ന ചികിത്സാദ്രവ്യ ങ്ങളുപയോഗിച്ചോ ഒരു സമൂഹത്തിന് അനുയോജ്യമായ ചികിത്സാ രീതികളിലൂടെ ആ സമൂഹത്തിന് ഭൗതികമോ മാനസികമോ സാമൂഹികമോ ആയ നന്മ പ്രദാനം ചെയ്യുകയും രോഗകാരണങ്ങളും വൈകല്യങ്ങളും അകറ്റുകയും ചെയ്യുന്ന വ്യക്തി യാണ് പാരമ്പര്യ ചികിത്സകനെന്നാണ് പറഞ്ഞുവരുന്നത്. ഈയൊരു നിർവ്വചനം ലോകാരോഗ്യ സംഘടന അംഗീകരിച്ചതുമാണ്[10].

പ്രകൃതിയോട് മല്ലിട്ടുകൊണ്ടാണ് മനുഷ്യൻ ഈ ഭൂമിയിൽ ജീവിച്ചുപോന്ന ത്. അതുകൊണ്ട് തന്നെ പ്രകൃതിപ്രതിഭാസങ്ങളെ എല്ലാകാലത്തും അവന് ഭയമാ യിരുന്നു. ഇത്തരം പ്രതിഭാസങ്ങളിൽ നിന്ന് രക്ഷനേടുന്നതിനായി അവൻ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ചു. അതിൽ പ്രധാനപ്പെട്ടത് തന്റെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ്. അതിലൂടെ കുറെയൊക്കെ പ്രതിരോധം തീർക്കാൻ അവന് കഴിഞ്ഞു. എന്നാൽ അതുപോലെത്തന്നെ അവൻ ഭയത്തോട് കണ്ടിരുന്ന ഒന്നാണ് രോഗങ്ങൾ. പ്രകൃതിക്കിണങ്ങിയ ജീവിതമാണ് അവൻ നയിച്ചുപോന്നിരു ന്നെതെങ്കിലും രോഗവും അവനെ വിടാതെ പിന്തുടരുന്നുണ്ടായിരുന്നു. അങ്ങനെ പ്രകൃതി പ്രതിഭാസങ്ങളിലുള്ള അവന്റെ ഭയത്തിൽ നിന്നും രോഗഭയത്തിൽ നിന്നും ചില വിശ്വാസങ്ങൾ ഉടലെടുക്കുകയും അത് പരിഹരിക്കുന്നതിനായി ആരാധനയും മന്ത്രവാദവുമൊക്കെ ആവിർഭവിക്കുകയും ചെയ്തു. എന്നിരുന്നാലും ഇതൊന്നും ശാശ്വതമായ പരിഹാരമല്ലെന്ന് മനസ്സിലാക്കിയ അവൻ ഒറ്റയ്ക്കും കൂട്ടായും പലത രത്തിലുള്ള ചെറുത്തു നില്പുകൾ നടത്തി. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടു ത്താനുള്ള ചിന്തയിൽ മുഴുകുകയും ചെയ്തു. ഈ ചിന്തയാണ് അവനെ ഇന്നത്തെ നിലയിലേക്ക് എത്തിച്ചത്. അതുപോലെ തന്നെയാണ് രോഗങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിലും സംഭവിച്ചത്. പ്രകൃതിയിലെ സസ്യങ്ങളും മറ്റും ഉപയോഗിച്ച് സ്വയം ചികിത്സ നടത്തുകയും അതിൽ നിന്ന് പല സത്യങ്ങളും അവന് ബോധ്യപ്പെടു കയും ചെയ്തു. ആരോഗ്യപരിപാലന രംഗത്ത് വലിയ മാറ്റങ്ങളാണ് ഈ ചിന്ത യുടെ ഫലമായുണ്ടായത്. അങ്ങനെ പ്രാദേശികമായ ചില ചികിത്സാരീതികളും ഉട

ലെടുക്കുകയും ചെയ്തു. ചില രോഗങ്ങൾക്ക് തനതായ പേരും ചികിത്സാരീതികളും നിലവിൽ വന്നു[11]. വ്യത്യസ്തമായ സമൂഹത്തിൽ വ്യത്യസ്തമായ ചികിത്സാരീതി ഉടലെടുത്തതുപോലെ വ്യത്യസ്ത ജാതി - മത കൂട്ടങ്ങളിലും ചില ചികിത്സാരീതികൾ ഉടലെടുക്കുകയുണ്ടായി. ഈ രീതികൾ തമ്മിലും ഭേദങ്ങളുണ്ടായിരുന്നു.

ഇത്തരം ചികിത്സാരീതികൾ ഒരു സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുകയും വൈദ്യന്മാർക്ക് നല്ല രീതിയിലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ വിജ്ഞാനം പരമ്പരാഗതമായി കൈമാറാൻ തുടങ്ങി. വാമൊഴികളിലൂടെയും, നാടൻ പാട്ടുകളിലൂടെയും പഴഞ്ചൊല്ലുകളിലൂടെയും കഥകളിലൂടെയുമൊക്കെയായി അടുത്ത തലമുറയിലേക്ക് അറിവുകൾ കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. അതുവഴി ഒരു സമൂഹത്തിലെ സാമാന്യ ജനങ്ങൾക്ക് ഇത്തരം ചികിത്സാ രീതികളെക്കുറിച്ച് ഏകദേശം ധാരണയുണ്ടായിരുന്നു. എന്നിരുന്നാലും ചിലർ ഇത്തരം വൈദ്യ അറിവുകൾ ശേഖരിക്കുന്ന കാര്യത്തിലും പ്രയോഗിക്കുന്ന കാര്യത്തിലും നൂതന പരീക്ഷണങ്ങൾ നടത്തി ചികിത്സാരീതികൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും വലിയ ശ്രദ്ധ ചെലുത്തുകയും അതിൽ അഗ്രഗണ്യരാവുകയും ചെയ്തു[12]. ജീവിതം കൂടുതൽ സങ്കീർണ്ണമായതോടു കൂടി ഓരോരുത്തരും വ്യത്യസ്ത തൊഴിൽ മേഖലകൾ സ്വീകരിക്കുകയും വൈദ്യത്തിൽ നിപുണരായിട്ടുള്ളവർ ചികിത്സാ പ്രവൃത്തികളിലേർപ്പെടുകയും ചെയ്തു. അങ്ങനെ വൈദ്യം തൊഴിലായി സ്വീകരിച്ചവർ വൈദ്യൻമാർ എന്നറിയപ്പെടുകയും ചെയ്തു. ഈ വൈദ്യൻമാർ തങ്ങളുടെ അറിവുകൾ രഹസ്യമാക്കി വയ്ക്കുകയും തന്റെ കുടുംബത്തിലെ അടുത്ത അവകാശിക്ക് ആ അറിവുകൾ കൈമാറുകയും ചെയ്തുകൊണ്ടിരുന്നു. ഇവർ പിന്നീട് പാരമ്പര്യവൈദ്യ കുടുംബങ്ങൾ എന്നറിയപ്പെട്ടു.

പാരമ്പര്യവൈദ്യം വ്യക്തികൾക്ക് എങ്ങനെകിട്ടിയെന്ന് മനസ്സിലാക്കാൻ കഴിയുമെങ്കിലും പൂർവ്വഗാമികൾക്ക് ആ വൈദ്യപാരമ്പര്യം എങ്ങനെ ലഭിച്ചു എന്നത് കൃത്യമായി പറയാൻ ബുദ്ധിമുട്ടാണ്. അത് ചിലപ്പോൾ സ്വന്തം കുടുംബ പശ്ചാത്തലത്തിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ശ്രോതസ്സിൽ നിന്നോ ആയിരിക്കും.

ചില വ്യക്തികൾ നടത്തുന്ന പ്രത്യേക ചികിത്സകൾ (ഉദാഹരണത്തിന് മഞ്ഞപ്പിത്ത ചികിത്സ, വിഷചികിത്സ തുടങ്ങിയവ) ഏത് മുൻഗാമിയിൽ നിന്നാണ് ലഭിച്ചത് എന്ന് പറയാൻ കഴിയുമായിരിക്കും. എന്നാൽ പൂർവ്വഗാമികൾക്ക് എവിടെ നിന്ന് കിട്ടിയെന്ന് ചോദിച്ചാൽ ഉത്തരം ലഭിക്കണമെന്നില്ല. ഗൃഹവൈദ്യം, ജാതിയും വംശീയവുമായ പാരമ്പര്യമുൾക്കൊള്ളുന്ന നാട്ടുവൈദ്യം എന്നിവയാണ് പാരമ്പര്യ വൈദ്യത്തിന്റെ കൈവഴികൾ[13]. സംസ്കൃതവും സംസ്കൃതഭാഷയിൽ എഴുതപ്പെട്ട ആയുർവേദ ഗ്രന്ഥങ്ങളും കേരളത്തിൽ പ്രചരിക്കുന്നതിന് മുമ്പുതന്നെ ചികിത്സയുടേതായ ആര്യേതര പാരമ്പര്യം നിലനിന്നിരുന്നു. അതാണ് കേരളത്തിന്റെ പാരമ്പര്യ വൈദ്യത്തിന്റെ അടിസ്ഥാന ശില.

ബൗദ്ധപാരമ്പര്യം കേരളത്തിൽ ചില സമുദായങ്ങളിൽ പ്രത്യേകിച്ച് ഈഴവ/തീയ്യ സമുദായത്തിൽ വൈദ്യപാരമ്പര്യം ഉടലെടുക്കാൻ കാരണമായിട്ടുണ്ട്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയ്ക്ക് പിന്നിലെ ഔഷധ സസ്യങ്ങളുടെ ചികിത്സാ വിധികളുടെയും ജ്ഞാനശക്തിയായ ഇട്ടി അച്യുതൻ. ഈഴവ കുലത്തിൽ ജനിച്ച പാരമ്പര്യ വൈദ്യനായിരുന്നു. ആദിവാസികൾ, വേലൻ, മലയൻ, വണ്ണാൻ തുടങ്ങിയ സമുദായങ്ങളും വൈദ്യപാരമ്പര്യം നിലനിർത്തിപ്പോന്ന സമുദായങ്ങളായിരുന്നു[14].

ആദ്യകാലത്ത് നിലനിന്നിരുന്ന ഗൃഹവൈദ്യം ഒരു പാരമ്പര്യവൈദ്യ സമ്പ്രദായമായിരുന്നു. വീട്ടിലെ പ്രായമായ സ്ത്രീകൾ പ്രയോക്താക്കളായിട്ടുള്ള ഈ സമ്പ്രദായത്തെ 'അമ്മൂമ്മ വൈദ്യം' എന്നും വിളിച്ചിരുന്നു. ജനങ്ങൾ സ്വയം ചെയ്യുന്ന ചികിത്സാമുറകളാണ് ഈ ഗൃഹവൈദ്യത്തിലുള്ളത്. കുട്ടികൾക്കും അമ്മമാർക്കും ഉണ്ടാകുന്ന സാധാരണ രോഗങ്ങളും മുടികളുടെയും എല്ലുകളുടെയും പരിരക്ഷകൾ പോലുള്ള ചെറിയതരം ചികിത്സാരീതികളൊക്കെ ഈ ഗൃഹവൈദ്യത്തിൽ ഉൾപ്പെടും[15]. ഒന്നോ രണ്ടോ ഔഷധികൾ ഉപയോഗിച്ചുള്ള ഒറ്റമൂലി പ്രയോഗങ്ങളാണ് ഇതിൽ പൊതുവെ അനുവർത്തിച്ചുപോരുന്നത്. ചുമ, ജലദോഷം, തൊണ്ടവേദന, തലവേദന, പനി, കണ്ണുരോഗങ്ങൾ, കുട്ടികൾക്കുണ്ടാകുന്ന രോഗ

ങ്ങൾ എന്നീ രോഗങ്ങൾക്കാണ് ഗൃഹചികിത്സാപ്രയോഗങ്ങൾ പൊതുവെ കണ്ടുവരുന്നത്. പരമ്പരാഗതമായി കൈമാറി വരുന്ന ഔഷധജ്ഞാനമാണിവിടെയും പ്രയോഗിക്കപ്പെടുന്നത്. സഹസ്രയോഗം പോലെയുള്ള ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള എളുപ്പം രോഗശമനം വരുത്താനുള്ള ചികിത്സാവിധികൾ വൈദ്യൻമാർ കേരളത്തിൽ ഉപയോഗിച്ചിട്ടുണ്ടാവാം. ഔഷധങ്ങൾ ഉപയോഗിച്ച് ഒരിക്കൽ ഒരു രോഗം മാറുമെന്ന് കണ്ടാൽ പിന്നീട് ഗ്രന്ഥം വഴിമാറുകയും അനുഭവങ്ങൾ അറിവായി മാറുകയുമാണ് ചെയ്യാറ്. അങ്ങനെ പല രോഗികളിലും പരീക്ഷിച്ച് വിജയിക്കുന്ന ഔഷധങ്ങൾ വൈദ്യനും രോഗിയും ഒരേപോലെ മനസ്സിലാക്കുന്നതോടെ അത്തരം ഒറ്റമൂലികൾ ഉപയോഗിച്ചുള്ള ചികിത്സ സാർവ്വത്രികമാകുകയും ചെയ്യുന്നു[16]. മരുന്നു കഞ്ഞി, ഉലുവാകഞ്ഞി, ഉഴുന്നുകഞ്ഞി, നവരക്കഞ്ഞി തുടങ്ങിയവയൊക്കെ ഗൃഹവൈദ്യത്തിലൂടെ പാരമ്പര്യമായി കൈമാറിവരുന്ന വിജ്ഞാനമാണ്. അത് കേരളീയരുടെ ആരോഗ്യ സംരക്ഷണ സംസ്കാരത്തിന്റെ ഭാഗവുമാണ്.

കേരളത്തിൽ വൈദ്യപാരമ്പര്യം രണ്ടുമൂന്ന് തലത്തിലൂടെയാണ് കടന്നുപോകുന്നത്. അതിലൊന്ന് ഗോത്രസംസ്കൃതിയുടെ ഭാഗമായിട്ടുള്ള ജ്ഞാനമേഖലയാണ്. പ്രാചീനകാലത്ത് ആദിവാസികൾ തങ്ങളുടെ കാട്ടറിവുകൾ ഉപയോഗിച്ച് പാരമ്പര്യമായി പല ചികിത്സാമുറകളും ചെയ്തു പോന്നിരുന്നു. അത്തരം ഗോത്രസമൂഹങ്ങളായ വണ്ണാൻ, മലയർ, പാണർ, പുള്ളുവർ, വേട്ടുവർ എന്നിവരും ഗോത്രപേരുകളുള്ള പാരമ്പര്യ വൈദ്യത്തിലെ വംശീയ പാരമ്പര്യക്കാരായി കരുതാവുന്നതാണ്. ഗോത്രവർഗ്ഗക്കാരല്ലാത്ത ഗ്രാമീണ ജനതയുടെ തനതായ പാരമ്പര്യ ചികിത്സാപദ്ധതികളും നിലവിലുണ്ടായിരുന്നു. തീയ്യർ അഥവാ ഈഴവർ, മണിയാണി തുടങ്ങിയ പിന്നോക്ക സമുദായത്തിൽപ്പെട്ട വൈദ്യൻമാരിലും, നായർ, പൊതുവാൾ, നമ്പൂതിരി, മൂസതുമാർ, അമ്പലവാസികൾ തുടങ്ങിയവരിലെ വൈദ്യൻമാരിലും ആയുർവേദമല്ലാതെ പാരമ്പര്യമായി ലഭിച്ച വൈദ്യവിജ്ഞാനമുപയോഗിച്ച് ചികിത്സ നടത്തുന്നവരുണ്ടിവിടെ. കേരളത്തിൽ ഇത്തരം പാരമ്പര്യമുള്ള നാട്ടുവൈദ്യന്മാർ നിരവധിയുണ്ടായിരുന്നു. പിന്നീട് ഇത്തരത്തിലുള്ളവരിൽ പലരും

ആയുർവേദപരിജ്ഞാനം നേടി ആയുർവേദത്തിന്റെ കേരളീയ പദ്ധതിയുടെ പ്രയോക്താക്കളായി മാറിയവരുമുണ്ട്. തിരുവനന്തപുരം കന്യാകുമാരി ജില്ലകളിലെ നാടാർ സമുദായത്തിൽപ്പെടുന്ന വൈദ്യൻമാരിൽ പാരമ്പര്യതനിമ ചോരാതെ ഇപ്പോഴും വൈദ്യചികിത്സ നടത്തിക്കൊണ്ടിരിക്കുന്നവരുണ്ട്. ഇവരിൽ മിക്കവരും സിദ്ധവൈദ്യൻമാർ എന്നാണറിയപ്പെടുന്നത്[17].

പ്രകൃതിയുമായി ഏറ്റവും അടുത്തിടപഴകുന്ന ആദിവാസികളുടെ ഗോത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള വംശീയവൈദ്യമാണ് പാരമ്പര്യ വൈദ്യത്തിൽ മുഖ്യമായത്. കുടുംബപാരമ്പര്യം വഴിയാണ് ഗോത്രചികിത്സകന് ഔഷധജ്ഞാനം ലഭിക്കുന്നത്. ഇതിനു പുറമെ ഗോത്രവൈദ്യന്റെ സഹായിയായികൂടി വൈദ്യം പഠിക്കുന്നവരുമുണ്ട്. എന്നാൽ ഇതിലെ പല ചികിത്സാ പദ്ധതികളും നിഗൂഢമായി കാത്തുസൂക്ഷിക്കുന്ന രീതി ഇത്തരം വൈദ്യന്മാർക്കുണ്ട്. അത്തരം ചികിത്സാപ്രയോഗങ്ങൾ വിശ്വസ്തർക്ക് മാത്രം പകർന്നുകൊടുക്കുന്ന സമ്പ്രദായവും ഉണ്ട്. ഇത്തരം ഗോത്രവൈദ്യത്തിൽ ഉപയോഗിക്കുന്ന ഒട്ടുമിക്ക ഔഷധദ്രവ്യങ്ങളും ആയുർവേദത്തിലും ഗ്രാമീണ വൈദ്യത്തിലും ഉപയോഗിച്ച് വരുന്നുണ്ടെങ്കിലും തികച്ചും വ്യത്യസ്തമായ ആവശ്യങ്ങൾക്കായിരിക്കും അവ പ്രയോജനപ്പെടുത്തുകയെന്നതാണ് വാസ്തവം. ദ്രവ്യ വിജ്ഞാനത്തിന്റെ കാര്യത്തിൽ ആദിവാസികൾക്ക് വലിയ പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ട്[18]. അട്ടപ്പാടിയിലെ ബൊമ്മിയാംപടിയിലും പരിസരപ്രദേശത്തുമായി നിവസിക്കുന്ന ആദിവാസികൾക്ക് അഞ്ഞൂറോളം ഔഷധ സസ്യങ്ങളുപയോഗിച്ച് രോഗങ്ങളെ ചികിത്സിപ്പിക്കാനറിയാം[19]. അതേസമയം ഏറ്റവും കൂടുതൽ ഔഷധപ്രയോഗം രേഖപ്പെടുത്തിയിട്ടുള്ള ആയുർവേദത്തിലാകട്ടെ അറുനൂറോളം ചെടികളെയാണ് പരാമർശിക്കുന്നത്. ഈ രീതിയിൽ കേരളത്തിലെ പാരമ്പര്യ വൈദ്യം വൈവിധ്യപൂർണ്ണമാണ്. ആദിവാസികളുടെയും ഗ്രാമീണരുടെയും ഇടയിലുള്ള വംശീയ ചികിത്സ, ഗോത്രവർഗ്ഗത്തിൽപ്പെടാത്ത ഗ്രാമീണരുടെ തനിമയാർന്ന ചികിത്സാ സമ്പ്രദായങ്ങൾ എന്നിവയുടെയെല്ലാം അടിസ്ഥാനം പാരമ്പര്യവൈദ്യമാണ്.

### 4.4. പാരമ്പര്യവൈദ്യം ഹോർത്തൂസ് മലബാറിക്കസ്സിൽ

ചരിത്രാതീത കാലം മുതൽ മനുഷ്യന് ഔഷധസസ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. പരമ്പരാഗതമായ രീതിയിൽ നിരവധിചികിത്സാരീതികൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിന്നിരുന്നു. പരിസരത്ത് നിന്നും ലഭിക്കുന്ന ഔഷധമൂല്യങ്ങളുള്ള ചെടികൾ ഉപയോഗിച്ച് ചിലവ് കുറഞ്ഞ രീതിയിൽ പല രോഗങ്ങളും ചികിത്സിച്ച് ഭേദമാക്കാൻ കഴിഞ്ഞിരുന്നു. ഭൂമിശാസ്ത്രപരമായതും പാരിസ്ഥിതികമായതുമായ പ്രത്യേകതകളാൽ വൈവിധ്യമാർന്ന സസ്യങ്ങൾ വളരുന്ന കാര്യത്തിൽ സമ്പന്നമായിരുന്നു ഇന്ത്യൻ സാഹചര്യം. ഓരോ പ്രദേശത്തിനും സമൂഹത്തിനും അവരുടേതായ ആരോഗ്യ സംരക്ഷണമാർഗ്ഗങ്ങളും ചകിത്സാപദ്ധതികളും ഉണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്യൻമാർ ഇന്ത്യയിൽ വന്നതോടുകൂടിയാണ് ഇന്ത്യയിലെ സസ്യത്തിന്റെ പ്രാധ്യാന്യത്തെക്കുറിച്ചും ഔഷധസസ്യങ്ങളെക്കുറിച്ചും വൈദ്യപാരമ്പര്യത്തെക്കുറിച്ചും ലോകം അറിയാൻ തുടങ്ങിയത്. പാരമ്പര്യവൈദ്യത്തിലധിഷ്ഠിതമായ ചികിത്സാ പദ്ധതികളെക്കുറിച്ചും ഔഷധസസ്യങ്ങളെക്കുറിച്ചും ആധികാരികമായി പ്രതിപാദിക്കുന്ന പന്ത്രണ്ട് വാല്യങ്ങളുള്ള ഹോർത്തൂസ് മലബാറിക്കസ്സ് ആണ് ഏഷ്യയിൽ നിന്നും നാട്ടുവൈദ്യവിജ്ഞാനീയത്തിൽ ലഭ്യമായിട്ടുള്ള ആദ്യത്തെ ഗ്രന്ഥം[20]. ഇതിലെ സസ്യങ്ങളുടെയും രോഗങ്ങളുടെയും മിക്ക പേരുകളും പ്രാദേശികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നവായിരുന്നു. പാരമ്പര്യവൈദ്യ വിജ്ഞാനത്തിലധിഷ്ഠിതമായ ഈ ഗ്രന്ഥത്തിന്റെ രചനയിൽ പാരമ്പര്യ വൈദ്യകുടുംബത്തിൽ പിറന്ന ഇട്ടി അച്ചുതൻ, രംഗഭട്ട്, അപ്പുഭട്ട്, വിനായക പണ്ഡിറ്റ് എന്നിവരുടെ സംഭാവനകൾ കൊണ്ടു മാത്രമാണ് ഈ ഗ്രന്ഥരചന സഫലമായത്. ആയുർവേദം, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സപദ്ധതികളുമായോ അവയിൽ രോഗശമനത്തിനായി ഉപയോഗിക്കുന്ന ഔഷധസസ്യങ്ങളുടെ കൂട്ടുകൾ ഉപയോഗിച്ചുള്ള ഔഷധ നിർമ്മാണ രീതികളുമായോ ഈ ഗ്രന്ഥത്തിന് യാതൊരു ബന്ധവുമില്ലായിരുന്നു. ഈ കാരണങ്ങളെല്ലാം

കൊണ്ടാണ് കേരളത്തിലെ പാരമ്പര്യവൈദ്യത്തിന്റെ ചരിത്ര രേഖയാണ് ഹോർത്തൂസ് മലബാറിക്കസ്സ് എന്നു കരുതപ്പെടുന്നത്.

**4.4.1 സാക്ഷ്യപത്രങ്ങൾ**

ലാറ്റിൻ ഭാഷയിൽ രചിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കസ്സിൽ വൈദ്യപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ രചിക്കപ്പെട്ടത് എന്ന് മനസ്സിലാകുമെങ്കിലും ഒന്നാം വാല്യത്തിൽ കൊടുത്തിട്ടുള്ള സാക്ഷ്യപത്രങ്ങളാണ് യഥാർത്ഥത്തിൽ ഈ സത്യം ആധികാരമായി അടിവരയിട്ട് രേഖപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ സാക്ഷ്യപത്രങ്ങൾക്ക്, ഇതിന്റെ രചനാപശ്ചാത്തലം മനസ്സിലാക്കുന്ന കാര്യത്തിൽ വലിയ പങ്കാണുള്ളത്. ഈ ഗ്രന്ഥത്തിന്റെ ആധികാരികത യൂറോപ്യൻമാരെ ബോധ്യപ്പെടുത്തുന്നതിനായാണ് സാക്ഷ്യപത്രങ്ങൾ തയ്യാറാക്കിയതെങ്കിൽപോലും കേരളത്തിന്റെ തനതായ വൈദ്യപാരമ്പര്യവും, അത്തരം വിജ്ഞാനം പകർന്നു നല്കിയവരെക്കുറിച്ചും വിവരം ലഭിക്കാനുള്ള ഒരേയൊരു മാർഗ്ഗവും ഇത് തന്നെയായിരുന്നു. പാരമ്പര്യ വൈദ്യനായിട്ടുള്ള ഇട്ടി അച്യുതൻ ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള ഔഷധസസ്യസംബന്ധമായ സർവ്വവിവരങ്ങളുടെയും ശ്രോതസ്സ്. അദ്ദേഹത്തിന് പാരമ്പര്യമായി കൈമാറി ലഭിച്ച അവരുടെ അമൂല്യമായ താളിയോലകളിൽ നിന്നുള്ള വിവരങ്ങളാണ് ഹോർത്തൂസിന്റെ രചനയ്ക്ക് സഹായിച്ച മൂലപാഠം. അതുപോലെ പാരമ്പര്യ വൈദ്യനെന്ന നിലയിൽ അദ്ദേഹത്തിന്റെ അറിവും അനുഭവജ്ഞാനവും ഇതിന്റെ രചനയ്ക്കായി ഉപയോഗപ്പെടുത്തിയിരുന്നു. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ലാറ്റിൻ പതിപ്പിൽ ആറ് സാക്ഷ്യപത്രങ്ങളാണ് കൊടുത്തിട്ടുള്ളത്.

ഔദ്യോഗിക ദ്വിഭാഷിയായ ഇമ്മാനുവൽ കർണിറോ പോർച്ചുഗീസ് ഭാഷയിൽ തയ്യാറാക്കിയിട്ടുള്ള സാക്ഷ്യപത്രമാണ് ആദ്യം നൽകിയിരിക്കുന്നത്. മൂന്നാമതായിട്ടാണ് ഇട്ടി അച്യുതന്റെ കോലെഴുത്ത് ലിപിയിലുള്ള സാക്ഷ്യപത്രവും അഞ്ചാമതായി രംഗഭട്ട്, വിനായക പണ്ഡിറ്റ് എന്നിവർ ചേർന്ന് തയ്യാറാക്കിയിട്ടുള്ള നാഗരി ലിപിയിലുള്ള പത്രവും നൽകിയിട്ടുണ്ട്[21]. 1, 3, 5 സാക്ഷ്യപത്രങ്ങളെ

കൊച്ചിയിലെ സിവിൽ സെക്രട്ടറിയായിരുന്ന ക്രിസ്ത്യൻ ഡി ഡോണപ്പ് ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തതാണ്. ആയതിനാൽ ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഇംഗ്ലീഷ് മലയാളം പതിപ്പുകളിൽ ലാറ്റിനിലുള്ള മൂന്ന് സാക്ഷ്യപത്രങ്ങൾ ചേർത്തിട്ടില്ല[22].

#### 4.4.1.1 ഇമ്മാനുവൽ കർണിറോവിന്റെ സാക്ഷ്യപത്രം

ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയ്ക്ക് വിലപ്പെട്ട സംഭാവന നൽകിയ പാരമ്പര്യ വൈദ്യനായിട്ടുള്ള ഇട്ടി അച്യതനെക്കുറിച്ചാണ് ഒന്നാമത്തെ സാക്ഷ്യപത്രത്തിൽ ഇത് വിവർത്തനം ചെയ്ത ദ്വിഭാഷി ഇമ്മാനുവൽ കർണിറോ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അമൂല്യഗ്രന്ഥത്തിന്റെ ശ്രോതസ്സ് കേരളത്തിൽ ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന ഔഷധ സസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വൈദ്യപാരമ്പര്യം തന്നെയാണെന്ന് ഔദ്യോഗികമായി രേഖപ്പെടുത്തുകയാണിവിടെ. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥം പ്രധാനം ചെയ്യുന്ന അറിവ് കേവലം സസ്യങ്ങളുടെ വിവരങ്ങൾ മാത്രമല്ല ഒരു പ്രദേശത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യം കൂടിയാണെന്ന് ഹോർത്തൂസ് മലബാറിക്കസ്സ് അടയാളപ്പെടുത്തുന്നു[23].

#### 4.4.1.2 ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം

പാരമ്പര്യ വൈദ്യനായിട്ടുള്ള ഇട്ടി അച്യുതന്റെ സാക്ഷ്യപത്രത്തിന്റെ പ്രധാന ഉദ്ദേശ്യം ഈ ഗ്രന്ഥത്തിന്റെ ആധികാരികത ഉറപ്പാക്കുക എന്നതാണ്. യൂറോപ്യൻമാർക്ക് പരിചിതമല്ലാത്ത സസ്യങ്ങളെയും അവയുടെ ഔഷധ മൂല്യങ്ങളെയും വിവരിക്കുന്ന ഗ്രന്ഥമെന്ന നിലയിൽ ഇതിന് വായനക്കാരിൽ വിശ്വാസ്യതയും അംഗീകാരവും ലഭിക്കണമെങ്കിൽ ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആധികാരികമായിരിക്കണം. വാൻറീഡിന് ഈ വിഷയത്തിലുള്ള അറിവ് പരിമിതമായിരുന്നു എന്നു മാത്രമല്ല ഡച്ച് ഗവർണ്ണറായ അദ്ദേഹത്തിന് ഇത്തരം ചികിത്സാപദ്ധതികളെക്കുറിച്ച് അറിയാനുള്ള സാധ്യതയും ചോദ്യം ചെയ്യപ്പെടുമെന്നുള്ളത് ഉറപ്പാണ്. അങ്ങനെ വന്നാൽ ഈ ഗ്രന്ഥത്തിന് വേണ്ടി നടത്തിയിട്ടുള്ള അശ്രാന്ത

പരിശ്രമങ്ങൾ വിഫലമാകും. അതുകൊണ്ടാണ് വാൻറീഡ് ഇങ്ങനെയൊരു സാക്ഷ്യപത്രം എഴുതിപ്പിച്ചതും അത് ഒന്നാം വാല്യത്തിൽ അച്ചടിച്ച് ചേർത്തിട്ടു ള്ളതും. വാൻ റീഡിന്റെ കൽപ്പനപ്രകാരമാണ് കരപ്പുറം എന്ന സ്ഥലത്തെ കൊട കരപള്ളി ദേശത്ത് പാരമ്പര്യമായി വൈദ്യൻമാരായിട്ടുള്ള കൊല്ലാട്ടുതറവാട്ടിൽ പിറന്ന ഇട്ടി അച്യുതൻ ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള വൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, വള്ളിചെടികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളും ഔഷധ ശക്തികളും, ഗുണങ്ങളും ദ്വിഭാഷിയായിട്ടുള്ള ഇമ്മാനുവൽ കർണിറോവിനോട് പറ ഞ്ഞുകൊടുക്കുകയും ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിന് സഹായിക്കുകയും ചെയ്തതെന്നാണ് ഇട്ടി അച്യുതൻ സാക്ഷ്യപ്പെടുത്തുന്നത്. ഈ ഗ്രന്ഥത്തിന്റെ വിശ്വാസ്യത മലയാളികൾപോലും ചോദ്യംചെയ്യാതിരിക്കാൻ സ്വന്തം കൈപ്പടയി ലാണ് ഇതു തയ്യാറാക്കിയതെന്നും അദ്ദേഹം സാക്ഷ്യപത്രത്തിൽ വിവരിക്കുന്നു.

ഈ സാക്ഷ്യപത്രവും അടയാളപ്പെടുത്തുന്നത് മലബാർപ്രദേശത്തെ വൈദ്യ പാരമ്പര്യത്തെയാണ്. ആ കാലഘട്ടത്തിൽ പാരമ്പര്യമായി കൈമാറി വരുന്ന താളിയോലയിലും മറ്റും രേഖപ്പെടുത്തിയതും വാമൊഴിയായി ചികിൽസാ നുഭവത്തിന്റെ വെളിച്ചത്തിൽ ലഭിച്ചിട്ടുള്ളതുമായ അറിവുകളാണ് ഹോർത്തൂസ് മല ബാറിക്കസ്സിലുള്ളത്[24].

**4.4.1.3. രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവരുടെ സാക്ഷ്യപത്രം**

രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ ചേർന്ന് കൊങ്കണി ഭാഷ യിൽ തയ്യാറാക്കിയ സാക്ഷ്യപത്രം നാഗരി ലിപിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. 17-ാം നൂറ്റാണ്ടിൽ കൊങ്കണി ഭാഷ ലിങ്ങ്വാ ബ്രാഹ്മണിക (ബ്രാഹ്മണഭാഷ) എന്നാണ് അറിയപ്പെട്ടിരുന്നത്. കൊങ്കണിഭാഷയ്ക്ക് സ്വന്തമായ ലിപി വ്യവസ്ഥയി ല്ല. മറാഠിയുടെയും, ഹിന്ദിയുടെയും പോലെ തോന്നിക്കാവുന്ന ദേവനാഗരി ലിപി യാണതിനുള്ളത്. ബ്രാഹ്മണ ഭാഷയിൽ നിന്ന് ഈ സാക്ഷ്യപത്രം പോർച്ചുഗീസി ലേക്ക് പരിഭാഷപ്പെടുത്തിയത് വിനായക പണ്ഡിറ്റാണ്. പോർച്ചുഗീസ് ഭാഷ

യിൽനിന്ന് ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തിയത് ക്രിസ്ത്യൻ ഹെർമൻ ഡി ഡോണപ്പാണ്. ഈ സാക്ഷ്യപത്രത്തിൽ കൊങ്കണി ബ്രാഹ്മണർ തങ്ങളുടെ ഗ്രന്ഥ മായ 'മൻഹനിൻഗട്ട്നം' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ചെടികളുടെ പേരു കളും അവയുടെ ഔഷധ ഗുണങ്ങളെയും ഉപയോഗത്തെയും കുറിച്ചുള്ള വിവരണ ങ്ങളും പുറമെ അവരുടെ ദീർഘനാളത്തെ പഠനത്തിന്റെയും പരിചയത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി ലഭിച്ച അറിവുകളും ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇവി ടെയും പാരമ്പര്യവൈദ്യം തന്നെയാണ് ഈ ഗ്രന്ഥത്തിന്റെ അടിസ്ഥാനമെന്ന് പറഞ്ഞു വയ്ക്കുകയാണ്. സംസ്കൃതഭാഷയെയോ ആയുർവേദത്തെപ്പറ്റിയോ ഒരു സൂചനയും അവർ നൽകുന്നില്ല. ഈഴവരെപ്പോലെ ബ്രാഹ്മണർക്കും തന തായ വൈദ്യ ചികിത്സ പാരമ്പര്യമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖ കൂടി യാണിത്. ഇതും കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലേക്കാണ് ചെന്നെ ത്തിക്കുന്നത്. അതുകൊണ്ട് ആ കാലഘട്ടത്തിൽ കേരളത്തിൽ വൈദ്യപാരമ്പര്യം അതിശക്തമായിരുന്നുവെന്ന് നിസ്സംശയം പറയാൻ കഴിയും. മാത്രമല്ല മറ്റ് യായൊ രുവിധ വൈദ്യ സമ്പ്രദായങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ ഒരിടത്തും പരാമർശ മില്ല എന്നുള്ളതാണ് ശ്രദ്ധേയം. അതുകൊണ്ട് ഈ ഗ്രന്ഥം ആ കാലഘട്ടത്തിലെ കേരളത്തിന്റെ സംസ്ക്കാരത്തിലേക്കാണ് വെളിച്ചം വീശുന്നത്.

ഈ സാക്ഷ്യപത്രങ്ങൾ പാരമ്പര്യവൈദ്യനായ ഇട്ടി അച്യുതന് ഈ ഗ്രന്ഥ ത്തിന്റെ നിർമ്മിതിയിലുള്ള നിർണ്ണായകമായ പങ്ക് വെളിവാക്കുന്നതാണ്. കൊച്ചി യിലെ ദ്വിഭാഷിയായ ഇമ്മാനുവൽ കർണീറോ എഴുതിയ സാക്ഷ്യപത്രം ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ് എന്നിവർ ചേർന്നെഴുതിയ സാക്ഷ്യപത്രം ഇവ ലാറ്റിൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത് കൊച്ചിയിലെ സിവിൽ സെക്രട്ടറിയായിരുന്ന ക്രിസ്ത്യൻ ഹെർമൻ ഡി ഡോണപ്പായിരുന്നു. അച്ഛനും മുത്തച്ഛനും മുതുമുത്തച്ഛൻമാരും വൈദ്യൻമാരായി രുന്നെന്ന് ഇട്ടിഅച്യുതൻ തന്റെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതു

കൊണ്ട് ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള വിവരണങ്ങളിൽ മലയാളി വൈദ്യൻമാർക്ക്പോലും ഒരു സംശയവും ഉണ്ടാവാൻ പാടില്ലെന്നും ആ കാലഘട്ട ത്തിൽ പാരമ്പര്യവൈദ്യം അതിശക്തമായി നിലനിന്നിരുന്നുവെന്നും സാക്ഷ്യപ്പെടു ത്തുന്നു.[25]

#### 4.4.2 മുഖവുരകൾ

സാക്ഷ്യപത്രങ്ങൾപോലെത്തന്നെ വളരെയേറെ പ്രാധാന്യമർഹിക്കുന്ന താണ് ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ ജോൺ കസേറിയസ് (കൊച്ചിയിലെ പുരോഹിതൻ) തയ്യാറാക്കിയ മുഖവുരയും മൂന്നാം വാല്യത്തിൽ ഹെൻറിക് വാൻറീഡ് നൽകിയ ആമുഖവും. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാപശ്ചാത്തലവും കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക സാമ്പത്തിക-സാം സ്കാരിക പശ്ചാത്തലവും മനസ്സിലാക്കാൻ ഇവ ഉപയോഗപ്പെടും.

##### 4.4.2.1 ജോൺ കസേറിയസ് തയ്യാറാക്കിയ മുഖവുര

ഒന്നാം വാല്യത്തിൽ കൊടുത്തിട്ടുള്ള കസേറിയസ്സിന്റെ മുഖവുരയുടെ ആദ്യഭാഗത്ത് കൊച്ചിയിലെ ഈസ്റ്റിന്ത്യ കമ്പനി ഗവർണറായിട്ടുള്ള വാൻറീഡിന്റെ മലബാറിലെ സസ്യജാലങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള അടങ്ങാത്ത ആഗ്രഹം സഫലമായിതുടങ്ങുന്നതിന്റെ വിവരണമാണ് കൊടുത്തിട്ടുള്ളത്. സസ്യങ്ങളെക്കു റിച്ചും അവയുടെ ഔഷധമൂല്യങ്ങളെക്കുറിച്ചും അവ ഉപയോഗിച്ച് രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുന്നതിനെക്കുറിച്ചും നല്ല ജ്ഞാനമുള്ള ഒരാളെ അന്വേഷിച്ചു കൊണ്ടിരുന്ന വാൻറീഡിന് ഇത്തരം അറിവുകൾ കൈമുതലായിട്ടുള്ള കാർമൽ ക്രിസ്തീയ സഭയിലെ പുരോഹിതനായിട്ടുള്ള ഫാദർ മാത്യുവിനെ കണ്ടെത്താൻ കഴിഞ്ഞുവെന്നും സൂചനയുണ്ട്. വളരെ ഭംഗിയായി ചിത്രം വരക്കുമായിരുന്ന അദ്ദേഹം ചിത്രങ്ങൾ സഹിതമുള്ള സസ്യങ്ങളുടെ വിവരങ്ങൾ അടങ്ങിയ പുസ്തകം തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിജ്ഞാനം വാൻറീഡ് പ്രതീക്ഷിക്കുന്ന തലത്തിലായിരുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം

സസ്യവിജ്ഞാനം ആധികാരികമായി പറയാൻ കഴിയുന്ന നാട്ടുവൈദ്യൻമാരുടെ സേവനം ലഭിക്കുകയാണെങ്കിൽ വാൻറീഡിന്റെ ഉദ്യമത്തിന് കൂടുതൽ കാര്യക്ഷമത യുണ്ടാകുമെന്ന് അദ്ദേഹം കരുതുകയും അങ്ങനെയുള്ള ഒരാളെ അന്വേഷിക്കാനാ രംഭിക്കുകയും അവസാനം സസ്യങ്ങളെക്കുറിച്ചും അതിന്റെ ഓരോ ഭാഗത്തെക്കു റിച്ചും അവ ഉപയോഗിച്ച് ഔഷധങ്ങൾ നിർമ്മിക്കാനുള്ള അറിവ് നേടിയവരുമായി ട്ടുള്ള പാരമ്പര്യവൈദ്യൻമാരായ അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ്, ഇട്ടി അച്യുതൻ എന്നിവരെ കണ്ടെത്തിയതായും ഈ ഗ്രന്ഥം സഫലമായതായും കസേ റിയസ് തയ്യാറാക്കിയ മുഖവുരയിൽ രേഖപ്പെടുത്തിയിട്ടുണ്ട്[26].

### 4.4.2.2. ഹെൻറിക് ആഡ്രിയൻ വാൻറീഡ് ടോട് ഡ്രാക്കന്സ്റ്റൽ തയ്യാറാക്കിയ ആമുഖം

മൂന്നാം വാല്യത്തിലെ ഈ ആമുഖത്തിൽ വാൻറീഡ് ഹോർത്തൂസ് മലബാ റിക്കസ്സിന്റെ രചനയിലേക്ക് നയിച്ച കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. തന്റെ നിരന്തരമായ യാത്രകളിൽ നിന്നും അദ്ദേഹത്തിന് ലോകത്തിലെ തന്നെ ഏറ്റവും ഫലഭൂയിഷ്ഠമായ സ്ഥലമാണ് ഇന്ത്യയിലെ മലബാർ പ്രദേശമെന്ന് മനസ്സി ലായി. വൈവിധ്യമാർന്ന സസ്യജാലങ്ങളാൽ മനോഹരമായിരുന്നു ഈ പ്രദേശം എന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. ഇവിടെയുള്ള സസ്യങ്ങളെപ്പറ്റിയും അവയുടെ ഓരോ ഭാഗത്തെപ്പറ്റിയും വിശദമായി പഠിക്കാൻ അദ്ദേഹത്തിന് ആഗ്രഹം തോന്നു കയും ചെയ്തു. അദ്ദേഹത്തെ അനുഗമിച്ചിരുന്ന തദ്ദേശീയരായവർക്ക് ഇവിടുത്തെ ഓരോ ചെടിയുടെ പേരും അവ ഓരോന്നിന്റെയും ഔഷധഗുണവും ഉപയോഗവും നന്നായി അറിയാമായിരുന്നുവെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്ത്യ യിലെ മറ്റു പ്രദേശങ്ങളിലെ സാമാന്യ ജനങ്ങൾക്ക് ഇത്തരത്തിലുള്ള ഔഷധ വിജ്ഞാനമോ സസ്യശാസ്ത്രവിജ്ഞാനമോ സ്വായത്തമായിരുന്നില്ലയെന്നും അദ്ദേഹം ഇതിൽ പറഞ്ഞു വയ്ക്കുന്നുണ്ട്. ഗോവ മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഈ മലബാർ പ്രദേശത്തെ ജനങ്ങൾക്ക് പൊതുവെ

ആയുർദൈർഘ്യം കൂടുതലാണെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഇതിന് കാരണം ഇവിടുത്തെ തദ്ദേശീയരായ വൈദ്യൻമാർ ആരോഗ്യ സംരക്ഷണത്തിനായി തദ്ദേശീയമായി ലഭിക്കുന്ന ഔഷധങ്ങളുപയോഗിച്ച് നിർമ്മിക്കുന്ന ഔഷധക്കൂട്ടുകളെ അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതി പിന്തുടർന്നുവരുന്നു എന്നുള്ളതാണ്. ഈയൊരു രീതി ഡച്ച് ഈസ്റ്റിന്ത്യ കമ്പനിക്കാർക്കും ഉപയോഗപ്പെടുത്താമെന്നും അദ്ദേഹം ആഗ്രഹിച്ചു. അതിനായി ഇവിടെയുള്ള ചെടികളെക്കുറിച്ചും അവയുടെ ഔഷധഗുണങ്ങളെക്കുറിച്ചും, ഉപയോഗരീതികളെക്കുറിച്ചും ഉള്ള ചിത്രങ്ങളും, വിവരണങ്ങളും ശേഖരിക്കാൻ കഴിവുള്ള ഒരാളെകണ്ടെത്താനുള്ള ശ്രമം അദ്ദേഹം ആരംഭിച്ചു. ഇത് യൂറോപ്പിലെ സസ്യശാസ്ത്ര വിദ്യാർത്ഥികൾക്കും ഡച്ച് ഈസ്റ്റിന്ത്യാകമ്പനികൾക്കും ഗുണം ചെയ്യുമെന്ന് അദ്ദേഹം കരുതി. അങ്ങനെയാണ് മലബാറിലെ ചെടികളെക്കുറിച്ച് പരിജ്ഞാനമുള്ള കർമ്മലീത്ത സഭയിലെ പുരോഹിതനായിരുന്ന മലബാറിലെ സെന്റ് തോമസ്, ക്രിസ്ത്യാനികളുടെ ആർച്ച് ബിഷപ്പിന്റെ സഹായിയായിരുന്ന ഫാദർ മാത്യുവിനെ കണ്ടെത്തുന്നതും ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാപ്രവർത്തനങ്ങൾ ആരംഭിക്കുന്നതും. എന്നാൽ ലെയ്ഡർ സർവ്വകലാശാലയിലെ സസ്യശാസ്ത്ര പ്രൊഫസറായിരുന്ന ഡോക്ടർ പോൾ ഹെർമൻ സിലോണിൽ നിന്നും മലബാർ സന്ദർശിച്ച സമയത്ത് ഹോർത്തൂസ് മലബാറിക്കസ്സിന്റെ പകർപ്പ് കാണാനിടയായി. അദ്ദേഹം വികലവും അവ്യക്തവുമായ വിവരങ്ങൾ നിറഞ്ഞ ഈ പുസ്തകം ശാസ്ത്രലോകത്ത് യാതൊരു പ്രാധാന്യവുമുണ്ടാകില്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി. അതിനുശേഷം ഈ കാര്യങ്ങളിൽ കൂടുതൽ വ്യക്തതയുള്ള ആളുകളെ കണ്ടെത്താനുള്ള ശ്രമങ്ങൾ വാൻറീഡ് തുടർന്നു.

പിന്നീട് വിവിധ തലത്തിലുള്ള പ്രഗൽഭരെ ഒരുമിച്ച് ചേർത്തുകൊണ്ട് ഹോർത്തൂസിന്റെ രചന ചിട്ടയോടും ശാസ്ത്രീയമായും നിർവ്വഹിക്കാൻ തീരുമാനിച്ചു. ഇതിൽ ബ്രാഹ്മണരും അല്ലാത്ത വിഭാഗക്കാരുമായ വൈദ്യൻമാരുമുണ്ടായിരു

ന്നു, വിദഗ്ധരുടെ ഒരു സമിതി ഉണ്ടായിരുന്നു, ചിത്രകാരൻമാരുണ്ടായിരുന്നു, മലബാറിലെ രാജാക്കൻമാരുടെ സേവനമുണ്ടായിരുന്നു.

പണ്ഡിതൻമാർ തങ്ങളുടെ പൂർവികൻമാരിൽ നിന്നും പൗരാണിക ഗ്രന്ഥങ്ങളിൽ നിന്നും ശേഖരിച്ച അറിവുകളും നിയമങ്ങളും പൊതുവേദിയിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കും തർക്കങ്ങൾക്കും ശേഷം അഭിപ്രായ സമന്വയം നടത്തുകയും ചെയ്തതിന് ശേഷമാണ് ഗ്രന്ഥരചന മുന്നോട്ടുപോയ്കൊണ്ടിരുന്നത്. പൗരാണികഗ്രന്ഥങ്ങളിൽ ശ്ലോകരൂപത്തിലായിരുന്നു സസ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ രേഖപ്പെടുത്തിയിരുന്നത്. ഔഷധസസ്യങ്ങളെക്കുറിച്ചും അവയുപയോഗിച്ചുള്ള ചികിത്സാരീതികളെക്കുറിച്ചും അറിവുകൾ നേടിയത് പ്രത്യേക ജനവിഭാഗങ്ങൾക്ക് തലമുറകളിലൂടെ കൈമാറിവരുന്ന ഇത്തരം പൗരാണിക ഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയുമായിരുന്നു. എന്നാൽ ഈ പൗരാണിക ഗ്രന്ഥങ്ങൾ ഏതാണെന്നോ ആര് രചിച്ചതാണെന്നോ ഒന്നും തന്നെ ഈ ആമുഖത്തിൽ വാൻറീഡ് പരാമർശിക്കുന്നില്ല. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ നിന്നും ലഭിച്ച സൂചനയനുസരിച്ച് ഇട്ടി അച്യുതൻ, അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ് തുടങ്ങിയ വൈദ്യൻമാരെക്കുറിച്ച് മാത്രമെ പേരെടുത്ത് പരാമർശിക്കുന്നുള്ളു. ഇവരാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുള്ളതും. എന്നാൽ ഇവിടെയും പാരമ്പര്യമായി കൈമാറിക്കിട്ടിയ ഗ്രന്ഥങ്ങളെക്കുറിച്ചും അറിവിനെക്കുറിച്ചും വിവരിക്കുന്നുണ്ടെങ്കിലും അതിന് ആയുർവേദം പോലുള്ള ചികിത്സാസമ്പ്രദായങ്ങളുമായി ബന്ധമുള്ളതായി സൂചനയില്ല. സസ്യശാസ്ത്രത്തെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചുമുള്ള പല അറിവുകളും ശ്ലോക രൂപത്തിലാണ് പൗരാണിക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്നത് എന്ന് വാൻറീഡ് മൂന്നാം വാല്യത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചത്കൊണ്ട് ഈ അറിവുകൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് പ്രത്യേക വിഭാഗങ്ങളിലൂടെ പാരമ്പര്യമായിട്ടു തന്നെയായിരുന്നു[27]. അത്തരം ഔഷധസസ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സാരീതികൾ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ കരഗതമായിരുന്നില്ല.

### 4.5. ഔഷധസസ്യങ്ങളും ചികിത്സയും ഹോർത്തൂസ് മലബാറിക്കസ്സിൽ

കേരളദേശത്ത് പാരമ്പര്യമായി രോഗചികിത്സക്കായി ഉപയോഗിച്ചുവരുന്ന ഔഷധസസ്യങ്ങളെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ ചിത്രങ്ങൾ സഹിതം ലോക ത്തിന് മുമ്പിൽ പരിചയപ്പെടുത്തിയ ആധികാരിക രേഖയാണ് ഹോർത്തൂസ് മല ബാറിക്കസ്സ്[28]. ഇതിന്റെ പൂർത്തീകരണത്തിന് പാരമ്പര്യവൈദ്യൻമാർ നൽകിയ സംഭാവന സ്മരിക്കപ്പെടേണ്ടതാണ്. തലമുറകളിലൂടെ കൈമാറിവന്ന അവരുടെ പാരമ്പര്യ വിജ്ഞാനത്തെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും ഇതിന്റെ രചന നിർവ്വഹിച്ചത്. എന്നാൽ 17-ാം നൂറ്റാണ്ടിൽ അവർ ഉപയോഗിച്ച വിജ്ഞാനശ്രോത സ്സുകളായ താളിയോല ഗ്രന്ഥങ്ങളോ മറ്റ് രേഖകളോ ഒന്നും തന്നെയിന്ന് ലഭ്യമല്ല. അതുകൊണ്ട് ആ വൈജ്ഞാനിക പാരമ്പര്യം അടയാളപ്പെടുത്തപ്പെട്ട അമൂല്യ ഗ്രന്ഥം കൂടിയാണ് ഹോർത്തൂസ് മലബാറിക്കസ്സ്. 554 ഔഷധ സസ്യങ്ങളും അവ ഉപയോഗിച്ചുള്ള ചികിത്സാവിധികളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പാരമ്പര്യ വൈദ്യം പ്രബലമായിരുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. 17-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ഇരുനൂറ്റിപത്തോളം രോഗങ്ങൾക്ക് 2789 തരം കുറിപ്പടികളും ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. എന്നിരുന്നാലും 139 സസ്യങ്ങളുടെ ഔഷധമൂല്യ ത്തെപ്പറ്റിയോ അതിന്റെ ഉപയോഗത്തെപ്പറ്റിയോ ഒരിടത്തും പരാമർശിച്ചിട്ടില്ല. 98 സസ്യങ്ങളുടെ ഔഷധ ഉപയോഗത്തെക്കുറിച്ച് ഹോർത്തൂസ് മലബാറിക്കസ്സില ല്ലാതെ മറ്റൊരിടത്തും പരാമർശമില്ല എന്നുള്ള പ്രത്യേകതകളും ഈ ഗ്രന്ഥത്തിനു ണ്ട്. ഇതിൽ അവയെപ്പറ്റി വിവരിച്ചില്ലായിരുന്നെങ്കിൽ അത്തരം സസ്യങ്ങളുടെ ഔഷധമൂല്യങ്ങളെക്കുറിച്ച് യാതൊരു രേഖയും ലഭ്യമാകുമായിരുന്നില്ല.

ഹോർത്തൂസ് മലബാറിക്കസ്സ് നാടോടി വൈദ്യപാരമ്പര്യത്തിലുള്ള ഏഷ്യ യിൽ നിന്നുമുള്ള ആദ്യത്തെ പുസ്തകവും കൂടിയാണ്. ഇതിൽ കൊടുത്തിട്ടുള്ള എല്ലാ സസ്യങ്ങളുടെയും പേരുകൾ പ്രാദേശികമായി ഉപയോഗിച്ചിരുന്ന സസ്യനാ മങ്ങളായിരുന്നു. സംസ്കൃത പദങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല. വളരെ കുറച്ച്

ഔഷധ സസ്യങ്ങൾ മാത്രമേ ആയുർവേദ വിധി പ്രകാരം ഔഷധങ്ങൾ തയ്യാറാക്കുന്ന രീതിയിൽ വിവരിച്ചിട്ടുള്ളൂ. എന്നിരുന്നാലും അവ തയ്യാറാക്കാനായി ഉപയോഗിച്ചിരുന്ന ദ്രവ്യക്കൂട്ടുകൾ വ്യത്യസ്തമായിരുന്നു. ഇത് തന്നെയാണ് സിദ്ധ, യുനാനി തുടങ്ങിയ വൈദ്യസമ്പ്രദായങ്ങളുടെ കാര്യത്തിലും ഉള്ളത്. തനതായ ഒരു വംശീയ വൈദ്യപാരമ്പര്യമാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ ദർശിക്കാവുന്നത്. അതുകൊണ്ടാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ള ഒട്ടുമിക്ക ചികിത്സാവിധികളും മറ്റ് ചികിത്സാ സമ്പ്രദായങ്ങളിൽ കാണാൻ കഴിയാത്തത്.

പന്ത്രണ്ട് വാല്യങ്ങളിലായി കൊടുത്തിട്ടുള്ള വിവിധ രോഗങ്ങൾക്കായി ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ വിധികൾ പഠനവിഷയമാക്കിയിട്ടുണ്ട്. പഠന സൗകര്യാർത്ഥം വിവിധ രോഗങ്ങളെ 16 വിഭാഗങ്ങളിലായി ഉൾക്കൊള്ളിച്ചുകൊണ്ടാണ് വിശകലന വിധേയമാക്കിയത്.

1. ശിരോരോഗങ്ങൾ
2. നേത്ര രോഗങ്ങൾ
3. കർണ്ണ രോഗങ്ങൾ
4. ശ്വസനേന്ദ്രിയ രോഗങ്ങൾ
5. ചർമ്മ രോഗങ്ങൾ
6. പ്രത്യുത്പാദനാവയവ രോഗങ്ങൾ
7. ദഹനേന്ദ്രിയ രോഗങ്ങൾ
8. ഹൃദയ രക്ത ചംക്രമണ രോഗങ്ങൾ
9. മൂത്രാശയ രോഗങ്ങൾ
10. നാഡീവ്യൂഹ രോഗങ്ങൾ
11. ഉപാപചയ രോഗങ്ങളും സന്ധിരോഗങ്ങളും
12. മോണ രോഗങ്ങൾ
13. ശിശു രോഗങ്ങൾ

14. സാംക്രമിക രോഗങ്ങൾ

15. ഉദര രോഗങ്ങൾ

16. വിഷ ചികിത്സ

എന്നിങ്ങനെ രോഗങ്ങളെ തരംതിരിച്ച് അവയ്ക്ക് ഔഷധ സസ്യക്കൂട്ടുകളുപയോഗിച്ച് കൊണ്ടുള്ള ചികിത്സാരീതികളും ഹോർത്തൂസ് മലബാറിക്കസ്സിൽ നിന്ന് കണ്ടെത്തിയിരിക്കുകയാണിവിടെ.

ഇതിൽ ഓരോന്നിലും നിരവധി രോഗങ്ങളും ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാവിധികളുമാണ് പട്ടികപ്പെടുത്തിയിരിക്കുന്നത്. ഓരോ രോഗത്തിനും വ്യത്യസ്തമായ ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് ഒന്നിൽ കൂടുതൽ ചികിത്സാ രീതികൾ പ്രതിപാദിച്ചിട്ടുണ്ട്. ഇവയോരോന്നും പ്രത്യേകം പരിശോധിക്കുകയാണിവിടെ. പാരമ്പര്യവൈദ്യവും നാട്ടറിവുകളും എത്രത്തോളം ഹോർത്തൂസിന്റെ രചനാ കാലഘട്ടത്തിൽ നില നിന്നിരുന്നുവെന്ന് മനസ്സിലാക്കാൻ ഇത്വഴി സാധിക്കും. പതിനേഴാം നൂറ്റാണ്ടിലെ സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക പശ്ചാത്തലം വച്ച് പരിശോധിക്കുകയാണെങ്കിൽ സാധാരണക്കാരായ ജനങ്ങളുടെ ഏക ആശ്രയം ഇത്തരം പാരമ്പര്യ വൈദ്യവും നാട്ടറിവുകളും തന്നെയായിരുന്നു. ഇട്ടി അച്യുതൻ ഇത് സ്വയം സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. മാത്രമല്ല വാൻറീഡ് ഇങ്ങനെയൊരു ഗ്രന്ഥരചനയ്ക്കായി പ്രയത്നിച്ചതിന്റെ പിന്നിലെ പ്രധാനപ്പെട്ട ഒരു ഘടകം സുലഭമായ കേരളത്തിൽ ഔഷധ സസ്യങ്ങളെക്കുറിച്ചും അവ ഉപയോഗിച്ചുള്ള ചികിത്സാ രീതികളെക്കുറിച്ചും മനസ്സിലാക്കി അത് ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിക്ക് സാമ്പത്തികമായി മുതൽ കൂട്ടാക്കാനുമായിരുന്നു. അതുകൊണ്ട് കേരളത്തിന്റെ ഈ സാംസ്കാരിക പാരമ്പര്യത്തെ വളരെ ഗൗരവത്തോടെയാണ് അദ്ദേഹം കണ്ടത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ആധികാരികത ഉറപ്പിക്കാൻ സാക്ഷ്യപത്രങ്ങളും മുഖവുരകളും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരെക്കൊണ്ട് തന്നെ തയ്യാറാക്കിച്ച് നൽകിയിട്ടുള്ള പന്ത്രണ്ട് വാല്യങ്ങളിലായി പരന്നു കിടന്നിരുന്ന രോഗങ്ങ

ളെയും ചികിത്സാരീതികളെയും കണ്ടെത്തി 16 വിഭാഗങ്ങളായി തിരിച്ചത് അവ വിവരിച്ചിട്ടുള്ള വാല്യവും പുറവും പട്ടികപ്പെടുത്തുകയാണിവിടെ.

**4.5.1. ശിരോരോഗങ്ങൾ**

ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവിധ വാല്യങ്ങളിലായി ശിരോസംബന്ധമായി വിവരിച്ചിട്ടുള്ളതും ഔഷധസസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാവിധികളെയും കണ്ടെത്തി നര, മുടികൊഴിച്ചിൽ, മുടിവളരാൻ, പേൻ, മുടി കഴുകാൻ, ശിരോവാതം, മറ്റ് ശിരോരോഗങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടിക 4.1 ൽ ക്രമപ്പെടുത്തിയിരിക്കുന്നു. ഈ രോഗങ്ങൾക്ക് ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവിധ വാല്യങ്ങളിൽ ഔഷധസസ്യങ്ങൾ ഉപയോഗിച്ച് നൽകിയിട്ടുള്ള ചികിത്സാ പദ്ധതികളെ 'ശിരോരോഗങ്ങൾ' എന്ന പട്ടിക 4.1-ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.1**

**ശിരോരോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| മുടികൊഴിച്ചിൽ | കരിൻ - തകരയുടെ വേരിൽ നിന്നും ഉണ്ടാക്കുന്ന എണ്ണ മുടികൊഴിച്ചിലിന് ഉത്തമമാണ്. (വാല്യം 6, പു. 89) |
| | തലനീളി സസ്യം, സമുദ്രവാടി, ഇരട്ടിമധുരം ഇവ ചേർത്തുണ്ടാക്കുന്ന കഷായത്തിൽ എള്ളെണ്ണ ചേർത്ത് തയ്യാറാക്കുന്ന ലേപനം തലയിൽ പുരട്ടുന്നത് മുടികൊഴിച്ചിലിന് പ്രതിവിധിയാണ്. (വാല്യം 11, പു. 198) |
| മുടി വളരാൻ | പെ-കയ്യെണ്ണിയം ഇട്ട് തലകഴുകിയാൽ മുടി വളരും. (വാല്യം 10, പു. 153) |
| | തലനീളി സസ്യം, സമുദ്രവാടി, ഇരട്ടിമധുരം ഇവ ചേർത്തുണ്ടാക്കുന്ന കഷായത്തിൽ എള്ളെണ്ണ ചേർത്ത് തയ്യാറാക്കുന്ന ലേപനം തലയിൽ പുരട്ടുന്നത് തലമുടി നന്നായി വളരുന്നതിന് സഹായിക്കും. (വാല്യം 11, പു. 202) |
| | മുടി നന്നായി വളരുന്നതിന് കൃഷ്ണക്രാന്തി (വിഷ്ണുക്രാന്തി) സമൂലം എണ്ണയിൽ വേവിച്ച് തലയിൽ പുരട്ടുന്നു. (വാല്യം 11, പു. 233) |
| | വെൺ - നൊച്ചിയുടെ ഇലച്ചാറ് തലയിൽ നന്നായി തേച്ച് പിടിപ്പിക്കുന്നത് മുടി വളരാൻ സഹായിക്കും. (വാല്യം 2, പു. 25) |
| | താന്നിക്കായുടെ എണ്ണ തലയിൽ തേക്കുന്നത് മുടിനാരുകൾക്ക് ബലം നൽകും. (വാല്യം 4, പു. 31) |
| | മുത്തങ്ങയുടെ വേര് വാറ്റി കുഴമ്പാക്കി പുരട്ടിയാൽ മുടി വളരും. (വാല്യം 12, പു. 172) |

| | |
|---|---|
| | താളിപുല്ലും തേങ്ങാപ്പാലും ചേർത്ത് തലയിൽ തേച്ചാൽ മുടി വളരും. (വാല്യം 9, പു. 214) |
| | പെരിൻകുറികിൽ ഇല മുടിയുടെ വളർച്ചയ്ക്ക് എണ്ണകാച്ചുന്നതിനുപ യോഗിക്കുന്നു. (വാല്യം 6, പു. 87) |
| | കാട്ടു ബെലോരെൻ വേര് എണ്ണ കാച്ചി മുടിയിൽ പുരട്ടുന്നത് മുടി വള രാൻ ഉത്തമമാണ് (വാല്യം 6, പു. 159) |
| | എള്ളെണ്ണയുടെ കൂടെ ഈ സസ്യം സമൂലം തേച്ച് പിടിപ്പിച്ചാൽ മുടി യുടെ വേർ പടലങ്ങളെ ശക്തമാക്കും. (വാല്യം 7, പു. 162-163) |
| അഴുക്ക് കളയാൻ | തേച്ച് കുളിക്കാനും മുടികഴുകുവാനുള്ള താളിയായി നെല്ലിത്താളി ഉപ യോഗിക്കുന്നു. (വാല്യം 9, പു. 59) |
| | മണെലിയുടെ ചാരം ഷാമ്പൂ ആയി തലകഴുകുന്നതിലൂടെ അഴുക്ക് കളഞ്ഞ് വൃത്തിയാക്കാൻ ഉപയോഗിക്കുന്നു. (വാല്യം 9, പു. 121) |
| | തലയിലെ അഴുക്ക് കളയാൻ വയൽച്ചുള്ളി ചെടിയുടെ വേര് ഇടിച്ച് പിഴിഞ്ഞ് എടുക്കുന്ന താളി ഉപയോഗിക്കുന്നു. (വാല്യം 9, പു. 303) |
| | സ്യാലിറ്റയുടെ ഇലകൾകൊണ്ടുള്ള കുഴമ്പ് മുടിയ്ക്കുള്ള ഷാമ്പൂപോ ലുള്ള ലേപനമായി ഉപയോഗിക്കാറുണ്ട്. (വാല്യം 3, പു. 76) |
| ശിരോരോ ഗങ്ങൾ | തലച്ചോറുമായി ബന്ധപ്പെട്ട രോഗങ്ങളെ ശമിപ്പിക്കുന്നതിന് നീർനൊ ച്ചിയുടെ ഇലകളും കായ്കളും ഇട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിക്കു ന്നു. (വാല്യം 5, പു. 191) |
| | ആഞ്ഞിലി മരവാഴ സമൂലം പൊടിച്ച് കരിമ്പിൻ ചാറിന്റെ കൂടെ ഉപ യോഗിച്ചാൽ തലയ്ക്കും തലച്ചോറിനും ശക്തി ലഭിക്കും. (വാല്യം 12, പു. 4) |
| | ശിരോരോഗങ്ങൾക്ക് മലഇലഞ്ഞിയുടെ ഇലകളും കുരുമുളകും പുൽതൈലവും എള്ളെണ്ണയിൽ വേവിച്ചുണ്ടാക്കുന്ന ലേപനം തല യിൽ പുരട്ടുക. (വാല്യം 5, പു. 214) |
| | പാണൽ ഇലകൾ ശിരോരോഗങ്ങൾക്ക് നല്ലതാണ്. (വാല്യം 2, പു. 15) |
| | കാട്ടുചന്ദനമെന്നപേരിൽ ഇപ്പോൾ അറിയപ്പെടുന്ന കാട്ടുജാംബയുടെ വേരരച്ച് പുറമേ പുരട്ടുന്നത് ശിരോരോഗങ്ങൾക്ക് നന്ന്. (വാല്യം 4, പു. 23) |
| | പെരിം പാച്ചോറ്റി ഇലകൾ പശുവിൻ പാലിലും എള്ളെണ്ണയിലും തിള പ്പിച്ചുണ്ടാക്കുന്ന കുഴമ്പ് തേക്കുന്നത് ശിരോരോഗങ്ങളകറ്റും. (വാല്യം 5, പു. 22) |
| | വലിയ മുക്കാപ്പിരി കായ് പൊടിച്ച് പശുവിൻ പാലുചേർത്ത് ചൂടാക്കി ഉപയോഗിക്കുന്നത് തലച്ചോറിൽ അനുഭവപ്പെടുന്ന വേദനകളെ കുറ യ്ക്കുന്നു. (വാല്യം 8, പു. 41) |
| | മലം-തൊടലിയുടെ വേര്, തൊലി, ഇലകൾ, കായ്കൾ എന്നിവ തല ച്ചോറുമായി ബന്ധപ്പെട്ട അസുഖങ്ങൾക്ക് പ്രത്യേക ഔഷധമായി പരി ഗണിക്കുന്നു. (വാല്യം 4, പു. 147) |
| | നഴുകു മരത്തിന്റെ ഇലകൾ വറുത്ത് പൊടിച്ചത് തലയ്ക്കുണ്ടാവുന്ന മാന്ദ്യം അകറ്റുന്നു. (വാല്യം 2, പു. 81) |
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ തലയ്ക്കുണ്ടാവുന്ന കനത്തിന് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | കൊടി ആവണക്ക് ചെടി സമൂലം വാറ്റിയെടുക്കുന്ന എണ്ണ, തലയിൽ തേക്കുന്നത് മന്ദത മാറും. (വാല്യം 2, പു. 117) |
| | വലിയ മുക്കാപ്പിരി കായ് പൊടിച്ച് പശുവിൻ പാലു ചേർത്ത് ചൂടാക്കി തലയിൽ വെച്ചുകെട്ടുന്നത് ഓർമ്മ വർദ്ധിപ്പിക്കുന്നതിന് നല്ലതാണ്. |

| | |
|---|---|
| | (വാല്യം 8, പു. 41) |
| | ഏലം, പാൽ, എള്ളെണ്ണ എന്നിവയുട കൂടെ ആകാശവള്ളി ചേർത്ത് കുഴമ്പാക്കി ഉപയോഗിച്ചാൽ തലയിലെ ഉഷ്ണം ശമിക്കും. (വാല്യം 7, പു. 162–163) |
| | കൊടങ്ങൽ ചതച്ച് മോരിൽ കലക്കി കൊടുത്താൽ തലച്ചൊരുക്ക് മാറും. (വാല്യം 10, പു. 168) |
| | നഴുകു മരത്തിന്റെ ഇലകൾ വറുത്ത് പൊടിച്ചത് തലയ്ക്കുണ്ടാവുന്ന മാന്ദ്യം അകറ്റുന്നു. (വാല്യം 2, പു. 81) |
| ശിരോ വാതം | നിലവാകയിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് ശിരോവാതം മാറാൻ സഹായിക്കും. (വാല്യം 10, പു. 253) |
| | ശിരോവാതത്തിന് ഈശ്വരമുല്ല (ചൂരിയക്രാന്തി) യുടെ ഇലകൾ പിഴിഞ്ഞെടുക്കുന്ന നീര് പുരട്ടിയാൽ തുമ്മലുണ്ടാക്കി ശിരോവാതം ഭേദപ്പെടുത്തുന്നു. (വാല്യം 11, പു. 220) |
| | ഇലപ്പോളയുടെ ഇലയും വേരും പച്ചമഞ്ഞളിൽ ചേർത്തരച്ച ലേപനം ചെന്നിയിൽ പുരട്ടുന്നത് ശിരോവാതം ശമിപ്പിക്കും. (വാല്യം 11, പു. 127) |
| പരു ക്കൾക്ക് | കടൽ ആവണക്കിന്റെ ഇലയും പാണ്ടി ആവണക്കിലയും ചെമ്പരത്തി പ്പൂവും തേനിൽ ചേർത്ത് പുരട്ടുന്നത് തലയിലുണ്ടാവുന്ന പരുക്കൾക്ക് നല്ലതാണ്. (വാല്യം 2, പു. 113) |
| | 'അരിക്കീരയു'ടെ തൊലി, ചങ്ങലം പരണ്ടയുടെ തൊലി എന്നിവയുടെ കൂടെ വറുത്ത് പൊടിച്ച് കറുപ്പ് ചേർത്തുപയോഗിച്ചാൽ തലയിലെ വ്രണങ്ങൾ ശമിക്കും. (വാല്യം 7, പു. 162–163) |
| പേൻ ശല്യം | വട്ടവള്ളിയുടെ കായ ഉണക്കി കുഴമ്പാക്കി തലയിൽ തേച്ചാൽ പേനിന്റെ ശല്യം ഇല്ലാതാക്കാം. (വാല്യം 7, പു. 2) |
| നരമാറ്റാൻ | കാട്ടുകൊന്നയുടെ ഇലയുടെ നീരിൽ നിന്നെടുക്കുന്ന കഷായം മുടിയുടെ നരമാറ്റാൻ ഉപയോഗിക്കുന്നു. (വാല്യം 6, പു. 43) |

#### 4.5.2 നേത്ര രോഗങ്ങൾ

സാധാരണ കണ്ടുവരാറുള്ള നേത്ര രോഗങ്ങൾ, ചെങ്കണ്ണ്, അന്ധത, കണ്ണിലെ മഞ്ഞപിത്തം, നിശാന്ധത, തിമിരം തുടങ്ങിയ രോഗങ്ങളും അവയ്ക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാമുറകളുമാണ് 'നേത്രരോഗങ്ങൾ' എന്ന പട്ടിക 4.2 ൽ കൊടുത്തിട്ടുള്ളത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവിധ വാല്യങ്ങളിൽ സസ്യങ്ങളുടെ ഉപയോഗം വിവരിക്കുന്ന ഭാഗത്ത് നിന്നും ശേഖരിച്ചതാണ് ഈ വിവരങ്ങൾ.

**പട്ടിക 4.2**

**നേത്ര രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ചെങ്കണ്ണ് | പനിച്ചിയുടെ ഇളം കായ്കളുടെ ചാറ് കണ്ണിലൊഴിച്ചാൽ ചെങ്കണ്ണ്പോലുള്ള നേത്രരോഗങ്ങൾ ശമിക്കും. (വാല്യം 3, പു. 85) |
| | പാച്ചോറ്റിയുടെ വേരിന്റെ തൊലി അല്പം ചായില്യം (cinnabar) ചതച്ച് മുലപ്പാലിൽ ചേർത്ത് ഉപയോഗിക്കുന്നത് ചെങ്കണ്ണ് മാറും. (വാല്യം 5, പു. 19) |
| | പൂവാം കുരുന്നിലയുടെ ശക്തിയുള്ള മറ്റ് ഔഷധ ചെടികളും കൂടി ചേർത്ത് നിർമ്മിക്കുന്ന മരുന്ന് ചെങ്കണ്ണ് രോഗത്തെ തടയും. (വാല്യം 10, പു. 234) |
| | കണ്ണിലെ ചുവപ്പിന് (ചെങ്കണ്ണിന്) കരിങ്കൂവളത്തിന്റെ വേര് വെണ്ണ ചേർത്ത് പൊടിച്ച് എണ്ണയിൽ കഴിക്കുന്നത് ഗുണകരമാണ്. (വാല്യം 11, പു. 159) |
| | തെങ്ങിലെ ഇളം കായ്കൾ (മച്ചിങ്ങ) ചതച്ച് പിഴിഞ്ഞെടുത്ത ചാറ് ചെങ്കണ്ണ് രോഗത്തിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. |
| | തെങ്ങിൻ പൂക്കൾ ചേർത്ത് കഞ്ഞിവെള്ളം കൊണ്ട് തല കഴികിയാൽ കണ്ണിന്റെ ചുവപ്പ് കുറയും. (വാല്യം 1, പു. 12). |
| | ചെമ്പകത്തിന്റെ പൂക്കൾ ചതച്ചിട്ടു കാച്ചിയ എണ്ണ തലയിൽ തേക്കുന്നത് ചെങ്കണ്ണിന് നല്ലതാണ്. (വാല്യം 1, പു. 66). |
| | വെള്ളില വേര് വെള്ളത്തിൽ ചതച്ച് കണ്ണിൽ പുരട്ടുന്നത് കണ്ണിന്റെ ചുവപ്പ് മാറ്റുന്നു. (വാല്യം 2, പു. 50) |
| | നന്തിയാർവട്ടചെടി പിഴിഞ്ഞെടുക്കുന്ന നീര്, എണ്ണയോടൊപ്പം പുരട്ടുന്നത് ചെങ്കണ്ണ് മാറ്റും. (വാല്യം 2, പു. 197) |
| | മട്ടികായ്/പൊങ്ങല്യകായ 'Munja' ചേർത്ത് ഇടിച്ച് പിഴിഞ്ഞ് കഞ്ഞിവെള്ളം ചേർത്ത് കണ്ണിനുമേൽ വെച്ചാൽ ചെങ്കണ്ണ് (Conjunctiva) മാറും. (വാല്യം 6, പു. 55) |
| | നെരിയംപുള്ളി/മെരിയംപുള്ളിയുടെ നീരം നെല്ലിക്കാനീരും കണ്ണുകളിലെ വീക്കം (ചെങ്കണ്ണ്) ശമിപ്പിക്കും. (വാല്യം 7, പു. 177) |
| | പാടക്കിഴങ്ങിന്റെ ഇലയുടെ ചാറൊഴിക്കുന്നത് കണ്ണിലെ ചുവപ്പ് മാറ്റുന്നു. (വാല്യം 7, പു. 181) |
| കാഴ്ച്ച മങ്ങൽ | പയറും വറുത്ത ഗോതമ്പും പൊടിച്ച് അത്തിപ്പഴവും പഞ്ചസാരയും ചേർത്ത് നൽകുന്നത് കണ്ണിന് മൂടൽ വരുന്നതുപോലെ അനുഭവപ്പെടുന്നതിനെ ചെറുക്കുന്നു. (വാല്യം 8, പു. 147) |
| | നന്നാറി വേര് ചതച്ച് മൂർഖൻ പാമ്പ് കടിച്ചിടത്ത് വച്ചാൽ വിഷം മൂലമുണ്ടാകുന്ന, കാഴ്ചമങ്ങി വായിക്കാൻ പറ്റാനാവാത്ത അവസ്ഥ (Word blindnes) ഇല്ലാതാകും. (വാല്യം 10, പു. 125) |
| | കാഞ്ഞിരവേരിൻ കഷായം കൊണ്ട് ദേഹം കഴുകിയാൽ തിമിരം നിയന്ത്രണ വിധേയമാകുന്നു. (വാല്യം 1, പു. 137) |
| | വെള്ളിലയുടെ ഇലയും കായും ഒന്നിച്ചെടുത്ത നീര് കാഴ്ച്ച മങ്ങൽ മാറ്റുന്നു. (വാല്യം 2, പു. 50) |

| | |
|---|---|
| | ചെറുചുണ്ടയുടെ വേര് കഷായം തേനിനോടൊപ്പം കഴിക്കുന്നത് തിമിരത്തിന് നല്ലതാണ്. (വാല്യം 2, പു. 125) |
| | നന്തിയാർവട്ട വേര് ചതച്ച് ചെറുനാരങ്ങാനീരിനൊപ്പം കണ്ണിൽ വെക്കുന്നത് കാഴ്ച്ചകുറവ് മാറ്റും. (വാല്യം 2, പു. 197) |
| | ചന്ദനം, മുലപ്പാൽ എന്നിവയൊടൊപ്പം പന്നക്കിഴങ്ങ് മരവാഴ ചേർത്ത് ചെവിയുടെ പുറകിൽ പുരട്ടിയാൽ കണ്ണ് മൂടിക്കെട്ടുന്നതിൽ നിന്ന് ശമനം നേടാം. (വാല്യം 12, പു. 43) |
| | നിലപ്പന സമൂലം വെളിച്ചെണ്ണയിൽ തിളപ്പിച്ചുപയോഗിക്കുന്നത് കാഴ്ച്ചയെ ഉദ്ദീപിപ്പിക്കും. (വാല്യം 12, പു. 193) |
| | കാരെള്ളിൻ എണ്ണ തലയിൽ തേക്കുന്നത് കണ്ണുകളിലെ അന്ധത മാറാനും കാഴ്ചശക്തി കൂടാനും ഉപകരിക്കും. (വാല്യം 9, പു. 183) |
| | ചൂടാക്കിയതോ ഒരൽപം വറുത്തതോ ആയ ഇലക്കള്ളിയുടെ ഇല വാട്ടിപ്പിഴിഞ്ഞെടുക്കുന്ന നീര് തുള്ളിയായി കണ്ണിലൊഴിച്ചാൽ കണ്ണിന്റെ മൂടൽ മാറ്റും. (വാല്യം 2, പു. 155) |
| കണ്ണ് വേദന | പൂവാം കുരുന്തില ഉപയോഗിച്ച് നിർമ്മിക്കുന്ന ഗുളികയ്ക്ക് കണ്ണുവീക്കം തടയാനാകും. (വാല്യം 10, പു. 234) |
| | കണ്ണിന്റെ വേദനയ്ക്ക് അരിക്ക ആമ്പൽ ഇലകൾ ഒറ്റൽ ആമ്പലിന്റെ ഇലയോട് ചേർത്തരച്ച് വെണ്ണയും ചേർത്ത് തിളപ്പിച്ച് ഉപയോഗിക്കുന്നത് വളരെ ഫലപ്രദമാണ്. (വാല്യം 11, പു. 91) |
| | പയറിന്റെ വിത്തുപൊടിച്ചതും ചന്ദനമോ അല്ലെങ്കിൽ വാളമ്പുളി മരത്തിന്റെ വേരുചതച്ചതും ചേർത്തുപയോഗിച്ചാൽ കഫം കെട്ടിനിന്നുണ്ടാകുന്ന തലവേദന മൂലമുണ്ടാകുന്ന കണ്ണ് വേദന അകറ്റാം. (വാല്യം 8, പു. 147) |
| | ഇരുവേലി (പനികൂർക്ക) യുടെ എണ്ണ ചൂടുവെള്ളം ചേർത്ത് കുടിക്കുന്നത് കണ്ണിലെ വേദനയകറ്റാൻ ഉത്തമമാണ്. (വാല്യം 9, പു. 259) |
| | ചെമ്പരത്തിയുടെ പൂമൊട്ടിൽ നിന്നെടുക്കുന്ന കഷായം കണ്ണിനുമുകളിൽ പുരട്ടിയാൽ കണ്ണിന്റെ വീക്കം മാറിക്കിട്ടുന്നു. (വാല്യം 6, പു. 146) |
| നിശാന്ധത | നിശാന്ധതയ്ക്ക് അകത്തിപൂവിന്റെ ചാറ് കണ്ണിലൊഴിക്കുക. (വാല്യം 1, പു. 197) |
| | ചക്കക്കുരുവിന്റെ പൊടിയും സുഗന്ധ സസ്യങ്ങളും (Aromatic weeds) ചേർത്ത് കണ്ണിൽ പുരട്ടിയാൽ നിശാന്ധതയ്ക്ക് നല്ലതാണ്. (വാല്യം 3, പു. 39) |
| കണ്ണിലെ അണുബാധ | പാച്ചോറ്റി മരത്തിന്റെ വേരിന്റെ തൊലിയും അല്പം ചായില്യം (cinnabar) ചതച്ച്, മുലപ്പാലിൽ ചേർത്ത് ഉപയോഗിച്ചാൽ കണ്ണിന്റെ നീർക്കെട്ട് മാറും. (വാല്യം 5, പു. 19) |
| | കാട്ടുകപ്പലിന്റെ ഇലകൾ ചതച്ചരച്ചത് ഗുളിക രൂപത്തിലാക്കിയത് കണ്ണിലുണ്ടാകുന്ന അണു ബാധയ്ക്ക് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 11, പു. 150) |
| | കണ്ണിനുണ്ടാകുന്ന അണുബാധകൾക്കെതിരെ കരിങ്കൂവള ചെടിയുടെ കഷായമോ എണ്ണയോ തലയിൽ പുരട്ടുന്നു. (വാല്യം 11, പു. 159) |
| | കരിങ്കൂവളത്തിന്റെ വേര് വെണ്ണ ചേർത്ത് പൊടിച്ച് എണ്ണയിൽ കഴിക്കുന്നത് കണ്ണിലെ അണുബാധ അകറ്റും. (വാല്യം 11, പു. 159) |
| | ചെൻ കുമിളു ഇലകൾ ആവണക്കിന്റെ ഇലകളിൽ നിന്നും |

| | |
|---|---|
| | കിട്ടുന്ന എണ്ണയും ചേർത്ത് കരിച്ചെടുത്ത് കിട്ടുന്ന ചാരം കൺപോളകളിലുണ്ടാകുന്ന അണുക്കളെ നീക്കം ചെയ്യുന്നു. (വാല്യം 11, പു. 170) |
| കണ്ണീർപ്രവാഹം | മരോട്ടി കുരുവിൽ നിന്നെടുത്തുണ്ടാക്കുന്ന എണ്ണ ലവണ ദ്രാവകങ്ങൾ കണ്ണിലായാലുണ്ടാകുന്ന വിഷമാവസ്ഥയ്ക്കു സാരമായി കണ്ണീർ പ്രവഹിക്കുന്നത് തടയാനും നല്ലതാണ്. (വാല്യം 1, പു. 133) |
| | നാഗവള്ളിയുടെ നീരും വെണ്ണയും ചേർത്ത് തലയിൽ പുരട്ടുന്നത് കണ്ണിൽ നിന്നും മൂക്കിൽ നിന്നും വെള്ളം വരുന്നതിന് പ്രതിവിധിയാണ്. (വാല്യം 8, പു. 109) |
| | പന്നക്കിഴങ്ങ് മരവാഴ ചന്ദനം, മുലപ്പാൽ എന്നിവയുടെ കൂടെ ചേർത്ത് ചെവിക്കു പുറകിൽ പുരട്ടിയാൽ കണ്ണിൽ നിന്ന് ധാരയായി ഒഴുകുന്ന വെള്ളത്തിന് ശമനം കിട്ടുന്നു. (വാല്യം 12, പു. 43) |
| നേത്രരോഗം | ചെലയുടെ വേരിൽ നിന്നും പിഴിഞ്ഞെടുക്കുന്ന പാൽപോലുള്ള ദ്രാവകം നേത്രരോഗത്തിന് മരുന്നാണ്. (വാല്യം 3, പു. 150) |
| | പെരിം പാച്ചോറ്റിയുടെ ഇലകൾ പശുവിൻ പാലിലും എള്ളെണ്ണയിലും തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് നേത്രരോഗങ്ങളകറ്റാൻ അത്യുത്തമം. (വാല്യം 5, പു. 19) |
| | കരാന്തകാളിചെടി എണ്ണയിൽ കാച്ചി കണ്ണിന്റെ വീക്കത്തിനും, നേത്രസംബന്ധമായ മറ്റ് അസുഖങ്ങൾക്കും ഉപയോഗിക്കാം. (വാല്യം 10, പു. 78) |
| | മലങ്കൂവ അരച്ച് എടുക്കുന്ന ലേപനം പുരട്ടുന്നത് കണ്ണുകൾക്ക് വരുന്ന അസുഖങ്ങൾക്കെല്ലാം ഫലപ്രദമാണ്. (വാല്യം 11, പു. 29) |
| | കണ്ണുകളിലുണ്ടാകുന്ന അസുഖങ്ങൾക്ക് പ്രതിവിധിയായി കാട്ടുകപ്പൽ സമൂലം എണ്ണയും വെണ്ണയും കൂട്ടി പാകം ചെയ്തു ഉപയോഗിക്കുന്നു. (വാല്യം 11, പു. 150) |
| | ഉഴിഞ്ഞ ഇല ശർക്കര ചേർത്ത് തിളപ്പിച്ച എണ്ണയിൽ ചാലിച്ച് ഉപയോഗിക്കുന്നത് കണ്ണിനുണ്ടാകുന്ന ദോഷങ്ങളകറ്റും. (വാല്യം 8, പു. 107) |
| | പയറും വറുത്ത ഗോതമ്പും പൊടിച്ച് അത്തിപ്പഴവും പഞ്ചസാരയും ചേർത്ത് നൽകുന്നത് കണ്ണിന് മൂടൽ വരുന്നതുപോലെ അനുഭവപ്പെടുന്നതിനെ ചെറുക്കുന്നു. (വാല്യം 8, പു. 147) |
| | കാട്ടുപയർ, ചന്ദനം, വെണ്ണ, പശുവിൻ പാൽ തുടങ്ങിയവ ചേർത്ത് വേവിച്ച് ഉപയോഗിക്കുന്നത് കണ്ണിനുണ്ടാകുന്ന അസുഖങ്ങൾക്ക് നല്ലതാണ്. (വാല്യം 8, പു. 151) |
| | കൈപ-ജാംബുവിന്റെ പരിപ്പെടുത്ത് പൊടിച്ച മിശ്രിതം കണ്ണിൽ പുരട്ടിയാൽ നേത്രരോഗങ്ങളില്ലാതാക്കും. (വാല്യം 4, പു. 17) |
| | നേത്രരോഗങ്ങൾക്ക് താന്നിയുടെ പരിപ്പ് പൊടിച്ചെടുത്ത് കഴിക്കുക. (വാല്യം 4, പു. 31) |
| | ചെറുതേക്ക് മരത്തിന്റെ തണ്ടിൽ നിന്നും ഇലയിൽ നിന്നും എടുക്കുന്ന ഒരിനം എണ്ണ വെണ്ണയിൽ ചാലിച്ച് പുരട്ടുന്നത് നേത്രരോഗങ്ങൾക്കും വിശേഷിച്ച് ചെങ്കണ്ണിന് ഫലപ്രദമാണ്. (വാല്യം 4, പു. 103) |
| | പുന്നയുടെ മരത്തിന്റെ തൊലിയും ഇലയും വെള്ളത്തിൽ വേവിച്ചുണ്ടാക്കുന്ന മിശ്രിതം കണ്ണിൽ പുരട്ടുക. (വാല്യം 4, പു. 139) |

| | |
|---|---|
| | കണ്ണിലെ മൂടൽ കാഞ്ഞിരമരവാഴ സമൂലം പൊടിച്ച് ഇഞ്ചിയുടെ കൂടെ വെള്ളത്തിൽ കലക്കി കൊടുക്കുക. (വാല്യം 12, പു. 31) |
| | അടകൊതിയൻ ചെടിയുടെ വേരുകൾ ഉണക്കിപ്പൊടിച്ചതും പനയുടെ വേരും കുറച്ച് ചന്ദനവും വെണ്ണയും ചേർത്ത് ചെറിയ തീയിൽ കാണിച്ച് മെഴുകു രൂപത്തിലാക്കി രാവിലെയും വൈകിട്ടും കഴിക്കുന്നത് കണ്ണിനുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നല്ലതാണ്. (വാല്യം 9, പു. 17) |
| | അടകൊതിയൻ ചെടിയുടെ വേരുകൾ ഉണക്കിപ്പൊടിച്ചതും ചിറ്റാവണക്കിന്റെ (Inserni) ഇലയും തഴുതാമവേരും ചേർത്ത് വെള്ളത്തിൽ തിളപ്പിച്ചതിനുശേഷം വീണ്ടും പശുവിൻ പാലിൽ തിളപ്പിച്ച് പഞ്ചസാര ചേർത്ത് കഴിച്ചാൽ കണ്ണിനുണ്ടാകുന്ന ഏത് രോഗത്തിനും ശമനമുണ്ടാകും. (വാല്യം 9, പു. 17) |
| | കാട്ടുപാൽ വള്ളി ചെടിയിട്ട് കാച്ചിയ എണ്ണ കണ്ണിനുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നല്ലതാണ്. (വാല്യം 9, പു. 31) |
| | പർപ്പടകത്തിലയുടെ നീര് എണ്ണയിൽ ചാലിച്ച് കണ്ണിന് പുറത്ത് പുരട്ടിയാൽ കണ്ണിന്റെ അസുഖം മാറും. (വാല്യം 9, പു. 55) |
| | പർപ്പടകത്തിന്റെ ഇല കഷായം വെച്ച് കുടിക്കുന്നത് കണ്ണിന്റെ അസുഖങ്ങൾക്ക് ഏറെ ഫലപ്രദമാണ്. (വാല്യം 9, പു. 55) |
| | ശംഖുപുഷ്പത്തിന്റെ വേരും ഇലയും പിഴിഞ്ഞെടുത്ത നീരും രക്തചന്ദനവുമായി ചേർത്ത് ഇടിച്ച് പിഴിഞ്ഞ് ഉപയോഗിച്ചാൽ കണ്ണിന്റെ അസുഖങ്ങൾ മാറും. (വാല്യം 9, പു. 192) |
| | കണ്ണിന്റെ അസുഖത്തിന് കാട്ടുജീരകമുല്ലയുടെ ഇല എണ്ണയിൽ തിളപ്പിച്ചെടുത്ത് ഉണ്ടാക്കുന്ന തൈലം ഉപയോഗിക്കുന്നു. (വാല്യം 6, പു. 189) |
| | ജീരകമുല്ലയുടെ ഇല എണ്ണയിൽ തിളപ്പിച്ചെടുക്കുന്ന തൈലം തലയിൽ പുരട്ടിയാൽ കണ്ണിന്റെ പലവിധത്തിലുള്ള രോഗങ്ങളും ശമിക്കുന്നു. (വാല്യം 6, പു. 194-195) |
| | കാട്ടു തിർപ്പലി പെപ്പർ ചതച്ചെടുത്തത് കണ്ണിനുണ്ടാകുന്ന അസുഖങ്ങൾക്ക് ഉപയോഗപ്രദമാണ്. (വാല്യം 7, പു. 55) |
| | കശാവു മരത്തിന്റെ ഇലകളുടെ ചാറ് തുണിയിൽ പുരട്ടി ചെവിയുടെ പിറകിൽ വെച്ചാൽ കണ്ണിലെ പീളകെട്ടൽ (dipitude) ശമിക്കും. (വാല്യം 5, പു. 72) |
| | ഞാറയുടെ വേരിൽ നിന്നും ഉണ്ടാക്കുന്ന പലവിധ മരുന്നുകൾ കണ്ണുകൾക്കു കൺപോളകൾക്കും ഉണ്ടാകുന്ന പലരോഗങ്ങൾക്കും ഉത്തമമാണ്. (വാല്യം 5, പു. 101) |
| | കണ്ണിലെ മഞ്ഞപിത്ത ബാധയ്ക്ക് എതിരെ കാട്ടു കപ്പലിന്റെ ഇലകൾ ചതച്ചരച്ച് ഗുളിക രൂപത്തിലാക്കി നൽകുന്നു. (വാല്യം 11, പു. 150) |
| | കണ്ണിന്റെ ഉൾകോണിൽ നിന്നും കോർണിയവരെയുള്ള ഭാഗത്ത് നേത്രസ്തരം തടിക്കുന്നത് മൂലം ഉണ്ടാകുന്ന രോഗത്തിന് കാട്ടുപയർ ചന്ദനം, വെണ്ണ, പശുവിൻ പാൽ തുടങ്ങിയവ ചേർത്ത് വേവിച്ച് ഉപയോഗിക്കുക. (വാല്യം 8, പു. 151) |
| | ബലികറുകയുടെ കുഴമ്പ് വെളിച്ചെണ്ണ, ചന്ദനം എന്നിവയുടെകൂടെ ഉപയോഗിച്ചാൽ തലയ്ക്കും കണ്ണുകൾക്കുമുണ്ടാവുന്ന തളർച്ച (വാതം) ഭേദമാകും. (വാല്യം 12, പു. 159) |
| | കണ്ണുകളിലെ കറുപ്പിന് നിലപ്പന സമൂലം വെളിച്ചെണ്ണയിൽ തിളപ്പിച്ചുപയോഗിക്കുക. (വാല്യം 12, പു. 193) |

| | |
|---|---|
| | അടപതിയൻ/അടകൊതിയൻ ചെടിയുടെ വേരുകൾ ഉണക്കി പ്പൊടിച്ചെടുത്ത പൊടി കണ്ണിനു ചുറ്റും വിതറിയാൽ ചുറ്റുമുള്ള കറുത്ത അടയാളങ്ങൾ മാറിക്കിട്ടും. (വാല്യം 9, പു. 17) |
| | അടകൊതിയൻ ചെടിയുടെ വേരുകൾ ഉണക്കിപ്പൊടിച്ചെടുത്ത പൊടി വെണ്ണയും ചേർത്ത് തിളപ്പിച്ച് കുടിക്കുന്നത് കണ്ണിനു ചുറ്റുമുള്ള കറുപ്പ് മാറാൻ സഹായിക്കും. (വാല്യം 9, പു. 17) |
| | കണ്ണുകളിൽ ത്രികോണാകൃതിയിൽ നേത്രപടലം വളർന്ന് കൺകോണുകളിലേക്ക് വളരുന്നത് (pterygium) തടയാൻ ഞെരിക്കുംപുളിയുടെ ഇല കണ്ണിന്റെ അവിടെ വെയ്ക്കുന്നത് ഫലപ്രദമാണ്. (വാല്യം 6, പു. 151) |
| | ചെമ്പ്രവള്ളിച്ചെടിയുടെ നീരും എണ്ണയും ചേർത്ത് ഉപയോഗി ച്ചാൽ മഞ്ഞപ്പിത്തം മൂലം കണ്ണിനുണ്ടാകുന്ന മഞ്ഞപ്പ് മാറും. (വാല്യം 7, പു. 23) |
| | ആകാശവള്ളിയുടെ നീര് ശർക്കരയുടെ കൂടെ ഉപയോഗിക്കു ന്നത് കണ്ണിലെ മഞ്ഞപിത്തം മാറ്റും. (വാല്യം 7, പു. 162-163) |

4.5.3 **കർണ്ണ രോഗങ്ങൾ**

ഹോർത്തൂസ് മലബാറിക്കസ്സിൽ ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് ചികിത്സ പരാമർശിച്ചിട്ടുള്ള പ്രധാനപ്പെട്ട കർണ്ണരോഗങ്ങളാണ് ചെവിവേദന, കേൾവി പ്രശ്നങ്ങൾ, ചെവി പഴുപ്പ്, അണുബാധ എന്നിവ. ഇവയെ 'കർണ്ണരോഗ ങ്ങൾ' എന്ന പട്ടിക 4.3 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.3**

**കർണ്ണ രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ചെവിവേദന | കഫക്കെട്ടുമൂലം ഉണ്ടാകുന്ന ചെവിവേദന ഇല്ലാതാക്കുവാൻ ഈ ചെടി ചിറ്റെള്ളിന്റെ എണ്ണ കൂട്ടി തിളപ്പിച്ചോ ഇല വാട്ടിപ്പിഴിഞ്ഞ നീരോ ചെവിയിലിറ്റിച്ചാൽ മതി. (വാല്യം 10, പു. 46) |
| | കുപ്പമേനി വേരിന്റെ കഷായം ചെവിയിൽ ഒഴിക്കുന്നത് ചെവിവേ ദന മാറ്റും. (വാല്യം 10, പു. 292) |
| | കാട്ടുവാഴയുടെ ഫലങ്ങൾ അല്പസമയം ചൂടാക്കി അതിൽ നിന്നെ ടുക്കുന്ന ചാറ് ചെവി വേദന ശമിപ്പിക്കാൻ ഉപയോഗിക്കുന്നു. (വാല്യം 11, പു. 155) |
| | അമ്പഴത്തിലയുടെ ചാറും കായ്പൊടിച്ചതും ചേർത്ത് ചെവിവേദ നക്ക് ഒഴിക്കുക. (വാല്യം 1, പു. 192) |
| | പാണൽ ഇലനീര് എണ്ണ ചേർത്ത് ചൂടാക്കി ചെവിയിൽ ഒഴിക്കു ന്നത് ചെവിവേദന ശമിപ്പിക്കും. (വാല്യം 2, പു. 15) |
| | ചൂടാക്കിയതോ അല്പം വറുത്തതോ ആയ ഇലക്കള്ളിയുടെ ഇല വാട്ടി പിഴിഞ്ഞെടുക്കുന്ന നീര് ചെവിയിലൊഴിക്കുന്നത് ചെവി വേദ നയില്ലാതാക്കുന്നു. (വാല്യം 2, പു. 155) |
| | മാവു മരവാഴയുടെ മുട്ടിലെ കായ്പോലുള്ള ഭാഗം ചെവിവേദനയും |

| | |
|---|---|
| | തലയ്ക്കാകെയുള്ള വേദനതന്നെ ഭേദമാക്കുന്നു. (വാല്യം 12, പു. 89) |
| | തിരിപന്നയുടെ ഇലകളുടെ ചാറ് പുരട്ടുന്നത് ചെവിവേദന ശമിപ്പിക്കും. (വാല്യം 12, പു. 237) |
| ബധിരത | ഞണ്ടിന്റെ കാലുമായി ചേർത്ത് കാട്ടുആലിന്റെ തൊലി വേവിച്ചത് ചെവിയിലൊഴിച്ചാൽ ചെവിയിലെ വ്രണങ്ങൾ മാറി ബധിരത കുറയ്ക്കാം. (വാല്യം 3, പു. 131) |
| | കേൾവിക്കുറവിന് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | പാലയുടെ തൊലിയും കുരുപരുത്തിയുടെ കുരുവും എണ്ണകാച്ചി ചെവിയിൽ ഒഴിച്ചാൽ കേൾവിക്കുറവിന് പരിഹാരം ലഭിക്കും. (വാല്യം 1, പു. 169) |
| ചെവി പഴുപ്പ് | തേക്ക് മരവാഴയുടെ മൊട്ടിലെ നീരെടുത്ത് ചെവിയിലൊഴിച്ചാൽ ചെവിപഴുപ്പിനെ പ്രതിരോധിക്കാം. (വാല്യം 12, പു. 81) |
| | അരച്ചെടുത്ത ചങ്ങലം പരണ്ടയുടെ ഇല ചെവിയിലെ പഴുപ്പ് മാറ്റുന്നു. (വാല്യം 7, പു. 152) |
| | നീർപ്പുല്ല് കഷായം വെച്ച് കുടിച്ചാൽ ചെവി പഴുക്കുന്നത് (ചെവിക്കകത്തെ തനുസ്തരം നീരു വന്ന് വീങ്ങുന്നത് കുറയും) (വാല്യം 10, പു. 51) |
| | ആവണക്കിന്റെ ഇലകളിൽ നിന്നും കിട്ടുന്ന എണ്ണ ചെൻ കുമിളു ഇലകളിൽ ചേർത്ത് കരിച്ചെടുത്ത് കിട്ടുന്ന ചാരം ചെവി പോളയിൽ വെക്കുക. ചെവിയിലെ അണുബാധയകറ്റുന്നതിന് ഇത് ഉത്തമമാണ്. (വാല്യം 11, പു. 170) |
| ചെവി അസുഖം | കർണ്ണപുടത്തിലെ അസുഖങ്ങൾക്ക് ആവണക്ക് ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 2, പു. 108) |
| | കുരുമുളക്/മുളകുകൊടി സമൂലം പൊടിയാക്കി വെണ്ണയുമായി ചേർത്ത് ചെവിയിലെ അസുഖങ്ങൾക്കായി ഉപയോഗിക്കാം. (വാല്യം 7, പു. 47) |

#### 4.5.4 ശ്വസനേന്ദ്രിയ രോഗങ്ങൾ

വിവധതരം പനികൾ, തലവേദന, ജലദോഷം, ചുമ, ആസ്തമ, കഫം, തൊണ്ടരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ തുടങ്ങിയ ശ്വസനേന്ദ്രിയവുമായി ബന്ധപ്പെട്ട നിരവധി രോഗങ്ങളെക്കുറിച്ചും അവയ്ക്ക് ഔഷധസസ്യങ്ങൾ ഉപയോഗിച്ചുള്ള പ്രതിവിധിയും ഹോർത്തൂസ് മലബാറിക്കസ്സിൽ നിന്നും ശേഖരിച്ച് 'ശ്വസനേന്ദ്രിയ രോഗങ്ങൾ' എന്ന പട്ടിക 4.4 ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4.4

ശ്വാസനേന്ദ്രിയ രോഗങ്ങൾ

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| പനി | പേരയുടെ ഇല വെള്ളത്തിലിട്ട് തിളപ്പിച്ച് കുളിച്ചാൽ പനി വിയർത്ത് ഭേദമാകും. (വാല്യം 3, പു. 59) |
| | മലാക്കപേരയുടെ ഇല വെള്ളത്തിലിട്ട് തിളപ്പിച്ച് കുളിച്ചാൽ പനി വിയർത്ത് ഭേദമാകും. (വാല്യം 3, പു. 61) |
| | പനിച്ചി മരത്തിന്റെ പുറന്തോട് ചതച്ച് പൊടിച്ച് അരിയിൽ ചേർത്ത് തേങ്ങാപ്പാല് ചേർത്ത് ഉപയോഗിക്കുന്നത് പനിക്ക് ചികിത്സയാണ്. (വാല്യം 3, പു. 85) |
| | താമരത്തുക മരത്തിന്റെ വേര് ഇടിച്ചുപിഴിഞ്ഞെടുക്കുന്ന നീര് കുടിച്ചാൽ പനി കുറയും. (വാല്യം 3, പു. 93) |
| | ബിലിമ്പി മരത്തിന്റെ വേര് ഇടിച്ചുപിഴിഞ്ഞെടുക്കുന്ന നീര് കുടിച്ചാൽ പനി കുറയും. (വാല്യം 3, പു. 98) |
| | മാങ്ങാനാറി കഷായമാക്കി കഴിച്ചാൽ പനിക്ക് നല്ലതാണ്. (വാല്യം 10, പു. 23) |
| | ശതാവേലി കിഴങ്ങിന്റെ വേരിന്റെ നീരെടുത്ത് കഴിക്കുന്നത് പനി ശമിപ്പിക്കും (വാല്യം 10, പു. 38) |
| | നന്നാറി വേര് പൊടിച്ച് കഴിച്ചാൽ പനി ശമിക്കും. (വാല്യം 10, പു. 125) |
| | പനിയ്ക്ക് കുടങ്ങൽ വെള്ളത്തിൽ തിളപ്പിച്ചുപയോഗിക്കുക. (വാല്യം 10, പു. 168) |
| | ആന കുറുന്തോട്ടി / കാട്ടൂരന്റെ വേര് ഉണക്കി പൊടിച്ചത് കുരുമുളകും ചേർത്ത് കഴിച്ചാൽ പനിക്ക് നല്ലതാണ്.  (വാല്യം 10, പു. 201) |
| | മുയൽ ചെവി ഇട്ട് ഉണ്ടാക്കുന്ന കഷായത്തിന് പനിയെ പ്രതിരോധിക്കാനുള്ള കഴിവുണ്ട്.  (വാല്യം 10, പു. 248) |
| | പനിക്കെതിരെ വിഷ്ണുക്രാന്തി (കൃഷ്ണ ക്രാന്തി) ജീരകം ചേർത്ത് തിളപ്പിച്ചുപയോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 11, പു. 233) |
| | സെന്തരക്ലാന്തി (ചന്ദ്രക്രാന്തി) കഷായം പനിക്കെതിരെ ഫലപ്രദമാണ്. (വാല്യം 11, പു. 236) |
| | തെങ്ങിന്റെ വേരും ചുക്കും, വെള്ളത്തിൽ ചേർത്ത് തിളപ്പിച്ചു കുടിക്കുന്നത് പനി മാറാൻ നല്ലതാണ്. (വാല്യം 1, പു. 12). |
| | ഇലഞ്ഞിപ്പൂക്കൾ സ്വേദനം ചെയ്തെടുക്കുന്ന വെള്ളം കുടിക്കുന്നത് പനി കുറയാൻ നല്ലതാണ്. (വാല്യം 1, പു. 69). |
| | അരയാലിന്റെ വേരിന്റെ തൊലി കഷായമാക്കി കൊടുത്താൽ വിട്ടുമാറാത്ത പനിയ്ക്ക് ആശ്വാസം ലഭിക്കും. (വാല്യം 1, പു. 97). |
| | പേരാലിന്റെ തൊലിയിട്ട് തിളപ്പിച്ച വെള്ളം കൊണ്ടു കുളിച്ചാൽ പനിയ്ക്ക് നല്ലതാണ്. (വാല്യം 1, പു. 101). |
| | നെല്ലിക്ക ഉണക്കി പൊടിച്ചത് കഷായമാക്കി കുടിയ്ക്കുക.  ഇത് പനിയ്ക്ക് ഉത്തമമാണ്. |
| | പനിയ്ക്ക് നറും പാണൽ വേര് പൊടിച്ച് വെള്ളം ചേർത്ത് കുഴമ്പ് രൂപത്തിലാക്കി ശർക്കര കൂട്ടി കഴിക്കുക. (വാല്യം 2, പു. 19) |
| | പനിയ്ക്ക് വെങ്കുറിഞ്ഞിയുടെ വേര് കഷായം കുടിക്കുക. (വാല്യം |

| | |
|---|---|
| | 2, പു. 61) |
| | പനിയ്ക്ക് കഴെറ്റിയുടെ അകക്കാമ്പ് പൊടി രൂപത്തിലാക്കി വീഞ്ഞിനൊപ്പം കഴിക്കുക. (വാല്യം 2, പു. 66) |
| | ഉമ്മത്തിന്റെ 3 വരെ വിത്തുകൾ കഴിക്കുന്നത് പനി ശമിപ്പിക്കും. (വാല്യം 2, പു. 89) |
| | എണ്ണയിലുണ്ടാക്കിയ നില - ഉമ്മത്തിൻ കഷായം ശരീരത്തിൽ തേക്കുന്നത് പനിക്ക് നല്ലതാണ്. (വാല്യം 2, പു. 93) |
| | എരിക്കിൻ വേര് കഷായം പനിക്ക് നല്ലതാണ്. (വാല്യം 2, പു. 102) |
| | ആനച്ചുണ്ടയുടെ വേര് കഷായം കുടിക്കുന്നത് നല്ലതാണ്. (വാല്യം 2, പു. 121) |
| | ഇലക്കള്ളിയുടെ വേര് ജീരകം പൊടിച്ചത് എന്നിവ ചേർത്ത് കോവൽ സമൂലം വേവിച്ചതിന്റെ കൂടെ ചുവന്ന പഞ്ചസാര, നെല്ലിപ്പൂവ്, തണുത്തവെള്ളം ഇവചേർത്ത് ഉപയോഗിക്കുന്നത് പനികുറയ്ക്കും. (വാല്യം 8, പു. 53) |
| | പടവലം കഷായരൂപത്തിൽ മധുരം ചേർത്ത് കഴിക്കുന്നത് പനിയ്ക്ക് പ്രതിവിധിയാണ്. (വാല്യം 8, പു. 57) |
| | നിഹേമെക (ഞേമക്ക) യുടെ ഇലനീരും എള്ളെണ്ണയും വറുത്ത ജീരകവും പൊടിച്ചതും ചേർത്ത് ഉപയോഗിച്ചാൽ പനി ഇല്ലാതാവും. (വാല്യം 8, പു. 71) |
| | പനിയ്ക്ക് നിഹേമെക (ഞേമക്ക) ഇലയുടെ നീരും തേൻ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | പൊറിഞ്ചിയുടെ സോപ്പു പോലുള്ള പത തടവുന്നത് പനി മാറും. (വാല്യം 4, പു. 67) |
| | കറിവേപ്പിന്റെ ഇലചേർത്ത് കഷായം പനിക്ക് നല്ലതാണ്. (വാല്യം 4, പു. 194) |
| | പരപന്ന, കൽപന്ന, കരിവള്ളി പന്ന എന്നിവ ചേർത്ത് പനിക്കെതിരെ ഉപയോഗിക്കുന്നു. (വാല്യം 12, പു. 61) |
| | മുത്തങ്ങ വേരിന്റെ കഷായം വെച്ച് കുടിക്കുന്നത് പനിയെ ശമിപ്പിക്കും. (വാല്യം 12, പു. 72) |
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ പനിയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | പാൽ-വള്ളിയുടെ വേരും മല്ലിയും ഇഞ്ചിയും ചേർത്ത് കഴിച്ചാൽ പനി ശമിക്കും. (വാല്യം 9, പു. 34) |
| | തന്തല - കൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം (decoction) ഉപയോഗിച്ച് പനിവന്നതിനു ശേഷം കുളിക്കുന്നതിന് ഉത്തമം. (വാല്യം 9, പു. 87) |
| | തന്തല-കൊട്ടി (2) ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം (decoction) പനി വന്നതിനു ശേഷം കുളിക്കുന്നതിന് ഉത്തമം. (വാല്യം 9, പു. 89) |
| | പരുവിനോടുകൂടി പനി വരുമ്പോൾ ചുവന്ന മണെലിയുടെ വേര്, ഇഞ്ചി, കുരുമുളക് ഇവ ചേർത്ത് കഷായം വെച്ച് കുടിച്ചാൽ പനി മാറും. (വാല്യം 9, പു. 124) |
| | പേ-തുമ്പയുടെ നീര് കുടിക്കുന്നത് പനി ശമിപ്പിക്കും. (വാല്യം 9, പു. 154) |
| | പനിയ്ക്ക് ഇരിവേലി (പനികൂർക്ക) ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 9, പു. 259) |
| | പുങ്ങം/പൊങ്ങത്തിന്റെ ഇലയിട്ട് ആവി പിടിച്ചാൽ പനി ശമിക്കും. |

| | |
|---|---|
| | (വാല്യം 6, പു. 11) |
| | മുരിങ്ങ ഇലയുടെ നീരും കുരുമുളകും ഇഞ്ചിനീരും ചേർത്ത് കൊടുക്കുന്നത് പനി ശമിപ്പിക്കും. (വാല്യം 6, പു. 39-40) |
| | കരിഞ്ഞൊട്ടിയിലകൾ ഇട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക. (വാല്യം 6, പു. 63) |
| | ചിറ്റമൃതിൽ നിന്നെടുക്കുന്ന കഷായം കടുത്ത പനിക്ക് ഉത്തമമാണ്. (വാല്യം 7, പു. 75-76) |
| | കരുകിത്താളിയുടെ കായ പനിക്കെതിരായി ഉപയോഗിക്കുന്നു. (വാല്യം 7, പു. 94) |
| | പൊടവക്കിഴങ്ങ്/നിലകാവിത്തിന്റെ ഇല മല്ലിയുടെ കൂടെ തിളപ്പിച്ച് ഉപയോഗിക്കുന്നത് പനിക്ക് പെട്ടെന്നുള്ള പ്രതിവിധിയാണ്. (വാല്യം 7, പു. 186) |
| | മയിലെള്ളുവിന്റെയും പാൽവള്ളിയുടെയും ഇളം ശിഖരങ്ങൾ ചതച്ചിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് പഴക്കം ചെന്ന പനി മാറ്റുന്നു. (വാല്യം 5, പു. 3) |
| | നെല്ലിയ തന്തല കൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം (decoction) പനിവന്നതിനു ശേഷം കുടിക്കുന്നതിന് ഉത്തമം. (വാല്യം 9, പു. 91) |
| | വലിയ തന്തല കൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം (decoction) പനിവന്നതിനു ശേഷം കുടിക്കുന്നതിന് ഉത്തമം. (വാല്യം 9, പു. 93) |
| | തഴുതാമ കഷായം നാട്ടുകാർ "പിത്താവൊ" എന്ന് വിളിക്കുന്ന പനിയെ ശമിപ്പിക്കുന്നു. (വാല്യം 7, പു. 199-200) |
| കടുത്ത പനി | ബ്ലാത്തി/പ്ലാത്തി കായ് പിഴിഞ്ഞു കിട്ടുന്ന സത്ത് തേനിൽ ചേർത്ത് കഴിച്ചാൽ കടുത്ത പനിശമിക്കും. (വാല്യം 3, പു. 81) |
| | അത്തി-മീരാലിന്റെ ഇലയുടെ നീര് കടുത്ത പനി ശമിപ്പിക്കും. (വാല്യം 3, പു. 135) |
| | വെൺമുഞ്ഞയുടെ വേരിൽ നിന്നുണ്ടാക്കുന്ന കഷായം ശക്തിയായ പനി ശമിപ്പിക്കുന്നതിനുള്ള ഔഷധമാണ്. (വാല്യം 5, പു. 221-222) |
| | ജീരകവും ചെന്നിനായകവും ചേർത്തുപയോഗിച്ചാൽ ശരീരവേദനയോടും വിറയലോടും കൂടിയ കടുത്ത പനി ശമിക്കും. (വാല്യം 10, പു. 129) |
| | കാക്ക-മുള്ളു ചെടി വെള്ളത്തിലിട്ട് ഞെരടുമ്പോൾ മുട്ടയുടെ വെള്ളക്കരുപോലെ കൊഴുത്ത ദ്രാവകം ലഭിക്കുന്നു. ഇത് കഷായമാക്കി കൊടുക്കുന്നത് കടുത്ത പനി മാറാൻ നല്ലതാണ്. (വാല്യം 10, പു. 263) |
| | കടുത്ത പനിയ്ക്ക് നല്ല നിർത്താവയുടെ പൂക്കളും ഉള്ളിയും കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 10, പു. 303) |
| | ചെത്തിയുടെ വേര് ചതച്ച് തണുത്ത വെള്ളത്തിൽ ചേർത്ത് കുടിക്കുന്നത് കടുത്ത പനി ശമിക്കുന്നതിന് നല്ലതാണ്. (വാല്യം 2, പു. 29) |
| | കടുത്ത പനിയ്ക്ക് ഇരുവേലി (പനികൂർക്ക) യുടെ എണ്ണ ചൂടുവെള്ളത്തിൽ ചേർത്ത് കുടിച്ചാൽ കടുത്ത പനി ശമിക്കും. (വാല്യം 9, പു. 259) |
| | ചുണ്ണാമ്പുവള്ളി ശർക്കര ചേർത്ത് വേവിച്ചു കഴിക്കുന്നത് കഠിനമായ പനിക്ക് ഉത്തമമാണ്. (വാല്യം 7, പു. 43) |
| | കുരുമുളകിന്റെ കായ പൊടിച്ച് ചൂടുവെള്ളത്തിലിട്ട് കുടിച്ചാൽ |

| | |
|---|---|
| | കഠിനമായ പനിക്കും മറ്റ് അസുഖങ്ങൾക്കും നല്ലതാണ്. (വാല്യം 7, പു. 47) |
| ഒന്നിടവിട്ട പനി | ചെറു പാണൽ ഇലകൾ പിഴിഞ്ഞെടുക്കുന്ന ചാറ് അല്പം കറുപ്പും ചേർത്ത് നൽകുന്നത് ഇടയ്ക്കിടെയുണ്ടാവുന്ന പനി ശമിപ്പിക്കുന്നു. (വാല്യം 5, പു. 61) |
| | ചെംതാന്നി മരത്തൊലിയും പഴതൊലിയും പൊടിച്ച് കഴിക്കുന്നത് ഒന്നിടവിട്ട പനി (മലേറിയയുടെ ആരംഭം) ഇല്ലാതാക്കുന്നു. (വാല്യം 4, പു. 35) |
| | ഇടവിട്ടു വരുന്ന പനിയ്ക്ക് കടലാടിയുടെ വേര് കൈയ്യിൽ കെട്ടുന്നു. (വാല്യം 10, പു. 282) |
| | പര-പന്ന-മരവാഴ ഇടവിട്ടുണ്ടാകുന്ന പനി ഭേദമാക്കുന്നു. (വാല്യം 12, പു. 57) |
| | അത്തി ആലിന്റെ മൊട്ടിലെ കായ്പോലുള്ള ഭാഗം പാദത്തിനടിവശത്ത് പുരട്ടിയാൽ ഇടവിട്ടുണ്ടാകുന്ന പനി മാറും. (വാല്യം 12, പു. 89) |
| | കാട്ടു-തിർപ്പലിയുടെ പെപ്പർ ചതച്ചെടുത്തത് ഇടവിട്ടുണ്ടാകുന്ന പനിയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 7, പു. 55) |
| പൊള്ളുന്ന പനി | പൊള്ളുന്ന മാരകവും മരണകാരിയുമായ പനിയ്ക്ക് വാളംമ്പുളി ശർക്കരയിൽ കുതിർത്ത് കൊടുക്കുന്നു. (വാല്യം 1, പു. 81). |
| | ചുട്ടുപൊള്ളുന്ന പനിയ്ക്ക് അത്തി ആലിന്റെ തൊലി പൊടിച്ച് നൽകുന്നു. (വാല്യം 1, പു. 89). |
| | പൊള്ളുന്ന പനിയ്ക്ക് കൊടകപാലയുടെ വിത്തുകൾ കഷായമാക്കി കൊടുക്കുക. (വാല്യം 1, പു. 177) |
| | പൊള്ളുന്ന പനിയ്ക്ക് മാവുമരവാഴ/വലിയതേക്ക് മരവാഴയുടെ ചെറിയ വേരുകൾ ചതച്ച് മുണ്ഡനം ചെയ്ത തലയിൽ പുരട്ടുക. (വാല്യം 12, പു. 89) |
| | ആനപരുവ പൊള്ളുന്നതും മാരകവുമായ പനിക്കെതിരെ ഉപയോഗിക്കുന്നു. (വാല്യം 7, പു. 149)4 |
| | ചെറു ചുണ്ടയുടെ വേര് കഷായം ചൂടുപനിയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 125) |
| കഫ സംബന്ധമായ പനി | കാഞ്ഞിരവേര് കഷായം വെച്ച് കുടിക്കുന്നത് കഫ സംബന്ധമായ പനി കുറയ്ക്കുന്നു. (വാല്യം 1, പു. 137) |
| | ആനച്ചുണ്ട കഷായം കുടിക്കുന്നത് കഫാധിക്യത്താൽ ഉണ്ടാകുന്ന പനിക്ക് നല്ലതാണ്. (വാല്യം 2, പു. 121) |
| മാരകമായ പനി | പനിമൂലമുള്ള ചൂടിന് ആഞ്ഞിലി മരവാഴയുടെ തണ്ടുകളിൽ നിന്നും ഇലകളിൽ നിന്നുമെടുക്കുന്ന കൊഴുത്ത ചാറ് നെറ്റിക്കിരുവശങ്ങളും കൈകളിലെ നാഡികളിലും പുരട്ടുന്നത് ഫലപ്രദമാണ്. (വാല്യം 12, പു. 4) |
| | ആനപരുവ പൊള്ളുന്നതും മാരകവുമായ പനിക്കെതിരെ ഉപയോഗിക്കുന്നു. (വാല്യം 7, പു. 149) |
| പനിച്ചൂടു കുറയാൻ | വെൺതേക്കിന്റെ ഇലകളും തേനും ചേർത്തുണ്ടാക്കുന്ന കുഴമ്പ് കഴിക്കുക. (വാല്യം 4, പു. 107) |
| | വീട്ടിമരം മരവാഴയുടെ ചാറും എള്ളെണ്ണ, ശുദ്ധമായ വെണ്ണ എന്നിവയും തിളപ്പിച്ചത് സേവിക്കുന്നത് പനിമൂലമുള്ള ചൂടിനെ നിയന്ത്രണ വിധേയമാക്കും. (വാല്യം 12, പു. 8) |

| | |
|---|---|
| | അപകടകരമായ പനിയുടെ ചൂട് ശമിപ്പിക്കാൻ കാട്ടുപൊന്നാം മര വാഴയുടെ ഇലയുടെ നീര് ഉപയോഗിച്ചാൽ മതി. (വാല്യം 12, പു. 105) |
| ജലദോഷപ്പനി | കുറുന്തോട്ടി വേര് പൊടിച്ചത് കുരുമുളകും ചേർത്ത് വേവിച്ച് കൊടുത്താൽ ജലദോഷപ്പനി മാറും. (വാല്യം 10, പു. 67) |
| | ജലദോഷ പനിയ്ക്ക് കര-നൊച്ചി ഇലയിട്ടു തിളപ്പിച്ച വെള്ളം കുടിക്കുക. (വാല്യം 2, പു. 23) |
| | ജലദോഷത്തെ തുടർന്ന് ഇടയ്ക്കിടെയുണ്ടാവുന്ന വിട്ടുമാറാത്ത പനിയ്ക്ക് ചെത്തിയുടെ തെക്കോട്ടു വളരുന്ന വേരിന്റെ ഭാഗം നല്ല താണ്. (വാല്യം 2, പു. 29) |
| | കീൽ - കൊല - ചെത്തിയുടെ ഏതുഭാഗം കഷായം വെച്ച് കഴി ച്ചാലും ജലദേഷപ്പനി മാറും. (വാല്യം 10, പു. 210) |
| | ജലദോഷപനിയ്ക്ക് ചടെയെൻ ചെടിയുടെ വേരൊഴികെയുള്ള ഭാഗങ്ങൾ കുളിക്കാനുള്ള വെള്ളത്തിലിട്ട് ഉപയോഗിക്കുന്നത് നല്ല താണ്. (വാല്യം 10, പു. 313) |
| ശീതപ്പനി | ചെത്തിക്കൊടുവേലി വേര് ചതച്ച് വെള്ളത്തിലിട്ട് തിളപ്പിച്ച് ഉപ യോഗിച്ചാൽ ശീതപ്പനി കുറയും. (വാല്യം 10, പു. 35) |
| | ചെത്തിക്കൊടുവേലി വേര് ചതച്ച് രക്തധമനികൾക്കു മീതെ വെച്ചാൽ ശീതപ്പനി കുറയും. (വാല്യം 10, പു. 37) |
| | പാലതൊലി പൊടിച്ച് ചൂടുവെള്ളത്തിൽ കഴിക്കുന്നത് ശീതജ്വരം തടയും (വാല്യം 1, പു. 169) |
| | ശീത ജ്വരത്തിന് തിണ്ടപ്പരുവ തിളപ്പിച്ച വെള്ളം കൊണ്ട് മേൽ കഴുകുക. (വാല്യം 1, പു. 181) |
| | അപ്പൽ ഇല കഷായം കുരുമുളക്പൊടി ചേർത്ത് കഴിക്കുന്നത് ശീതജ്വരത്തിന് നല്ലതാണ്. (വാല്യം 1, പു. 205) |
| | അപ്പൽ വേരിൽ നിന്നെടുത്ത എണ്ണയോ അല്ലെങ്കിൽ തൊലിയുടെ എണ്ണയോ ഉപയോഗിക്കുന്നത് ശീതജ്വരത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 205) |
| | ശീതപ്പനി സംബന്ധമായ അസുഖങ്ങൾ നീലമരി ചെടി കഷായം വച്ച് കുടിക്കുന്നു. (വാല്യം 9, പു. 284) |
| വാതപ്പനി | അരയാൽ ഇലയുടെ ചാറ് എണ്ണ കാച്ചി ദേഹത്തു പുരട്ടിയാൽ വാതസംബന്ധമായ പനിക്ക് ഫലപ്രദമാണ്. (വാല്യം 1, പു. 97). |
| | കുമ്പുളു വേരിന്റെ കഷായം കുറച്ച് ചോറ് ചേർത്ത് വാതജ്വര ത്തിന് കഴിക്കുക. (വാല്യം 1, പു. 153) |
| | നീലംപാലയുടെ ഇലയും പട്ടയും (തൊലി) ഇട്ട് തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിക്കുന്നത് വാതപ്പനിയ്ക്ക് ഉത്തമം. (വാല്യം 9, പു. 8) |
| | പൊന്നാം തകരയുടെ കഷായം സന്ധിവാതാത്താലുണ്ടാകുന്ന പനിയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 189) |
| | നീലംപാലയുടെ ഇലയും പട്ടയും (തൊലി) ഇട്ട് തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിക്കുന്നത് വാതപ്പനിയ്ക്ക് ഉത്തമം. (വാല്യം 9, പു. 8) |

| | |
|---|---|
| കോളറപ്പനി | കാട്ടുജീരകം സമൂലം ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീര് തലയിൽ ധാരാളമായി പുരട്ടി വെയ്ക്കുന്നത് കോളറയോടൊപ്പമുള്ള പനിയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 2, പു. 73) |
| | കരിങ്കൂവള ചെടി സമൂലം പൊടിച്ച് പാൽ ചേർത്ത് കോളറ പനിയ്ക്ക് എതിരെ ഉപയോഗിക്കുന്നു. (വാല്യം 11, പു. 159) |
| വിറപ്പനി | തളിരിലകളും കുരുമുളകും പൊടിച്ച് കഞ്ഞിവെള്ളവും ചേർത്ത് ഗുളിക രൂപത്തിലാക്കി ദിവസം രണ്ടോ മൂന്നോ വീതം വിറപ്പനി യുടെ ആരംഭദശയിൽ നൽകാം. (വാല്യം 2, പു. 25) |
| | പാൽമോതകത്തിന്റെ ഇലകൾ പൊടിച്ച് കുളിക്കുവാൻ ഉപയോഗി ക്കുന്നത് വിറയലോടുകൂടിയ പനി അകറ്റുന്നതിന് സഹായിക്കു ന്നു. (വാല്യം 8, പു. 77) |
| അസ്ഥികളിലെ പനി | പാൽ മൊദക്കയുടെ വേര് വെയിലത്തുണക്കി പൊടിച്ച് പഞ്ച സാര ചേർത്ത് വേവിച്ച് വെണ്ണ ചേർത്തുപയോഗിക്കുന്നത് എല്ലു കൾക്ക് അനുഭവപ്പെടുന്ന പനിക്കെതിരെ ഫലപ്രദമാണ്. (വാല്യം 11, പു. 179) |
| | എല്ലുകൾക്കനുഭവപ്പെടുന്ന പനി, ചുമ ഇവയ്ക്കെതിരായി കുമ്പളം ഉപയോഗിക്കുന്നു. (വാല്യം 8, പു. 11) |
| | ചൊറിഗെണത്തിന്റെ വേരിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന നീര് പശു വിൻ പാലിൽ പഞ്ചസാരയും ചേർത്ത് കുടിക്കുന്നത് അസ്ഥിക ളിലെ പനിക്ക് നല്ലതാണ്. (വാല്യം 2, പു. 137) |
| ഞരമ്പ് വലി ഞ്ഞുള്ള പനി | പർപ്പടകത്തിന്റെ ഇലയുടെ നീര് നാരങ്ങാനീര് ചേർത്ത് നൽകു ന്നത് മുതിർന്നവർക്ക് ശരീരവേദനയോടു കൂടിയ ഞരമ്പ് വലി ഞ്ഞുള്ള പനിക്കും കൊടുക്കുക). (വാല്യം 9, പു. 55) |
| പനിമൂർഛിക്കാ തിരിക്കാൻ | ജൈവമരത്തിൽ കാണുന്ന കാട്ടു കൈതമരവാഴ സസ്യത്തിന്റെ ചാറ് വെൻടിക്കുകളെ ബലപ്പെടുത്തുന്നു അതോടൊപ്പം വായു വിനെ പുറന്തള്ളുന്നു. (വാല്യം 12, പു. 97) |
| | പനി മൂർച്ഛിക്കാതിരിക്കാൻ ആരിയവെള്ള വേരോടുകൂടി ഇടിച്ചു പൊടിച്ച് ഗുളിക രൂപത്തിലാക്കി കക്ഷത്തിൽ വയ്ക്കുക. (വാല്യം 9, പു. 79) |
| | പനി മൂർച്ഛിക്കാതിരിക്കാൻ കാരവെള്ള ചെടി വേരോടുകൂടി ഇടിച്ച് പൊടിച്ച് ഗുളികരൂപത്തിലാക്കി കക്ഷത്തിൽ വെക്കുക. (വാല്യം 9, പു. 82) |
| കഠിനമായ പനി | ചുണ്ണാമ്പുചെടിയുടെ ശിഖരങ്ങൾ എടുത്ത് വെള്ളത്തിൽ മുക്കി പഞ്ചസാരയും ചേർത്ത് ഉപയോഗിച്ചാൽ കഠിനമായ പനിയും പ്ലൂറയെ ബാധിക്കുന്ന അസുഖങ്ങൾക്കും ശമനം കിട്ടും. (വാല്യം 7, പു. 43) |
| | ചുണ്ണാമ്പുവള്ളി ശർക്കര ചേർത്ത് വേവിച്ചു കഴിക്കുന്നത് പ്ലൂറയെ ബാധിക്കുന്ന അസുഖങ്ങൾക്ക് ഉത്തമം (വാല്യം 7, പു. 43) |
| | മഞ്ഞക്കൂവയുടെ വേര് ചതച്ചുപിഴിഞ്ഞ നീര് കുടിക്കുന്നത് പനി അധികമുള്ളപ്പോൾ ഫലപ്രദമാണ്. (വാല്യം 11, പു. 32) |
| | മാരകമായ പനിയ്ക്ക് കറുവ വാറ്റിയെടുത്ത എണ്ണ ഉപയോഗിക്കു ന്നു. (വാല്യം 1, പു. 223) |
| | ചെറുകാട്ടുനാരകം മാലിഗ്നന്റ് പനിക്ക് ഫലപ്രദമാണ്. (വാല്യം 4, പു. 47) |
| അപസ്മാര പനി | നിലനാരകത്തിന്റെ വേര് പിഴിഞ്ഞെടുക്കുന്ന നീര് കുടിച്ചാൽ അപസ്മാരത്തോടനുബന്ധിച്ചുള്ള പനി മാറും. (വാല്യം 10, പു. 82) |

| | |
|---|---|
| മസൂരിയുടെ കൂടെയുള്ള പനി | ചെറു - ഞൊങ്ങണം പുല്ലിന്റെ ചാറ് വെനും ചേർത്ത് 2 നേരം വീതം 3 ദിവസം സേവിച്ചാൽ മസൂരി മാറുകയും ഇതിന്റെ കൂടെ യുള്ള പനി കുറയുകയും ചെയ്യുന്നു. (വാല്യം 10, പു. 97) |
| ചുമയോടു കൂടി പനി | ചുമയോടുകൂടിയ പനിക്ക് കാട്ടുതിർത്താവയുടെ വേര് ചൂടാക്കി ഉയോഗിച്ചാൽ മതി. (വാല്യം 10, പു. 306) |
| പനി ഛർദ്ദി പ്പിച്ച് കളയാൻ | തന്തലകൊട്ടി ഇലയുടെ നീര് കുടിച്ചാൽ വയറുവേദന, ഛർദ്ദി എന്നിവയോടൊപ്പമുള്ള പനി ഛർദ്ദിപ്പിച്ച് കളയുന്നു (ഇല്ലാതാക്കു ന്നു). (വാല്യം 9, പു. 87) |
| | നെല്ലിയ തന്തലകൊട്ടി ഇലയുടെ നീര് കുടിച്ചാൽ വയറുവേദന ഛർദ്ദി എന്നിവയോടൊപ്പമുള്ള പനി ഛർദ്ദിപ്പിച്ച് കളയുന്നു (ഇല്ലാ താക്കുന്നു). (വാല്യം 9, പു. 91) |
| | വലിയ തന്തലകൊട്ടി ഇലയുടെ നീര് കുടിച്ചാൽ വയറുവേദന ഛർദ്ദി എന്നിവയോടൊപ്പമുള്ള പനി ഛർദ്ദിപ്പിച്ച് കളയുന്നു (ഇല്ലാ താക്കുന്നു). (വാല്യം 9, പു. 93) |
| പകർച്ചപനി | ചെറുകാട്ടുനാരകം പകർച്ചപനി തടുക്കുന്നു. (വാല്യം 4, പു. 47) |
| | ചെറിയ-മാങ്ങാ-നാറി ചെടിയുടെ നീരും ഇഞ്ചിയും ജീരകവും ചേർത്തതോ അഥവാ എള്ളെണ്ണയും വാറ്റുപുല്ലും ചേർത്ത് അരച്ച് പുരട്ടുകയോ ചെയ്താൽ പകർച്ചവ്യാധിയായ പനിക്ക് (pestilential fever) നല്ലതാണ്. (വാല്യം 9, പു. 293) |
| തുള്ളൽ പനി | കരളെ വേഗൻ കഷായരൂപത്തിലാക്കിയോ കരളെ വേഗൻ വേര് വേവിച്ചത് വെള്ളത്തോടൊപ്പം ഉപയോഗിക്കുകയോ ചെയ്യുന്നത് തുള്ളൽ പനിയ്ക്ക് ഫലപ്രദമാണ്. (വാല്യം 8, പു. 94) |
| പനി അ സ്വാസ്ഥ്യം | പനിമൂലമുള്ള അസ്വാസ്ഥ്യങ്ങൾക്ക് ആഞ്ഞിലി മരവാഴ സമൂലം പൊടിച്ച് കരിമ്പിൻ ചാറിന്റെ കൂടെ ഉപയോഗിക്കുന്നത് ഫലപ്രദ മാണ്. (വാല്യം 12, പു. 4) |
| പൊങ്ങൻ പനി | ശക്തമായ പൊള്ളുന്ന പൊങ്ങൻ പനിക്ക് താളിയ മരവാഴയുടെ വേര് പൊടിച്ചെടുത്ത് നൽകുന്നു. (വാല്യം 12, പു. 17) |
| | പാവൽ/പാവയ്ക്ക പൊടിയാക്കി പുരട്ടുന്നത് മാരകമായ മുഴ കൾക്ക് എതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 35) |
| അഞ്ചാംപനി | കാട്ടുചെറുനാരകം അഞ്ചാംപനിക്ക് പ്രതിവിധിയാണ്. (വാല്യം 4, പു. 47) |
| | അഞ്ചാംപനി (ചെറുവസൂരി)യുള്ള രോഗികൾക്ക് പനിയുണ്ടെ ങ്കിൽ ചോളപുല്ലിന്റെ ചാറ് കൊടുത്താൽ പനിക്ക് ശമനമുണ്ടാ കും. (വാല്യം 12, പു. 215) |
| | അഞ്ചാംപനിക്കുള്ള ഔഷധമായി ബസളപുല്ല് മരവാഴയുടെ നീര് ഉത്തമമായി കാണുന്നു. (വാല്യം 12, പു. 101) |
| | അഞ്ചാംപനി (ചെറുവസൂരി)യുള്ള രോഗികൾക്ക് പനിയുണ്ടെ ങ്കിൽ ചോളപുല്ലിന്റെ ചാറ് കൊടുത്താൽ പനിക്ക് ശമനമുണ്ടാ കും. (വാല്യം 12, പു. 215) |
| തലവേദന | കൂവളമരത്തൊലി പൊടിച്ച് എലക്ടോറിയം (Electuarium- തേനും മറ്റും ചേർത്തുണ്ടാക്കുന്ന മരുന്ന്) സേവിച്ചാൽ തലവേദന അകറ്റും. (വാല്യം 3, പു. 71) |
| | പഞ്ഞിമരത്തിന്റെ ഇളംകായ് ഇടിച്ചുചതച്ച് കുഴമ്പാക്കി തലയിൽ |

| | |
|---|---|
| | പുരട്ടിയാൽ തലവേദന മാറും. (വാല്യം 3, പു. 106) |
| | ബിനെൽ/ബീണൽ മരത്തിന്റെ വേര് എള്ളെണ്ണയിൽ വേവിച്ചു കിട്ടുന്ന കുഴമ്പ് തലച്ചോറിന്റെ വീക്കംമൂലമുണ്ടാകുന്ന തലവേദനയ്ക്ക് ഉത്തമമാണ്. (വാല്യം 5, പു. 15) |
| | കശാവു മരത്തിന്റെ വേര് എണ്ണയിൽ വേവിച്ചെടുത്ത ലേപനം പുരട്ടുന്നത് തലവേദനയെ ശമിപ്പിക്കും. (വാല്യം 5, പു. 73) |
| | ചെറു പോയം (ചെറുപൂവ മരത്തിന്റെ ഇലകളും കായ്കളും തൊലിയും എണ്ണയിൽ വേവിച്ചുണ്ടാക്കുന്ന ലേപനം തലയിൽ പുരട്ടിയാൽ തലവേദന മാറും. (വാല്യം 5, പു. 219) |
| | കൊഴുപ്പ ചതച്ച് അരച്ച് തലയിൽ പുരട്ടിയാൽ തലവേദന മാറും. (വാല്യം 10, പു. 43) |
| | കൈക്കൊത്തെൽ പാല വെള്ളത്തിൽ തിളപ്പിച്ച് ലോഷനാക്കി പുരട്ടിയാൽ തലവേദന മാറും. (വാല്യം 10, പു. 121) |
| | കയ്യോന്നിയുടെ ചെടികൊണ്ടുണ്ടാക്കുന്ന കഷായം തലവേദനയ്ക്ക് നല്ലതാണ്. (വാല്യം 10, പു. 151) |
| | കയ്യോന്നി എണ്ണ ചേർത്ത ഗുളികകൾ (Pillola) കൊടുത്താൽ കഫം നിറയുമ്പോഴുണ്ടാകുന്ന കടുത്ത തലവേദന എന്നിവ മാറും. |
| | പെ-കയ്യെണ്യത്തിന്റെ ഇലകളും പുതിയ എണ്ണയും ചേർത്ത് തേച്ചാൽ തലവേദന ശമിക്കും. (വാല്യം 10, പു. 154) |
| | തലവേദനയ്ക്ക് കുടങ്ങൽ വെള്ളത്തിൽ തിളപ്പിച്ചുപയോഗിക്കുക. (വാല്യം 10, പു. 168) |
| | നിരൂരാൻ ചെടിയുടെ വേര് എണ്ണയിൽ തിളപ്പിച്ച് ആ എണ്ണ തലയിൽ പുരട്ടിയാൽ തുടർച്ചയായുള്ള തലവേദന മാറും. (വാല്യം 10, പു. 205) |
| | തലവേദനയ്ക്ക് നെലവാകയിട്ട് തിളപ്പിച്ച വെള്ളമുപയോഗിച്ച് കുളിക്കുന്നത് ഉത്തമമാണ്. (വാല്യം 10, പു. 253) |
| | കടലാടിയുടെ കായ്കൾ പൊടിച്ച് മൂക്കിൽ വലിച്ചാൽ തലവേദന മാറും. (വാല്യം 10, പു. 282) |
| | വെളുത്ത മൊതല മൂക്കു ചെടിയുടെ വേര് കളഞ്ഞ് ബാക്കി ഭാഗത്തിന്റെ നീര് എള്ളെണ്ണയിൽ ചൂടാക്കി നെറ്റിയിൽ പുരട്ടുക. (വാല്യം 10, പു. 289) |
| | തലവേദനയ്ക്ക് വലിയ കുപ്പമേനിയുടെ ഇലകൾ പൊടിച്ച് കാടി വെള്ളത്തിലിട്ടത് ചെന്നിയിൽ പുരട്ടുക. (വാല്യം 10, പു. 296) |
| | തലവേദനയ്ക്ക് വാറ്റിയെടുത്ത കാട്ടുതൃത്താവയുടെ വേരിൽ നിന്നു ലഭിക്കുന്ന എണ്ണ ചെന്നിയിൽ പുരട്ടുക. (വാല്യം 10, പു. 306) |
| | തലവേദനയുള്ളപ്പോൾ തുമ്പനീര് മൂക്കിലിറ്റിക്കുന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 324) |
| | കടുത്ത തലവേദനയുള്ളപ്പോൾ ചെവിയുടെ അരികുവശങ്ങളിലായി എണ്ണയിൽ ചൂടാക്കിയ തുമ്പ തണുപ്പിച്ച് ഒഴിക്കുക. (വാല്യം 10, പു. 327) |
| | മലയിഞ്ചിക്കൂവയുടെ വേര് തിളപ്പിച്ച് കുടിക്കുന്നത് തലവേദനയ്ക്ക് ആശ്വാസം നൽകും. (വാല്യം 11, പു. 48) |
| | ചിറ്റാമ്പലിന്റെ വേരിന്റെ കിഴങ്ങുകൾ പോലെ വെള്ളത്തിനടിയിൽ കാണുന്ന ഭാഗം കരിച്ച് വീഞ്ഞും നെയ്യും ചേർത്തുണ്ടാക്കിയ ലേപനം കരഞ്ഞണ്ടും ചേർത്ത് വറുത്തെടുത്ത് ഉപയോഗിക്കുന്നത് തുടർച്ചയായുള്ള തലവേദനയ്ക്കെതിരെ ഉപയോഗിക്കുന്നു. (വാല്യം 11, പു. 99) |

| | |
|---|---|
| | തലവേദനയ്ക്ക് ഇലപ്പോളയുടെ ഇലയും വേരും പച്ചമഞ്ഞളും ചേർത്തരച്ചുണ്ടാക്കുന്ന ലേപനം ചെന്നിയിൽ പുരട്ടുന്നത് ആശ്വാസം നൽകും. (വാല്യം 11, പു. 127) |
| | തലനീളി സസ്യം, സമുദ്രവാടി, ഇരട്ടിമധുരം ഇവ ചേർത്തുണ്ടാക്കുന്ന കഷായത്തിൽ എള്ളെണ്ണ ചേർത്ത് തയ്യാറാക്കുന്ന ലേപനം തലയിൽ പുരട്ടുന്നത് തലവേദന അകറ്റും. (വാല്യം 11, പു. 198) |
| | ചൂരിയ ക്രാന്തി (ഈശ്വരമുല്ല) യുടെ ഇലകളിൽ നിന്നും പിഴിഞ്ഞെടുക്കുന്ന നീര് തുമ്മലുണ്ടാക്കി തലവേദന അകറ്റുന്നു. (വാല്യം 11, പു. 220) |
| | സെന്തരക്ലാന്തി (ചന്ദ്രക്രാന്തി) പൊടിച്ച് വെള്ളത്തിൽ ചേർത്ത് തലയിൽ തേക്കുന്നത് എല്ലാവിധ തലവേദനയെയും നീക്കും. . (വാല്യം 11, പു. 236) |
| | ചെമ്പകത്തിന്റെ പൂക്കൾ ചതച്ചിട്ടു കാച്ചിയ എണ്ണ തലയിൽ പുരട്ടുന്നത് തലവേദനയ്ക്ക് പ്രതിവിധിയാണ്. (വാല്യം 1, പു. 66). |
| | ചെമ്പക പൂക്കൾ 40 ദിവസം മുക്കിയിട്ട എണ്ണ പുരട്ടിയാൽ തലവേദന മാറും. (വാല്യം 1, പു. 66). |
| | താളി പരിത്തിയുടെ പൂക്കൾ ചതച്ച് മുലപ്പാലിനോടൊപ്പം ചാലിച്ച് ചെവിയിലൊഴിച്ചാൽ തലവേദന ഭേദമാകും. (വാല്യം 1, പു. 109). |
| | കുരു പരുത്തിയുടെ ഇല ചതച്ച് പശുവിൻ പാൽ ചേർത്ത് തലയിൽ പുരട്ടുന്നത് തലവേദന ശമിപ്പിക്കും. (വാല്യം 1, പു. 113). |
| | വെള്ള മന്ദാരത്തിന്റെ പൂക്കൾ കുരുമുളക് ചേർത്ത് ചതച്ച് നെറ്റിയിൽ പുരട്ടുക (വാല്യം 1, പു. 125). |
| | അപ്പൽ ചെടിയുടെ മുഴുവൻ ഭാഗങ്ങളും തലവേദനയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 1, പു. 205) |
| | പാണെൽ ഇല തലവേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 15) |
| | തലവേദനയ്ക്ക് ചെത്തിയുടെ വേര് ചതച്ച് തണുത്ത വെള്ളത്തിൽ ചേർത്ത് കുടിക്കുക. (വാല്യം 2, പു. 29) |
| | തലവേദനയ്ക്ക് വെം - ചെത്തി പൂക്കളില് നിന്നെടുക്കുന്ന ചാറ് മൂക്കിൽ ഒഴിക്കുക. (വാല്യം 2, പു. 31) |
| | തലവേദനയ്ക്ക് ആവണക്കിന്റെ ഇലകൾ ചതച്ച് തലയിൽ വെക്കുക. (വാല്യം 2, പു. 108) |
| | കരാമ്പു ചെടി ചതച്ച് തലയ്ക്കുമുകളിൽ വീശുന്നത് തലവേദന മാറ്റുന്നു. (വാല്യം 2, പു. 179) |
| | നന്തിയാർവട്ട വേര് എണ്ണയോടൊപ്പം കാച്ചി തേക്കുന്നത് തലയുടെ എല്ലാ അസുഖങ്ങളും വിശേഷിച്ച് തലവേദന മാറ്റുന്നു. (വാല്യം 2, പു. 197) |
| | എരിമ പാവൽ നാളികേരം, കുരുമുളക്, ചുവന്ന ചന്ദനം എന്നിവയുടെ കൂടെയോ അല്ലെങ്കിൽ നെല്ലിക്കയുടെ പൂവും കൂടി പൊടിച്ച് കഞ്ഞിവെള്ളത്തിൽ ചേർത്ത് കുഴമ്പുരൂപത്തിലാക്കി ഉപയോഗിക്കുന്നത് എല്ലാതരത്തിലുമുള്ള തലവേദന അകറ്റുന്നു. (വാല്യം 8, പു. 44) |
| | പാടക്കിഴങ്ങിന്റെ നീരും നെല്ലിപ്പൂവും, കോവലിന്റെ നീരും ചേർത്ത് ഉപയോഗിക്കുന്നത് തലവേദന ഭേദമാക്കുന്നതിന് നല്ലതാണ്. (വാല്യം 8, പു. 53) |
| | പാൽമോതക്കത്തിന്റെ ഇലകൾ പൊടിച്ച് കഞ്ഞിവെള്ളം ചേർത്ത് ഉണ്ടാക്കുന്ന ലേപനം തലവേദന മാറ്റുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 8, പു. 77) |

| | |
|---|---|
| | ഓരില മൊതക്കയുടെ ചെടി വെണ്ണയിൽ വേവിച്ച് ഉപയോഗിക്കുന്നത് തലവേദന തടയുന്നു. (വാല്യം 8, പു. 85) |
| | തലവേദനയ്ക്ക് കരളെ വേഗൻ കഷായരൂപത്തിലാക്കിയോ കരളെ വേഗൻ വേര് വേവിച്ചത് വെള്ളത്തോടൊപ്പം ഉപയോഗിക്കുകയോ ചെയ്യുന്നത് ഫലപ്രദമാണ്. (വാല്യം 8, പു. 94) |
| | തലവേദനയ്ക്ക് നാഗവള്ളിയുടെ നീരും വെണ്ണയും ചേർത്ത് തലയിൽ പുരട്ടുക. (വാല്യം 8, പു. 109) |
| | ഇരുവേലിയുടെ (പനികൂർക്ക) വേര് അരച്ച് മുലപ്പാൽ ചേർത്ത് നെറ്റിയിൽ പുരട്ടിയാൽ തലവേദന ശമിക്കും. (വാല്യം 9, പു. 259) |
| | കല്ലു-താളി ചെടിയിൽ നിന്നുണ്ടാക്കുന്ന പാനീയം പനിയോടുകൂടിയ തലവേദനയെ മാറ്റുന്നു. (വാല്യം 9, പു. 278) |
| | മുള്ളവയുടെ ഇല കത്തിച്ച പുക ശ്വസിക്കുന്നത് തലവേദനക്കാശ്വാസം നൽകും. (വാല്യം 6, പു. 23) |
| | തലവേദയ്ക്ക് മുരിക്കിന്റെ ഇല പിഴിഞ്ഞെടുത്ത് നെറ്റിയിൽ പുരട്ടുക. (വാല്യം 6, പു. 27) |
| | മട്ടികായ/പൊങ്ങല്യകായ 'Munja' ചേർത്ത് ഇടിച്ച് പിഴിഞ്ഞ് കഞ്ഞിവെള്ളം ചേർത്ത് കണ്ണിനുമേൽ വെച്ചാൽ തലവേദന മാറിക്കിട്ടും. (വാല്യം 6, പു.55) |
| | കരിവിലാണ്ടിയുടെ വേര്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൂടെ തുണിയിൽ പൊതിഞ്ഞ് നല്ലെണ്ണ (എള്ളെണ്ണ) മേമ്പൊടി ചേർത്ത് ഉച്ഛ്വസിച്ചാൽ തലവേദനയ്ക്ക് ശമനം കിട്ടും. (വാല്യം 7, പു. 115) |
| | കരിവിലാണ്ടി വേര് ഇരട്ടി മധുരം, കാഞ്ഞിരത്തൊലി, പുളിനീര് എന്നി ഇട്ടു കുളിച്ചാലും തലവേദനയകലും. (വാല്യം 7, പു. 115) |
| | കരിവിലാണ്ടി വേര് ഇരട്ടിമധുരം, കാഞ്ഞിരതൊലി, പുളിനീര് എന്നിവ തിളപ്പിച്ച് നെറ്റിയിൽ പുരട്ടുകയും ചെവിയിലൊഴിക്കുകയും ചെയ്താലും തലവേദനയ്ക്ക് നന്ന്. (വാല്യം 7, പു. 115) |
| | പാടക്കിഴങ്ങിന്റെ ഇലയുടെ ചാറ് പുരട്ടുന്നത് തലവേദന ശമിക്കാനുത്തമമാണ്. (വാല്യം 7, പു. 181) |
| | പയറിന്റെ കൂടെ മുത്തങ്ങയുടെ കിഴങ്ങോ നെല്ലിക്കയോ പച്ചോറ്റിയുടെ തൊലിയും മരമഞ്ഞളും കൂടി പശുവിൻ പാലിൽ തിളപ്പിച്ചാൽ ശക്തമായ തലവേദന ശമിപ്പിക്കുവാൻ തലയിൽ ധാരകോരുവാനുള്ള ഒരു ദ്രാവകം ഉണ്ടാക്കാം. (വാല്യം 8, പു. 147) |
| | പയറിന്റെ വിത്തുപൊടിച്ചതും ചന്ദനമോ അല്ലെങ്കിൽ വാളമ്പുളി മരത്തിന്റെ വേരുചതച്ചതും ചേർത്തുപയോഗിച്ചാൽ കഫം കെട്ടിനിന്നുണ്ടാകുന്ന തലവേദന അകറ്റാം. (വാല്യം 8, പു. 147) |
| | പയറിന്റെ വേര്, കുറുന്തോട്ടി വേര്, ചുക്ക് എന്നിവ വെള്ളത്തിൽ തിളപ്പിച്ചതും വെണ്ണയും കൂട്ടി ചാലിച്ചുണ്ടാക്കുന്ന ലേപനം (semperiri യുടെ ഇലകളും ഇതിൽ കൂട്ടാം) തലവേദന ശമിപ്പിക്കും. (വാല്യം 8, പു. 147) |
| | കാട്ടുചന്ദനമെന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന കാട്ടുജംബയുടെ വേരരച്ച് പുരട്ടുക. (വാല്യം 4, പു. 23) |
| | കാട്ടുചേരിന്റെ പഴം കഷായം വെച്ച് കഴിക്കുക. ജലദോഷംകൊണ്ടുണ്ടാവുന്ന തലവേദനയ്ക്ക് നല്ലതാണ്. (വാല്യം 4, പു. 27) |
| | കാട്ടുനാരകത്തിന്റെ ഇലകൾ എണ്ണയിൽ തിളപ്പിച്ച് നെറ്റിയിൽ പതിക്കുന്നത് തലവേദനയില്ലാതാക്കുന്നു. (വാല്യം 4, പു. 39) |
| | പൊറഞ്ചിയുടെ സോപ്പുപോലുള്ള പത നെറ്റിയിൽ തടവുന്നത് തലവേദനയില്ലാതാക്കും. (വാല്യം 4, പു. 67) |

| | |
|---|---|
| | ചെറുതേക്ക് മരത്തിന്റെ തണ്ടിൽ നിന്നും ഇലയിൽ നിന്നും ഒരിനം എണ്ണയെടുക്കുന്നു. ഇത് വെണ്ണയിൽ ചാലിച്ച് പുരട്ടുന്നത് തലവേദനയ്ക്ക് നല്ലതാണ്. (വാല്യം 4, പു. 103) |
| | ഇരിപ്പയുടെ ഇലകൾ മാവിലയും ചേർത്ത് പാലിൽ പുഴുങ്ങി ചതച്ച് പൊതിഞ്ഞു കെട്ടിവെയ്ക്കുന്ന ഇക്ടെറോ (മഞ്ഞപ്പിത്തം, ആസ്തമ, ദഹനക്കേട് എന്നിവകൊണ്ടുള്ള തലവേദനയില്ലാതാക്കുന്നു). (വാല്യം 4, പു. 111) |
| | പുന്നയുടെ വേരിന്റെ തൊലി ചതച്ച് വിനാഗിരിയിൽ ചാലിച്ച് സത്തെടുത്ത് നെറ്റിയിൽ പുരട്ടുക. തലവേദനയ്ക്ക് ഉത്തമമാണ്. (വാല്യം 4, പു. 139) |
| | കഠിനമായ തലവേദനയ്ക്ക മോദകത്തിന്റെ തൊലിയും വേരുമിട്ട് വെള്ളത്തിൽ തിളപ്പിച്ചെടുക്കുന്ന കഷായം കഴിക്കാൻ കൊടുക്കുന്നു. (വാല്യം 4, പു. 214) |
| | ചാറ്, എള്ള്, ഇഞ്ചി, തിപ്പലി എന്നിവ ചേർത്ത് നെറ്റിത്തടത്തിൽ പുരട്ടിയാൽ ശക്തമായ തലവേദന അകറ്റും. (വാല്യം 12, പു. 125) |
| | തലവേദനയ്ക്ക് വെളിച്ചെണ്ണയിൽ നിലപന തിളപ്പിച്ച് കഴുത്ത് പുറകിലോട്ട് തിരിച്ചശേഷം കുടിച്ചാൽ ഇത് ശമിക്കും. (വാല്യം 12, പു. 193) |
| | ചെറുചൂരലിന്റെ വേര് വാട്ടിയെടുത്ത് നീര് നെറ്റിത്തടത്തിൽ പുരട്ടിയാൽ ശക്തമായ തലവേദനയെ ഭേദമാക്കും. (വാല്യം 12, പു. 208) |
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ തലവേദനയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | വട്ട-കാക്ക-ക്കൊടി വേരിന്റെ തൊലിയരച്ച് വെള്ളം ചേർത്ത് കഴിച്ചാൽ സ്ത്രീകളുടെ പ്രസവാനന്തരമുണ്ടാകുന്ന കടുത്ത തലവേദന ശമിക്കാനത്യുത്തമം. (വാല്യം 9, പു. 47) |
| | മൻ/വൻതൊട്ടാവാടി ചതച്ചെടുത്ത നീരും ചന്ദനവും കൂട്ടി ശിരോവാതം മൂലമുണ്ടാകുന്ന ശക്തമായ തലവേദനയ്ക്ക് എതിരായി ഉപയോഗിക്കുന്നു. (വാല്യം 9, പു. 75) |
| | വള്ളിക്കാഞ്ഞിരത്തിലകളുടെ നീര് വെളിച്ചെണ്ണയിൽ സമം ചേർത്ത് തിളപ്പിച്ച് തേക്കുന്നത് തല വേദനയകറ്റുന്നു. (വാല്യം 7, പു. 11) |
| | കുരു പരുത്തിയുടെ ഇല ചതച്ച് പശുവിൻ പാൽ ചേർത്ത് തലയിൽ പുരട്ടുന്നത് തലവേദന ശമിപ്പിക്കും. (വാല്യം 1, പു. 113). |
| ജലദോഷം | നീലം പാലയുടെ വിത്തിൽ നിന്നുണ്ടാക്കുന്ന ഗുളിക ജലദോഷത്തിന് ഫലപ്രദമാണ്. (വാല്യം 9, പു. 8) |
| | ജലദോഷത്തിന് ആരിയവെള്ള വേരോടുകൂടി ഇടിച്ചുപൊടിച്ച് ഗുളിക രൂപത്തിലാക്കി കക്ഷത്തിൽ വയ്ക്കുക. (വാല്യം 9, പു. 79) |
| | ജലദോഷം മാറാൻ കാരവെള്ള വേരോടുകൂടി ഇടിച്ചു പൊടിച്ച് ഗുളിക രൂപത്തിലാക്കി കക്ഷത്തിൽ വെക്കു. (വാല്യം 9, പു. 82) |
| | കരിഞ്ഞൊട്ടിയിലകൾ ഇട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക. (വാല്യം 6, പു. 63) |
| | വട്ടതാളി ഇലകൾ വെള്ളത്തിൽ തിളപ്പിച്ച് കളിക്കുന്നത് ജലദോഷവും പനിയും കുറയ്ക്കും. (വാല്യം 5, പു. 120) |
| | വട്ടത്താളിയുടെ പൂവും കായും ചതച്ച് മുലപ്പാലിൽ വേവിച്ച് (cooked) നസ്യം ചെയ്താൽ ജലദോഷ പനിയും മാറും. (വാല്യം 5, പു. 120) |

| | |
|---|---|
| | നിരൂരെൻ ചെടിയുടെ വിത്തും, ഇലയും കൂടി പിഴിഞ്ഞെടുത്ത നീരിൽ മുലപ്പാൽ ചേർത്തെടുക്കുന്ന നീര് രണ്ടു തുള്ളി മൂക്കിലി റ്റിച്ചാൽ ജലദോഷം (പീനസം) കുറയും. (വാല്യം 10, പു. 205) |
| | ചെറുചുണ്ടയുടെ വേര് കഷായം തേനിനോടൊപ്പം കഴിക്കുക. (വാല്യം 2, പു. 125) |
| | ജലദോഷത്തിന് നാഗവള്ളിയുടെ നീരും വെണ്ണയും ചേർത്ത് തല യിൽ പുരട്ടുക. (വാല്യം 8, പു. 109) |
| | കക്കുവള്ളിയുടെ തൊലി, ചുക്ക്, കരിങ്ങാലിയുടെ കായ് എന്നിവ പൊടിച്ച്, വേപ്പെണ്ണ കരിങ്ങോലയുടെ പഴം എന്നിവയിൽ വേവിച്ച് നട്ടെല്ലിൽ പുരട്ടുന്നത് ഹാനികരമായ ജലദോഷം തടയുന്നു. (വാല്യം 8, പു. 128) |
| | കാട്ടുനാരകത്തിന്റെ ഇലച്ചാറ് തുമ്മലുണ്ടാക്കുന്നതിനും ജല ദോഷം തീർക്കുന്നതിനും അത്യുത്തമമാണ്. (വാല്യം 4, പു. 39) |
| | കാട്ടു നാരകത്തിലയും നീരും തിപ്പലിയും ഇഞ്ചിയും കൽക്ക ണ്ടവും ചേർത്ത് കഴിക്കുക. (വാല്യം 4, പു. 43) |
| | തേക്ക് മരവാഴ സമൂലമിട്ട് തിളപ്പിച്ച വെള്ളം കൊണ്ട് കുളിക്കു ന്നത് എല്ലാതരം നീർക്കെട്ടും ജലദോഷവും മാറ്റുന്നു. (വാല്യം 12, പു. 81) |
| | പേ-തുമ്പയുടെ നീര് കുടിക്കുന്നത് ജലദോഷത്തിന് ഫലപ്രദമാ ണ്. (വാല്യം 9, പു. 154) |
| | മുരിങ്ങാതൊലിയുടെ നീരും വെളുത്തുള്ളിവെള്ളവും ചേർത്ത മിശ്രിതം കുടിക്കുകയോ പുരട്ടുകയോ ചെയ്യുന്നത് ജലദോഷം ശമിപ്പിക്കും. (വാല്യം 6, പു. 39-40) |
| | പൊടവക്കിഴങ്ങ്/നിലകാവിത്ത് ഇല മല്ലിയുടെ കൂടെ തിളപ്പിച്ച് ഉപയോഗിക്കുന്നത് ജലദോഷത്തിന് പെട്ടെന്നുള്ള പ്രതിവിധിയാ ണ്. (വാല്യം 7, പു. 186) |
| മൂക്കൊലിപ്പ് | മൂക്കൊലിപ്പിന് അകത്തിയുടെ പൂക്കൾ കഷായം വെച്ച് കഴിക്കു ക. (വാല്യം 1, പു. 197) |
| | നിരൂരെൻ ചെടിയും വിത്തും ഇലയും കൂടി പിഴിഞ്ഞെടുത്ത നീരിൽ മുലപ്പാൽ ചേർത്തെടുക്കുന്ന നീര് രണ്ട് തുള്ളി മൂക്കിലിറ്റി ച്ചാൽ മൂക്കൊലിപ്പ് മാറും. (വാല്യം 10, പു. 205) |
| | വെളുത്ത ചമ്പകത്തിന്റെ ഇലകൾ ചതച്ച് വെളിച്ചെണ്ണയിൽ ചാലിച്ച് കുഴമ്പാക്കി നെറ്റിയിൽ തേച്ചാൽ തലയിലെ കഫവും നീർകെട്ടും കട്ടികുറഞ്ഞ് മൂക്കിലൂടെ വെള്ളംപോലെ ഒഴുകിപോ കും. (വാല്യം 3, പു. 115) |
| ചുമയും ശ്വാസം മുട്ടലും | വെളുത്ത ചമ്പകത്തിന്റെ ഇലപിഴിഞ്ഞ് കുടിച്ചാൽ കഫമിളകി, ചുമ സുഖപ്പെടും. (വാല്യം 3, പു. 115) |
| | വള്ളിതെരഗത്തിന്റെ ഇലയുടെ തൊലിഭാഗം മല്ലിയുമായി ചേർത്ത് പൊടിച്ചു കഴിച്ചാൽ ചുമയും ശ്വാസംമുട്ടലും ഭേദപ്പെടും. (വാല്യം 3, പു. 150) |
| | സ്യാലിറ്റയുടെ ഇളംകായ് പഞ്ചസാരയിൽ ചേർത്തുണ്ടാക്കുന്ന പഴച്ചാറിന് കഫം പുറത്തുകൊണ്ടുവന്ന് ചുമ ഭേദപ്പെടുത്താനാ കും. (വാല്യം 3, പു. 76) |
| | ചെലയുടെ മരത്തൊലിയും കുരുമുളകും വെള്ളത്തിൽ ചേർത്തു ണ്ടാക്കുന്ന മരുന്നിന് ഇടവിടാത്ത ചുമയെ ശമിപ്പിക്കാനാവും. (വാല്യം 3, പു. 150) |
| | തിപ്പലിയും ജീരകവും ചേർത്ത് പെരിൻ നിരൂരിമരത്തന്റെ ഇലയും കായും വേരും വെള്ളത്തിൽ തിളപ്പിച്ചെടുക്കുന്ന പാനീയം ശ്വാസകോശരോഗങ്ങളായ (ആസ്തമ, ചുമ, ക്ഷയം) |

| | |
|---|---|
| | എന്നിവയ്ക്കുത്തമം. (വാല്യം 5, പു. 167) |
| | ചുമയ്ക്ക് കീഴാർനെല്ലിവേരും സമാനഗുണമുള്ള മറ്റ് ഔഷധച്ചെടികളുടെയും വേര് പൊടിച്ച് കഴിക്കുക. (വാല്യം 10, പു. 58) |
| | ചുമയ്ക്ക് വാടാപ്പൂ ഇലയും നാരങ്ങയും ചന്ദനവും ചേർത്തുപയോഗിക്കുക. (വാല്യം 10, പു. 133) |
| | അടയ്ക്കാ മണിയൻ തേനും ചേർത്ത് കഴിച്ചാൽ ചുമ മാറും. (വാല്യം 10, പു. 159) |
| | കാട്ടു തിർത്താവയുടെ വേര് ചൂടാക്കി ഉപയോഗിക്കുന്നത് ചുമയ്ക്ക് നല്ലതാണ്. (വാല്യം 10, പു. 306) |
| | ഇഞ്ചി ചുമയെ പ്രതിരോധിക്കുന്നു. (വാല്യം 11, പു. 41) |
| | കൊടകപായലിന്റെ ഇലകൾ പൊടിച്ച് പനിനീരും പഞ്ചസാരയും ചേർത്ത് കഴിക്കുന്നത് കഠിനമായ ചുമയ്ക്ക് പ്രതിവിധിയാണ്. (വാല്യം 11, പു. 112) |
| | പൊങ്ങ് (തേങ്ങക്കുള്ളിൽ വളരുന്ന) അരിചേർത്ത് വറുത്തുകൊടുക്കുന്നത് വിഷാദം മൂലമുണ്ടാകുന്ന ചുമക്ക് നല്ലതാണ്. (വാല്യം 1, പു. 12). |
| | പഞ്ചസാരയും തേനും ചേർത്ത് ചൊവന്ന മന്താരുവിന്റെ വേര് കഷായം വെച്ച് കഴിച്ചാൽ ചുമ കുറയുന്നു. (വാല്യം 1, പു. 117). |
| | ചുമയ്ക്ക് കറുവയുടെ വേരിന്റെ തൊലി പൊടിച്ച് പാലിൽ ചേർത്തോ പഞ്ചസാരയിൽ ചേർത്തോ കൊടുക്കുക. (വാല്യം 1, പു. 223) |
| | തണുത്തതും കഫമുണ്ടാക്കുന്നതുമായ ദ്രാവകങ്ങൾ കഴിച്ചുണ്ടാകുന്ന ചുമയ്ക്ക് കറുവ വാറ്റിയെടുത്ത എണ്ണ നല്ലതാണ്. (വാല്യം 1, പു. 223) |
| | ചുമയ്ക്ക് കരിം കുറിഞ്ഞിയുടെ ഇലകഷായം ചൂടുവെള്ളത്തിൽ കഴിക്കുക. (വാല്യം 2, പു. 57) |
| | കാട്ടു ജീരകത്തിന്റെ വിത്തുകൾ പൊടിച്ച് ചൂടുവെള്ളത്തൊടൊപ്പം കഴിക്കുക. (വാല്യം 2, പു. 73) |
| | ആനച്ചുണ്ട കഷായം ചുമയ്ക്ക് ഫലപ്രദമാണ്. (വാല്യം 2, പു. 121) |
| | ആനചുണ്ടയുടെ വേര് ചതച്ച് വീഞ്ഞിനോടൊപ്പം കൊടുക്കുന്നത് ചുമ നിർത്താൻ സഹായിക്കും. (വാല്യം 2, പു. 121) |
| | കരാമ്പു വിത്തുകൾ പൊടിച്ച് തേനിന്റെ കൂടെ കൊടുക്കുന്നത് ചുമയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 173) |
| | ചുമയ്ക്ക് പാവലും മൂപ്പെത്താത്ത മഞ്ഞളും ചുക്കും ചേർത്തെടുക്കുന്ന നീരും പഞ്ചസാര, ജീരകം എന്നിവപൊടിച്ച് നാരങ്ങാനീരിൽ ചേർത്തതും കൂടിയുള്ള മിശ്രിതം നല്ലതാണ്. (വാല്യം 8, പു. 37) |
| | ചുമയ്ക്ക് നിഹേമെക (ഞേമക്ക) ഇലയുടെ നീരും തേൻ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | മൊട്ട മോതക്കത്തിന്റെ വേരിന്റെ തൊലിയും തേനും ചേർത്തുണ്ടാക്കുന്ന ലേപനം ചുമയ്ക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 81) |
| | ഉഴിഞ്ഞ ഇല പൊടിച്ച് കഴിക്കുന്നത് ചുമയ്ക്ക് ഫലപ്രദമാണ്. (വാല്യം 8, പു. 107) |
| | കുന്നിയുടെ ഇലയും ഇഞ്ചിപ്പുല്ലും പൊടിച്ച മിശ്രിതം പൊടിയാക്കി സൂര്യപ്രകാശത്തിൽ ഉണക്കി ശർക്കര ചേർത്ത് വിഴുങ്ങുന്നത് ശക്തമായ ചുമയ്ക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 139) |

| | |
|---|---|
| | കാട്ടു നാരകത്തിലയും നീരും തിപ്പലിയും ഇഞ്ചിയും കൽക്കണ്ടവും ചേർത്ത് കഴിക്കുക (വാല്യം 4, പു. 43) |
| | പാകമാവാത്ത ഞാവൽ ഫലങ്ങളുടെ നീര് കൽക്കണ്ടം ചേർത്ത് ദ്രവരൂപത്തിൽ കൊടുക്കുന്നത് ചുമക്ക് ഉത്തമമാണ്. (വാല്യം 4, പു. 55) |
| | ചുമയ്ക്ക് കാട്ടുകദളി എന്ന് പറയപ്പെട്ടിരുന്ന ഈ ചെടിയുടെ ഇലകൾ ചതച്ച് പൊടിയാക്കി ഉണക്കിയ വെറ്റില പൊടിച്ചു ചേർത്ത് ശർക്കരയിൽ കൊടുക്കുക. (വാല്യം 4, പു. 160) |
| | ചുമയ്ക്ക് പര-പന്ന-മരവാഴ ഉപയോഗത്തിലൂടെ ശമനം ഉണ്ടാക്കുന്നു. (വാല്യം 12, പു. 57) |
| | കൽപന്ന, പരപന്ന, കരിവള്ളി പന്ന എന്നിവ ചേർത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്നു. (വാല്യം 12, പു. 61) |
| | പഞ്ചസാരയോടൊപ്പം പന്നമരവാഴയുടെ സിറപ്പ് ഉണ്ടാക്കിയെടുത്തുപയോഗിക്കുന്നത് ചുമയ്ക്ക് ഫലപ്രദമാണ്. (വാല്യം 12, പു. 73) |
| | ചെറുമണലി വേര് കളഞ്ഞ് ഇടിച്ച് പൊടിയും അല്പം കുരുമുളകും ചേർത്ത് ചൂടുവെള്ളത്തിൽ കലർത്തി കുടിക്കുന്നത് ചുമയെ ശമിപ്പിക്കും. (വാല്യം 9, പു. 129) |
| | ചുണ്ണാമ്പുചെടിയുടെ ശിഖരങ്ങൾ എടുത്ത് വെള്ളത്തിൽ മുക്കി പഞ്ചസാര ചേർത്ത് ഉപയോഗിക്കുക. (വാല്യം 7, പു. 43) |
| | കാട്ടു-മുളകു കൊടിയും കാട്ടുതിപ്പലിയുടെയും നീര് വെണ്ണയുമായി ചേർത്തു കഴിക്കുന്നത് ചുമയ്ക്ക് നല്ലതാണ്. (വാല്യം 7, പു. 49) |
| ആസ്തമ | ചെലയുടെ മരത്തൊലിയും കുരുമുളകും വെള്ളത്തിൽ ചേർത്തുണ്ടാക്കുന്ന മരുന്ന് ശ്വാസകോശത്തിലെ അണുബാധ തടയുന്നു. (വാല്യം 3, പു. 150) |
| | കടലാടി വേര് കഷായം വെച്ച് കഴിക്കുന്നത് ശ്വാസനാളിയിലെ അമിതദ്രാവകത്തിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 10, പു. 282) |
| | ശ്വാസകോശാവരണ വീക്കത്തിന് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | ബ്ലാത്തികായ് പിഴിഞ്ഞ് കിട്ടുന്ന സത്ത് തേനിൽ ചേർത്ത് കഴിച്ചാൽ ആസ്തമക്ക് ശമനമുണ്ടാകും. രോഗി ഗാഢനിദ്രയിലാവുകയും ചെയ്യും. (വാല്യം 3, പു. 81) |
| | തിപ്പലിയും ജീരകവും ചേർത്ത് പെരിൻ നിരൂരിമരത്തന്റെ ഇലയും കായും വേരും വെള്ളത്തിൽ തിളപ്പിച്ചെടുക്കുന്ന പാനീയം ശ്വാസകോശരോഗങ്ങളായ (ആസ്തമ, ചുമ, ക്ഷയം) എന്നിവയ്ക്കുത്തമം. (വാല്യം 5, പു. 167) |
| | മുയൽ ചെവി ഇട്ട് ഉണ്ടാക്കന്ന കഷായം ആസ്തമ രോഗത്തിന് പ്രതിവിധിയാണ്. (വാല്യം 10, പു. 248) |
| | ഇഞ്ചി കഴിക്കുന്നത് ആസ്തമരോഗത്തിന് ഫലപ്രദമാണ്. (വാല്യം 11, പു. 41) |
| | ആസ്തമ രോഗമുള്ളവർക്ക് കാച്ചൂല കിഴങ്ങ് പുതിയ വെണ്ണ ചേർത്ത് ഗുളികകളാക്കി കൊടുക്കുന്നു. (വാല്യം 11, പു. 147) |
| | ആസ്തമയ്ക്ക് കരിങ്കൂവളത്തിന്റെ വേരിന്റെ തൊലി പൊടിച്ച് പഞ്ചസാര ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 159) |
| | കറുവ വാറ്റിയെടുത്ത എണ്ണ കഴിക്കുന്നത് ആസ്തമയെ ശമിപ്പിക്കും. (വാല്യം 1, പു. 223) |
| | ആസ്തമയ്ക്ക് ആവണക്ക് ചെടിയുടെ വേര് കഷായം വെച്ച് കുടി |

| | |
|---|---|
| | ക്കുക (വാല്യം 2, പു. 108) |
| | പാകമാവാത്ത ഞാഴൽ ഫലങ്ങളുടെ നീര് കൽക്കണ്ടം ചേർത്ത് ദ്രവരൂപത്തിൽ കൊടുക്കുക. (വാല്യം 4, പു. 55) |
| | തേക്കിൻകൂമ്പ് പഞ്ചസാരലായനിയിൽ തിളപ്പിച്ച് കുറുക്കിയെടുക്കുന്ന ദ്രാവകം ആസ്തമ മാറ്റുന്നു. (വാല്യം 4, പു. 95) |
| | ആസ്തമയ്ക്ക് കലശമരപ്പട്ട ചതച്ച് നീരെടുത്ത് കഴിക്കുക. (വാല്യം 4, പു. 115) |
| | ആസ്തമയ്ക്ക് വെങ്കലശമരപ്പട്ട ചതച്ച് നീരെടുത്ത് കഴിക്കുക. (വാല്യം 4, പു. 123) |
| | ആഞ്ഞിലി മരവാഴയുടെ വേര് അരച്ച് പുതുതായി എടുത്ത തേനിന്റെ കൂടെ തിളപ്പിച്ചാൽ അത് ആസ്തമയ്ക്കെതിരെയുള്ള നല്ല ഔഷധമാണ്. (വാല്യം 12, പു. 4) |
| | ആസ്തമയ്ക്ക് പൊന്നാം പൂ മരവാഴയുടെ പൂക്കൾ ഉണക്കിപ്പൊടിച്ച് നൽകുന്നു. (വാല്യം 12, പു. 13) |
| | വാതക്കൊടിയുടെ ഇലയുട നീര് കടുക് ചേർത്ത് ഉപയോഗിച്ചാൽ അതിന്റെ ഛർദ്ദിയുണ്ടാക്കുന്ന മണം ആസ്തമയെ ചെറുത്ത് നിർത്തുന്നു. (വാല്യം 9, പു. 141) |
| | ആടലോടകത്തിന്റെ ഇല 'വാവ്' സമയത്തുണ്ടാകുന്ന ആസ്തമയ്ക്ക് നല്ലതാണ്. (വാല്യം 9, പു. 145) |
| | ആടലോടകത്തിന്റെ ഇലയിൽ നിന്നും ചെറുതായി വറുത്തെടുത്ത വേരിൽ നിന്നും ആസ്തമയ്ക്കെതിരെയുള്ള മരുന്ന് ഉണ്ടാക്കുന്നു. (വാല്യം 9, പു. 145) |
| | കെടങ്ങിന്റെ പൂക്കളിൽ നിന്നെടുക്കുന്ന നീര് ആസ്തമയ്ക്ക് പ്രതിവിധിയാണ്. (വാല്യം 6, പു. 97) |
| | വലിയ ചൊറിവള്ളി ആസ്തമയ്ക്ക് ഉത്തമമാണ്. (വാല്യം 7, പു. 31) |
| | കറുത്ത ചൊറിവള്ളി ഇലകൾ ഉണക്കിപ്പൊടിച്ച് ചുക്ക്, പഴകിയ കുരുമുളക്, ശർക്കര എന്നിവ ചേർത്ത് ഉപയോഗിച്ചാൽ ആസ്തമ രോഗത്തിന് ഫലപ്രദമാണ്. (വാല്യം 7, പു. 166) |
| കഫദോഷം | തിപ്പലിയും ഇഞ്ചിയും ചേർത്ത് ചെറിയ നിരൂരി വേരിന്റെ തൊലി തിളപ്പിച്ചു കിട്ടുന്ന പാനീയം കുടിക്കുന്നത് കഫദോഷത്തെ ശമിപ്പിക്കുന്നു. (വാല്യം 5, പു. 170) |
| | നിരൂരിയുടെ ഏത് ഭാഗവും തിപ്പലിയും ജീരകവും കൂടി തിളപ്പിച്ച് കുടിക്കുന്നത് നെഞ്ചു കുലുങ്ങുന്ന കഫത്തോടുകൂടിയ ചുമയും മൂക്കളയുടെ ആധിക്യവും അതിന്റെ കൂടെയുള്ള ചുമയും ശമിപ്പിക്കും. (വാല്യം 10, പു. 102) |
| | നിരൂരിയുടെ തൊലി അല്ലെങ്കിൽ വേര്, ഇലകൾ എന്നിവ പാടമറ്റിയ പാലിൽ തിളപ്പിച്ച് കഴിക്കുന്നത് കഫം പുറത്തു കളയാൻ നല്ലതാണ്. (വാല്യം 10, പു. 102) |
| | കഫക്കെട്ട് മാറുന്നതിന് കാട്ടുതിർത്താവയുടെ വേരിൽ നിന്നു കിട്ടുന്ന എണ്ണ ഫലപ്രദമാണ്. (വാല്യം 10, പു. 306) |
| | കഫസംബന്ധമായ രോഗങ്ങൾക്ക് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | കരിം തുമ്പയുടെ നീര് പിഴിഞ്ഞ് എടുത്ത് ചക്കര ചേർത്ത് കഴിക്കുന്നത് കഫത്തെ ചെറുക്കാൻ സഹായിക്കും. (വാല്യം 10, പു. 332) |
| | കൂവയുടെ ഇലയുടെ നീര് പിഴിഞ്ഞെടുത്ത് കിട്ടുന്ന നീര് കുടിക്കുന്നത് വയറ്റിലുള്ള കഫത്തെ ചെറുതായി വയറിളക്കി പുറന്തള്ളുന്നു. (വാല്യം 11, പു. 21) |

| | |
|---|---|
| | ഇഞ്ചി കഫമില്ലാതാക്കാൻ നല്ലതാണ്. (വാല്യം 11, പു. 41) |
| | വെള്ളപോളയുടെ കിഴങ്ങ് കഞ്ഞിവെള്ളവും ചേർത്തരച്ച് കിട്ടുന്ന കുഴമ്പിന് കഫദോഷങ്ങളില്ലാതാക്കാനുള്ള കഴിവുണ്ട്. (വാല്യം 11, പു. 123) |
| | പഞ്ചസാരയും തേനും ചേർത്ത് ചൊവന്ന മന്താരുവിന്റെ വേര് കഷായം വെച്ച് കഴിച്ചാൽ കഫത്തെ അയഞ്ഞതാക്കുകയും ചെയ്യുന്നു. (വാല്യം 1, പു. 117). |
| | മഞ്ഞ മന്താരത്തിന്റെ വേരിന്റെ തൊലി കഷായമാക്കി സേവിക്കുക. (വാല്യം 1, പു. 129). |
| | അകത്തിയുടെ ഇല കഷായം വെച്ച് കഴിക്കുന്നത് കഫം ഇല്ലാതാക്കുന്നു. (വാല്യം 1, പു. 197). |
| | കഫത്തിന് കറുവയുടെ വേരിന്റെ തൊലി പൊടിച്ച് പാലിലോ പഞ്ചസാരയിലോ ചേർത്ത് കൊടുക്കുക. (വാല്യം 1, പു. 223) |
| | നറുപാണൽ വേര്, തൊലി പൊടിച്ച് വെള്ളം ചേർത്ത് കഴിക്കുന്നത് കഫത്തിന് പ്രതിവിധിയാണ്. (വാല്യം 2, പു. 19) |
| | വെള്ളില വേര് കഷായം കഫദോഷങ്ങളെ ശുദ്ധീകരിക്കുന്നു. (വാല്യം 2, പു. 50) |
| | ആനചുണ്ടയുടെ വേര് ചതച്ച് വീഞ്ഞിനോടൊപ്പം 2 ഔൺസ് സേവിക്കുന്നത് കഫത്തെ മലദ്വാരത്തിൽ കൂടി ഒഴിപ്പിക്കുന്നു. (വാല്യം 2, പു. 121) |
| | ചെറുചുണ്ടയുടെ നീര് ശർക്കരയോടൊപ്പമോ, കഷായം തേനോടൊപ്പമോ ചേർത്ത് കഴിക്കുന്നത് അമിതമായ കഫത്തെ നീക്കുന്നു. (വാല്യം 2, പു. 125) |
| | പീച്ചിങ്ങവേര് കഷായരൂപത്തിൽ ഉപയോഗിക്കുന്നത് കഫം ഇല്ലാതാക്കും. (വാല്യം 8, പു. 27) |
| | പാവലും മൂപ്പെത്താത്ത മഞ്ഞളും ചുക്കും ചേർത്തെടുക്കുന്ന നീരും പഞ്ചസാര, ജീരകം എന്നിവ പൊടിച്ച് നാരങ്ങാനീരിൽ ചേർത്തതും കൂടിയുള്ള മിശ്രിതം കഫത്തെ ഇല്ലാതാക്കുന്നു. (വാല്യം 8, പു. 37) |
| | കഫക്കെട്ടിന് പടവലം കഷായരൂപത്തിൽ മധുരം ചേർത്ത് കഴിക്കുക. (വാല്യം 8, പു. 57) |
| | പടവലം കഷായരൂപത്തിൽ മധുരം ചേർത്ത് കഴിക്കുന്നത് പിത്തകഫങ്ങളെ നിയന്ത്രിക്കും. (വാല്യം 8, പു. 57) |
| | പടവലത്തിന്റെ വേരിൽ നിന്നും പിഴിഞ്ഞെടുക്കുന്ന നീര് രണ്ട് ഔൺസ് കഴിക്കുന്നത് കഫക്കെട്ടുമൂലം ഇടവിട്ടു അനുഭവപ്പെടുന്ന പനിക്കെതിരെ ഉപയോഗിക്കാം. (വാല്യം 8, പു. 57) |
| | പടവലത്തിന്റെ തണ്ട് കഷായരൂപത്തിൽ കഴിക്കുന്നത് കഫക്കെട്ട് ശമിപ്പിക്കുവാൻ നല്ലതാണ്. (വാല്യം 8, പു. 57) |
| | കഞ്ഞിവെള്ളത്തിൽ കക്കുവെള്ളിയുടെ ഇല വേവിച്ചു കഴിക്കുന്നത് പിത്തകഫങ്ങളെ ഒഴിവാക്കുന്നു. (വാല്യം 8, പു. 127) |
| | കുന്നിയുടെ ഇലയും ഇഞ്ചിപ്പുല്ലും പൊടിച്ച് വെള്ളത്തിൽ ചേർത്തോ എണ്ണയിൽ വേവിച്ചോ ഉപയോഗിക്കുന്നത് കഫം മൂലമുള്ള വേദന ശമിപ്പിക്കുന്നു. (വാല്യം 8, പു. 139) |
| | കുന്നിയുടെ നീരും പശുവിന്റെ പാലും എള്ളെണ്ണയും തിപ്പലിയും ഇഞ്ചിയും ചേർത്ത് ഉപയോഗിക്കുന്നത് പിത്തകഫങ്ങളെ ഇല്ലാതാക്കുന്നു. (വാല്യം 8, പു. 139) |
| | കുന്നിയുടെ വേരും ജീരകവും വെള്ളത്തിൽ ലയിപ്പിച്ച് കുഴമ്പുരൂപത്തിലാക്കി ഉപയോഗിക്കുന്നത് കഫത്തിനെ അകറ്റുന്നു. കുന്നിയുടെ നീരും പശുവിന്റെ പാലും എള്ളെണ്ണയും തിപ്പലിയും |

| | |
|---|---|
| | ഇഞ്ചിയും ചേർത്ത് ഉപയോഗിക്കുന്നത് പിത്തകഫങ്ങളെ ഇല്ലാതാക്കുന്നു. (വാല്യം 8, പു. 139) |
| | കാട്ടുചേരിന്റെ പഴം കഷായം വെച്ച് കഴിക്കുന്നത് കഫജന്യരോഗങ്ങൾക്ക് ഫലപ്രദമാണ്. (വാല്യം 4, പു. 27) |
| | ചെംതാന്നിയുടെ തൊലി എല്ലാവിധ കഫജന്യരോഗങ്ങളെയും ഇല്ലായ്മ ചെയ്യുന്നു. (വാല്യം 4, പു. 35) |
| | കാട്ടുനാരകത്തിന്റെ ഇല തുമ്മലുണ്ടാക്കുകയും അതുവഴി കഫം പുറന്തള്ളുകയും ചെയ്യുന്നു. (വാല്യം 4, പു. 43) |
| | കാട്ടു നാരകത്തിലയും നീരും തിപ്പലിയും ഇഞ്ചിയും കൽക്കണ്ടവും ചേർത്ത് കഴിക്കുക. (വാല്യം 4, പു. 43) |
| | വയറിലുണ്ടാകുന്ന കഫത്തെ പുറന്തള്ളുന്നതിന് അങ്കോലത്തിന്റെ വേര് ഉപയോഗിക്കുന്നു. (വാല്യം 4, പു. 91) |
| | കലശമരപ്പട്ട കുടംപുളിമരത്തിന്റെ പട്ടയും ചേർത്ത് ഇടിച്ചുപൊടിച്ച് കഴിക്കുക. (വാല്യം 4, പു. 115) |
| | വെങ്കലശമരപ്പട്ട കുടംപുളിമരത്തിന്റെ പട്ടയും ചേർത്ത് ഇടിച്ചു പൊടിച്ച് കഫവും ദ്രവവും പുറന്തള്ളാൻ കഴിച്ചാൽ മതി. (വാല്യം 4, പു. 125) |
| | ശ്വാസകോശത്തിലെ കഫം പുറംന്തള്ളാൻ കാട്ടുകദളി ചെടിയുടെ ഇലകൾ ചതച്ച് പൊടിയാക്കി ഉണക്കിയ വെറ്റില പൊടിച്ചു ചേർത്ത് ശർക്കരയിൽ കൊടുക്കുക. (വാല്യം 4, പു. 160) |
| | ചെറുമാവു മരവാഴ പൊടിച്ച് വിനാഗിരിയോടൊപ്പം ഉപയോഗിക്കുന്നത് കഫം നീക്കുന്നതിന് സഹായിക്കും. (വാല്യം 12, പു. 21) |
| | ശ്വാസകോശത്തിലെ കഫം നീക്കാൻ നെലപന്ന മരവാഴയുടെ ചാറുപയോഗിക്കുന്നു. (വാല്യം 12, പു. 68) |
| | കഫം കളയാൻ ആരിയവെള്ള ചെടിയുടെ ഇലകൾ കഴിക്കുന്നത് ഉത്തമം. (വാല്യം 9, പു. 79) |
| | കാരവെള്ള ചെടികൾ കഴിക്കുന്നത് കഫം കളായാനുത്തമമാണ്. (വാല്യം 9, പു. 82) |
| | കഫം മാറാൻ തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 87) |
| | തന്തലകൊട്ടി (2) വേരിട്ട് കഷായം വെച്ച് കുടിച്ചാൽ കഫം മാറും. (വാല്യം 9, പു. 89) |
| | കഫം മാറാൻ നെല്ലിയ തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 91) |
| | കഫം മാറാൻ വലിയ തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 93) |
| | കാരെള്ളിന്റെ എണ്ണ ശരീരത്ത് പുരട്ടിയാൽ ഗ്യാസ്മൂലമുണ്ടാകുന്ന കഫക്കെട്ട് മാറിക്കിട്ടും. (വാല്യം 9, പു. 183) |
| | വെള്ളിച്ചീരചെടിയും കരിക്കിൻ തൊണ്ടിന്റെ ചാറും ചേർത്തരച്ച് പുരട്ടുക. (വാല്യം 9, പു. 290) |
| | മുരിങ്ങയുടെ ഇല, വേരിന്റെ തൊലി, കായ എന്നിവയിൽ നിന്നും കഫക്കെട്ടിന് എതിരെയുള്ള ഒരിനം ഗുളിക നിർമ്മിക്കുന്നു. (വാല്യം 6, പു. 39-40) |
| | മുരിങ്ങതൊലിയുടെ നീരും ഉള്ളിയും കുരുമുളകും ചേർത്ത് ചെന്നിയിൽ പുരട്ടിയാൽ കഫക്കെട്ട് മാറുന്നു. (വാല്യം 6, പു. 39 -40) |
| | വള്ളിക്കാഞ്ഞിരത്തിലയുടെ വേര് കഞ്ഞിവെള്ളത്തിലിട്ടു തിളപ്പിച്ചു കഴിക്കുന്നത് കഫക്കെട്ടിന്റെ നീര് മാറ്റുന്നു. (വാല്യം 7, പു. 11) |

| | |
|---|---|
| | ചെറുവള്ളിക്കാഞ്ഞിരത്തിന്റെ നീരും എണ്ണയുമായി ചേർത്ത് തലയിൽ തേച്ചാൽ കഫക്കെട്ട് മാറും. (വാല്യം 7, പു. 15) |
| | ചിറ്റമൃതിന്റെ നീര് തിപ്പലിയുമായി ചേർത്തുകൊടുക്കുന്നത് കഫക്കെട്ടിന് ഉത്തമമാണ്. (വാല്യം 7, പു. 75-76) |
| ശ്വാസതടസ്സം | വെൺ - നൊച്ചിയുടെ ഇല ചവയ്ക്കുന്നത് ശ്വാസ തടസ്സം മാറ്റും. (വാല്യം 2, പു. 25) |
| | വെള്ളച്ചൊരങ്ങയുടെ നീര് അല്പം ജീരകവും ചേർത്ത് കഴിക്കുന്നത് ശ്വാസതടസ്സം മാറ്റും. (വാല്യം 8, പു. 3) |
| | വെള്ളരിയുടെ കായും കാട്ടുപനയുടെ തളിരിലയും വറുത്ത ജീരകം പൊടിച്ചതും കൂടി ചൂടുവെള്ളത്തിൽ ചേർത്ത് കഴിക്കുന്നത് ശക്തമായ ശ്വാസതടസ്സം നീക്കുന്നു. (വാല്യം 8, പു. 23) |
| | മുള്ളൻ വെള്ളരി/വെള്ളരിയുടെ കായും കാട്ടുപനയുടെ തളിരിലയും വറുത്ത് ജീരകം പൊടിച്ചതും കൂടി ചൂടുവെള്ളത്തിൽ ചേർത്ത് കഴിക്കുന്നത് ശ്വസിക്കുമ്പോൾ സീൽക്കാര ശബ്ദമുണ്ടാവുന്നത് നിർത്തുന്നതിന് സഹായിക്കും. (വാല്യം 8, പു. 23) |
| | മുള്ളൻ വെള്ളരി/വെള്ളരിയുടെ കായും കാട്ടുപനയുടെ തളിരിലയും വറുത്ത ജീരകം പൊടിച്ചതും കൂടി ചൂടുവെള്ളത്തിൽ ചേർത്തു കഴിക്കുന്നത് ആഹാരം വിഴുങ്ങുമ്പോൾ അനുഭവപ്പെടുന്ന തടസ്സം നീക്കുന്നതിനും വളരെ സഹായകമാണ്. (വാല്യം 8, പു. 23) |
| | മുള്ളൻ വെള്ളരി/വെള്ളരിയുടെ നീരും എള്ളെണ്ണയും ജീരകവും വറുത്ത് പൊടിച്ചതും ചേർത്ത് കഴിക്കുന്നത്, വീഴ്ചമൂലമോ എന്തെങ്കിലും ക്ഷതം മൂലമോ ഉണ്ടാകുന്ന ശ്വാസതടസ്സത്തെ ഇല്ലാതാക്കും. (വാല്യം 8, പു. 23) |
| | ശ്വാസതടസ്സം ഇല്ലാതാക്കാൻ നിഹേമെകയുടെ (ഞേമക്ക) യുടെ ഇലയുടെ നീരും ചെന്തെങ്ങിന്റെ കരിക്കിൻ വെള്ളവും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | പയറിന്റെ വിത്തു പൊടിച്ചതും ജീരകവും തേനും കൂട്ടി സേവിക്കുന്നത് ശ്വാസതടസ്സം മൂലം ആമാശയത്തിനുണ്ടാകുന്ന പൊള്ളുന്ന തോന്നൽ ശമിപ്പിക്കുന്നു. (വാല്യം 8, പു. 147) |
| | സുഗന്ധമുള്ള ശ്വാസത്തിന് മഞ്ഞൾ ഉപയോഗിക്കാം (വാല്യം 11, പു. 36) |
| | വെറും വയറ്റിൽ താമപൂവ്വൽപച്ച മരവാഴ വേര് ചതച്ചിട്ട പാൽ ശ്വാസതടസ്സം നീക്കുന്നു. (വാല്യം 12, പു. 51) |
| | ശ്വാസകോശരോഗങ്ങൾക്ക് പഞ്ചസാരയോടൊപ്പം പന്നമരവാഴയുടെ സിറപ്പ് ഉണ്ടാക്കിയെടുത്തുപയോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 12, പു. 73) |
| | വിനാഗിരിയിൽ പ്ലാവിൻ തടി ചതച്ചു ചേർത്താൽ തൊണ്ടവീക്കവും ടോൺസിൽസും കുറഞ്ഞ് അണ്ണാക്ക് ചുരുങ്ങികിട്ടും. (വാല്യം 3, പു. 39) |
| | ബ്രഹ്മി ചതച്ച് കുരുമുളകും സുഗന്ധപുല്ലും നെല്ലിക്കയും ചേർത്ത കഞ്ഞിവെള്ളം കുടിച്ചാൽ ശബ്ദം സുന്ദരമാക്കാൻ കഴിയും. (തൊണ്ടയടപ്പ് മാറി തെളിഞ്ഞ മധു ശബ്ദം) (വാല്യം 10, പു. 55) |
| | പഞ്ചസാരയോടൊപ്പം പന്നമരവാഴയുടെ സിറപ്പ് ഉണ്ടാക്കിയെടുത്തുപയോഗിക്കുന്നത് ശ്വാസം മുട്ടലിനെതിരെ ഫലപ്രദമാണ്. (വാല്യം 12, പു. 73) |
| | കരിവള്ളിപന്ന, പരപന്ന, കൽപന്ന എന്നിവചേർത്ത് ശ്വാസം മുട്ടലിനെതിരെ പ്രയോഗിക്കുന്നു. (വാല്യം 12, പു. 61) |

| | |
|---|---|
| | കാക്കകൊടിയുടെ ഇല പാലിൽ പിഴിഞ്ഞെടുത്ത് നെഞ്ചിൽ പുരട്ടുന്നത് ശ്വാസംമുട്ട് ശമിപ്പിക്കും. (വാല്യം 9, പു. 21) |
| | ഗോരോചനം ചെടിയുടെ നീര് മഞ്ഞളുമായി ചേർത്ത് വയറിന്റെ പുറത്ത് പുരട്ടിയാൽ ശ്വാസംമുട്ട് മാറിക്കിട്ടും. (വാല്യം 9, പു. 235) |
| | വള്ളിതെരഗത്തിന്റെ ഇലയുടെ തൊലിഭാഗം മല്ലിയുമായി ചേർത്ത് പൊടിച്ചു കഴിച്ചാൽ ചുമയും ശ്വാസംമുട്ടലും ഭേദപ്പെടും. (വാല്യം 3, പു. 150) |
| | പഞ്ചസാരയോടൊപ്പം പന്നമരവാഴയുടെ സിറപ്പ് ഉണ്ടാക്കിയെടുത്തുപയോഗിക്കുന്നത് ശ്വാസംമുട്ടിന് ഫലപ്രദമാണ്. (വാല്യം 12, പു. 73) |
| തൊണ്ടയിലെ രോഗങ്ങൾ | വിഴാൽ/ബസാൽ തളിരിലകളും ഇഞ്ചിയും ചേർത്തുണ്ടാക്കുന്ന വായ് കഴുകാനുള്ള മരുന്ന് തൊണ്ടയുടെ അസുഖങ്ങൾ മാറാൻ അത്യുത്തമം. (വാല്യം 5, പു. 45) |
| | വെള്ളത്തിൽ വേവിച്ച പെരിൻ ഞാറയുടെ കായകളിൽ നിന്നുള്ള കവിൾക്കൊള്ളാനുള്ള മരുന്ന് തൊണ്ടയുടെ അസുഖങ്ങളെ മാറ്റും. (വാല്യം 5, പു. 109) |
| | പൂമരുത് (അടമ്പൊ) വേരിട്ടു തിളപ്പിച്ച വെള്ളം കവിൾകൊള്ളുന്നത് തൊണ്ടയിലെ രോഗങ്ങൾക്ക് പ്രതിവിധിയാണ്. (വാല്യം 4, പു. 72) |
| | സ്യാലിറ്റയുടെ ഇളംകായ് പഞ്ചസാരയിൽ ചേർത്തുണ്ടാക്കുന്ന പഴച്ചാറ് തൊണ്ടയിലെ അൾസറിന് പ്രതിവിധിയാണ്. (വാല്യം 3, പു. 76) |
| | വാടാപ്പൂ ഇലനാരങ്ങയും ചന്ദനവും ചേർത്തുപയോഗിക്കുന്നത് തൊണ്ടവേദനയ്ക്ക് ആശ്വാസം നൽകും. (വാല്യം 10, പു. 137) |
| | നിലം പത്തെ ആട്ടിൻപാലിൽ കലക്കി കുടിച്ചാൽ തൊണ്ടവേദന മാറും. (വാല്യം 10, പു. 180) |
| | ഇലഞ്ഞിയുടെ തൊലി കഷായം വെച്ച് തൊണ്ടവേദനയ്ക്ക് കവിൾ കൊള്ളുക. (വാല്യം 1, പു. 69). |
| | നറുപാണലിന്റെ വേര്, തൊലി പൊടിച്ച് വെള്ളം ചേർത്ത് തൊണ്ടവേദനയക്ക് കഴിക്കുന്നു. (വാല്യം 2, പു. 20) |
| തൊണ്ടവീക്കം | തൊണ്ടവീക്കത്തിന് അകത്തിയുടെ തൊലിയുടെ ചാറ് തേൻ ചേർത്ത് കവിൾ കൊള്ളുക. (വാല്യം 1, പു. 197) |
| | ചകിരികൊട്ടം പൂക്കളുടെ ചാറും വിനാഗിരിയും ചേർന്ന മിശ്രിതം കൊണ്ട് കവിൾകൊള്ളുന്നത് തൊണ്ടവീക്കത്തിന് നന്ന്. (വാല്യം 1, പു. 217) |
| | പാകമാവാത്ത ഞാഴൽ ഫലങ്ങളുടെ നീര് കൽക്കണ്ടം ചേർത്ത് ദ്രവരൂപത്തിൽ കൊടുക്കുക. (വാല്യം 4, പു. 55) |
| | കൊടകപാലയുടെ വേര് പൊടിച്ച് കാടി വെള്ളത്തിൽ തിളപ്പിച്ച് തൊണ്ടയും കഴുത്തും കഴുകുന്നത് തൊണ്ടവീക്കത്തിന് ചികിത്സയാണ്. (വാല്യം 1, പു. 177) |
| | തൊണ്ടവീക്കത്തിന് അകത്തിയുടെ തൊലിയുടെ ചാറ് തേൻ ചേർത്ത് കവിൾ കൊള്ളുക. (വാല്യം 1, പു. 197) |
| മുണ്ടിനീര് | വെളിച്ചെണ്ണ പുറമേ പുരട്ടിയ അടമരത്തിന്റെ തളിരില കഴുത്തിൽ പറ്റിച്ചു വെക്കുന്നത് തൊണ്ടനീരില്ലാതാക്കും. (വാല്യം 4, പു. 10) |
| | സ്യാലിറ്റയുടെ ഇളംകായ് പഞ്ചസാരയിൽ ചേർത്തുണ്ടാക്കുന്ന പഴച്ചാറ് തൊണ്ടനീരിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 3, പു. 76) |
| | വെളിച്ചെണ്ണ പുറമേ പുരട്ടിയ അടമരത്തിന്റെ തളിരില കഴുത്തിൽ |

| | |
|---|---|
| | പറ്റിച്ചു വെക്കുന്നത് തൊണ്ടനീരില്ലാതാക്കും. (വാല്യം 4, പു. 10) |
| | മുണ്ടിനീരിന് ഉപ്പത്തയുടെ പച്ചകായ്കളും അടമ്പോ ഇലകളും ചേർത്ത് വേവിച്ച് ചതച്ച് വെണ്ണയിൽ ചാലിച്ചുണ്ടാക്കുന്ന മിശ്രിതം പുറമേ പുരട്ടുക. (വാല്യം 4, പു. 167) |
| | മഞ്ഞ മന്ദാരത്തിന്റെ വേര് ചതച്ച് പുരട്ടുന്നത് മുണ്ടിനീരിന് നല്ല താണ്. (വാല്യം 1, പു. 129). |
| | പാകമാവാത്ത ഞാഴൽ ഫലങ്ങളുടെ നീര് കൽക്കണ്ടം ചേർത്ത് മുണ്ടി നീരിന് ദ്രവരൂപത്തിൽ കൊടുക്കുക. (വാല്യം 4, പു. 55) |
| | കവിൾ വീക്കത്തിന് മുരിങ്ങയുടെ തൊലി ചതച്ചതും ജീരകവും കഞ്ഞിവെള്ളത്തിൽ അരച്ച് പുരട്ടിയിടുക. (വാല്യം 6, പു. 39-40) |

4.5.5 **ചർമ്മരോഗങ്ങൾ**

തൊലിയിലെ പാടുകൾ, ചൊറി, ചിരങ്ങ്, പാണ്ഡ്, മുഖക്കുരു, അരിമ്പാറ, ആണിരോഗം, കുഴിനഖം, കുരുക്കൾ, പരുക്കൾ, കുഷ്ഠം, വസൂരിക്കലകൾ, പുഴുക്കടി, മുറിവ്, വ്രണങ്ങൾ, മൂലക്കൂരു മറ്റ് ചർമ്മരോഗങ്ങൾ എന്നിങ്ങനെ ചർമ്മവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക രോഗങ്ങൾക്കും ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള പ്രതിവിധി ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുണ്ട്. അത്തരം രോഗങ്ങളും ചികിത്സാ വിധികളും, 'ചർമ്മരോഗങ്ങൾ' എന്ന പട്ടിക 4.5 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.5**

**ചർമ്മരോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ചർമ്മരോഗ ങ്ങൾ | താമരത്തുകയുടെ പഴച്ചാറിൽ തുണിമുക്കി മരുന്നാക്കി ചർമ്മരോ ഗങ്ങൾക്ക് ഉപയോഗിക്കുന്നു. (വാല്യം 3, പു. 94) |
| | ബിലിമ്പി പഴച്ചാറിൽ തുണിമുക്കി മരുന്നാക്കി ചർമ്മരോഗങ്ങൾക്ക് ഉപയോഗിക്കുന്നു. (വാല്യം 3, പു. 98) |
| | മുള്ളിലവിന്റെ മരത്തൊലി പൊടിച്ച് നാരങ്ങാനീരും ചേർത്ത് കുഴമ്പാക്കി എണ്ണയിൽ ചേർത്ത് തേച്ചാൽ ചർമ്മരോഗം സുഖപ്പെടും. (വാല്യം 3, പു. 111) |
| | പോയെച്ചെത്തി തൊലിയും വേരും പൊടിച്ച് എണ്ണ ചേർത്തുണ്ടാക്കുന്ന ലേപനം ത്വക് രോഗങ്ങൾ മാറ്റുന്നു. (വാല്യം 5, പു. 203) |
| | ശതാവേലി കിഴങ്ങിന്റെ വേര് എണ്ണയിൽ വേവിച്ച് പുരട്ടിയാൽ ചൂട് മൂലമുള്ള ത്വക്ക് രോഗങ്ങൾ മാറിക്കിട്ടും. (വാല്യം 10, പു. 39) |
| | കുപ്പ മേനി ചെടിയുടെ നീര് നാരങ്ങയോടൊപ്പം ഉപയോഗി ക്കുന്നത് ത്വക്ക് രോഗങ്ങൾക്ക് നല്ലതാണ്.ക.(വാല്യം 10, പു. 292) |

| | |
|---|---|
| | തെങ്ങിൻ തടിയിലെ തൊലിയിൽ നിന്നെടുക്കുന്ന ഒരു തരം എണ്ണ പുരട്ടിയാൽ കൃമികൾ മൂലമുണ്ടാകുന്ന ത്വക്ക് രോഗം മാറും. (വാല്യം 1, പു. 12). |
| | ത്വക് രോഗങ്ങളെ ചെറുക്കുന്നതിനായി കൊന്ന കുരുവും പുളിയും പഞ്ചസാരയും ചേർത്ത് നൽകുന്നു. (വാല്യം 1, പു. 81). |
| | ചെത്തിയുടെ വേര് തേങ്ങാപ്പാലിൽ അരച്ച് പുരട്ടുന്നത് ത്വക്ക് രോഗങ്ങൾക്ക് നല്ലതാണ്. (വാല്യം 2, പു. 29) |
| | പീച്ചിങ്ങയുടെ വിത്തിൽ നിന്നെടുക്കുന്ന എണ്ണ ഇംപെറ്റിഗോ എന്ന ത്വക്ക് രോഗത്തിനെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 27) |
| | ഇംപെറ്റിഗോ എന്ന ത്വക് രോഗത്തിന് മഞ്ഞളും സ്പൈനേയുടെ (spinae) പൂവും, ചുക്കും, തിപ്പലിയും പാവൽ, പാവയ്ക്കചെടിയും ചേർത്ത് മരോട്ടി എണ്ണയിൽ ചേർത്ത് ചൂടാക്കിയ ഇരുമ്പിൽ ഒഴിച്ച് എടുക്കുന്ന എണ്ണ ഉപയോഗിക്കുക. (വാല്യം 8, പു. 35) |
| | അടമരത്തിന്റെ തളിരിലയും പാലും ചേർത്തരച്ച് കുഴമ്പ് ചൊറി കുഷ്ഠം തുടങ്ങിയ ചർമ്മരോഗങ്ങൾക്കു ശമനം വരുത്തുന്നു. (വാല്യം 4, പു. 10) |
| | ത്വക് രോഗങ്ങൾക്ക് ഇരിപ്പ പഴങ്ങളിൽ നിന്നെടുക്കുന്ന എണ്ണ പുരട്ടുക. (വാല്യം 4, പു. 111) |
| | തൊണ്ടി, തെരഗമരത്തിന്റെ മരപ്പട്ടയും വേരും വെള്ളത്തിൽ കഷായം വെച്ച് കഴിക്കുക. (വാല്യം 4, പു. 223) |
| | കരവെള്ളയുടെ നീര് എണ്ണചേർത്ത് കാച്ചിതേക്കുക. (വാല്യം 9, പു. 82) |
| | ഈശ്വരമൂരിയുടെ വേര് അരച്ച് പുറമെ പുരട്ടുന്നത് പനിയെ തുടർന്ന് പൊള്ളുന്ന ചൂട് അനുഭവപ്പെട്ട് തൊലി കുമളയ്ക്കുന്നതിന് പ്രിതിവിധിയാണ് (വാല്യം 6, പു. 109) |
| | പുഴുക്കൊല്ലി ചെടിയുടെ ഇലകൾ പൊടിയാക്കിയത് ചർമ്മ രോഗങ്ങൾക്ക് (impetige) ചർമ്മരോഗങ്ങൾക്ക് നല്ലതാണ്. (വാല്യം 9, പു. 239) |
| | മുരിങ്ങയില നീര് വെണ്ണയുമായി തിളപ്പിച്ച് ഉപയോഗിച്ചാൽ പല ത്വക് രോഗങ്ങളും ശമിക്കും. (വാല്യം 6, പു. 39-40) |
| | ശരീരത്തിന് പുറത്തുണ്ടാകുന്ന പഴുപ്പ് ഇല്ലാതാക്കാൻ കർപ്പൂര ചെടി എള്ളെണ്ണയിൽ ചൂടാക്കി വൈനിൽ ചേർത്ത് പുരട്ടിയാൽ മതി. (വാല്യം 10, പു. 164) |
| | തേക്കിന്റെ ചതച്ച് കുഴമ്പാക്കിയ ഇളംകായ്കൾ പുരട്ടുന്നത് പല തരം ത്വക് രോഗങ്ങളും (വല്യുലെ പകരുന്ന തരത്തിലുള്ള ചലമുള്ള കുരുക്കളാൽ ഉണ്ടാകുന്നത്) തടയുന്നു. (വാല്യം 4, പു. 95) |
| | പുഴുക്കൊല്ലിചെടിയുടെ ഇലകൾ പൊടിച്ചത് ത്വക്കിൽ കൂട്ടംകൂട്ടമായി വരുന്ന (പരുവന്ന് പൊട്ടുന്ന സ്വഭാവമുള്ള) പുഴുക്കടിക്കും ചൊറിക്കും നല്ലതാണ്. (വാല്യം 9, പു. 239) |
| | കൊച്ചിളെച്ചി ഇലയുടെ നീരും വിനാഗിരിയും ചേർത്ത് ഉപയോഗിച്ചാൽ impetigo എന്ന ചർമ്മരോഗം (ചർമ്മത്തിൽ കൂട്ടംകൂട്ടമായി പഴുത്ത് പൊട്ടുന്ന പരുപോലെയുള്ള) ശമിക്കുന്നു. (വാല്യം 9, പു. 247) |
| | കരിഞ്ഞൊട്ടി ഇലകൾ ഇടിച്ചുപിഴിഞ്ഞ നീര് മുഖത്തും മറ്റും ത്വക്ക് ചുവന്നുതടിച്ചുണ്ടാകുന്ന പൊള്ളലിന് (Erysipels) നല്ലതാണ്. (വാല്യം 6, പു. 63) |
| | ജീരകമുല്ലയുടെ ഇല പൊടിയാക്കി കുങ്കുമം ചേർത്ത് പുരട്ടിയാൽ |

| | |
|---|---|
| | ത്വക്കിലെ ചൊറിച്ചിലും മറ്റും ശമിക്കുന്നു. (വാല്യം 6, പു. 194-195) |
| | പേയമൃതിന്റെ ഇല ആലിന്റെ തൊലിയും എള്ളും പശുവിൻപാലിൽ ചേർത്ത് വേവിച്ച് സേവിച്ചാൽ തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾക്ക് ഉത്തമമാണ്. (വാല്യം 7, പു. 74) |
| | പ്ലാവിന്റെ ഇലപൊടിച്ചുണ്ടാക്കുന്ന പ്ലാസ്റ്ററും കാളച്ചാണകവും ചേർത്ത് കവിളിൽ തേച്ചാൽ സിനിക്കൽ സ്പാസം മാറിക്കിട്ടും. (വാല്യം 3, പു. 39) |
| | കറുവ വാറ്റിയെടുത്ത എണ്ണ അവയവം നിർജ്ജീവമാകുന്നതിന് ഫലപ്രദമാണ്. (വാല്യം 1, പു. 223) |
| | ശരീരം അഴുകുന്ന രോഗത്തിന് കറുവ വാറ്റിയെടുത്ത എണ്ണ ഫലപ്രദമാണ്. കറുവ വാറ്റിയെടുത്ത എണ്ണ ഫലപ്രദം. (വാല്യം 1, പു. 223) |
| | ഇംപെറ്റിഗോ എന്ന ത്വക്ക് രോഗത്തിന് കറുവ വാറ്റിയെടുത്ത എണ്ണ ഉപയോഗിക്കുന്നു. (വാല്യം 1, പു. 223) |
| | നീർവാളയുടെ കായ്കൾ അരിയിലിട്ട് വേവിച്ച് കുരുമുളകും വെണ്ണയും ചേർത്ത് കുഴമ്പാക്കി തേയ്ക്കുന്ന ഇടം മൃദുവാകും. (വാല്യം 3, പു. 89) |
| | കരവെള്ള സമൂലം Raca-palam ചേർത്ത് ഇടിച്ച് പിഴിഞ്ഞ് തേച്ചാൽ പഴുപ്പിന് നല്ലതാണ്. (വാല്യം 9, പു. 82) |
| | കുളിക്കുന്ന വെള്ളത്തിൽ കൊട്ടം ചെടിയുടെ വേര് ചതച്ചിടന്നത് ത്വക്ക് രോഗത്തിന് ഫലപ്രദമാണ്. (വാല്യം 10, പു. 279) |
| പാടുകൾ | പാവട്ടയുടെ ഇലകൾ പനവർഗ്ഗത്തിൽപ്പെട്ട എണ്ണയിൽ വറുത്തുണ്ടാക്കുന്ന കുഴമ്പ് പൊങ്ങൻ പനിയുടെ പാടുകൾ മാറ്റാൻ സഹായിക്കുന്നു. (വാല്യം 5, പു. 37) |
| | കഞ്ചാകൊര കുങ്കുമപ്പൂവും ചേർത്ത് ചതച്ചരച്ച് പുരട്ടിയാൽ കറുത്ത തൊലിയിലെ വെളുത്തപാടുകൾ ഇല്ലാതാകും. (വാല്യം 10, പു. 193) |
| എക്സാന്തിമ | ശരീരത്തിലെ കറുത്ത പാടുകൾ മാറുന്നതിന് തുമ്പയുടെ ഇലകൾ വായിലിട്ടു ചവയ്ക്കുന്നത് നല്ലതാണ്. (വാല്യം 10, പു. 324) |
| | ഉഴിഞ്ഞയുടെ നീര് കരിഞ്ചീരകത്തിന്റെ കൂടെ ചേർത്ത് കഴിക്കുന്നത് cardialagia (കാർഡിയലാജിയ) എന്ന ഹൃദ്രോഗം മൂലമുണ്ടാകുന്ന കറുത്ത കുത്തുകൾ (പാടുകൾ) ഇല്ലാതാക്കുന്നു. (വാല്യം 8, പു. 107) |
| | കോവൽ ഇല പൊടിച്ചതും വെണ്ണയും ചേർത്ത ലേപനം ഉപയോഗിക്കുന്നത് എക്സാന്തിമ (തൊലിപൊളിഞ്ഞു പോകുന്ന രോഗം) ഇല്ലാതാക്കുന്നതിന് ഉപകരിക്കും. (വാല്യം 8, പു. 53) |
| | പൂച്ചപ്പയർ ചെടി സമൂലം പൊടിച്ചതും ആലിന്റെ 4 സ്പീഷീസും പച്ചരി കഴുകിയ വെള്ളവും പാലും തേനും ചേർത്ത് വേവിച്ച് ലേപന രൂപത്തിലാക്കി ഉപയോഗിച്ചാൽ എക്സാന്തിമ രോഗം ഭേദമാകും. (വാല്യം 8, പു. 131) |
| | ആനമുള്ളിന്റെ തടിയും 'ബെറ്റലീറെ' (Beteleirae) യും വറുത്തു പൊടിച്ച പൊടിയും എക്സാൻതീമയ്ക്ക് ഉത്തമമാണ്. (വാല്യം 8, പു. 144) |
| | കമ്മട്ടിവള്ളി പൂവോടുകൂടി കറുകപ്പട്ട എന്നിവ കഞ്ഞിവെള്ളം, പാൽമാറ്റിയ പാൽ, തേൻ എന്നിവ ചേർത്തുണ്ടാക്കുന്ന പാനീയം കുടിക്കുന്നത് തൊലി വരണ്ട് പൊളിഞ്ഞ് പോക്കിന് പ്രതിവിധിയാണ്. (വാല്യം 9, പു. 43) |

| | |
|---|---|
| കൈ കാൽ വിണ്ടുകീറൽ | അത്തി ആൽ വേരിൽ മുറിവുണ്ടാക്കി ഇറ്റ് വീഴുന്ന ചാറ് താഴെ പാത്രത്തിൽ ശേഖരിച്ചത് കൈകൾ വിണ്ടുകീറുന്നതിന് നല്ലതാണ്. (വാല്യം 1, പു. 89). |
| | പേയമൃത് പൊടിച്ചതും ഉപ്പുമാങ്ങയുടെ പരിപ്പും ചേർത്ത് അരച്ചിട്ടാൽ കാലിന്റെ വിണ്ടുകീറലിന് ഉത്തമമാണ്. (വാല്യം 7, പു. 74) |
| | കൈകളിൽ പൊള്ളൽപോലെ അനുഭവപ്പെടുന്നതിന് കാക്കമുള്ള് ചെടിയുടെ നീരെടുത്ത് പഞ്ചസാരയും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 263) |
| കൈപുകച്ചിൽ | കൈപുകച്ചിലിന് ചെത്തിയുടെ വേര് ചതച്ച് തണുത്ത വെള്ളത്തിൽ ചേർത്ത് കുടിക്കുക. (വാല്യം 2, പു. 29) |
| ചൂടു കുറക്കാൻ | കരിമ്പോള സസ്യം ഇട്ടുവെച്ച വെള്ളത്തിൽ കുളിക്കുന്നത് ശരീരോഷ്ണം കുറയ്ക്കുന്നു. (വാല്യം 11, പു. 76) |
| അതിയായ ചൂട് | ചിറ്റാമ്പലിന്റെ വേരിന്റെ കിഴങ്ങുകൾ പോലെ വെള്ളത്തിനടിയിൽ കാണുന്ന ഭാഗം കരിച്ച് വീഞ്ഞും നെയ്യും ചേർത്ത് ലേപനം പോലെയാക്കി ചന്ദനവും പാലും ചേർത്ത് കുടിക്കുന്നത് ശരീരം പൊള്ളുന്നതുപോലെയുള്ള അവസ്ഥയ്ക്ക് പ്രതിവിധിയാണ്. (വാല്യം 11, പു. 99) |
| | കുരുകിത്താളിയുടെ കായ അതിയായ ചൂട് ശമിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 7, പു. 94) |
| | വാട്ടവള്ളിയുടെ തൊലി ചന്ദനത്തിന്റെ കൂടെ മുലപ്പാൽ ചേർത്ത് ഗുളികയാക്കി ഉപയോഗിക്കുന്നത് causon ചുട്ടുനീറ്റലിനുള്ള ഉത്തമ പ്രതിവിധിയാണ്. (വാല്യം 7, പു. 118) |
| | ആകാശവള്ളിയുടെ ചാറ് ശർക്കരയുടെ കൂടെ ഉപയോഗിച്ചാൽ താപത്തെ കുറയ്ക്കും. (വാല്യം 7, പു. 162-163) |
| ചൊറി | താമരത്തുകയുടെ പഴചാറ് പ്രയാസപ്പെടുത്തുന്ന ചൊറിയ്ക്ക് പ്രതിവിധിയായി പ്രയോജനപ്പെടുത്തുന്നു. (വാല്യം 3, പു. 94) |
| | കപ്പമാവിന്റെ അകത്തെ ജലാശംമുള്ള ഭാഗത്തുനിന്നു ലഭിക്കുന്ന എണ്ണ വട്ടച്ചൊറിപോലുള്ള ചർമ്മരോഗങ്ങൾക്കുള്ള മരുന്നാണ്. (വാല്യം 3, പു. 119) |
| | എണ്ണയിൽ പച്ചമഞ്ഞളും ചേർത്ത് വറുത്തെടുക്കുന്ന തളിർക്കാരയിലകളിൽ നിന്നുണ്ടാക്കുന്ന ലേപനം ചൊറിയെ ഉന്മൂലനം ചെയ്യുന്നു. (വാല്യം 5, പു. 146) |
| | നെലനാരകത്തിന്റെ ചാറ് പിഴിഞ്ഞ് എടുത്ത് വെളിച്ചെണ്ണയിൽ ചേർത്ത് പുരട്ടിയാൽ അലർജിമൂലമുണ്ടാകുന്ന ചൊറിച്ചിൽ മാറിക്കിട്ടും. (വാല്യം 10, പു. 82) |
| | അടയ്ക്കാമണിയൻ പൊടിച്ച് എണ്ണയിലിട്ട് വറക്കുമ്പോൾ കിട്ടുന്ന എണ്ണ ചൊറി, ചിരങ്ങ് മുതലായ തൊലിപുറത്തുണ്ടാകുന്ന രോഗങ്ങൾക്ക് നല്ലതാണ്. (വാല്യം 10, പു. 159) |
| | ചൊറിയ്ക്ക് തുമ്പ ചെടി എണ്ണയിൽ തിളപ്പിച്ച് പുരട്ടുന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 321) |
| | ഇത് മരോട്ടി കുരു പുരട്ടിയാൽ കടിയകറ്റി ചൊറി സുഖപ്പെടുന്നു. (വാല്യം 1, പു. 133) |
| | നെടും - ചെത്തി കഷായം എണ്ണയോടൊപ്പം ചൊറിച്ചിലുള്ള ഭാഗത്ത് പുരട്ടുക. (വാല്യം 2, പു. 37) |
| | നില ഉമ്മത്തിന്റെ ഇലകൾ കുമ്മായത്തോടൊപ്പം ചതച്ച് തേക്കുന്നത് ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിലിന് നല്ലതാണ്. (വാല്യം 2, പു. 93) |
| | ചെറുചുണ്ട കായുടെയും ഇലകളുടെയും കഷായം ഒരൽപം പഞ്ച |

| | |
|---|---|
| | സാര ചേർത്ത് പുരട്ടുന്നത് ദേഹത്തുണ്ടാകുന്ന ചൊറിച്ചിൽ മാറ്റും. (വാല്യം 2, പു. 125) |
| | ചൊറിഗണത്തിന്റെ വേരിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന നീര് പശുവിൻ പാലിൽ പഞ്ചസാരയും ചേർത്ത് കുടിക്കുന്നത് ശരീരത്തിലെ ചൊറിച്ചിലിന് നല്ലതാണ്. (വാല്യം 2, പു. 37) |
| | വള്ളി ചൊറിഗണത്തിന്റെ വേര് പാലിൽ ചതച്ച് പഞ്ചസാര ചേർത്ത് കൊടുക്കുന്നത് ശരീരത്തിന്റെ ചൊറിച്ചിൽ മാറ്റുന്നു. (വാല്യം 2, പു. 147) |
| | ചൊറിയ്ക്ക് തുളസി, കറുകപ്പട്ട, തിപ്പലി എന്നിവയും പാവയ്ക്കയുടെ സമൂലവും ചേർത്ത് പൊടിച്ച് കഞ്ഞിവെള്ളവും മരോട്ടി എണ്ണയും ചേർത്ത് ലേപനരൂപത്തിലാക്കി പുരട്ടുക. (വാല്യം 8, പു. 35) |
| | പാവൽ/പാവയ്ക്കയുടെ നീര് ചൊറിച്ചിലിന് എതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 35) |
| | ചൊറിച്ചിലിന് മഞ്ഞളും സ്പൈനേയുടെ (spinae) പൂവും, ചുക്കും, തിപ്പലിയും പാവൽ, പാവയ്ക്കചെടിയും ചേർത്ത് മരോട്ടി എണ്ണയിൽ ചേർത്ത് ചൂടാക്കിയ ഇരുമ്പിൽ ഒഴിച്ച് എടുക്കുന്ന എണ്ണ ഉപയോഗിക്കുക. (വാല്യം 8, പു. 35) |
| | പൂച്ചപ്പയർ ചെടിയും, കറുത്ത ഉപ്പും, Foule de Enserno എണ്ണയും ചേർത്ത് കഴിക്കുന്നത് ചൊറി, മൃഗചിരങ്ങ് (ചെറു പ്രാണികൾ മൂലം ഉണ്ടാകുന്നത്) എന്നിവ തടയുന്നു. (വാല്യം 8, പു. 131) |
| | അടമരത്തിന്റെ തളിരിലയും പാലും ചേർത്തരച്ച് കുഴമ്പ് ചൊറി കുഷ്ഠം തുടങ്ങിയ ചർമ്മരോഗങ്ങൾക്കു ശമനം വരുത്തുന്നു. (വാല്യം 4, പു. 10) |
| | കൈപ-ജാംബു നീരെടുത്ത് വെളിച്ചെണ്ണയിൽ തിളപ്പിച്ച് കുഴമ്പാക്കി പുരട്ടുന്നത് ചൊറി ഇല്ലാതാക്കും. (വാല്യം 4, പു. 17) |
| | ചൊറിയ്ക്ക് കാട്ടുചേരിന്റെ പഴം കഷായം വെച്ച് കഴിക്കുക. (വാല്യം 4, പു. 27) |
| | എല്ലാതരം ചൊറികൾക്കും മരവാഴ ചേമ്പു/മരചെമ്പുവിന്റെ വേരും മഞ്ഞളും ചേർത്തരച്ച് വെളിച്ചെണ്ണയിൽ ചേർത്ത് കുഴമ്പുരൂപത്തിലാക്കി പുരട്ടുന്നത് ഫലപ്രദമാണ്. (വാല്യം 12, പു. 35) |
| | തേക്ക് മരവാഴയും കൊന്നയുടെ ഇല, ഇഞ്ചി, മുരിങ്ങ തുടങ്ങിയവ ഉണക്കി തീയ്യിൽ ചുട്ടെടുത്ത് ഉപയോഗിക്കുന്നു. (വാല്യം 12, പു. 81) |
| | പേ- മുത്തങ്ങ എണ്ണയുമായി തിളപ്പിച്ച് ശരീരത്തിൽ പുരട്ടിയാൽ ചൊറിച്ചിൽ മാറിക്കിട്ടും. |
| | ചെറിയ കൊച്ചിലച്ചിപുല്ല് വെളിച്ചെണ്ണയുടെ കൂടെ തിളപ്പിച്ച ശേഷം ഉപയോഗിച്ചാൽ ചൊറിയും പഴുപ്പും ഭേദമാകും. (വാല്യം 12, പു. 215) |
| | കമ്മട്ടിവള്ളി ആവണക്കിൻ കുരു, കായം, ഇഞ്ചി, എള്ളെണ്ണ അഥവാ ചിറ്റെള്ളെണ്ണ എന്നിവയോ അല്ലെങ്കിൽ കടുക്ക, പാടമാറ്റിയ പാൽ എന്നിവ ചേർത്തോ ഏഴു ദിവസം ഉപയോഗിക്കുന്നത് ചൊറിയ്ക്ക് ഫലപ്രദമാണ്. (വാല്യം 9, പു. 43) |
| | മൻ (വൻ)തൊട്ടാവാടി കൊണ്ടുണ്ടാക്കുന്ന താളികൊണ്ടു കുളിക്കുക). (വാല്യം 9, പു. 74) |
| | മണിലിയുടെ വേരിൽ നിന്നെടുക്കുന്ന എണ്ണ തലയിൽ തേക്കുന്നത് തലയിലെയും മുഖത്തെയും ചർമ്മത്തിന്റെ ചുവപ്പുനിറത്തിൽ ഉണ്ടാകുന്ന ചൊറിക്ക് (Egysipales) നല്ലതാണ്. (വാല്യം |

| | |
|---|---|
| | 9, പു. 121) |
| | മുരിക്കിന്റെ ഇല വെറ്റില ചേർത്ത് പൊടിച്ച് എണ്ണ ചേർത്ത് പുരട്ടുന്നത് ചൊറി ശമിപ്പിക്കും. (വാല്യം 6, പു. 27) |
| | ചൊറിക്ക് കാട്ടുപുഴുക്കൊല്ലി അരച്ച് പുറമെ പുരട്ടുക. (വാല്യം 6, പു. 83) |
| ചിരങ്ങ് (Scabies) | കാട്ടുകരിമ്പിന്റെ വേര് എണ്ണയിൽ തിളപ്പിച്ച് ചൊറിക്കും ചിരങ്ങിനുമുള്ള ഔഷധമായി ഉപയോഗിക്കുന്നു. (വാല്യം 12, പു. 156) |
| | അൽപ്പം ചെടിയുടെ ഏത് ഭാഗവും എണ്ണ ചേർത്തരച്ച് കുഴമ്പാക്കി ഉപയോഗിച്ചാൽ എത്ര പഴക്കം ചെന്ന ചിരങ്ങും മാറും. (വാല്യം 6, പു. 101) |
| | എണ്ണയിൽ പച്ചമഞ്ഞളും ചേർത്ത് വറുത്തെടുക്കുന്ന തളിൽ ക്കാരയിലകളിൽ നിന്നുണ്ടാക്കുന്ന ലേപനം ചിരങ്ങിനെ ഉന്മൂലനം ചെയ്യുന്നു. (വാല്യം 5, പു. 146) |
| | ചിരങ്ങിന് തുമ്പ ചെടി എണ്ണയിൽ തിളപ്പിച്ച് പുരട്ടുന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 324) |
| | ചിരങ്ങിന് തുളസി, കറുകപ്പട്ട, തിപ്പലി എന്നിവയും പാവയ്ക്കയുടെ സമൂലവും ചേർത്ത് പൊടിച്ച് കഞ്ഞിവെള്ളവും മരോട്ടി എണ്ണയും ചേർത്ത് ലേപനരൂപത്തിലാക്കി പുരട്ടുക. (വാല്യം 8, പു. 35) |
| | ചിരങ്ങിന് മഞ്ഞളും സ്പൈനേയുടെ (spinae) പൂവും, ചുക്കും, തിപ്പലിയും പാവൽ, പാവയ്ക്കചെടിയും ചേർത്ത് മരോട്ടി എണ്ണയിൽ ചേർത്ത് ചൂടാക്കിയ ഇരുമ്പിൽ ഒഴിച്ച് എടുക്കുന്ന എണ്ണ ഉപയോഗിക്കുക. (വാല്യം 8, പു. 35) |
| | ചിരങ്ങിന് ഗോമൂത്രത്തിൽ ഇരിപ്പയുടെ പുഴുങ്ങിയ ഇലകൾ ചാറെടുത്ത് തേൻ ചേർത്ത് കഴിക്കുക. (വാല്യം 4, പു. 111) |
| | ചിരങ്ങിന് ഇരിപ്പ പഴങ്ങളിൽ നിന്നെടുക്കുന്ന എണ്ണ പുരട്ടുക. (വാല്യം 4, പു. 111) |
| | പുന്നയുടെ പരിപ്പ് ഉണക്കിയെടുക്കുന്ന എണ്ണ പഴകിയതിനു ശേഷം മഞ്ഞമെഴുകും ചേർത്തുണ്ടാക്കുന്ന ലേപനം ചിരങ്ങ് (scabies) ഇല്ലാതാക്കുന്നു. (വാല്യം 4, പു. 139) |
| | കാട്ടുകരിമ്പിന്റെ വേര് എണ്ണയിൽ തിളപ്പിച്ച് ചൊറിക്കും ചിരങ്ങിനുമുള്ള ഔഷധമായി ഉപയോഗിക്കുന്നു. (വാല്യം 12, പു. 156) |
| | ചിരങ്ങിന് കമ്മട്ടിവള്ളി ആവണക്കിൻ കുരു, കായം, ഇഞ്ചി, എള്ളെണ്ണ അഥവാ ചിറ്റെള്ളെണ്ണ എന്നിവയോ അല്ലെങ്കിൽ കടുക്ക, പാടമാറ്റിയ പാൽ എന്നിവ ചേർത്തോ ഏഴു ദിവസം ഉപയോഗിക്കുക. (വാല്യം 9, പു. 43) |
| | ചിരങ്ങിന് കാട്ടുപുഴുക്കൊല്ലി അരച്ച് പുറമെ പുരട്ടുക. (വാല്യം 6, പു. 83) |
| പാണ്ഡ് | പാണ്ഡിന് കാരണമായ വിഷത്തെ തടയുന്നതിനായി കഞ്ചാവ് ചെടിയുടെ ഇലയോ പൂക്കളോ കഴിച്ചാൽ മതി. (വാല്യം 10, പു. 220) |
| | അത്തി ആലിന്റെ തൊലി പൊടിച്ച് പുരട്ടുന്നത് പാണ്ഡുരോഗത്തിന് ഫലപ്രദമാണ്. (വാല്യം 1, പു. 89). |
| | തിണ്ടപരവയുടെ വേര് പൊടിച്ച് കഞ്ഞിവെള്ളത്തിൽ ചേർത്തത് പാണ്ഡു രോഗത്തിന് നല്ലതാണ്. (വാല്യം 1, പു. 181) |
| | പാണ്ഡിന് കൊഴിഞ്ഞിൽ വേര് ചതച്ച് തേങ്ങാപ്പാലിൽ വേവിച്ച് പുരട്ടുക. (വാല്യം 1, പു. 213) |
| | മൊട്ടപുല്ലു സസ്യം സമൂലം കഞ്ഞിവെള്ളം, മരോട്ടിയെണ്ണ, പച്ചമ |

| | |
|---|---|
| | ഞ്ഞൾ, തിപ്പലി എന്നിവയുടെ കൂടെ തിളപ്പിച്ചുണ്ടാക്കിയ കുഴമ്പ് വെള്ള പാണ്ഡിനുള്ള പ്രതിവിധിയാണ്. (വാല്യം 12, പു. 133) |
| മുഖക്കുരു | മുഖക്കുരുവിന് തുളസി, കറുകപ്പട്ട, തിപ്പലി എന്നിവയും പാവയ്ക്കയുടെ സമൂലവും ചേർത്ത് പൊടിച്ച് കഞ്ഞിവെള്ളവും മരോട്ടി എണ്ണയും ചേർത്ത് ലേപനരൂപത്തിലാക്കി പുരട്ടുക. (വാല്യം 8, പു. 35) |
| | വിതിമരത്തിന്റെ ഇലച്ചാറും ചിലതരം ചെമ്മീൻ ഞണ്ട് എന്നിവയുടെ പുറം തോട് പൊടിച്ചതും ചേർത്ത് കുഴമ്പാക്കി പുറമെ തേച്ചു പിടിപ്പിക്കുന്ത് മുഖക്കുരു നിശ്ശേഷം മാറ്റുന്നു. (വാല്യം 4, പു. 135) |
| തടിപ്പുകൾ | എള്ളെണ്ണയിൽ വലിയ കുപ്പമേനിയുടെ നീര് ചേർത്ത് പുരട്ടുന്നത് മുഖത്തുണ്ടാകുന്ന ചുവന്ന നിറത്തിലുള്ള തടിപ്പുകൾ (Eysipales) മാറും. (വാല്യം 10, പു. 296) |
| | കാട്ടു കിഴങ്ങിന്റെ വേരും കഞ്ഞിവെള്ളവും ചേർത്ത ലേപനം മുഖത്തു പൊള്ളൽ പോലെ ചുവന്നുതടിച്ചു വരുന്ന രോഗത്തിന് പ്രതിവിധിയാണ്. (വാല്യം 11, പു. 186) |
| | പൂച്ചപ്പയറിന്റെ വേരും ചുക്കും ഇഞ്ചിപ്പുല്ലും തേനും ജീരകം പൊടിച്ചതും ചെമ്പരത്തിയുടെ പൂവ് ചന്ദനം, വെറ്റില നീരും ഇലയും തുടങ്ങിയവയെല്ലാം ചേർത്ത് മുഖത്തുണ്ടാകുന്ന ചൂടുകുരുവിന് ഉപയോഗിക്കുക. (വാല്യം 8, പു. 131) |
| അരിമ്പാറ | നില ഉമ്മത്തിന്റെ കായ്കൾ കുരു കളഞ്ഞ് ചതച്ചു വെക്കുന്നത് അരിമ്പാറയ്ക്ക് ഫലപ്രദമാണ്. (വാല്യം 2, പു. 93) |
| | മാവിലയുടെ ഞെട്ടി വറുത്ത് പൊടിച്ച് അരിമ്പാറ കളയാൻ അതിന്മേൽ പുരട്ടുന്നു. (വാല്യം 4, പു. 4) |
| ആണിരോഗം | വിതിമരത്തിന്റെ തൊലി ചതച്ചു പിഴിഞ്ഞെടുക്കുന്ന നീര് കാടിവെള്ളവും തേങ്ങാപ്പാലും ചേർത്ത് കുഴമ്പ് രൂപത്തിലാക്കി പുറമേ പുരട്ടുന്നത് ആണിരോഗം ഇല്ലായ്മ ചെയ്യുന്നു. (വാല്യം 4, പു. 131) |
| | ചെറുമണലി വേർകളഞ്ഞ് ഇടിച്ച് പൊടിയാക്കി പാടമാറ്റിയ പാലും ചെമ്പ് പൊടിയും ചേർത്ത് പുരട്ടിയാൽ പാദങ്ങളിലുണ്ടാകുന്ന ആണി നിർമ്മാർജ്ജനം ചെയ്യാം. (വാല്യം 9, പു. 129) |
| കുഴിനഖം | കാഞ്ഞിരത്തിന്റെ പൂക്കൾ ചതച്ചിട്ട് കാച്ചിയ വെളിച്ചെണ്ണ പുരട്ടിയാൽ കുഴിനഖം കൊണ്ടുള്ള വേദന ശമിക്കുന്നു. (വാല്യം 1, പു. 137) |
| | വെറ്റിലകെട്ടിന്റെ (സയനോട്ടീസ് ക്രിസ്റ്റേറ്റ) നീരിനൊപ്പം തകരയും കൂട്ടി പുരട്ടുന്നത് നഖങ്ങളിലെ അസുഖങ്ങൾ ശമിപ്പിക്കും. (വാല്യം 2, പു. 192) |
| കരപ്പൻ | പോയെച്ചെത്തി തൊലിയും വേരും പൊടിച്ച് എണ്ണ ചേർത്തുണ്ടാക്കുന്ന ലേപനം കരപ്പന് ഉത്തമമാണ്. (വാല്യം 5, പു. 203) |
| കാലിലെ മുള | വെട്ടവള്ളി/വട്ടവള്ളി ചെടി സമൂലം എടുത്ത് ഇഞ്ചിയുമായി ചേർത്ത് അരച്ച് പുരട്ടിയാൽ കാലിലെ മുളയ്ക്ക് ശമനം കിട്ടും. (വാല്യം 7, പു. 2) |
| കുരുക്കൾ | പച്ചമഞ്ഞൾ ചേർത്ത് കശാവു മരത്തിന്റെ ഇലകൾ തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് നാടവിരകൾ വളരുന്ന വെള്ളം നിറഞ്ഞ കുരുക്കളെ (hydatidibus) നശിപ്പിക്കും. (വാല്യം 5, പു. 72) |
| | പെരിൻ നിരൂരി ഇലയും തൊലിയും കഞ്ഞി വെള്ളത്തിൽ (കാടിയിൽ) തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് (cataplasm) നീരുള്ള കുരു |

| | |
|---|---|
| | വിൻമേൽ വെച്ചാൽ അത് പൊട്ടുവാൻ സഹായിക്കുന്നു. (വാല്യം 5, പു. 167) |
| | കുരുക്കൾ പഴുത്തു പൊട്ടുന്നതിന് ചമ്പകത്തിന്റെ വേരും ഉണങ്ങിയ തൊലിയും പൊടിച്ച് തൈരും ചേർത്ത് കുരുവിന് മുകളിൽ ലേപനം ചെയ്താൽ മതി. (വാല്യം 1, പു. 65). |
| | വെള്ള മന്ദാരത്തിന്റെ തൊലി തിളപ്പിച്ച സത്ത് കുരുക്കൾക്ക് പുരട്ടുന്നു. (വാല്യം 1, പു. 125). |
| | കുരുക്കൾക്ക് മോതിരക്കണ്ണിവേര് ചതച്ച് പുരട്ടുക (വാല്യം 2, പു. 53) |
| | കാട്ടുചേരിന്റെ തൊലിയിൽ നിന്നും കായിൽ നിന്നും ചതച്ചെടുക്കുന്ന നീര് കുരുക്കളിൽ (boils) പുരട്ടുമ്പോൾ തൊലിക്കകത്തേ (skin) ക്കിറങ്ങി അവ പൊട്ടുന്നു. (വാല്യം 4, പു. 27) |
| | പൂമരുതിൻ വേരരച്ച് തിളപ്പിച്ച് കുഴമ്പാക്കി കുരുക്കളിൽ പുരട്ടുന്നത് അവയെ മൃദുവായി പാകപ്പെടുത്തുന്നു. (വാല്യം 4, പു. 72) |
| | മനിൽ - കാരയിലയും മഞ്ഞൾ വേരും ഇഞ്ചിയിലയും വേവിച്ച് ചതച്ചുണ്ടാക്കുന്ന കുഴമ്പ് കുരുക്കളിൽ പുരട്ടുന്നത് അവ പഴുക്കാൻ സഹായിക്കുന്നു. (വാല്യം 4, പു. 87) |
| | പൊങ്ങിന്റെ ഇലകൾ ചതച്ച് കുഴമ്പാക്കി കുരുക്കളിൽ വെക്കുന്നത് അവ പഴുക്കാൻ സഹായിക്കും. (വാല്യം 4, പു. 126) |
| | വിതിമരത്തിന്റെ ഇലച്ചാറും ചിലതരം ചെമ്മീൻ, ഞണ്ട് എന്നിവയുടെ പുറംതോട് പൊടിച്ചതും ചേർത്ത് കുഴമ്പാക്കി പുറമെ തേച്ചു പിടിപ്പിക്കുന്നത് ശരീരത്തിലുണ്ടാവുന്ന കുരുക്കളെ നിശ്ശേഷമില്ലാതാക്കുന്നു. (വാല്യം 4, പു. 135) |
| | ഇപ്പത്തയുടെ പച്ചകായ്കളും 'അടമ്പോ' ഇലകളും ചേർത്ത് വേവിച്ച് ചതച്ച് വെണ്ണയിൽ ചാലിച്ച മിശ്രിതം കുരുക്കളിൽ പുരട്ടുന്നത് അവയെ പാകപ്പെടുത്താൻ നല്ലതാണ്. (വാല്യം 4, പു. 167) |
| | തൊണ്ടി, തെരഗമരത്തിന്റെ മരപ്പട്ടയും വേരും വെള്ളത്തിൽ കഷായം വെച്ച് കഴിക്കുക. (വാല്യം 4, പു. 223) |
| | വെള്ള മോദകത്തിലകൾ അരച്ചെടുക്കുന്ന കുഴമ്പ് കുരുക്കളിൽ പുരട്ടുന്നത് അവയെ മൃദുവാക്കുന്നു, വേഗത്തിൽ പഴുപ്പിക്കുന്നു. (വാല്യം 4, പു. 219) |
| | ചെറുമാവുമരവാഴ സമൂലമെടുത്ത് അരച്ച് കുഴമ്പുരൂപത്തിലാക്കി കുരുക്കൾക്ക് മേലെ പുരട്ടിയാൽ അത് വേദനകൂടാതെ മൂപ്പെത്തുന്നു. (വാല്യം 12, പു. 21) |
| | കാടിൽ പാൽവള്ളി ഇല പിഴിഞ്ഞെടുത്ത നീര് ചെറിയ തരത്തിലുള്ള ചൂടുകുരുക്കൾക്ക് നല്ലതാണ്. (വാല്യം 9, പു. 34) |
| | കാക്കപ്പൂചെടിയും ചന്ദനത്തടിയും cariophills, moschata യുടെ പരിപ്പും പനിനീരും ചേർത്ത് ഇടിച്ച് പിഴിഞ്ഞ് കുഴമ്പു പരവുത്തിലാക്കി ശരീരത്തിൽ തേച്ചാൽ പനിയോടുകൂടി വരുന്ന കുരുക്കൾ ഉണങ്ങിക്കിട്ടും. (വാല്യം 9, പു. 177) |
| | വെള്ളിച്ചീരചെടിയും കരിക്കിൻ തൊണ്ടിന്റെ ചാറും ചേർത്തരച്ച് പുരട്ടുക. (വാല്യം 9, പു. 290) |
| | ബസളയുടെ തണ്ടും ഇലയും ചതച്ച് പുരട്ടിയാൽ കുരുക്കൾ തുറന്ന് കിട്ടും. (വാല്യം 7, പു. 86) |
| | പിരിപ്പു നീര് വെള്ളത്തിലൊഴിച്ചു കുളിക്കുന്നത് പഴുത്ത് പുറ്റുപിടിച്ച കുരുക്കൾക്ക് ആശ്വാസം നൽകും. (വാല്യം 7, പു. 194) |
| | കരച്ചീര കാടിവെള്ളത്തിൽ ചതച്ചിട്ട് ഉയോഗിച്ചാൽ വേനൽക്കുരുവിന് നല്ലതാണ്. (വാല്യം 10, പു. 133) |

| | |
|---|---|
| | ചുവന്ന പോളത്താളിയുടെ ഇലകൾ വറുത്തരച്ച് രാജകുരുവിൽ പുരട്ടുന്നത് വേദനയകറ്റും. (വാല്യം 11, പു. 139) |
| | മരവാഴ ചേമ്പു/മരചേമ്പുവിന്റെ വേര് മഞ്ഞളിന്റെ കൂടെ അരച്ച് വെളിച്ചെണ്ണ ചേർത്ത കുഴമ്പ് ശരീരത്തിലുണ്ടാകുന്ന വസൂരിക്കു സമാനമായ കുരുക്കളെയെല്ലാം മാറ്റും. (വാല്യം 12, പു. 35) |
| | പന്നക്കിഴങ്ങ്, മരവാഴ തെങ്ങിലാണ് വളരുന്നതെങ്കിൽ ശ്ലേഷ്മപടത്തിന്റെ പുറത്ത് കാണുന്ന ചെറിയ വെളുത്ത വിദ്രഥികൾ (ഒരു തരം കുരുക്കൾ) ശമിപ്പിക്കാൻ ഉപയോഗിക്കുന്നു. (വാല്യം 12, പു. 43) |
| | ചെമ്പ്രവള്ളിയുടെ വേര് തേങ്ങാപ്പാലും വെളിച്ചെണ്ണയും ചേർത്ത് ചതച്ചുപിഴിഞ്ഞെടുത്തത് ചലം നിറഞ്ഞ കുരുക്കൾ, പ്രമേഹകുരു, പരുക്കൾ എന്നിവയെ ഭേദമാക്കുന്നു. (വാല്യം 7, പു. 23) |
| പരുക്കൾ | താമരത്തുകയുടെ ഇലകൾ ചോറും (അരി) ചേർത്ത് തിളപ്പിച്ച് ഉണ്ടാക്കുന്ന കട്ടിയുള്ള കുഴമ്പ് പരുക്കൾ തുറന്ന് സുഖപ്പെടുവാൻ സഹായിക്കുന്നു. (വാല്യം 3, പു. 93) |
| | താമരത്തുകയുടെ ഇലകൾ ചതച്ച് അരിയിലിട്ടു വേവിച്ചു കിട്ടുന്ന വെള്ളം ഒരു കഷായമായിട്ട് പരുക്കൾക്ക് ഉപയോഗിക്കാം. (വാല്യം 3, പു. 93) |
| | ബിലിമ്പി ഇലകൾ ചോറും (അരി) ചേർത്ത് തിളപ്പിച്ച് ഉണ്ടാക്കുന്ന കട്ടിയുള്ള കുഴമ്പ് പരുക്കൾ തുറന്ന് സുഖപ്പെടുവാൻ സഹായിക്കുന്നു. (വാല്യം 3, പു. 98) |
| | ബിലിമ്പി ഇലകൾ ചതച്ച് അരിയിലിട്ടു വേവിച്ചു കിട്ടുന്ന വെള്ളം ഒരു കഷായമായിട്ട് പരുക്കൾക്ക് ഉപയോഗിക്കാം. (വാല്യം 3, പു. 98) |
| | കീഴാർ നെല്ലി ഇലയും വേരും ചതച്ച് പുരട്ടിയാൽ പരു പൊട്ടും. (വാല്യം 10, പു. 58) |
| | മുറികൂട്ടിയുടെ ഇല പിഴിഞ്ഞ നീര് വെണ്ണയുമായി ചേർത്തുണ്ടാക്കുന്ന എണ്ണ പരു പഴുത്ത് പൊട്ടാൻ നല്ലതാണ്. (വാല്യം 10, പു. 116) |
| | നീർപോളയുടെ കിഴങ്ങ് കഞ്ഞിവെള്ളം ചേർത്ത് അരച്ച് കിട്ടുന്ന കുഴമ്പ് പരുക്കളെ നശിപ്പിക്കുന്നു. (വാല്യം 11, പു. 123) |
| | പരുക്കൾ പഴുത്ത് തുറക്കുന്നതിന് ചുവന്ന പോളത്താളി വേര് അരച്ച് വറുത്തത് പുരട്ടുന്നത് നല്ലതാണ്. (വാല്യം 11, പു. 139) |
| | കാട്ടുള്ളി വറുത്ത് പൊടിച്ച് പരുവിന് മുകളിൽ വയ്ക്കുന്നത് പരു പഴുത്ത് പൊട്ടി ഭേദമാക്കുവാൻ നല്ലതാണ്. (വാല്യം 11, പു. 142) |
| | കാട്ടു കിഴങ്ങിന്റെ ഇലകൾ ചതച്ച് കൊടി ആവണക്കും വെണ്ണയും ചേർത്ത് കഴിച്ചാൽ വലിയ പരുക്കൾ പഴുത്തു പൊട്ടും. (വാല്യം 11, പു. 186) |
| | പുലിച്ചുവടി ഇലകൾ നെയ്യും ചേർത്ത് ചതച്ചത് പുരട്ടുന്നത് പരുക്കൾ പൊട്ടി ഉണങ്ങുന്നതിന് സഹായിക്കും. (വാല്യം 11, പു. 216) |
| | വെളുത്ത മന്ദാരത്തിന്റെ വേര് എണ്ണ ചേർത്ത് തിളപ്പിച്ച് ചെവികളിലെ പരുക്കൾക്ക് പുരട്ടാം. (വാല്യം 1, പു. 125). |
| | ചെമ്പരത്തിയുടെ കുരുന്നിലകൾ ചതച്ച് ഒരൽപ്പം പുതു വെണ്ണയൊടൊപ്പം പരുക്കുകൾക്ക് മുകളിൽ വെക്കുന്നത് അവ പഴുക്കുന്നതിന് സഹായിക്കും. (വാല്യം 2, പു. 45) |
| | പരുക്കൾക്ക് മോതിരക്കണ്ണി വേര് ചതച്ച് പുരട്ടുക. (വാല്യം 2, പു. 53) |
| | കുപ്പി മരത്തിന്റെ ഇലകളും കായ്കളും ചതച്ച് സ്ത്രീകളുടെ മുലപ്പാലുമായി ചേർത്ത് പുരട്ടുന്നത് കാലിന്റെ സന്ധികളിലും വിരലു |

| | |
|---|---|
| | കൾക്കുമിടയിലുണ്ടാകുന്ന പരുക്കൾക്ക് നല്ലതാണ്. (വാല്യം 2, പു. 69) |
| | നിരൂരിയുടെ ഇലകൾ ചതച്ച് മോരിനോടൊപ്പം പുരട്ടുന്നത് പരുക്കൾ മൂക്കുന്നതിന് നല്ലതാണ്. തൊലിയും ഇലയും ചൂടുവെള്ളത്തിൽ അരച്ച് പുരട്ടുന്നത് നല്ലതാണ്. (വാല്യം 2, പു. 81) |
| | തെങ്ങിൽ നിന്നെടുക്കുന്ന സുരി എന്ന് വിളിക്കുന്ന മദ്യത്തോടൊപ്പം കര - ചുള്ളി ചെടി ചതച്ച് പൊടിച്ച് ചേർത്ത് ഉപയോഗിക്കുന്നത് പരുക്കൾ മൂത്ത് പൊട്ടുന്നതിന് സഹായിക്കും. (വാല്യം 2, പു. 171) |
| | തകരയുടെ വിത്തുകൾ ചതച്ച് കുങ്കുമത്തോടൊപ്പം പുരട്ടുന്നത് പരുക്കൾ തടയുന്നു. (വാല്യം 2, പു. 192) |
| | കപ്പു മുളക് ചതച്ച് വെയ്ക്കുന്നത് പരുക്കൾ പൊട്ടി തുറക്കുന്നതിന് സഹായകമാണ്. (വാല്യം 2, പു. 203) |
| | മുരിക്കിന്റെ തോല്, ചന്ദനം, കറുത്ത ആമയുടെ തോട്, കഞ്ഞി വെള്ളം എന്നിവയും വെൺപാവലും ചേർത്ത് ഉണ്ടാക്കുന്ന് ലേപനം പരുക്കൾ തുറപ്പിച്ച് ഉണക്കുന്നതിന് നല്ലതാണ്. (വാല്യം 8, പു. 67) |
| | കരിവള്ളി/കരിവിവള്ളി ചെടി സമൂലം പൊടിച്ചതും മുരിക്കിന്റെ ഇലയും വെള്ളടമ്പിന്റെ വേരും വെള്ളവും വെണ്ണയും ചേർത്തുണ്ടാക്കുന്ന മിശ്രിതം പരുവിനെ ഉണക്കുന്നു. (വാല്യം 8, പു. 98) |
| | ചെറിയ കമ്മട്ടി വള്ളിയുടെ വേര് വറുത്ത് പൊടിച്ച് എണ്ണയിൽ ചേർത്ത് ഉപയോഗിക്കുക. (വാല്യം 8, പു. 165) |
| | പെണാർ വള്ളിയുടെ ഇലയുടെ നീര് ചേർത്ത് കുളിക്കുന്നത് ചെറിയ പരുക്കളെ നശിപ്പിക്കും. (വാല്യം 8, പു. 170). |
| | മു-ക്കിഴങ്ങ് ഇലകൾ ചതച്ച് കഞ്ഞിവെള്ളത്തിൽ വേവിച്ചെടുക്കുന്ന കഷായം നീർവീക്കമുള്ള പരുക്കളെ സുഖപ്പെടുത്തുന്നു. (വാല്യം 8, പു. 178) |
| | കാട്ടു കരിമ്പിന്റെ ഇലകളിൽ നിന്നെടുക്കുന്ന ഔഷധരസം വീക്കമുള്ള ഭാഗത്ത് പുരട്ടുമ്പോൾ പരു പഴുത്തു പൊട്ടുന്നു. (വാല്യം 12, പു. 156) |
| | വലിയ-പാൽ വള്ളിയുടെ ഇലകൾ വെണ്ണയിലരച്ച് പുരട്ടിയാൽ എല്ലാതരത്തിലുമുള്ള പരുക്കളും ശമിക്കും. (വാല്യം 9, പു. 27) |
| | മുക്കുറ്റിയിലകൾ ഇടിച്ചുപിഴിഞ്ഞ് വെണ്ണ ചേർത്ത് പുരട്ടുക. (വാല്യം 9, പു. 63) |
| | നീറ്റി തൊട്ടാവാടി ചെടി ഇടിച്ച് പിഴിഞ്ഞ് വെള്ളം ചേർത്ത് തേച്ചാൽ വ്രണവീക്കം കൊണ്ടുള്ള കുമിളകൾ, പരുക്കൾ പഴുത്ത് പൊട്ടി പോവുന്നു. (വാല്യം 9, പു. 67) |
| | മണെലി സമൂലം ഉപയോഗിച്ച് പാൽപ്പാടമാറ്റിയ പാൽകൂട്ടി കുളിക്കുന്നത് തുടയിൽ ഉണ്ടക്കുന്ന പരുക്കൾ ഇല്ലാതാക്കും. (വാല്യം 9, പു. 121) |
| | മണെലി ഇല ഇടിച്ചുപിഴിഞ്ഞ നീര് പുരട്ടുന്നത് പരുവിനെ വറ്റിച്ചു കളയാൻ ഉത്തമമാണ്. (വാല്യം 9, പു. 121) |
| | ചുവന്ന മണെലി ചെടിയിൽ നിന്നുണ്ടാകുന്ന കുഴമ്പ് പഴുത്ത പരു ഉണക്കുന്നു. (വാല്യം 9, പു. 124) |
| | ശരീരത്തിൽ ഉണ്ടാകുന്ന പരുക്കൾ പഴുത്ത് പൊട്ടി ഉണങ്ങുന്നതിന് എണ്ണ പായെൽ ചെടി പുതിയ വെണ്ണയിലരച്ച് പുരട്ടിയാൽ മതി. (വാല്യം 9, പു. 281) |
| | വയൽചുള്ളി ഇലകൾ ഇടിച്ച് കുഴമ്പ് രൂപത്തിലാക്കി പുരട്ടിയാൽ പരു പഴുത്ത് പൊട്ടുന്നതിന് സഹായിക്കുന്നു. (വാല്യം 9, പു. 303) |

| | |
|---|---|
| | വള്ളിക്കാഞ്ഞിരത്തിലകൾ ചതച്ച് പുറമേ പുരട്ടുന്നത് ചലം നിറഞ്ഞ പരുക്കളും വ്രണങ്ങളും ഭേദമാക്കുന്നു. (വാല്യം 7, പു. 11) |
| | തേങ്ങയിൽ നിന്ന് ആട്ടിയെടുക്കുന്ന എണ്ണ പുരട്ടിയാൽ തലയിലെ പരുക്കൾ ഉണങ്ങും. (വാല്യം 1, പു. 12). |
| കുഷ്ഠം | ചെറുമൊറാൽ വേരും മഞ്ഞളും കുമ്മായവും ചേർത്ത് തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ കുഷ്ഠം മാറും. (വാല്യം 3, പു. 125) |
| | കാട്ടു ആലിന്റെ വേരും തൊലിയും ഇട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് കുഷ്ഠം മാറ്റും. (വാല്യം 3, പു. 131) |
| | പെരുന്തെരകത്തിന്റെ മരത്തിൽ തോലും കായും ചേർത്ത് തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ കുഷ്ഠത്തിന്റെ അടയാളങ്ങൾ മായ്ക്കാനാവും. (വാല്യം 3, പു. 146) |
| | കുഷ്ഠത്തിന് നിലംപത്തെ വെണ്ണയും ചേർത്ത് തിളപ്പിച്ച് ഉപയോഗിക്കുന്നു. (വാല്യം 10, പു. 181) |
| | തുമ്പയുടെ വേര് കഷായമാക്കി കുടിക്കുന്നത് കുഷ്ഠം മാറാൻ സഹായിക്കും. (വാല്യം 10, പു. 324) |
| | പാവൽ/പാവയ്ക്ക പൊടിയാക്കി പുരട്ടുന്നത് കുഷ്ഠരോഗത്തിനെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 35) |
| | പൂച്ചപ്പയറും കടുക്കയുടെ തൊലിയും മുത്തങ്ങയുടെ വേരും അരിയും തേനും കൂട്ടിച്ചേർത്ത് വേവിച്ച് കുറിക്കിയെടുക്കുന്ന മിശ്രിതത്തിൽ പേരിഗിലിന്റെ (perigil) ഇല ചേർത്ത് മണ്ണ് കൊണ്ട് പൊതിഞ്ഞ് കൽക്കരിയിൽ ആവികൊള്ളിച്ച് എടുക്കുന്ന എണ്ണ കുഷ്ഠരോഗത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 131) |
| | അടമരത്തിന്റെ തളിരിലയും പാലും ചേർത്തരച്ച് കുഴമ്പ് ചൊറി കുഷ്ഠം തുടങ്ങിയ ചർമ്മരോഗങ്ങൾക്കു ശമനം വരുത്തുന്നു. (വാല്യം 4, പു. 10) |
| | കുഷ്ഠത്തിന് കാട്ടുചേരിന്റെ പഴം കഷായം വെച്ച് കഴിക്കുക. (വാല്യം 4, പു. 27) |
| | കുഷ്ഠത്തിന് ഗോമൂത്രത്തിൽ ഇരിപ്പയുടെ പുഴുങ്ങിയ ഇലകൾ ചാറെടുത്ത് തേൻ ചേർത്ത് കഴിക്കുക. (വാല്യം 4, പു. 111) |
| | പൊന്നാം-പൂ മരവാഴയുടെ ചെടി സമൂലം അരച്ച് 'കൊച്ചിളച്ചി പുല്ലും' (Leetsji – pullu) വെളിച്ചെണ്ണയും ചേർത്ത് തിളപ്പിച്ച് ഉപയോഗിച്ചാൽ കുഷ്ഠം ഭേദമാകും. (വാല്യം 12, പു. 13) |
| | കുഷ്ഠം മാറാൻ കമ്മട്ടിവള്ളി പൂവോടുകൂടി കറുകപ്പട്ട എന്നിവ കഞ്ഞിവെള്ളം, പാൽമാറ്റിയ പാൽ, തേൻ എന്നിവ ചേർത്തുണ്ടാക്കുന്ന പാനീയം കുടിക്കുക. (വാല്യം 9, പു. 43) |
| | കുഷ്ഠത്തിന് മൻ (വൻ)തൊട്ടാവാടി കൊണ്ടുണ്ടാക്കുന്ന താളി കൊണ്ടു കുളിക്കുക. (വാല്യം 9, പു. 74) |
| | കുഷ്ഠത്തിന് കരവെള്ളയുടെ നീര് എണ്ണചേർത്ത് കാച്ചിതേക്കുക. (വാല്യം 9, പു. 82) |
| | താളിപ്പുല്ലിന്റെ നീരും എള്ളെണ്ണയും ചേർത്ത് തിളപ്പിച്ച് തേച്ചാൽ കുഷ്ഠത്തിന് പ്രതിവിധിയാണ്. (വാല്യം 9, പു. 214) |
| | കൊച്ചിളെയിപ്പുല്ലയുടെ ഇലയും വേരും എണ്ണയിൽ തിളപ്പിച്ച് ഉപയോഗിച്ചാൽ കുഷ്ഠം ശമിക്കും. (വാല്യം 9, പു. 247) |
| | വാഗചെടിയുടെ നീര് നാരങ്ങാനീരും പച്ചമഞ്ഞളും ചേർത്ത് വെളിച്ചെണ്ണയിൽ കുറേനേരം കാച്ചി പുരട്ടിയാൽ കുഷ്ഠം ശമിക്കും. (വാല്യം 6, പു. 19) |

| | |
|---|---|
| | കാട്ടുകൊന്നയുടെ ഇലയുടെ നീരിൽ നിന്നെടുക്കുന്ന കഷായം കുഷ്ഠത്തെ ശമിപ്പിക്കുന്നു. (വാല്യം 6, പു. 43) |
| | കാട്ടുകൊന്ന വൃക്ഷത്തിന്റെ തൊലിയും പഞ്ചസാരയും ചേർത്ത് കുഴമ്പു രൂപത്തിലാക്കി ഉപയോഗിക്കുന്നത് കുഷ്ഠത്തിന് അത്യുത്തമം. (വാല്യം 6, പു. 43) |
| | ബെലോരെയുടെ വേരിൽ നിന്നെടുക്കുന് തൈലം മറ്റ് ഔഷധസസ്യങ്ങളുമായി ചേർത്ത് കുഷ്ഠത്തിന്റെ മരുന്നായി ഉപയോഗിക്കുന്നു. (വാല്യം 6, പു. 155) |
| മസൂരി കലകൾ | മലംപുന്നയുടെ ഇലകൾ ഉണക്കിയ ആന പിണ്ഡവും ചേർത്ത് മസൂരി ഭേദമാകുമ്പോഴുള്ള മുറിവിൻപാടിൽ തൂവിയാൽ അതിന്റെ പാടുകൾ ഇല്ലാതായി വേഗം ഭേദപ്പെടും. (വാല്യം 5, പു. 32) |
| പുഴുക്കടി | മുരിക്കിന്റെ ഇല വെറ്റില ചേർത്ത് പൊടിച്ച് എണ്ണ ചേർത്തു കാലിൽ പുരട്ടുന്നത് പുഴുക്കടി മാറ്റും. (വാല്യം 6, പു. 27) |
| | പുഴുമൂലമുണ്ടാകുന്ന ഹെർപ്പസ് രോഗം ശമിപ്പിക്കാൻ വേരും ചക്കയും ചതച്ചതിൽ പഞ്ചസാര ചേർത്ത് വേദനയുള്ളിടത്ത് പുരട്ടിയാൽ മതി. (വാല്യം 3, പു. 39) |
| മുറിവ് | ഇത്തി - ആലിന്റെ തൊലിയും വേരും ഇലയും എണ്ണയിൽ വേവിച്ച് മുറിവിന് മരുന്നുണ്ടാക്കാം. (വാല്യം 3, പു. 123) |
| | ചെറുമൊറാലിന്റെ തൊലിയും വേരും ഇലയും എണ്ണയിൽ വേവിച്ച് മുറിവിന് മരുന്നുണ്ടാക്കാം. (വാല്യം 3, പു. 125) |
| | കീഴാർ നെല്ലി വെളിച്ചെണ്ണയിൽ വറുത്ത് കഴിച്ചാൽ മുറിവുണങ്ങും. (വാല്യം 10, പു. 58) |
| | മുറികൂട്ടിയും വെളിച്ചെണ്ണയും കുങ്കുമപൂവും ചേർത്ത് ചൂടാക്കിയത് മുറിവുകളെ ഉണക്കുന്നു. (വാല്യം 10, പു. 116) |
| | മുറികൂട്ടിയുടെ നീര് പുരട്ടുന്നത് എത്ര വലിയ മുറിവായാലും അത് ഭേദപ്പെടുത്തും. (വാല്യം 10, പു. 116) |
| | കർപ്പൂരചെടിയുടെ വേര് എള്ളെണ്ണയിൽ ചൂടാക്കി തുണിയിൽ മുക്കി ശരീരത്തിലെ മുറിവുകളിൽ വെച്ച് പന്ത്രണ്ട് മണിക്കൂറിലൊരിക്കൽ നനച്ചു കൊണ്ടിരുന്നാൽ മുറിവ് ശരീര ദ്രവങ്ങളില്ലാതെ വൃത്തിയായി സൂക്ഷിക്കാം. (വാല്യം 10, പു. 164) |
| | കീൽകൊല - ചെത്തിയുടെ ഇലകളും തടിയും കുരുമുളകും ചേർത്തരച്ച് മുറിവിൽ വയ്ക്കണം. (വാല്യം 10, പു. 210) |
| | കീൻകൊല - ചെത്തിയുടെ വേരിന്റെ തൊലിയും അൽപ്പം എണ്ണയും ചേർത്ത് ഉപയോഗിച്ചാലും മുറിവുണങ്ങും. (വാല്യം 10, പു. 210) |
| | പട്ടി കടിച്ചാൽ തുമ്പയുടെ നീര് ചുണ്ണാമ്പിൽ ചേർത്തരച്ച് മുറിവിൽ പുരട്ടുക. ഇത് മുറിവുണക്കുന്നു. (വാല്യം 10, പു. 324) |
| | മലങ്കൂവ സമൂലം അരച്ച് കുഴമ്പു രൂപത്തിലാക്കി മുറിവുണ്ടായ ഉടൻ മുറിവിൽ പുരട്ടുക. വളരെ പെട്ടെന്നു തന്നെ അവ മാറിക്കിട്ടും. (വാല്യം 11, പു. 29) |
| | മുറിവുണ്ടായാൽ ഉണങ്ങാതെ രക്തം ഒഴുകി കൊണ്ടിരിക്കുന്ന രോഗത്തിന് കൊടപ്പായലിന്റെ ഇലകളും പനിനീരും പഞ്ചസാരയും ചേർത്ത് കഴിക്കുന്നത് ഫലപ്രദമാണ്. (വാല്യം 11, പു. 112) |
| | മഞ്ഞ മന്ദാരത്തിന്റെ തൊലി ചതച്ച് വെയ്ക്കുന്നത് ശരീരത്തിലെ മുറിവുകൾക്ക് നല്ലതാണ്. (വാല്യം 1, പു. 129) |
| | മരോട്ടി കുരു എണ്ണയും ചാരവും കൂട്ടി കലർത്തി കന്നുകാലികളുടെ മുറിവിൽ വെക്കുക. (വാല്യം 1, പു. 133) |

| | |
|---|---|
| | മുറിവുകളുടെ ജീർണ്ണത മാറ്റാൻ കറുവ വാറ്റിയെടുത്ത എണ്ണ പുരട്ടുക. (വാല്യം 1, പു. 223) |
| | കൈപജാബുവിന്റെ കായ്കളുടെ പൊടി വെള്ളത്തിൽ കലക്കി കഴിക്കുന്നതോ പുറമേ പുരട്ടുന്നതോ രക്തസ്രാവമുണ്ടായ മുറിവുകളിലെ വേദന ഇല്ലാതാക്കും. (വാല്യം 4, പു. 17) |
| | പയൊനൊ കറയും ആൽബയും എള്ളെണ്ണയും ചേർത്തുരുക്കുന്നത് മുറിവിനുള്ള വിശിഷ്ടമായ ലേപനമാണ്. (വാല്യം 4, പു. 51) |
| | അങ്കോലം എന്ന് ഇന്ന് അറിയപ്പെടുന്ന ഈ ചെടിയുടെ ഇല എണ്ണയിൽ മൂപ്പിച്ച് മുറിവുണക്കുന്ന ഒരു തരം കുഴമ്പ് തയ്യാറാക്കുന്നു. (വാല്യം 4, പു. 91) |
| | ബെങ്കിയേരി ഇല ഇടിച്ചുപൊടിച്ച് മാംസം പുറത്തുകാണുന്ന മുറിവുകളിൽ തൂവികൊടുക്കുന്നത് അവയിലെ ചലവും കൂടുതലായി വന്ന മാംസഭാഗവും പോകാൻ നല്ലതാണ്. (വാല്യം 4, പു. 187) |
| | പേവെട്ടിയുടെ ഇലകളിൽ നിന്ന് മുറിവുണക്കുന്ന ലേപനം ഉണ്ടാക്കുന്നു. (വാല്യം 4, പു. 199) |
| | നെല്ലിത്താളി ചെടി ഇട്ടുവച്ച വെള്ളംകൊണ്ടു കുളിക്കുന്നത് ശരീരത്തിൽ മുറിവുകളുണ്ടെങ്കിൽ അത് ഉണങ്ങുവാൻ സഹായിക്കും. (വാല്യം 9, പു. 59) |
| | മുക്കുറ്റി ഇലകൾ ഇടിച്ചുപിഴിഞ്ഞ് മുറിവിൽ പുരട്ടുന്നത് മുറിവുണങ്ങാൻ സഹായിക്കുന്നു. (വാല്യം 9, പു. 63) |
| | വേര് കളഞ്ഞുള്ള ചെറുവെള്ള ചെടി ഇടിച്ച് പിഴിഞ്ഞ് കഞ്ഞിവെള്ളം ചേർത്ത് ഉപയോഗിക്കുക. (വാല്യം 9, പു. 113) |
| | കാരെള്ളിൻ എണ്ണ കുഴമ്പാക്കി മുറിവിനും വ്രണങ്ങൾക്കുമുള്ള മരുന്നായി ഉപയോഗിക്കുന്നു. (വാല്യം 9, പു. 183) |
| | ചെറിയ ഞെരിക്കും പുളിയുടെ ഇലകൾ എണ്ണയിൽ കാച്ചിയുണ്ടാക്കുന്ന കുഴമ്പ് മുറിവുണക്കാൻ ഉപയോഗിക്കുന്നു. (വാല്യം 9, പു. 299) |
| | തോരപ്പയറിന്റെ ഇലയിൽ നിന്നെടുത്ത കുഴമ്പ് പുരട്ടിയാൽ മുറിവിൽ നിന്നുണ്ടാകുന്ന മാരകമായ രക്തസ്രാവം കുറയ്ക്കാം. (വാല്യം 6, പു. 47) |
| | വെള്ളടമ്പിന്റെ നീരും കറികണ്ടെൽ കായും മരോട്ടിയെണ്ണയുമായി ചേർത്ത് തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് മുറിവ് ഉണങ്ങാൻ സഹായിക്കുന്നു. (വാല്യം 6, പു. 118-119) |
| | ചെമ്പരത്തിയിലയും കുരുമുള്ളിയുടെ (Curumulli) ഇലയും എണ്ണയും തിളപ്പിച്ച കുഴമ്പുണ്ടാക്കി തേച്ചാൽ മുറിവുണങ്ങുന്നു. (വാല്യം 6, പു. 146) |
| | മൂത്ത വെളുത്ത ചൊറിവള്ളി ഇലയും തേങ്ങ ചിരണ്ടിയതും എണ്ണയിൽ കാച്ചിയെടുത്തത് മുറിവുകൾക്ക് ഉത്തമം. (വാല്യം 7, പു. 38) |
| | ചുണ്ണാമ്പുവള്ളിയുടെ തൊലി ചതച്ച് പരുക്കളിൻമേലിട്ടാൽ മുറിവ് പെട്ടെന്നുണങ്ങിക്കിട്ടും. (വാല്യം 7, പു. 43) |
| | പേയമൃത് ചെടിയും നിലപ്പന കിഴങ്ങും ചേർത്ത് ചൂടാക്കിയ വെള്ളത്തിൽ കുളിച്ചാൽ വളരെ പഴകിയ മുറിവുകളും ഉണങ്ങും. (വാല്യം 7, പു. 74) |
| | ചിറ്റമൃതിന്റെ നീര് "മുൾസെന്റി", ചെറുപ്പുല്ല്, ഉഴിഞ്ഞ എന്നിവയുടെ നീരുമായി ചേർത്ത് പഴകിയ മുറിവിൽ പുരട്ടിയാൽ മുറിവ് പഴുക്കാതിരിക്കുകയും വ്രണം ഭേദമാവുകയും ചെയ്യുന്നു. |
| | മേന്തോന്നി വേരിനു തൊട്ടടുത്തുണ്ടാകുന്ന കായ (പഴം) മുറിവിനോ വ്രണത്തിനോ ചുറ്റുമുണ്ടാകുന്ന മാംസഭാഗത്തിന്റെ ക്രമാ |

| | |
|---|---|
| | തീതമായ വളർച്ചയെ തടുക്കുന്നു. (വാല്യം 7, പു. 203) |
| | കുറുന്തോട്ടി തൊലിയും കറുകപ്പുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്ത് കൊടുത്താൽ ആഴത്തിലുള്ള മുറിവുകൾ മൂലമുണ്ടാകുന്ന വിറയലും വേദനയും ശമിക്കും. (വാല്യം 10, പു. 67) |
| | കുറുന്തോട്ടി വേര് പൊടിച്ചത് ഞരമ്പിലുള്ള മുറിവുകൾ ഭേദമാക്കും. (വാല്യം 10, പു. 67) |
| വ്രണങ്ങൾ | അക്കരപാച്ചോറ്റി/കരപാച്ചൊറ്റി ഇലകൾ കഞ്ഞി വെള്ളത്തിൽ വേവിച്ച് ഉണ്ടാക്കുന്ന അരഗരിസ്മ (Argarisma) ആന്തരാവയവങ്ങളിലെ ചർമ്മങ്ങളിലുണ്ടാവുന്ന ചെറിയ വെളുത്ത വ്രണങ്ങൾ (Aphthis) ഭേദപ്പെടുന്നു. (വാല്യം 5, പു. 28) |
| | വട്ടത്താളി ഇലകൾ പച്ച പുകയിലയും കഞ്ഞിവെള്ളവും ചേർത്ത് ചതച്ച് വ്രണത്തിൽ മേൽ വെച്ചാൽ അത് ഉണങ്ങി ഭേദമാകും. (വാല്യം 5, പു. 120) |
| | കമ്മെട്ടി മരത്തിന്റെ ഇലകൾ തിളപ്പിച്ച വെള്ളം കൊണ്ട് കൃമികളുള്ളതും ദീർഘകാലപഴക്കമുള്ളതുമായ വ്രണങ്ങൾ കഴുകിയാൽ കൃമികൾ ചത്തുപോവുകയും വ്രണങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യും. (വാല്യം 5, പു. 175) |
| | പേയെച്ചെത്തി ഇലകൾ പൊടിച്ച് വ്രണത്തിന്റെ മുകളിലിട്ടാൽ കുമിൾ പോലെയുള്ള മാംസം (Fongous and Postering Flesh) മാറും. (വാല്യം 5, പു. 203) |
| | നിലംപത്തെ പൊടിച്ചെടുക്കുന്ന പൊടി വ്രണം വലുതാകുന്നത് തടയും. (വാല്യം 10, പു. 180) |
| | കൊന്നയുടെ കായ് പൊടിയാക്കി വ്രണ മരുന്നായി കെട്ടുന്നു. (വാല്യം 1, പു. 77). |
| | അത്തി ആലിന്റെ തൊലി കഷായം വെച്ച് കുടിക്കുന്നത് വായിലും മറ്റ് ഭാഗങ്ങളിലുമുള്ള വ്രണങ്ങൾക്ക് ഔഷധമയി ഉപയോഗിക്കുന്നു. (വാല്യം 1, പു. 89). |
| | അത്തി ആലിന്റെ തൊലി പൊടിച്ച് പുരട്ടുന്നത് വ്രണങ്ങൾക്ക് പ്രതിവിധിയാണ് (വാല്യം 1, പു. 89). |
| | ഇത്തി ആലിന്റെ തടിയുടെ തൊലി ചതച്ച് തുണി കെട്ടി പിഴിഞ്ഞ് എടുത്ത ചാറും പാലും കൂട്ടി കഴിക്കുക. (വാല്യം 1, പു. 93). |
| | ഇത്തി ആലിന്റെ ഇലയുടെ കഷായം എണ്ണ ചേർത്ത് പുരട്ടിയാൽ വ്രണങ്ങൾ ശമിക്കും. (വാല്യം 1, പു. 93). |
| | അരയാൽ മരത്തിന്റെ തൊലി പൊടിച്ച് പ്രയോഗിച്ചാൽ വ്രണങ്ങൾക്ക് നല്ലതാണ്. (വാല്യം 1, പു. 97). |
| | പാലയുടെ തൊലി പൊടിച്ചത് വെള്ളം ചേർത്ത് പുരട്ടുന്നത് വ്രണങ്ങളെ പ്രതിരോധിക്കും. (വാല്യം 1, പു. 169) |
| | തിണ്ടപ്പരുവയുടെ വേര് പൊടിച്ചത് വ്രണങ്ങളിൽ വെക്കുന്നു. (വാല്യം 1, പു. 181) |
| | വ്രണത്തിന് അകത്തി തൊലിയുടെ ചാറ് തേൻ ചേർത്ത് കവിൾ കൊൾക. (വാല്യം 1, പു. 197) |
| | വെൺ - നൊച്ചി ഇലയും വേരും കഞ്ഞിവെള്ളത്തിൽ ചാലിച്ച് തേക്കുന്നത് വ്രണങ്ങൾ നശിപ്പിക്കും. (വാല്യം 2, പു. 25) |
| | വ്രണങ്ങൾ ഉണങ്ങുന്നതിന് ചെത്തിയുടെ വേര് തേങ്ങാപാലിൽ അരച്ച് പുരട്ടുക. (വാല്യം 2, പു. 29) |
| | ജീരകത്തോടൊപ്പം പൊടിച്ച് തിളപ്പിച്ചത്, പൊക്കിളിൽ ഉണ്ടാകുന്ന |

| | |
|---|---|
| | വ്രണങ്ങൾക്ക് കൊടുക്കുന്നു. (വാല്യം 2, പു. 31) |
| | വെങ്കുറിഞ്ഞിയുടെ ഇലകൾ എണ്ണയിൽ വറുത്ത് പൊടിച്ച് വ്രണങ്ങളിൽ പുരട്ടുക. (വാല്യം 2, പു. 61) |
| | പെരഗു വേര് പൊടിയാക്കി ഉപയോഗിക്കുന്നത് വ്രണങ്ങൾ ഉണങ്ങുന്നതിന് സഹായകരമാണ്. (വാല്യം 2, പു. 77) |
| | തകരയുടെ വിത്തുകൾ ചതച്ച് കുങ്കുമത്തോടൊപ്പം പുരട്ടുന്നത് വ്രണങ്ങൾ സുഖപ്പെടുത്തുന്നു. (വാല്യം 2, പു. 192) |
| | മാവുമരവാഴ/വലിയതേക്ക് ചെടിയുടെ മുട്ടിലെ കായ്പോലുള്ള ഭഗം പഴകിയതും ഭീതിജനകവുമായ വ്രണങ്ങളെ ശുദ്ധീകരിക്കുന്നു. (വാല്യം 12, പു. 89) |
| | ഇഞ്ചയുടെ മരത്തൊലി പൊടിച്ചത് വ്രണങ്ങൾ ഉണങ്ങാൻ ഫലപ്രദമായി ഉപയോഗിക്കുന്നു. (വാല്യം 6, പു. 15) |
| | വാകചെടിയിൽ നിന്ന് എടുത്ത നീരും നാരങ്ങാനീരും വെളിച്ചെണ്ണയിൽ കുറേ നേരം കാച്ചിപുരട്ടിയാൽ പഴകിയ വ്രണങ്ങൾ ഉണങ്ങുന്നു. (വാല്യം 6, പു. 19) |
| | മുരിക്കിന്റെ ഇല വെറ്റില ചേർത്ത് പൊടിച്ച് പുരട്ടിയാൽ പഴക്കം ചെന്ന വൃണങ്ങളിലെ പുഴു ചത്തുപോകും. (വാല്യം 6, പു. 27) |
| | മുരിങ്ങയില ചൂടാക്കി മുറിവുകൾക്ക് മേൽ വയ്ക്കുന്നത് വ്രണങ്ങൾ ഉണക്കുന്നു. (വാല്യം 6, പു. 39-40) |
| | ഉള്ളിലുള്ള വ്രണങ്ങൾക്ക് കാട്ടുപുഴുക്കൊല്ലി കഴിക്കുവാൻ കൊടുക്കുക. (വാല്യം 6, പു. 83) |
| | പെരിൻ കുറികിൽ പരിപ്പ് ഇടിച്ചു പിഴിഞ്ഞെടുക്കുന്ന എണ്ണ വായ്ക്കകത്തുണ്ടാകുന്ന ചെറുവ്രണത്തിന് ഉത്തമമാണ്. (വാല്യം 6, പു. 87) |
| | പിച്ചകമുല്ലയുടെ തൊലിയും ഇലയും വെണ്ണയും എണ്ണയും ചേർത്ത് തിളപ്പിച്ച് ഒരു ലേപനമായി ഉപയോഗിച്ചാൽ പടരുന്ന വ്രണങ്ങൾ സുഖപ്പെടുന്നു. (വാല്യം 6, പു. 183) |
| | ബടുക്കയുടെ ഇലയും പൂക്കളും തിളപ്പിച്ച് ആവികൊണ്ടാൽ വായിലെ വ്രണങ്ങൾ കരിയും. (വാല്യം 6, പു. 203) |
| | വള്ളിക്കാഞ്ഞിരം/ചെറുകാഞ്ഞിരച്ചെടിയുടെ നീര് ചെട്ടിമുല്ലയുടെ നീരുമായി ചേർത്ത് വ്രണമായിത്തീരുന്ന ചൊറികൾക്ക് ഉപയോഗിക്കുന്നു. (വാല്യം 7, പു. 6) |
| | വള്ളിക്കാഞ്ഞിരത്തിന്റെ ഇലകളിട്ടു തിളപ്പിച്ച വെള്ളം ചലം നിറഞ്ഞ പരുക്കളും വ്രണങ്ങളും ഭേദമാക്കുന്നു. (വാല്യം 7, പു. 11) |
| | മൂത്ത വെളുത്ത ചൊറിവള്ളി ഇലയും തേങ്ങ ചിരണ്ടിയതും കൂട്ടി ഉപയോഗിച്ചാൽ വ്രണങ്ങൾ ഇല്ലാതാക്കുന്നു. (വാല്യം 7, പു. 38) |
| | പേയമൃത് പൊടിയും ഉപ്പുമാങ്ങയുടെ പരിപ്പും ചേർത്ത് കഞ്ഞിവെള്ളത്തിൽ അരച്ചിടുന്നത് കാലിലെ വ്രണങ്ങൾക്കു നല്ലതാണ്. (വാല്യം 7, പു. 74) |
| | കാട്ടുകാച്ചിൽ വേര് ചേനയുടെ വേരിന്റെ കൂടെ പൊടിച്ച് കഷായം വെച്ച് കഴിച്ചാൽ വ്രണങ്ങൾ ഭേദമാകും. (വാല്യം 7, പു. 132) |
| | നറുപാണൽ വേര് ഉപ്പു വെള്ളത്തിലോ കടൽ വെള്ളത്തിലോ അരച്ച് ലേപനം ചെയ്യുന്നത് അവയവങ്ങളിലെ പഴുപ്പിലുണ്ടാകുന്ന ജീവാണുക്കളെ ഇല്ലാതാക്കുന്നു. (വാല്യം 2, പു. 19) |
| മൂലക്കുരു | ചുവന്ന പോളത്താളി വേര് അരച്ച് വറുത്തത് മൂലക്കുരുവിൽ പുരട്ടുന്നത് മൂലക്കുരുവിന് ആശ്വാസം നൽകും. (വാല്യം 11, പു. 139) |
| | മൂലക്കുരുവിന് കാട്ടുള്ളി വേര് വെയിലത്ത് ഉണക്കി പൊടിച്ച് കരിംചക്കര (black sugar) ചേർത്ത് ഉപയോഗിക്കുന്നത് ഫലപ്രദ |

| | |
|---|---|
| | മാണ്. (വാല്യം 11, പു. 142) |
| | കാട്ടുള്ളി കഷായരൂപത്തിൽ മൂലക്കുരു കഴുകാൻ ഉപയോഗിക്കുന്നത് മൂലക്കുരുവിന് പ്രതിവിധിയാണ്. (വാല്യം 11, പു. 142) |
| | മൂലക്കുരുവിന് ചുവന്ന അടമ്പിന്റെ ഇലകൾ ആട്ടിൻ പാലു ചേർത്ത് ഉപയോഗിക്കുന്നത് രോഗശമനത്തിന് ഉത്തമമാണ്. (വാല്യം 11, പു. 209) |
| മുഴകൾ | കൊടകപാലയുടെ തൊലിയും മോരും വെള്ളം ചേർത്ത് തിളപ്പിച്ച് കഴിക്കുന്നത് ശരീരത്തിലെ മുഴകളെ തടയും. (വാല്യം 1, പു. 177) |
| | പനച്ചിയുടെ തൊലിയും ആലിന്റെ നാലു സ്പീഷ്യസിന്റെ തൊലികളും പൊടിച്ച് കഞ്ഞിവെള്ളത്തിൽ ലയിപ്പിച്ച് ചൂടാക്കിയ നാരങ്ങാനീരിൽ ചേർത്തത് തൊണ്ടയിൽ പിടിക്കുന്നത് ശ്ലേഷ്മ പാളിയിലെ മുഴകൾ ഒഴിവാക്കുന്നതിന് നല്ലതാണ്. (വാല്യം 8, പു. 37) |
| | പടവലകായ്കൾ ഏത് രൂപത്തിൽ കഴിക്കുന്നതും മുഴകളെ ഭേദമാക്കും. (വാല്യം 8, പു. 57) |
| | കരിമ്പോലയുടെ നീരും ഉഴിഞ്ഞയുടെ നീരും ചേർത്ത് ഉപയോഗിക്കുന്നത് ചെവിയിലുണ്ടാകുന്ന മുഴകളെ ഇല്ലാതാക്കാൻ സഹായിക്കുന്നു. (വാല്യം 8, പു. 109) |
| | കരിമ്പോലയുടെ നീരും ഉഴിഞ്ഞയുടെ നീരും ചേർത്ത് ഉപയോഗിക്കുന്നത് ഗ്രന്ഥികളിലുണ്ടാവുന്ന മുഴകൾക്ക് പ്രതിവിധിയാണ്. (വാല്യം 8, പു. 109) |
| | പീച്ചിങ്ങവേര് കാഷായരൂപത്തിൽ ഉപയോഗിക്കുന്നത് മുഴകൾക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 27) |
| | ഉഴിഞ്ഞയുടെ വേരും കഞ്ഞിവെള്ളവും വെണ്ണയും ചേർന്ന മിശ്രിതം നെറ്റിയിൽ പുരട്ടുന്നത് ചെവിയിലും ഗ്രന്ഥികളിലും ഉണ്ടാകുന്ന മുഴകൾ ഇല്ലാതാക്കാൻ സഹായിക്കും. (വാല്യം 8, പു. 109) |
| | നായ്കുരണയുടെ ഇലകൾ പൊടിച്ചുപയോഗിക്കുന്നത് മുഴകൾ ഭേദമകുന്നതിന് വളരെ നല്ലതാണ്. (വാല്യം 8, പു. 123) |
| | പൂച്ചപ്പയറും കടുക്കയുടെ തൊലിയും മുത്തങ്ങയുടെ വേരും അരിയും തേനും കൂട്ടിച്ചേർത്ത് വേവിച്ച് കുറിക്കിയെടുക്കുന്ന മിശ്രിതത്തിൽ പേരിഗിലിന്റെ (perigil) ഇല ചേർത്ത് മണ്ണ് കൊണ്ട് പൊതിഞ്ഞ് കൽക്കരിയിൽ ആവികൊള്ളിച്ച് എടുക്കുന്ന എണ്ണ മാരകമായ മുഴകൾക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 131) |
| | കാട്ടുചണ്ടി/കാട്ടുവാളങ്ങയുടെ ഇലയും കഞ്ച (canja) യുടെ തൊലിയും ചേർത്തെടുക്കുന്ന നീര് വെണ്ണ ചേർത്ത് ഉപയോഗിക്കുന്നത് ഗ്രന്ഥികളിലുണ്ടാകുന്ന മുഴകളെ ചെറുക്കും. (വാല്യം 8, പു. 155) |
| | കാട്ടുപാൽ വള്ളിച്ചെടിയുടെ ഇല പിഴിഞ്ഞെടുത്ത നീര് പുരട്ടിയാൽ കാലിലെ മുഴ അപ്രത്യക്ഷമാകും. (വാല്യം 9, പു. 31) |
| | കാടിചേർത്തുണ്ടാക്കുന്ന മണലി കഷായം വയറ്റിൽ ഉണ്ടാകുന്ന മുഴകളെ പ്രതിരോധിക്കുന്നു. (വാല്യം 9, പു. 121) |
| | പെരിൻ കുറികിൽ വേര് കഞ്ഞിവെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞെടുത്ത് ഉപയോഗിച്ചാൽ നീര് കെട്ടി നിന്നുണ്ടാകുന്ന മുഴകൾ ഇല്ലാതാക്കാം. (വാല്യം 6, പു. 87) |
| | കെടങ്ങിന്റെ ഇലയിട്ടു തിളപ്പിച്ച വെള്ളംകൊണ്ട് കുളിക്കുന്നത് എല്ലാ തരത്തിലുമുള്ള മുഴകളേയും നീക്കുന്നു. (വാല്യം 6, പു. 97) |
| | വെളുത്ത ചൊറിവള്ളി ഇലയുടെ നീർ നീറ്റുകക്കയുടെ പൊടിയുമായി ചേർത്ത് ലേപനം നടത്തിയാൽ തൊലിപ്പുറത്തും |

| | |
|---|---|
| | നാവിൻമേലും ഉണ്ടാകുന്ന ചെറിയ മുഴകൾ ഇല്ലാതാക്കാം. (വാല്യം 7, പു. 11) |
| ട്യൂമർ | ആത്തമരത്തിന്റെ ഇലകൾ നന്നായി ചതച്ച് ഉപ്പ് ചേർത്ത് ലേപന പരുവത്തിലാക്കി ട്യൂമറിൽ വെച്ചാൽ പഴുക്കും. (വാല്യം 3, പു. 43) |
| | അനോണ-മരത്തിന്റെ ഇലകൾ നന്നായി ചതച്ച് ഉപ്പ് ചേർത്ത് ലേപനപരുവത്തിലാക്കി ട്യൂമറിൽ വെച്ചാൽ പഴുക്കും. (വാല്യം 3, പു. 45) |
| ക്യാൻസർ | ക്യാൻസറിന് കാട്ടുപൊന്നാം മരവാഴയുടെ ചാറ് ഇതിന്റെ തന്നെ വേര് ചതച്ചതിന്റെ കൂടെ ഉപയോഗിച്ചാൽ മതി. (വാല്യം 12, പു. 105) |
| നീർക്കെട്ട് | തേക്ക് മരവാഴ ഉണക്കിപ്പൊടിച്ച് ഉപ്പിന്റെ കൂടെ ചേർത്ത് ഉപയോഗിച്ചാൽ നാടവിരയുടെ ലാർവ മൂലമുണ്ടാകുന്ന വെള്ളം നിറഞ്ഞ മുഴകളെ ഭേദമാക്കും. തേക്ക് മരവാഴയുടെ സമൂലമിട്ട് തിളപ്പിച്ച വെള്ളം കൊണ്ട് കുളിക്കുന്നത് എല്ലാതരം നീർക്കെട്ടും ജലദോഷവും മാറ്റുന്നു. (വാല്യം 12, പു. 81) |

#### 4.5.6 പ്രത്യുത്പാദനാവയവ രോഗങ്ങൾ

പ്രസവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആർത്തവ സംബന്ധമായ രോഗങ്ങൾ, വെള്ളപോക്ക്, ഗർഭഛിദ്രം, ഗുഹ്യരോഗങ്ങൾ, രഹസ്യരോഗങ്ങൾ, ഗൊണേറിയ, വൃഷണ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ തുടങ്ങിയ രോഗങ്ങളും അവയ്ക്കുള്ള ചികിത്സാവിധികളും ഹോർത്തൂസിൽ പരാമർശിച്ചിട്ടുണ്ട്. ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ രീതികൾ 'പ്രത്യുത്പാദനാവയവ രോഗങ്ങൾ' പട്ടിക 4.6 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.6**
**പ്രത്യുത്പാദനാവയവ രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| പ്രസവം | എരിക്കിൻ വേര് കഷായം സ്ത്രീകളിൽ പ്രസവാനന്തരമുണ്ടാകുന്ന വീക്കത്തിന് നല്ലതാണ്. (വാല്യം 2, പു. 102) |
| | ഓരില മൊതക്കയുടെ ഇലയുടെ നീര് പ്രസവം സുഖപ്രദമാക്കുന്നു. (വാല്യം 8, പു. 85) |
| | കലശഇലയും പട്ടയും തിളപ്പിച്ച വെള്ളംകൊണ്ട് പ്രസവത്തിന് തയ്യാറെടുക്കുന്ന സ്ത്രീകൾക്കായി ഒരു സെമിക്കുപ്പിയം (semicupium) ഉണ്ടാക്കുന്നു. ഇതുമൂലം പ്രസവം കൂടുതൽ എളുപ്പവും സന്തോഷപ്രദവുമായിരിക്കും. (വാല്യം 4, പു. 115) |
| | വെങ്കലശ ഇലയും പട്ടയും തിളപ്പിച്ച വെള്ളംകൊണ്ട് പ്രസവത്തിന് |

| | |
|---|---|
| | തയ്യാറെടുക്കുന്ന സ്ത്രീകൾക്കായി ഒരു സെമിക്കുപ്പിയം (semicupium) ഉണ്ടാക്കുന്നു. ഇതുമൂലം പ്രസവം കൂടുതൽ എളുപ്പവും സന്തോഷപ്രദവുമായിരിക്കും. (വാല്യം 4, പു. 125) |
| | രാവപൂ ഇലകൾ തിളപ്പിച്ച വെള്ളം ഗർഭിണികളായ സ്ത്രീകൾക്കു കുടിക്കാൻ കൊടുക്കുന്നത് പ്രസവത്തിന് വേഗത കൂട്ടും. (വാല്യം 4, പു. 176) |
| | നെലപന്ന മരമാഴ സമൂലം ഇട്ട് തിളപ്പിച്ച വെള്ളത്തിൽ പൊക്കിളിനൊപ്പം ജലവിതാനം വരത്തക്ക വിധത്തിൽ ഇറങ്ങിയിരുന്നാൽ പ്രസവത്തെ അത്ഭുതകരമായ വിധത്തിൽ എളുപ്പമാക്കുന്നു. (വാല്യം 12, പു. 68) |
| | മാവുമരവാഴ സമൂലം അരച്ച് കുഴമ്പുരൂപത്തിലാക്കി അടിവയറ്റിൽ പുരട്ടിയാൽ പ്രസവം എളുപ്പമാകും. (വാല്യം 12, പു. 89) |
| | പ്രസവാനന്തരമുണ്ടാകുന്ന മറുപിള്ള പോകാതെ കെട്ടിനിൽക്കുന്നത് മാറ്റാൻ കാക്കകൊടി ചെടിയുടെ ഇല നല്ലതാണ്. (വാല്യം 9, പു. 21) |
| | മേന്തോന്നി പൊടിച്ച് അല്പം എള്ളെണ്ണ കൂട്ടി രഹസ്യഭാഗത്ത് വെച്ചാൽ പ്രസവം എളുപ്പമാക്കുന്നു. (വാല്യം 7, പു. 203) |
| | ഉണങ്ങിയ താമരത്തുകയുടെ കായ് വെറ്റിലയും കൂട്ടിപൊടിച്ച് അടയ്ക്ക ഇട്ടു തിളപ്പിച്ച വെള്ളത്തിൽ ചേർത്തുകഴിക്കുന്നത് ഗർഭിണികളുടെ പ്രസവവേദന വർദ്ധിപ്പിച്ച് പ്രസവം വേഗത്തിലാക്കുന്നു. (വാല്യം 3, പു. 94) |
| | ഉണങ്ങിയ ബിലിമ്പി കായ് വെറ്റിലയും കൂട്ടിപൊടിച്ച് അടയ്ക്ക ഇട്ടു തിളപ്പിച്ച വെള്ളത്തിൽ ചേർത്തുകഴിക്കുന്നത് ഗർഭിണികളുടെ പ്രസവവേദന വർദ്ധിപ്പിച്ച് പ്രസവം വേഗത്തിലാക്കുന്നു. (വാല്യം 3, പു. 98) |
| | മയിലെള്ളു മരത്തിന്റെ ഇലകളും തൊലിയും ചതച്ച് കഞ്ഞിവെള്ളത്തിൽ വേവിച്ച് ഉണ്ടാക്കുന്ന കഷായം പ്രസവാനന്തര വേദന ശമിപ്പിക്കും. (വാല്യം 5, പു. 3) |
| | മയിലെള്ളു മരത്തിന്റെ ഇലകളും തൊലിയും ചതച്ച് കഞ്ഞിവെള്ളത്തിൽ വേവിച്ച് ഉണ്ടാക്കുന്ന കഷായം നൽകുന്ന ഗർഭപാത്രത്തിൽ അവശേഷിച്ചിരിക്കുന്ന മറുപ്പിള്ളയെ പുറന്തള്ളുവാനും, പ്രസവാനന്തരസ്രാവം (lochla) ശുദ്ധീകരിക്കാനും ഉത്തമമാണ്. (വാല്യം 5, പു. 3) |
| | വെട്ടടകു മരത്തിന്റെ ഇല ചതച്ച് എള്ളെണ്ണയിൽ വേവിച്ചെടുത്ത് ഉണ്ടാക്കുന്ന ലേപനം പ്രസവത്തെ സഹായിക്കുന്നു. അടിവയറിൽ പുരട്ടിയാൽ പുറത്തു വരാതെ ഉള്ളിൽ നിൽക്കുന്ന മറുപ്പിള്ളയെ വെളിയിലെത്തിക്കുന്നു. (വാല്യം 5, പു. 112) |
| | വെൺ-കാര വേരുണക്കിയത് പൊടിച്ച് സേവിച്ചാൽ പ്രസവശേഷം വെളിയിലേക്ക് വരാത്ത മറുപ്പിള്ളയെ വെളിയിലേക്ക് തള്ളപ്പെടും. (വാല്യം 5, പു. 135) |
| | വൈനിനോടൊപ്പം മലയിഞ്ചിക്കൂവയുടെ വേര് ചേർത്ത് ചൂടാക്കി കഴിച്ചാൽ പ്രസവം വേഗത്തിലാക്കുന്നു. (വാല്യം 11, പു. 48) |
| | മലയിഞ്ചിയുടെ വേര് വൈനിനോടൊപ്പം ചേർത്ത് ചൂടാക്കി കഴിച്ചാൽ പ്രസവാനന്തരം മറുപ്പിള്ളയെ കാര്യമായി പുറന്തള്ളാൻ സഹായിക്കുന്നു. (വാല്യം 11, പു. 48) |
| | ഈന്തിന്റെ കായ് പേറുന്ന മൊട്ട് (കായ്കൾ ഉള്ള മൊട്ട്) ചതച്ച് തേച്ചാൽ ഗർഭാശയ വേദന കുറയും. (വാല്യം 3, പു. 27) |
| | ഇലഞ്ഞികായ്കൾ പൊടിച്ചിട്ടു തിളപ്പിച്ച വെള്ളം ഗർഭിണികൾക്ക് ഗുണം ചെയ്യും. (വാല്യം 1, പു. 69). |

| | |
|---|---|
| | നറും പാണെൽ കഷായം കൊണ്ട് മേൽ കഴുകുന്നത് ഗർഭിണി കൾക്ക് ഗുണകരമാണ്. (വാല്യം 2, പു. 19) |
| ആർത്തവം | വെള്ളിപന്നക്കിഴങ്ങ് മരവാഴയുടെ ഇലപൊടിച്ച് തേനിന്റെ കൂടെ ഉപ യോഗിക്കുന്നത് ശക്തിയോടെ ആർത്തവമുണ്ടാക്കുകയും ഗർഭസ്ഥ ശിശു പുറന്തള്ളപ്പെടുകയും ചെയ്യുന്നു. (വാല്യം 12, പു. 47) |
| | കൊടാചാരി ഇലകൾ കാടിയിലരച്ചോ തിളപ്പിച്ചോ കൊടുത്താൽ ആർത്തവമുണ്ടാകുന്നതിന് സഹായിക്കുന്നു. (വാല്യം 9, പു. 230) |
| | ചമ്പകത്തിന്റെ വേരിന്റെ തൊലി പൊടിച്ച് ചൂടുവെള്ളത്തിൽ കൊടു ത്താൽ സ്ത്രീകളിൽ ആർത്തവം ത്വരിതപ്പെടുന്നു. (വാല്യം 1, പു. 65). |
| | കറുവയുടെ കർപ്പൂരം ആർത്തവത്തെ ത്വരിതപ്പെടുത്തും. (വാല്യം 1, പു. 223) |
| | ചെമ്പരത്തി വേര് പൊടിച്ച് എണ്ണയോടൊപ്പം കഴിക്കുന്നത് സ്ത്രീക ളിലെ അമിത ആർത്തവ സ്രാവത്തെ തടയുന്നു. (വാല്യം 2, പു. 45) |
| | കഴെറ്റി പരിപ്പ് വറുത്ത് പൊടിച്ച് വീഞ്ഞിൽ ചേർത്ത് കൊടുക്കുന്നത് സ്ത്രീകളുടെ ആർത്തവത്തെ ഉദ്ദീപിപ്പിക്കുന്നു. (വാല്യം 2, പു. 66) |
| | പൂച്ചപ്പയറിന്റെ വേരും പെരകുവിന്റെ വേരും പേരാലിന്റെ തളിരും പച്ചമഞ്ഞളും അരികഴുകിയ വെള്ളത്തിൽ വേവിച്ച് ഉപയോഗിക്കു ന്നത് രക്തസ്രാവത്തെ തടയുന്നു. (വാല്യം 8, പു. 131) |
| | കുന്നിയുടെ കായും വേരും പാലും തേങ്ങാപ്പാലും ചേർത്ത് ഉപയോ ഗിക്കുന്നത് രക്തസ്രാവം ഇല്ലാതാക്കുന്നു. (വാല്യം 8, പു. 139) |
| | മോദകത്തിന്റെ ഇലകൾ ചേർത്തുണ്ടാക്കുന്ന പാനീയം സ്ത്രീക ളുടെ അമർത്തപ്പെട്ട മാസമുറ ശരിയാക്കുന്നു. (വാല്യം 4, പു. 214) |
| | വെള്ള മോദകത്തിന്റെ ഇലകൾ വെള്ളത്തിലിട്ട് തിളപ്പിച്ചെടുക്കുന്ന കഴിക്കുന്നത് തടസ്സപ്പെട്ട മാസമുറ ഉത്തേജിപ്പിതമാക്കുന്നു. (വാല്യം 4, പു. 219) |
| | വീട്ടിമരവാഴയുടെ ചാറെടുത്ത് എള്ളെണ്ണ, ശുദ്ധമായ വെണ്ണ എന്നി വയോടൊപ്പം തിളപ്പിച്ച് സേവിക്കുന്നത് ആർത്തവത്തെ ഉദ്ദീപിപ്പിക്കു വാൻ സഹായിക്കും. (വാല്യം 12, പു. 8) |
| | നിലക്കാത്ത ആർത്തവമുള്ളപ്പോൾ ചെറുമാവ് മരവാഴ ഉണക്കിപ്പൊ ടിച്ചതും വിനാഗിരിയും ചേർത്ത് ഉപയോഗിക്കുന്നത് അത് നിർത്താൻ സഹായിക്കുന്നു. (വാല്യം 12, പു. 21) |
| | സ്ത്രീകളുടെ രക്തംപോക്ക് നിർത്തുന്നതിന് പട്ടിച്ചെവി മരവാഴ യുടെ വേരിന്റെ ചാറെടുത്ത് കടുവയുടെ പല്ല് പൊടിയാക്കിയതിന്റെ കൂടെ ഉപയോഗിച്ചാൽ മതി. (വാല്യം 12, പു. 38) |
| | ശക്തിയോടെയുള്ള ആർത്തവത്തിന് വെള്ളിപന്ന കിഴങ്ങു മരവാഴ യുടെ ഇലപൊടിച്ച് തേനിന്റെ കൂടെ ഉപയോഗിക്കുന്നു. (വാല്യം 12, പു. 47) |
| | വെറും വയറ്റിൽ താമപൂവ്വൽപച്ച മരവാഴ വേര് ചതച്ചിട്ട പാൽ കൂടികുടിക്കുന്നത് ആർത്തവത്തെ ഉദ്ദീപിപ്പിക്കും. (വാല്യം 12, പു. 51) |
| | മാവുമരവാഴ സമൂലം അരച്ച് കുഴമ്പുരൂപത്തിലാക്കി അടിവയറ്റിൽ പുരട്ടിയാൽ ആർത്തവം എളുപ്പമാകും. (വാല്യം 12, പു. 89) |
| | കാട്ടുകരിമ്പിന്റെ ഇലകളിൽ നിന്നെടുക്കുന്ന ഔഷധരസം (കഷാ യം) ആർത്തവത്തെ ഉത്തേജിപ്പിക്കുന്നു. (വാല്യം 12, പു. 156) |
| | ഈരസസ്യത്തിന്റെ ഇലകൾ, കൊണ്ടുണ്ടാക്കിയ കഷായം ആർത്ത വത്തെ ഉത്തേജിപ്പിക്കുന്നു. (വാല്യം 12, പു. 180) |
| | ഈരസസ്യത്തിന്റെ ഇലകൾ, കൊണ്ടുണ്ടാക്കിയ കഷായം ആർത്ത വത്തെ ഉത്തേജിപ്പിക്കുന്നു. (വാല്യം 12, പു. 183) |

| | |
|---|---|
| | പാതിരി മരത്തൊലിയടെ നീരും പേരയ്ക്കയും ചേർത്ത് ഉപയോഗിച്ചാൽ ആർത്തവസമയത്തുണ്ടാകുന്ന അധിക രക്തസ്രാവം നിലയ്ക്കും. (വാല്യം 6, പു. 93) |
| | ചെമ്പരത്തിയുടെ ഇല ഇടിച്ചുപിഴിഞ്ഞ് വെണ്ണചേർത്ത് കൊടുത്താൽ ആർത്തവ സമയത്തുണ്ടാകുന്ന അമിത രക്തസ്രാവം നിലയ്ക്കും. (വാല്യം 6, പു. 146) |
| | കുരുകിത്താളിയുടെ ഇലയിൽ നിന്നെടുക്കുന്ന നീര് പാട മാറ്റിയ പാലും, ചാലിബീറ്റും ചേർത്ത് ഉപയോഗിച്ചാൽ രക്തസ്രാവം മാറും. (വാല്യം 7, പു. 94) |
| | പാടക്കിഴങ്ങിന്റെ വേരിനോടൊപ്പം പാടമാറ്റിയ പാൽ ജീരകം എന്നിവ ഉപയോഗിക്കുന്നത് രക്തസ്രാവത്തിന് ആശ്വാസം നൽകും. (വാല്യം 7, പു. 181) |
| | പാവട്ടയിലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന ലേപനൗഷധം രക്തസ്രാവത്തിന്റെ വേദന ശമിപ്പിക്കുന്നു. (വാല്യം 5, പു. 37) |
| | മാസമുറയിലെ തടസ്സങ്ങൾ നീക്കുന്നതിന് വെൺകാര വേരുണക്കിയത് പൊടിച്ച് സേവിക്കുന്നത് ഉത്തമമാണ്. (വാല്യം 5, പു. 135) |
| | അമിതമായ ആർത്തവ രക്തസ്രാവത്തിന് വിളയാത്ത വെൺകാരകായ്കൾ ഫലപ്രദമാണ്. (വാല്യം 5, പു. 135) |
| | ഈറ/ബിഷയിലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം മാസക്രമത്തിന്റെ തടസ്സം നീക്കും. (വാല്യം 5, പു. 221-234) |
| | നന്നാറി വേരു ചെറുതാക്കി ഉള്ളിയും അനാട്ടിന (Anatina) യുടെ ദശയും ചേർത്ത് വെള്ളിച്ചെണ്ണയിൽ പാകം ചെയ്തു കഴിച്ചാൽ അത് രക്തസ്രാവത്തിനെതിരെയുള്ള ഒരു നല്ല കഷായം ആണ്. (വാല്യം 10, പു. 125) |
| | നന്നാറി കിഴങ്ങ് പൊടിച്ച് എണ്ണ ചേർത്ത് പുറത്ത് പുരട്ടുന്നത് രക്തസ്രാവം തടയും. (വാല്യം 10, പു. 125) |
| | നന്നാറി കിഴങ്ങ് തേങ്ങാപ്പാലും ചേർത്ത് കൊടുത്താൽ രക്തസ്രാവം ശമിക്കും. (വാല്യം 10, പു. 125) |
| | നന്നാറി തൊലി ഉണക്കിപൊടിച്ച് പാലും പുതിയ വെണ്ണയും ചേർത്തുണ്ടാക്കുന്ന എണ്ണ രക്തസ്രാവം ഇല്ലാതാക്കാൻ ഉപയോഗിക്കുന്നു. (വാല്യം 10, പു. 125) |
| | രക്തസ്രാവത്തിന് അടക്കാമണിയന്റെ തൊലി ചതച്ച് പാട മാറ്റിയ പാലിൽ ചേർത്ത് കൊടുക്കുക. (വാല്യം 10, പു. 159) |
| | വള്ളികൊടുവേലി അഥവാ വെല്ലിയ കൊടുവേലി ചെടിയുടെ വേര് രക്തസ്രാവം നിലയ്ക്കുന്നതിനായി തൈരിലിട്ട് നൽകുന്നത് ഉത്തമമാണ്. (വാല്യം 10, പു. 217) |
| | രക്തസ്രാവത്തിന് നരിപ്പച്ച അഥവാ അപ്പ എന്ന് പേരുള്ള ചെടിയുടെ നീരും കൂട്ടി അരച്ചുണ്ടാക്കുന്ന ലേപനമുപയോഗിക്കുന്നു. (വാല്യം 10, പു. 226) |
| | രക്തസ്രാവത്തിന് എള്ളെണ്ണയിൽ വലിയ കുപ്പമേനിയുടെ നീര് ചേർത്ത് പുരട്ടുക. (വാല്യം 10, പു. 296) |
| | അധികമായുണ്ടാവുന്ന ആർത്തവരക്ത സ്രാവത്തിന് മഞ്ഞക്കൂവയുടെ വേരിൽ നിന്നുള്ള നീര് ഉത്തമമാണ്. (വാല്യം 11, പു. 32) |
| | മഞ്ഞക്കൂവയുടെ വേരിൽ നിന്ന് പുറത്തെടുക്കുന്ന നീര് ആർത്തവ ശുദ്ധിക്ക് ഉപയോഗിക്കുന്നു. (വാല്യം 11, പു. 36) |
| | മലയിഞ്ചിക്കൂവയുടെ വേരു പൊടിച്ചതും റഫാനിയുടെ നീരും ചേർത്ത് ഉപയോഗിക്കുന്നത് ആർത്തവം ശരിയാക്കുവാൻ നല്ലതാണ്. (വാല്യം 11, പു. 48) |
| | കാട്ടു ചേനയുടെ കാണ്ഡം ചതച്ച് എണ്ണയും ചേർത്ത് കഴിക്കുന്നത് |

| | |
|---|---|
| | രക്തസ്രാവം നിർത്തുവാൻ നല്ലതാണ്. (വാല്യം 11, പു. 69) |
| | രക്തസ്രാവത്തിനെതിരെ ചെറിയ ചിറ്റാമ്പലിന്റെ വേരിന്റെ കിഴങ്ങുകൾ പോലെ വെള്ളത്തിനടിയിൽ കാണുന്ന ഭാഗം കരിച്ച് വീഞ്ഞു നെയ്യും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 99) |
| | താമരയുടെ വേര് അരച്ച് എടുത്ത് പഞ്ചസാര ചേർത്ത് ഉണ്ടാക്കുന്ന അച്ചാർ രക്തസ്രാവത്തിന് പ്രതിവിധിയാണ്. (വാല്യം 11, പു. 105) |
| | ആർത്തവം അധികമായുള്ളപ്പോൾ താമരപ്പൂക്കളിൽ നിന്നു ലഭിക്കുന്ന നീര് എള്ളെണ്ണയോടു ചേർത്ത് കഴിക്കുന്നത് ഫലപ്രദമായ പ്രതിവിധിയാണ്. (വാല്യം 11, പു. 105) |
| | രക്ത സ്രാവത്തിന് വെള്ളതാമരയുടെ കിഴങ്ങും വെണ്ണയും ചേർത്തുണ്ടാക്കുന്ന ലേപനം ഉപയോഗിക്കുക. (വാല്യം 11, പു. 107) |
| | അമിതമായ ആർത്തവ രക്ത സ്രാവത്തിന് പാൽമൊദക്കയുടെ വേര് വെയിലത്തുണക്കി പൊടിച്ച് പഞ്ചസാര ചേർത്ത് വേവിച്ച് വെണ്ണ ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 179) |
| | അമ്പഴത്തിന്റെ വേര് സ്ത്രീകളുടെ രഹസ്യഭാഗത്ത് പ്രവേശിപ്പിച്ചാൽ ആർത്തവ തടസ്സം നീങ്ങും. (വാല്യം 1, പു. 192) |
| വെള്ളപോക്കിന് | ചെറുമാവ് മരവാഴ ഉണക്കിപൊടിച്ച് വിനാഗിരിയുടെ കൂടെ ഉപയോഗിക്കുന്നത് സ്ത്രീകളുടെ വെള്ളപോക്കിന് പ്രതിവിധിയാണ്. (വാല്യം 12, പു. 21) |
| | സ്ത്രീകളുടെ വെള്ള പോക്കിന് ചെത്തിയുടെ വേര് പശുവിൻ പാലിൽ അരച്ചു കുടിക്കുക (വാല്യം 2, പു. 29) |
| | കണ്ണിന്റെ പ്രശ്നങ്ങൾക്ക് വെള്ളതാമരയുടെ കിഴങ്ങും വെണ്ണയും ചേർത്തുണ്ടാക്കുന്ന ലേപനം ഉപയോഗിക്കുക. (വാല്യം 11, പു. 107) |
| ഗർഭഛിദ്രം | മുരിങ്ങയുടെ വേര് യോനിയിൽ തിരുകിവെച്ചാൽ ഗർഭഛിദ്രം ഉണ്ടാകും. (വാല്യം 6, പു. 39-40) |
| | കൊടപ്പനയുടെ പൂക്കളുടെ ഇളം ആവരണം മുറിച്ചാൽ ഒരു ദ്രാവകം തുള്ളിയായി വീഴും. സൂര്യപ്രകാശമേറ്റ് കൊഴുക്കുന്ന ഈ ദ്രാവകം ഗർഭിണികൾക്ക് നൽകിയാൽ ഭ്രൂണത്തെ നശിപ്പിച്ച് പുറത്തേക്ക് തള്ളുന്നു. (വാല്യം 3, പു. 12) |
| | ഈന്തിന്റെ കായ്കൾ ഉള്ള മൊട്ട് ചതച്ച് തേച്ചാൽ ഗർഭാശയവേദന കുറയും. (വാല്യം 3, പു. 27) |
| | വെൺകാര വേരുണക്കിയത് പൊടിച്ച് സേവിച്ചാൽ മരിച്ച ഭ്രൂണം വെളിയിലേക്ക് തള്ളപ്പെടും. (വാല്യം 5, പു. 135) |
| | മൂപ്പെത്താത്ത കൈതച്ചക്ക/ കപ്പചക്ക സൂർക്ക (വിനാഗിരി) ചേർത്ത് കഴിച്ചാൽ ഗർഭഛിദ്രം (ഗർഭാശയത്തിൽ നിന്ന് ഗർഭസ്ഥ ശിശു പുറന്തള്ളപ്പെടുന്ന അവസ്ഥ ഉണ്ടാകും. (വാല്യം 11, പു. 7) |
| ഗുഹ്യ രോഗം | ആഞ്ഞിലിയുടെ ഇല ഉണക്കിപൊടിച്ച് കർപൂരം കലർന്ന ലേപനവുമായി ചേർത്ത് പുരട്ടിയാൽ ഗുഹ്യരോഗം മാറും. (വാല്യം 3, പു. 51) |
| | നീർ നൊച്ചിയുടെ ഉണക്കിപ്പൊടിച്ച ഇല ശർക്കരയുമായി യോജിപ്പിച്ച് കാടിയിൽ കലക്കി ദിവസവും നൽകിയാൽ ഗുഹ്യരോഗശമനം ഉണ്ടാകും. (വാല്യം 5, പു. 191) |
| | നീർനൊച്ചയുടെ ഇലകൾ തിളപ്പിച്ച് മുട്ടയുടെ മഞ്ഞയുമായി അരച്ച് ചേർത്തുണ്ടാക്കുന്ന മരുന്ന് ഗുഹഭാഗങ്ങളിലെ വ്രണങ്ങളിൽ വെച്ചാൽ ശമന മുണ്ടാകുന്നതാണ്. (വാല്യം 5, പു. 191) |
| | കുപ്പ മേനി ചെടിയുടെ നീര് എണ്ണയിൽ തിളപ്പിച്ച് ഗുഹ്യരോഗങ്ങൾക്ക് ഉപയോഗിക്കുക. (വാല്യം 10, പു. 292) |
| | ചൂടാക്കിയതോ അൽപം വറുത്തതോ ആയ ഇല വാട്ടിപ്പിഴിഞ്ഞെടുക്കുന്ന നീര് ഗുഹ്യഭാഗങ്ങളിലെ അസുഖങ്ങൾക്ക് ലേപനമായി പുര |

| | |
|---|---|
| | ട്ടുന്നത് നല്ലതാണ്. (വാല്യം 2, പു. 155) |
| | കക്കുവള്ളിയുടെ വിത്തിന്റെ തൊണ്ടുമാറ്റി പശുവിൻപാലിൽ വേവിച്ച്, വെണ്ണ ചേർത്ത് ലേപനരൂപത്തിലാക്കി പുരട്ടുന്നത് സ്ത്രീകളിൽ ഉണ്ടാകുന്ന പ്രത്യേകിച്ച് ഗുഹ്യഭാഗങ്ങളിലുണ്ടാവുന്ന പരു, ചിരങ്ങ് എന്നിവ ഭേദമാക്കുവാൻ നല്ലതാണ്. (വാല്യം 8, പു. 128) |
| | പയൊനൊ കറ പൊടിച്ച് പുരട്ടുന്നത് ഗുഹ്യരോഗങ്ങൾക്ക് ഫലപ്രദമാണ്. (വാല്യം 4, പു. 51) |
| | ഇഡുമുള്ളിയുടെ തൊലിപൊടിച്ച് രക്തചന്ദനപ്പൊടിയും ചേർത്ത് കുഴമ്പുരൂപത്തിൽ പുരട്ടുന്നത് ഒരിനം ഗുഹ്യരോഗം (veneral bobons) പഴുപ്പുള്ള കുരുക്കൾ ഉണ്ടാകുന്നത് ഇല്ലാതാക്കുന്നു. (വാല്യം 4, പു. 63) |
| | പൂമരുത് എന്ന് ഇന്നറിയപ്പെടുന്ന കാട്ടുഅടമ്പിന്റെ ഇലകൾ ഇളനീരുമായി ചേർത്തരച്ച് കുഴമ്പാക്കി പുരട്ടുക. (വാല്യം 4, പു. 74) |
| | മുരിക്കിന്റെ ഇലയുടെ നീരും എള്ളെണ്ണയും ചേർത്ത് ഉപയോഗിക്കുന്നത് ഗുഹ്യരോഗങ്ങൾ മൂലമുണ്ടാകുന്ന വേദന ശമിക്കും. (വാല്യം 6, പു. 27) |
| | മുരിങ്ങയിലയുടെ നീര് ഗുഹ്യരോഗം മൂലം ശരീരത്തിനും തലയ്ക്കും ഉണ്ടാക്കുന്ന വേദനയ്ക്ക് ഉത്തമമാണ്. (വാല്യം 6, പു. 39-40) |
| രഹസ്യ രോഗങ്ങൾ | അരയാൽ മരത്തിന്റെ തൊലിപൊടിച്ച് വെള്ളം ചേർത്ത് രഹസ്യരോഗങ്ങൾക്ക് ഉപയോഗിക്കുന്നു. (വാല്യം 1, പു. 97). |
| | പേരാലിന്റെ തൊലി പൊടിച്ച് പുരട്ടിയാൽ രഹസ്യരോഗം ശമിക്കും. (വാല്യം 1, പു. 101). |
| ഉഷ്ണ പ്പുണ്ണ് (ഗൊണേറിയ) | രോഗത്തിന് കാക്കമുള്ള് ചെടിയുടെ ഉണക്കി പൊടിച്ച ഇലകൾ കഴിക്കുന്നത് ഉത്തമമാണ്. (വാല്യം 10, പു. 263) |
| | ഗൊണേറിയ എന്ന രോഗത്തിന് കൂവയുടെ വേര് ചതച്ച് എടുക്കുന്ന നീര് കുടിക്കുന്നത് ഫലപ്രദമാണ്. (വാല്യം 11, പു. 21) |
| | വെളി ചേമ്പിന്റെ കിഴങ്ങുകൾ രക്തം ഒഴുകുന്ന ഗൊണേറിയയുടെ ചികിത്സക്കായി ഉപയോഗിക്കുന്നു. (വാല്യം 11, പു. 72) |
| | ഗൊണേറിയക്കെതിരെ കാട്ടുകപ്പലിന്റെ വേര് വെളുത്തുള്ളിയോട് കൂടെ ചേർത്ത് ആർസനിക് ട്രൈസൾഫേറ്റും കൂട്ടി എള്ളെണ്ണ ചേർത്ത് പാകം ചെയ്ത ഔഷധം തലയിൽ തേച്ചു പുരട്ടുന്നു. (വാല്യം 11, പു. 150) |
| | തെങ്ങിന്റെ പൂക്കൾ പിഴിഞ്ഞെടുത്ത ചാറ് പശുവിൻ പാലിൽ ചേർത്തുകൊടുക്കുന്നത് ഗൊണോറിയ മാറാൻ ഫലപ്രദമാണ്. (വാല്യം 1, പു. 12). |
| | ഗൊണേറിയയ്ക്ക് അമ്പഴത്തിന്റെ മരഭാഗം കഷായം വെച്ച് കഴിക്കുക. |
| | ഗൊണേറിയയ്ക്ക് ചെത്തിയുടെ വേര് പശുവിൻ പാലിൽ അരച്ചു കുടിക്കുക. (വാല്യം 2, പു. 29) |
| | ഗൊണേറിയ്ക്ക് മുക്കാപ്പിരി കഷായരൂപത്തിൽ സേവിക്കുക. (വാല്യം 8, പു. 49) |
| | ഇലക്കള്ളിയുടെ വേര്, ജീരകം പൊടിച്ചത് എന്നിവ ചേർത്ത് കോവൽ സമൂലം വേവിച്ച് ഉപയോഗിച്ചാൽ ഗൊണേറിയ ഭേദമാകും. (വാല്യം 8, പു. 53) |
| | കരിവള്ളി/കരിമിവള്ളി സമൂലം പൊടിച്ചതും ചന്ദനം മുത്തങ്ങ, പാൽ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നത് ഗൊണേറിയക്കെതിരെ വളരെ ഫലപ്രദമാണ്. (വാല്യം 8, പു. 99) |

| | |
|---|---|
| | പൂച്ചപയറും കടുക്കയുടെ തൊലിയും മുത്തങ്ങുടെ വേരും അരിയും തേനും കൂട്ടിച്ചേർത്ത് വേവിച്ച് കുറുക്കി ഉപയോഗിക്കുന്നത് ഗൊണേറിയയുടെ കാഠിന്യം കുറക്കും. (വാല്യം 8, പു. 131) |
| | പയറിന്റെ വിത്തും ചന്ദനം, ജീരകം എന്നിവയും വേണ്ട രീതിയിൽ ചതച്ച് പൊടിച്ച് വെള്ളത്തിലിട്ടു തിളപ്പിച്ചെടുക്കുന്ന പാനീയം ഗൊണേറിയക്ക് ഉപകാരപ്രദമാണ്. (വാല്യം 8, പു. 147) |
| | മുളയുടെ തോലും കാട്ടുപയറും ചേർത്ത് പൊടിച്ച് പഞ്ചസാരയും പശുവിൻപാലും ചേർത്ത് വേവിച്ചു കഴിക്കുന്നത് ഗൊണേറിയ ചെറുക്കുന്നു. (വാല്യം 8, പു. 150) |
| | പയൊനൊ കറ പൊടിച്ച് പുരട്ടുന്നത് ഗൊണേറിയയ്ക്ക് പ്രതിവിധിയാണ്. (വാല്യം 4, പു. 51) |
| | പെരിൻ തുടലിയുടെ ഇലകൾ പാലിൽ തിളപ്പിച്ചുണ്ടാക്കുന്ന പാനീയം കഠിനമായ 'ഗൊണേറിയ' ഇല്ലാതാക്കുന്നു. (വാല്യം 4, പു. 151) |
| | ഉഷ്ണപ്പുണ്ണ് (ഗൊണേറിയ) യ്ക്കെതിരെ ചെറുമാവ് മരവാഴ ഉണക്കിപ്പൊടിച്ച പൊടിയും വിനാഗിരിയും കൂടെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 12, പു. 21) |
| | ഉഷ്ണപ്പുണ്ണ് മൂലമുള്ള വ്രണങ്ങളിൽ തെനപുല്ല് അരച്ച് പുരട്ടിയാൽ ഭേദമാകും. (വാല്യം 12, പു. 256) |
| | മുക്കുറ്റിയില ഇടിച്ച് പിഴിഞ്ഞ് എള്ളെണ്ണ ചേർത്ത് കുടിച്ചാൽ ഗൊണേറിയ (ഉഷ്ണപുണ്ണ്) ശമിക്കും. (വാല്യം 9, പു. 63) |
| | കാക്കപ്പൂചെടിയുടെ ഇലയുടെ നീരും പഞ്ചസാരയും ചേർത്ത് കഴിച്ചാൽ ഗൊണേറിയ മാറും. (വാല്യം 9, പു. 177) |
| | ഗൊണേറിയയ്ക്ക് ശംഖുപുഷ്പം സമൂലം വെണ്ണയുമായി ചേർത്ത് കഷായം വെച്ച് കഴിക്കുക. (വാല്യം 9, പു. 192) |
| | തകരയുടെ വേരെടുത്ത് പഞ്ചസാരയും പാലും ചേർത്ത് കൊടുത്താൽ ശക്തമായ ഗൊണേറിയ ശമിക്കും. (വാല്യം 6, പു. 35-36) |
| | കാക്കമുള്ളുവിന്റെ മരത്തൊലി പശുവിൻപാലിൽ ഇടിച്ചുപിഴിഞ്ഞ് കൊടുക്കുന്നത് ഗൊണേറിയ ശമിപ്പിക്കും. (വാല്യം 6, പു. 67) |
| വൃഷണത്തിലെ നീര് | ആഞ്ഞിലിയുടെ ഇല ഉണക്കി ചൂടാക്കി സന്ധികളിൽ വെക്കുന്നത് വൃഷണത്തിലെ നീര് അകറ്റും. (വാല്യം 3, പു. 51) |
| | കീഴാർ നെല്ലിയും ഉള്ളിയും ചേർത്ത് ചതച്ച് പുരട്ടിയാൽ വൃഷണങ്ങളിലുണ്ടാകുന്ന വ്രണം ഉണങ്ങും. (വാല്യം 10, പു. 58) |
| | പേന്തൊട്ടാഞൊടിയൻ ചെടിയുടെ നീര് പുരട്ടുന്നത് വൃഷണങ്ങളിലുണ്ടാകുന്ന വീക്കം കുറയ്ക്കാൻ ഉപകരിക്കുന്നു. (വാല്യം 10, പു. 257) |
| | പൂച്ചപയർ ചെടി പശുവിന് പാലിൽ പൊടിച്ച് നേരിട്ടോ ലേപന രൂപത്തിലോ ആക്കി ഉപയോഗിക്കുന്നത് വൃഷണങ്ങൾക്കുള്ള നീരുവീക്കത്തിനും ഫലപ്രദമാണ്. (വാല്യം 8, പു. 131) |
| | പൂച്ചപയറിന്റെ വേര് പൊടിച്ചതും പാവട്ടയുടെ ഇലയും ഉമ്മത്തിന്റെ കായും ചേർത്ത് എടുക്കുന്ന നീര് കുറുക്കി പച്ചരിച്ചോറ് ചേർത്ത് പുരട്ടുന്നത് വൃഷണങ്ങൾക്കനുഭവപ്പെടുന്ന വേദനകളെ അകറ്റുന്നു. (വാല്യം 8, പു. 131) |
| | മുരിങ്ങയില ചൂടാക്കി വെക്കുന്നത് ഗുഹ്യരോഗം മൂലം വൃഷണങ്ങളിലുണ്ടാകുന്ന നീർക്കെട്ട് മാറികിട്ടും. (വാല്യം 6, പു. 39-40) |
| | വൃഷണങ്ങളിൽ ഉണ്ടാകുന്ന വീക്കം ഇല്ലാതാക്കാൻ സോൾഡ/മലയൂരും ചെടിയുടെ ഇല വൃഷണത്തിനു മീതെ ഇല്ലാതാക്കാനുപയോഗിക്കുന്നു. (വാല്യം 6, പു. 206) |

| | |
|---|---|
| ലിംഗ ത്തിന്റെ വീക്കം | 'ഫൈക്കസ് ഇൻഫെർണി' എന്ന ചെടിയുടെ പൂക്കൾ പിഴിഞ്ഞെടു ക്കുന്ന തൈലത്തോടൊപ്പം ചേർത്ത് കഴിക്കുന്നത് പുരുഷ ലിംഗത്തി നുണ്ടാകുന്ന വീക്കം കുറക്കുന്നു. (വാല്യം 2, പു. 163) |
| | ഇലകൾ പൊടിയാക്കി 'ഫൈക്കസ് ഇൻഫെർണി'യുടെ എണ്ണയും ചേർത്ത് കഴിക്കുന്നത് പുരുഷലിംഗത്തിന്റെ വീക്കം മാറ്റുന്നു. (വാല്യം 2, പു. 167) |
| ലൈംഗിക രോഗങ്ങൾ | എല്ലാവിധ ലൈംഗികരോഗങ്ങൾക്കും തങ്ങെലകൊട്ടയുടെ കൂടെ മരെത്ത മാല മരവാഴയുടെ നീരും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 12, പു. 109) |
| | മുരിക്കിന്റെ ഇല പൊട്ടിച്ച് തേങ്ങ ചേർത്തരച്ച് ഉണ്ടാക്കുന്ന കുഴമ്പ് ലൈംഗിക രോഗങ്ങൾക്ക് ഉത്തമമാണ്. (വാല്യം 6, പു. 27) |
| | അകത്തിപൂ കഷായം വെച്ച് കഴിക്കുന്നത് ലൈംഗിക ഉത്തേജന ത്തിന് ഉത്തമമാണ്. (വാല്യം 1, പു. 197) |
| | കൈതയുടെ പൂക്കളും ചന്ദനവും ജീരകവും ചേർത്തുണ്ടാക്കുന്ന കുഴമ്പ് കീഴ് വയറ്റിലും ജനനേന്ദ്രിയത്തിലും പുരട്ടുന്നത് ജനനേന്ദ്രി യങ്ങളുടെ ശക്തി വർദ്ധിപ്പിക്കുന്നു. (വാല്യം 2, പു. 4) |
| | ഉത്തേജന ഔഷധ നിർമ്മാണത്തിൽ മറ്റ് ഔഷധ കൂട്ടുകൾക്ക് കഞ്ചാവ് ചേർത്ത് ഗുളിക രൂപത്തിലാക്കി ഉപയോഗിക്കുന്നു. (വാല്യം 10, പു. 220) |
| | ചൊവന്ന മന്താരുവിന്റെ തൊലി ചതച്ച് കുടിവെള്ളം ചേർത്ത് കഴി ച്ചാൽ ശരീരത്തിലെ അന്ത:സ്രവങ്ങളെ ഉത്തേജിപ്പിക്കുന്നു. (വാല്യം 1, പു. 117). |
| | മോതിരക്കണ്ണി ലേപനമായി ഉപയോഗിക്കുന്നത് ശരീരദ്രവങ്ങളെ ഉദ്ദീപിപ്പിക്കുന്നു. (വാല്യം 2, പു. 53) |
| | നായ്കൊരണയുടെ കായ് (പരിപ്പ്) കഴിക്കുന്നത് ലൈംഗിക ഉത്തേ ജനത്തിന് ഉത്തമമാണ്. (വാല്യം 8, പു. 123) |
| | ചെട്ടിപ്പുല്ലിന്റെ ധാന്യത്തിൽ നിന്നെടുക്കുന്ന പൊടി മുട്ടയുടെ വെള്ള നാളികേരം ചിരകിയതിന്റെ കൂടെ നല്ലപോലെ കുലുക്കിച്ചേർത്ത് അടിവയറ്റിൽ പുരട്ടിയാൽ ലൈംഗികശേഷിയെ ഉത്തേജിപ്പിക്കും. (വാല്യം 12, പു. 252) |
| | ബടുക്കയുടെ കായ്കൾ പാലിൽ ചേർത്ത് കുടിക്കുന്നത് ലൈംഗികാ വേശം ശമിപ്പിക്കും. (വാല്യം 6, പു. 203) |
| | കരിംപനയിൽ നിന്നെടുക്കുന്ന 'പഞ്ചസാര' അഥവാ പനം ചക്കര താമപൂവ്വൽപച്ച മരവാഴയോടൊപ്പം ചേർത്ത് കഴിച്ചാൽ സ്ത്രീകളു ടേയും പുരുഷന്മാരുടേയും സന്താനോല്പാദനശേഷി വർദ്ധിപ്പി ക്കും. (വാല്യം 12, പു. 51) |
| | ചെമ്പരത്തിയുടെ പൂമൊട്ടിൽ നിന്നെടുക്കുന്ന കഷായം കുടിക്കു ന്നത് സ്ത്രീകളിൽ വന്ധ്യത ഉണ്ടാക്കുന്നു. (വാല്യം 6, പു. 146) |
| | പുരുഷ ബീജത്തിന്റെ ഉല്പാദനം തടഞ്ഞ് പ്രത്യുൽപാദനം നിർത്തു ന്നതിന് വേണ്ടി കഞ്ചാവ് ചെടിയുടെ ഇലകൾ കഴിച്ചാൽ മതി. (വാല്യം 10, പു. 220) |
| | മൊതക്കയുടെ വേര് പാർനെറ്റും ആയി ചേർത്തു പൊടിച്ചത് എണ്ണ യിൽ വേവിച്ച് ഉള്ളിൽ കഴിക്കുന്നത് സ്ത്രീകളുടെയും പ്രത്യേകിച്ച് യുവതികളുടെയും തടിച്ച ആളുകളുടെയും (സ്വാഭാവിക) ശക്തി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. (വാല്യം 8, പു. 75) |

### 4.5.7 ദഹനേന്ദ്രിയ രോഗങ്ങൾ

ദഹനേന്ദ്രിയവുമായി ബന്ധപ്പെട്ട്കിടക്കുന്ന ഛർദ്ദി, മനംപുരട്ടൽ, അതിസാരം, വായുകോപം, ആന്ത്രവായു, നെഞ്ചിരിച്ചിൽ, പുണ്ണ്, ഹെർണിയ, മഞ്ഞപിത്തം, മലബന്ധം, ദഹന പ്രശ്നങ്ങൾ, കരൾ രോഗങ്ങൾ, കുടൽ രോഗങ്ങൾ, ആമാശയ രോഗങ്ങൾ, പിത്തം, പിത്തരസം, മൂലക്കുരു തുടങ്ങിയ രോഗങ്ങളും അവയ്ക്കുള്ള ചികിത്സയും ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചവ 'ദഹനേന്ദ്രിയ രോഗങ്ങൾ' എന്ന പട്ടിക 4.7 ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.7**

**ദഹനേന്ദ്രിയ രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ഛർദ്ദി | ഈന്തിന്റെ ഇലപിഴിഞ്ഞ നീര് രക്തം ഛർദ്ദിക്കുന്നതിനെതിരെ പ്രയോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 3, പു. 27) |
| | നെല്ലിപുളിയുടെ (അരി നെല്ലി) വേരിന്റെയും തടിയുടെയും തൊലി കടുകും ജീരകവും ചേർത്ത് കഴിക്കുന്നത് ഛർദ്ദിമാറ്റുന്നു. (വാല്യം 3, പു. 101) |
| | ചെകാട്ടിയുടെ വേരും ജീരകവും പാലിൽ തിളപ്പിച്ചുണ്ടാക്കുന്ന പാനീയം ചർദ്ദി ശമിപ്പിക്കുന്നു. (വാല്യം 5, പു. 187) |
| | കയ്യോന്നി ഇലകൾ ഉണക്കിപൊടിച്ച് ഉപ്പും കുരുമുളകും നാരങ്ങാനീരും ചേർത്തത് ഛർദ്ദിയില്ലാതാക്കാൻ കഴിക്കുന്നു (വാല്യം 10, പു. 151) |
| | പാണ്ടി ആവണക്ക് ചെടിയുടെ പുറംതൊലി കഴുത്തിൽ തൂക്കിയിടുന്നത് ഛർദ്ദി തടയുന്നു. (വാല്യം 2, പു. 109) |
| | ഇളം പ്രായത്തിലുള്ള കയ്പച്ചൊരയുടെ ഫലം ചൂടുവെള്ളം ചേർത്ത് കഴിക്കുന്നത് ഛർദ്ദി ശമിപ്പിക്കും. (വാല്യം 8, പു. 17) |
| | പീച്ചിങ്ങ കായ്കൾ സമൂലം വെള്ളത്തിൽ അരച്ച് ചേർത്ത് കഴിക്കുന്നത് ഛർദ്ദി ശമിപ്പിക്കുന്നു. (വാല്യം 8, പു. 27) |
| | പടവലത്തിന്റെ നീര് ഛർദ്ദിക്കെതിരെയുള്ള ഫലപ്രദമായ ഔഷധമാണ്. (വാല്യം 8, പു. 57) |
| | പൂച്ചപ്പയറിന്റെ വേരും ചുക്കും ഇഞ്ചിപ്പുല്ലും തേനും ജീരകം പൊടിച്ചതും ചെമ്പരത്തിയുടെ പൂവ് ചന്ദനം, വെറ്റില നീരും ഇലയും തുടങ്ങിയവയെല്ലാം ചേർത്ത് കറുത്ത ഛർദ്ദി തടയാൻ ഉപയോഗിക്കുന്നു. (വാല്യം 8, പു. 131) |
| | ശംഖുപുഷ്പത്തിന്റെ നീരും എള്ളെണ്ണയും ചേർത്ത് കഴിക്കുന്നത് ഛർദ്ദി ഉത്തേജിപ്പിക്കുവാൻ സഹായിക്കും. (വാല്യം 8, പു. 135 |
| | പയറും അത്തിപ്പഴവും തേനും ചേർത്ത് കഴിക്കുന്നത് ഛർദ്ദിക്ക് നല്ലതാണ്. (വാല്യം 8, പു. 147) |
| | ഛർദ്ദിക്ക് പയൊനൊ വിത്തുകൾ ചതച്ച നേർത്ത പൊടിയെടുത്ത് ചൂടുവെള്ളത്തിൽ കഴിക്കുക. (വാല്യം 4, പു. 51) |
| | ചെറുതേക്കിന്റെ വേര് ഇഞ്ചി, കൊത്തമ്പാലരി എന്നിവയിട്ട് |

| | |
|---|---|
| | കഷായം വെച്ച് ഛർദ്ദിക്ക് കഴിക്കുക. (വാല്യം 4, പു. 103) |
| | കാഞ്ഞിരമരവാഴ സമൂലം പൊടിച്ച് ഇഞ്ചിയുടെ കൂടെ വെള്ള ത്തിൽ കലക്കി കൊടുത്താൽ ഛർദ്ദിയും വയറിളക്കവും ഉത്തേജി ക്കപ്പെടും. (വാല്യം 12, പു. 31) |
| മനം പുരട്ടൽ | കാട്ടുവള്ളി/വട്ടാവള്ളിയുടെ ഇലകളുപയോഗിച്ച് കുളിക്കുന്നത് മനംപുരട്ടലിനെതിരെ നല്ലതാണ്. (വാല്യം 11, പു. 228) |
| | ഇഞ്ചി മനംപുരട്ടലിനെ ഇല്ലാതാക്കുന്നു. (വാല്യം 11, പു. 41) |
| പുളിച്ചു തിക ട്ടൽ | ആഹരിച്ചത് വയറിൽ തങ്ങി പുളിച്ചതുകൊണ്ട് വരുന്ന തലവേദ നയും അടിവയർ വേദനയും ഇല്ലാതാക്കാൻ അടമരത്തിന്റെ ഇല നീര് ഉപയോഗിക്കുന്നു. (വാല്യം 4, പു. 10) |
| അതിസാരം | കാട്ടു ഈന്തലിന്റെ ഇലയും കായും അതിന്റെ എല്ലാഭാഗങ്ങളും അതിസാരത്തെ പിടിച്ചുനിർത്താൻ സഹായകമാണ്. (വാല്യം 3, പു. 31) |
| | പ്ലാവിന്റെ വേരിൽ നിന്നുള്ള ചാറുകൊണ്ട് അതിസാരത്തെ പടിച്ചു നിർത്താം. (വാല്യം 3, പു. 39) |
| | ആഞ്ഞിലി വൃക്ഷത്തിന്റെ വേരും പുറംതൊലിയും ചേർത്ത് അതിസാരം ശമിപ്പിക്കാം. (വാല്യം 3, പു. 51) |
| | വിനാഗിരിയിലോ വീഞ്ഞിലോ വേവിച്ച പഴുത്തപേരയ്ക്കകൊണ്ട് അതിസാരം സുഖപ്പെടുത്താം. (വാല്യം 3, പു. 59) |
| | വിനാഗിരിയിലോ വീഞ്ഞിലോ വേവിച്ച പഴുത്തമലാക്ക കൊണ്ട് അതിസാരം സുഖപ്പെടുത്താം. (വാല്യം 3, പു. 61) |
| | താമരത്തുകയുടെ പഴച്ചാറ് അടക്കയിട്ടു തിളപ്പിച്ച വെള്ളവും കൂട്ടി കുടിയ്ക്കുന്നത് അതിസാരത്തിന് ഫലപ്രദമാണ്. (വാല്യം 3, പു. 94) |
| | ബിലിമ്പി പഴച്ചാറ് അടക്കയിട്ടു തിളപ്പിച്ച വെള്ളവും കൂട്ടി കുടി യ്ക്കുന്നത് അതിസാരത്തിന് ഫലപ്രദമാണ്. (വാല്യം 3, പു. 98) |
| | കപ്പമാവിന്റെ കായ് പിഴിഞ്ഞ ചാറ് അതിസാരത്തിന് മരുന്നാണ്. (വാല്യം 3, പു. 119) |
| | കാട്ടുമയിലെള്ളുവിന്റെ തടിയുടെ ഔഷധഗുണം അതിസാര ത്തിന് ഫലപ്രദമാണ്. (വാല്യം 5, പു. 7) |
| | പെരിൻ ഞാറയുടെ ഉണങ്ങിപ്പൊടിച്ച വേര് നൽകിയാൽ അതി സാരം ശമിക്കും. (വാല്യം 5, പു. 109) |
| | വിളയാത്ത വെൺകാരകായ്കൾ അതിസാരത്തെ ശമിപ്പിക്കും. (വാല്യം 5, പു. 135) |
| | അതിസാരത്തിന് നാട്ടു ചാമ്പയുടെ തൊലി ചതച്ച് മോര് ചേർത്ത് കഴിക്കുക. (വാല്യം 1, പു. 61) |
| | കുരു പരുത്തിയുടെ കായ്കൾ ചതച്ച് വെള്ളം ചേർത്ത് കഴിച്ചാൽ അതിസാരം നിയന്ത്രിക്കാം. (വാല്യം 1, പു. 113) |
| | നെല്ലിക്കയുടെ മൂക്കാത്ത ഇല പിഴിഞ്ഞ് മോരു ചേർത്തത് അതി സാരത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 141) |
| | ഉണക്കി പൊടിച്ച നെല്ലിക്ക തൈര് ചേർത്ത് കഴിക്കുന്നത് അതി സാരത്തെ ചെറുക്കും. (വാല്യം 1, പു. 41) |
| | രക്താതിസാരത്തിന് കുരുട്ടുപാലയുടെ തൊലി ചതച്ചത് പാലിൽ ചേർത്ത് കൊടുക്കുക. (വാല്യം 1, പു. 173) |
| | അതിസാരത്തിന് കുടകപാലയുടെ തൊലിയും മോരും ചേർത്തു കഴിക്കുക. (വാല്യം 1, പു. 177) |
| | രക്താതിസാരത്തിന് കുടകപാലയുടെ തൊലിയും മോരും |

| | |
|---|---|
| | ചേർത്ത് കഴിക്കുക. |
| | അമ്പഴത്തിന്റെ തൊലി പൊടിച്ച് മോരും ചേർത്ത് കഴിച്ചാൽ അതിസാരം നിൽക്കുന്നു. (വാല്യം 1, പു. 192) |
| | അമ്പഴത്തിന്റെ ചാറ് അരിപ്പൊടിയിൽ ചേർത്ത് അപ്പ മുണ്ടാക്കി കഴിച്ചാൽ അതിസാരം നിൽക്കും. (വാല്യം 1, പു. 192) |
| | അപ്പൽ വേര് ചതച്ച് വെള്ളം ചേർത്ത് കഴിക്കുന്നത് അജീർണ്ണ ത്തോടെയുള്ള അതിസാരത്തിന് പ്രതിവിധയാണ് (വാല്യം 1, പു. 205) |
| | അപ്പൽ തൊലി ചതച്ചു നുറുക്കിയതും തേനും ചേർത്തതിന് സംഭ്രമം മൂലമുണ്ടാകുന്ന അതിസാരം നിർത്തുവാൻ കഴിവുണ്ട് (വാല്യം 1, പു. 205) |
| | കരാമ്പുചെടി ചതച്ച് മോരിൽ ചേർത്ത് കഴിക്കുന്നത് അതിസാരം നിർത്തുന്നു. (വാല്യം 2, പു. 179) |
| | തേനിനോടൊപ്പം പൊന്നാം പൂ മരവാഴയുടെ പൊടി നെല്ലിന്റെ പൂക്കൾ, നാഗപ്പൂ എന്നിവ ചേർത്തുപയോഗിച്ചാൽ അതിസാരം നിൽക്കും. (വാല്യം 12, പു. 13) |
| | പൊന്നാം പൂ മരവാഴയുടെ നീരും Maschata nut ഉം ചേർത്ത് നൽകുന്നത് രക്താതിസാരം ശമിക്കും. (വാല്യം 12, പു. 13) |
| | ചെറുകാട്ടുവള്ളി കാഞ്ഞിരത്തിന്റെ വേര് കുരുമുളകുമായി ചേർത്ത് ചതച്ച് അതിന്റെ നീര് കഴിച്ചാൽ അതിസാരം മാറും. (വാല്യം 7, പു. 18) |
| വായുകോപം | കൊഴുപ്പ, വെണ്ണ, പനിനീർ, മൂസ് ചാറ്റി (Muschati) എന്നിവ ചേർത്ത് ഉപയോഗിച്ചാൽ ഉള്ളിലുള്ള ഗ്യാസിനെ ഇല്ലാതാക്കും. (വാല്യം 10, പു. 43) |
| | കൊഴുപ്പ ചാറ് പിഴിഞ്ഞ് ചൂടുവെള്ളത്തിൽ ചേർത്ത് കുടിക്കു ന്നത് ഗ്യാസ് ഇല്ലാതാക്കും. (വാല്യം 10, പു. 43) |
| | വലിയ മാങ്ങാനാറി ചതച്ച് ഇഞ്ചി നീരിന്റെ കൂടെ കലക്കി കുടി ക്കുന്നത് കുടലിൽ ഗ്യാസ് നിറഞ്ഞുണ്ടാകുന്ന വേദന സുഖപ്പെടു ത്തും. (വാല്യം 10, പു. 147) |
| | അടയ്ക്കാ - മണിയൻ ചെടിയുടെ വേരൊഴിച്ചുള്ള ഭാഗങ്ങൾ കഷായമാക്കി ഉപയോഗിച്ചാൽ വായുക്ഷോഭം മൂലമുണ്ടാകുന്ന (flatulent cardialgia) നെഞ്ചുവേദനയ്ക്കാശ്വാസം കിട്ടും. (വാല്യം 10, പു. 159) |
| | നരിപച്ച അഥവാ അപ്പയുടെ ഇലകൾ ചതച്ച് തേങ്ങാപാലിൽ ചേർത്ത് കഴിച്ചാൽ ഗ്യാസ്ട്രബിൾ മാറും. (വാല്യം 10, പു. 226) |
| | ഗ്യാസിന് കടലാടി വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 10, പു. 282) |
| | ഗ്യാസ്ട്രബിളിന് നല്ല തൃത്താവ വിത്തോടുകൂടി പനിനീർ ചേർത്ത് ചതച്ച് അതിലേക്ക് കുറച്ച് muscati ചേർത്ത് കഴിച്ചാൽ മതി. (വാല്യം 10, പു. 303) |
| | ഗ്യാസിന് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | ഗ്യാസ് അഥവാ വായുകോപം കൊണ്ട് ആമാശയത്തിൽ സംഭവി ക്കുന്ന അസ്വസ്ഥതകൾക്ക് കൈതച്ചക്ക (കപ്പച്ചക്ക) കഴിക്കുന്നത് നല്ലതാണ്. (വാല്യം 11, പു. 7) |
| | കരിങ്കൂവളത്തിന്റെ വേര് പഞ്ചസാര ചേർത്ത് കഴിക്കുന്നത് വായുകോപമകറ്റുന്നതിന് ഫലപ്രദമാണ്. (വാല്യം 11, പു. 159) |
| | വായു കോപത്തിന് കറുവ വാറ്റിയെടുത്ത എണ്ണ ഉള്ളിൽ കഴിക്കു |

| | |
|---|---|
| | ക. (വാല്യം 1, പു. 223) |
| | പാണെൽ വേര് കഷായം വെച്ച് കഴിക്കുന്നത് വായുവിനെ ഒഴിപ്പിക്കും. (വാല്യം 2, പു. 15) |
| | വായുരോഗത്തിന് കഴെറ്റി പരിപ്പ് പൊടിച്ച് വീഞ്ഞിനൊപ്പം കഴിക്കുക. (വാല്യം 2, പു. 66) |
| | കാട്ടു ജീരകത്തിന്റെ വിത്തുകൾ പൊടിച്ച് ചൂടുവെള്ളത്തോടൊപ്പം കുടിക്കുന്നത് വായു രോഗം അകറ്റുന്നു. (വാല്യം 2, പു. 73) |
| | ആവണക്ക് ചെടിയുടെ വേര് കഷായം കൊടുക്കുന്നത് വായുകോപത്താൽ വയറ്റിലുണ്ടാകുന്ന വേദന ശമിപ്പിക്കുന്നു. (വാല്യം 2, പു. 108) |
| | ചെറു ചുണ്ടയുടെ വേര് കഷായത്തിനൊപ്പം അൽപം ഏലക്ക ചേർത്ത് ഉപയോഗിക്കുന്നത് വായുകോപത്തെ തടയുന്നു. (വാല്യം 2, പു. 125) |
| | പാവൽച്ചെടി പൊടിച്ചതും, കരിഞ്ചീരകം, ഉപ്പ്, കായം, ചുക്ക്, തിപ്പലി, തേൻ, എന്നിവയും പൊടിച്ച് ചേർത്ത് ഗുളിക രൂപത്തിലാക്കി ഉപയോഗിക്കുന്നത് വായുകോപത്തെ അകറ്റുന്നു. (വാല്യം 8, പു. 37) |
| | മുക്കാപ്പിരിയുടെ നീര് റോസാവെള്ളവും കുറച്ച് മൊസ്കാറ്റി (Muscati) യും ചേർത്ത് കഴിക്കുന്നത് വായുകോപം അകറ്റും. (വാല്യം 8, പു. 49) |
| | മുക്കാപ്പിരിയുടെ വേര് ചേർത്തുള്ള കഷായം വായുകോപം അകറ്റും. (വാല്യം 8, പു. 49) |
| | വായുകോപം ഒഴിവാക്കാൻ നിഹേമെകയുടെ (ഞേമക്ക) യുടെ ഇലയുടെ നീരും ചെന്തെങ്ങിന്റെ കരിക്കിൻ വെള്ളവും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | അരികഴുകിയ വെള്ളത്തിൽ കാട്ടുപയറു ചേർത്ത് കഴിക്കുന്നത് വായുകോപം ഒഴിവാക്കും. (വാല്യം 8, പു. 150) |
| | ഇഞ്ചിയും ജീരകവും പൊറിഞ്ചിയും ചേർത്ത് തയ്യാറാക്കിയ കഷായം വായുക്ഷോഭമകറ്റും. (വാല്യം 4, പു. 67) |
| | ഗ്യാസിന് നീർ-മുറിയുടെ വേര് ഒഴിവാക്കിയശേഷം ഈ ചെടി അടച്ച മൺ മൺപാത്രത്തിലിട്ട് തിളപ്പിച്ച് ആവി പിടിക്കുക. (വാല്യം 9, പു. 103) |
| | ഗ്യാസ്ട്രബിളിന് ഇരിവേലി (പനികൂർക്ക) ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 9, പു. 259) |
| | പൊങ്ങം/പുങ്ങത്തിന്റെ ഇലയിൽ നിന്നെടുക്കുന്ന താളി വായുകോപം ഇല്ലാതാക്കുന്നു. (വാല്യം 6, പു. 11) |
| | മട്ടി/പൊങ്ങല്യമരത്തിൽ നിന്നും ഊറിവരുന്ന നീര് മോരും ചേർത്ത് കുടിച്ചാൽ വായുകോപം ശമിക്കും. (വാല്യം 6, പു. 55) |
| | കണ്ടൽ മരത്തൊലി, പാടനീക്കിയ പാലിൽ തിളപ്പിച്ചു കുടിക്കുന്നത് ഗ്യാസ് ട്രബിളിന് ഫലപ്രദമാണ്. (വാല്യം 6, പു. 118-119) |
| | കുരുമുളകിന്റെ കായ പൊടിച്ച് ചൂടുവെള്ളത്തിലിട്ടുകുടിക്കുന്നത് വായുസ്തംഭനത്തിന് ഫലപ്രദമാണ്. (വാല്യം 7, പു. 47) |
| | ചങ്ങലം - പരണ്ടയുടെ നീര്, ഏലം, മല്ലി, ഇഞ്ചി എന്നിവയുടെ കൂടെ ഉപയോഗിച്ചാൽ ആമാശയത്തിലെ വായുകോപം ശമിക്കും. (വാല്യം 7, പു. 152) |
| | പാടക്കിഴങ്ങിന്റെ വേര് ചൂടുവെള്ളത്തിന്റെ കൂടെ ഉപയോഗിച്ചാൽ വായുകോപം ശമിക്കും. (വാല്യം 7, പു. 181) |
| | വായുകോപം ഒഴിയാൻ നിഹേമെക (ഞേമക്ക) ഇലയുടെ നീരും |

| | |
|---|---|
| | തേൻ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | അപ്പൽ ഇലയുടെ കഷായം നൽകിയാൽ വായു ശല്യത്താലുണ്ടാകുന്ന വയറുവേദന അകറ്റാം. (വാല്യം 1, പു. 205) |
| വയറു പെരുക്കം | നൊട്ടാനൊടിയൻ ചെടിയുടെ ഇല, കറിവേപ്പില, ഇലക്കള്ളി, കുറുന്തോട്ടി എന്നിവയുടെ ഇലകൾ കടുക്കയും ചേർത്തിടിച്ചുപിഴിഞ്ഞ് കിഴികെട്ടി കഞ്ഞിവെള്ളത്തിലിട്ട് ചൂടാക്കി ആവി പിടിച്ചാൽ ഗ്യാസ്ട്രബിൾ മൂലമുണ്ടാകുന്ന വയർ പെരുക്കത്തിന് നല്ലതാണ്. (വാല്യം 9, പു. 51) |
| | വയറു പെരുക്കത്തിന് തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 87) |
| | തന്തലകൊട്ടി (2) വേരിട്ട് കഷായം വെച്ച് കുടിച്ചാൽ വയറു പെരുക്കത്തിന് ആശ്വാസം ലഭിക്കും. (വാല്യം 9, പു. 89) |
| | വയറു പെരുക്കത്തിന് നെല്ലിയ തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 91) |
| | വയറു പെരുക്കത്തിന് വലിയ തന്തലകൊട്ടി വേരിട്ട് കഷായം വെച്ച് കുടിച്ചാൽ മതി. (വാല്യം 9, പു. 93) |
| | നെല്ലിപ്പൂ ചെടിയിൽ നിന്നുണ്ടാകുന്ന താളി തലയിൽ തേച്ച് കുളിക്കുന്നത് ഗ്യാസ്മൂലം വയർ വീർക്കുന്നതിന് പ്രതിവിധിയാണ്. (വാല്യം 9, പു. 242) |
| ആന്ത്രവായു | ചൊവന്ന മന്ദാരത്തിന്റെ വേര് കഷായം വെച്ചത് ആന്ത്രവായുവിനെ പ്രതിരോധിക്കും. (വാല്യം 1, പു. 117). |
| | കുമ്പുളു വേരിൻ കഷായം കുറച്ച് ചോറും ചേർത്ത് മോരിലോ എള്ളെണ്ണ ചേർത്തോ കഴിക്കുന്നത് ആന്ത്രവായുവിന് പ്രതിവിധിയാണ്. |
| | ആന്ത്രവായുവിന് പാലമരത്തിന്റെ തൊലി പൊടിച്ച് കഷായമാക്കി നൽകുക. (വാല്യം 1, പു. 169) |
| | ആന്ത്രവായുവിന് അപ്പൽ ചെടിയുടെ വേരിൽ നിന്നോ തൊലിയിൽ നിന്നുള്ള എണ്ണയോ വയറിൽ പുരുട്ടുക. (വാല്യം 1, പു. 205) |
| | ചെമ്പകത്തിന്റെ കായ്കളുടെ എണ്ണ ദേഹത്തു പുരട്ടിയാൽ ആന്ത്രവായു മാറും. (വാല്യം 1, പു. 60). |
| നെഞ്ചുവേദന | അപ്പൽ ഇലയുടെ കഷായം വായുശല്യത്താലുണ്ടാകുന്ന നെഞ്ചുവേദന അകറ്റാം. (വാല്യം 1, പു. 205) |
| | കറുവയുടെ തൊലിക്കഷായം ആന്ത്രവായു ശമിപ്പിക്കുന്നു. (വാല്യം 1, പു. 223) |
| | നെഞ്ച് വേദനയ്ക്ക് കുറുന്തോട്ടി തൊലിയും കറുകപ്പുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്തത് പുരട്ടുക. (വാല്യം 10, പു. 67) |
| | നെഞ്ചുവേദനയ്ക്ക് കാക്കമുള്ള് ചെടിയുടെ നീരെടുത്ത് പഞ്ചസാരയും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 263) |
| | നെഞ്ചുവേദയ്ക്ക് കുമ്പുളു വേരിൻ കഷായം കുറച്ച് ചോറും ചേർത്ത് മോരിലോ എള്ളെണ്ണയിലോ കഴിക്കുക. (വാല്യം 1, പു. 153) |
| | അപ്പൽ ഇലയുടെ കഷായം നൽകിയാൽ വായു ശല്യത്താലുണ്ടാകുന്ന നെഞ്ചുവേദന അകറ്റാം. (വാല്യം 1, പു. 205) |
| നെഞ്ചെരിച്ചിൽ | ചൊകാട്ടി മരത്തിന്റെ ഇലകളും മോരും ചേർത്തുണ്ടാക്കുന്ന കഷായം നെഞ്ചെരിച്ചിലിന് (Cardialgia) ഉത്തമം. (വാല്യം 5, പു. 187) |

| | |
|---|---|
| | കുറുന്തോട്ടി പിഴിഞ്ഞ് എടുക്കുന്ന നീര് കുടിച്ചാൽ നെഞ്ചെരിച്ചിൽ ശമിക്കും. (വാല്യം 10, പു. 67) |
| | തെങ്ങിന്റെ പൂക്കൾ കഞ്ഞിവെള്ളത്തിൽ ചേർത്ത് കഴിച്ചാൽ കരളിന്റെ/ലിവറിന്റെ എരിച്ചിൽ ശമിക്കും. (വാല്യം 1, പു. 12). |
| | നെല്ലിക്ക ഉണക്കി പൊടിച്ചത് കഷായമാക്കി കൊടുക്കുന്നത് നെഞ്ചെരിച്ചിലിന് നല്ലതാണ്. (വാല്യം 1, പു. 47) |
| നെഞ്ച് ഭാരം | ആനച്ചുണ്ട കഷായം നെഞ്ചിന്റെ ഭാരത്തിന് നല്ലതാണ്. (വാല്യം 2, പു. 121) |
| നെഞ്ചിലെ അസ്വസ്തത | ചെറുചുണ്ടയുടെ നീര് ശർക്കരയോടൊപ്പം, കഷായം തേനോടൊപ്പമോ ചേർത്ത് കഴിക്കുന്നത് നെഞ്ചിലെ അസ്വസ്തയ്ക്കു ഉത്തമമാണ്. (വാല്യം 2, പു. 125) |
| | നെഞ്ച് കൂരയ്ക്കലിന് പടവലം കഷായരൂപത്തിൽ മധുരം ചേർത്ത് കഴിക്കുന്നത് പിത്ത കഫങ്ങളെ നിയന്ത്രിക്കും. (വാല്യം 8, പു. 57) |
| വായ്പ്പുണ്ണ് | ചെറിയാം കൊട്ടത്തിൻരെ തൊലിയും ജീരകവും മോരും ചേർത്തുണ്ടാക്കുന്ന കവിൾ കൊള്ളാനുള്ള വെള്ളം വായ്പ്പുണ്ണ് ഭേദപ്പെടുത്തുന്നു. (വാല്യം 5, പു. 40) |
| | കാരകണ്ടൻ മരത്തിന്റെ തളിരിലകൾ കഞ്ഞിവെള്ളത്തിൽ വേവിച്ചെടുക്കുന്ന ദ്രാവകം വായ്പ്പുണ്ണിന് (apathies) ന് ഉത്തമം. (വാല്യം 5, പു. 49) |
| | പെരിൻ ഞാറ തൊലി വെള്ളത്തിൽ തിളപ്പിച്ചെടുത്ത് കവിൾ കൊണ്ടാൽ വായ്പ്പുണ്ണിനുത്തമം. (വാല്യം 5, പു. 109) |
| | ചെറുകാരയുടെ ഇലകൾ വേവിച്ച വെള്ളം കൊണ്ട് വായ് കഴുകുക, ഇത് വായ്പ്പുണ്ണ് ശമിപ്പിക്കും. (വാല്യം 5, പു. 143) |
| | കീഴാർ നെല്ലി ഇല ചതച്ച് പുരട്ടിയാൽ പുണ്ണ് ഇല്ലാതാകും. (വാല്യം 10, പു. 58) |
| | പേ-ഞൊട്ട-ഞൊടിയൻ വായിലിട്ടു ചവയ്ക്കുന്നത് വായ്പ്പുണ്ണ് സുഖപ്പെടാൻ ഉപകരിക്കും. (വാല്യം 10, പു. 259) |
| | വെളുത്ത മന്ദാരത്തിന്റെ വേര് എണ്ണ ചേർത്ത് പുണ്ണിന് ഉപയോഗിക്കുന്നു. |
| | കൊഴിഞ്ഞിൽ ചാറു പിഴിഞ്ഞ് തേൻ ചേർത്ത് വായിൽ പുരട്ടുക. (വാല്യം 1, പു. 213) |
| | ചകിരികൊട്ടം പൂക്കളുടെ ചാറ് വായ്പ്പുണ്ണിന് നല്ലതാണ്. (വാല്യം 1, പു. 217) |
| | ആനമുള്ളിന്റെ തടിയും ബെറ്റലീറെ (Beteleirae) യും വറുത്തു പൊടിച്ച പൊടിയും പുണ്ണിന് ഉത്തമമാണ്. (വാല്യം 8, പു. 144) |
| | പെരിൻ തുടലി തൊലി ചതച്ചെടുത്ത നീര് വായ്പുണ്ണിനുള്ള പ്രതിവിധിയാണ്. (വാല്യം 4, പു. 151) |
| | കദളി എന്ന പേരിലുള്ള ഈ ചെടി ഐരാണി, അടമ്പ് എന്നീപേരുകളിലറിയപ്പെടുന്നു. ഇതിന്റെ തളിരിലകൾ എണ്ണയിൽ വേവിച്ച് പുരട്ടുന്നത് വായ്പുണ്ണ് (Aphthis) അകറ്റുന്നു. (വാല്യം 4, പു. 151) |
| | വായ്പുണ്ണിന് ചെറുകതളിയുടെ തൊലി, ഇലകൾ, പൂക്കൾ, ഫലങ്ങൾ എന്നിവ എള്ളെണ്ണയിൽ മൂപ്പിച്ച് ഉണ്ടാക്കുന്ന എണ്ണ ഉത്തമമാണ്. (വാല്യം 4, പു. 163) |
| | തൊണ്ടി തെരഗത്തിന്റെ തണ്ടും ഇലകളും പാലിൽ വേവിച്ച് അരച്ച് പുരട്ടുന്നത് വായ്പുണ്ണിന് (Aphthis) ഉള്ള മരുന്നാണ്. |

| | |
|---|---|
| | (വാല്യം 4, പു. 223) |
| | കാട്ടുചോളത്തിന്റെ കായ അടയ്ക്കയുടെ നീരിൽ ഇട്ടുവെച്ച് മൃദുവാക്കി ചെറിയ കുട്ടികളുടെ നാവിൽ പുരട്ടിയാൽ ശേഷ്മസ്തരത്തിലുണ്ടാകുന്ന വായ്പുണ്ണ് (ചെറിയ പുണ്ണ്) ഭേദമാകും. (വാല്യം 12, പു. 195) |
| | കുരു പരുത്തിയുടെ കായ്കൾ ചതച്ച് വെള്ളം ചേർത്ത് കഴിച്ചാൽ വായ്പ്പുണ്ണ് നിയന്ത്രിക്കാം. (വാല്യം 1, പു. 113). |
| | പൂമരുത് എന്ന് ഇന്നറിയപ്പെടുന്ന അടമ്പ് മരത്തിന്റെ വേരിട്ടു തിളപ്പിച്ച വെള്ളം കവിൾക്കൊള്ളുന്നത് വായ്പുണ്ണിന് ഔഷധമാണ്. (വാല്യം 4, പു. 72) |
| വായ്ക്കകത്തെ രോഗം | അത്തി മീർമരത്തിന്റെ വേര് പിഴിഞ്ഞുണ്ടാക്കുന് മരുന്ന് വായിൽകൊണ്ടാൽ വായ്ക്കകത്തെ രോഗങ്ങൾ മാറും. (വാല്യം 3, പു. 135) |
| | വെള്ളടമ്പിന്റെ നീരും കറികണ്ടൽകായും മരോട്ടിയെണ്ണയുമായി ചേർത്ത് തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് ഇളയ തേങ്ങയുടെ ചിരട്ടയും പച്ചപ്പാക്കും ചേർത്ത് ഇടിച്ചുപിഴിഞ്ഞ് ശുദ്ധജലത്തിൽ തിളപ്പിച്ച് ഉപയോഗിച്ചാൽ വായ്ക്കകത്തുണ്ടാകുന്ന വ്രണത്തിന് ഉത്തമമാണ്. ഇതുപയോഗിച്ച് കൂടെ കൂടെ വായ് കഴുകിയാൽ മതിയാകും. (വാല്യം 6, പു. 118-119) |
| | ചെമ്പരത്തിയുടെ പൂക്കൾ വികസിച്ച ഉടനെ ഇടിച്ച് പിഴിഞ്ഞ് വെണ്ണ ചേർത്ത് ഉപയോഗിച്ചാൽ വായിലുള്ള വ്രണം (aphthis) ശമിക്കുന്നു. (വാല്യം 6, പു. 146) |
| | ഇലഞ്ഞിയുടെ വേര് വിനാഗിരിയിൽ അരച്ച് വെള്ളത്തിൽ ചാലിച്ചു പുരട്ടുന്നത് വായിലെ വ്രണങ്ങൾക്കുത്തമമാണ്. (വാല്യം 1, പു. 69). |
| | വെള്ളം ചേർത്ത് തിളപ്പിച്ച് വാ കഴുകുക. (വാല്യം 1, പു. 57). |
| | നറും പാണെൽ വേര് പൊടിച്ച് വെള്ളം ചേർത്ത് കുഴമ്പ് രൂപത്തിൽ പുരട്ടിയാൽ വായ്ക്കകത്തെ പൊള്ളൽ ശമിപ്പിക്കും. (വാല്യം 2, പു. 19) |
| വായിലെ അൾസർ | കാട്ടു ആലിന്റെ മരത്തൊലി വേവിച്ച വെള്ളം വായിൽകൊള്ളുന്നത് വായ്ക്കകത്തെ അൾസറിനെ സുഖപ്പെടുത്തും. (വാല്യം 3, പു. 130) |
| | പെരുന്തെരകം കായ് ചതച്ച് വായിലെ അൾസറിന് മരുന്നായി കഴിക്കാം. (വാല്യം 3, പു. 146) |
| ഹെർണിയ | ഹെർണിയ എന്ന രോഗത്തിന് പുകയിലയും കഞ്ചാവും ചേർത്ത് പുകച്ച് ആ പുക കൊള്ളുന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 220) |
| | ഹെർണ്ണിയ കൊണ്ടുണ്ടാവുന്ന മുഴക്ക് കഴെറ്റിയുടെ വേരും തൊലിയും ചതച്ച് കഷായമാക്കി കുടിക്കുക. (വാല്യം 2, പു. 65) |
| | ഹെർണിയയ്ക്ക് കഴെറ്റിയുടെ ഇലകൾ ചതച്ച് മോരിനൊപ്പം കഴിക്കുക. (വാല്യം 2, പു. 65) |
| | കഴെറ്റിയുടെ ഇലകൾ ചതച്ച് തേങ്ങയോടൊപ്പം ചേർത്ത് തീയ്ക്കു മുകളിൽ കാണിച്ച് ഹെർണിയ ബാധിച്ച സ്ഥലങ്ങളിൽ പുരട്ടുന്നത് ഗുണം ചെയ്യും. (വാല്യം 2, പു. 65) |
| | ഹെർണിയയ്ക്ക് കഴെറ്റിയുടെ പരിപ്പ് പൊടിച്ച് തേങ്ങാപ്പാലിനൊപ്പം ചേർത്ത് കീഴ് വയറ്റിൽ പുരട്ടുക. (വാല്യം 2, പു. 65) |
| | ഹെർണിയയ്ക്ക് കഴെറ്റി പരിപ്പ് പൊടിച്ച് വീഞ്ഞിനോടൊപ്പം ചേർത്ത് കഴിക്കുന്നതും ഹെർണിയയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 65) |

| | |
|---|---|
| മഞ്ഞപ്പിത്തം | പേരയുടെ പുറംതൊടും വേരും ചേർത്ത മരുന്നുപയോഗിക്കുന്നത് മഞ്ഞപ്പിത്തം അകറ്റും. (വാല്യം 3, പു. 59) |
| | മലാക്ക പുറംതോടും വേരും ചേർത്ത മരുന്നുപയോഗിക്കുന്നത് മഞ്ഞപ്പിത്തം അകറ്റും. (വാല്യം 3, പു. 61) |
| | പൂവാം കുരുന്തിലയുടെ നീര് കണ്ണിനു പുറമേ പുരട്ടുന്നത് മഞ്ഞിപ്പിത്തത്തിന് പ്രതിവിധിയാണ്. (വാല്യം 10, പു. 234) |
| | മയിലാഞ്ചിയില കഷായമാക്കി ശർക്കര ചേർത്തോ പാലിലോ ചേർത്ത് കഴിക്കുക. (വാല്യം 1, പു. 149) |
| | പൊന്നാം തകരയുടെ ഇലകൾ പഞ്ചസാര ചേർത്ത് കഴിക്കുന്നത് മഞ്ഞപ്പിത്തം തടയുന്നു. (വാല്യം 2, പു. 189) |
| | വെള്ളച്ചൊരങ്ങയുടെ ഇലകൊണ്ടുള്ള കഷായവും ശർക്കരയും ചേർത്ത മിശ്രിതം മഞ്ഞപ്പിത്തത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 3) |
| | മഞ്ഞപ്പിത്തത്തിന് കാട്ടുപയർ, ചന്ദനം, വെണ്ണ, പശുവിൻപാൽ തുടങ്ങിയവ ചേർത്ത് വേവിച്ച് ഉപയോഗിക്കുക. (വാല്യം 8, പു. 151) |
| | കൈപ-ജാംബുവിന്റെ പൊടി മുലപ്പാലിൽ ചേർത്ത് കഴിക്കുക. (വാല്യം 4, പു. 17) |
| | ഇഡുമുള്ളിയുടെ തൊലി കഷായം വെച്ച് കുടിക്കുന്നത് മഞ്ഞപ്പിത്തം പോലുള്ള മാരക രോഗങ്ങൾക്ക് പ്രതിവിധിയാണ്. (വാല്യം 4, പു. 63) |
| | ചിറ്റമൃതിൽ നിന്നെടുക്കുന്ന കഷായം മഞ്ഞപ്പിത്തത്തിന് നല്ലതാണ്. (വാല്യം 7, പു. 75-76) |
| ശോധന തടസ്സം | പേരയുടെ പുറംതോടും വേരും ചേർത്തുണ്ടാക്കുന്ന മരുന്നുകൊണ്ട് വയറ്റിലെ ശോധനാ തടസ്സം മാറുന്നു. (വാല്യം 3, പു. 59) |
| | മലാക്ക പുറംതോടും വേരും ചേർത്തുണ്ടാക്കുന്ന മരുന്നുകൊണ്ട് വയറ്റിലെ ശോധനാ തടസ്സം മാറുന്നു. (വാല്യം 3, പു. 61) |
| | മലബന്ധമില്ലാതാക്കാന് പെരിൻഞാറയുടെ ഉണക്കിപ്പൊടിച്ച വേര് നൽകുക. (വാല്യം 5, പു. 109) |
| | ആംവെട്ടി/വെട്ടിതാളി മരത്തിന്റെ വേര് വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം കഴിക്കുന്നത് മലവിസർജ്ജനം സുഗമമാക്കുന്നു. (വാല്യം 5, പു. 210) |
| | കടലാടി വേര് മലബന്ധത്തിന് ഔഷധമായി ഉപയോഗിക്കുന്നു. (വാല്യം 10, പു. 282) |
| | മലബന്ധം മാറാൻ കുപ്പമേനി ചെടിയുടെ വേര് ചതച്ച് വെള്ളത്തോടൊപ്പം കഴിക്കുക. (വാല്യം 10, പു. 292) |
| | മലബാറികൾ, അരി സെ ബെങ്കല എന്ന് പറയുന്ന gull nut പൊടിച്ചതും തീയിലിട്ട് വറുത്ത് പൊടിയാക്കി ചെറിയ മാങ്ങാനാറിയുടെ നീരും ചേർത്ത് ഉപയോഗിക്കുന്നത് കുടൽ അയഞ്ഞ് ശോധന കിട്ടും. (വാല്യം 10, പു. 317) |
| | മലബന്ധമില്ലാതാക്കാൻ കൊടപായലിന്റെ വേര് ജീരകവും പശുവിൻ പാലും ചേർത്ത് കഴിച്ചാൽ മതി. (വാല്യം 11, പു. 112) |
| | പൂച്ചപ്പയറിന്റെ വേരും ചുക്കും ഇഞ്ചിപ്പുല്ലും തേനും ജീരകം പൊടിച്ചതും ചെമ്പരത്തിയുടെ പൂവ് ചന്ദനം, വെറ്റില നീരും ഇലയും തുടങ്ങിയവയെല്ലാം ചേർത്ത് കറുത്ത മലം പോകുന്നത് തടയാൻ ഉപയോഗിക്കുന്നു. (വാല്യം 8, പു. 131) |
| | ശംഖുപുഷ്പത്തിന്റെ വേര് പൊടിച്ച് ചൂടുവെള്ളത്തിൽ ചേർത്ത് |

| | |
|---|---|
| | കുടിക്കുന്നത് കുടലിന്റെ അനായാസമായ ചലനത്തിന് സഹായിച്ച് ശോധന അനായാസമാക്കുന്നു. (വാല്യം 8, പു. 135) |
| | ചെംതാന്നിയുടെ പരിപ്പ് കഴിക്കുന്നത് മലമിളക്കാൻ സഹായിക്കുന്നു. |
| | ചെറുകാട്ടുനാരകത്തിന്റെ വേര് മലമിളക്കാൻ നൽകുന്നു. (വാല്യം 4, പു. 47) |
| | ഞാഴൽ കായുടെ പരിപ്പും ഇഞ്ചിയും കൂട്ടിച്ചതച്ച് കൽക്കണ്ടവും ചേർത്ത് കൊടുക്കുന്നത് മലബന്ധം നീക്കാൻ ഉപകരിക്കുന്നു. (വാല്യം 4, പു. 55) |
| | അങ്കോലത്തിന്റെ വേര് മലബന്ധത്തിനെ നീക്കുന്നു. (വാല്യം 4, പു. 91) |
| | കറിവേപ്പിന്റെ വേര് ഏത് പ്രകാരത്തിലെങ്കിലും കഴിക്കുന്നത് മലബന്ധം നീക്കുന്നു. (വാല്യം 4, പു. 194) |
| | മലബന്ധത്തിനെതിരെ നെലപന്ന മരവാഴയുടെ വേര് പൊടിയാക്കി പശുവിൻ പാലിൽ സേവിക്കുന്നു. (വാല്യം 12, പു. 68) |
| | ഇരുവേലി (പനികൂർക്ക) യുടെ എണ്ണ ചൂടുവെള്ളം ചേർത്ത് കുടിക്കുന്നത് ചോരയും ചലവും ചേർന്ന് വരുന്ന വിസർജ്ജ്യത്തിന് പ്രതിവിധിയാണ്. (വാല്യം 9, പു. 259) മലബന്ധമില്ലാതാക്കാൻ ബസളപുല്ല് മരവാഴയുടെ നീരിന് സാധിക്കും. (വാല്യം 12, പു. 101) |
| | പാതിരിയുടെ ഇലയിൽ നിന്നെടുക്കുന്ന കഷായം അസഹനീയമായ മലബന്ധം മാറ്റുന്നു. (വാല്യം 6, പു. 93) |
| | ബെലോരെയുടെ വിത്തുകൾ പൊടിച്ച് ചൂടോടെ കൊടുത്താൽ മലബന്ധം ഇല്ലാതാകും. (വാല്യം 6, പു. 155) |
| ദഹനം തടസ്സം | കല്ലാലിന്റെ തളിരിലയുടെ ചാറ് വെണ്ണയിൽ ചേർത്ത് ദഹനത്തിന് മരുന്നുണ്ടാക്കുന്നു. (വാല്യം 3, പു. 139) |
| | ദഹനത്തിന് കാട്ടുതിർത്താവയുടെ വേരിൽ നിന്നു കിട്ടുന്ന എണ്ണ ഉപയോഗിച്ചാൽ മതി. (വാല്യം 10, പു. 306) |
| | നഴുകു മരത്തിൻരെ കുരുന്നിലകൾ പിഴിഞ്ഞു കിട്ടുന്നനീര് കുടിക്കുന്നത് ദഹനത്തെ സഹായിക്കും. (വാല്യം 2, പു. 81) |
| | ആനച്ചുണ്ട തേനിനോടൊപ്പം ചേർത്ത് പാകം ചെയ്ത് (തിളപ്പിച്ച്) കഴിക്കുന്നത് ദഹനം കൂട്ടുന്നു. (വാല്യം 2, പു. 121) |
| | ചെറു ചുണ്ടയുടെ വേരിന്റെയും ഇലയുടെയും നീര് പാകപ്പെടുത്തി കഴിക്കുന്നത് ദഹനം കൂട്ടും. (വാല്യം 2, പു. 125) |
| | പടവലം കഷായരൂപത്തിൽ മധുരം (പഞ്ചസാര) ചേർത്ത് കഴിക്കുന്നത് ദഹനത്തിന് സഹായിക്കും. (വാല്യം 8, പു. 57) |
| | പെരിൻ - കാര ഫലം ഭക്ഷണം ദഹിപ്പിക്കുന്നു. (വാല്യം 4, പു. 81) |
| | മനിൽ കാര ഫലങ്ങൾ ദഹനം നന്നായി നടക്കുന്നതിന് സഹായിക്കുന്നു. (വാല്യം 4, പു. 87) |
| | ഇരിപ്പവേരുകൾ കഴിക്കുന്നത് ദഹന തടസ്സം നീക്കുന്നു. (വാല്യം 4, പു. 111) |
| | കലശമരപ്പട്ട കുടംപുളിമരത്തിന്റെ പട്ടയും ചേർത്ത് ഇടിച്ചുപൊടിച്ച് ദഹന തടസ്സം നീക്കാൻ കഴിക്കുക. (വാല്യം 4, പു. 115) |
| | ദഹന തടസ്സം നീക്കാൻ വെങ്കലശമരപ്പട്ട കുടംപുളിമരത്തിന്റെ പട്ടയും ചേർത്ത് ഇടിച്ചുപൊടിച്ച് കഴിക്കുക. (വാല്യം 4, പു. 125) |
| | നല്ലമുല്ല തനിയേയോ അല്ലെങ്കിൽ വേരോടുകൂടി എണ്ണയിൽ തിളപ്പിച്ചോ കൊടുത്താൽ ദഹനക്കുറി (ദഹനത്തിന് ശക്തി ഇല്ലായ്മ |

| | |
|---|---|
| | – (apepso) ശമിക്കും. (വാല്യം 6, പു. 175) |
| കരൾ രോഗ ങ്ങൾ | ആട്ടിൻ പാലിൽ പെരുന്തെരകം കായ് വേവിച്ചുണ്ടാക്കുന്ന മരുന്നിന് കരൾ ദ്രവിക്കുന്നത് തടയാനാവും. (വാല്യം 3, പു. 146) |
| | ആംവെട്ടി - വെട്ടിത്താളി മരത്തിന്റെ വേര് വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം കഴിക്കുന്നത് കരളിന്റെയും പ്ലീഹയുടെയും തടസ്സങ്ങൾ നീക്കുവാൻ ഉത്തമം. (വാല്യം 5, പു. 210) |
| | മല ഇലഞ്ഞിയുടെ തൊലി കുന്തിരിക്കവും സ്വർണ്ണപ്പൊടിയും ചേർത്തുണ്ടാക്കുന്ന ലേപനം കരളിന്റെ സ്ഥാനത്ത് പുറമെ പുരട്ടിയാൽ കരൾ രോഗങ്ങൾക്കു ശമനമുണ്ടാവും. (വാല്യം 5, പു. 214) |
| | ശതാവേലി കിഴങ്ങിന്റെ വേര് കഴിക്കുന്നത് കരൾ രോഗത്തെ ചെറുക്കും. (വാല്യം 10, പു. 38) |
| | കരളിന്റെ ക്ഷതത്തിന് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | കരളിനുണ്ടാകുന്ന അസുഖങ്ങൾ കരിങ്കൂവളത്തിന്റെ വേര് പഞ്ചസാര ചേർത്ത് കഴിക്കുന്നു. (വാല്യം 11, പു. 159) |
| | അത്തി ആലിന്റെ വേര് കഷായം വെച്ച് കഴിച്ചാൽ രക്തവും കരളും ശുദ്ധമാകുന്നു. (വാല്യം 1, പു. 89). |
| | കരൾ എരിച്ചിലിന് കൊടകപാലയുടെ വിത്തുകൾ കഷായമാക്കി കൊടുക്കുന്നു. (വാല്യം 1, പു. 177) |
| | ചെമ്പരത്തിയുടെ കുരുന്നിലകൾ ചതച്ച് വെള്ളത്തിലിട്ടു വെച്ച് അല്പം ശർക്കര ചേർത്ത് കഴിക്കുന്നത് കരളെരിച്ചിലിന് നല്ലതാണ്. (വാല്യം 2, പു. 45) |
| | മൊട്ട-പ്പുല്ലു സസ്യം സമൂലം കഞ്ഞിവെള്ളം, മരോട്ടിയെണ്ണ, പച്ച മഞ്ഞൾ, തിപ്പലി എന്നിവയുടെ കൂടെ തിളപ്പിച്ചുണ്ടാക്കിയ കുഴമ്പ് കരൾ രോഗങ്ങൾക്ക് പ്രതിവിധിയാണ്. (വാല്യം 12, പു. 133) |
| | കരൾ സംബന്ധമായ രോഗങ്ങൾക്ക് മുത്തങ്ങ വേരിൽ നിന്ന് പിഴിഞ്ഞെടുക്കുന് എണ്ണ ഉത്തമമാണ്. (വാല്യം 12, പു. 133) |
| | തന്തലകൊട്ടിയുടെ നീര് കരളിനെയും രക്തത്തെയും ശുദ്ധീകരിക്കുന്നു. (വാല്യം 9, പു. 87) |
| | തന്തലകൊട്ടിയുടെ (2) നീര് കരളിനെയും രക്തത്തെയും ശുദ്ധീകരിക്കുന്നു. (വാല്യം 9, പു. 89) |
| | നെല്ലിയ തന്തലകൊട്ടിയുടെ നീര് കരളിനെയും രക്തത്തെയും ശുദ്ധീകരിക്കുന്നു. (വാല്യം 9, പു. 91) |
| | വലിയ തന്തലകൊട്ടിയുടെ നീര് കരളിനെയും രക്തത്തെയും ശുദ്ധീകരിക്കുന്നു. (വാല്യം 9, പു. 93) |
| | കരൾ സംബന്ധമായ രോഗങ്ങൾക്ക് കാട്ടുപുഴുക്കൊല്ലി അരച്ച് പുറമെ പുരട്ടുക. (വാല്യം 6, പു. 83) |
| | കണ്ടൽ അരച്ച് പാലും വെണ്ണയുമായി ചേർത്ത് ഉപയോഗിക്കുന്നത് കരൾരോഗത്തിന് (ംവശലേ ഹശ്ല്യ) നല്ലതാണ്. (വാല്യം 6, പു. 114) |
| | അത്തി ആൽ വേരിൽ മുറിവുണ്ടാക്കി ഇറ്റ് വീഴുന്ന ചാറ് താഴെ പാത്രത്തിൽ ശേഖരിച്ചത് കരൾ രോഗത്തിനു നല്ലതാണ്. (വാല്യം 1, പു. 89). |
| | മഞ്ഞ മന്താരത്തിന്റെ വേരിന്റെ തൊലി കഷായമാക്കി കഴിക്കുന്നത് കരൾവീക്കത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 129). |
| | അത്തി ആൽ വേരിൽ മുറിവുണ്ടാക്കി ഇറ്റ് വീഴുന്ന ചാറ് താഴെ പാത്രത്തിൽ ശേഖരിച്ചത് കരൾ രോഗത്തിനു നല്ലതാണ്. (വാല്യം 1, പു. 89). |

| | |
|---|---|
| | നെല്ലിക്ക വാറ്റിയെടുക്കുന്ന നീര് കഴിച്ചാൽ കരളിന്റെ എരിച്ചിൽ ശമിക്കും. (വാല്യം 1, പു. 141) |
| | കരളിന്റെ എരിച്ചിലിന് പാലമരത്തിന്റെ തൊലി പൊടിച്ച് കഷായ മാക്കി നൽകുക.  (വാല്യം 1, പു. 169) |
| | കരൾ രോഗത്തിന് നറും പാണൽ വേര് പൊടിച്ച് വെള്ളം ചേർത്ത് കുഴമ്പ് രൂപത്തിലാക്കി ശർക്കര കൂട്ടി കഴിക്കുക. (വാല്യം 2, പു. 19) |
| | വെള്ളില വേര് കഷായം കരളിനെ തണുപ്പിക്കുന്നതിന് നല്ലതാണ്.  (വാല്യം 2, പു. 50) |
| | വള്ളി ചൊറിഗണത്തിന്റെ വേര് വെള്ളത്തിൽ തിളപ്പിച്ച് കഴിക്കുന്നത് കരൾ പുകച്ചിൽ ശമിപ്പിക്കും.  (വാല്യം 2, പു. 147) |
| | കരൾ രോഗത്തിന് പൂമരുതിന്റെ മരപ്പട്ടയും പൂക്കളും ചേർത്ത് ഉണ്ടാക്കുന്ന കഷായം കുടിക്കുക. (വാല്യം 4, പു. 72) |
| | കാട്ടുകലശത്തില കരൾ രോഗത്തിന് ഉപയോഗിക്കുന്നു. (വാല്യം 4, പു.119) |
| | കരളെരപ്പിന് ഇരുവേലി (പനികൂർക്ക) യുടെ എണ്ണ ചൂടുവെള്ളം ചേർത്ത് കുടിക്കുക. (വാല്യം 9, പു. 259) |
| കുടൽ രോഗ ങ്ങൾ | ചൊറിവള്ളിയുടെ ഇലയും തേങ്ങാക്കാമ്പും ചേർത്ത് ചതച്ച് ലേപനമാക്കിയത് വൻകുടലിലെ അസുഖങ്ങൾക്ക് ഫലപ്രദമാണ് (കഠിനമായ വേദനയും അസ്വസ്ഥതയും) (വാല്യം 7, പു. 34) |
| | അടക്കാമണിയന്റെ വേര് വെയിലത്ത് ഉണക്കി പൊടിച്ച് കുടലിലെ അസുഖങ്ങൾക്ക് ഉപയോഗിക്കുക. (വാല്യം 10, പു. 159) |
| | കർപ്പൂരചെടിയുടെ നീര് കഴിക്കുന്നത് കുടലിലുണ്ടാകുന്ന പഴുപ്പിന് നല്ലതാണ്. (വാല്യം 10, പു. 164) |
| | കാഞ്ഞിരമരത്തിൽ കാണുന്ന കാട്ടുകൈത മരവാഴയുടെ കയ്പ്പേറിയ ചാറ് ചെറുകുടലിനെ അയവുള്ളതാക്കുന്നു. (വാല്യം 12, പു. 97) |
| | പടവലം കഷായരൂപത്തിൽ മധുരം (പഞ്ചസാര) ചേർത്ത് കഴിക്കുന്നത് കുടലിലും ആമാശയത്തിലും അനുഭവപ്പെടുന്ന വേദനകൾ അകറ്റുന്നതിന് സഹായിക്കും. (വാല്യം 8, പു. 57) |
| | കരിവള്ളി/കാരിവള്ളി ചെടിയുടെ ഇലയും കടലിയുടെ ഇലയും ചേർത്ത് പിഴിഞ്ഞെടുക്കുന്ന നീര്  കഞ്ഞിവെള്ളവുമായി ചേർത്ത് ജീരകം, ചുക്ക്, മഞ്ഞൾ എന്നിവ ചേർത്ത് കഴിക്കുന്നത് കുടലിൽ നിന്ന് പഴുപ്പ് വരുന്നത് ഭേദമാക്കുന്നു. (വാല്യം 8, പു. 98) |
| | കടുക്, വെളുത്തുള്ളി എന്നിവയുടെ കൂടെ കാട്ടുചണ്ടി/കാട്ടുവാള ചേർത്ത് പൊടിച്ച് ചൂടാക്കി ഉപയോഗിക്കുക. (വാല്യം 8, പു. 155) |
| | ചെംതാന്നിയുടെ തൊലി കുടലിന്റെ ശേഷി വർദ്ധിപ്പിക്കുന്നു. (വാല്യം 4, പു. 35) |
| | വിതിമരത്തിന്റെ ഇലകൾ വെള്ളത്തിൽ വേവിച്ച് ചില പ്രത്യേക വസ്തുക്കൾ മേമ്പൊടി ചേർത്തുണ്ടാക്കുന്ന കഷായം കുടലിലെ തടസ്സങ്ങൾ നീക്കുന്നു.  (വാല്യം 4, പു. 131) |
| | പുന്നയുടെ മരത്തിൽ നിന്നും കായിൽ നിന്നും എടുക്കുന്ന കറ ശക്തിയായി ഛർദ്ദിപ്പിച്ച് ദഹന തടസ്സം നീക്കാനും അനാവശ്യ ദ്രവങ്ങൾ നീക്കി കുടലാകെ ശുചീകരിക്കുകയും ചെയ്യുന്നു. (വാല്യം 4, പു. 139) |
| | പര-പന്ന-മരവാഴ കുടലിനെ ചലിപ്പിക്കുന്നതിനുപയോഗിക്കുന്നു. (വാല്യം 12, പു. 57) |
| | നെലപന്ന മരവാഴയുടെ ഇലകൾ ചതച്ചെടുത്ത ചാറ് കുടലിനെ ചെറിയ തോതിൽ ചലിപ്പിക്കുന്നു. (വാല്യം 12, പു. 68) |

| | |
|---|---|
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ കുടൽ പിടുത്തത്തിന് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | വെളുത്ത - മൊതല - മൂക്കു അരച്ച് മോര് ചേർത്ത് ഉപയോഗിച്ചാൽ കുടലിലെ വേദന ശമിപ്പിക്കുന്നു. (വാല്യം 12, പു. 247) |
| | തെനപുല്ല് വെള്ളത്തിൽ തിളപ്പിച്ച് കുടിക്കുന്നത് കുടൽ വേദനയെ ലഘൂകരിക്കും. (വാല്യം 12, പു. 256) |
| | കെടങ്ങിന്റെ ഇളം കായ്കൾ കുടലുകളെ ചൂടാക്കുന്നു. (വാല്യം 6, പു. 97) |
| | പൊടിയാക്കിയ സോൾഡ/മലയൂരും ചെടിയുടെ ഇല കുടലിലെ വീക്കം ഇല്ലാതാക്കാൻ ഉപയോഗിക്കുന്നു. (വാല്യം 6, പു. 206) |
| | പടവാര ചതച്ചെടുക്കുന്ന നീര് കുടലിലുണ്ടാകുന്ന വേദനകൾക്ക് നല്ലതാണ്. (വാല്യം 7, പു. 99) |
| | വെലിയ കൊടുവേലി/ വള്ളി കൊടുവേലിയുടെ പൊടിച്ചെടുത്ത വേര് നൽകുന്നത് കുടലിലെ വ്രണങ്ങൾ ഉണങ്ങുന്നതിന് സഹായിക്കും. (വാല്യം 10, പു. 217) |
| | കൊല്ലത്ത വെറ്റിലചെടിയുടെ ഇലയുടെ ചാറ് (നീര്) വായുകോപം കൊണ്ട് കുടൽ വീർക്കുന്നത് തടയാനുപയോഗിക്കുന്നു. (വാല്യം 9, പു. 137) |
| | പോർച്ചുഗീസുകാർ 'ത്രിപാസ് സുബിദാസ് - Tripas subidas എന്നു വിളിക്കുന്ന കുടലിന്റെ സങ്കോച വികാസങ്ങൾ ശമിപ്പിക്കുന്നു. (വാല്യം 4, പു. 131) |
| | പെരിൻ തുടലി വേരും ആവണക്കിൻ കുരുവും ചേർത്ത് ചതച്ചെടുക്കുന്ന നീര് കഴിക്കുന്നത് വയർ ശക്തമായി ചുരുക്കി കുടൽ ശുചിയാക്കുന്നു. (വാല്യം 4, പു. 151) |
| | കുടലിലെ വേദനയ്ക്ക് നഴുകു വേര് കഷായമാക്കി നൽകുന്നു. (വാല്യം 2, പു. 81) |
| | ഈന്തിന്റെ ഇലപിഴിഞ്ഞ നീര് കുടൽവേദനയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 3, പു. 27) |
| | തേങ്ങാപ്പാലിൽ ചെടിയുടെ വേര് ചേർത്ത് ചൂടാക്കി ഉപയോഗിച്ചാൽ കുടൽപുണ്ണ് ശമിക്കും. (വാല്യം 10, പു. 164) |
| | സെന്തരക്ലാന്തി (ചന്ദ്രക്രാന്തി) പഞ്ചസാരയും ചേർത്ത് കുടലിന്റെ പൊള്ളലുകൾക്കെതിരെ ഉപയോഗിക്കുന്നു. |
| | പാടക്കിഴങ്ങിന്റെ നീരും നെല്ലിപ്പൂവും കോവലിന്റെ നീരും ചേർത്ത് ഉപയോഗിക്കുന്നത് കുടലിലെ പൊള്ളൽ ഭേദമാക്കുന്നതിന് ഫലപ്രദമാണ്. (വാല്യം 8, പു. 53) |
| | ചൊറിവള്ളിയുടെ വേര് കാഞ്ഞിരവെള്ളത്തിൽ വേവിച്ചെടുത്ത് കിട്ടുന്ന സംയുക്തം കുടൽപ്പുണ്ണിന് ഫലപ്രദമാണ്. (വാല്യം 7, പു. 34) |
| ആമാശയ രോഗങ്ങൾ | രക്തം ശുദ്ധീകരിക്കാനുപയോഗിക്കുന്നു. ആമാശയത്തിലുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധിയാണ്. (വാല്യം 11, പു. 36) |
| | തിപ്പലിയും ഇഞ്ചിയും ചേർത്ത് ചെറിയ നിരൂരി വേരിന്റെ തൊലി തിളപ്പിച്ചു കിട്ടുന്ന പാനീയം ആമാശയത്തെ ബലപ്പെടുത്തുന്നു. (വാല്യം 5, പു. 170) |
| | മുള്ളിലകായ് പഞ്ചസാരയിലോ തേനിലോ സൂക്ഷിച്ചുവെച്ച് കഴിച്ചാൽ ആമാശയത്തിന് ബലവും ലഭിക്കും. (വാല്യം 5, പു. 130) |
| | കപ്പച്ചക്ക എന്ന പേര് രേഖപ്പെടുത്തിയ കൈതചക്കയുടെ ഇലകൾ കഞ്ഞിവെള്ളത്തിൽ വേവിച്ചതിൽ Baliari പൊടിച്ചതും ചേർത്ത് കഴിക്കുന്നത് മഹോദരം ബാധിച്ചവരിക്ക് ആമാശയ |

| | |
|---|---|
| | ശുദ്ധീകരണത്തിന് നല്ലതാണ്. (വാല്യം 11, പു. 7) |
| | ആമാശയത്തിലുണ്ടാകുന്ന രോഗങ്ങൾക്കെല്ലാം പ്രതിവിധിയായി കൂവയിലയുടെ നീര് ഉത്തമമാണ്. (വാല്യം 11, പു. 21) |
| | ഇഞ്ചി ആമാശയത്തിലുണ്ടാകുന്ന എല്ലാ അസ്വസ്ഥതകൾക്കും ഫലപ്രദമായി പ്രതിരോധിക്കുന്നു. (വാല്യം 11, പു. 41) |
| | വലിയ നിലം ചേനയുടെ കിഴങ്ങ് പൊടിച്ച് വെണ്ണയും പഞ്ചസാരയും ചേർത്തു കഴിക്കുന്നത് ആമാശയത്തെ ശുദ്ധീകരിക്കുന്നു. (വാല്യം 11, പു. 64) |
| | വെൺ-തിരുതാളിയുടെ ചാറെടുത്ത് (താളി) കടലാവണക്കിന്റെ തൊലിയോ ഫലമോ ചേർത്തത് ആമാശയ സെബന്ധമായ രോഗങ്ങൾക്ക് ഉപയോഗിക്കുന്നു. (വാല്യം 11, പു. 198) |
| | ചെല്ലിപുല്ലിന്റെ വേരിൽ നിന്ന് കടുക്കയുമായി ചേർത്ത് ആമാശയത്തെ ശുദ്ധീകരിക്കുന്ന ഒരു സിറപ്പുണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 12, പു. 226) |
| | പാവൽച്ചെടി പൊടിച്ചതും കരിഞ്ചീരകം ഉപ്പ്, കായം, ചുക്ക്, തിപ്പലി, തേൻ എന്നിവയും പൊടിച്ചത് ചേർത്തത് ഗുളിക രൂപത്തിലാക്കി ഉപയോഗിക്കുന്നത് ആമാശയത്തിൽ അനുഭവപ്പെടുന്ന വേദനകളെ അകറ്റുന്നു. (വാല്യം 8, പു. 37) |
| | കരളെ വേഗൻ കഷായരൂപത്തിലാക്കിയോ കരളെ വേഗൻ വേര് വേവിച്ചത് വെള്ളത്തോടൊപ്പം ഉപയോഗിക്കുകയോ ചെയ്യുന്നത് ആമാശയത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 94) |
| | ഉഴിഞ്ഞയുടെ നീരും ചിറ്റാവണക്കിന്റെ ഇലയുടെ നീരും ചേർത്ത് കഴിക്കുന്നത് ആമാശയസംബന്ധമായ രോഗങ്ങൾക്ക് ഫലപ്രദമാണ്. (വാല്യം 8, പു. 107) |
| | ചെമ്പ്രവള്ളിയുടെ വേരിന്റെ ചാറ് ശർക്കരയും ചേർത്തു കഴിച്ചാൽ വയറിളകി ആമാശയം ശുദ്ധമാകുകയും കഫം മൂലമുണ്ടാകുന്ന നീർക്കെട്ടിനെ വയറ്റിൽ നിന്ന് പുറന്തള്ളുകയും ചെയ്യുന്നു. (വാല്യം 7, പു. 23) |
| പിത്തം | പരിലി മരത്തിന്റെ വേരും ഇലകളും രക്തത്തിലുള്ള കരിംപിത്തത്തിന്റെ ആധിക്യവും തന്മൂലമുണ്ടാകുന്ന ശാരീരികവും മാനസികവുമായ ഗ്ലാനിയും, പിത്ത രോഗബാധിതമായ ഘടനയും ശരിയാക്കുന്നു. (വാല്യം 5, പു. 11) |
| | ചിറ്റമൃതിന്റെ നീര് ശർക്കരയും തിപ്പലിയും ചേർത്ത് സേവിക്കുന്നത് പിത്തത്തിന് നല്ലതാണ്. (വാല്യം 7, പു. 75-76) |
| | നീർ വള്ളിപുല്ലുചെടി കഷായമാക്കി പഞ്ചസാരയിലിട്ട് കഴിച്ചാൽ പിത്തം ശമിക്കും. (വാല്യം 10, പു. 46) |
| | മഞ്ഞ അടക്കാ മഞ്ചൻ ചെടിയും അതി മധുരത്തിന്റെ നീരും ചേർത്തുപയോഗിക്കുന്നത് തദ്ദേശ വ്യാധിയായ പിത്തം ഇല്ലാതാക്കാൻ കഴിയും. (വാല്യം 10, പു. 63) |
| | നിലനാരകത്തിന്റെ വേര് പിഴിഞ്ഞെടുക്കുന്ന നീര് പിത്തം (pitas) എന്ന പ്രസിദ്ധ രോഗത്തിനെതിരെയും ഉപയോഗിക്കാം. (വാല്യം 10, പു. 82) |
| | വേനൽപച്ച വെളിച്ചെണ്ണയിലിട്ട് തിളപ്പിച്ചെടുക്കുന്ന എണ്ണ പിത്തം എന്ന രോഗം നീര് വലിച്ചെടുത്ത് മാറ്റുവാൻ സഹായിക്കുന്നു. (വാല്യം 10, പു. 177) |
| | ഇഞ്ചിയും കുരുമുളകും പഞ്ചസാരയും ചേർത്ത് കഴിച്ചാൽ പിത്തം മാറികിട്ടും. (വാല്യം 10, പു. 181) |

| | |
|---|---|
| | നഞ്ചറ - കഞ്ചാവ് ചതച്ച് പാലിൽ ചേർത്ത് കുടിച്ചാൽ 'പിത്തം' നീക്കം ചെയ്യാൻ കഴിയും. (വാല്യം 10, പു. 185) |
| | കഞ്ചാവ് ചെടിയുടെ ഇലകൾ വെയിലത്ത് ഉണക്കിപൊടിച്ച് പകർച്ചവ്യാധിയായ പിത്തത്തിന് നൽകുന്നു. (വാല്യം 10, പു. 220) |
| | പിത്തരോഗത്തിന് പേന്തൊട്ടാ ഞൊടിയൻ എണ്ണയിലിട്ട് വറുത്തു പയോഗിക്കുന്നു. (വാല്യം 10, പു. 257) |
| | ചെറിയ മാങ്ങാനാറിയും കൊടങ്ങലും, കരിന്ത താലിയും പാടമാറ്റിയ പാലിൽ തിളപ്പിച്ച് കൊടുത്താൽ പിത്തം മാറും. (വാല്യം 10, പു. 317) |
| | ചേനയുടെ കിഴങ്ങ് മുറിച്ച് വെയിലത്തിട്ട് ഉണക്കി പൊടിച്ച് ഉപയോഗിക്കുന്നത് കരിം പിത്തം മാറുന്നതിന് നല്ലതാണ്. (വാല്യം 11, പു. 61) |
| | വെൺ-തിരു-താളി പിഴിഞ്ഞെടുത്ത താളി (വെള്ളം) കുളിക്കാനുപയോഗിക്കുന്നത് പിത്തം എന്ന വ്യാധിയുള്ളവർക്ക് അസുഖത്തിന് പ്രതിവിധിയായി നൽകുന്നു. (വാല്യം 11, പു. 198) |
| | കാഞ്ഞിര വേരിൻ കഷായം പശുവിൻ പാൽ ചേർത്ത് തലയിൽ ഒഴിച്ചു കഴുകുക. (വാല്യം 1, പു. 137) |
| | കോവലിന്റെ വേര് തിളപ്പിച്ച് ഉപയോഗിക്കുന്നത് പിത്തത്തെ ഇല്ലാതാക്കും. (വാല്യം 8, പു. 53) |
| | കരിവള്ളി സമൂലം പൊടിച്ചതും ചന്ദനം, മുത്തങ്ങ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നത് പിത്തം, പിത്തരസവുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവയ്ക്ക് ഫലപ്രദമാണ്. (വാല്യം 8, പു. 99) |
| | കുന്നിയുടെ നീരും പശുവിന്റെ പാലും എള്ളെണ്ണയും തിപ്പലിയും ഇഞ്ചിയും ചേർത്ത് ഉപയോഗിക്കുന്നത് പിത്തകഫങ്ങളെ ഇല്ലാതാക്കുന്നു. (വാല്യം 8, പു. 139) |
| | പിത്തത്തിന് നീർ-മുറിയുടെ വേര് ഒഴിവാക്കിയശേഷം ഈ ചെടി അടച്ച മൺ മൺപാത്രത്തിലിട്ട് തിളപ്പിച്ച് ആവി പിടിക്കുക. (വാല്യം 9, പു. 103) |
| | പിത്തനീര് നിയന്ത്രിക്കാൻ കഞ്ചാവ് ചെടിയുടെ ഇലകൾ വെയിലത്ത് ഉണക്കിപൊടിച്ച് ഉപയോഗിക്കുന്നു. (വാല്യം 10, പു. 220) |
| | കൊന്നക്കുരുവും പുളിയും പഞ്ചസാരയും ചേർത്ത് പിത്തനീര് അധികമായി ശരീരത്തിലെങ്ങും പടരുമ്പോൾ പ്രതിവിധിയായി നൽകുന്നു. (വാല്യം 1, പു. 81). |
| | കാഞ്ഞിരതൊലി ചതച്ച് വെള്ളവും ചോറും ചേർത്തത് കഴിക്കുന്നത് മഞ്ഞ നിറത്തിലുള്ള പിത്ത രസത്തിന്റെ ഒഴുക്ക് നിർത്തും. (വാല്യം 1, പു. 137) |
| | ഇലക്കള്ളിയുടെ വേര് ജീരകം പൊടിച്ചത് ഇവ ചേർത്ത് കോവൽ സമൂലം വേവിച്ചതും പഞ്ചസാര നെല്ലിപൂവ് തണുത്ത വെള്ളം ഇവ ചേർത്ത് ഉപയോഗിക്കുന്നത് പിത്തരസോദ്ദീപനം എന്നിവയ്ക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 53) |
| | നിഹേമെക (ഞേമക്ക) ഇലയുടെ നീരും പശുവിൻപാലും ചേർത്ത് ഉപയോഗിക്കുന്നത് പിത്തരസത്തെ നിയന്ത്രിക്കും. (വാല്യം 8, പു. 71) |
| | വേദനയോടുകൂടിയ പിത്തസ്രാവത്തിന് അടമരത്തിന്റെ ഇലയുടെ നീര് അരിക്കാടിയിൽ കൊടുക്കുന്നു. (വാല്യം 4, പു. 10) |
| | കാട്ടുതേക്കിൻ മരപ്പട്ട ഉണക്കിപ്പൊടിച്ച് കഴിക്കുന്നത് പിത്തകോപം ശമിപ്പിക്കുന്നു. (വാല്യം 4, പു. 99) |

| | |
|---|---|
| | ആനത്താളി - മരവാഴ സമൂലം പറിച്ചെടുത്ത ഉടനെ ഇടിച്ച് പിഴിഞ്ഞ് എടുക്കുന്ന നീരിന് പിത്തരസത്തെ ഉത്തേജിപ്പിക്കാനുള്ള കഴിവുണ്ട്. (വാല്യം 12, പു. 27) |
| | പിത്തരസത്തെ നിയന്ത്രിക്കുന്നതിന് വെള്ളിപന്ന കിഴങ്ങു മരവാഴ നീര് ഉപയോഗപ്പെടുത്തുന്നു. (വാല്യം 12, പു. 47) |
| | കാഞ്ഞിരമരത്തിൽ ഉണ്ടാവുന്ന കാട്ടുകൈതമരം വാഴസസ്യത്തിന്റെ വേരിന്റെ കയ്പേറിയ ചാറ് പിത്തരസത്തെ ഉണ്ടാക്കുന്നു. (വാല്യം 12, പു. 97) |
| | ബസളപുല്ലു മരവാഴയുടെ നീര് ഉപയോഗിക്കുന്നത് പിത്തരസത്തെ ശുദ്ധീകരിക്കുന്നു. (വാല്യം 12, പു. 101) |
| മൂലക്കുരു | ചുവന്ന പോളത്താളി വേര് അരച്ച് വറുത്തത് മൂലക്കുരുവിൽ പുരട്ടുന്നത് മൂലക്കുരുവിന് ആശ്വാസം നൽകും. (വാല്യം 11, പു. 139) |
| | മൂലക്കുരുവിന് കാട്ടുള്ളി വേര് വെയിലത്ത് ഉണക്കി പൊടിച്ച് കരിംചക്കര (black sugar) ചേർത്ത് ഉപയോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 11, പു. 142) |
| | കാട്ടുള്ളി കഷായരൂപത്തിൽ മൂലക്കുരു കഴുകാൻ ഉപയോഗിക്കുന്നത് മൂലക്കുരുവിന് പ്രതിവിധിയാണ്. (വാല്യം 11, പു. 142) |
| | മൂലക്കുരുവിന് ചുവന്ന അടമ്പിന്റെ ഇലകൾ ആട്ടിൻ പാലു ചേർത്ത് ഉപയോഗിക്കുന്നത് രോഗശമനത്തിന് ഉത്തമമാണ്. (വാല്യം 11, പു. 209) |
| ഉമിനീരിന്റെ ഉത്പാദനം | വയമ്പ് വെറുതെ കഴിക്കുന്നത് ഉമിനീരിന്റെ ഉത്പാദനം വർദ്ധിപ്പിക്കും. (വാല്യം 11, പു. 173) |

#### 4.5.8 ഹൃദയ - രക്ത ചംക്രമണ രോഗങ്ങൾ

നെഞ്ചുവേദന, രക്തശുദ്ധീകരണം, രക്താധിക്യം, രക്തസ്രാവം, രക്തം ഛർദ്ദിക്കുക, രക്തം കട്ടപിടിക്കുക, തലകറക്കം, തലചുറ്റൽ, ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവയാണ് ഹൃദയ-രക്തചംക്രമണ വ്യൂഹരോഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ രോഗത്തിനും ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് എന്തെല്ലാം ചികിത്സാ പദ്ധതികൾ ഹോർത്തൂസ് മലബാറിക്കസ്സിൽ കൊടുത്തിട്ടുള്ളത് എന്നാണ് 'ഹൃദയ-രക്തചംക്രമണ രോഗങ്ങൾ' എന്ന പട്ടിക 4.8 ൽ നൽകിയിട്ടുള്ളത്.

**പട്ടിക 4.8**
**ഹൃദയ-രക്തചംക്രമണ രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| നെഞ്ചുവേദന | നെഞ്ച് വേദനയ്ക്ക് കുറുന്തോട്ടി തൊലിയും കറുകപ്പുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്തത് പുരട്ടുക. (വാല്യം 10, പു. 67) |
| | നെഞ്ചുവേദനയ്ക്ക് കാക്കമുള്ള് ചെടിയുടെ നീരെടുത്ത് പഞ്ചസാരയും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 263) |
| | നെഞ്ചുവേദയ്ക്ക് കുമ്പുളു വേരിൻ കഷായം കുറച്ച് ചോറും ചേർത്ത് മോരിലോ എള്ളെണ്ണയിലോ കഴിക്കുക. (വാല്യം 1, പു. 153) |
| | പാൽ, തേൻ, വെണ്ണ എന്നിവ കൂട്ടി തിളപ്പിച്ച പെരിൻ നിരൂരി ഇലകൊണ്ടുള്ള ലേപനം അകത്ത് സേവിക്കുകയും പുറമേ പുരട്ടുകയും ചെയ്യുന്നത് പ്യൂറിസിക് പ്രതിവിധിയാണ്. (വാല്യം 5, പു. 167) |
| | അപ്പൽ ഇലയുടെ കഷായം നൽകിയാൽ വായു ശല്യത്താലുണ്ടാകുന്ന നെഞ്ചുവേദന അകറ്റാം. (വാല്യം 1, പു. 205) |
| രക്ത ശുദ്ധിയ്ക്ക് | ചെറുകാരയുടെ വേര് ചതച്ച് വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം കരളിന്റെ തടസ്സങ്ങൾ നീക്കി രക്തം ശുദ്ധീകരിച്ച് രോഗിയെ ഉന്മേഷവാനാക്കുന്നു. (വാല്യം 5, പു. 143) |
| | അശോകമരത്തിന്റെ ഇലകൾ പൊടിച്ചത് ചെറു നാരങ്ങയും പഞ്ചസാരയും ചേർത്ത് കഴിക്കുന്നത് രക്തം ശുദ്ധീകരിക്കുന്നതിന് ഉത്തമമാണ്. (വാല്യം 5, പു. 2230-231) |
| | രക്ത ശുദ്ധിയുണ്ടാവുന്നതിന് കൂവയുടെ വേര് ചതച്ചെടുത്ത നീര് കുടിച്ചാൽ മതി. (വാല്യം 11, പു. 21) |
| | മഞ്ഞക്കൂവയുടെ വേര് ചതച്ചെടുത്ത നീര് ഉപയോഗിക്കുന്നത് രക്ത ശുദ്ധിയ്ക്ക് നല്ലതാണ്. (വാല്യം 11, പു. 32 |
| | രക്തം ശുദ്ധീകരിക്കാൻ മഞ്ഞൾ നല്ലതാണ് (വാല്യം 11, പു. 36) |
| | അരയാലിന്റെ വേരിന്റെ തൊലി കഷായമാക്കി കൊടുക്കുന്നത് രക്തശുദ്ധി വരാൻ നല്ലതാണ്. (വാല്യം 1, പു. 97). |
| | രക്തദൂഷ്യത്തിന് കാട്ടുചണ്ടി/കാട്ടുവാളങ്ങയുടെ ഇലയും കഞ്ച (രമിഷമ) യുടെ തൊലിയും ചേർത്തെടുക്കുന്ന നീര് വെണ്ണ ചേർത്ത് ഉപയോഗിക്കുക. (വാല്യം 8, പു. 155) |
| | കടുക്, വെളുത്തുള്ളി എന്നിവയുടെ കൂടെ കാട്ടുചണ്ടി/കാട്ടുവാള ചേർത്ത് പൊടിച്ച് ചൂടാക്കി ഉപയോഗിക്കുക. (വാല്യം 8, പു. 155) |
| | രക്തശുദ്ധീകരണത്തിന് നലപന്ന മരവാഴയുടെ ഇലകൾ ചതച്ചെടുത്ത ചാറ് ഉത്തമമാണ്. (വാല്യം 12, പു. 68) |
| | ഗുരുതരമായ അപകടം മൂലമോ പുറമേയുണ്ടാകുന്ന മറ്റ് കാരണങ്ങൾ കൊണ്ടോ രക്തം കട്ടിയായാൽ തെനപുല്ല് വെള്ളത്തിൽ തിളപ്പിച്ച് കുടിക്കുന്നത് കട്ടിയായ രക്തം ക്ഷയിപ്പിക്കാനുപകരിക്കും. (വാല്യം 12, പു. 256) |
| | ചുണ്ണാമ്പുചെടിയുടെ ശിഖരങ്ങൾ എടുത്ത് വെള്ളത്തിൽ മുക്കി പഞ്ചസാര ചേർത്ത് ഉപയോഗിക്കുന്നത് രക്തശുദ്ധിവരുത്തും. (വാല്യം 7, പു. 43) |
| | ഇല്ലിയുടെ തൊലിയും ഇലയും തിളപ്പിച്ചുണ്ടാക്കുന്ന മരുന്ന് |

| | |
|---|---|
| | കുടിച്ചാൽ മുറിവുകളിൽ കെട്ടി കിടക്കുന്ന രക്തം ശുദ്ധീകരിക്കപ്പെടുകയും, പ്രസവശേഷം ബാക്കി കിടക്കുന്ന രക്തമയമായ വസ്തുക്കൾ വിസർജ്ജിക്കുന്നതിനും സഹായിക്കുന്നു. (വാല്യം 1, പു. 53). |
| | വീട്ടിമരവാഴയുടെ ചാറെടുത്ത് എള്ളെണ്ണ, ശുദ്ധമായ വെണ്ണ എന്നിവയോടൊപ്പം തിളപ്പിച്ച് സേവിക്കുന്നത് ശരീരത്തിലെ ദുഷിച്ച രക്തത്തെ ശുദ്ധീകരിക്കുന്നതിന് സഹായിക്കും. (വാല്യം 12, പു. 8) |
| | തന്തലകൊട്ടിയുടെ നീര് കരളിനെയും രക്തത്തെയും ശുദ്ധീകരിക്കുന്നു. (വാല്യം 9, പു. 87) |
| | രക്തദൂഷ്യത്തിന് ശതാവേലി കിഴങ്ങിന്റെ വേര് ഉപയോഗിക്കുന്നു. (വാല്യം 10, പു. 38) |
| | കുറിംഗിൽ വേര് കഞ്ഞിവെള്ളത്തിലിട്ട് വേവിച്ചെടുത്ത വെള്ളം കുടിക്കുന്നത് ചെടുനീർ എന്ന് മലബാറിൽ പറയുന്ന വീക്കത്തിന് ഉത്തമമാണ്. (വാല്യം 7, പു. 90) |
| രക്താധിക്യം | നിരൂരിയുടെ വേര് ചതച്ചതും പുതിയ വെണ്ണ പശുവിൻ പാൽ, തേൻ എന്നിവയും ചേർത്തുണ്ടാക്കുന്ന ലേപനം തൽസ്ഥാനത്ത് പുരട്ടുന്നത് പ്ലൂറസി (പാർശ്വശൂലം - ശ്വാസകോശത്തെ ആവരണം ചെയ്യുന്ന രക്തദ്രവ ചർമ്മത്തിലെ നീർക്കെട്ട്) ശമിപ്പിക്കും. (വാല്യം 10, പു. 102) |
| | രക്താധിക്യത്തിന് ചെത്തിയുടെ തൊലി, ഇല, പൂക്കൾ എന്നിവയിൽ നിന്നെടുക്കുന്ന നീര് എള്ളെണ്ണയിൽ ചേർത്ത് കഴിക്കുക. (വാല്യം 2, പു. 29) |
| രക്തസ്രാവം | മഞ്ഞ മന്താരത്തിന്റെ വേരിന്റെ തൊലി കഷായമാക്കി സേവിച്ചാൽ രക്തസ്രാവം കുറയും. (വാല്യം 1, പു. 129) |
| | ഓരില മൊതക്കയുടെ ചെടി വെണ്ണയിൽ വേവിച്ച് ഉപയോഗിക്കുന്നത് രക്തസ്രാവം തടയുന്നു. (വാല്യം 8, പു. 85) |
| | കക്കുവള്ളി രക്തവാത നിവാരണത്തിന് വളരെ പ്രധാനപ്പെട്ടതാണ്. (വാല്യം 8, പു. 127) |
| | ആഞ്ഞിലി ഇല ചതച്ച് മഞ്ഞൾ വേരുമായി ചേർത്ത് മുറിവുള്ളിടത്ത് വെയ്ക്കുന്നത് രക്തസ്രാവം നിയന്ത്രിക്കും. (വാല്യം 3, പു. 51) |
| | ആഞ്ഞിലികായ് വറുത്ത് ചതച്ച് ഉള്ളിയുമായി ചേർത്ത് പുളിപ്പിച്ച പാലിൽ വറുത്ത് മലദ്വാരത്തിൽ പുരട്ടിയാൽ രക്തസ്രാവത്തിന്റെ വേദന മാറികിട്ടും. (വാല്യം 3, പു. 51) |
| | തെങ്ങിന്റെ ഇലച്ചാറും വെളിച്ചെണ്ണയും കഷായമാക്കി കൊടുക്കുന്നത് രക്തസ്രാവത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 12). |
| | തേങ്ങയിൽ നിന്ന് ആട്ടിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നത് രക്തസ്രാവം തടയാൻ ഫലപ്രദമാണ്. (വാല്യം 1, പു. 12). |
| | ചകിരി നൂറൽ വേര് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുകയോ കുടിക്കുകയോ ചെയ്യുന്നത് രക്തക്കുഴലുകൾ പൊട്ടിയുണ്ടാകുന്ന രക്തസ്രാവം ശമിപ്പിക്കും. (വാല്യം 7, പു. 120) |
| | കുറിച്ചിക്കൊടി ചെടിയും എള്ളെണ്ണയും പശുവിൻപാലും ചേർത്തുണ്ടാക്കുന്ന കുഴമ്പ് ചെന്നിയിൽ പുരട്ടിയാൽ മൂക്കിൽ നിന്നുള്ള രക്തസ്രാവം ശമിക്കും. (വാല്യം 9, പു. 25) |
| | കരളെ വേഗൻ പൊടിയും കുരുമുളക് പൊടിയും ചൂടുവെള്ളത്തിൽ ചേർത്തുപയോഗിക്കുന്നത് രക്തസ്രാവം നിർത്തുന്നതിന് സഹായിക്കും. (വാല്യം 8, പു. 94) |

| | |
|---|---|
| | പരലി മരത്തിന്റെ ഇലകളും കരെട്ടിയുടെ ഇലകളും തേങ്ങാപാലിൽ തിളപ്പിച്ചുണ്ടാക്കുന്ന പാനീയം അകമെയും പുറമെയും ഉണ്ടാകുന്ന രക്തസ്രാവം മൂലമുള്ള വേദന ശമിപ്പിക്കുവാൻ സഹായിക്കുന്നു. (വാല്യം 5, പു. 11) |
| രക്തം തുപ്പുന്നതിന് | ആനച്ചുവടി ഇല പാചകം ചെയ്ത് കഴിച്ചാൽ രക്തം ഛർദ്ദിക്കുന്നതിന് പ്രതിവിധിയാണ്. (വാല്യം 10, പു. 27) |
| | കടലാടി ചെടി ചിറ്റെളിന്റെ എണ്ണയോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നത് രക്തം നേരിട്ട് പോകുന്നത് തടയുന്നു. (വാല്യം 10, പു. 282) |
| | വെളുത്ത മൊതല മൂക്കു ചെടിയുടെ വേര് കളഞ്ഞ് ബാക്കി ഭാഗത്തിന്റെ നീര് എള്ളെണ്ണയിൽ ചൂടാക്കി നെറ്റിയിൽ പുരട്ടുക. (വാല്യം 10, പു. 289) |
| | ആടലോടകത്തിന്റെ ഇല ചുമച്ച് രക്തം തുപ്പുന്നതിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 9, പു. 145) |
| | രക്തം തുപ്പുന്നതിന് പ്രതിവിധിയായി ചെത്തിയുടെ വേര് ചതച്ച് തണുത്ത വെള്ളത്തിൽ ചേർത്ത് കുടിച്ചാൽ മതി. (വാല്യം 2, പു. 29) |
| രക്തം കട്ടപിടിച്ചാൽ | രക്തം കട്ടപിടിച്ചാൽ മലങ്കൂവ സമൂലം ഇടിച്ച് പിഴിഞ്ഞ് കുടിച്ചാൽ ശരീരത്തിൽ രക്തം കട്ടപിടിച്ചത് ഭേദപ്പെടും. (വാല്യം 11, പു. 29) |
| | ആവണക്കിന്റെ ഇളംതൊലിയും മാവിൻ തൊലിയും പൊടിച്ച് കോഴി സൂപ്പിൽ ചേർത്തു കൊടുത്താൽ രക്തധമനികൾ ശരീരത്തിലെവിടെയെങ്കിലും പൊട്ടി രക്തം കട്ടപിടിച്ചാൽ അതിനെ അലിയിച്ചു കളയുന്നു. (വാല്യം 4, പു. 4) |
| | തേക്കിന്റെ വേരുണക്കി പൊടിച്ച് കൊടുക്കുന്നത് രക്തം കട്ടപിടിക്കുന്നത് ഇല്ലാതാക്കുന്നു. (വാല്യം 4, പു. 95) |
| | ശരീരത്തിൽ ആഘാതം മൂലമോ മറ്റേതെങ്കിലും കാരണത്താലോ രക്തം കട്ടപിടിച്ചിട്ടുണ്ടെങ്കിൽ അത് നേർപ്പിക്കുന്നതിന് പട്ടിച്ചെവി മരവാഴയുടെ വേരിന്റെ ചാറെടുത്ത് കടുവയുടെ പല്ല് പൊടിയാക്കിയതിന്റെ കൂടെ ഉപയോഗിച്ചാൽ മതി. (വാല്യം 12, പു. 38) |
| | ശരീരത്തിൽ യദൃശ്ചയാ രക്തം കട്ടപ്പിടിക്കുന്നതിന് പ്രതിവിധിയായി കാട്ടുമയിലെള്ളുവിന്റെ തൊലി ചതച്ച് വേവിച്ച് ഔഷധമായി ഉപയോഗിക്കാവുന്നതാണ്. കട്ട പിടിച്ച രക്തം ഇതു ദ്രവീകരിപ്പിക്കും. (വാല്യം 5, പു. 7) |
| തലക്കറക്കം | വിളയാക്കകായ് ഇഞ്ചിയുമായി വെള്ളത്തിലിട്ടു തിളപ്പിച്ച് ഉപയോഗിച്ചാൽ തലക്കറക്കം മാറും. (വാല്യം 3, പു. 43) |
| | അനോണകായ് ഇഞ്ചിയുമായി വെള്ളത്തിലിട്ടു തിളപ്പിച്ച് ഉപയോഗിച്ചാൽ തലക്കറക്കം മാറും. (വാല്യം 3, പു. 45) |
| | കൂവളമരത്തൊലി പൊടിച്ച് എലക്ടോറിയം (Electuarium) തേനും മറ്റും ചേർത്തുണ്ടാക്കുന്ന മരുന്ന്) സേവിച്ചാൽ തലകറക്കം അകറ്റും. (വാല്യം 3, പു. 71) |
| | മാങ്ങാനാറി മോരിൽ ചേർത്ത് കുടിച്ചാൽ തലക്കറക്കം മാറും. (വാല്യം 10, പു. 23) |
| | വാഴയുടെ വേര് ചതച്ച് പാലും ചേർത്ത് കുടിക്കുന്നത് തലക്കറക്കം മാറാൻ നല്ലതാണ്. (വാല്യം 1, പു. 41). |
| | തലക്കറക്കത്തിന് ഇത്തി ആലിന്റെ തടിയുടെ തൊലി ചതച്ച് തുണികെട്ടി പിഴിഞ്ഞചാറും പാലും കൂട്ടി കഴിക്കുക. (വാല്യം 1, |

| | |
|---|---|
| | പു. 93). |
| | കാഞ്ഞിരവേരിൻ സത്ത് നെറ്റിയിൽ പുരട്ടുന്നത് തലക്കറക്കത്തിന് നല്ലതാണ്. (വാല്യം 1, പു. 137) |
| | പെരിൻ തൊടലിവേര് പൊടിച്ചതും അരിപ്പൊടിയും വെണ്ണയും ചേർത്തുണ്ടാക്കുന്ന കുഴമ്പ് നെറ്റിയിൽ പുരട്ടുന്നത് തലകറക്കം ഇല്ലാതാക്കുന്നു. (വാല്യം 4, പു. 151) |
| | തലക്കറക്കത്തിന് കാഞ്ഞിരമരവാഴ സമൂലം പൊടിച്ച് ഇഞ്ചിയുടെ കൂടെ വെള്ളത്തിൽ കലക്കി കൊടുക്കുക. (വാല്യം 12, പു. 31) |
| | തലക്കറക്കത്തിന് നിലപ്പന സമൂലം വെളിച്ചെണ്ണയിൽ തിളപ്പിച്ചു പയോഗിക്കുക. (വാല്യം 12, പു. 193) |
| | തലക്കറക്കത്തിന് മുള്ളവയുടെ ഇല കത്തിച്ച പുക ശ്വസിക്കുക. (വാല്യം 6, പു. 23) |
| തലചുറ്റൽ | കക്കുവള്ളിയുടെ ഇല ഗർഭിണികളെ തലചുറ്റലിൽ നിന്നും രക്ഷിക്കുന്നു. (വാല്യം 8, പു. 127) |
| | പാവട്ടയുടെ ഇലകൾ പനവർഗ്ഗത്തിൽ നിന്നെടുക്കുന്ന എണ്ണയിൽ വറുത്തുണ്ടാക്കുന്ന കുഴമ്പ് തലചുറ്റലിന് ഉപയോഗിക്കുന്നു. (വാല്യം 5, പു. 37) |
| | മലഇലഞ്ഞിയുടെ ഇലകളും കുരുമുളകും പുൽതൈലവും എള്ളെണ്ണയിൽ വേവിച്ചുണ്ടാക്കുന്ന ലേപനം തലയിൽ പുരട്ടുക. (വാല്യം 5, പു. 214) |
| | ശതാവേലി കിഴങ്ങിന്റെ വേരിന്റെ നീരേടുത്ത് കഴിക്കുന്നത് തലചുറ്റൽ ശമിപ്പിക്കും (വാല്യം 10, പു. 39) |
| | കുമ്പളം പൊടിച്ച് വെണ്ണചേർത്തുപയോഗിക്കുന്നത് vertigo (തലചുറ്റൽ) എന്ന അസുഖം മാറ്റുന്നതിന് നല്ലതാണ്. (വാല്യം 8, പു. 11) |
| | കയ്യോന്നി എണ്ണ ചേർത്ത ഗുളികകൾ (Pillola) കൊടുക്കുന്നത് തലച്ചുറ്റൽ മാറ്റും. (വാല്യം 10, പു. 151) |
| | പെ-കൊഴുപ്പ ചതച്ച് പശുവിന്റെ പാലും വെണ്ണയും അതോടൊപ്പം ചന്ദനവും ചേർത്ത് നെറ്റിയിൽ (ചെന്നിയിൽ) പുരട്ടുന്നത് പിത്തം മൂലമുള്ള തലചുറ്റലിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 10, പു. 243) |
| | കുപ്പ മേനി ചെടിയുടെ നീര് നാരങ്ങയോടൊപ്പം ഉപയോഗിക്കുക. (വാല്യം 10, പു. 292) |
| | തലചുറ്റലിന് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | ഉണക്കിയ നെല്ലിക്കാപൊടി കഷായം ശർക്കര ചേർത്ത് തലചുറ്റലിന് കൊടുക്കുക. (വാല്യം 1, പു. 141) |
| | അകത്തിയുടെ ഇല വേവിച്ച് കഴിക്കുന്നത് തലച്ചുറ്റലിന് നല്ലതാണ്. (വാല്യം 1, പു. 197) |
| | കാരെള്ളിന്റെ വിത്തുകൾ കഞ്ഞുണ്ണ്യത്തിന്റെ നീര് ചേർത്ത് ഇടിച്ച് പിഴിഞ്ഞ് ഉപയോഗിച്ചാൽ തലചുറ്റൽ മാറിക്കിട്ടും. (വാല്യം 9, പു. 183) |
| | മുരിങ്ങ ഇലയുടെ നീരും കുരുമുളകും ചേർത്ത് കണ്ണിനു മുകളിൽ വെച്ചാൽ തലചുറ്റൽ മാറിക്കിട്ടും. (വാല്യം 6, പു. 39-40) |
| | വഴുതനയുടെ ഇലകൾ പൊടിച്ച് ചേർത്ത വെള്ളം കുടിക്കുന്നത് മദ്യപാനശീലം മാറ്റാൻ നല്ലതാണ്. (വാല്യം 10, പു. 269) |

| | |
|---|---|
| ഹൃദ്രോഗം | മൊതക്കയുടെ നീരും നാളികേരത്തിന്റെ പാലും ചേർത്ത് ഉപ യോഗിക്കുന്നത് ആൻജിന പെക്ടോറിസ് (നെഞ്ചെല്ലിൽ നിന്നും ഇടതുതോളിലേക്കും കൈയ്യിലേക്കും അനുക്രമിക്കുന്ന അസഹ്യ മായ വേദനയോടെ തുടങ്ങുന്ന ഒരു ഹൃദ്രോഗം) എന്ന രോഗ ത്തിനെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 75) |
| | ആഞ്ഞിലി മരവാഴ കരിച്ചുണ്ടാക്കുന്ന ചാരം, ചാരത്തിൽ നിന്നെ ടുത്ത ഉപ്പ്, ഹൃദയ സമ്മർദ്ദം മൂലമുള്ള വേദനയ്ക്ക് ഉത്തമമാണ്. (വാല്യം 12, പു. 4) |
| | ഹൃദയത്തിന്റെ കീഴറയുടെ അസുഖത്തിന് കറുവയുടെ തൊലി യിൽ നിന്നുള്ള എണ്ണ നല്ലതാണ്. (വാല്യം 1, പു. 223) |
| | കറുവയുടെ ഇലയിൽ നിന്നുള്ള എണ്ണയും വെള്ളവും ഹൃദയസ ംബന്ധമായ അസുഖങ്ങൾക്ക് നല്ലതാണ്. (വാല്യം 1, പു. 223) |
| | ഹൃദയ സംബന്ധിയായ അസുഖങ്ങൾക്ക് കറുവയുടെ പൂക്കൾ വാറ്റി നൽകുന്നു. (വാല്യം 1, പു. 223) |
| | ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ശതാവേലി കിഴങ്ങിന്റെ വേര് ഉപയോഗിക്കുന്നു. (വാല്യം 10, പു. 38) |
| | നെഞ്ചെല്ലിൽ നിന്നും തുടങ്ങി ഇടതുകൈയിലേക്കും ഇടതുതോ ളിലേക്കും അനുക്രമിക്കുന്ന വേദനയോടെ അനുഭവപ്പെടുന്ന ഹൃദയത്തിനുണ്ടാകുന്ന രോഗം (ആൻജിന പെക്ടോറിസ്) മാറു ന്നതിന് ഇളം പ്രായത്തിലുള്ള കയ്പച്ചൊര ഫലം ചതച്ച് ചൂടു വെള്ളത്തിൽ ചേർത്ത് കഴിച്ചാൽ മതി. (വാല്യം 8, പു. 17) |
| | പുകയിലയ്ക്ക് പകരം കഞ്ചാവ് ചെടിയുടെ പൊടി ഉപയോഗിച്ച് ലഹരിയുണ്ടാക്കുന്നു. (വാല്യം 10, പു. 220) |
| പക്ഷാഘാത ത്തിന് | പക്ഷാഘാതത്തിന് കാഞ്ഞിരമരവാഴ സമൂലം പൊടിച്ച് ഇഞ്ചി യുടെ കൂടെ വെള്ളത്തിൽ കലക്കി കൊടുക്കുക. (വാല്യം 12, പു. 31) |
| വിളർച്ച | കരിവെള്ളിപന്ന മരവാഴ ശരീരത്തിലെ വിളർച്ച മാറ്റുന്നു. (വാല്യം 12, പു. 64) |

### 4.5.9 മൂത്രാശയ രോഗങ്ങൾ

മൂത്രതടസ്സം, മൂത്രക്കല്ല്, മൂത്രക്കടച്ചിൽ, മൂത്രപഴുപ്പ്, മൂത്രവർദ്ധനവ്, വൃക്ക രോഗങ്ങൾ തുടങ്ങിയ രോഗങ്ങളും അവയ്ക്ക് ഔഷധ സസ്യങ്ങൾ ഉപയോഗി ച്ചുള്ള ചികിത്സാമുറകളുമാണ് ഇവിടെ 'മൂത്രാശയ രോഗങ്ങൾ' എന്ന പട്ടിക 4.9 ൽ കൊടുത്തിട്ടുള്ളത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവിധ വാല്യങ്ങളിൽ സസ്യ ങ്ങളുടെ ഉപയോഗം വിവരിക്കുന്ന ഭാഗത്ത് നിന്നും ശേഖരിച്ചതാണ് ഈ പട്ടിക യിലെ വിവരങ്ങൾ.

**പട്ടിക 4.9**

**മൂത്രാശയ രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| മൂത്രതടസ്സം | കരിവള്ളി, കരിവീവള്ളി സമൂലം പൊടിച്ചതും ചന്ദനം, മുത്തങ്ങ, പാൽ, പഞ്ചസാര എന്നിവയും ചേർത്ത് ഉപയോഗിക്കുന്നത് മൂത്രതടസ്സത്തിന് പ്രതിവിധിയാണ്. (വാല്യം 8, പു. 99) |
| | പൂമരുതിന്റെ മരപ്പട്ടയും പൂക്കളും ചേർത്ത് ഉണ്ടാക്കുന്ന കഷായം കുടിക്കുക. (വാല്യം 4, പു. 72) |
| | പെരിൻ തുടലി ഇലകൾ വേവിച്ച് അരച്ച് നാഭിപ്രദേശത്ത് പുരട്ടുന്നത് മൂത്ര തടസ്സം (stangury and dysuria) നീക്കുന്നു. (വാല്യം 4, പു. 151) |
| | വെള്ളമോദകത്തിലകൾ വെള്ളത്തിലിട്ട് തിളപ്പിച്ചെടുക്കുന്ന കഷായം കഴിക്കുന്നത് മൂത്രതടസ്സം നീക്കുന്നു. (വാല്യം 4, പു. 219) |
| | വീട്ടിമരവാഴയുടെ ചാറെടുത്ത് എള്ളെണ്ണ ശുദ്ധമായ വെണ്ണ എന്നിവയോടൊപ്പം തിളപ്പിച്ച് സേവിക്കുന്നത് മൂത്രതടസ്സത്തെ ഭേദപ്പെടുത്തും. (വാല്യം 12, പു. 8) |
| | തേക്ക് മരവാഴയുടെ കായപൊടിച്ച് എലികാഷ്ഠം, തേൻ, വെളിച്ചെണ്ണ ഇവ കലർത്തി അടിവയറ്റിൽ പുരട്ടിയാൽ ചുരുങ്ങിയ സമയം കൊണ്ട് മൂത്രം ഉണ്ടാകുന്നു. (വാല്യം 12, പു. 81) |
| | മാവുമരവാഴ സമൂലം അരച്ച് കുഴമ്പുരൂപത്തിലാക്കി അടിവയറ്റിൽ പുരട്ടിയാൽ മൂത്രം പോക്ക് സുഗമമാകും. (വാല്യം 12, പു. 89) |
| | മൂത്രതടസ്സത്തിന് നിലപ്പന പൊടിയാക്കി ഉദരത്തിൽ വെക്കുക. (വാല്യം 12, പു. 193) |
| | നീറ്റിതൊട്ടാവാടി കഷായം വെച്ച് കുടിച്ചാൽ പനിയുള്ളപ്പോൾ കൂടുതൽ മൂത്രം പോകാൻ സഹായിക്കുന്നു. (വാല്യം 9, പു. 67) |
| | നീർപുള്ളടി/നീർപുല്ലരി നീരും ചേർത്ത് ഉപയോഗിച്ചാൽ മൂത്രാശയകല്ല് നശിച്ചുപോകും. (വാല്യം 9, പു. 118) |
| | കരാമ്പു കഷായം മൂത്രതടസ്സം നീക്കുന്നു. (വാല്യം 2, പു. 179) |
| | നീർവാളയുടെ ഇലയരച്ച ചാറിൽ ലിനൻ തുണിമുക്കി അടിവയറ്റിൽ തേച്ചാൽ മൂത്രം പോകും. (വാല്യം 3, പു. 89) |
| | ആനച്ചുവടിയുടെ വേരും ഇലയും കഷായം വെച്ച് ഉപയോഗിച്ചാൽ മൂത്രതടസ്സം ഇല്ലാതാകും. (വാല്യം 10, പു. 27) |
| | മൂത്രതടസ്സത്തിന് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | മൂത്രതടസ്സത്തിന് പ്രതിവിധിയായി അരിക്ക ആമ്പലിന്റെ വീർത്ത വേരുകൾ കഷായം വെച്ച് കഴിക്കുന്നു. (വാല്യം 11, പു. 91) |
| | മൂത്രതടസ്സത്തിന് അമരിയില വെള്ളം ചേർത്ത് അരച്ച് വയറിൽ പുരട്ടുക. (വാല്യം 1, പു. 209) |
| | കരിം - കുറിഞ്ഞിയുടെ ഇലക്കഷായം മൂത്രം പോകുന്നതിനുള്ള തടസ്സം ഇല്ലാതാക്കാൻ സഹായിക്കുന്നു. (വാല്യം 2, പു. 57) |
| | ചൊറിഗണത്തിന്റെ വേര് കഷായം കെട്ടി നിൽക്കുന്ന മൂത്രത്തെ |

| | |
|---|---|
| | കളയുന്നു. (വാല്യം 2, പു. 137) |
| | വള്ളി ചൊറിഗണത്തിന്റെ വേര് വെള്ളത്തിൽ തിളപ്പിച്ച് കഴിക്കുന്നത് മൂത്രതടസ്സത്തേയും അതിനെ തുടർന്നുണ്ടാകുന്ന ഉദരത്തിന്റെയും പാദങ്ങളുടെയും വീക്കം മാറ്റുന്നതിന് സഹായിക്കുന്നു. (വാല്യം 2, പു. 147) |
| | ബഹെൽ ചുള്ളിയുടെ വേര് കഷായം മൂത്രതടസ്സം നീക്കുന്നു. (വാല്യം 2, പു. 163) |
| | ബഹെൽ ചുള്ളി ഇല വെന്ത്, അതിൽ വിനാഗിരി ചേർത്ത് കഴിക്കുന്നത് മൂത്രശമനം സുഖമമാക്കുന്നു. (വാല്യം 2, പു. 164) |
| | കരചുള്ളി വേര് കഷായം മൂത്രതടസ്സം മാറ്റും. (വാല്യം 2, പു. 171) |
| | മുക്കാപ്പിരി കഷായരൂപത്തിൽ സേവിക്കുന്നത് മൂത്ര തടസ്സം നീക്കും. (വാല്യം 8, പു. 49) |
| | കരളെ വേഗൻ കഷായരൂപത്തിലാക്കിയോ കരളെ വേഗൻ വേര് വേവിച്ചത് വെള്ളത്തോടൊപ്പം ഉപയോഗിക്കുകയോ ചെയ്യുന്നത് മൂത്രതടസ്സത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 94) |
| മൂത്രകല്ല് | ആഞ്ഞിലി മരവാഴയുടെ വലിയ ഇലകളും ഇലകളുടെ നീരും പൊക്കിൾ ഭാഗത്ത് പുരട്ടുന്നത് മൂത്രക്കല്ലിനെ ഇല്ലാതാക്കും. (വാല്യം 12, പു. 4) |
| | മുക്കുറ്റിയുടെ വേരുകളിട്ട് കഷായം വച്ച് കുടിച്ചാൽ മൂത്രാശയ ക്കല്ല് പൊടിഞ്ഞ് പുറത്തുപോകും. (വാല്യം 9, പു. 63) |
| | നീർപുള്ളടി/നീർപുല്ലരി ഇലയും കരിക്കിൻ വെള്ളവും കൂടി ഇഞ്ചിപുല്ല് (വാറ്റ്പുല്ല്) ചേർത്ത് ഉപയോഗിച്ചാൽ മൂത്രം പോകുമ്പോഴുണ്ടാകുന്ന വേദന മാറിക്കിട്ടും. (വാല്യം 9, പു. 118) |
| | മൂത്രകല്ലിന് കാക്കമുള്ള് ചെടിയുടെ നീരെടുത്ത് പഞ്ചസാരയും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 263) |
| | മൂത്രനാളിയിലെ കല്ലിന് കടലാടി വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 10, പു. 282) |
| | മൂത്രകല്ലിന് കടലാടി വേര് പൊടിച്ച് വീഞ്ഞിനോടൊപ്പം കഴിക്കുക. (വാല്യം 10, പു. 282) |
| | റഫാനിയുടെ നീരും മലയിഞ്ചി കൂവയുടെ വേര് പൊടിച്ചതും കൂടെ ചേർത്ത് മൂത്രസഞ്ചിയിലെ കല്ല് നീക്കം ചെയ്യാൻ ഉപയോഗിക്കുന്നു. (വാല്യം 11, പു. 48) |
| | കറുവ വാറ്റിയെടുത്ത എണ്ണ മൂത്രത്തിലെ കല്ലിന് പ്രതിവിധിയാണ്. (വാല്യം 1, പു. 223) |
| | കരിം – കുറിഞ്ഞിയുടെ ഇലയും കായും ചേർന്ന കഷായം മൂത്ര കല്ലുകളെ അലിയിക്കും. (വാല്യം 2, പു. 57) |
| | മൂത്ര കല്ലിന് കരിം-കുറിഞ്ഞിയുടെ ഇലകൾ ചതച്ച് വയറിനു മുകളിൽ വെക്കുക. (വാല്യം 2, പു. 57) |
| | ആഞ്ഞിലി മരവാഴയുടെ വലിയ ഇലകളും ഇലകളുടെ നീരും പൊക്കിൾ ഭാഗത്ത് പുരട്ടുന്നത് മൂത്രക്കല്ലിനെ ഇല്ലാതാക്കും. (വാല്യം 12, പു. 4) |
| | വീട്ടിമരവാഴയുടെ ചാറെടുത്ത് എള്ളെണ്ണ, ശുദ്ധമായ വെണ്ണ എന്നിവയോടൊപ്പം തിളപ്പിച്ച് സേവിക്കുന്നത് മൂത്രക്കല്ലിനെ അലിയിച്ചു കളയുന്നതിന് സഹായിക്കും. (വാല്യം 12, പു. 8) |
| | മൂത്ര കല്ലിന്റെ വേദനയ്ക്ക് കരിം - കുറിഞ്ഞിയുടെ ഇലകഷായം ചൂടുവെള്ളത്തിൽ ചാലിച്ച് വയറ്റിൽ പുരട്ടുക. (വാല്യം 2, പു. 57) |
| | മൂത്രകല്ലിന് കഴെറ്റിയുടെ അകക്കാമ്പ് പൊടി രൂപത്തിലാക്കി |

| | |
|---|---|
| | വീഞ്ഞിനൊപ്പം കൊടുക്കുക. (വാല്യം 2, പു. 66) |
| | ഫൈക്കസ് ഇൻഫെർണി എന്ന ചെടിയുടെ തൈലത്തോടൊപ്പം ബഹൈൽ ചുള്ളിയുടെ വേർ കഷായം കുടിക്കുന്നത് മൂത്രകല്ലിനെ നേർപ്പിക്കുന്നു. (വാല്യം 2, പു. 164) |
| | മൂത്രത്തിലുണ്ടാകുന്ന കല്ലിന് മുക്കാപ്പിരി കഷായരൂപത്തിൽ സേവിക്കുക. (വാല്യം 8, പു. 49) |
| മൂത്രമൊഴിക്കുമ്പോഴുള്ള വേദന | മൂത്രക്കടച്ചിലിന് നിലപ്പന പൊടിയാക്കി ഉദരത്തിൽ വെക്കുക. (വാല്യം 12, പു. 193) |
| | നീർപുള്ളടി/നീർപുല്ലരി ഇടിച്ച് പിഴിഞ്ഞ് വെളിച്ചെണ്ണ ചേർത്ത് ഉപയോഗിച്ചാൽ മൂത്രതടസ്സം നീങ്ങികിട്ടും. (വാല്യം 9, പു. 118) |
| | മൂത്രചൂടിന് കാക്കമുള്ള് ചെടിയുടെ നീരെടുത്ത് പഞ്ചസാരയും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 263) |
| | കടലാടി ചെടി സമൂലം കഷായം വെച്ച് കുടിക്കുന്നത് മൂത്രനാളിയിലുള്ള വീക്കവും വേദനയും മാറ്റുന്നു. (വാല്യം 10, പു. 282) |
| | മൂത്രമൊഴിക്കുമ്പോഴുണ്ടാകുന്ന വേദനയിൽ ചിറ്റാമ്പൽ പൂക്കൾ ചതച്ച് കഷായമാക്കി കഴിക്കുന്നു. (വാല്യം 11, പു. 93) |
| | വാഴയുടെ വേര് ചതച്ച വെള്ളം വെറുതെ കുടിക്കുന്നത് വേദനയോടുകൂടി മൂത്രം പോകുന്നതിന് പ്രതിവിധിയാണ്. (വാല്യം 1, പു. 41). |
| | ഇല്ലിയുടെ മൂത്തതടിയുടെ പൊള്ളയായ ഉൾഭാഗം പൊതിഞ്ഞ കുമ്മായം പോലുള്ള വസ്തു ഉപയോഗിക്കുന്നത് വേദനയോടുകൂടി മൂത്രം പോകുന്ന അസുഖത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 53). |
| | കുമ്പളത്തിന്റെ വിത്തുകൾ പൊടിച്ച് എള്ളെണ്ണ ചേർത്തുപയോഗിക്കുന്നത് ഡൈസൂറിയ (മൂത്രമൊഴിക്കുമ്പോൾ അനുഭവപ്പെടുന്ന വേദന) അകറ്റാൻ സഹായകമാണ്. (വാല്യം 8, പു. 11) |
| മൂത്രപഴുപ്പ് | നായ്കൊരണയുടെ വേരും കൊഴിഞ്ഞിലിന്റെ വേരും എണ്ണയും ചേർത്തുണ്ടാക്കുന്ന മരുന്ന് പഴുപ്പോടുകൂടിയ മൂത്രം പോകുന്ന രോഗത്തിന് ഏറ്റവും ഉത്തമമാണ്. (വാല്യം 8, പു. 123) |
| | ചെറുമാവു മരവാഴ പൊടിച്ച് വിനാഗിരിയോടൊപ്പം ഉപയോഗിക്കുന്നത് മൂത്രച്ചൂട് ശമിപ്പിക്കും. (വാല്യം 12, പു. 21) |
| | മൂത്ത ഇല്ലിതടിയുടെ പൊള്ളയായ ഉൾഭാഗം പൊതിഞ്ഞ കുമ്മായം പോലുള്ള വസ്തു ഉപയോഗിക്കുന്നത് പഴുപ്പ് കലർന്ന മൂത്രം പോകുന്ന അസുഖത്തിന് പ്രതിവിധിയാണ്. (വാല്യം 1, പു. 57). |
| | വള്ളി ചൊറിഗണത്തിന്റെ വേര് ചതച്ച് പിഴിഞ്ഞെടുക്കുന്ന നീര് കുടിക്കുന്നത് കൊഴുത്ത പഴുപ്പ് മൂത്രത്തിലൂടെ പോകുന്ന അവസ്ഥയ്ക്ക് ശമനം കിട്ടും. |
| | ചെറു കടലാടി ചതച്ച് എണ്ണയുമായി ചേർത്തുപയോഗിച്ച് മൂത്രത്തിലെ പഴുപ്പ് മാറാൻ നല്ലതാണ്. (മറ്റ് ഔഷധശക്തികൾ കടലാടിയുടേത് തന്നെ). (വാല്യം 10, പു. 282) |
| | തെങ്ങിന്റെ പൂക്കൾ ശർക്കര ചേർത്ത് ഭക്ഷിച്ചാൽ പഴുപ്പു കലർന്ന മൂത്രം പോകുന്നത് നിൽക്കും. (വാല്യം 1, പു. 12). |
| | മയിലാഞ്ചിയിലച്ചാറ് പശുവിൻ പാലും ശർക്കരയും ചേർത്ത് പഴുപ്പ് കലർന്ന മൂത്രത്തിനെതിരെ പ്രയോഗിക്കുന്നു. (വാല്യം 1, പു. 149) |
| മൂത്രം നന്നായി പോകാൻ | നായ്ക്കൊരണയുടെ വേര് വേവിച്ച് കഴിക്കുന്നത് മൂത്രാഗമനത്തെ ത്വരിതപ്പെടുത്തുന്നു. (വാല്യം 8, പു. 123) |

| | |
|---|---|
| | ആഞ്ഞിലി മരവാഴയുടെ വലിയ ഇലകളും ഇലകളിലെ നീരും പൊക്കിൾ ഭാഗത്ത് പുരട്ടുന്നത് മൂത്രവർദ്ധനവിന് ഉത്തമമാണ്. (വാല്യം 12, പു. 4) |
| | നീർവാളയുടെ കായ്കൾ പൊടിച്ച് കലക്കി ഉപ്പും കർപ്പൂരവും പൂച്ചകാഷ്ഠവും ചേർത്ത് കുഴമ്പാക്കി അടിവയർ ഭാഗത്ത് തേയ്ക്കുന്നത് മൂത്രംപോവാൻ ഫലപ്രദമാണ്. (വാല്യം 3, പു. 89) |
| | മുള്ളിലവിന്റെ പൂവിന്റെ അടിയിൽ നിന്നു ശേഖരിക്കുന്ന മധുരമുള്ള ദ്രാവകം വാളൻപുളിയിലയുമായി ചേർത്ത് കഴിച്ചാൽ വയറും മൂത്രസഞ്ചിയും വേഗം ശക്തിയായി ഒഴിയിക്കാനാവും. (വാല്യം 3, പു. 111) |
| | കാട്ടു ആലിന്റെ മരത്തൊലി വേവിച്ച വെള്ളം കുടിച്ചാൽ മൂത്രം നന്നായി പോകാൻ സഹായിക്കും. (വാല്യം 3, പു. 130) |
| | വൃക്ഷനെല്ലി തൊലി ചേർത്തുണ്ടാക്കുന്ന കഷായം മൂത്രം വർദ്ധിപ്പിക്കുന്നു. (വാല്യം 5, പു. 163) |
| | ആന കുറുന്തോട്ടി സമൂലം വെള്ളത്തിലിട്ട് തിളപ്പിച്ചത് മൂത്ര വർദ്ധകമായ ഒരു പാനീയമാണ്. (വാല്യം 10, പു. 201) |
| | മൂത്രത്തെ ഉദ്ദീപിപ്പിക്കാൻ മോതിരക്കണ്ണിവേര് ചതച്ച് പുരട്ടുക (വാല്യം 2, പു. 53) |
| | കാട്ടു ജീരകത്തിന്റെ വിത്തുകൾ പൊടിച്ച് ചൂടുവെള്ളത്തോടൊപ്പം കഴിക്കുന്നത് മൂത്രം വർദ്ധിപ്പിക്കും. (വാല്യം 2, പു. 73) |
| | ആവണക്ക് ചെടിയുടെ കഷായത്തിൽ കുളിക്കുന്നത് മൂത്രസഞ്ചാരത്തെ ത്വരിതപ്പെടുത്തുന്നു. (വാല്യം 2, പു. 108) |
| | ചെറു ചുണ്ടയുടെ വേര് കഷായം തേനിനോടൊപ്പം സേവിക്കുക. (വാല്യം 2, പു. 125) |
| | ഇലക്കള്ളിയുടെ ഇല തീയിൽ വാട്ടിയത് മൂത്രവർദ്ധിനിയാണ്. (വാല്യം 2, പു. 155) |
| | ബഹെൽ ചുള്ളിയുടെ വേര് കഷായം മൂത്രോദ്ദീപകമാണ്. (വാല്യം 2, പു. 163) |
| വൃക്കരോഗങ്ങൾക്ക് | വൃക്കയിലെ കല്ല് നിക്കം ചെയ്യാൻ റഫാനിയുടെ നീരും മലയിഞ്ചിക്കൂവയുടെ വേര് പൊടിച്ചതും കൂടെ ചേർത്ത് ഉപയോഗിക്കുക. (വാല്യം 11, പു. 48) |
| | വാഴയുടെ വേര് ചതച്ച വെള്ളം ശർക്കര ചേർത്തു കുടിച്ചാൽ വൃക്കയുടെ എരിച്ചിലിന് ശമനം കിട്ടും. (വാല്യം 1, പു. 41). |
| | കരിമ്പു ചാറ് മധുരമുള്ള പാലിനോടൊപ്പം കഴിക്കുന്നത് വൃക്ക പുകച്ചിലിന് നല്ലതാണ്. (വാല്യം 2, പു. 179) |
| | ചെത്തിയുടെ വേര് പശുവിൻ പാലിൽ അരച്ച് കുടിക്കുന്നത് വൃക്കയുടെ പുകച്ചിലിന് പ്രതിവിധിയാണ്. (വാല്യം 2, പു. 29) |
| | ചെറു പരുവയുടെ ഇല പിഴിഞ്ഞ് ചാറ് തേങ്ങാപ്പാലിൽ ചേർത്ത് വൃക്കയുടെ പുകച്ചിലിന് കുടിക്കുകയോ ലേപനമായി ഉപയോഗിക്കുകയോ ചെയ്യുക. (വാല്യം 10, പു. 196) |
| | കടലാടിയുടെ ചെടി കഷായം വൃക്കയിൽ കല്ലുണ്ടാക്കുന്നത് മൂലമുള്ള വേദനയകറ്റാൻ സഹായിക്കുന്നു. (വാല്യം 10, പു. 282) |
| | വൃക്കകളുടെ ശുദ്ധീകരണാർത്ഥം കൂവയുടെ വേര് ചതച്ച് കിട്ടുന്ന നീര് കുടിക്കുന്നത് നല്ലതാണ്. (വാല്യം 11, പു.21) |
| | വൃക്കകളിലെ തടസ്സങ്ങൾ നീക്കാനുപയോഗിക്കുന്നു. (വാല്യം 11, പു. 36) |

| | |
|---|---|
| | കക്കുവള്ളിയുടെ തൊലി, ചുക്ക്, കരിങ്ങാലിയുടെ കായ് എന്നിവ പൊടിച്ച്, വേപ്പെണ്ണ കരിങ്ങോലയുടെ പഴം എന്നിവ യിൽ വേവിച്ച് നട്ടെല്ലിൽ പുരട്ടുന്നത് വൃക്കയിൽ നിന്ന് അണു ബാധമൂലം ദ്രാവകം വരുന്ന അവസ്ഥയ്ക്ക് പ്രതിവിധിയാണ്. (വാല്യം 8, പു. 128) |
| | മീൻ അങ്ങാണിയ്ക്ക് സമാനമായ ഔഷധസസ്യങ്ങളുമായി ചേർത്ത് വെണ്ണയിൽ വേവിച്ചുകുടിച്ചാൽ വൃക്കരോഗങ്ങൾക്ക് നല്ല ശമനം കിട്ടും. (വാല്യം 9, പു. 251) |

**4.5.10 നാഡീവ്യൂഹരോഗങ്ങൾ**

ഹോർത്തൂസ് മലബാറിക്കസ്സിൽ ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് ചികിത്സാ വിധി പരാമർശിച്ചിട്ടുള്ള പ്രധാനപ്പെട്ട നാഡീവ്യൂഹ രോഗങ്ങളാണ് ബുദ്ധിമാന്ദ്യം, ഉന്മാദം, ഭ്രാന്ത്, വിഷാദം, അപസ്മാരം, ചുഴലി, വിയർപ്പ്, ഉറക്ക പ്രശ്നങ്ങൾ, നാഡീ തളർച്ച, വിശപ്പ്, ദേഹവേദന, കൈകാൽ വേദന, എല്ലിനുണ്ടാകുന്ന വേദന, പുറം വേദന, മുട്ടുവേദി, നടുവേദന, പൊള്ളൽ എന്നിവ. ഇവയെ ‘നാഡീവ്യൂഹ രോഗങ്ങൾ’ എന്ന പട്ടിക 4.10 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.10**
**നാഡീവ്യൂഹരോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ബുദ്ധിമാന്ദ്യം | വലിയ മുക്കാപ്പിരി കായ് പൊടിച്ച് പശുവിൻ പാലുചേർത്ത് ചൂടാക്കി തലയിൽ വെച്ചുകെട്ടുന്നത് ബുദ്ധിമാന്ദ്യം ഒഴിവാക്കാൻ നല്ലതാണ്. (വാല്യം 8, പു. 41) |
| | വലിയ മുക്കാപ്പിരി സമൂലം പൊടിച്ച് പാൽമുതക്ക് ചേർത്ത് വെണ്ണയിൽ വേവിച്ചെടുത്ത മിശ്രിതം ബുദ്ധിമാന്ദ്യം ഒഴിവാക്കും. (വാല്യം 8, പു. 41) |
| | പുത്തലച്ചിയിലകൾ പാലിൽ തിളപ്പിച്ചുണ്ടാക്കുന്ന മരുന്ന് കഴി ക്കുന്നത് മന്ദതയകറ്റും. (വാല്യം 4, പു. 211) |
| | രോഗഭയത്തിന് കൂവളത്തിന്റെ തൊലിയും ചെറിയ വേരുകളും വെള്ളത്തിൽ ചേർത്തുണ്ടാക്കുന്ന മരുന്ന് പ്രിതിവിധിയാണ്. (വാല്യം 3, പു. 71) |
| | പേടി മൂലം വരുന്ന രോഗങ്ങൾക്ക് കാട്ടുമൈലോസിന എന്ന ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം ഉപയോഗിക്കുന്നു. (വാല്യം 10, പു. 241) |
| | തലയ്ക്കുണ്ടാകുന്ന മാന്ദ്യതയ്ക്ക് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | ബുദ്ധിസ്ഥിരതയില്ലാത്തവർക്ക് നെറ്റിയിൽ പുരട്ടുന്നതിനായി തോട്ടപ്പിരി ഇലയുടെ നീരും ചിറ്റെള്ളിന്റെ എണ്ണയും ചേർത്തുള്ള ലേപനം ഉപയോഗിക്കുന്നത് നല്ലതാണ്. (വാല്യം |

| | |
|---|---|
| | 8, പു. 62) |
| ഉന്മാദം | പനിമൂലം പിച്ചും പേയും പറയുന്നവരുടെ തല മുണ്ഡനം ചെയ്ത ശേഷം ബ്ലാത്തി/പ്ലാത്തി വൃക്ഷത്തിന്റെ ഇലയരച്ച് കുഴമ്പ് തേച്ചാൽ ഉന്മാദത്തിന് ശമനമുണ്ടാകും. (വാല്യം 3, പു. 81) |
| | ഉന്മാദമുൾപ്പെടെയുള്ള തലയുമായി ബന്ധപ്പെട്ട അസുഖ ങ്ങൾക്കെല്ലാം തന്നെ ചടെയൻ ചെടിയുടെ നീര് കുടിക്കുകയോ അതിൽ കുളിക്കുകയോ ചെയ്യുന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 313) |
| | ഉന്മാദത്തിന് പൊന്നാം പൂ മരവാഴയുടെ പൂക്കൾ ഉണക്കി പൊടിച്ച് നൽകുന്നു. (വാല്യം 12, പു. 13) |
| | പഞ്ചസാരയോടൊപ്പം പന്നമരവാഴയുടെ സിറപ്പ് ഉണ്ടാക്കിയെടു ത്തുപയോഗിക്കുന്നത് ഉന്മാദത്തിന് ഫലപ്രദമാണ്. (വാല്യം 12, പു. 73) |
| | കാടൻപുല്ലിന്റെ വേരുകൊണ്ടുള്ള കഷായം നാഡിഞരമ്പു കൾക്കെതിരായി ഉന്മാദാവസ്ഥയിൽ (മാനസിക വിഭ്രാന്തി) ഉപ യോഗിക്കുന്നു. (വാല്യം 12, പു. 162) |
| | ഇഞ്ചിയുമായി നായിൻകണ തിളപ്പിച്ചു ചെന്നിയിൽ പുരട്ടിയാൽ ഉന്മാദത്തിന് ശമനമുണ്ടാകും. (വാല്യം 12, പു. 234) |
| | നായിൻകണയുടെ പൂക്കൾ പട്ടികാഷ്ഠത്തിന്റെ കൂടെ അരച്ച് ചെന്നിയിൽ ഉപയോഗിച്ചാൽ ഉന്മാദത്തിന് ശമനമുണ്ടാകും. (വാല്യം 12, പു. 234) |
| | എലിമുള്ളിന്റെ വേര് മനുഷ്യന്റെ മുടി കത്തിച്ചുണ്ടാക്കുന്ന ചാര ത്തിന്റെ കൂടെ ചതച്ചെടുത്ത് തിളപ്പിച്ചു കഴിക്കുന്നത് ഉന്മാദാവ സ്ഥകൾക്ക് (മതിഭ്രമം) ഫലപ്രദമാണ്. (വാല്യം 12, പു. 242) |
| | ചെട്ടിപ്പുല്ലിന്റെ ധാന്യത്തിൽ നിന്നെടുക്കുന്ന പൊടി ചെറിയ ഗുളികകളാക്കി തലയിൽ വെയ്ക്കുന്നത് ഉന്മാദത്തിന് പ്രതിവി ധിയാണ്. (വാല്യം 12, പു. 252) |
| | കാട്ടുതകര കഷായം വെച്ച് വിഭ്രാന്തി ചികിത്സിക്കുവാൻ ഉപ യോഗിക്കുന്നു. (വാല്യം 9, പു. 98) |
| | മുരിങ്ങയിലയുടെ നീരും വെള്ളിനാരകത്തിന്റെ ഇലയുടെ നീരും ചേർത്ത് മൂക്കിലൊഴിച്ചാൽ ഉന്മാദം മാറിക്കിട്ടും. (വാല്യം 6, പു. 39-40) |
| | പാതിരി ഇലയുടെ നീരും നാരങ്ങാനീരും ചേർത്ത് കൊടു ത്താൽ ഉന്മാദം ശമിക്കും. (വാല്യം 6, പു. 93) |
| ഭ്രാന്ത് | വെണ്ണയിൽ വറുത്ത വിഴാൽ കായ് കൊണ്ടുണ്ടാക്കുന്ന കുഴമ്പ് നെറ്റിയിലും ചെന്നിയിലും പുരട്ടന്നത് ഭ്രാന്തുള്ളവർക്ക് ഉത്തമം. (വാല്യം 5, പു. 45) |
| | കാട്ടപ്പയുടെ വേരിൽ നിന്നുണ്ടാക്കുന്ന കഷായം ഭ്രാന്ത് മാറ്റുന്ന തിന് ഉത്തമമാണ്. (വാല്യം 5, പു. 183) |
| | നീർനൊച്ചിയുടെ ഇലകളും കായകളും ഇട്ടു തിളപ്പിച്ച വെള്ള ത്തിൽ കുളിക്കുന്നത് ഭ്രാന്ത് ശമിപ്പിക്കുന്നു. (വാല്യം 5, പു. 191) |
| | കൈതയുടെ ഇലയുടെയും വേരിന്റെയും നീര് മതിഭ്രമമുള്ള വരെ കുളിപ്പിക്കാനും ധാര കോരാനും ഉപയോഗിക്കുന്നു. (വാല്യം 2, പു. 4) |
| | തോട്ടപ്പിരി ഇലയുടെ നീരും തോട്ടപ്പിരികായുടെ തൊണ്ട് നന്നായി പൊടിച്ചതും ചേർന്ന മിശ്രിതം കമ്പിളി നൂലിൽ പുരട്ടി പുകയ്ക്കുന്നത്, മനോരോഗികളിൽ രോഗശമനം ഉണ്ടാക്കും. (വാല്യം 8, പു. 62) |

| | |
|---|---|
| | കരിവള്ളി/കാരിവള്ളിയുടെ വേരും പാടക്കിഴങ്ങും ചേർത്ത് പൊടിച്ച് കാഞ്ഞിരപ്പഴത്തിന്റെ ചാറും ചേർത്തുള്ള ലേപനം മനോരോഗികളുടെ ചെന്നിയിൽ പുരട്ടുന്നത് വളരെ ഫലപ്രദമാണ്. (വാല്യം 8, പു. 98) |
| | ഉന്മാദം, ഭ്രാന്ത് തുടങ്ങിയ ബുദ്ധിയെ ബാധിക്കുന്ന രോഗങ്ങൾക്കുള്ള ഔഷധമായി ഇഡുമുള്ളി മരത്തിന്റെ തൊലി, വേര്, പൂക്കൾ, ഫലങ്ങൾ, വിത്തുകൾ എന്നിവയെല്ലാം ഉപയോഗിക്കുന്നു. (വാല്യം 4, പു. 63) |
| | മലം-തൊടലിയുടെ വേര്, തൊലി, ഇലകൾ, കായ്കൾ എന്നിവ ഭ്രാന്തിന് പ്രത്യേക ഔഷധമായി പരിഗണിക്കുന്നു. (വാല്യം 4, പു. 147) |
| | ചെറു-കാട്ടു-വള്ളി കാഞ്ഞിരം ചെടി ചതച്ച് തലയിൽ വെയ്ക്കുന്നത് ഭ്രാന്തിന് നല്ലതാണ്. (വാല്യം 7, പു. 18) |
| | പേ പൊന്നകത്തിന്റെ ഇലകളും ഉള്ളിയും ചേർത്ത് തിളപ്പിച്ചുണ്ടാക്കുന്ന ഔഷധം മനോരോഗികളിൽ ധാരയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 5, പു. 88) |
| ചിത്തഭ്രമം | നീർനൊച്ചയുടെ ഇലകളും കായ്കളും ഇട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് ചിത്തഭ്രമം ഇല്ലാതാക്കും. (വാല്യം 5, പു. 191) |
| | ചിത്തഭ്രമം എന്ന അസുഖമുള്ളവർക്കായി പൂത്തുമ്പയുടെ നീരിൽ കുരുമുളക് ചേർത്തു മരുന്നുണ്ടാക്കുന്നു. (വാല്യം 10, പു. 231) |
| | പൂവാം കുരുന്നില വെള്ളത്തിലിട്ട് കുളിക്കുന്നത് ചിത്തഭ്രമത്തിന് പ്രതിവിധിയായി പറയുന്നു. (വാല്യം 10, പു. 234) |
| ഛന്നിയ്ക്ക് | ഛന്നിയ്ക്ക് കമ്മട്ടിവള്ളിചെടിയുടെ വിത്തുകൾ നാരങ്ങാനീര് ചേർത്ത് മൂക്കിൽ ഇറ്റിക്കുക. (വാല്യം 9, പു. 43) |
| വിഷാദം | വിഷാദത്തിന് കൂവള തൊലിയും ചെറിയ വേരുകളും വെള്ളത്തിൽ ചേർത്തുണ്ടാക്കുന്ന മരുന്ന് പ്രതിവിധിയാണ്. (വാല്യം 3, പു. 71) |
| | ആനച്ചുവടി പഞ്ചസാര ചേർത്ത് കഴിച്ചാൽ വിഷാദരോഗത്തിന് നല്ലതാണ്. (വാല്യം 10, പു. 27) |
| | വിഷാദരോഗത്തിന് ശതാവേലി കിഴങ്ങിന്റെ വേര് ഉത്തമമാണ്. (വാല്യം 10, പു. 38) |
| | ഇലഞ്ഞിപ്പൂക്കൾ സ്വേദനം ചെയ്തെടുക്കുന്ന വെള്ളം കുടിക്കുന്നത് വിഷാദരോഗത്തെ ചെറുക്കാൻ സഹായിക്കും. (വാല്യം 1, പു. 69). |
| അപസ്മാരം | പഞ്ഞിമരത്തിന്റെ ഉണങ്ങിയ കായ കൊണ്ടുനടക്കുന്നത് അപസ്മാരത്തിന് മുൻകരുതലായി കണക്കാക്കാം. (വാല്യം 3, പു. 106) |
| | ചെറുമൊറാൽ വേരും മഞ്ഞളും കുമ്മായവും ചേർത്ത് തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ അപസ്മാരം മാറും. (വാല്യം 3, പു. 125) |
| | അപസ്മാരത്തിന് ഇഞ്ചിയും കുരുമുളകും പഞ്ചസാരയും ചേർത്ത് കഴിക്കുന്നു (വാല്യം 10, പു. 181) |
| | തോട്ടപ്പിരിയുടെ ഇലയും ചേർത്ത് നിർമ്മിക്കുന്ന മരുന്ന് അപസ്മാരത്തിന് നല്ലതാണ്. (വാല്യം 8, പു. 62) |
| | ചെറുകാട്ടുനാരകത്തിലകൾ അപസ്മാരത്തിന് പ്രത്യൗഷധമാണ്. (വാല്യം 4, പു. 47) |

| | |
|---|---|
| | മലം-തൊടലിയുടെ വേര്, തൊലി, ഇലകൾ, കായ്കൾ എന്നിവ അപസ്മാരത്തിന് പ്രത്യേക ഔഷധമായി പരിഗണിക്കുന്നു. (വാല്യം 4, പു. 147) |
| | അപസ്മാരത്തിന് ചെറുകതളിയുടെ മരത്തിന്റെ തൊലി, ഇലകൾ, പൂക്കൾ, ഫലങ്ങൾ എന്നിവ എള്ളെണ്ണയിൽ മൂപ്പിച്ച് ഉണ്ടാക്കുന്ന എണ്ണ തലയിൽ പുരട്ടുക. (വാല്യം 4, പു. 163) |
| | പുത്തലച്ചിയുടെ ഇല, പൂവ്, തൊലി, വേര് എന്നിവയും മറ്റു ഭാഗങ്ങളും ഇട്ട് തിളപ്പിച്ചെടുക്കുന്ന വെള്ളംകൊണ്ട് കുളിക്കുന്നത് അപസ്മാരം ഇല്ലാതാക്കുന്നു. (വാല്യം 4, പു. 211) |
| | അപസ്മാരത്തിന് കമ്മട്ടിവള്ളിചെടിയുടെ വിത്തുകൾ നാരങ്ങാനീര് ചേർത്ത് മൂക്കിൽ ഇറ്റിക്കുക. (വാല്യം 9, പു. 43) |
| | ശംഖുപുഷ്പം വാറ്റുപുല്ല്, തിപ്പലി എന്നിവ ചേർത്ത് കൊടുത്താൽ കുട്ടികളുടെ അപസ്മാരത്തിന് ആശ്വാസം കിട്ടും. (വാല്യം 9, പു. 192) |
| ചുഴലി | ചുഴലിയ്ക്ക് മലഇലഞ്ഞിയുടെ ഇലകളും കുരുമുളകും പുൽതൈലവും എള്ളെണ്ണയിൽ വേവിച്ചുണ്ടാക്കുന്ന ലേപനം തലയിൽ പുരട്ടുക. (വാല്യം 5, പു. 214-215) |
| | മല ഇലഞ്ഞികായുടെ പരിപ്പും കുരുമുളകും ഒരുമിച്ച് കഴുത്തിൽ കെട്ടി നടന്നാൽ ചുഴലിരോഗം വരാതിരിക്കും. (വാല്യം 5, പു. 214-215) |
| ശരീരം വിയർക്കാൻ | നെല്ലിപുളിയുടെ (അരി നെല്ലി) ഇലയും ജീരകവും കൂടി കഷായമുണ്ടാക്കി കുടിയ്ക്കുന്നത് ശരീരം വിയർക്കാൻ സഹായിക്കുന്നു. (വാല്യം 3, പു. 101) |
| | വെളുത്ത ചെമ്പകത്തിന്റെ വേര് ഇടിച്ചു പിഴിഞ്ഞ് ഇഞ്ചിയിൽ ചേർത്ത് കഴിച്ചാൽ പെട്ടെന്ന് ശക്തിയായി വിയർക്കും. (വാല്യം 3, പു. 115) |
| | പോയെച്ചെത്തി ഇലകൾ പൊടിച്ച് ഉള്ളിലേക്ക് കഴിക്കുന്നത് പനിമൂലമുണ്ടാക്കുന്ന വിറയലും വിയർപ്പും മാറ്റും. (വാല്യം 5, പു. 203) |
| | കറുവയുടെ കർപ്പൂരം വിയർപ്പുണ്ടാകാൻ സഹായിക്കുന്നു. (വാല്യം 1, പു. 223) |
| | വെൺതേക്കിന്റെ ഇലകളും തേനും ചേർത്തുണ്ടാക്കുന്ന കുഴമ്പ് ശരീരം വിയർപ്പിക്കുന്നതിന് കഴിക്കുക. (വാല്യം 4, പു. 107) |
| | ആനവിങ്കയുടെ പഴം പിഴിഞ്ഞെടുക്കുന്ന നീര് കൊടുക്കുന്നത് ശരീരം വിയർപ്പിക്കുന്നതിന് ഉത്തമമാണ്. (വാല്യം 4, പു. 179) |
| | വിയർപ്പുണ്ടാകുന്നതിന് താളിയ മരവാഴയുടെ വേര് പൊടിച്ചെടുത്ത് ഉപയോഗിക്കുന്നു. (വാല്യം 12, പു. 17) |
| | വിയർപ്പിനെ വർദ്ധിപ്പിക്കുന്നതിന് ബസളപ്പുല്ല് മരവാഴയുടെ നീര് ഉത്തമമാണ്. (വാല്യം 12, പു. 101) |
| നിദ്ര | പ്ലാത്തി/ബ്ലാത്തി വൃക്ഷത്തിന്റെ ഇലയരച്ച് കുഴമ്പ് തലയിൽ തേക്കുന്നത് ഗാഢനിദ്രയ്ക്ക് സഹായിക്കും. (വാല്യം 3, പു. 81) |
| | കുരു പരിത്തിയുടെ ഇല ചതച്ച് പശുവിൻ പാൽ ചേർത്ത് തലയിൽ പുരട്ടിയാൽ ഉറക്കം ലഭിക്കും. (വാല്യം 1, പു. 113). |
| | നില ഉമ്മത്തിന്റെ വിത്തുകൾ കൂടുതൽ കഴിക്കുന്നത് മയക്കമുണ്ടാക്കുന്നു. (വാല്യം 2, പു. 93) |
| | നിദ്രയ്ക്ക് ചെറുതേക്ക് മരത്തിന്റെ ഇലയിൽ നിന്നും എടുക്കുന്ന എണ്ണ വെണ്ണയിൽ ചാലിച്ച് പുരട്ടുക. (വാല്യം 4, പു. 103) |

| | |
|---|---|
| | അരിപ്പൊടിയും വെണ്ണയും പെരിൻ തുടലിവേര് പൊടിച്ചതും ചേർത്തുണ്ടാക്കുന്ന കുഴമ്പ് നെറ്റിയിൽ പുരട്ടുന്നത് ഉറക്കമുണ്ടാക്കുന്നു. (വാല്യം 4, പു. 151) |
| | പുത്തലച്ചിയുടെ ഇലകൾ പാലിൽ തിളപ്പിച്ച് ഉണ്ടാക്കുന്ന മരുന്ന് കഴിക്കുന്നത് ഉറക്കമുണ്ടാക്കുന്നു. (വാല്യം 4, പു. 211) |
| | പുത്തലച്ചിയിലകൾ പാലിൽ തിളപ്പിച്ചുണ്ടാക്കുന്ന മരുന്ന് കഴിക്കുന്നത് ഉറക്കകെടുതികൾ ഇല്ലാതാക്കുന്നു. (വാല്യം 4, പു. 211) |
| | കൊച്ചിളെയിപ്പുല്ലയുടെ ഇലയും വേരും ഉഴുന്ന് ചേർത്ത് തിളപ്പിച്ച് കുടിച്ചാൽ നല്ല ഉറക്കം കിട്ടും. (വാല്യം 9, പു. 247) |
| | മാവുമരവാഴയുടെ മൊട്ടിലെകായ് പോലുള്ള ഭാഗം ഉപയോഗിക്കുന്ന് നിദ്രയെ ഉദ്ദീപിക്കുന്നു. (വാല്യം 12, പു. 89) |
| | പശുവിൻ പാലും ശുദ്ധമായ ബ്രഹ്മിയും ചേർത്തുള്ള കൂട്ട് ചെന്നിയിൽപുരട്ടിയാൽ ഓർമ്മക്കേട് ഇല്ലാതാകും. (വാല്യം 10, പു. 55) ഓർമ്മശക്തി കൂട്ടാൻ |
| | പെ-തന്തലകൊട്ടി വേര് ചതച്ച് കണ്ണിനുമുകളിൽ വച്ചാൽ ഓർമ്മ കൂടുന്നു. (വാല്യം 9, പു. 95) |
| നാഡീ മരവിപ്പ് | ചുവന്ന ഉറുമ്പിന്റെ മുട്ടയും വെളിചേമ്പിന്റെ കായ ചുരണ്ടിയതും ചേർത്ത് ഉപയോഗിക്കുന്നത് നാഡീ മരവിപ്പിന് പ്രതിവിധിയായി ഉപയോഗിക്കാം. (വാല്യം 11, പു. 72) |
| | വെളിചേമ്പിലകൾ ചതച്ചരച്ച് വറുത്തത് കിഴിക്കെട്ടി ചൂടുപിടിക്കുന്നത്. സിരകൾ അമർത്തപ്പെട്ട് നാഡീസംബന്ധമായ മരവിപ്പിന് പ്രതിവിധിയാണ്. (വാല്യം 11, പു. 72) |
| നാഡീവ്യൂഹം ചുരുങ്ങുന്നത് തടയാൻ | നാഡീവ്യൂഹം ചുരുങ്ങുന്നത് തടയുന്നതിന് നാരങ്ങ, ചന്ദനത്തടി, എരുമപ്പാൽ, വെണ്ണ എന്നിവയോടൊപ്പം കാട്ടുകപ്പൽ കിഴങ്ങോടുകൂടി അരച്ചത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 150) |
| നാഡികളുടെ തളർച്ച | നാഡികളുടെ തളർച്ചയ്ക്ക് വെളുത്തുള്ളി, എള്ളെണ്ണ, വേപ്പ്, ചിറ്റാവണക്കിന്റെ ഇല എന്നിവ പയറിന്റെ കൂടെ കൂട്ടി ചേർത്ത് ഉണ്ടാക്കുന്ന ലേപനം നട്ടെല്ലിനു മേൽ പുരട്ടുക. (വാല്യം 8, പു. 147) |
| | നാരങ്ങ, ചന്ദനത്തിന്റെ തടി, എരുമപ്പാൽ, വെണ്ണ ഇവ കാട്ടുകപ്പലിന്റെ കിഴങ്ങോടുകൂടി അരച്ചത് സിരകൾ ചൂടാകുന്നതിനെതിരായി ഉപയോഗിക്കുന്നു. (വാല്യം 11, പു. 150) |
| നാഡീസങ്കോചം | പെണാർ വള്ളിയുടെ ഇലയുടെ നീര് ചേർത്ത് കുളിക്കുന്നത് നാഡീസങ്കോചത്തിന് ഉപകരിക്കും. (വാല്യം 8, പു. 170) |
| | പൂച്ചപ്പയറിന്റെ വേരും ചുക്കും ഇഞ്ചിപ്പുല്ലും തേനും ജീരകം പൊടിച്ചതും ചേർത്ത് ഒരു തവണ കഴിക്കുന്നത് മുഴകൾക്കൊപ്പമുണ്ടാവുന്ന നാഡീവീക്കത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 131) |
| വിശപ്പ് | വിശപ്പ് മാറാൻ ശതാവേലി കിഴങ്ങിന്റെ വേരിന്റെ നീരെടുത്ത് കഴിക്കുന്നു. (വാല്യം 10, പു. 38) |
| | വിശപ്പുണ്ടാകാൻ കയ്യോന്നി ഇലകൾ ഉണക്കിപൊടിച്ച് ഉപ്പും കുരുമുളകും നാരങ്ങാങ്ങാനീരും ചേർത്ത് കഴിക്കുക. (വാല്യം 10, പു. 151) |
| | വിശപ്പ് കൂടുവാൻ കാട്ടു ചേനയുടെ കാണ്ഡം പാലും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 69) |
| | വയമ്പ് വെറുതേ കഴിക്കുന്നത് വിശപ്പ് വർദ്ധിപ്പിക്കും. (വാല്യം |

| | |
|---|---|
| | 11, പു. 173) |
| | അത്യാർത്തിയോടുകൂടിയ വിശപ്പിനെ പെരുക്കാൻ വട്ട വള്ളി/കാട്ടുവള്ളിയുടെ ഇലകൾ ഉപയോഗിച്ച് കുളിക്കുന്നു. (വാല്യം 11, പു. 228) |
| | വിശപ്പുണ്ടാകാൻ കറുവ വാറ്റിയെടുത്ത എണ്ണ ഉള്ളിൽ കഴി ച്ചാൽ മതി. (വാല്യം 1, പു. 223) |
| | പാണൽ വേര് വെള്ളം ചേർത്തരച്ച് കഴിക്കുന്നത് വിശപ്പ് വർദ്ധിപ്പിക്കും (വാല്യം 2, പു. 15) |
| | കുമ്പളം പൊടിച്ച് വെണ്ണചേർത്ത് ഉപയോഗിക്കുന്നത് വിശപ്പ് വർദ്ധിപ്പിക്കുന്നു. (വാല്യം 8, പു. 11) |
| | മനിൽ-കാര ഫലങ്ങൾ വിശപ്പുണ്ടാക്കാൻ നല്ലതാണ്. (വാല്യം 4, പു. 87) |
| | ആരിയവെള്ള ചെടിയുടെ ഇലകൾ കഴിക്കുന്നത് വിശപ്പ് വർദ്ധി പ്പിക്കും. (വാല്യം 9, പു. 79) |
| | കരവെള്ള ചെടിയുടെ ഇലകൾ കഴിക്കുന്നത് വിശപ്പ് വർദ്ധിപ്പി ക്കും. (വാല്യം 9, പു. 82) |
| | ചെറുപരുവയുടെ വേര് ചതച്ച് വെള്ളത്തിലിട്ട് ഉപയോഗിച്ചാൽ അഗ്നിവിസർപ്പത്തിന് പ്രതിവിധിയാണ്. (വാല്യം 10, പു. 196) |
| ദേഹവേദന | കാട്ടു ആലിന്റെ വേരും തൊലിയും ഇട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ ദേഹവേദനമാറും. (വാല്യം 3, പു. 131) |
| | വേദനയ്ക്ക് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | മലയിഞ്ചിക്കൂവയുടെ വേരും വൈനും ചേർത്ത് കഴിച്ചാൽ ജല ദോഷം മൂലമുണ്ടാകുന്ന ശരീരവേദനയ്ക്ക് പ്രതിവിധിയാണ്. (വാല്യം 11, പു. 48) |
| | തെങ്ങിന്റെ ഇളം ശാഖകൾ പിഴിഞ്ഞെടുത്ത ചാറ് അല്പം തേൻ ചേർത്ത് കണ്ണിൽ ഒഴിച്ചാൽ വേദന ശമിക്കും. (വാല്യം 1, പു. 12). |
| | പനിമൂലമുള്ള വേദനയ്ക്ക് പേരാലിന്റെ ശാഖകളിൽ തൂങ്ങികിട ക്കുന്ന വേരുകളിൽ (അസ്ഥാനീയ വേരുകൾ) നിന്നു വരുന്ന ദ്രാവകം അല്ലെങ്കിൽ കഷായ രൂപത്തിലോ നൽകുക. (വാല്യം 1, പു. 101). |
| | ചുവന്ന മന്ദാരത്തിന്റെ ഇലകൾ തിളപ്പിച്ച് ആവി പിടി വേദനയ്ക്കാശ്വാസം ലഭിക്കുന്നതിന് ചുവന്ന മന്ദാരത്തിന്റെ ഇലകൾ തിളപ്പിച്ച് ആവി വേദനയുള്ള ഭാഗത്ത് (വാല്യം 1, പു. 121). എൽപ്പിച്ചാൽ മതി. |
| | മരോട്ടി കുരുവിൽ നിന്നെടുക്കുന്ന എണ്ണ വേദന സംഹാരിയാ ണ്. (വാല്യം 1, പു. 133) |
| | കുമ്പുളു വേരിന്റെ കഷായം കുറച്ച് ചോറ് ചേർത്ത് വേദന കൾക്ക് കഴിക്കുക. (വാല്യം 1, പു. 153) |
| | തിണ്ടപരുവയുടെ ഇലകൾ വേവിച്ച് വേദനയുള്ള ഭാഗത്ത് പൊതിഞ്ഞാൽ ഏതുതരം വേദനയും കുറയുന്നു. (വാല്യം 1, പു. 181) |
| | അപ്പൽ ചെടിയുടെ മുഴുവൻ ഭാഗങ്ങളെയും ശരീരവേദന യ്ക്കായി ഉപയോഗപ്പെടുത്തുന്നു. (വാല്യം 1, പു. 205) |
| | കറുവ വാറ്റിയെടുത്ത എണ്ണ കഠിനമായ വേദനയുള്ള ഭാഗത്ത് പുരട്ടുക. ആശ്വാസം ലഭിക്കും. (വാല്യം 1, പു. 223) |
| | ചൂടുവെള്ളത്തിലുണ്ടാക്കുന്ന കരി-നൊച്ചി വേര് കഷായം ശരീ |

| | |
|---|---|
| | രവേദന ശമിപ്പിക്കുന്നു. (വാല്യം 2, പു. 23) |
| | വെള്ളില വേര് വെള്ളത്തിൽ ചതച്ച് പുരട്ടുക, ശരീര വേദന ശമിക്കും. (വാല്യം 2, പു. 50) |
| | വെള്ളിലയുടെ ആവി വേദനയുള്ളയിടങ്ങളിൽ ഏൽക്കുന്നത് നല്ലതാണ്. (വാല്യം 2, പു. 50) |
| | കഴെറ്റിപരിപ്പ് പൊടിച്ച് വീഞ്ഞിനോടൊപ്പം കഴിക്കുന്നത് തീവ്ര മായ വേദനയ്ക്ക് പ്രതിവിധിയാണ് (വാല്യം 2, പു. 65) |
| | നില ഉമ്മത്തിന്റെ കഷായം ശരീരവേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 93) |
| | നില ഉമ്മത്തിന്റെയും ഇലയുടെയും കായുടെയും കഷായം എണ്ണയോടൊപ്പം ചേർത്ത് തേക്കുന്നത് ശരീരവേദന ശമിപ്പി ക്കും. (വാല്യം 2, പു. 93) |
| | പുന്നയുടെ പരിപ്പ് ഉണക്കിയെടുക്കുന്ന എണ്ണ കൈകാൽ വേദ നയുണ്ടാവുമ്പോൾ തടവുന്നത് വളരെ ആശ്വാസം നൽകുന്നു. (വാല്യം 4, പു. 139) |
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ മാരകമായ വേദ നയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | മുരിങ്ങാതൊലിയുടെ നീരും വെളുത്തുള്ളിയും ചേർന്ന മിശ്രിതം കുടിക്കുകയോ പുരട്ടുകയോ ചെയ്യുന്നത് ശരീരവേദന യകറ്റും. (വാല്യം 6, പു. 39-40) |
| | പേയമൃതും നിലപ്പന കിഴങ്ങും ചേർത്തു ചൂടാക്കിയ വെള്ള ത്തിൽ കുളിച്ചാൽ വേദന മാറും. (വാല്യം 7, പു. 74) |
| | വെളുത്ത ചമ്പകത്തിന്റെ കായ് ഉണക്കി ആട്ടി എടുക്കുന്ന എണ്ണ വേദന സംഹാരിയായി ഉപയോഗിക്കുന്നു. (വാല്യം 3, പു. 115) |
| | ആവണക്കെണ്ണ പുരട്ടുന്നത് ശരീരവേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 108) |
| കൈകാൽ വേദന | കറുവ വാറ്റിയെടുത്ത എണ്ണ തണുപ്പ് മൂലമുണ്ടാകുന്ന കൈകാൽ കടച്ചിലിന് ഉത്തമമാണ്. (വാല്യം 1, പു. 223) |
| | നെല്ലിപുളിയുടെ ഇലയും ജീരകവും മലബാർ ക്രോക്കസിന്റെ (മഞ്ഞകൂവ) കൂടെ കൂട്ടി കൈകാൽ വേദനയ്ക്കുള്ള മരുന്നായി കഴിക്കുന്നു. (വാല്യം 3, പു. 101) |
| | വെള്ളത്തിൽ വെളുത്ത - കനെലി ഇലകൾ തിളപ്പിച്ച് കുളി ച്ചാൽ കൈകാലുകളിലെ വേദന മാറും. (വാല്യം 5, പു. 76) |
| | കറുവയുടെ കായ് കഷായം വെച്ച് കൈകാൽ വേദനയ്ക്ക് നൽകുന്നു. (വാല്യം 1, പു. 223) |
| | മോതിരക്കണ്ണി വേര് ചതച്ച് പുരട്ടുന്നത് കാലുകളിലെ വേദന ശമിപ്പിക്കുന്നു. (വാല്യം 2, പു. 53) |
| | ഇലകള്ളിയുടെ ഇല വേവിച്ചതിന്റെ ആവികൊള്ളുന്നത് ശരീര ത്തിലും കൈകാലുകളിലുമുള്ള വേദന അകറ്റും. (വാല്യം 2, പു. 155) |
| | ചെട്ടിപുല്ലിന്റെ ധാന്യപൊടിയും മുട്ടയുടെ വെള്ളയും നാളി കേരം ചിരകിയതിന്റെ കൂടെ നല്ലപോലെ കുലുക്കിചേർത്ത മരുന്ന് എള്ളെണ്ണയിൽ അതായത് ചിറ്റെള്ളിൽ വറുത്തെടുത്ത് ഒരു തുണിയിൽ പൊതിഞ്ഞ് കാലിലെ വേദനയുള്ള ഭാഗത്ത് പിടിച്ചാൽ (കിഴിവെച്ചാൽ) വേദന ശമിക്കും. (വാല്യം 12, പു. 252) |
| | കാക്കമുള്ളുവിന്റെ ഉണക്കിപൊടിച്ച ഇല കറന്നെടുത്ത ഉടനെ യുള്ള പാലിൽ പഞ്ചസാരയും ചേർത്ത് കൈകാലുകൾക്ക് |

| | |
|---|---|
| | അനുഭവപ്പെടുന്ന വേദനയകറ്റുന്നതിന് കഴിക്കുക. (വാല്യം 10, പു. 263) |
| | കുന്നിയുടെ നീര് തണപ്പുമൂലം കൈകാലുകൾക്ക് അനുഭവപ്പെടുന്ന വേദനയകറ്റുന്നതിന് ഉത്തമമാണ്. (വാല്യം 8, പു. 139) |
| | ഞെരിക്കും പുളിയുടെ വേര് തിളപ്പിച്ച് ഉണ്ടാക്കുന്ന വെള്ളത്തിൽ കുളിക്കുന്നത് കാലിന്റെ അടിഭാഗത്ത് അനുഭവപ്പെടുന്ന ചൂട് ശമിപ്പിക്കുന്നു. (വാല്യം 6, പു. 151) |
| | പെരിൻ തുടലി ഇലകളിട്ടു കുളിക്കുന്നത് ശരീരാസ്വാസ്ഥ്യങ്ങൾ ഇല്ലാതാക്കും. (വാല്യം 5, പു. 159) |
| | മുള്ളിലവിന്റെ മരത്തൊലി പൊടിച്ച് നാരാങ്ങാനീരും ചേർത്ത് കുഴമ്പാക്കി തേച്ചാൽ ഒടിഞ്ഞ എല്ല് കൂടി ചേരും. (വാല്യം 3, പു. 111) |
| | ബിനെൽ/ബീണെൽ മരത്തിന്റെ വേര് എള്ളെണ്ണയിൽ വേവിച്ചു കിട്ടുന്ന കുഴമ്പ് പുരട്ടുന്നത് അവയവങ്ങളുടെ വിട്ടുമാറാത്ത വേദനയ്ക്ക് അത്യുത്തമമാണ്. (വാല്യം 5, പു. 15) |
| | കൈകാൽ മുട്ടുവേദനയ്ക്ക് കാട്ടുവള്ളി/വട്ടവള്ളിയുടെ വേര് മഞ്ഞളുമായി ചേർത്തരച്ച് കിട്ടുന്ന ലേപനമുപയോഗിക്കുന്നു. (വാല്യം 11, പു. 228) |
| അടിവയർ വേദന | കൊടപായലിന്റെ വേരും ജീരകവും പശുവിൻ പാലും ചേർത്ത് കഴിക്കുന്നത് വയറിന്റെ അടിഭാഗത്തെ വേദന ശമിപ്പിക്കുന്നു. (വാല്യം 11, പു. 112) |
| | കൈപ ജാംബുവിന്റെ കായ്കളുടെ പരിപ്പെടുത്ത് പൊടിച്ച് ആട്ടിൻകാഷ്ഠം, കൽക്കണ്ടം, വെണ്ണ എന്നിവയിൽ ചേർത്ത പൊടി വീഞ്ഞിൽ കലക്കി കുടിക്കുന്നത് അടിവയറ്റിലെ വേദയില്ലാതാക്കും. (വാല്യം 4, പു. 17) |
| | കാട്ടുചേരിന്റെ പഴം കഷായം വെച്ച് കഴിക്കുക. കഠിനമായ അടിവയറ്റു വേദനയ്ക്ക് ശമനം ലഭിക്കും. |
| | കായവും താന്നിമരപ്പട്ടയും അരിക്കും പാലിനുമൊപ്പം തിളപ്പിച്ച് കൊടുക്കുന്നത് കഠിനമായ അടിവയർ വേദന ഇല്ലാതാക്കുന്നു. (വാല്യം 4, പു. 31) |
| | ചെറുകാട്ടുനാരകത്തിന്റെ വേര് കഠിനമായ അടിവയർ വേദനയ്ക്ക് നൽകുന്നു. (വാല്യം 4, പു. 47) |
| | നാഭിയുടെ ഉള്ളിലുണ്ടാവുന്ന വേദനയ്ക്ക് കൊടപായലിന്റെ വേരും ജീരകവും അരച്ച് പശുവിൻ പാലിൽ ചേർത്ത് കഴിക്കുന്നത് ഫലം ചെയ്യും. (വാല്യം 11, പു. 112) |
| | നാഭിവേദനയ്ക്ക് കൊടപായലിന്റെ വേര് പുൽത്തൈലവും ചൂടുവെള്ളവും ചേർത്ത് ഉപയോഗിക്കുന്നു (വാല്യം 11, പു. 112) |
| | ബെള്ളെൽ ചെടി പാട മാറ്റിയ പാലും എണ്ണയും ചേർത്ത് പാകം ചെയ്ത മിശ്രിതം നാഭിവേദന ശമിപ്പിക്കുന്നു. (വാല്യം 11, പു. 186) |
| എല്ലുകളുടെ വേദന | അരിക്ക ആമ്പലിന്റെ വിത്തുകൾ പഞ്ചസാര ചേർത്ത് ഉപയോഗിക്കുന്നത് എല്ലിനുണ്ടാകുന്ന വേദനകൾക്ക് എതിരെ ഉപയോഗിക്കുന്നു. (വാല്യം 11, പു. 91) |
| | നിലപ്പനയുടെ വേര് അരച്ചെടുത്തത് മധുരമുള്ള പാലിന്റെ കൂടെ ഉപയോഗിച്ചാൽ എല്ലുകളിലെ പുകച്ചിലോടുകൂടിയ വേദന നിയന്ത്രണവിധേയമാകും. (വാല്യം 12, പു. 193) |
| | ചോളപുല്ലിന്റെ ഇലകൾ കഞ്ഞിവെള്ളത്തിൽ അരച്ചുകലക്കിയത് എല്ലുകളുടെ വേദന കുറയ്ക്കും. (വാല്യം 12, പു. 215) |
| അരക്കെട്ടിലെ | ആവണക്കിൻ വിത്തുകൾ ചതച്ച് അരക്കെട്ടിൽ വേദനയുള്ള |

| | |
|---|---|
| വേദന | ഭാഗത്ത് വെക്കുക. (വാല്യം 2, പു. 108) |
| | ഇടുപ്പിലെ വേദനയ്ക്ക് പാലതൊലി പൊടിച്ച് ചൂടുവെള്ളത്തിൽ കഴിച്ചാൽ മതി. (വാല്യം 1, പു. 169) |
| | അരക്കെട്ടിലെ വേദനയ്ക്ക് ആവണക്ക് ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 2, പു. 108) |
| | നിലപ്പനയുടെ വേര് അരച്ചെടുത്തത് മധുരമുള്ള പാലിന്റെ കൂടെ ഉപയോഗിച്ചാൽ ഇടുപ്പിലെ (പുറംഭാഗം) വേദന ശമിക്കും. (വാല്യം 12, പു. 193) |
| | മഞ്ചാടിയുടെ ഇല ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീര് അരക്കെട്ടിലുണ്ടാകുന്ന വേദനയ്ക്ക് മരുന്നായി ഉപയോഗിക്കുന്നു. (വാല്യം 6, പു. 51) |
| | ഇടുപ്പുവലിയ്ക്ക് കൊടക പാലയുടെ വിത്തുകൾ കഷായമാക്കി കൊടുക്കുക. (വാല്യം 1, പു. 177) |
| പുറം വേദന | ആരിയവെള്ളനീര് ചേർത്ത് എണ്ണകാച്ചി തലയിൽ തേച്ചാൽ നീർദോഷം മൂലമുണ്ടാകുന് പുറം വേദനകൾ ശമിക്കും. (വാല്യം 9, പു. 79) |
| | കരവെള്ളനീര് ചേർത്ത് എണ്ണകാച്ചി തലയിൽ തേച്ചാൽ നീർദോഷം മൂലമുണ്ടാകുന്ന പുറം വേദനകൾ ശമിക്കും. (വാല്യം 9, പു. 82) |
| നഖത്തിന്റെ വേദന | ചുവന്ന പോളത്താളിയുടെ ഇലകൾ വറുത്തരച്ച് നഖം മുറിഞ്ഞ ഭാഗത്ത് പുരട്ടുന്നത് വേദനയ്ക്ക് പ്രതിവിധിയാണ്. (വാല്യം 11, പു. 139) |
| | നഖത്തിന് വേദനയുള്ളപ്പോൾ കാട്ടുള്ളിയുടെ ഇലകൾ അരച്ച് നഖത്തിൽ പൊതിയുന്നത് അവയുടെ വേദനമാറ്റും. (വാല്യം 11, പു. 142) |
| നടുവേദന | കാക്ക ഞാറയുടെ ഇലകൾ പിഴിഞ്ഞെടുക്കുന്ന നീര് ഉപ്പുവെള്ളം ചേർത്തു കഴിച്ചാൽ നടുവേദന ശമിപ്പിക്കും. (വാല്യം 5, പു. 104) |
| | കാക്ക ഞാറയുടെ ഇലകൾ പിഴിഞ്ഞെടുക്കുന്ന നീര് തേങ്ങാപാലിൽ ചേർത്തു നൽകിയാൽ നടുവേദന (Lumbago) വരാതെ സംരക്ഷിക്കാം. (വാല്യം 5, പു. 104) |
| പൊള്ളലിന് | ചെടി, നാരങ്ങയും ചന്ദനത്തടിയും ചേർത്ത് ചതച്ച് വെള്ളവും അഥവാ പാലും ചേർത്ത് തിളപ്പിച്ച് കഷായമാക്കി ഉപയോഗിക്കുന്നത് പൊള്ളലിന് നല്ലതാണ്. (വാല്യം 10, പു. 129) |
| | തെങ്ങിന്റെ പൂക്കുല ചതച്ച് ചേർത്ത് എണ്ണ തിളപ്പിച്ച് പുരട്ടുന്നത് തീപ്പൊള്ളൽ മൂലമുണ്ടാകുന്ന വ്രണങ്ങൾക്ക് നല്ലതാണ്. (വാല്യം 1, പു. 12). |
| | കൊന്നയുടെ തൊലിയും ഇലകളും അരച്ച് എണ്ണയിൽ ചാലിച്ച് പുരട്ടുക. (വാല്യം 1, പു. 77). |
| | ചുവന്ന മന്താരത്തിന്റെ തൊലി പൂക്കൾ, കായ്കൾ ഇവ ചോറിലരച്ച് ചേർത്ത് വെള്ളവും കൂട്ടി പൊള്ളലിന് ഉപയോഗിക്കുന്നു. (വാല്യം 1, പു. 121). |
| | കുരുട്ടു പാലയുടെ തൊലി ചതച്ച് വെള്ളം ചേർത്ത് തീപ്പൊള്ളലിനു പുരട്ടുന്നു. (വാല്യം 1, പു. 173) |
| | കാട്ടുജീരകം ചതച്ച് എണ്ണകൾ പാകം ചെയ്തെടുത്ത് പുരട്ടുന്നതും കഷായമായി കുടിക്കുന്നതും പൊള്ളലുകൾക്ക് നല്ലതാണ്. (വാല്യം 2, പു. 73) |
| | നില - ഉമ്മത്തിന്റെ കായ്കൾ കുരു കളഞ്ഞ് ചതച്ചു വെയ്ക്കു |

| | |
|---|---|
| | ന്നത് പൊള്ളലിനും ഫലപ്രദമാണ്. (വാല്യം 2, പു. 93) |
| | നെഞ്ചിലും കൈകാലുകളിലും ഉണ്ടാകുന്ന പൊള്ളലിനെതിരെ, കേടുകൂടാത സൂക്ഷിച്ചുവെച്ചിട്ടുള്ള കുമ്പള കായ്കൾ ഫലപ്രദ മാണ്. (വാല്യം 8, പു. 11) |
| | പൊള്ളലിന് പെണാർ വള്ളിയുടെ ഇലയുടെ നീര് ചേർത്ത് കുളിക്കുക. (വാല്യം 8, പു. 170) |
| | കാട്ടുതേക്ക് മരവാഴയുടെ കാണ്ഡം മധ്യത്തിൽ മുറിച്ച് വാട്ടിയത് എല്ലാവിധ പൊള്ളലുകളെയും പ്രതിരോധിക്കും. (വാല്യം 12, പു. 92) |
| | കാഞ്ഞിരമരത്തിലുണ്ടാകുന്ന കാട്ടുകൈത മരവാഴയുടെ ഇലക ളുടെ ചാറും ശല്കന്ദത്തിന്റെ ചാറും പട്ടിയുടെ രക്തവുമായി ചേർത്താൽ തീക്കനൽ, ചൂടെണ്ണ, തീ എന്നിവയെല്ലാമുണ്ടാ കുന്ന പൊള്ളലിനെ ഭേദമാക്കും. (വാല്യം 12, പു. 97) |
| | ജാവമരത്തിൽ കാണുന്ന കാട്ടുകൈത മരവാഴ സസ്യത്തിന്റെ സമൂലമുള്ള ചാറും മാംസളഭാഗങ്ങളും കുഴമ്പുരൂപത്തിലാക്കി പുരട്ടിയാൽ പൊള്ളൽ മൃദുവാക്കുകയും വേദനയില്ലാതെ സുഖ പ്പെടുകയും ചെയ്യുന്നു. (വാല്യം 12, പു. 97) |
| ചെന്നിക്കുത്തിന് | ചെന്നിക്കുത്തിന് മുരിക്കിന്റെ ഇല പിഴിഞ്ഞെടുത്ത് നെറ്റിയിൽ പുരട്ടുക. (വാല്യം 6, പു. 27) |

**4.5.11 ഉപാപചയ രോഗങ്ങളും സന്ധിരോഗങ്ങളും**

പ്രമേഹം, പ്രമേഹക്കുരു, സന്ധിവേദന, സന്ധിവാതം, സന്ധി വീക്കം, രക്ത വാതം, കോച്ചിപ്പിടുത്തം, ഞരമ്പു വലി തുടങ്ങിയ രോഗങ്ങളും അവയ്ക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള പ്രതിവിധിയും ഹോർത്തൂസ് മലബാറിക്കസ്സിൽ നിന്നും ശേഖരിച്ച് 'ഉപാപചയ രോഗങ്ങളും സന്ധിരോഗങ്ങളും' എന്ന പട്ടിക 4.11 ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.11**

**ഉപാപചയ രോഗങ്ങളും സന്ധിരോഗങ്ങളും**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| പ്രമേഹം | കപ്പമാവിന്റെ കായ്പിഴിഞ്ഞ ചാറ് പ്രമേഹത്തിന് മരുന്നാണ്. (വാല്യം 3, പു. 119) |
| | പേ-ഞൊട്ട - ഞൊടിയന്റെ വേരിട്ട് തിളപ്പിച്ച വെള്ളം കുടിക്കു ന്നത് പ്രമേഹത്തിന് ശമനം വരുത്തും. (വാല്യം 10, പു. 259) |
| | പ്രമേഹത്തിന് പ്രതിവിധിയായി ചിറ്റ് ആമ്പൽ വിത്തുകൾ പഞ്ച സാരയോട് ചേർത്ത് കഴിക്കുന്നു. (വാല്യം 11, പു. 93) |
| | കാട്ടുവാഴയുടെ ഫലങ്ങൾ അല്പനേരം ചൂടാക്കി അതിൽ നിന്നെ ടുക്കുന്ന നീര് പഞ്ചസാരയുമായി ചേർത്ത് പൊക്കിൾഭാഗത്ത് പുര ട്ടിയാൽ കഠിനമായ പനിയിൽ നിന്നുണ്ടാകുന്ന പ്രമേഹ രോഗങ്ങ ങൾക്ക് എതിരെ ഉപയോഗിക്കാം. (വാല്യം 11, പു. 155) |

| | |
|---|---|
| | തൊലി കളഞ്ഞ കാട്ടുപയർ പാലിൽ ചേർത്ത് കഴിക്കുന്നത് പ്രമേഹത്തിനെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 150) |
| | കാട്ടുപയറിന്റെ വേരും ഞെരിബലും (Jeribel) ചന്ദനവും പഞ്ചസാരയും ചേർത്ത് ഉപയോഗിക്കുന്നത് പ്രമേഹത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 151) |
| | മുത്തങ്ങയുടെ വേര് കഷായം വെച്ച് കുടിക്കുന്നത് പ്രമേഹത്തിനുള്ള പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 12, പു. 72) |
| | തകരയുടെ മരത്തൊലിയും പഞ്ചസാരയും ചേർത്ത് വെള്ളത്തിൽ തിളപ്പിച്ച് ഉപയോഗിക്കുന്നത് പ്രമേഹത്തിന് നല്ലതാണ്. (വാല്യം 6, പു. 35-36) |
| | കാക്കമുള്ളവിന്റെ മരത്തൊലി പശുവിൻപാലിൽ ഇടിച്ചുപിഴിഞ്ഞ് കൊടുത്താൽ പ്രമേഹം മാറും. (വാല്യം 6, പു. 67) |
| | ചെറുകണ്ടെൽ മരത്തൊലി ചുക്കും തിപ്പലിയുമായി ഇടിച്ചുപിഴിഞ്ഞ് പനിനീർ ചേർത്ത് ഉപയോഗിച്ചാൽ പ്രമേഹം ശമിക്കും. (വാല്യം 6, പു. 118-126) |
| പ്രമേഹക്കുരു | വൃക്ഷനെല്ലിയുടെ ഇലകൾ പുതിയ വെണ്ണയുമായി ചേർത്തുണ്ടാക്കുന്ന ലേപനം പ്രമേഹക്കുരുവിന് ഉത്തമ ഔഷധമാണ്. (വാല്യം 5, പു. 163) |
| | പ്രമേഹക്കുരുവിന് ചുവന്ന പോളത്താളിയുടെ ഇലകൾ വറുത്തരച്ച് പുരട്ടുന്നത് വേദന കുറയ്ക്കുന്നു. (വാല്യം 11, പു. 139) |
| ശരീര വണ്ണം | മയിലെള്ളു മരത്തിന്റെ ഇലകളും തൊലിയും ചതച്ച് കഞ്ഞിവെള്ളത്തിൽ വേവിച്ച് ഉണ്ടാക്കുന്ന കഷായം പൊണ്ണത്തടിയുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും സാവധാനം വണ്ണം കുറയാൻ നൽകാറുണ്ട്. (വാല്യം 5, പു. 3) |
| | ശരീരം മെലിഞ്ഞു വരുന്നതിന് എതിരെ വിഷ്ണുക്രാന്തി (കൃഷ്ണക്രാന്തി) ജീരകവും ചേർത്ത് തിളപ്പിച്ചുപയോഗിക്കുന്നു. (വാല്യം 11, പു. 233) |
| | വെൺ - നൊച്ചി വേര് കഷായം ശരീരം വീർക്കുന്നത് തടയാനായി നൽകുന്നു. (വാല്യം 2, പു. 25) |
| | പാൽ മൊതക്കയുടെ വേര് വെയിലത്ത് ഉണക്കിപ്പൊടിച്ച് പഞ്ചസാര ചേർത്ത് വേവിച്ച് വെണ്ണ ചേർത്ത് ഉപയോഗിച്ചാൽ മെലിഞ്ഞവർ വണ്ണം വെയ്ക്കും. (വാല്യം 11, പു. 179) |
| | പെരിൻ തുടലി ഇലകളിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് ദുർമ്മേദസ് മാറ്റും. (വാല്യം 5, പു. 159) |
| | ക്ഷീണത്തിന് കൂവളത്തിന്റെ തൊലിയും ചെറിയ വേരുകളും വെള്ളത്തിൽ ചേർത്തുണ്ടാക്കുന്ന മരുന്ന് പ്രതിവിധിയാണ്. (വാല്യം 3, പു. 71) |
| തൈറോയിഡ് ഗ്രന്ഥിവീക്കം | മഞ്ഞ മന്താരത്തിന്റെ വേര് ചതച്ച് പുരട്ടുന്നത് തൈറോയിഡ് ഗ്രന്ഥികളുടെ വീക്കത്തിന് നല്ലതാണ്. (വാല്യം 1, പു. 129). |
| സന്ധിവേദന | സന്ധിവേദനയ്ക്ക് നാഗനന്തി/നാഗദന്തിയുടെ ഇലയരച്ച് ശരീരത്തിൽ പുരട്ടുക. (വാല്യം 10, പു. 276) |
| | കറുവ വാറ്റിയെടുക്കുന്ന എണ്ണ സന്ധിവേദനയ്ക്ക് ഫലപ്രദമാണ്. (വാല്യം 1, പു. 223) |
| | കരിഞ്ഞെട്ടികുരുവിൽ നിന്നെടുക്കുന്ന എണ്ണ (തൈലം) കുടിക്കുന്നത് സന്ധിവേദന ശമിപ്പിക്കും. (വാല്യം 6, പു. 63) |
| | വള്ളിക്കാഞ്ഞിരം/ചെറുകാഞ്ഞിരച്ചെടിയുടെ നീര് ചെട്ടിമുല്ലയുടെ നീരുമായി ചേർത്ത് ഉപയോഗിക്കുന്നത് സന്ധിവേദനകൾക്ക് ഉത്ത |

| | |
|---|---|
| | മമാണ്. (വാല്യം 7, പു. 6) |
| | ചെറുവള്ളി കാഞ്ഞിരത്തിന്റെ വേര് എണ്ണയിൽ കാച്ചി സന്ധികളിൽ പുരട്ടിയാൽ സന്ധിവേദനയ്ക്ക് ശമനം കിട്ടും. (വാല്യം 7, പു. 18) |
| | ചിറ്റമൃതിൻ കഷായം സന്ധിവേദനയകറ്റുന്നു. (വാല്യം 7, പു. 75-76) |
| | ചിറ്റമൃതിന്റെ തണ്ട് തൊലികളഞ്ഞതിന് ശേഷം വെള്ളവും പാലും ചേർത്ത് വേവിച്ച് ഉണക്കിയെടുത്ത് ഇത് എൻഫേർമോ ഇലയിലെ തൈലവുമായി ചേർത്താൽ സന്ധിവേദനയ്ക്ക് ഉപയോഗിക്കാം. (വാല്യം 7, പു. 75-76) |
| | ചിറ്റമൃതിന്റെ നീര് ശർക്കരയും തിപ്പലിയും ചേർത്ത് സേവിക്കുന്നത് സന്ധിവേദനയകറ്റും. (വാല്യം 7, പു. 75-76) |
| | ചുവന്ന അടമ്പ് വെള്ളത്തിലിട്ട് തിളപ്പിച്ച് ആവി പിടിച്ചാൽ ശരീരത്തിലെ സന്ധികളിൽ ഉണ്ടാവുന്ന വേദനയ്ക്ക് ശമനം കിട്ടും. (വാല്യം 11, പു. 209) |
| | പാണ്ടിപാവൽ/പാവയ്ക്കയുടെ ഇലപൊടിച്ച് ചൂടുവെള്ളത്തിൽ ചേർത്ത് കഴിക്കുന്നത് സന്ധിവേദനയില്ലാതാക്കും. (വാല്യം 8, പു. 35) |
| | വെളുത്തുള്ളി, എള്ളെണ്ണ, വേപ്പ്, ചിറ്റാവണക്കിന്റെ ഇല എന്നിവ പയറിന്റെ കൂടെ കൂട്ടി ചേർത്ത് ഉണ്ടാക്കുന്ന ലേപനം നട്ടെല്ലിനു മേൽ പുരട്ടുന്നത് സന്ധിവേദനയ്ക്ക് നല്ലതാണ്. (വാല്യം 8, പു. 147) |
| | നാരകത്തിന്റെ ഇലകളിട്ട് തിളപ്പിച്ച വെള്ളംകൊണ്ട് കുളിക്കുന്നത് സന്ധിവേദന അകറ്റാൻ അത്യുത്തമമാണ്. (വാല്യം 4, പു. 43) |
| | കരീൽ വൃക്ഷത്തിന്റ ഇല, വേര്, കായ്കൾ മറ്റ് ഭാഗങ്ങൾ എല്ലാം ചേർത്ത് വെള്ളം തിളപ്പിച്ച് അതിൽ കുളിക്കുന്ത് എല്ലാ വിധ സന്ധി വേദനകളെയും ഇല്ലാതാക്കുന്നു. (വാല്യം 4, പു. 131) |
| | വിതിമരത്തിന്റെ ഇലകൾ വെള്ളത്തിൽ വേവിച്ച് ചില പ്രത്യേക വസ്തുക്കൾ മേമ്പൊടി ചേർത്തുണ്ടാക്കുന്ന കഷായം വർഷാവർഷം 40 ദിവസം കഴിക്കുന്നു. ഇത് സന്ധിവേദന മാറ്റുന്നു. (വാല്യം 4, പു. 131) |
| | സന്ധിവേദനയ്ക്ക് ആനവിങ്കയുടെ ഇലയിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക. (വാല്യം 4, പു. 179) |
| | ആര്യവേപ്പിലയിട്ട് തിളപ്പിച്ച വെള്ളംകൊണ്ട് കുളിക്കുന്നത് സന്ധിവേദന മാറാൻ നല്ലതാണ്. (വാല്യം 4, പു. 191) |
| | സന്ധികളിലെ പേശീവേദനയ്ക്ക് കറുവ വാറ്റിയെടുത്ത എണ്ണ ഉപയോഗിക്കുന്നു. (വാല്യം 1, പു. 223) |
| | ചൂടുവെള്ളത്തിലുണ്ടാക്കുന്ന കരി-നൊച്ചി വേര് കഷായം കാലിലുണ്ടാകുന്ന സന്ധിവേദന ശമിപ്പിക്കുന്നു. (വാല്യം 2, പു. 23) |
| | അപ്പൽ കഷായം കൊണ്ട് തലയും ശരീരവും കഴികുന്നത് സന്ധിവാതസംബന്ധമായ വേദനയ്ക്ക് പ്രതിവിധിയാണ്. (വാല്യം 1, പു. 205) |
| | സന്ധിവേദനയ്ക്ക് ശരീരത്തിന് പുറത്ത് ഇഞ്ചി ഉപയോഗിക്കുന്നു. (വാല്യം 11, പു. 41) |
| | ഉപ്പുരസമുള്ള കടുത്ത കഫം മൂലമുണ്ടാകുന്ന സന്ധിവേദനയ്ക്ക് വയമ്പിന്റെ ഇലകൾ ഇഞ്ചി ചേർത്ത് അരച്ചത് ഉപയോഗിക്കുന്നത് ഫലപ്രദമായ പ്രതിവിധിയാണ്. (വാല്യം 11, പു. 173) |
| | ആഞ്ഞിലിയുടെ ഇല ഉണക്കി ചൂടാക്കി സന്ധികളിൽ വെക്കുന്നത് സന്ധികളിലെ പിരിമുറുക്കം കുറയ്ക്കും. (വാല്യം 3, പു. 51) |

| | |
|---|---|
| | മൊതക്കയുടെ വേര് പാർനെറ്റും (ു്മ്യിലേ) ആയി ചേർത്തു പൊടിച്ചത് എണ്ണയിൽ വേവിച്ച് ഉള്ളിൽ കഴിക്കുന്നത് സന്ധികൾ ബലമുള്ളതാക്കുന്നതിന് ഉപകരിക്കുന്നു. (വാല്യം 8, പു. 75) |
| | കക്കുവള്ളിയുടെ വിത്ത് തൊണ്ടുമാറ്റി, അരി കഴുകിയ വെള്ളവും പാൽവെള്ളവും ഫെലിസ് ഓക്കുലിസ് (എലഹശ ഛരൗഹശ) എന്ന സസ്യവും ചേർത്ത് തിളപ്പിച്ച് ലേപന രൂപത്തിലാക്കി ഉപയോഗിക്കുന്നത് സന്ധികളിൽ അനുഭവപ്പെടുന്ന അസുഖങ്ങൾക്ക് ഫലപ്രദമാണ്. (വാല്യം 8, പു. 128) |
| | നായ്കൊരണയുടെ വേര് വേവിച്ച് എണ്ണചേർത്ത് കഴിക്കുന്നത് സന്ധിവീക്കം മൂലമുള്ള വേദനകളെ ശമിപ്പിക്കും. (വാല്യം 8, പു. 123) |
| | സന്ധിരോഗങ്ങൾക്ക് കക്കുവള്ളിയുടെ വേരും പുളിയുടെ തൊലിയും ചുക്കും ഉരലിട്ട് പൊടിച്ച് പാലും വേപ്പെണ്ണയും ചേർത്ത് വേവിച്ച് ലേപനമായി ഉപയോഗിക്കുക. (വാല്യം 8, പു. 128) |
| സന്ധി വാതം | സ്യാലിറ്റയുടെ മരത്തോൽ ചതച്ച് അരിയുമായി ചേർത്ത് സുഖം വന്നയിടത്ത് തേക്കുക. സന്ധിവാതത്തിന് പ്രതിവിധിയാണിത്. (വാല്യം 3, പു. 77) |
| | സന്ധിവാതത്തിന് മയിലെള്ളിന്റെയും പാൽവള്ളിയുടെയും ഇളം ശിഖിരങ്ങൾ ചതച്ചിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക. (വാല്യം 5, പു. 3) |
| | ബടുക്കയുടെ ഇലയുടെ നീരും കാട്ടുപന്നിയുടെ ചാണകവും ചേർത്ത് കുഴമ്പ് രൂപത്തിലാക്കിമാറ്റി സന്ധിവാതത്തിനെതിരെയുള്ള മരുന്നായി പുരട്ടി ഉപയോഗിക്കുന്നു. (വാല്യം 6, പു. 203) |
| | കവുങ്ങിന്റെ കുരുത്തോല പിഴിഞ്ഞ ചാറ് എള്ളെണ്ണ ചേർത്ത് കൊടുക്കുന്നത് സന്ധിവാതത്തിന് ഫലപ്രദമാണ്. (വാല്യം 1, പു. 12). |
| | കാലിലെ സന്ധി വാതത്തിന് ചെമ്പകത്തിന്റെ പൂക്കൾ ചതച്ചിട്ട് എണ്ണ കാച്ചി പുരട്ടുന്നത് ഉത്തമമാണ്. (വാല്യം 1, പു. 66). |
| | ചുവന്ന മന്ദാരത്തിന്റെ വേര് ചതച്ച് സന്ധിവാതത്തിന് പുരട്ടുന്നു. (വാല്യം 1, പു. 121). |
| | സന്ധിവാതത്തിന് ചുവന്ന മന്ദാരത്തിന്റെ വേര് ചുക്കും ചേർത്ത് പൊടിച്ച് പുരട്ടുന്നു. (വാല്യം 1, പു. 121). |
| | ചതുരകള്ളിയുടെ തടി ചതച്ച് വേവിച്ചതിന്റെ ആവികൊള്ളുന്നത് രക്തവാതത്തിന്റെ വേദന കുറക്കാൻ സഹായകമാണ്. (വാല്യം 2, പു. 151) |
| | കരാമ്പൂ കഷായം ഇടുപ്പിലെ സന്ധി വാതം ശമിപ്പിക്കുന്നു. (വാല്യം 2, പു. 179) |
| | നന്തിയാർവട്ട വേര് ചതച്ച് വെള്ളത്തോടൊപ്പം കഴിക്കുന്നത് ഇടുപ്പിലുണ്ടാകുന്ന സന്ധിവേദന നിർത്തുന്നു. (വാല്യം 2, പു. 197) |
| | മോതിരക്കാഞ്ഞിരത്തിന്റെ ഇല പാലും ഇഞ്ചിയും ചേർത്ത് വേവിച്ച് എടുക്കുന്ന ലേപനം, സന്ധിവാതത്തിന് ഫലപ്രദമാണ്. (വാല്യം 8, പു. 89) |
| | മോതിരക്കാഞ്ഞിരത്തിന്റെ ഇലയിട്ടു കുളിക്കുന്നത് സന്ധിവാതത്തിന് നല്ലതാണ്. (വാല്യം 8, പു. 89) |
| | വാതത്തിന് ഉഴിഞ്ഞയുടെ നീര് രോഗബാധിതമായ ശരീര സ്ഥാനങ്ങളിൽ പുരട്ടുക. (വാല്യം 8, പു. 107) |
| | സന്ധിവാതത്തിന് വാളമരക്കയും/വാളപയറും മുരിങ്ങയുടെ തൊലിചേർത്ത് പൊടിച്ച് സന്ധിവാതത്തിനുള്ള മരുന്ന് തയ്യാറാ |

| | |
|---|---|
| | ക്കാം. (വാല്യം 8, പു. 157) |
| | സന്ധിവാതത്തിന് വാളമരക്ക/വാളപയർ ചെടിയുടെ കൂടെ വട്ട യുടെ വേര്, ഇഞ്ചിപ്പുല്ല്, പഴുത്ത അടക്കയുടെ തൊണ്ട്, പച്ചരി യുടെ വെള്ളം, ചിറ്റാവണക്കിന്റെ ഇല എന്നിവ ചേർത്തുപയോഗി ക്കുക. (വാല്യം 8, പു. 157) |
| | മഞ്ഞൾ, സൈനോ ഗ്ലോസം (cynoglossum) വാളമരക്ക/വാളപ യർ എന്നിവ ചേർത്ത് സന്ധിവാതത്തിന് ഉപയോഗിക്കുന്നു. (വാല്യം 8, പു. 157) |
| | സന്ധിവാതത്തിന് വാളപയറും/വാളമരക്ക ചിറ്റാവണക്കിന്റെ ഇല യിൽ നിന്നുള്ള എണ്ണ ചേർത്ത് ഉപയോഗിക്കുക. (വാല്യം 8, പു. 157) |
| | ചെറുപാണൽ ഇലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന സെമി കപ്പിയം semicupium വാത രോഗവേദന ശമിപ്പിക്കുന്നു. (വാല്യം 5, പു. 61) |
| | കശാവു മരത്തിന്റെ വേര് എണ്ണയിൽ വേവിച്ചെടുത്തുണ്ടാക്കുന്ന ലേപനം വാതത്തിന് നല്ലതാണ്. (വാല്യം 5, പു. 73) |
| | കുറുമൊള്ളി തൊലി എണ്ണയിൽ വറുത്തെടുക്കുന്ന ലേപനം വാത ശമനത്തിന് നല്ലതാണ്. (വാല്യം 5, പു. 150) |
| | പെരിൻ തുടലി വേരും പച്ചക്കായ്കളും എണ്ണയിൽ വറുത്തുണ്ടാ ക്കുന്ന ലേപനം വാതരോഗ വേദന ശമിപ്പിക്കും. (വാല്യം 5, പു. 159) |
| | വൃക്ഷനെല്ലിയുടെ വേരിന്റെ തൊലി, ഇഞ്ചിയുടെയും മഞ്ഞളി ന്റെയും കൂടെ മോരിൽ തിളപ്പിച്ചത് വെള്ളത്തിൽ കലർത്തി കുളിർക്കുന്നത് സന്ധിവാത വേദനയ്ക്ക് ഉത്തമ ചികിത്സയായി നിർദ്ദേശിക്കുന്നു. (വാല്യം 5, പു. 163) |
| | ചെറിയ നിരൂരിയുടെ ഇലയും കായും തൊലിയും വേരും ഇട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് വാതരോഗശമനത്തിന് ഉത്ത മമാണ്. (വാല്യം 5, പു. 170) |
| | കമ്മെട്ടി മരത്തിന്റെ ഇലകൾ തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് വാതരോഗ ശമനത്തിനുത്തമമാണ്. (വാല്യം 5, പു. 175) |
| | നീർനൊച്ചി വേര് എണ്ണയിൽ തിളപ്പിച്ചുണ്ടാക്കുന്ന ലേപനം പുരട്ടു ന്നത് വാതരോഗത്തെ ശമിപ്പിക്കുന്നു. (വാല്യം 5, പു. 191) |
| | കാട്ടു - കറുവയുടെ ഇലകൾ വെള്ളത്തിൽ തിളപ്പിച്ച് കളിക്കുന്നത് സന്ധിവേദനകൾ മാറും. (വാല്യം 5, പു. 191) |
| | ശതാവേലി കിഴങ്ങിന്റെ വേര് എണ്ണയിൽ കഷായ മുണ്ടാക്കി പുര ട്ടിയാൽ സന്ധിവാതം മൂലമുള്ള വേദന മാറും. (വാല്യം 10, പു. 39) |
| | വാതത്തിന് കീഴാർ നെല്ലി വേരും സമാന ഗുണമുള്ള മറ്റ് ഔഷധ ചെടികളുടെയും വേര് പൊടിച്ച് കഴിക്കുന്നു (വാല്യം 10, പു. 58) |
| | കയ്യോന്നിച്ചാറ് പിഴിഞ്ഞെടുത്ത് വെണ്ണയുമായി കലർത്തി ഉപയോ ഗിച്ചാൽ വാതസംബന്ധമായ എല്ലാത്തരം വേദനകൾക്കും നല്ല ആശ്വാസം കിട്ടും. (വാല്യം 10, പു. 151) |
| | ചുവന്ന മൊതല മൂക്കു ഇട്ട് എണ്ണയിൽ തിളപ്പിച്ചെടുക്കുന്ന കുഴമ്പ് വാതത്തിനെതിരെ ഉപയോഗിക്കുന്നു. (വാല്യം 12, പു. 249) |
| | നീലം പാലയുടെ വേരും പച്ചമഞ്ഞളും ചേർത്ത് കാടിയിൽ അര ച്ചെടുത്ത ലേപനം, ചൂടുവെള്ളത്തിൽ ചാലിച്ച് പാടമാറ്റിയ പാലിന്റെ കൂടെ ഉപയോഗിച്ചാൽ ചൂടുവാതം ഇല്ലാതാകും. (വാല്യം 9, പു. 9) |
| | നൊട്ടനൊടിയൻ പുളിയില ചേർത്ത് തിളപ്പിച്ച് മുരിങ്ങപ്പട്ട |

| | |
|---|---|
| | ചേർത്തുണ്ടാക്കിയ കുഴമ്പ് പുരട്ടിയാൽ കൈകാൽ മുട്ടിലെസന്ധി വാതത്തിന് ഉത്തമമാണ്. (വാല്യം 9, പു. 51) |
| | ചെറിയ പൂ-പാൽ വള്ളിയുടെ ഇലകൾ ചന്ദനം, നാരങ്ങ, ജീരകം എന്നിവ വെള്ളം ചേർത്ത് അരച്ച് തേൻ ചേർത്ത് ഉപയോഗിച്ചാൽ സന്ധിവാതം ഭേദമാകും. (വാല്യം 7, പു. 198) |
| | കടപിലാവു ചെടിയിൽ നിന്ന് പിഴിഞ്ഞെടുത്ത ചാറ് ചെറിയ ആലിന്റെ (ഇത്തി ആൽ) ഇലയിൽ നിന്ന് എടുത്ത എണ്ണയും ചേർത്ത് തിളപ്പിച്ച് സന്ധിവാതത്തിന് പുരട്ടുന്നു (വാല്യം 1, പു. 201) |
| | കടപിലാവു ചെടിയുടെ വേര് ചതച്ച് വെള്ളം ചേർത്ത് പുരട്ടുന്നത് സന്ധിവാതത്തിന് നല്ലതാണ്. (വാല്യം 1, പു. 201) |
| | അപ്പൽ വേര് ചതച്ചത് ഉപ്പുവെള്ളമോ കടൽ വെള്ളമോ ചേർത്ത് വേവിച്ച് വേണ്ട സ്ഥലത്ത് പ്രയോഗിച്ചാൽ സന്ധിവാതത്തിന് നല്ല താണ്. (വാല്യം 1, പു. 205) |
| | കറുവ വേരിന്റെ പൊടി വെള്ളം ചേർത്ത് സന്ധിവാതത്തിന് പുര ട്ടുന്നു. (വാല്യം 1, പു. 223) |
| | പൈപ്പരുവയുടെ ഇലകളും കായ്കളും വേരും വെള്ളത്തിൽ തിള പ്പിച്ചുണ്ടാക്കുന്ന കഷായം സന്ധിവാതം ശമിപ്പിക്കുന്നു. (വാല്യം 5, പു. 179) |
| | കുപ്പ മേനി ചെടിയുടെ ചാറ് എണ്ണയിൽ ചേർത്ത് തിളപ്പിച്ച് പുരട്ടു ന്നത് സന്ധിവാതത്തിന് നല്ലതാണ്. (വാല്യം 10, പു. 292) |
| | സന്ധിവാതത്തിന് കാട്ടു തൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ ഉപയോഗിക്കുന്നു. (വാല്യം 10, പു. 306) |
| | സന്ധിവാതത്തിന് തുമ്പ കഷായം വെച്ച് ശരീരത്തിൽ പുരട്ടു ന്നത് ഫലപ്രദമാണ്. (വാല്യം 10, പു. 332) |
| | തുമ്പയുടെ പൂക്കളിട്ടുണ്ടാക്കുന്ന അച്ചാറിന് സന്ധിവാതത്തെ ചെറുക്കാനുള്ള കഴിവുണ്ട്. (വാല്യം 10, പു. 332) |
| | സന്ധിവാതത്തിന് ഇഞ്ചി പ്രതിവിധിയായി ഉപയോഗക്കുന്നു. (വാല്യം 11, പു. 41) |
| | മലയിഞ്ചിയുടെ വേരിൽ നിന്ന് കിട്ടുന്ന നീര് ശരീരത്തിനകത്തും പുറത്തും ഉപയോഗിക്കുക്. ഇത് സന്ധിവാതത്തെ ചെറുക്കാൻ നല്ലതാണ്. (വാല്യം 11, പു. 48) |
| | സന്ധിവാതത്തിന് കാട്ടുള്ളി വറുത്ത് പൊടിച്ച് എണ്ണ ചേർത്ത് ഉപ യോഗിക്കുന്നത് ഫലപ്രദമാണ്. (വാല്യം 11, പു. 142) |
| | നന്ത്യാർവട്ടം/വെളുത്ത അമൽപ്പൊരി വേര് ഇടിച്ചുപിഴിഞ്ഞ് പുറമേ പുരട്ടുന്നത് സന്ധിവീക്കത്തിന് നല്ലതാണ്. (വാല്യം 6, പു. 166) |
| സന്ധിവീക്കം | സന്ധിവീക്കത്തിന് ഉഴിഞ്ഞയുടെ നീര് രോഗബാധിതമായ ശരീര സ്ഥാനങ്ങളിൽ പുരട്ടുക. (വാല്യം 8, പു. 107) |
| | ഉഴിഞ്ഞയുടെ നീരും ചിറ്റാവണക്കിന്റെ ഇലയുടെ നീരും ചൂടാക്കി പലതവണ ഉപയോഗിക്കുന്നത് സന്ധിവീക്കത്തിന് നല്ലതാണ്. (വാല്യം 8, പു. 107) |
| | പൂച്ചപ്പയർ ശാഖകളുടെ തൊലിയും മാങ്ങയുടെയും അമ്പഴങ്ങു ടെയും തൊലിയും ചേർത്ത് പൊടിച്ച് കഞ്ഞിവെള്ളത്തിൽ വേവി ച്ചത് സുഷുമ്നയിൽ പുരട്ടുന്നത് നട്ടെല്ലിലെ സന്ധിവീക്കം ഭേദമാ കുന്നതിന് സഹായിക്കും. (വാല്യം 8, പു. 131) |
| | വാതക്കൊടിയുടെ ഇല ചെറുകിഴികളിലാക്കി ശുദ്ധീകരിക്കാത്ത ഉപ്പുമായി ചേർത്ത് ചൂടാക്കി ഉപയോഗിച്ചാൽ സന്ധി വാതം/സന്ധിവീക്കം ശമിക്കും. (വാല്യം 9, പു. 141) |

| | |
|---|---|
| | സന്ധികളിലെയും കൈകാലുകളിലും മറ്റും ഉണ്ടാവുന്ന പഴുപ്പ് നീര് വരുന്ന അവസ്ഥയും മലങ്കൂവയുടെ വേരിന്റെ ചാറുപയോഗിക്കുന്നത് വളരെ ഫലപ്രദമാണ്. (വാല്യം 11, പു. 29) |
| | വെളുത്തപോളത്താടി ചെടി ചെറുതായി അരിഞ്ഞ്, കരിച്ചെടുത്ത ഭസ്മം രണ്ട് ഉരുളകളാക്കി ഇരു കവിളുകളിലും വെക്കുന്നത് കോച്ചിപിടുത്തത്തിന് പ്രതിവിധിയാണ്. (വാല്യം 11, പു. 134) |
| കോച്ചിപിടുത്തം | കാലിന്റെ കോച്ചിപിടുത്തത്തിന് കറുവ വാറ്റിയെടുത്ത എണ്ണ പുരട്ടുക (വാല്യം 1, പു. 223) |
| | വയമ്പിന്റെ വേര് കത്തിച്ച് കരിയാക്കി ഉണ്ടാക്കുന്ന ചൂർണ്ണം കഞ്ഞിവെള്ളത്തിൽ ചാലിച്ച് മോണകളിൽ തേച്ചാൽ ഇടവിട്ടുണ്ടാകുന്ന കോച്ചിപിടുത്തം തടയാം. (വാല്യം 11, പു. 173) |
| | വെങ്കിയേരി ഇലകൾ മുറിച്ച് എരുമ ചാണകത്തിൽ പൊതിഞ്ഞു കെട്ടി ചൂടാക്കി കോച്ചിവലിക്കുന്നിടത്ത് വയ്ക്കുക. (വാല്യം 4, പു. 187) |
| | നീർപൊങ്ങല്യയുടെ വിത്തുകളിൽ നിന്നെടുക്കുന്ന പരിപ്പും ചുക്കും ചേർത്ത് പൊടിച്ചോ അല്ലെങ്കിൽ പാവെട്ട (ജമ്ലമേ) യുടെ കായും വേരും ഇഞ്ചിയും ചേർത്തോ കാടിയിൽ അരച്ചുണ്ടാക്കുന്ന കുഴമ്പ് വേണ്ട ഭാഗത്ത് തേക്കുന്നത് ഞരമ്പ് കോച്ചിപ്പിടിക്കുന്നതിന് (മലബാറുകാർ - ുമററമ ്ലില്യമ എന്ന് പറയുന്നത്) ഉത്തമമാണ്. (വാല്യം 6, പു. 105) |
| | വാളവരക്ക/വാള പയറിന്റെ ഫലത്തിന്റെ ഉൾഭാഗത്തെ തൊലി ഒഴിവാക്കി പൊടിച്ച് ചുക്കും തിപ്പലിയും ചേർത്ത് കോച്ചിപ്പിടുത്തം ഒഴിവാക്കുന്നതിനുള്ള ഗുളികയുണ്ടാക്കുന്നു. (വാല്യം 8, പു. 157) |
| | പെണാർ വള്ളിയുടെ ഇലയുടെ നീരും പശുവിൻപാലും വെണ്ണയും ചേർത്ത് കോച്ചിപ്പിടുത്തത്തിനുള്ള ലേപനം തയ്യാറാക്കുന്നു. (വാല്യം 8, പു. 170) |
| | നായിൻകണയുടെ ചാറ് മാത്രമായോ, ഉള്ളിയുമായി അരച്ചു ചേർത്തോ കൈ, കൈപത്തി, കാൽ എന്നിവിടങ്ങളിൽ പുരട്ടിയാൽ വേദനയോടുകൂടിയ കോച്ചിപിടുത്തം ഭേദമാകും. (വാല്യം 12, പു. 234) |
| | നായിൻകണയുടെ ചാറ് മാത്രമായോ, ഉള്ളിയുമായി അരച്ചു ചേർത്തോ കൈ, കൈപത്തി, കാൽ എന്നിവിടങ്ങളിൽ പുരട്ടിയാൽ വേദനയോടുകൂടിയ കോച്ചിപിടുത്തം ഭേദമാകും. (വാല്യം 12, പു. 234) |
| | വെങ്കലശമരപ്പട്ട ഇടിച്ചുപൊടിച്ച വെണ്ണചേർത്ത് പുരട്ടുന്നത് മാരകമായ മുറിവ് പറ്റുമ്പോൾ വരുന്ന ഞരമ്പുവലിച്ചിലിനും വിറയലും ഇല്ലാതാക്കുന്നു. (വാല്യം 4, പു. 123) |
| | കാട്ടുനാരകത്തിന്റെ വേരിൽ നിന്നുണ്ടാക്കുന്ന ഗുളിക ഞരമ്പുവലി ഇല്ലാതാക്കുന്നു. (വാല്യം 4, പു. 39) |
| | കലശമരപ്പട്ട ഇടിച്ചുപൊടിച്ച് വെണ്ണചേർത്ത് പുരട്ടുന്നത് മാരകമായ മുറിവ് പറ്റുമ്പോൾ വരുന്ന ഞരമ്പുവലിച്ചിലിനും വിറയലും ഇല്ലാതാക്കുന്നു. (വാല്യം 4, പു. 115) |
| | ആര്യവേപ്പിന്റെ ഇലകൾ ഉണക്കിപ്പൊടിച്ച് കായ്കളിൽ നിന്നെടുക്കുന്ന എണ്ണയുമായി ചേർത്തുണ്ടാക്കുന്ന ലേപനംകൊണ്ട് വേദനയുള്ള ഭാഗങ്ങൾ തടവുന്നത് വിറയലും ഞരമ്പുവലിയും (convulsions and spasms) ഇല്ലാതാക്കുന്നു. (വാല്യം 4, പു. 191) |
| | പുത്തലച്ചിയുടെ ഇല, പൂവ്, തൊലി, വേര് എന്നിവയും മറ്റ് ഭാഗങ്ങളും ഇട്ട് തിളപ്പിച്ചെടുക്കുന്ന വെള്ളം കൊണ്ട് കുളിക്കുന്നത് |

| | |
|---|---|
| | ഞരമ്പ് സംബന്ധമായ അസുഖങ്ങൾ ഇല്ലാതാക്കും. (വാല്യം 4, പു. 211) |
| | ആഞ്ഞിലിമരവാഴ സമൂലം പാടമാറ്റിയ പാൽ, വെണ്ണ ഇവയൊടൊപ്പം തിളപ്പിച്ചുപയോഗിക്കുന്നത് ഞരമ്പുകളുടെ വിറയലിന് പ്രതിവിധിയാണ്. (വാല്യം 12, പു. 4) |
| | ചോളപ്പുല്ല് സമൂലം "അപ്രുഗ" യുമായി ചേർത്തുള്ള കുഴമ്പ് തണുത്ത കോച്ചിയ ഞരമ്പുകളെ ചൂടുപിടിപ്പിക്കുന്നു. (വാല്യം 12, പു. 215) |
| | മരവിപ്പിന് കറുവ വാറ്റിയെടുത്ത എണ്ണ ഫലപ്രദമാണ്. (വാല്യം 1, പു. 223) |
| | കമ്മട്ടിവള്ളിചെടിയുടെ വിത്തുകൾ നാരങ്ങാനീര് ചേർത്ത് മൂക്കിൽ ഇറ്റിക്കുന്നത് കോച്ചി വലിവിന് നല്ലതാണ്. (വാല്യം 9, പു. 43) |
| | മൻ/വൻ തൊട്ടാവാടിയുടെ കൂടെ എള്ള് അഥവാ ചിറ്റെള്ള് എന്നിവയുടെ എണ്ണയും ചേർത്ത് ഉണ്ടാക്കുന്ന ലേപനം കോച്ചിവലിക്കൽ ഇല്ലാതാക്കാൻ സഹായിക്കും. (വാല്യം 9, പു. 74) |
| | പെരിംമുഞ്ഞയുടെ ഇലകൾ ചതച്ച് ഇഞ്ചിപ്പുല്ലും വെളുത്തുള്ളിയും ചേർത്ത് കഞ്ഞിവെള്ളത്തിൽ ചാലിച്ചുണ്ടാക്കുന്ന ലേപനം ഞരമ്പുവലി വരുന്നത് തടയുന്നു. (വാല്യം 9, പു. 261) |
| | ചിറ്റമൃതിന്റെ നീരും, കൊഴുപ്പും തിരുതാളിയും പാലിൽ ചേർത്തുണ്ടാക്കുന്ന മിശ്രിതം മസിലുകളുടെ കോച്ചിപ്പിടുത്തത്തിന് വളരെ ഫലപ്രദമാണ്. (വാല്യം 7, പു. 75-76) |
| | പെരും മുഞ്ഞയുടെ വേരിന്റെ തൊലിപൊടിച്ചുതും കാടിവെള്ളവും വെണ്ണയും ചേർത്ത് കഴിക്കുന്നത് ഞരമ്പുവലിക്ക് കടുത്ത ഫലം തരും. (വാല്യം 9, പു. 261) |
| | ചകിരി - കൊട്ടം ചതച്ചെടുക്കുന്ന ചാറ് പഞ്ചസാര ചേർത്ത് കഴിച്ചാൽ കൈകാലുകളിലെ പേശീവേദന ശമിക്കും. (വാല്യം 1, പു. 217) |
| | വാതവേദനയ്ക്ക് പാണൽ സമൂലം ചതച്ച് ആവികൊള്ളുക. (വാല്യം 2, പു. 15) |
| വാതവേദന | നറും പാണൽ ചെടി വാതവേദനകൾ ശമിപ്പിക്കുന്നു. (വാല്യം 2, പു. 19) |
| | കരിം - കുറിഞ്ഞിയുടെ വേര് തിളപ്പിച്ച് വാതവേദനയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 2, പു. 57) |
| | കരിം - കുറിഞ്ഞി വേര് പൊടിച്ച് എള്ളെണ്ണയോടൊപ്പം ഉപയോഗിക്കുന്നത് വാത വേദന ശമിപ്പിക്കും. (വാല്യം 2, പു. 57) |
| | നഴുകു മരത്തിലെ പൂക്കളുടെ ആവികൊള്ളുന്ന് വാത വേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 81) |
| | എരിക്കിന്റെ ഇലയുടെ നീര് എണ്ണയിൽ തിളപ്പിച്ച് ഉപയോഗിക്കുന്നത് വാത വേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 102) |
| | എരിക്കിൻ ഇലയിൽ എണ്ണ പുരട്ടി തീയിൽ കാണിച്ച് ചൂടാക്കി വെക്കുന്നത് വാത വേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 102) |
| | പൊങ്ങം/പുങ്ങം ഇലകളിൽ നിന്നെടുക്കുന്ന താളി വാതം മൂലമുള്ള വേദനയ്ക്ക് നല്ലതാണ്. (വാല്യം 6, പു. 11) |
| | വാത വേദനയ്ക്ക് തകരയുടെ ഇലയും പശുവിൻ പാലും ചേർത്ത് തിളപ്പിച്ച് കുടിക്കുക. (വാല്യം 6, പു. 35-36) |
| | തകരയുടെ ഇലയിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് വാതം മൂലമുള്ള വേദനയ്ക്ക് നല്ലതാണ്.. (വാല്യം 6, പു. 35-36) |
| | രക്തവാതത്തിന് കൊടകപാലയുടെ വിത്തുകൾ കഷായമാക്കി |

| | |
|---|---|
| | കൊടുക്കുന്നു. (വാല്യം 1, പു. 177) |
| രക്തവാതം | കരളെവേഗൻ വേര് വേവിച്ചത് വെള്ളത്തോടൊപ്പം ഉപയോഗിക്കുന്നത് ഒരു അണുനാശക ദ്രാവകമായി ഉപയോഗിക്കുന്നത് രക്തവാതം മൂലമുള്ള വേദന അകറ്റുന്നതിന് സഹായിക്കുന്നു. (വാല്യം 8, പു. 94) |
| | തണുപ്പിനെ തുടർന്നുണ്ടാകുന്ന രക്ത വേദന ബാധിച്ച ഭാഗങ്ങളിൽ ചൂടുവെള്ളത്തൊടൊപ്പം പുരട്ടുന്നത് നല്ലതാണ്. (വാല്യം 2, പു. 73) |
| | എരിക്കിൻ ചെടിയുടെ കഷായം എണ്ണയോടൊപ്പം അസുഖബാധിത സ്ഥലത്ത് പുരട്ടുന്നത് രക്തവാതത്തിന് നല്ലതാണ്. (വാല്യം 2, പു. 102) |
| | വെൾ എരിക്കു ചെടി ചതച്ച് വേപ്പെണ്ണയുമായി ചേർത്ത് പുരട്ടുന്നത് രക്തവാതത്തിന് നല്ലതാണ്. (വാല്യം 2, പു. 103) |
| | ആവണക്ക് ഇലകൾ തീയിൽ വറുത്ത് അസുഖബാധിത സ്ഥലത്ത് പുരട്ടുന്നത് രക്തവാതത്തിന് നല്ലതാണ്. (വാല്യം 2, പു. 108) |
| | രക്തവാതത്തിന് ആവണക്ക് ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക (വാല്യം 2, പു. 108) (വാല്യം 2, പു. 108) |
| | ആവണക്കിന്റെ ഇല വെന്ത ആവി കൊള്ളുന്നതും ഇതിനുത്തമമാണ്. (വാല്യം 2, പു. 108) |
| | മയിലെള്ളിന്റെയും പാൽവള്ളിയുടെയും ഇളം ശിഖിരങ്ങൾ ചതച്ചിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക. (വാല്യം 5, പു. 3) |
| | രക്തവാതം |
| | അകത്തിയുടെ ഭാഗങ്ങൾ പൊടിച്ച് എണ്ണയിൽ ചാലിച്ച് രോഗബാധയുള്ള ഭാഗത്ത് പുരട്ടുന്നു. (വാല്യം 1, പു. 197) |
| | തകരയുടെ വേരിലെ തൊലിയും പാലും പച്ചകുങ്കുമവും ചേർത്ത് ഉപയോഗിക്കുന്നത് രക്തവാതത്തിന് ഔഷധമാണ്. (വാല്യം 6, പു. 35-36) |
| | വള്ളി-വാര-കൊടി മരവാഴയുടെ (വള്ളിവാതക്കൊടി)യുടെ ഇലകൾ ചുണ്ണാമ്പ്, ആവണക്ക് എന്നിവയുടെ കൂടെ അരച്ച് കുഴമ്പ് രൂപത്തിലാക്കി രക്തവാതത്തിനെതിരെയുള്ള മരുന്നുണ്ടാക്കുന്നു. (വാല്യം 12, പു. 112) |
| | സെന്തരക്ലാന്തി (ചന്ദ്രകാന്തി) ഗോമൂത്രവും ചേർത്ത് അരച്ചുകുടിക്കുന്നത് വാതസംബന്ധമായ വേദന അകറ്റും. |
| വാതം | കാഞ്ഞിരവേരിന്റെ സത്ത് ഒരു നുള്ള് കുരുമുളക് ചേർത്ത് കഴിക്കുക. (വാല്യം 1, പു. 137) |
| | വാത സംബന്ധമായ വേദനകൾക്ക് മയിലാഞ്ചി വേര് കഷായം വെച്ച് കുടിക്കുക. (വാല്യം 1, പു. 149) |
| | കുമ്പുളു വേരിന്റെ തൊലി വറുത്ത് പൊടിച്ച് പുരട്ടുന്നത് ശരീരഭാഗങ്ങളിലെ വാതത്തിന് നല്ലതാണ്. (വാല്യം 1, പു. 153) |
| | പാലയുടെ തൊലി തിളപ്പിച്ച് ആവികൊള്ളിച്ചാൽ വാതസംബന്ധമായ വേദന ശമിക്കും. (വാല്യം 1, പു. 169) |
| | പൊറിഞ്ചി വെള്ളം കൊണ്ട് മേൽ കഴുകുന്നത് വാതഹരമാണ്. (വാല്യം 4, പു. 67) |
| | പൊറിഞ്ചി വേര് അരിക്കാടിയിലരച്ചു കൊടുക്കുന്നത് വാതതളർച്ച അകറ്റും (വാല്യം 4, പു. 67) |
| | പൊറിഞ്ചിവേര് അരിക്കാടിയിലരച്ച് കൊടുക്കുന്നത് സന്ധിവേദനയ്ക്ക് ഫലപ്രദമാണ്. (വാല്യം 4, പു. 67) |
| | പെരിൻ തൊടലി വേര് എള്ളെണ്ണയിൽ വേവിച്ചുണ്ടാക്കുന്ന മിശ്രിതം കൈകാലുകളിൽ തടവുന്നത് വാതസംബന്ധമായ |

| | |
|---|---|
| | വേദന ഇല്ലാതാക്കുന്നു. (വാല്യം 4, പു. 151) |
| | വാതരോഗത്തിന് കറുവ വാറ്റിയെടുത്ത എണ്ണ പുരട്ടുക. (വാല്യം 1, പു. 223) |
| | കൈത വേര് നീർ പാകപ്പെടുത്തുമ്പോൾ വേർത്തിരിയുന്ന എണ്ണ വാതനാശിനിയായി ഉപയോഗിക്കുന്നു. (വാല്യം 2, പു. 5) |
| | പെരിൻ പാണലിന്റെ ഉണങ്ങിയ ഇല കത്തുന്ന മരക്കരിയിൽ വച്ച് ഉണ്ടാക്കുന്ന പുക ശ്വസിക്കുന്നത് വാതോന്മാദം മൂലമുണ്ടാകുന്ന അനിയന്ത്രിതമായ വികാരമൂർച്ഛയ്ക്കും മോഹാലസ്യത്തിനും (hysteric paroxysm) ശമനമുണ്ടാക്കും. (വാല്യം 5, പു. 57) |
| | എല്ലാതരം വാതരോഗങ്ങൾക്കുമുള്ള സിദ്ധൗഷധമാണ് കാക്കതൊടി കുഴമ്പ്. (വാല്യം 9, പു. 21) |
| | നീറ്റി തൊട്ടാവാടി കഷായം വെച്ച് കുടിച്ചാൽ വാതം മൂലമുണ്ടാകുന്ന വേദന ശമിപ്പിക്കുന്നു. (വാല്യം 9, പു. 67) |
| | ആടലോടകം ഇടിച്ചുപിഴിഞ്ഞ് ചൂടുവെള്ളത്തിൽ കൊടുത്താൽ വാതം ശമിക്കും. (വാല്യം 9, പു. 145) |
| | കാഞ്ചി വേര് കഷായം വെച്ച് പുരട്ടുന്നത് വാതരോഗത്തിന് ആശ്വാസം നൽകും. (വാല്യം 1, പു. 157) |
| തളർവാതം | നെരിയംപുള്ളി/മെരിയം പുള്ളി ഇലകൾ വെള്ളത്തിലിട്ട് കുളിക്കുന്നത് തളർവാതത്തെ ചെറുക്കും. (വാല്യം 7, പു. 177) |
| | കറുവ വാറ്റിയെടുക്കുന്ന എണ്ണ യഥാസമയം പുറമേ പ്രയോഗിക്കുന്നത് തളർവാതത്തിന് വളരെ ഉത്തമമാണ്. (വാല്യം 1, പു. 223) |
| നീര് | സ്യാലിറ്റയുടെ വേര് ചതച്ച നീര് തുണിയിൽ മുക്കിത്തുടച്ചാൽ കഫംമൂലമുള്ള നീര് കുറഞ്ഞുകിട്ടും. (വാല്യം 3, പു. 76) |
| | താമരത്തുകയുടെ പൂവും ഇലയും അരച്ചുണ്ടാക്കുന്ന കുഴമ്പ് നീര് വറ്റിയ്ക്കാൻ ഉപയോഗിക്കുന്നു. (വാല്യം 3, പു. 94) |
| | ബിലിമ്പി പൂവും ഇലയും അരച്ചുണ്ടാക്കുന്ന കുഴമ്പ് നീര് വറ്റിയ്ക്കാൻ ഉപയോഗിക്കുന്നു. (വാല്യം 3, പു. 98) |
| | മുള്ളിലവിന്റെ മരത്തൊലി പൊടിച്ച് നാരങ്ങാനീരും ചേർത്ത് കുഴമ്പാക്കി തേച്ചാൽ നീര് വറ്റും. (വാല്യം 3, പു. 111) |
| | പെരിൻ തുടലി ഇലകൾ ഇട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ ശരീരത്തിലെ നീരും കാൽ പാദത്തിലെ നീരും മാറിക്കിട്ടും. (വാല്യം 5, പു. 159) |
| | ചെറുപോയം/ചെറുപൂവയുടെ തളിരിലകൾ ചതച്ച് ചുവന്ന നിറത്തോടുകൂടി മുഖത്തുണ്ടാകുന്ന നീരിന് പുറമെ വെച്ചാൽ അത് മാറും. |
| | കടലാടി വേര് പൊടിച്ച് വീഞ്ഞിനോടൊപ്പം കഴിക്കുന്നത് മൂത്രത്തിന്റെ അളവ് വർദ്ധിപ്പിച്ച് ശരീരത്തിലെ നീരിന്റെ അളവ് കുറയ്ക്കാനുപകരിക്കുന്നു. (വാല്യം 10, പു. 282) |
| | കീഴ്ത്താടിയിലുണ്ടാകുന്ന നീരും വേദനയും മാറാൻ കടലാടി വേര് പൊടിച്ച് നാരങ്ങയോടൊപ്പം കഴിക്കുന്നു. (വാല്യം 10, പു. 282) |
| | കൂവയുടെ ഇലയുടെ നീരെടുത്ത് കുടിക്കുന്നത് ശരീരത്തിലുണ്ടാകുന്ന നീരിനെ ഇല്ലാതാക്കുന്നു. |
| | കൊന്നകുരുവിന്റെ തൊലി പൊടിച്ച് കഞ്ഞിവെള്ളത്തിൽ ചേർത്ത് പുരട്ടുന്നത് ശരീരത്തിലെ നീരിനെ ശമിപ്പിക്കും. (വാല്യം 1, പു. 82). |
| | നീർദോഷത്തിന് ചെറുകതളിയുടെ മരത്തിന്റെ തൊലി, ഇലകൾ, |

| | |
|---|---|
| | പൂക്കൾ, ഫലങ്ങൾ എന്നിവ എള്ളെണ്ണയിൽ മൂപ്പിച്ച് ഉണ്ടാക്കുന്ന എണ്ണ തലയിൽ പുരട്ടുക. (വാല്യം 4, പു. 163) |
| | രാവപൂമരത്തിന്റെ വേര് പൊടിച്ച് മുറിവുകളിൽ (ulser) തൂവുന്നത് നീര് വലിഞ്ഞ് വേഗത്തിൽ ഉണങ്ങുന്നതിനും സഹായിക്കുന്നു. (വാല്യം 4, പു. 176) |
| | മുരിങ്ങയുടെ തൊലി ചതച്ച് കഞ്ഞിവെള്ളത്തിലിട്ടു കഴിച്ചാൽ നീര് മാറിക്കിട്ടും. (വാല്യം 6, പു. 39-40) |
| | മട്ടി/പൊങ്ങല്യമരത്തിന്റെ ഇടിച്ചുപിഴിഞ്ഞ തൊലി തിളപ്പിച്ചെടുക്കുന്ന എണ്ണ ശരീരത്ത് പുരട്ടിയാൽ നീർവീഴ്ചമാറിക്കിട്ടും. (വാല്യം 6, പു.55) |
| | ഒലിവെണ്ണയിൽ വേവിച്ച കറുത്ത അമൽപൊടി ഇലകളും വേരും കൊണ്ടുള്ള ലേപനം നീരു കെട്ടിയുണ്ടാക്കുന്ന വീക്കം, കുമിള എന്നിവ ശമിപ്പിക്കുവാനും അവ തുറക്കുവാനും ഉത്തമം. (വാല്യം 5, പു. 125) |
| | വെളുത്ത ഇത്തികണ്ണി /വലിയ ഇത്തിക്കണ്ണിയുടെ തൊലി ചതച്ച് കാടി വെള്ളത്തിലിട്ട് ഉപയോഗിച്ചാൽ വീങ്ങിയ കാലുകളിലെ വീക്കം മാറി (മെലിയും) പഴയ രൂപത്തിലാക്കും. (വാല്യം 10, പു. 11) |
| | കനേലി ഇത്തിക്കണ്ണിയുടെ ഇലയിട്ടു തളിപ്പിച്ച വെള്ളം കാലിലുണ്ടാക്കുന്ന വീക്കത്തിന് നല്ലതാണ്. (വാല്യം 10, പു. 19) |
| | കനേലി ഇത്തിക്കണ്ണിയുടെ തൊലി കഞ്ഞിവെള്ളത്തിലിട്ട് കുഴമ്പാക്കി പുരട്ടിയാൽ കാലിലെ വീക്കത്തിന് ആശ്വാസം ലഭിക്കും. (വാല്യം 10, പു. 19) |
| | നിരൂരിയുടെ ഇലയോ വേരോ കഞ്ഞിവെള്ളത്തിലിട്ടു തിളപ്പിച്ചുണ്ടാക്കുന്ന കുഴമ്പ് കെട്ടിയുണ്ടാകുന്ന വീക്കത്തിന് നല്ലതാണ്. (വാല്യം 10, പു. 102) |
| | നിരൂരിയുടെ തൊലി ഉപ്പുചേർത്ത് കഞ്ഞിവെള്ളത്തിലിട്ടു തിളപ്പിച്ചുണ്ടാക്കുന്ന പാനീയം കുടിക്കുന്നത് പ്ലൂറസിയുടെ നീർക്കെട്ട് ഇല്ലാതാക്കുന്നു. (വാല്യം 10, പു. 102) |
| | പെ- കയ്യെണ്ണിയത്തിന്റെ നീരും തുരുമ്പും (iron rust) ചേർത്ത് നല്ലവണ്ണം ചൂടാക്കി ഗോമൂത്രത്തിൽ ചേർത്ത് ഉപയോഗിക്കുക. (വാല്യം 10, പു. 153) |
| | കർപ്പൂര ചെടിയുടെ നീര് തേൻ ചേർത്ത് കഴിച്ചാൽ ശരീരത്തിലുണ്ടാകുന്ന നീര് മാറും. (വാല്യം 10, പു. 164) |
| | നിലം പത്തെ വെണ്ണയും ചേർത്ത് തിളപ്പിച്ചത് നീർവീക്കത്തിന് (ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന നീർക്കെട്ട്) നല്ലതാണ്. (വാല്യം 10, പു. 180) |
| | ശരീര വീക്കത്തിന് കുളിക്കുന്ന വെള്ളത്തിൽ കൊട്ടം ചെടിയുടെ വേര് ചതച്ചിടുക. (വാല്യം 10, പു. 279) |
| | വീക്കത്തിന് കൊട്ടം ചെടിയുടെ പൂവ്, ഇല, കായ എന്നിവ എണ്ണയുമായി യോജിപ്പിച്ച് പുരട്ടുക. (വാല്യം 10, പു. 279) |
| | ഇലഞ്ഞി വേര് വിനാഗിരിയിൽ അരച്ച് മുഖത്ത് പുരട്ടിയാൽ ആ ഭാഗത്തെ വീക്കം മാറുന്നു. (വാല്യം 1, പു. 69). |
| | ചകിരി - കൊട്ടം കഷായം വെച്ച് വായ് കഴുകിയാൽ സിരാതന്തുക്കൾ വീങ്ങുന്ന അസുഖത്തിന് പ്രതിവിധി. (വാല്യം 1, പു. 217) |
| | നിരൂരിയുടെ വേര് ചതച്ച് പുരട്ടുന്നത് ശരീരഭാഗങ്ങളിലെ വീക്കത്തിനു നല്ലതാണ്. (വാല്യം 2, പു. 85) |
| | നീര് വന്നു വീങ്ങിയ അവയവങ്ങളിൽ ഉമ്മത്ത് ചതച്ച് എള്ളെണ്ണ |

| | |
|---|---|
| | യോടൊപ്പം വെക്കുന്നു. (വാല്യം 2, പു. 89) |
| | ഉമ്മത്തിന്റെ വിത്തുകൾ പൊടിച്ച് കഞ്ഞി വെള്ളത്തിൽ ചേർത്ത്, വീക്കമുള്ള ഭാഗങ്ങളിൽ വെക്കുന്നു. (വാല്യം 2, പു. 89) |
| | ആവണക്ക് ചെടിയുടെ വേര് കഷായം കുറച്ചുനാൾ കഴിച്ചാൽ കാലിലെ വീക്കം മാറും. (വാല്യം 2, പു. 108) |
| | അരിവെന്ത് വാർത്ത വെള്ളത്തിൽ (കഞ്ഞിവെള്ളം) ഇല കള്ളി യുടെ വേര് ചതച്ച് കുടിക്കുന്നത് വീക്കത്തിന് നല്ലതാണ്. (വാല്യം 2, പു. 155) |
| | കര ചുള്ളി തീയിൽ വാട്ടി പൊടിച്ച് വിനാഗിരി ചേർത്ത് ദേഹത്ത് പുരട്ടുന്നത് വീക്കം കുറക്കുന്നു. (വാല്യം 2, പു. 171) |
| | കാൽമുട്ടിലെ വീക്കത്തിന് പൊങ്ങിന്റെ തൊലിയും വേരും ചതച്ച് തിളപ്പിച്ചുണ്ടാക്കുന്ന മിശ്രിതം വരിഞ്ഞുകെട്ടുക. (വാല്യം 4, പു. 126) |
| | വീക്കത്തിന് നീർ-മുറിയുടെ വേര് ഒഴിവാക്കിയശേഷം ഈ ചെടി അടച്ച മൺപാത്രത്തിലിട്ട് തിളപ്പിച്ച് ആവി പിടിക്കുക. (വാല്യം 9, പു. 103) |
| | ഇരിവേലി (പനികൂർക്ക) ചെടിയുടെ വേര് കഷായം വെച്ച് കുടി ക്കുന്നത് കൈകാലുകളിലെ വീക്കത്തിന് പ്രതിവിധിയാണ് (വാല്യം 9, പു. 259) |
| | മുരിങ്ങയില ചൂടാക്കി വെക്കുന്നത് കാൽപാദ വീക്കത്തിന് അത്യു ത്തമമാണ്. (വാല്യം 6, പു. 39-40) |
| | ചിറ്റമൃതിന്റെ ഇളയ ഇലകൾ രാമച്ചം, പാൽ, എന്നിവ ചേർത്തു ണ്ടാക്കുന്ന ലേപനം ത്വക്കിനും അന്തഃസ്ഥായീയ കോശങ്ങളിൽ കാണുന്ന വിസ്തൃതവും, പടർന്നതുമായ വീക്കം, പഴുപ്പ് എന്നി വയ്ക്ക് ഉത്തമമാണ്. (വാല്യം 7, പു. 75-76) |
| | കുറിംഗിൽ ഇലയിൽ നിന്നെടുക്കുന്ന നീരിൽ കുളിക്കുന്നത് മല ബാറിൽ 'ചെടുനീർ' എന്നു പറയുന്ന വീക്കത്തിന് ഉപയോഗി ക്കാം. (വാല്യം 7, പു. 90) |
| | ശരീരത്തിലെ വിവിധ അവയവങ്ങളിൽ ഉണ്ടാകുന്ന നീരുവീക്കം (dropsy) പോലുള്ള രോഗമുള്ളവരിൽ നിന്നും ജലാംശം മാറ്റുന്നു. പേരയുടെ പുറംതോടും വേരും ചേർത്തുണ്ടാക്കുന്ന മരുന്ന് ഇതി നായി ഉപയോഗിക്കുന്നു. (വാല്യം 3, പു. 59) |
| | ശരീരത്തിലെ വിവിധ അവയവങ്ങളിൽ ഉണ്ടാകുന്ന നീരുവീക്കം (ദ്യ്രീസ്യ്യ) പോലുള്ള രോഗമുള്ളവരിൽ നിന്നും ജലാംശം മാറ്റുന്നു. പേരയുടെ പുറംതോടും വേരും ചേർത്തുണ്ടാക്കുന്ന മരുന്ന് ഇതി നായി ഉപയോഗിക്കുന്നു. (വാല്യം 3, പു. 61) |
| | നിരൂരിയുടെ തൊലി എണ്ണയിൽ വേവിച്ചതുപയോഗിച്ചുണ്ടാക്കുന്ന ലേപനം പുരട്ടുന്നത് നീർക്കെട്ടിന് പ്രതിവിധിയാണ്. (വാല്യം 10, പു. 102) |
| | ശരീരത്തിലെ നീർക്കെട്ടിനെതിരായി ഉപയോഗിക്കുന്നു. (വാല്യം 11, പു. 30) |
| | നീർക്കെട്ടുകൊണ്ടുണ്ടാകുന്ന വീക്കത്തിന് വെള്ള പോളയുടെ കിഴങ്ങ് കഞ്ഞിവെള്ളവും ചേർത്ത് അരച്ച് കിട്ടുന്ന കുഴമ്പ് ഉപ യോഗിക്കുന്നു. (വാല്യം 11, പു. 123) |
| | അകത്തിയുടെ വേര് ഗോമൂത്രം ചേർത്ത് കുഴമ്പാക്കി കൈകാലു കളിൽ തേച്ചാൽ നീരും വീക്കവും മാറും. (വാല്യം 1, പു. 197) |
| | പാവട്ടയുടെ വേര് പൊടിച്ച് ഇഞ്ചിയും മഞ്ഞളും ചേർത്ത് കഞ്ഞി വെള്ളത്തിൽ കൊടുക്കുന്നത്. വീക്കം (ശരീരത്തിൽ അനാരോഗ്യ |

| | |
|---|---|
| | കരമായി കെട്ടികിടക്കുന്ന വെള്ളം) നീക്കി ആവശ്യത്തിലധിക മുള്ള ഉപദ്രവകരമായ വസ്തുക്കൾ മൂത്രത്തിലൂടെ കളയും. (വാല്യം 5, പു. 37) |
| | ബഹെൽ - ചുള്ളി കഷായം കൈകാലുകളിലെ നീർവീക്കം കുറ ക്കുന്നു. (വാല്യം 2, പു. 163) |
| | ബഹെൽ ചുള്ളി ചെടി ചതച്ച് വെള്ളത്തോടൊപ്പം, ശരീരത്തിലെ നീർക്കെട്ടിന് നല്ലതാണ്. (വാല്യം 2, പു. 164) |
| | ചെംതാന്നിയുടെ തൊലി നീർവീക്കത്തിന് ഉത്തമമാണ്. (വാല്യം 4, പു. 35) |
| | കൊടി ആവണക്കിൻ ചെടി സമൂലമെടുത്ത് നീര് വീഞ്ഞിനോ ടൊപ്പം നീർവീക്കത്തിന് കഴിക്കുക. (വാല്യം 2, പു. 117) |
| | നിലംപത്തെ വെണ്ണയും ചേർത്ത് തിളപ്പിച്ച് നീർവീക്കത്തിന് ഉപ യോഗിക്കുക. (വാല്യം 10, പു. 180) |
| | നിഹേമെക (ഞേമക്ക) ഇലയുടെ നീരും തേൻ, പഞ്ചസാര എന്നി വയും ചേർത്ത് നീർവീക്കത്തിന് ഉപയോഗിക്കുക. (വാല്യം 8, പു. 71) |
| | ആങ്കോലമരത്തിന്റെ വേരെടുത്ത് ചതച്ച് നീര് കഴിക്കുന്നത് നീർക്കെട്ടില്ലാതാക്കും. |
| | ഇഡുമുള്ളിയുടെ തൊലി കഷായം വച്ച് കഴിക്കുന്നത് നീർക്കെട്ട് ഇല്ലാതാക്കുന്നു. (വാല്യം 4, പു. 63) |
| | പൂമരുത് എന്ന് ഇന്നറിയപ്പെടുന്ന കാട്ടു അടമ്പിന്റെ ഇലകൾ ഇളനീരുമായി ചേർത്തരച്ച് കുഴമ്പാക്കി പുരട്ടുക. (വാല്യം 4, പു. 74) |
| | വീട്ടിമരവാഴയുടെ ചാറെടുത്ത് എള്ളെണ്ണ, ശുദ്ധമായ വെണ്ണ എന്നിവയോടൊപ്പം തിളപ്പിച്ച് സേവിക്കുന്നത് ശരീരത്തിലെ നീർക്കെട്ടിനെ പ്രതിരോധിക്കുന്നതിന് ഉത്തമം. (വാല്യം 12, പു. 8) |
| | വെറും വയറ്റിൽ താമപൂവ്വൽപച്ച മരവാഴ വേര് ചതച്ചിട്ട പാൽ കുടിക്കുന്നത് ശരീരത്തിന്റെ എല്ലാഭാഗത്തേയും നീർക്കെട്ടിനെ ഇല്ലാതാക്കും. (വാല്യം 12, പു. 51) |
| | തേക്ക് മരവാഴയുടെ സമൂലമിട്ട് തിളപ്പിച്ച വെള്ളം കൊണ്ട് കുളി ക്കുന്നത് എല്ലാതരം നീർക്കെട്ടും ജലദോഷവും മാറ്റുന്നു. (വാല്യം 12, പു. 81) |
| | കഴുത്തിലെ നീരിന് കൂവളത്തിന്റെ തൊലിയും ചെറിയ വേരുകളും വെള്ളത്തിൽ ചേർത്തുണ്ടാക്കുന്ന മരുന്ന് പ്രതിവിധിയാണ്. (വാല്യം 3, പു. 71) |
| | കമ്മെട്ടി മരത്തിന്റെ നീരും കറുകപ്പുല്ല് പൊടിച്ചതും കൊണ്ടുണ്ടാ ക്കുന്ന ഗുളികകൾ സേവിച്ചാൽ ദേഹത്തെവിടെയുമുണ്ടാകുന്ന നീർക്കെട്ട് മാറുവാൻ അത്യുത്തമമാണ്. (വാല്യം 5, പു. 175) |
| | പാണൽ വേര് പൊടിച്ച് അരിക്കാടിയിൽ ചേർത്ത് സേവിക്കുന്നത് സ്രവങ്ങളെ ഉദ്ദീപിപ്പിക്കുന്നു. (വാല്യം 2, പു. 15) |

**4.5.12 മോണരോഗങ്ങൾ**

സാധാരണ കണ്ടുവരാറുള്ള വിവിധയിനം മോണ രോഗങ്ങൾ, വായ്നാറ്റം, പല്ലുവേ ദന എന്നിങ്ങനെയുള്ള രോഗങ്ങൾക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിച്ച്

കൊണ്ടുള്ള പ്രതിവിധി ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുണ്ട്. അത്തരം രോഗങ്ങളും ചികിത്സാവിധികളും 'മോണരോഗങ്ങൾ' എന്ന പട്ടിക 4.12 - ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.12**

**മോണരോഗങ്ങൾ**

| **രോഗം** | **ചികിൽസ (വാല്യം, പുറം)** |
|---|---|
| മോണ രോഗം | കല്ലാൽ എന്ന് ഇന്നറിയപ്പെടുന്ന ആലിന്റെ തളിരിലയുടെ ചാറ് മോണരോഗത്തിന് മരുന്നാണ്. (വാല്യം 3, പു. 139) |
| | ചെറിയാം കൊട്ടത്തിന്റെ ഇലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്നത് വായ് കഴുകാനുള്ള ദ്രാവകം ദുർബലമായ വീക്കമുള്ള മോണകൾക്ക് ഉത്തമം. (വാല്യം 5, പു. 40) |
| | ഇത്തി - ആലിന്റെ തൊലി മോരിൽ വേവിച്ച് വായിൽ കൊണ്ടാൽ മോണവീക്കവും മോണബലഹീനതയും കുറയും. (വാല്യം 3, പു. 123) |
| | ചെറുമൊറാൽ (മീരാൽ) തൊലി മോരിൽ വേവിച്ച് വായിൽ കൊണ്ടാൽ മോണവീക്കവും മോണ ബലഹീനതയും കുറയും. (വാല്യം 3, പു. 125) |
| | ചെറിയ നിരൂരി മരത്തിന്റെ ഇലകൾ പച്ചവെള്ളത്തിൽ തിളപ്പിച്ച് വായ് കഴുകുന്നത് തേയ്മാനം വന്ന മോണയും ഇളകുന്ന പല്ലുകളും ഉറയ്ക്കാൻ സഹായിക്കുന്നു. (വാല്യം 5, പു. 170) |
| | ചൊകാട്ടി മരത്തിന്റെ ഇലയും പൂവും കായും വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന ദ്രാവകം കൊണ്ട് വായ് കഴുകിയാൽ മോണയുടെ തേയ്മാനം ശമിക്കുന്നു. (വാല്യം 5, പു. 187) |
| | ബിഷ/ഈറ ഇലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം കൊണ്ട് വായ കഴുകുന്നത് കേടുവന്ന മോണയ്ക്ക് ഉത്തമമാണ്. (വാല്യം 5, പു. 234) |
| | മോണ വീക്കത്തിന് കുളിക്കുന്ന വെള്ളത്തിൽ കൊട്ടം ചെടിയുടെ വേര് ചതച്ചിടുക. (വാല്യം 10, പു. 279) |
| | ചടെയെൻ ചെടി വെള്ളത്തിലിട്ട് തിളപ്പിച്ച് കവിൾ കൊണ്ടാൽ മോണ പ്പൊട്ടലിന് വിശേഷിച്ച് കുട്ടികൾക്ക് ഏറെ നല്ലതാണ്. (വാല്യം 10, പു. 313) |
| | തെങ്ങിന്റെ വേരും ചുക്കും പൊടിച്ച് വെളിച്ചെണ്ണ ചേർത്തുണ്ടാക്കിയ സത്തുകൊണ്ട് വായ് കഴുകിയാൽ മോണയിലെ വ്രണങ്ങൾ ശമിക്കും. (വാല്യം 1, പു. 12). |
| | മോണരോഗങ്ങൾക്ക് അടമ്പിന്റെ തളിരിലകൾ എണ്ണയിൽ വേവിച്ച് പുരട്ടുക. (വാല്യം 4, പു. 151) |
| | മോണയിലും അണ്ണാക്കിലുമുണ്ടാക്കുന്ന കുമിളകൾക്ക് ചെറുകതളിയുടെ തൊലി, ഇലകൾ, പൂക്കൾ, ഫലങ്ങൾ എന്നിവ എള്ളെണ്ണയിൽ മൂപ്പിച്ച് ഉണ്ടാക്കുന്ന എണ്ണ ഉത്തമമാണ്. (വാല്യം 4, പു. 163) |
| | മരെത്ത മാല മരവാഴയുടെ ഇലയുടെ ചാറ് ഇളനീരുമായി ചേർത്തു പയോഗിച്ചാൽ. (വാല്യം 12, പു. 109) |
| | ബലികറുകയുടെ കുഴമ്പ് അരിയോയൊപ്പം കഷായം വെച്ച് പല്ലുതേ |

| | |
|---|---|
| | യ്ക്കുകയോ മോണയിൽ തിരുമ്മുകയോ ചെയ്താൽ മോണകളിലുണ്ടാകുന്ന വേദന ശമിക്കും. (വാല്യം 12, പു. 159) |
| | ചെറിയ ഞെരിങ്ങം പുളിയുടെ ഇലകൾ എണ്ണയിൽ കാച്ചിയുണ്ടാക്കുന്ന കുഴമ്പ് ഉപ്പ്ചേർത്ത് ഉണ്ടാക്കുന്ന മരുന്ന് (ഗുളിക) മോണപ്പഴുപ്പിന് ഉത്തമം. (വാല്യം 9, പു. 299) |
| | പനിച്ചിമരത്തിന്റെ തളിരിലകൾ വെള്ളത്തിൽ അരച്ചുചേർത്ത് കുടിക്കുന്നത് അഫ്ത്താസ് എന്ന അൾസർ രോഗത്തിന് പ്രതിവിധിയായി ഉപയോഗിക്കുന്നു. (വാല്യം 3, പു. 85) |
| | കുരുമുളകിന്റെ വേര് ചതച്ച് വെള്ളത്തിലിട്ട് തിളപ്പിച്ച് കിട്ടുന്ന ദ്രാവകം മോണരോഗത്തിന് ഉപയോഗിക്കുന്നു. (വാല്യം 7, പു. 47) |
| പല്ലുവേദന | ഈറ/ബിഷ ഇലകൾ വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം കൊണ്ട് വായ് കഴുകുന്നത് പല്ലുവേദനയകറ്റാൻ ഉത്തമമാണ്. (വാല്യം 5, പു. 234) |
| | പല്ലുവേദനയ്ക്ക് കയ്യോന്നിയുടെ ചെടികൊണ്ടുണ്ടാക്കുന്ന കഷായം കുടിക്കുക. (വാല്യം 10, പു. 151) |
| | വഴുതന കായ സൂചികൊണ്ട് തുളച്ച് തിളച്ച എള്ളെണ്ണയിട്ട് ഉപയോഗിക്കുന്നത് പല്ലു വേദന മാറിക്കിട്ടും. (വാല്യം 10, പു. 269) |
| | കരിങ്കൂവളത്തിന്റെ വേരിന്റെ തൊലി പൊടിച്ച് പഞ്ചസാര ചേർത്ത് ചവച്ചരച്ച് കുറച്ചു നേരം കവിൾ കൊള്ളുന്നത് പല്ലുവേദനയകറ്റും. (വാല്യം 11, പു. 159) |
| | പല്ലുവേദനയ്ക്ക് ഇലഞ്ഞിയുടെ തൊലി കഷായം വെച്ച് കവിൾ കൊള്ളുക. (വാല്യം 1, പു. 69). |
| | ചുവന്ന മന്ദാരത്തിന്റെ വേര് ചവയ്ക്കുന്നത് പല്ലു വേദനയ്ക്ക് ഉത്തമമാണ്. (വാല്യം 1, പു. 121). |
| | വെള്ള മന്ദാരത്തിന്റെ വേര് ചവയ്ക്കുന്നത് പല്ലുവേദനയ്ക്ക് ആശ്വാസം തരുന്നു. (വാല്യം 1, പു. 125). |
| | കൊടകപാലയുടെ വേര് കഷായം വെച്ച് കവിൾകൊണ്ടാൽ അണുക്കളെ നശിപ്പിച്ച് പല്ലുവേദന കുറയ്ക്കും. (വാല്യം 1, പു. 177) |
| | പല്ലുവേദനയ്ക്ക് വേവിച്ച പാണൽ ഇലകളുടെ ആവിക്കൊള്ളുക. (വാല്യം 2, പു. 15) |
| | പല്ലുവേദനയ്ക്ക് ചെറുനാം - കൊട്ടം ഇല തിളപ്പിച്ച് ആവി വായിൽ കൊള്ളുക. (വാല്യം 2, പു. 41) |
| | എരിക്കിൻ വേര് വെറുതേ ചവക്കുന്നത് പല്ലുവേദനയ്ക്ക് നല്ലതാണ്. |
| | നന്തിയാർ വട്ട വേര് ചവച്ച വായിൽത്തന്നെ വെക്കുന്നത്, അണുക്കളെ കൊല്ലുന്നത് കൊണ്ട് പല്ലുവേദന മാറ്റുന്നു. (വാല്യം 2, പു. 197) |
| | കപ്പമുളകിന്റെ കുരു ചവച്ച് വായിൽത്തന്നെ വെയ്ക്കുന്നത് പല്ലുവേദന ശമിപ്പിക്കും. (വാല്യം 2, പു. 203) |
| | മുക്കാപ്പിരിയുടെ വേര് വായിലിട്ടു ചവച്ചരക്കുന്നത് പല്ല് വേദനയകറ്റും. (വാല്യം 8, പു. 49) |
| | മുരിങ്ങയുടെ തൊലി ചതച്ചതും ജീരകവും കഞ്ഞിവെള്ളത്തിൽ അരച്ച് പുരട്ടിയാൽ പല്ലുവേദന മാറും. (വാല്യം 6, പു. 39-40) |
| | തോരപ്പയറിന്റെ ഇല കുരുമുളക് ചേർത്ത് അരച്ച് തേക്കുക. പല്ലുവേദന ശമിക്കും. (വാല്യം 6, പു. 47) |
| | വള്ളിക്കാഞ്ഞിരത്തിലകളുടെ നീരും വെളിച്ചെണ്ണയും സമം ചേർത്ത് തിളപ്പിച്ച് തേക്കുന്നത് പല്ലുവേദനയകറ്റുന്നു. (വാല്യം 7, പു. 11) |
| | ചുണ്ണാമ്പുവള്ളിയുടെ വേര് ചതച്ച് വെള്ളത്തിലിട്ട് തിളപ്പിച്ചു കിട്ടുന്ന ദ്രാവകം പല്ലുവേദനയ്ക്ക് ഉത്തമമാണ്. (വാല്യം 7, പു. 43) |
| | വിഴാൽ വേരിന്റെ ഉണങ്ങിയ തൊലി വേദനയുള്ള പല്ലിൽ |

| | |
|---|---|
| | തേയ്ക്കുന്നത് പല്ലുവേദനയ്ക്ക് നല്ലതാണ്. (വാല്യം 5, പു. 45) |
| പല്ലിന്റെ ബലം | ചെകാട്ടിയുടെ ഇലയും പൂവും കായും ഇട്ട് തിളപ്പിച്ച വെള്ളം കൊണ്ട് വായ് കഴുകുന്നത് ഇളകിയാടുന്ന പല്ലുകൾ ബലം വെയ്ക്കാൻ ഉത്തമമാണ്. (വാല്യം 5, പു. 187) |
| | പല്ലിന്റെ ക്ഷയം തടയുന്നതിന് ചെൻകുമുളു ഇലയും മൊസ്കാറ്റയും, പഞ്ചസാരയും ചേർന്ന മിശ്രിതം ഉപയോഗിക്കുന്നു. (വാല്യം 11, പു. 170) |
| | ചെൻ കുമുളിന്റെ ഇലയും മൊസ്കാറ്റയും പഞ്ചസാരയും ചേർന്ന മിശ്രിതം പല്ലുകളിലെ അണുക്കളെ നശിപ്പിക്കുന്നതിനുത്തമമാണ്. (വാല്യം 11, പു. 170) |
| | വയമ്പിന്റെ വേര് കത്തിച്ചു കരിയാക്കി പല്ല് തേയ്ക്കുന്നു. (വാല്യം 11, പു. 173) |
| | ചെറുനാം - കൊട്ടം ഇല തിളപ്പിച്ച് വായ് കൊള്ളുന്നത് പല്ലുകളിലുണ്ടാകുന്ന ചെറിയ പുഴുക്കളെ കൊല്ലുന്നു. (വാല്യം 2, പു. 41) |
| | പല്ലിന്റെ ബലം വർദ്ധിപ്പിക്കാൻ ഞേമക്ക യുടെ ഇലയുടെ നീരും ചെന്തെങ്ങിന്റെ കരിക്കിൻ വെള്ളവും ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 8, പു. 71) |
| | മരെത്ത - മാല മരവാഴയുടെ ഇലയുടെ ചാറ് ഇളനീരുമായി ചേർത്താൽ ഉപയോഗിച്ച പല്ലുകൾ ബലപ്പെടും. (വാല്യം 12, പു. 109) |
| | ചെറിയ ഞെരിങ്ങം പുളിയുടെ ഇലകൾ എണ്ണയിൽ കാച്ചിയുണ്ടാക്കുന്ന കുഴമ്പ് ഉപ്പ്ചേർത്ത് ഉണ്ടാക്കുന്ന മരുന്ന് (ഗുളിക) പല്ലിന്റെ അടിഭാഗം ചീയുന്നത് തടയുന്നു. (വാല്യം 9, പു. 299) |
| | തോരപ്പയറിന്റെ ഇല കുരുമുളക് ചേർത്ത് അരച്ച് തേച്ചാൽ പല്ലുകളിലെയും മോണയിലെയും അഴുക്ക് നശിക്കും. (വാല്യം 6, പു. 47) |
| | ഇത്തിക്കണ്ണിയുടെ വേരിന്റെ തൊലി ഇളകി ആടുന്ന പല്ലുകളെ ഉറപ്പിക്കുന്നു. (വാല്യം 7, പു. 106) |
| | ഇത്തി-ആലിന്റെ തൊലി മോരിൽ വേവിച്ച് വായിൽകൊണ്ടാൽ ആടുന്ന പല്ലിനെ ബലപ്പിച്ചു നിർത്താം. (വാല്യം 3, പു. 123) |
| | ചെറുമൊറാൽ (മീരാൽ) തൊലി മോരിൽ വേവിച്ച് വായിൽകൊണ്ടാൽ ആടുന്ന പല്ലിനെ ബലപ്പിച്ചു നിർത്താം. (വാല്യം 3, പു. 125) |
| | കാട്ടുആലിന്റെ മരത്തൊലി വേവിച്ച വെള്ളം വായിൽ കൊണ്ടാൽ ആടുന്ന പല്ലുകൾ ഉറപ്പിച്ചുനിർത്തും. (വാല്യം 3, പു. 130) |
| വായ്നാറ്റം | മഞ്ഞൾ കൂവ എന്ന് പേര് നൽകിയിട്ടുള്ള മഞ്ഞളിന്റെ വേരിൽ നിന്നും കിട്ടുന്ന നീര് വായ്നാറ്റത്തിനെതിരെ ഉപയോഗിക്കുന്നു. (വാല്യം 11, പു. 36) |
| | ചുണ്ണാമ്പുവള്ളിയുടെ വേര് ചതച്ച് വെള്ളത്തിലിട്ട് തിളപ്പിച്ചുകിട്ടുന്ന ദ്രാവകം വായ്നാറ്റത്തിന് എതിരെ ഉപയോഗിക്കുന്നു. (വാല്യം 7, പു. 43) |
| | കുരുമുളകിന്റെ വേര് ചതച്ച് വെള്ളത്തിലിട്ട് തിളപ്പിച്ചുകിട്ടുന്ന ദ്രാവകം വായ് ശുദ്ധീകരിക്കാൻ ഉത്തമമാണ്. (വാല്യം 7, പു. 47) |

**4.5.13 ശിശുരോഗങ്ങൾ**

കുട്ടികൾക്ക് സാധാരണയായി പിടിപ്പെടാറുള്ള പനി, വായ്പ്പുണ്ണ്, വായിലെ വ്രണം, വയറിളക്കം, വയറുവേദന, അപസ്മാരം തുടങ്ങിയ രോഗങ്ങളും അവയ്ക്കുള്ള ചികിത്സാവിധികളും ഹോർത്തൂസിൽ പരാമർശിച്ചിട്ടുണ്ട്. ഔഷധ

സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാരീതികൾ 'ശിശു രോഗങ്ങൾ' എന്ന പട്ടിക 4.13 ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.13**

**ശിശു രോഗങ്ങൾ**

| **രോഗം** | **ചികിൽസ (വാല്യം, പുറം)** |
|---|---|
| പനി | കുട്ടികളുടെ പനിയ്ക്ക് മോതിരക്കണ്ണി വേര് ചതച്ചു പുരട്ടുക. (വാല്യം 2, പു. 53) |
| വായിലെ വ്രണങ്ങൾ | തെങ്ങിലെ ഇളം കായ്കൾ, ഞെക്കി പിഴിഞ്ഞെടുത്ത് ആ ചാറു കൊണ്ട് വായ് കഴുകുക. വായിലെ വ്രണങ്ങൾ ശമിക്കും. (വാല്യം 1, പു. 12). |
| | വെള്ളില വേര് എണ്ണയിൽ തിളപ്പിച്ച് കുടിക്കുന്നത് ശിശുക്കളുടെ വായ്പുണ്ണ് അകറ്റുന്നു. (വാല്യം 2, പു. 50) |
| | വെള്ളിലയുടെ തോൽ കഷായം എണ്ണയിൽ കഴിക്കുന്നത് വായ്പ്പുണ്ണിന് നല്ലതാണ്. (വാല്യം 2, പു. 50) |
| വയറുവേദന | നഴുകു സസ്യത്തിന്റെ കുരുന്നിലകൾ ചതച്ച് അരിയോടൊപ്പം വറുത്തുണ്ടാക്കുന്ന ചെറിയ കേക്ക് കുട്ടികളിലെ വയറിളക്കത്തിന് ഉത്തമമാണ്. (വാല്യം 2, പു. 81) |
| | പർപ്പടകത്തിന്റെ ഇലയുടെ നീര് നാരങ്ങാനീര് ചേർത്ത് കുട്ടികൾക്ക് നൽകുന്നത് വയറുവേദനയ്ക്ക് ഉത്തമമാണ്. (വാല്യം 9, പു. 55) |
| അപസ്മാരം | കെടങ്ങിന്റെ പൂക്കളിൽ നിന്നെടുക്കുന്ന നീര് ആൺകുട്ടികൾക്കുണ്ടാകുന്ന അപസ്മാരത്തിന് ഉത്തമമാണ്. (വാല്യം 6, പു. 97) |
| | വയമ്പ് അരച്ച് വെള്ളത്തിൽ കലക്കി കുട്ടികളുടെ അപസ്മാരത്തിന് പ്രതിവിധിയായി നൽകുന്നു. (വാല്യം 11, പു. 173) |
| | കുട്ടികൾക്കുണ്ടാകുന്ന അപസ്മാര രോഗത്തിന് ആഞ്ഞിലി മരവാഴ സമൂലം പാടമാറ്റിയ പാൽ, വെണ്ണ ഇവയോടൊപ്പം തിളപ്പിച്ചുപയോഗിക്കുന്നത് ഉത്തമമാണ്. (വാല്യം 12, പു. 4) |
| | ബസളപുല്ലു മരവാഴയുടെ നീര് കുട്ടികളിലെ അപസ്മാരം മൂലമുള്ള കോച്ചിവിറച്ചിലുകൾ ഇല്ലാതാക്കുന്നു. (വാല്യം 12, പു. 101) |

**4.5.14 സാംക്രമിക രോഗങ്ങൾ**

സാംക്രമിക രോഗങ്ങളായ മലേറിയ, കോളറ, ചിക്കൻപോക്സ്, ക്ഷയം, വസൂരി, മന്ത്, സാധാരണയായി കണ്ടുവരാറുള്ള പകർച്ചവ്യാധികൾ തുടങ്ങിയ രോഗങ്ങളും അവയ്ക്കുള്ള ചികിത്സയും ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചവ 'സാംക്രമിക രോഗങ്ങൾ' എന്ന പട്ടിക 4.14 ൽ പട്ടകപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.14**

**സാംക്രമിക രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| പനി (മലേറിയ) | നന്നാറി വേര് പൊടിച്ച് പഞ്ചസാര ചേർത്ത് കഴിച്ചാൽ 4 ദിവസ ത്തിലൊരിക്കൽ ഉണ്ടാവുന്ന പനിക്ക് (മലേറിയ) നല്ലതാണ്. (വാല്യം 10, പു. 125) |
| | അകത്തി ഇലയുടെ ചാറുകൊണ്ട് നസ്യം ചെയ്താൽ വിട്ടുമാറാത്ത ക്വാർട്ടൻ പനി (മലേറിയ) യ്ക്ക് പ്രതിവിധി. (വാല്യം 1, പു. 197) |
| | മലേറിയ വന്നതിനു ശേഷം കുളിക്കുന്നതിന് തന്തലകൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം ഉപയോഗിക്കുന്നു. (വാല്യം 9, പു. 87) |
| | മലേറിയ വന്നതിനു ശേഷം കുളിക്കുന്നതിന് തന്തലകൊട്ടി (2) ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം ഉപയോഗിക്കുന്നു. (വാല്യം 9, പു. 89) |
| | മലേറിയ വന്നതിനു ശേഷം കുളിക്കുന്നതിന് നെല്ലിയ തന്തല കൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം ഉപയോഗിക്കുന്നു. (വാല്യം 9, പു. 91) |
| | മലേറിയ വന്നതിനു ശേഷം കുളിക്കുന്നതിന് വലിയ തന്തല കൊട്ടി ചെടിയിൽ നിന്നുണ്ടാക്കുന്ന കഷായം ഉപയോഗിക്കുന്നു. (വാല്യം 9, പു. 93) |
| കോളറ | ചെറു - ഞൊങ്ങണം പുല്ല് കഷായം വെച്ച് ഉപയോഗിച്ചാൽ കോളറമാറും. (വാല്യം 10, പു. 97) |
| | വയമ്പിന്റെ വേര് കത്തിച്ച് കരിയാക്കി ഉണ്ടാക്കുന്ന ചൂർണ്ണം (പൊടി), വെള്ളം ചേർത്തുപയോഗിക്കുന്നത് കോളറയ്ക്ക് പ്രതി വിധിയാണ്. (വാല്യം 11, പു. 173) |
| | കോളറയ്ക്കെതിരെ മരത്തെ താളിയിൽ നിന്നും ലഭിക്കുന്ന നീര് ഉപയോഗിക്കുന്നു. (വാല്യം 11, പു. 229) |
| | അരയാലിന്റെ വേരിന്റെ തൊലി കഷായമാക്കി കൊടുത്താൽ കോളറയുടെ ശക്തി കുറയും. (വാല്യം 1, പു. 89). |
| | കോളറയ്ക്ക് അകത്തിയില വേവിച്ച് കഴിക്കുന്നു. (വാല്യം 1, പു. 197) |
| | പീച്ചിങ്ങയുടെ വേര് കഷായരൂപത്തിൽ ഉപയോഗിക്കുന്നത് കോളറയെ ചെറുക്കും. (വാല്യം 8, പു. 27) |
| | മുക്കാപ്പിരി കഷായരൂപത്തിൽ കഴിക്കുന്നത് വിയർപ്പും മൂത്രവും വർദ്ധിപ്പിച്ച് കോളറയെ അകറ്റും. (വാല്യം 8, പു. 49) |
| | കോളറയ്ക്ക് പയൊനൊ വിത്തുകൾ ചതച്ച് നേർത്ത പൊടിയെ ടുത്ത് ചൂടുവെള്ളത്തിൽ കഴിക്കുക. (വാല്യം 4, പു. 51) |
| | നിലപ്പന വെള്ളത്തിൽ തിളപ്പിച്ച് കുടിക്കുന്നത് കോളറക്കുള്ള ഒരു പ്രത്യൗഷധമാണ്. (വാല്യം 12, പു. 193) |
| | ചെട്ടിപുല്ലിന്റെ വിത്തുകൾ കിഴികെട്ടി വെള്ളത്തിലിട്ട് തിളപ്പിച്ചു കൊടുക്കുന്നത് കോളറയ്ക്ക് ഫലപ്രദമാണ്. (വാല്യം 12, പു. 252) |
| | കരിഞൊട്ടിയുടെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ (തൈലം) കുടിച്ചാൽ കോളറ ശമിക്കും. (വാല്യം 6, പു. 63) |

| | |
|---|---|
| ചിക്കൻപോക്സ് | ചെമ്പരത്തിയുടെ കുരുന്നിലകൾ ചതച്ച് വെള്ളത്തിലിട്ടു വെച്ച് കുടിക്കുന്നത് ചിക്കൻ പോക്സിന് നല്ലതാണ്. (വാല്യം 2, പു. 45) |
| | വെൺതേക്കിന്റെ ഇലകളും തേനും ചേർത്തുണ്ടാക്കുന്ന കുഴമ്പ് ചിക്കൻ പോക്സിന് കഴിക്കുക. (വാല്യം 4, പു. 107) |
| | ചിക്കൻപോക്സിന് ഉപ്പത്തയുടെ പച്ചകായ്കളും 'അടമ്പോ' ഇലകളും ചേർത്ത് വേവിച്ച് ചതച്ച് വെണ്ണയിൽ ചാലിച്ചുണ്ടാക്കുന്ന മിശ്രിതം പുറമേ പുരട്ടുക. (വാല്യം 4, പു. 167) |
| | ആര്യവേപ്പിലയിട്ട് തിളപ്പിച്ച വെള്ളം കൊണ്ട് കുളിക്കുന്നത് ചിക്കൻപോക്സിൽ നിന്ന് രക്ഷനേടാം. (വാല്യം 4, പു. 191) |
| ക്ഷയം | നിലംപത്തെ വെണ്ണയും ചേർത്ത് തിളപ്പിച്ച് ക്ഷയത്തിന് മരുന്നാണ് (വാല്യം 10, പു. 180) |
| | പഴകിയ ക്ഷയരോഗങ്ങൾക്ക് ഉള്ള പ്രതിവിധിയായി കൊന്നക്കുരുവും പുളിയും പഞ്ചസാരയും ചേർത്ത് നൽകാറുണ്ട്. (വാല്യം 1, പു. 81). |
| | മൊട്ട മോതക്ക ചെടി എണ്ണയിൽ വേവിച്ച് ഉപയോഗിക്കുന്നത് ക്ഷയരോഗികൾക്ക് സഹായകരമാണ്. (വാല്യം 8, പു. 81) |
| | ആഞ്ഞിലിമരവാഴയുടെ വേര് അരച്ച് പുതുതായെടുത്ത തേനും കൂടെ തിളപ്പിച്ചുപയോഗിച്ചാൽ ക്ഷയരോഗത്തെ ചെറുക്കുവാൻ ഉത്തമമാണ്. (വാല്യം 12, പു. 4) |
| വസൂരി | ചെത്തിയുടെ വേര് പശുവിൻ പാലിൽ അരച്ച് വസൂരി വന്ന ഭാഗത്ത് പുരട്ടുന്നത് നല്ലതാണ്. (വാല്യം 2, പു. 29) |
| | താളിയ മരവാഴയുടെ വേര് പൊടിച്ചെടുത്ത് വസൂരി (അഞ്ചാംപനി) യ്ക്ക് എതിരെ ഉപയോഗിക്കുന്നു. (വാല്യം 12, പു. 17) |
| | തേക്ക് മരവാഴയും കൊന്നയുടെ ഇല, ഇഞ്ചി, മുരിങ്ങ തുടങ്ങിയവ ഉണക്കി തീയ്യിൽ ചുട്ടെടുത്ത് വസൂരിക്കെതിരായി ഉപയോഗിക്കുന്നു. (വാല്യം 12, പു. 81) |
| | തോരപ്പയർ വിത്തുകൾ കാടിയിലിട്ട് തിളപ്പിച്ച് വെണ്ണചേർത്തുണ്ടാക്കുന്ന പാനീയം വസൂരിക്കെതിരായി ഉപയോഗിക്കാം. (വാല്യം 6, പു. 47) |
| മന്ത് | ചെറിയമാങ്ങാനാറി ചെടിയും വെളിച്ചെണ്ണയും ചേർത്തുണ്ടാക്കുന്ന ലേപനം മന്തുരോഗത്തെ ശമിപ്പിക്കുന്നു. (വാല്യം 9, പു. 293) |
| പകർച്ച വ്യാധികൾ | കയ്യോന്നി ഗോമൂത്രത്തിൽ ചേർത്ത് ഉപയോഗിക്കുന്നത് സാധാരണ പകർച്ച വ്യാധികൾമാറും. (വാല്യം 10, പു. 151) |

#### 4.5.15 ഉദര രോഗങ്ങൾ

വയറുവേദന, വയറിളക്കം, വയറെരിച്ചിൽ, വയറ്റിലെ നീർക്കെട്ട്, വയറുകടി, വയറു സ്തംഭനം, വയറു പെരുക്കം, ഉദരശൂല, വയർ ശുദ്ധമാക്കാൻ, പുണ്ണ്, കൃമി/വിര ശല്യം തുടങ്ങിയവയാണ് ഉദരരോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ രോഗത്തിനും ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് എന്തെല്ലാം ചികിത്സാ

പദ്ധതികൾ ഹോർത്തൂസ് മലബാറിക്കസ്സിൽ കൊടുത്തിട്ടുള്ളത് എന്നാണ് 'ഉദര രോഗങ്ങൾ' എന്ന പട്ടിക 4.15 ൽ നൽകിയിട്ടുള്ളത്.

**പട്ടിക 4.15**

**ഉദര രോഗങ്ങൾ**

| രോഗം | ചികിൽസ (വാല്യം, പുറം) |
|---|---|
| ഉദരരോഗ ങ്ങൾ | പാലയുടെ തൊലി പൊടിച്ച കഷായം ഓരോ നുള്ള് ഉപ്പും കുരുമുള കുപൊടിയും ചേർത്ത് കൊടുക്കുന്നത് വയറിലെ അസുഖങ്ങൾ ഭേദപ്പെടാൻ സഹായിക്കും. (വാല്യം 1, പു. 169) |
| | പനിച്ചിയുടെ പുറംതോടിന്റെ പൊടിയിൽ തേൻ ചാലിച്ച് കഴിച്ചാൽ വയറ്റിലെ അസുഖം മാറും. (വാല്യം 3, പു. 85) |
| | വള്ളിതെരഗത്തിന്റെ വേര് പിഴിഞ്ഞ് നീർ കുടിച്ചാൽ ഉദരരോഗങ്ങൾ ശമിക്കും. (വാല്യം 3, പു. 150) |
| | സാധാരണ വെള്ളത്തിൽ തയ്യാറാക്കിയ പൊറിഞ്ചി കഷായം കഴി ച്ചാൽ അടിവയർ വേദന മാറും, ശരീരത്തിനകത്തും പുറത്തുമുള്ള അസുഖങ്ങൾ മാറും. (വാല്യം 4, പു. 67) |
| | പുളിപ്പിച്ച പാലിൽ (മോര്) ചെറുതേക്കിൻ പഴം തിരുമ്മിചേർത്ത് കഴിക്കുന്നത് വയറിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാണ്. (വാല്യം 4, പു. 103) |
| | മയിലെള്ളുവിന്റെ പച്ചത്തൊലി പിഴിഞ്ഞെടുക്കുന്ന നീര് തേങ്ങാപ്പാ ലുമായി ചേർത്തു വയറിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് നൽകുക. (വാല്യം 5, പു. 3) |
| | അടക്കാമണിയന്റെ വേര് വെയിലത്തുണക്കി പൊടിച്ച് ഉപയോഗി ച്ചാൽ˘ വയറിന്റെ അസുഖങ്ങൾക്ക് പരിഹാരമാണ്. (വാല്യം 10, പു. 159) |
| | ചെറുവള്ളി കാഞ്ഞിരത്തിന്റെ വേര് കുരുമുളകുമായി ചേർത്ത് ചതച്ച് അതിന്റെ നീര് കഴിച്ചാൽ വയറ്റിലെ അസുഖങ്ങൾ മാറും. (വാല്യം 7, പു. 18) |
| | വയറിന്റെ അസുഖങ്ങൾക്ക് കടലാടി വേര് കഷായം വെച്ച് കുടി ക്കുക. (വാല്യം 10, പു. 282) |
| | ഉദര സംബന്ധമായ രോഗങ്ങൾക്ക് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | കൊടപായലിന്റെ വേരും പുൽത്തൈലവും ചൂടുവെള്ളവും ചേർത്ത് ഉദര രോഗങ്ങൾക്ക് ഉപയോഗിക്കുന്നു. (വാല്യം 11, പു. 112) |
| | കാഞ്ചി വേര് കഷായം വെച്ച് നൽകുന്നത് വയറ്റിലെ നീര് പോകാൻ സഹായിക്കും. (വാല്യം 1, പു. 157) |
| | തേക്കില തേനിൽ ചൂടാക്കിയുണ്ടാക്കുന്ന ഔഷധം വയറിലെ നീർക്കെട്ട് മാറ്റുന്നു. (വാല്യം 4, പു. 95) |
| | വയറ്റിലെ നീര് പോകാൻ ചെറുതേക്കിന്റെ വേര് ഇഞ്ചി, കൊത്തമ്പാ ലരി എന്നിവയിട്ട് കഷായം വെച്ച് കഴിക്കുക. (വാല്യം 4, പു. 103) |
| | പുളിപ്പിച്ച പാലിൽ (മോര്) ചെറുതേക്കിൻ പഴം തിരുമ്മിചേർത്ത് കഴിക്കുന്നത് വയറിലെ നീർക്കെട്ട് നീക്കുന്നു. (വാല്യം 4, പു. 103) |
| വയറുവേദന | പനിച്ചിയുടെ കുരുക്കൾ ആട്ടിയെടുക്കുന്ന എണ്ണ ഇഞ്ചിയും പെരുംജീരകവും ചേർത്ത് ഉപയോഗിക്കുന്നത് വയറുവേദനക്ക് പ്രതിവിധിയാണ്. (വാല്യം 3, പു. 85) |

| | |
|---|---|
| | താമരത്തുകയുടെ പഴച്ചാറ് അടക്കയിട്ടു തിളപ്പിച്ച വെള്ളവും കൂട്ടി കുടിയ്ക്കുന്നത് വയറുവേദന സുഖപ്പെടുത്തും. (വാല്യം 3, പു. 94) |
| | ബിലിമ്പി പഴച്ചാറ് അടക്കയിട്ടു തിളപ്പിച്ച വെള്ളവും കൂട്ടി കുടിയ്ക്കുന്നത് വയറുവേദന സുഖപ്പെടുത്തും. (വാല്യം 3, പു. 98) |
| | ഇഞ്ചിയും ജീരകവും പൊറിഞ്ചിയും ചേർത്ത് തയ്യാറാക്കിയ കഷായം വയർവേദന മാറ്റും. (വാല്യം 4, പു. 67) |
| | കുരണ്ടിയുടെ ഇല പിഴിഞ്ഞെടുത്ത നീര് തൈരിന്റെ തെളിയിൽ ചൂടാക്കി ചെറു ചൂടോടെ തന്നെ കഴിക്കുന്നത് വയറുവേദന അകറ്റും. (വാല്യം 4, പു. 183) |
| | വയറു വേദനയ്ക്ക് കാട്ടുപുഴുക്കൊല്ലി ഔഷധമായി കഴിക്കുവാൻ കൊടുക്കുക. (വാല്യം 6, പു. 83) |
| | പാടനീക്കിയ പാലിൽ തിളപ്പിച്ച കറിക്കണ്ടൽ മരത്തൊലി വയറു വേദനയ്ക്ക് ഉത്തമമാണ്. (വാല്യം 6, പു. 118-119) |
| | മയിലെള്ളുവിന്റെ പച്ചത്തൊലി പിഴിഞ്ഞെടുക്കുന്ന നീര് തേങ്ങാപ്പാലുമായി ചേർത്തു നൽകുക. (വാല്യം 5, പു. 3) |
| | കറുത്ത അമൽചൊരി മരത്തിന്റെ ഇല വെള്ളത്തിൽ തിളപ്പിച്ചുണ്ടാക്കുന്ന കഷായം വയറ്റുവേദന ശമിപ്പിക്കുന്നു. (വാല്യം 5, പു. 125) |
| | പാച്ചോറ്റി വേരിന്റെ തൊലിയും അല്പം ഇശിമയമ്യ ഉം ചതച്ച് വെള്ളത്തിൽ തിളപ്പിച്ച്, ഇഞ്ചിയും ജീരകവും ചേർത്തുണ്ടാക്കുന്ന പാനീയം വയറുവേദന അത്ഭുതകരമാം വിധം ശമിപ്പിക്കും. (വാല്യം 5, പു. 19) |
| | കൊഴുപ്പ ചാറ് പിഴിഞ്ഞ് ചൂടുവെള്ളത്തിൽ ചേർത്ത് കുടിക്കുന്നത് വയറുവേദന ഇല്ലാതാക്കും. (വാല്യം 10, പു. 43) |
| | വയറുവേദനയ്ക്ക് ആനച്ചുവടി ചെടി ജീരകം ചേർത്ത് ചതച്ച് തൈരിലിട്ട് കഴിച്ചാൽ മതി (വാല്യം 10, പു. 27) |
| | വയറു വേദനയ്ക്ക് കുറുന്തോടി തൊലിയും, കറുകപുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്ത് പുരട്ടിയാൽ മതി. (വാല്യം 10, പു. 67) |
| | കൈപ്പച്ചീര നീര് ഇഞ്ചിയും കുരുമുളകും ഉപ്പും ചേർത്ത് കഴിച്ചാൽ വയറുവേദന ശമിക്കും. (വാല്യം 10, പു. 89) |
| | വാടാപ്പൂ ഇലനാരങ്ങയും ചന്ദനവും ചേർന്നുപയോഗിക്കുന്നത് വയറുവേദനയ്ക്ക് ആശ്വാസം നൽകും. (വാല്യം 10, പു. 137) |
| | അടയ്ക്കാ മണിയൻ ചെടിയുടെ വേരൊഴിച്ചുള്ള ഭാഗങ്ങൾ കഷായമാക്കി ഉപയോഗിച്ചാൽ മതി. (വാല്യം 10, പു. 159) |
| | നീർകൊത്തൻപാൽ ചെടിയുടെ ഇല പിഴിഞ്ഞ ചാറ് വയറുവേദന ശമിപ്പിക്കും. (വാല്യം 10, പു. 189) |
| | വയറു വേദനയ്ക്ക് പൂത്തുമ്പയുടെ നീര് നൽകുന്നു. (വാല്യം 10, പു. 231) |
| | കാട്ടുതൃത്താവയുടെ വേര് വാറ്റിയെടുക്കുന്ന എണ്ണ തേച്ച് കുളിക്കുന്നത് വയറു വേദനയ്ക്ക് ഉത്തമമാണ്. (വാല്യം 10, പു. 306) |
| | ചെറിയ നിലച്ചേനയുടെ ഇലകൾ ചേർത്തുണ്ടാക്കുന്ന കഷായം കഴിച്ചാൽ വയറു വേദനയിൽ നിന്ന് ആശ്വാസം ലഭിക്കും. (വാല്യം 11, പു. 57) |
| | വയറു വേദനയ്ക്ക് എള്ളെണ്ണയിൽ വലിയ കുപ്പമേനിയുടെ നീര് ചേർത്ത് പുരട്ടുന്നു. (വാല്യം 10, പു. 296) |
| | കാഞ്ഞിരവേര് കഷായം വെച്ച് കുടിക്കുന്നത് വയറുവേദനയ്ക്ക് പ്രതിവിധിയാണ്.(വാല്യം 1, പു. 137) |
| | കുമ്പുളു ഇലയുടെ ചാറ് മോരിൽ സേവിച്ചാൽ വയറു വേദന മാറും. |

| | |
|---|---|
| | (വാല്യം 1, പു. 153) |
| | അപ്പൽ ഇലയുടെ കഷായം നൽകിയാൽ വായു ശല്യത്താലുണ്ടാകുന്ന വയറുവേദന അകറ്റാം. (വാല്യം 1, പു. 205) |
| | വയറു വേദനയ്ക്ക് കറുവയുടെ തൊലികഷായം ചൂടുവെള്ളത്തിൽ കൊടുക്കുന്നു. (വാല്യം 1, പു. 223) |
| | കറുവയുടെ ഇല പഞ്ചാസാരയും കുരുമുളകും കൂട്ടി കൊടുക്കുക. (വാല്യം 1, പു. 223) |
| | കര-നൊച്ചിയില തിളപ്പിച്ചതിന്റെ ആവി കൊള്ളുന്നത് വയറു വേദന ശമിപ്പിക്കും. (വാല്യം 2, പു. 23) |
| | വയറുവേദനയ്ക്ക് കാട്ടു ജീരകത്തിന്റെ വിത്തുകൾ പൊടിച്ച് ചൂടു വെള്ളത്തൊടൊപ്പം കഴിക്കുക. (വാല്യം 2, പു. 73) |
| | പെരഗു ചെടിയുടെ തളിരില മോരുവെള്ളത്തിലോ വീഞ്ഞിലോ ചേർത്ത് കൊടുക്കുന്നത് കടുത്ത വയറുവേദനയ്ക്ക് നല്ലതാണ്. (വാല്യം 2, പു. 77) |
| | നഴുകു വേര് കഷായമായി തീവ്രമായ വയറുവേദനയ്ക്ക് നൽകുന്നു. (വാല്യം 2, പു. 81) |
| | വയറു വേദനയ്ക്ക് ആവണക്ക് ചെടിയുടെ വേര് കഷായം വെച്ച് കുടിക്കുക (വാല്യം 2, പു. 108) |
| | ആവണക്കെണ്ണ മധുരമുള്ള പാലിനൊപ്പം നൽകുന്നത് വയറുവേദന ശമിപ്പിക്കും. (വാല്യം 2, പു. 108) |
| | ചെറു ചുണ്ടയുടെ വേര് കഷായത്തോടൊപ്പം ഒരൽപം ഏലയ്ക്ക ചേർത്ത് കഴിക്കുന്നത് വയറു വേദന മാറ്റുന്നു. (വാല്യം 2, പു. 125) |
| | തിരു - കള്ളിയുടെ വേര് കഷായം വയറുവേദന ശമിപ്പിക്കും. (വാല്യം 2, പു. 159) |
| | വയറുവേദനയ്ക്ക് പയൊനൊ വിത്തുകൾ ചതച്ച് നേർത്ത പൊടിയെടുത്ത് ചൂടുവെള്ളത്തിൽ കഴിക്കുക. (വാല്യം 4, പു. 51) |
| | വിതിമരത്തിന്റെ തൊലി ചതച്ചു പിഴിഞ്ഞെടുക്കുന്ന നീര് കാടിവെള്ളവും തേങ്ങാപ്പാലും ചേർത്ത് കഴിക്കുന്നത് കഠിനമായ വയറുവേദന ശമിപ്പിക്കുന്നു. (വാല്യം 4, പു. 131) |
| | ആനത്താളി - മരവാഴ സമൂലം പറിച്ചെടുത്ത ഉടൻ ഇടിച്ചുപിഴിഞ്ഞ് എടുക്കുന്ന നീര് എല്ലാത്തരം വയറുവേദനയും നിർത്തും. (വാല്യം 12, പു. 27) |
| | വാരപുല്ലിന്റെ നീരെടുത്ത് മൊസ്കാറ്റയുടെയും രാമക്കൂവയുടെയും കൂടെ ചാരായത്തിൽ ചേർത്ത് കഴിച്ചാൽ ഉദരവേദന മൃദുവാക്കി അത്ഭുതകരമായ രീതിയിൽ വേദന ശമിപ്പിക്കുന്നു. (വാല്യം 12, പു. 145) |
| | ഈരസസ്യത്തിന്റെ ഇലകൾകൊണ്ടുണ്ടാക്കിയ കഷായം ഉദരവേദന ശമിപ്പിക്കുന്നു. (വാല്യം 12, പു. 180) |
| | ഈരസസ്യത്തിന്റെ ഇലകൾകൊണ്ടുണ്ടാക്കിയ കഷായം ഉദരവേദന ശമിപ്പിക്കുന്നു. (വാല്യം 12, പു. 183) |
| | രാമച്ചം കഷായമാക്കിയോ ഔഷധക്കൂട്ടായോ വയറുവേദനയ്ക്ക് ഉപയോഗിക്കുന്നു. (വാല്യം 12, പു. 231) |
| | തെനപുല്ല് വെള്ളത്തിൽ തിളപ്പിച്ച് കുടിക്കുന്നത് ഉദര വേദനയെ ശമിപ്പിക്കും. (വാല്യം 12, പു. 256) |
| | തന്തലകൊട്ടി ഇടിച്ചുപിഴിഞ്ഞ് വൈൻ (മുന്തിരിച്ചാറ്) ചേർത്ത് കുടിച്ചാൽ വയറുവേദന മാറിക്കിട്ടും. (വാല്യം 9, പു. 87) |
| | തന്തലകൊട്ടി (2) ഇടിച്ചുപിഴിഞ്ഞ് വൈൻ (മുന്തിരിച്ചാറ്) ചേർത്ത് കുടിച്ചാൽ വയറുവേദന മാറിക്കിട്ടും. (വാല്യം 9, പു. 89) |
| | നെല്ലിയ തന്തലകൊട്ടി ഇടിച്ചുപിഴിഞ്ഞ് വൈൻ (മുന്തിരിച്ചാറ്) |

| | |
|---|---|
| | ചേർത്ത് കുടിച്ചാൽ വയറുവേദന മാറിക്കിട്ടും. (വാല്യം 9, പു. 91) |
| | വലിയ തന്തലകൊട്ടി ഇടിച്ചുപിഴിഞ്ഞ് വൈൻ (മുന്തിരിച്ചാറ്) ചേർത്ത് കുടിച്ചാൽ വയറുവേദന മാറിക്കിട്ടും. (വാല്യം 9, പു. 93) |
| | കൊടാചാരി ഇലകൾ കാടിയിലരച്ചോ തിളപ്പിച്ചോ കൊടുത്താൽ വയറുവേദന ശമിക്കും. (വാല്യം 9, പു. 230) |
| | തെറ്റി - മന്ദാരം/ചെത്തിമന്ദാരത്തിന്റെ ഇല പിഴിഞ്ഞെടുത്ത നീര് സെദാങ്ങു (രെലറമിഴൗ) വിന്റെ ഇലയുടെ നീരുമായി ചേർത്ത് ഒരു കവിൾ (ചെറിയൊരളവ്) കുടിച്ചാൽ വയറുവേദന മാറും. പ്രത്യേകിച്ച് വേദനയുടെ കാഠിന്യം കൊണ്ട് കൈ രണ്ടും മേൽപ്പോട്ടുയർത്തി നിവർന്നു നിൽക്കുന്ന രോഗികൾക്ക് വളരെ ഉത്തമമാണ്. (വാല്യം 6, പു. 3) |
| | ഇഞ്ചയുടെ ഇലയിലേയും മരത്തൊലിയിലെയും നീര് അല്പാല്പം ഉപ്പ് ചേർത്ത് കഴിച്ചാൽ വയറുവേദന ശമിക്കുന്നു. (വാല്യം 6, പു. 15) |
| | മുരിക്കിന്റെ ഇലയും ശർക്കര/പനംകൽക്കണ്ടം അല്ലെങ്കിൽ പനയിൽ നിന്നെടുക്കുന്ന 'സുര' ചേർത്തരച്ച് ഗുളികകളാക്കി കഴിക്കുന്നത് വിശപ്പുമൂലമുണ്ടാകുന്ന വയറുവേദനയ്ക്ക് ഉത്തമമാണ്. (വാല്യം 6, പു. 27) |
| | കുരുമുളകിന്റെ കായ പൊടിച്ച് ചൂടുവെള്ളത്തിലിട്ടു കുടിക്കുന്നത് വയറുവേദനക്ക് ഉത്തമമാണ്. (വാല്യം 7, പു. 47) |
| | കറുവയുടെ ഇലയിൽ നിന്നുള്ള എണ്ണയും വെള്ളവും പുരട്ടുന്നത് വയറു വേദനയ്ക്ക് നല്ലതാണ്. (വാല്യം 1, പു. 223) |
| | കടുത്ത വയറുവേദനയ്ക്ക് മോതിരക്കണ്ണി വേര് ചതച്ച് പുരുട്ടുക (വാല്യം 2, പു. 53) |
| | വയറു വേദനയ്ക്ക് കുറുന്തോട്ടി തൊലിയും, കറുകപുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്ത് പുരട്ടിയാൽ മതി. (വാല്യം 10, പു. 67) |
| | നഴുകു വേര് കഷായമാക്കി കൊടുക്കുന്നത് വയറുവേദന തടുക്കുന്നു. (വാല്യം 2, പു. 81) |
| | വയറു വേദനയ്ക്ക് കുറുന്തോട്ടി തൊലിയും, കറുകപുല്ലും ചേർത്ത് ചതച്ച് വെണ്ണയും മുലപ്പാലും ചേർത്ത് പുരട്ടിയാൽ മതി. (വാല്യം 10, പു. 67) |
| വയറിളക്കം | നെല്ലിപുളിയുടെ (അരി നെല്ലി) വേരിന്റെയും തടിയുടെയും തൊലി കടുകും ജീരകവും ചേർത്ത് കഴിക്കുന്നത് വയറിളക്കം മാറാൻ സഹായിക്കുന്നു. (വാല്യം 3, പു. 101) |
| | നെല്ലിപുളിയുടെ (അരി നെല്ലി) വേരിന്റെയും തടിയുടെയും തൊലി കടുകും ജീരകവും കൂടം താമരത്തൊങ്ക കായും ചേർത്ത് കഴിക്കുന്നത് വയറിളക്കം നിർത്താൻ ഏറെ ഫലപ്രദമാണ്. (വാല്യം 3, പു. 101) |
| | വെളുത്ത ചമ്പകത്തിന്റെ കായ് തിളപ്പിച്ച് തേൻ ചേർത്ത് കഴിച്ചാൽ വയറിളകും. (വാല്യം 3, പു. 115) |
| | അത്തിമീരാലിന്റെ കായയ്ക്ക് വയറിളക്കം തടയാൻ കഴിയും. (വാല്യം 3, പു. 135) |
| | അങ്കോലത്തിന്റെ വേര് വയറിളക്കുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 4, പു. 91) |
| | കുരണ്ടിയുടെ ഇല പിഴിഞ്ഞെടുക്കുന്ന നീര് തൈരിന്റെ തെളിയിൽ ചൂടാക്കി ചെറുചൂടോടെ തന്നെ കഴിക്കുന്നത് വയറിളക്കം (diarrhoea and dysentery) ഇല്ലാതാകുന്നു. (വാല്യം 4, പു. 183) |

| | |
|---|---|
| | താർത്താവെൽ ചെടിയുടെ നീർ വെണ്ണ ചേർത്ത് തിളപ്പിച്ചു കുടിക്കുന്നത് ദഹനക്കേട് മൂലമുണ്ടാകുന്ന വയറിളക്കിന് നല്ലതാണ്. (വാല്യം 9, പു. 264) |
| | മൂപ്പെത്താത്ത നൂൽവള്ളി വിത്തുകൾ തിന്നാൽ ചെറിയ വേദനയോടുകൂടി വയറിളകുന്നു. (വാല്യം 6, പു. 79) |
| | ഞെരിക്കും പുളിയുടെ ഇല പിഴിഞ്ഞെടുത്ത നീര് കുരുമുളകും ഇഞ്ചിയും, പാലും തേങ്ങാപ്പാലും ചേർത്തുണ്ടാക്കുന്ന മിശ്രിതം വയറിളക്കം ശമിപ്പിക്കുന്നു. (വാല്യം 6, പു. 151) |
| | ബെലോരെയുടെ ഇലകൾ പൊടിച്ചത് കുടലുകൾക്ക് പഥ്യമല്ല. ഇത് ശക്തമായ വയറിളക്കം ഉണ്ടാക്കുന്നു. (വാല്യം 6, പു. 155) |
| | ബടുക്കയുടെ ഇലയും പൂക്കളും തിളപ്പിച്ചെടുത്ത വെള്ളം വയറിളക്കുവാൻ ഉപയോഗിക്കുന്നു. (വാല്യം 6, പു. 203) |
| | മാവിൻ തൊലി ചതച്ച് പിഴിഞ്ഞെടുത്ത നീരും മുട്ടയുടെ വെള്ളയും തുല്യ അളവിൽ കറുപ്പും ചേർത്ത് കഴിക്കാൻ കൊടുക്കുന്നത് വയറിളക്കത്തിനും മല വിസർജ്ജനത്തിനുള്ള പ്രയാസത്തിനും പ്രതിവിധിയാണ്. (വാല്യം 4, പു. 4) |
| | കൊന്നക്കുരുവും പുളിയും പഞ്ചസാര ചേർത്ത് വിരേചനൗഷധമായി ഉപയോഗിക്കുന്നു.(വാല്യം 1, പു. 81). |
| | കൊന്നയുടെ കായ് കഷായമാക്കി കഴിച്ചാൽ വിരേചനം(വയറിളക്കം) ഉണ്ടാകും. (വാല്യം 1, പു. 77). |
| | ചുവന്ന മന്താരത്തിന്റെ പൂക്കൾ കഴിച്ചാൽ വിരേചന മുണ്ടാകും. (വാല്യം 1, പു. 121). |
| | കാഞ്ഞിരത്തിന്റെ വേരിന്റെ കഷായം വിരേചനൗഷദമാണ്. (വാല്യം 1, പു. 137) |
| | വയറിളക്കത്തിന് പാലമരത്തിന്റെ തൊലി പൊടിച്ച് കഷായമാക്കി നൽകുക. (വാല്യം 1, പു. 169) |
| | ചുവന്ന മന്താരത്തിന്റെ പൂക്കൾ  കഷായമാക്കി പഞ്ചസാര ചേർത്ത് കഴിച്ചാൽ വിരേചനം ഉണ്ടാകുന്നു. (വാല്യം 1, പു. 117). |
| | ചകിരി കൊട്ടം പൂക്കളുടെ ചാറ് പഞ്ചസാര ചേർത്ത് കഴിക്കുക. (വാല്യം 1, പു. 217) |
| | തണുപ്പുമൂലമുള്ള വയറിളക്കത്തിന് കറുവയുടെ തൊലികഷായം ചൂടുവെള്ളത്തിൽ കൊടുക്കുക. (വാല്യം 1, പു. 223) |
| | ലിയന്റേരിയ (ദഹിക്കാത്ത ഭക്ഷണം ദ്രവ രൂപത്തിൽ പോകുന്ന വയറിളക്കം) എന്ന രോഗത്തിന് പെരഗു ഇലയുടെ നീര് നല്ലതാണ്. (വാല്യം 2, പു. 77) |
| | ആനച്ചുവടി ചെടി ജീരകം ചേർത്ത് ചതച്ച് തൈരിലിട്ട് കഴിക്കുക. വയറിളക്കം ശമിക്കും.  (വാല്യം 10, പു. 27) |
| | ചെത്തിക്കൊടുവേലി വേര് ചതച്ച് തൈരിൽ കലക്കി കഴിച്ചാൽ വയറിളക്കം മാറും. (വാല്യം 10, പു. 35) |
| | കരാന്തകാളി ചെടി പാട നീക്കിയ പാലിൽ തിളപ്പിച്ചുപയോഗിച്ചാൽ വയറിളക്കം മാറും. (വാല്യം 10, പു. 78) |
| | നന്നാറി വെള്ളത്തിൽ ചേർത്ത് കുടിച്ചാൽ വയറിളക്കത്തിന് നല്ലതാണ്. (വാല്യം 10, പു. 125) |
| | കട്ടിയുള്ള മോര് /അതായത് തൈരിൽ കൊടങ്ങൽ ചതച്ച് കലക്കി കൊടുത്താൽ വയറിളക്കം മാറും. (വാല്യം 10, പു. 168) |
| | വയറിളക്കത്തിന് കഞ്ചാവ് ചെടിയുടെ ഇലകൾ വെയിലത്ത് ഉണക്കി പൊടിച്ച് നൽകുന്നത് ഫലപ്രദമാണ്.  (വാല്യം 10, പു. 220) |
| | വയറിളക്കത്തിന് കീഴാർ നെല്ലി ഉള്ളിയും ചേർത്ത് ചതച്ച് നീര് കുടിക്കുക. (വാല്യം 10, പു. 58) |

| | |
|---|---|
| | നാഗദന്തി (നാഗനന്തി) യുടെ മണമേൽക്കുന്നത് വിരേചനം വയറിളക്കൽ ഉണ്ടാക്കുന്നു. (വാല്യം 10, പു. 276) |
| | നഞ്ചറ - കഞ്ചാവ് നല്ലൊരു വിരേചനൗഷധമായി ഉപയോഗിക്കുന്നു. (വാല്യം 10, പു. 185) |
| | കഞ്ചാവ് ചെടിയുടെ ഇലകൾ വെയിലത്ത് ഉണക്കിപൊടിച്ച് നൽകുക. (വാല്യം 10, പു. 220) |
| | കടലാടി വേര് നെയ്യിൽ പൊടിച്ച് ചേർത്ത് വേവിച്ചുപയോഗിക്കുക. (വാല്യം 10, പു. 282) |
| | വയറിളക്കമുള്ളപ്പോൾ മഞ്ഞക്കൂവയുടെ വേരിലെ നീര് പിഴിഞ്ഞു കൊടുത്താൽ മതി. (വാല്യം 11, പു. 32) |
| | വയറിളക്കത്തിന് കൊടപായലിന്റെ ഇലകൾ പൊടിച്ച് ചോറും തേനുംപാലും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 112) |
| | കുരുട്ടു പാലയുടെ വേരിന്റെ തൊലി ചതച്ചിട്ട് ചൂടാക്കിയ വെള്ളം കുടിച്ചാൽ വയറിളക്കം നിൽക്കും. (വാല്യം 1, പു. 173) |
| | കൊടക പാലയുടെ തൊലി പൊടിച്ച് മോര് ചേർത്ത് കഴിച്ചാൽ വയറിളക്കം നില്ക്കും. (വാല്യം 1, പു. 177) |
| | കൈത വേര് കഷായം വയറിളക്കം മാറ്റുന്നു. (വാല്യം 2, പു. 5) |
| | വയറിളക്കം നിർത്താൻ കലശമരപ്പട്ട ചതച്ച് നീരെടുത്ത് കഴിക്കുക. (വാല്യം 4, പു. 115) |
| | വയറിളക്കം നിർത്താൻ വെങ്കലശമരപ്പട്ട ചതച്ച് നീരെടുത്ത് കഴിക്കുക. (വാല്യം 4, പു. 123) |
| | കാഞ്ഞിരമരവാഴ സമൂലം പൊടിച്ച് ഇഞ്ചിയുടെ കൂടെ വെള്ളത്തിൽ കലക്കി കൊടുത്താൽ ഛർദ്ദിയും വയറിളക്കവും ഉത്തേജിക്കപ്പെടും. (വാല്യം 12, പു. 31) |
| | താമപൂവ്വൽ പച്ച മരവാഴ സമൂലം വെള്ളത്തിലിട്ടു തിളപ്പിച്ചെടുക്കുന്ന കഷായം തേങ്ങാപാലു ചേർത്ത് കഴിക്കുന്നത് വയറിളക്കം നിർത്തും. (വാല്യം 12, പു. 51) |
| | നെല-പന്ന മരവാഴയുടെ വേര് പൊടിയാക്കി പശുവിൻ പാലിൽ സേവിച്ചാൽ വയറിളക്കം ഭേദമാകും. (വാല്യം 12, പു. 68) |
| | ചടയൻ ചീരയുടെ പൂക്കൾ ഇഞ്ചി, ഏലം എന്നിവയുടെ കൂടെ മോരു ചേർത്ത് വയറിളക്കത്തിനുള്ള പ്രതിവിധിയായി നൽകുന്നു. (വാല്യം 12, പു. 128) |
| | കരിവിലാണ്ടിയുടെ ദൃഢമായ കിഴങ്ങ് മഞ്ഞളിന്റെ കൂടെയരച്ച് നല്ലെണ്ണയിൽ മൂപ്പിച്ചെടുത്തത് വയറിളക്കം ശമിപ്പിക്കും. (വാല്യം 7, പു. 115) |
| | ഇഞ്ചി അഥവാ കുരുമുളക് എലഡെർന്നേയുടെ ഇലയിൽ നിന്നുള്ള എണ്ണചേർത്തോ അഥവാ തേനിൽ മുക്കിയോ ഉപയോഗിച്ചാൽ വയറിളക്കം ശമിക്കും. (വാല്യം 7, പു. 115) |
| | പാടക്കിഴങ്ങിന്റെ വേര്, പാടമാറ്റിയ പാൽ, ജീരകം എന്നിവയുടെ കൂടെ ഉപയോഗിച്ചാൽ വയറിളക്കം മാറും. (വാല്യം 7, പു. 181) |
| | ഏതു തരം വയറിളക്കവും നിർത്താൻ മാവിൻ പശയും സ്വല്പം കറുപ്പും കുരുമുളകും കൂട്ടിച്ചേർത്ത് ഗുളികയാക്കി കഴിക്കാൻ കൊടുക്കാറുണ്ട്. (വാല്യം 4, പു. 4) |
| | കൈപ-ജാംബു കായ്കളുടെ പരിപ്പെടുത്ത് പൊടിച്ച് ആട്ടിൻകാഷ്ഠം, കൽക്കണ്ടം, വെണ്ണ എന്നിവയിൽ ചാലിച്ച് കഴിച്ചാൽ വയറിളക്കം മാറും. (വാല്യം 4, പു. 17) |
| | ആവണക്കിൻ കായ് വറുത്ത് പൊടിച്ച് മധുരം ചേർത്ത് കൊടുക്കുന്നത് വിരേചകമാണ്. (വാല്യം 2, പു. 108) |
| | ആവണക്കിന്റെ വിത്തിൽ നിന്നെടുക്കുന്ന എണ്ണ (ആവണക്കെണ്ണ) |

| | |
|---|---|
| | വിരേചനൗഷധമാണ്. (വാല്യം 2, പു. 108) |
| | ആവണക്കെണ്ണ മധുരമുള്ള പാലിനൊപ്പം കഴിക്കുന്നത് വിരേചനം നിർത്താൻ സഹായിക്കുന്നു. (വാല്യം 2, പു. 108) |
| | കടൽ ആവണക്കിന്റെ ഇലകൾ ചതച്ച് വെള്ളത്തോടൊപ്പം ചേർത്ത് കുടിക്കുന്നത് വിരേചനത്തിന് സഹായകമാണ്. (വാല്യം 2, പു. 113) |
| | കടലാവണക്കിന്റെ ഒരു വിത്ത് മുഴുവൻ പൊടിച്ച് വെള്ളത്തോടൊപ്പം കഴിക്കുന്നത് വിരേചകമാണ്. (വാല്യം 2, പു. 113) |
| | ചതുരകള്ളിയുടെ വേർതൊലി ചതച്ച് വെള്ളത്തോടൊപ്പം കഴിക്കുന്നത് വിരേചകമാണ്. (വാല്യം 2, പു. 151) |
| | ഇലകള്ളിയുടെ പാല് വെണ്ണ ചേർത്ത് പാകം ചെയ്ത് കൊടുക്കുന്നത് ലഘുവായും സൗമ്യമായും വയറിളക്കാൻ സഹായിക്കുന്നു. (വാല്യം 2, പു. 155) |
| | തിരുകള്ളി പാല്, വെണ്ണയോടൊപ്പം കൊടുക്കുന്നത് വിരേചകമാണ്. (വാല്യം 2, പു. 159) |
| | കരാമ്പൂ കഷായ വിരേചകമായും ഉപയോഗിക്കുന്നു. (വാല്യം 2, പു. 179) |
| | പടവലത്തിന്റെ വേരിൽ നിന്നും പിഴിഞ്ഞെടുക്കുന്ന നീര് രണ്ട് ഔൺസ് കഴിക്കുന്നത് വിരേചനത്തിന് നല്ലതാണ്. (വാല്യം 8, പു. 57) |
| | പനിച്ചിയുടെ കുരുക്കൾ ആട്ടിയെടുക്കുന്ന എണ്ണ ഇഞ്ചിയും പെരുംജീരകവും ചേർത്ത് വയറിളക്കാൻ ഉപയോഗിക്കുന്നു. (വാല്യം 3, പു. 83) |
| വയറെരിച്ചിൽ | ഈന്തിന്റെ ഇലപിഴിഞ്ഞ നീര് വയറെരിച്ചിലിന് ഉപയോഗിക്കുന്നു. (വാല്യം 3, പു. 27) |
| | തെരഗത്തിന്റെ (പാറോത്ത്) വേര് വിനാഗിരിയിൽ ചതച്ച് വെറും വയറ്റിൽ കഴിച്ചാൽ വയറെരിച്ചിൽ ഭേദപ്പെടും. (വാല്യം 3, പു. 143) |
| | ശംഖുപുഷ്പം വാറ്റ്പുല്ല് തിപ്പലി ഇവ ചേർത്ത് കൊടുത്താൽ പച്ച നിറമുള്ള വയറിളക്കം മാറും. (വാല്യം 9, പു. 192) |
| | കര - ചുള്ളിയുടെ കഷായം അല്പം ചേർത്ത് കഴിക്കുന്നത് വയറ്റിലെ മുഴകൾ മാറ്റാൻ നല്ലതാണ്. (വാല്യം 2, പു. 171) |
| | പൂ പരിത്തിയുടെ ഇലകൾ പുണ്ണ് ഭേദമാകുന്നതിന് ഫലപ്രദമാണ്. (വാല്യം 1, പു. 105). |
| ഉദരശക്തി | പഴുത്ത പേരയ്ക്ക കഴിക്കുന്നത് വയറ്റിലെ കട്ടി കുറയ്ക്കുന്നു. (വാല്യം 3, പു. 59) |
| | പഴുത്ത മലാക്ക പേരയ്ക്ക കഴിക്കുന്നത് വയറ്റിലെ കട്ടി കുറയ്ക്കുന്നു. (വാല്യം 3, പു. 61) |
| | ചെറു കാട്ടുനാരകത്തിന്റെ ഉണങ്ങിയ പഴങ്ങൾ വയറിനു ബലം കൊടുക്കുന്നു. (വാല്യം 4, പു. 47) |
| | പയൊനൊ വിത്തുകൾ ചതച്ച് നേർത്ത പൊടിയായെടുത്ത് ചൂട് വെള്ളത്തിൽ കലക്കി കഴിക്കുന്നത് വയറിനെ ബലപ്പെടുത്തുന്നു. (വാല്യം 4, പു. 51) |
| | പെരിൻ - കാര ഫലം വയറിന് ബലം നൽകുന്നു. (വാല്യം 4, പു. 74) |
| | നീറ്റി തൊട്ടാവാടി കഷായം വെച്ച് കുടിച്ചാൽ വയറിന് നല്ല ബലം കിട്ടും. (വാല്യം 9, പു. 67) |
| | കഴെറ്റിപരിപ്പ് പൊടിച്ച് വീഞ്ഞിനോടൊപ്പം കഴിക്കുന്നത് ആരോഗ്യമില്ലാത്ത ഉദരത്തെ ശക്തിപ്പെടുത്തുന്നു (വാല്യം 2, പു. 66) |
| വയറുകടി | ഇരുവേലി യുടെ എണ്ണ ചൂടുവെള്ളം ചേർത്ത് കുടിക്കുന്നത് കടുത്ത വയറുകടിയ്ക്ക് പ്രതിവിധിയാണ്. (വാല്യം 9, പു. 259) |

| | |
|---|---|
| | വെളുത്ത കനെലിയുടെ ഉണക്കിപൊടിച്ച ഇല തുല്ല്യ അളവിൽ മോരിൽ ചേർത്തു കൊടുത്താൽ വയറുകടി ശമിക്കും. (വാല്യം 5, പു. 76) |
| | പെരിൻ ഞാറയുടെ ഉണങ്ങിപ്പൊടിച്ച വേര് നൽകുന്നത് വയറുകടിയെ ശമിപ്പിക്കും. (വാല്യം 5, പു. 109) |
| ഉദരസ്തംഭനം | ചെറുകാട്ടുനാരകത്തിന്റെ ഉണങ്ങിയ പഴങ്ങൾ വയർ സ്തംഭനമില്ലാതാക്കും. (വാല്യം 4, പു. 47) |
| | താളിയ മരവാഴയുടെ ഇലകളിൽ നിന്ന് എടുക്കുന്ന ചാറ് തേനിന്റെ കൂടെ ചേർത്തുപയോഗിക്കുന്നത് വയറിന്റെ സ്തംഭനമൊഴിവാക്കി ശോധനയുണ്ടാകാനുത്തമമാണ്. (വാല്യം 12, പു. 17) |
| | ആനത്താളി മരവാഴ സമൂലം പറിച്ചെടുത്ത ഉടനെ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീര് ഉപയോഗിക്കുന്നത് ഉദരസ്തംഭനം ഇല്ലാതാക്കും. (വാല്യം 12, പു. 27) |
| | തഴുതാമ വേരിന്റെ തൊലി, ജീരകം, മോര് എന്നിവ ചേർത്തുണ്ടാക്കിയ പാനീയം ഉദരസ്തംഭനം ഒഴിവാക്കുന്നു. (വാല്യം 7, പു. 199 -200) |
| വയർ പെരുക്കം | നാകമരത്തിലയുടെ നീര് വെളിച്ചെണ്ണയും ചേർത്ത് വയറ്റിൽ പുരട്ടിയാൽ (വയർ) ഉരുണ്ടുയരുന്നത് മാറിക്കിട്ടും. (വാല്യം 6, പു. 75) |
| | ഈസ്വരമൂരിയുടെ വേരിൽ നിന്നെടുക്കുന്ന നീർ വയറുപെരുക്കം മാറ്റാനുള്ള സിദ്ധൗഷധമാണ്. (വാല്യം 6, പു. 109) |
| | നിരൂരിയുടെ വേര് ചതച്ച് അടിവയറ്റിൽ പുരട്ടുന്നത് വയർ പെരുക്കത്തിന് നല്ലതാണ്. (വാല്യം 2, പു. 85) |
| ഉദരശൂല | ചെകാട്ടിയുടെ വേര് വയറിൻ മേൽ രക്ഷാകവചം പോലെ (മാൗഹലഭ) കെട്ടിയാൽ ഉദരശൂല ശമിക്കും. (വാല്യം 5, പു. 187) |
| | കാട്ടു കറുവയുടെ തൊലിയുടെ വേരും ഏലക്കായും മൊസ്കാറ്റ പരിപ്പ് (Muschat nut) കൂടി തിളപ്പിച്ചുണ്ടാക്കുന്ന പാനീയം ഉദരശൂല ശമിപ്പിക്കും. (വാല്യം 5, പു. 206) |
| | അശോകമരത്തിന്റെ ഇലകൾ ചതച്ചെടുക്കുന്ന നീര് ജീരകപ്പൊടിയും ചേർത്ത് നൽകിയാൽ ഉദരശൂലകാരണമായുള്ള വേദന മാറും. (വാല്യം 5, പു. 230-231) |
| | കൈക്കൊത്തെൻ പാല ചെടി മോരിലരച്ചു കൊടുത്താൽ ഉദരശൂല (instestinal colic) ശമിക്കും. (വാല്യം 10, പു. 121) |
| ഉദരശുദ്ധി | ഈന്തിന്റെ ഇളം കായ്കൾ തിളപ്പിച്ചുണ്ടാക്കുന്ന ഒരു മരുന്ന്, ഛർദ്ദിപ്പിച്ച് വയർ ശുദ്ധമാക്കുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 3, പു. 27) |
| | അമിതമായി വെള്ളം കുടിച്ച് വയറു വീർത്താൽ വിളയാക്കകായ് ഇഞ്ചിയുമായി വെള്ളത്തിലിട്ടു തിളപ്പിച്ച് ഉപയോഗിക്കുന്നത് വയർ മയപ്പെടുത്താൻ നന്നായിരിക്കും. (വാല്യം 3, പു. 43) |
| | തെരഗത്തിന്റെ (പാറോത്ത്) വേര് വിനാഗിരിയിൽ ചതച്ച് വെറും വയറ്റിൽ കഴിക്കുന്നത് വയർ തണുപ്പിക്കുന്നതിന് നല്ലതാണ്. (വാല്യം 3, പു. 143) |
| | വയർ ചുരുങ്ങാൻ വിതിമരത്തിന്റെ പഴുത്ത ഫലങ്ങൾ കഴിക്കുക. (വാല്യം 4, പു. 131) |
| | കരിവെട്ടി ഇല പിഴിഞ്ഞെടുത്ത നീര് തൈരിന്റെ തെളിയും ചേർത്ത് കഴിക്കുന്നത് ഛർദ്ദിയുണ്ടാക്കി കഫവും പിത്തസ്രാവവുമെല്ലാം ഛർദ്ദിച്ചു കളഞ്ഞ് വയർ ശുദ്ധമാക്കുന്നു. (വാല്യം 4, പു. 199) |
| | ചുവന്ന മൊതല മൂക്കുവിന്റെ വേര് ചൂടുവെള്ളത്തിലുപയോഗിച്ചാൽ വയർ ഒഴിപ്പിച്ച് ഉദരശുദ്ധിയുണ്ടാക്കുന്നു. (വാല്യം 12, പു. 249) |

| | |
|---|---|
| | ചുവന്ന മൊതല മുക്കുവിന്റെ ഇലയുടെ കഷായം തൈരിന്റെ കൂടെ ഉപയോഗിച്ചാൽ ഉദരത്തിലെ പൊള്ളൽ ചുരുങ്ങിപ്പോകും. (വാല്യം 12, പു. 249) |
| | വയറൊഴിഞ്ഞ് പോകുന്നതിനായി പഞ്ചസാരയും മുയൽച്ചെവി പിഴി ഞ്ഞെടുത്ത നീരും ചേർത്ത് നൽകുന്നു. (വാല്യം 10, പു. 248) |
| | നാഗദന്തി/നാഗ നന്തി എന്ന് ചെടിയുടെ വേര്, ഇല, കായ എന്നി വയ്ക്ക് എല്ലാംതന്നെ വയറു (ഉദരം) ശുദ്ധീകരിക്കാനുള്ള കഴിവു ണ്ട്. (വാല്യം 10, പു. 276) |
| | ആനമുള്ളിന്റെ ഇലയും കാടിവെള്ളവും പാടമാറ്റിയ പാലും കൂട്ടി ചൂടാക്കിയ വെള്ളംകൊണ്ട് കുളിക്കുന്നത് ലിംമ്മാറ്റിക് (Extra rasted lymph) ദ്രാവകത്തിന്റെ അതിസ്രാവം മൂലമോ, ഗ്യാസ് മൂലമോ വയർ ചീർക്കുന്നത് ഭേദമാക്കുന്നു. (വാല്യം 8, പു. 144) |
| മഹോദരം | ബഹെൽ ചുള്ളിയുടെ വേർ കഷായം വയറിന്റെ വീക്കം (മഹോദ രം) കുറക്കുന്നു. (വാല്യം 2, പു. 163) |
| | ഫൈക്കസ് ഇൻഫെർണി എന്ന ചെടിയുടെ തൈലത്തോടൊപ്പം ബഹൽ ചുള്ളിയുടെ വേർ കഷായം കുടിക്കുന്നത് മഹോദരത്തിന് ഗുണകരമാണ്. (വാല്യം 2, പു. 164) |
| | ചെംതാന്നിയുടെ തൊലി മഹോദരത്തിന് പ്രതിവിധിയാണ്. (വാല്യം 4, പു. 35) |
| | കൂവയില നീർ കുടിക്കുന്നത് വയർ വീർക്കുന്നത് കുറക്കുന്നു. (വാല്യം 11, പു. 21) |
| കൃമിശല്യം | മുള്ളില കായ് പഞ്ചസാരയിലോ തേനിലോ സൂക്ഷിച്ചുവെച്ച് കൃമി കളെ നശിപ്പിക്കാൻ ഉപയോഗിക്കുന്നു. (വാല്യം 5, പു. 130) |
| | പപ്പായയുടെ കായ്കൾ കൃമിയുടെ ഉപദ്രവം ഇല്ലാതാക്കാൻ ഉപ യോഗിക്കുന്നു. (വാല്യം 1, പു. 50). |
| | അങ്കോലമരത്തിന്റെ വേരെടുത്ത് ചതച്ച് നീര് കഴിക്കുന്നത് കൃമി ശല്യം ഇല്ലാതാകും. മലത്തേയും കഫത്തേയും പുറന്തള്ളുന്നു. (വാല്യം 4, പു. 59) |
| വിരശല്യം | വായിലും മറ്റുമുണ്ടാകുന്ന പുണ്ണിലുണ്ടാവുന്ന വിരകളെ കൊല്ലാൻ തുമ്പ ഫലപ്രദമാണ്. (വാല്യം 10, പു. 324) |
| | വിരകളെ നശിപ്പിക്കാൻ മോതിരക്കണ്ണി വേര് ചതച്ച് പുരട്ടുക. (വാല്യം 2, പു. 53) |
| | കാട്ടു ജീരകത്തിന്റെ വിത്തുകൾ പൊടിച്ച് ചൂടുവെള്ളത്തോടൊപ്പം കഴിക്കുന്നത് കുട്ടികളിലെ വിരകളെ കൊല്ലാൻ സഹായിക്കുന്നു. (വാല്യം 2, പു. 73) |
| | പെരഗു ചെടിയുടെ പൂക്കളുടെ നീര് കുടിക്കുന്നത് വയറിലുണ്ടാ കുന്ന വിരകളെ നശിപ്പിക്കും. (വാല്യം 2, പു. 77) |
| | ചതുരകള്ളിയുടെ വേരിൽ നിന്നും കായം ചേർത്ത് ഹിങ്ക് (ഒകചഇ) എന്ന് വിളിക്കുന്ന ലേപനം തയ്യാറാക്കുന്നത് കുട്ടികളിലെ വിരകളെ കളയാനായി വയറ്റിനുമുകളിൽ വെക്കുന്നു. (വാല്യം 2, പു. 151) |
| | വിരകളെ നശിപ്പിക്കുന്നതിന് വെള്ളിപന്ന കിഴങ്ങു മരവാഴയുടെ നീര് ഉപയോഗിക്കുന്നു. (വാല്യം 12, പു. 47) |
| | ജാവമരത്തിൽ കാണുന്ന കാട്ടുകൈത മരവാഴസസ്യം കുടലിലെ വിരകളെ കൊല്ലുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 12, പു. 97) |
| | പ്ലാശു/ചമത കായ്കൾ പൊടിച്ച് ഉപയോഗിച്ചാൽ വിരകൾ നശിക്കു ന്നതാണ്. (വാല്യം 6, പു. 60) |
| പുണ്ണ് | കാട്ടുചൂരലിന്റെ കായ്കളുടെ പരിപ്പ് ഉണക്കിപൊടിയാക്കിയത് |

| | |
|---|---|
| | പുണ്ണ് ഭേദമാക്കും. (വാല്യം 12, പു. 211) |
| | വള്ളിക്കാഞ്ഞിരത്തിലയുടെ നീരും വെളിച്ചെണ്ണയും ചേർത്ത് തിളപ്പിച്ച് ഉപയോഗിക്കുന്നത് പഴക്കം ചെന്ന പുണ്ണിന് ഉത്തമമാണ്. (വാല്യം 7, പു. 11) |
| | വാട്ടവള്ളിയുടെ ഇലകൾ ലാഞ്ചെയുടെ തൊലിയുടെ കൂടെ അരച്ച് പുരട്ടിയാൽ പഴകിയ പുണ്ണ് ഉണങ്ങും. (വാല്യം 7, പു. 118) |
| | കാട്ടുകാച്ചിലിന്റെ വേരും ചേനയുടെ വേരും ചേർത്ത് പൊടിച്ച് കഷായം വെച്ച് കഴിക്കുന്നത് പുണ്ണിനെ ഭേദമാക്കും. (വാല്യം 7, പു. 132) |
| | കാച്ചിൽ കിഴങ്ങിന്റെ വേരിന്റെ പൊടി കാട്ടുപന്ന കിഴങ്ങിന്റെ കൂടെ ചേർത്ത് മാരകമായ പുണ്ണുകളിൽ വിതറുന്നത് വിജയകരമാണ്. (വാല്യം 7, പു. 140) |
| | കാച്ചിൽ കിഴങ്ങിന്റെ വേരിന്റെ പൊടി കാട്ടുപന കിഴങ്ങിന്റെ കൂടെ ചേർത്ത് ചൂടാക്കി പ്രയോഗിക്കുന്നത് മാരകമായ പുണ്ണിന് ഫലപ്രദമാണ്. |
| | എരിമതാളിയുടെ ചാറ് വെളിച്ചെണ്ണ, ജീരകം പൊടിച്ചത് എന്നിവയുടെ കൂടെ ചേർത്ത് കാച്ചി ഉപയോഗിച്ചാൽ പുണ്ണിന് ആശ്വാസം കിട്ടും. (വാല്യം 7, പു. 145) |
| | ആകാശത്താളി/മൂടില്ലാത്താളി സമൂലം ചുക്ക്, 'നീർവാളപുല്ല്' എന്നിവയുടെ കൂടെ പൊടിച്ച് വെണ്ണചേർത്തുപയോഗിച്ചാൽ പഴക്കം ചെന്ന പുണ്ണുകൾ (ulcers) ശുദ്ധമാകും. (വാല്യം 7, പു. 162-163) |
| | വള്ളിമോദകത്തിന്റെ വേരിന്റെ തൊലി നാരങ്ങയുടെ തൊലിയുടെ കൂടെ ഉണക്കിപ്പൊടിച്ചത് ചെറുകരപ്പൻ കൊണ്ടുണ്ടാകുന്ന പുണ്ണുകളിൽ പുരട്ടുന്നത് വിജയകരമാണ്. (വാല്യം 7, പു. 171) |
| | പൂ പരിത്തിയുടെ ഇലകൾ പുണ്ണ് ഭേദമാകുന്നതിന് ഫലപ്രദമാണ്. (വാല്യം 1, പു. 105). |
| അൾസറിന് | അൾസറിന് ചണ്ണകൂവയും ഇഞ്ചിയും ചേർത്ത് കഴിക്കുക. (വാല്യം 11, പു. 25) |
| | കല്ലാലിന്റെ തളിരിലയുടെ ചാറ് വെണ്ണയിൽ ചേർത്തത് അൾസറിനെ സുഖപ്പെടുത്തുന്നു.(വാല്യം 3, പു. 139) |
| | കീൻ കൊല ചെത്തിയുടെ തൊലിയും വെണ്ണയും ചേർത്തുണ്ടാക്കുന്ന ലേപനം അൾസറിന് നല്ലതാണ്. (വാല്യം 10, പു. 210) |

#### 4.5.16 വിഷ ചികിത്സ

വിഷബാധ, പാമ്പ്, പേപ്പട്ടി, തേൾ, തേനീച്ച മുതലായവയുടെ ആക്രമണം, മറ്റ് വിഷ ജന്തുക്കളുടെ ആക്രമണം തുടങ്ങിയ നേരിടേണ്ടി വന്നാൽ അവയക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് എങ്ങനെ ചികിത്സിക്കാമെന്ന് 'വിഷ ചികിത്സ' എന്ന പട്ടിക 4.16 ൽ കൊടുത്തിട്ടുള്ളത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ വിവിധ

വാല്യങ്ങളിൽ സസ്യങ്ങളുടെ ഉപയോഗം വിവരിക്കുന്ന ഭാഗത്ത് നിന്നും ശേഖരിച്ച താണ് ഈ പട്ടികയിലെ വിവരങ്ങൾ.

**പട്ടിക 4.16**

**വിഷ ചികിത്സ**

| **രോഗം** | **ചികിൽസ (വാല്യം, പുറം)** |
|---|---|
| പാമ്പുകടി യേറ്റാൽ | കൊടപ്പനയുടെ പൂക്കുല പിഴിഞ്ഞെടുക്കുന്ന നീര് പാമ്പുകടിയേറ്റ് മയക്കവും, പിച്ചും പേയും ബാധിച്ചവരെ ഛർദ്ദിപ്പിക്കാൻ ഉപയോഗി ക്കാറുണ്ട്. (വാല്യം 3, പു. 12) |
| | തൊടപന്ന (ഈന്തിന്റെ) വൃക്ഷത്തിന്റെ പശയും കോഴികാഷ്ഠവും ചേർത്ത് അണലിയുടെ കടിയേറ്റ സ്ഥലത്ത് തേയ്ക്കുന്നത് വിഷ ചികിത്സയാണ്. (വാല്യം 3, പു. 27) |
| | വെളുത്ത ചമ്പകത്തിന്റെ തൊലി പൊടിച്ചത് പാമ്പുകടിയേറ്റ മുറിവു ണക്കുന്നു. (വാല്യം 3, പു. 115) |
| | പൊന്നഗത്തിന്റെ ഇലകളും കായ്കളും പൊടിച്ച് തേൻ ചേർത്തു ണ്ടാക്കുന്ന ലേപനം പാമ്പുകളുടെയും മറ്റ് വിഷ ജന്തുക്കളുടേയും ദംശനമേറ്റ സ്ഥലത്ത് പുരട്ടിയാൽ രോഗശമനമുണ്ടാകും. (വാല്യം 5, പു. 81) |
| | കറുത്ത അമൽപൊടി വേര് പാമ്പ് കടിക്കുള്ള പ്രതിവിധിയായി ഉപ യോഗിക്കുന്നു. (വാല്യം 5, പു. 125) |
| | കറുത്ത അമൽപൊടി കീശയിലോ മടിശീലയിലോ വെച്ചു കൊണ്ടു നടന്നാൽ പാമ്പു കടിക്കുകയില്ല എന്ന വിശ്വാസം. (വാല്യം 5, പു. 125) |
| | കുറുമൊള്ളി മരത്തിന്റെ ഇലകളും വേരും പശുവിൻ പാലിൽ തിളപ്പി ച്ചുണ്ടാക്കുന്ന പാനീയം പാമ്പുകടിക്കുള്ള പ്രതിവിധിയാണ്. (വാല്യം 5, പു. 150) |
| | വെൺമുഞ്ഞ തൊലിയും ഇഞ്ചിപ്പുല്ലും ഉപ്പും അരിക്കാടിയിൽ വേവി ച്ചുണ്ടാക്കുന്ന പാനീയം സർപ്പദംശനംമൂലേ ചോര ശർദ്ദിക്കുന്നത് ഉടൻ നിർത്തുന്നു. (വാല്യം 5, പു. 221-222) |
| | ആനകൊഴുപ്പയുടെ നീര് മാത്രമായി കുടിക്കുന്നത് മൂർഖന്റെ ഉഗ്രവി ഷത്തെ നിർവീര്യമാക്കാൻ സഹായിക്കും. (വാല്യം 10, പു. 173) |
| | പാമ്പുകടിയേറ്റാൽ, കാട്ടുമെയിലോചന/കാട്ടു മൈലോസിന ചത ച്ചിട്ടു നൽകുന്നത് പാമ്പിൻ വിഷത്തെ പ്രതിരോധിക്കുന്നത് ഉത്തമ മാണ്. (വാല്യം 10, പു. 241) |
| | കാട്ടു കൂർക്കയുടെ ചെടി നന്നായി പൊടിച്ചതും ഇളനീർ തേങ്ങ യുടെ മടൽ ചതച്ച് പിഴിഞ്ഞെടുത്തുണ്ടാക്കുന്ന ലേപനം പുരട്ടുന്നത് പൊളേഗ എന്ന് മലബാറികൾ വിളിക്കുന്ന പാമ്പിൻ വിഷത്തെ പ്രതി രോധിക്കാൻ നല്ലതാണ്. ഈ വിഷം ബാധിച്ച് ശരീരം വീർക്കു കയും പരവശപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ ഈ മരുന്ന് വെള്ളത്തിലിട്ടു ചൂടാക്കി കിട്ടുന്ന കഷായം ഒരു വലിയ പാത്രത്തിൽ ഒഴിച്ച് അതിൽ ഇരിക്കുക. (വാല്യം 10, പു. 321) |
| | മൂർഖൻ പാമ്പിന്റെ വിഷത്തിനെതിരെ നെയ്താമ്പൽ സമൂലം അരച്ച് വെണ്ണയിൽ പാകം ചെയ്ത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 96) |
| | മൂർഖന്റെ വിഷത്തിന് പ്രതിവിധിയായി ചെറു കൈത വേര് ചതച്ചര ച്ചത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 130) |
| | മൂർഖൻ പാമ്പിന്റെ വിഷത്തിന് എതിരെ അടമ്പ് അരച്ച് പാലും |

| | |
|---|---|
| | ചേർത്ത് ഉപയോഗിക്കുന്നു. (വാല്യം 11, പു. 206) |
| | അടമ്പിന്റെ ഫലങ്ങൾ അരച്ച് വെള്ളം ചേർത്ത് കഴിക്കുന്നത് മൂർഖന്റെ വിഷത്തിന് പ്രതിവിധിയാണ്. (വാല്യം 11, പു. 206) |
| | ദിവസം ഒന്നൊ രണ്ടോ കാഞ്ഞിര കുരു രണ്ട് കൊല്ലം തുടർച്ചയായി ഉപയോഗിച്ചാൽ മൂർഖന്റെ വിഷം ഏൽക്കില്ല. (വാല്യം 1, പു. 137) |
| | മോതിരക്കണ്ണി വേര് ചതച്ച് പുരട്ടുന്നത് മൂർക്കൻ പാമ്പ് കടിച്ചാൽ ഉടനടിയുള്ള പ്രതിവിധിയാണ്. (വാല്യം 2, പു. 53) |
| | എരിക്കിൻ വേർ കഷായം വെള്ളത്തോടൊപ്പം മൂർഖൻ കടിച്ച ഭാഗം കഴുകുന്നതിന് ഉപയോഗിക്കുന്നു. (വാല്യം 2, പു. 102) |
| | മൂർഖൻ കടിച്ച മുറിവിനുമുകളിലായി കടൽ ആവണക്കിന്റെ ഇല കൾ പൊടിച്ച് പൊടിയാക്കി വെക്കുന്നത് നല്ലത്. (വാല്യം 2, പു. 113) |
| | പൈന - ചുള്ളി സമൂലം ചതച്ച് വെള്ളത്തിൽ ചേർത്ത് മൂർഖൻ പാമ്പിന്റെ കടിയേറ്റഭാഗം കഴുകാനുപയോഗിക്കുന്നു. (വാല്യം 2, പു. 175) |
| | പാമ്പ് കടിയേൽക്കുന്ന ആളുകൾക്ക് തോട്ടപ്പിരി ഇലയുടെ നീരും തിപ്പലിയും ഇഞ്ചിയും ആർസെനിക് ട്രൈ സൾഫൈഡ് (ീൃശാലിേ ആൃലിശര ്യേൌഹുവശറല) എന്ന രാസവസ്തുവും ചേർത്തു ണ്ടാക്കുന്ന ഗുളിക കണ്ണിൽ വെച്ചുകൊടുക്കുന്നത് നല്ലതാണ്. (വാല്യം 8, പു. 62) |
| | കരളെ വേഗൻ ചെടിയുടെ കഷായവും എണ്ണയും ചേർത്തുണ്ടാ ക്കിയ ലേപനം പാമ്പു വിഷബാധക്കെതിരെ ഫലപ്രദമാണ്. (വാല്യം 8, പു. 94) |
| | ആങ്കോലമരത്തിന്റെ വേര് പൊടിച്ചെടുത്ത് കഴിക്കുന്നത് പാമ്പി ന്റെയും മറ്റുമായ നാനാതരം വിഷങ്ങൾക്കുമുള്ള പ്രത്യൗഷധമാണ്. (വാല്യം 4, പു. 59) |
| | കറിവേപ്പിന്റെ തളിരിലകൾ പാലിൽ വേവിച്ച് അരച്ചെടുക്കുന്ന കുഴ മ്പ്, പാമ്പിന്റെയും മറ്റ് വിഷമുള്ള ജന്തുക്കളുടെയും കടിയേറ്റ ഭാഗത്ത് പുരട്ടുന്നത് അവയുടെ വിഷമില്ലാതാക്കുന്നു. (വാല്യം 4, പു. 194) |
| | നൂലിതാളി/നോലിതാളിയുടെ ഇലകൾ ഹെരട്ടി മണ്ടൽ എന്ന പാമ്പിന്റെ (ഒല്യലശേര ാമിറലഹ) വിഷത്തിനുള്ള പ്രത്യൗഷധമായി കണക്കാക്കുന്നു. ഹെരട്ടിമണ്ടൽ പാമ്പ് കൊത്തിയാൽ വേഗം മരിക്കു കയില്ല. പക്ഷേ ശരീരം മുഴുവൻ വിഷം കയറി മാംസഭാഗം മുഴുവൻ സാവധാനം അഴുകുന്നു. ഒരുപാട് വേദനയനുഭവിച്ച് മരിക്കുന്നു. എന്നാൽ നോലി താളിയുടെ ഇലയിട്ട് തിളപ്പിച്ച വെള്ളം ഉപ്പുമാങ്ങ കൂട്ടി കുടിക്കുന്നത് രോഗിയെ രക്ഷപ്പെടുത്തുന്നു. (വാല്യം 4, പു. 207) |
| | കാട്ടുതേക്ക് മരവാഴ ചെടിയുടെ വേരുകൾ ഉണക്കി ചെറിയ സഞ്ചി കളിൽ സൂക്ഷിച്ചാൽ അത് സർപ്പങ്ങളെ അകറ്റാനുപകരിക്കുന്നു. (വാല്യം 12, പു. 92) |
| | പാമ്പ് കടിച്ചയുടൻ നീലംപാലയുടെ വേരിന്റെ തൊലിയെടുത്ത് 'ശീലപൊടിയാക്കി' (ഉരച്ച് ദ്രവമാക്കി) ഒരു അടയ്ക്കയുടെ വലിപ്പ ത്തോളം വിഴുങ്ങാൻ കൊടുത്താൽ പാമ്പിൻ വിഷം നീങ്ങിക്കിട്ടും. (വാല്യം 9, പു. 9) |
| | വട്ട-കാക്ക-ക്കൊടി ചെടിയുടെ വേര് കഞ്ഞിവെള്ളത്തിലരച്ച് പെൺമൂർഖൻ പാമ്പ് കടിച്ച മുറിവിൽ പുരട്ടിയാൽ വിഷം ശമിക്കും. (വാല്യം 9, പു. 47) |
| | നീർപുള്ളടി/നീർപുല്ലരി സമൂലം ഇടിച്ച് പിഴിഞ്ഞ് പാടമാറ്റിയ പാൽ |

| | |
|---|---|
| | ചേർത്തോ അല്ലാതെയോ കുളിക്കാൻ ഉപയോഗിച്ചാൽ ഴ്രീഹലഴമ പാമ്പ് കടിച്ചുണ്ടാകുന്ന വിഷത്തിന് പ്രതിവിധിയാണ്. (വാല്യം 9, പു. 117) |
| | കരകാഞ്ഞിരം/കിരിയാത്ത്/അമുക്കിരം സമൂലം ചതച്ച് കഞ്ഞിവെള്ളത്തിൽ വേവിച്ച് പാമ്പിൻ വിഷത്തിന് മറുമരുന്നായി കുടിക്കുന്നു. (വാല്യം 9, പു. 189) |
| | പാമ്പ് കടിച്ച മുറിവിൽ കരകാഞ്ഞിരം/അമുക്കിരം അരച്ച് പുരട്ടിയാൽ വിഷം ശമിക്കും. (വാല്യം 9, പു. 189) |
| | ചെറൂ-ഊരൻ ചെടി വേര് ഒഴിവാക്കി മുഴുവനായി സമാനഗുണമുള്ള മറ്റ് ചെടികളും ചേർത്ത് എണ്ണയിൽ കാച്ചി ഉപയോഗിച്ചാൽ വെള്ളത്തിലെ പാമ്പ് കടിച്ചുണ്ടാകുന്ന വിഷത്തിന് ഫലപ്രദമായ ചികിത്സയാണ്. (വാല്യം 9, പു. 255) |
| | എല്ലാതരം പാമ്പിൻ വിഷത്തിനുമെതിരെ ഉപോഗിക്കാവുന്ന ശരീരത്തിൽ തേച്ചു കുളിക്കാവുന്ന ഒരു തരം താളി വെള്ളിച്ചീരയിൽ നിന്നുണ്ടാക്കുന്നു. (വാല്യം 9, പു. 290) |
| | പാമ്പ് കടിച്ചാലുടൻ പുങ്ങത്തിന്റെ നീര് കുടിച്ചാൽ വിഷം ശമിക്കും. (വാല്യം 6, പു. 11) |
| | മുരിങ്ങയുടെ തൊലിയുടെ നീരും വെളുത്തുള്ളി വെള്ളവും ചേർത്ത് തളിക്കുന്നത് പാമ്പിനെ അകറ്റി നിർത്താൻ സഹായിക്കും. (വാല്യം 6, പു. 39-40) |
| | പ്ലാശു/ചമത കായ്കൾ പൊടിച്ച് ചുക്ക് ചേർത്ത് ഉപയോഗിച്ചാൽ അണലിവിഷം ശമിക്കും. (വാല്യം 6, പു. 60) |
| | കരിഞ്ഞെട്ടി ഇലകൾ വാട്ടിപിഴിഞ്ഞ നീര് പാമ്പുകടിച്ചുണ്ടാകുന്ന വിഷത്തെ ശമിപ്പിക്കും. (വാല്യം 6, പു. 63) |
| | പാതിരിയുടെ വേരിലെ തൊലിയും ഇഞ്ചപ്പുല്ലും (വാറ്റുപുല്ലും) ഇഞ്ചിയും ചേർത്ത് ഇടിച്ചുപിഴിഞ്ഞ് പാതിരി ഇലയുടെ നീര് ചേർത്ത് കൊടുത്താൽ മലബാറുകാർ ജീഹലിഴമ എന്ന് വിളിക്കുന്ന നാറുന്ന പാമ്പുകടികൊണ്ടുള്ള വിഷം ശമിക്കും. (വാല്യം 6, പു. 93) |
| | അൽപം ചെടിയുടെ ഇലയുടെ നീരും വാറ്റുപുല്ലും ചേർത്തരച്ച് കൊടുത്താൽ പാമ്പിൻ വിഷം ശമിക്കും. (വാല്യം 6, പു. 101) |
| | 'അല്പം' ചെടിയുടെ വേര് നാരങ്ങാനീര് ചേർത്ത് ഇടിച്ചുപിഴിഞ്ഞ് ഒരു തുണിയിൽ കിഴിപോലെ കെട്ടി മൂക്കിലിറ്റിച്ചാൽ രാജവെമ്പാല കടിച്ച വിഷംപോലും നീങ്ങിക്കിട്ടും. (വാല്യം 6, പു. 101) |
| | രാജവെമ്പാലയുടെ കുഞ്ഞാണ് കടിക്കുന്നതെങ്കിൽ 'അല്പം'ചെടിയുടെ വേര് പശുവിൻ പാലിലരച്ച് കൊടുത്താൽ മതി. (വാല്യം 6, പു. 101) |
| | നന്ത്യാർവട്ടം/വെളുത്ത അമൽപ്പൊരി വേര് ഇടിച്ചുപിഴിഞ്ഞ് വെള്ളം ചേർത്ത് കൊടുത്താൽ പാമ്പിൻ വിഷം ശമിക്കും. (വാല്യം 6, പു. 166) |
| | കുടമുല്ല വേര്/ചക്കമുല്ല വേര് വാറ്റ്പുല്ല് ചേർത്ത് കഞ്ഞിവെള്ളത്തിൽ തിളപ്പിച്ച് ഉപയോഗിച്ചാൽ പാമ്പിൻ വിഷം ശമിക്കും. (വാല്യം 6, പു. 178) |
| | കാട്ടുജീരകമുല്ലയടെ വേരും വാറ്റുപുല്ലും ചേർത്ത് കൊടുക്കുന്നത് പാമ്പിൻ വിഷം ശമിപ്പിക്കുവാൻ വളരെ നല്ലതാണ്. (വാല്യം 6, പു. 189) |
| വിഷബാധയ്ക്ക് | വെൺ മുഞ്ഞ മരത്തിന്റെ വേരിൽ നിന്നുണ്ടാക്കുന്ന കഷായം വിഷത്തിന് പ്രതിവിധി (Nexipharmic) /യായി ഉപയോഗിക്കുന്നു. (വാല്യം 5, പു. 221-222) |

| | |
|---|---|
| | നഞ്ചറ - കഞ്ചാവ് പിഴിഞ്ഞ് നീരെടുത്ത് മധുരമുള്ള പാലിൽ ചേർത്ത് കൊടുത്താൽ ഉള്ളിലുള്ള വിഷം ഛർദ്ദിച്ചോ വയറിളക്കിയോ പുറത്തുപോകയും ഉദരം ശുദ്ധമാകുകയും ചെയ്യും. (വാല്യം 10, പു. 185) |
| | നില-ബഴുതന (വഴുതന) യുടെ എണ്ണയോടൊപ്പം കറുപ്പും കൂടി ചേർത്താൽ വീര്യമുള്ള വിഷമായി മാറുന്നു. (വാല്യം 10, പു. 269) |
| | വിഷത്തിനുള്ള മറുമരുന്നായി വഴുതനയുടെ ഇലകൾ പൊടിച്ച് വെള്ളത്തിൽ കലക്കി നൽകുന്നു. (വാല്യം 10, പു. 269) |
| | വലിയ കുപ്പമേനി സമൂലം കൂട്ടിക്കെട്ടി ചൂടാക്കി വിഷബാധയേറ്റ ഭാഗത്ത് വച്ചാൽ വിഷം വലിച്ചെടുക്കും. (വാല്യം 10, പു. 296) |
| | വാഴയുടെ വേര് ചതച്ചിട്ട് വെള്ളം കുടിക്കുന്നത് വിഷബാധയ്ക്ക് എതിരെ ഉപയോഗിക്കുന്നു. (വാല്യം 1, പു. 42). |
| | കാഞ്ഞിര വേരിൻ കഷായം അധികം സേവിക്കുന്നത് മരണത്തിനു വരെ ഇടയാക്കുന്നു. (വാല്യം 1, പു. 137) |
| | അമരി വേര് കഷായമാക്കി കരിക്കിൻ വെള്ളത്തിൽ ചേർത്ത് കഴിക്കുന്നത് വിഷത്തിന്റെ ശക്തി കുറക്കുന്നു. (വാല്യം 1, പു. 209) |
| | മോതിരകണ്ണിയുടെ വേരിന്റെ തൊലിയിൽ നിന്ന് വിഷത്തിനെതിരായ ഔഷധമുണ്ടാക്കുന്നു. (വാല്യം 2, പു. 53) |
| | നില ഉമ്മത്തിൻ കായ കൂടുതൽ കഴിക്കുന്നത് മരണത്തിന് കാരണമാകുന്നു. (വാല്യം 2, പു. 93) |
| | മൂപ്പെത്താത്ത കുമ്പള ചെടി വിഷം ആണ് (വിഷഗുണം) (വാല്യം 8, പു. 11) |
| | മൂപ്പെത്തിയ കുമ്പളം വിഷസംഹാരിയായി ഉപയോഗിക്കുന്നു. (വാല്യം 8, പു. 11) |
| | കൈപ-ജാംബു കായ്കളുടെ പരിപ്പെടുത്ത് പൊടിച്ച് ആട്ടിൻകാഷ്ഠം, കൽക്കണ്ടം, വെണ്ണ എന്നിവയിൽ ചേർത്ത മിശ്രിതം മനുഷ്യ മൂത്രത്തിൽ കലക്കി കുടിക്കുന്നത് ഏത് വിഷം അകത്തു ചെന്നതിനും പ്രതിവിധിയാണ്. (വാല്യം 4, പു. 17) |
| | ചേരിന്റെ ചെറിയ സമ്പർക്കം മൂലം ശരീരം ആസകലം വല്ലാതെ തടിച്ചുപൊന്തുന്ന സ്വഭാവമുണ്ട്. പാലോ വെണ്ണയോ എണ്ണയോ ഉടൻ കഴിക്കുന്നത് ഇപ്രകാരം വരുന്ന തടിച്ചുപൊന്തൽ കുറയ്ക്കുന്നു. (വാല്യം 4, പു. 27) |
| | കാട്ടുചേര് (റാന-ബിബോയുടെ) പഴത്തിൽ നിന്നോ മലത്തിൽ നിന്നോ ഏൽക്കുന്ന മാരകമായ വിഷത്തിനുള്ള പ്രത്യൗഷധമാണ് ഇതിന്റെ പുറന്തൊലി, താന്നിമരപട്ടയും ഒരു കഷ്ണം കായവും ചേർത്തിടിച്ചുകൊടുക്കുന്നത് ചേർവിഷം ഇല്ലാതാക്കുന്നു. (വാല്യം 4, പു. 31) |
| | ചെറുകാട്ടുനാരകം എല്ലാ വിഷങ്ങൾക്കുള്ള പ്രത്യൗഷധമായി ഉപയോഗിക്കുന്നു. (വാല്യം 4, പു. 47) |
| | പെരിൻ തുടലിവേരും ആവണക്കിൻ കുരുവും ചേർത്ത് ചതച്ചെടുക്കുന്ന നീര് കഴിക്കുന്നത് വിഷദ്രാവകങ്ങൾ പുറന്തള്ളാൻ സഹായിക്കും. (വാല്യം 4, പു. 151) |
| | ഗോമൂത്രത്തോടൊപ്പം മരചെമ്പുവിന്റെ നീരെടുത്ത് ചേർത്ത് ഉപയോഗിച്ചാൽ എല്ലാതരം വിഷങ്ങളും പുറന്തള്ളപ്പെടും. (വാല്യം 12, പു. 35) |
| | താമപൂവ്വൽ പച്ച മരവാഴ സമൂലം വെള്ളത്തിലിട്ടു തിളപ്പിച്ചെടുക്കുന്ന കഷായം തേങ്ങാപാലു ചേർത്ത് കഴിക്കുന്നത് വിഷബാധ തടഞ്ഞു നിർത്തുന്നു. (വാല്യം 12, പു. 51) |
| | കാട്ടുതേക്ക് മരവാഴ ഉണക്കി പൊടിയാക്കിയത് |

| | |
|---|---|
| | ഭ്രാന്തൻനായ/പേപ്പട്ടി കടിച്ച വിഷത്തെ പ്രതിരോധിക്കുകയും മുറിവിനെ ഭേദപ്പെടുത്തുകയും ചെയ്യുന്നു. (വാല്യം 12, പു. 92) |
| | കാഞ്ഞിരമരത്തിലെ കാട്ടുകൈത മരവാഴയുടെ പൊടി അകത്തും പുറത്തുമുള്ള വിഷങ്ങളെ പുറന്തള്ളും. (വാല്യം 12, പു. 97) |
| | വള്ളിപന്നയുടെ ഇലകൾ പശുവിൻ പാലിൽ അരച്ചു കുടിച്ചാൽ കുടലിനെയും ആന്തരാവയവങ്ങളെയും ചൂടാക്കി ഉദരത്തിലുള്ള വിഷാംശത്തെ പുറന്തള്ളുന്നു. (വാല്യം 12, പു. 117) |
| | നഞ്ചറപച്ച/വള്ളിപ്പാല സമൂലം കരിക്കിൻ വെള്ളത്തിലരച്ച് കൊടുത്താൽ ഉള്ളിൽ ചെന്ന വിഷം ഛർദ്ദിപ്പിച്ച് കളയുന്നതിന് സഹായിക്കും. (വാല്യം 9, പു. 38) |
| | നഞ്ചറപച്ച/വള്ളിപ്പാല സമൂലം മുട്ടയും ചന്ദനവും മുലപ്പാലും ചേർത്തരച്ച് ചെന്നിയിലും നെഞ്ചിലും പുരട്ടിയാൽ വിഷത്തെ പുറന്തള്ളാൻ സഹായിക്കുന്നു. (വാല്യം 9, പു. 38) |
| | നഞ്ചറപച്ച/വള്ളിപ്പാല, കാട്ടുപന, കൊഴുപ്പ, സംസ്ത്രവാടി എന്നിവയുടെ പൂവും മുലപ്പാലും ചേർത്തരച്ചത് എല്ലാത്തരം വിഷങ്ങൾക്കും മറുമരുന്നായി ഉപയോഗിക്കുന്നു. (വാല്യം 9, പു. 39) |
| | നഞ്ചറപച്ച/വള്ളിപ്പാല ചെടി അങ്കോലം, തിരുതാളി, അമൽപൊരി (അമൽപൊടി) എന്നിവയുടെ വേരും പശുവിൻപാലും ചേർത്തത് തലയിലും നെഞ്ചിലും പുരട്ടുന്നത് ഉള്ളിൽ ചെന്ന വിഷത്തെ നീക്കിക്കളയുന്നതിന് സഹായിക്കുന്നു. (വാല്യം 9, പു. 39) |
| | നഞ്ചറപച്ച/വള്ളിപ്പാലചെടി അങ്കോലം, തിരുതാളി അമൽപൊരി (അമൽ പൊരി) എന്നിവയുടെ വേരും പശുവിൻ പാലും ചേർത്ത് തലയിലും നെഞ്ചിലും പുരട്ടുക. (വാല്യം 9, പു. 39) |
| | ആരിയവെള്ളയുടെ നീര് മൂക്കിലിറ്റിച്ചാൽ ശരീരത്തിൽ ഒളിഞ്ഞിരിക്കുന്നതും തലയെ ബാധിച്ചേക്കാവുന്നതുമായ വിഷത്തെ ഇല്ലാതാക്കും. (വാല്യം 9, പു. 79) |
| | ആരിയവെള്ള സമൂലം വെള്ളത്തിലിട്ട് തിളപ്പിച്ച് കുടിച്ചാൽ വിഷം ഇല്ലാതാക്കാൻ കഴിയും. (വാല്യം 9, പു. 79) |
| | കരവെള്ളയുടെ നീര് മൂക്കിലിറ്റിച്ചാൽ ശരീരത്തിൽ ഒളിഞ്ഞിരിക്കുന്നതും തലയെ ബാധിച്ചേക്കാവുന്നതുമായ വിഷത്തെ ഇല്ലാതാക്കും (വാല്യം 9, പു. 82) |
| | കരവെള്ള സമൂലം വെള്ളത്തിലിട്ട് തിളപ്പിച്ച് കുടിച്ചാൽ വിഷം ഇല്ലാതാകും. (വാല്യം 9, പു. 82) |
| | പേപ്പട്ടി കടിച്ച വിഷത്തിന് വലിയ കപ്പമുളകിന്റെ കായയോ അല്ലെങ്കിൽ വേരോ ഇടിച്ച് പിഴിഞ്ഞ് മുറിവിൽ തേച്ചാൽ വിഷബാധ ഏൽക്കില്ല. (വാല്യം 9, പു. 115) |
| | വിഷത്തിനുള്ള മറുമരുന്നായി താർത്താവെൽ വേര് ഉപയോഗിക്കുന്നു. (വാല്യം 9, പു. 264) |
| | താർത്താവെൽ ചെടിയുടെ വേര് ഇടിച്ച് പിഴിഞ്ഞ് നെഞ്ചിൽ പുരട്ടിയാൽ അലിഞ്ഞ് ഒഴുകിപോയാൽ വിഷം അവശേഷിക്കുന്നില്ലെന്ന് സംശയലേശമന്യേ പറയാം. അല്ലെങ്കിൽ ശരീരത്തിനുള്ള വിഷമുണ്ടെന്ന് കരുതുന്നതിനുള്ള ഏറ്റവും നല്ല തെളിവായി ഇതിനെ കണക്കാക്കാം. (വാല്യം 9, പു. 264) |
| | പിരിപ്പുവേര് കഞ്ഞിവെള്ളത്തിൽ തിളപ്പിച്ചരച്ച് പൊക്കിളിൽ പുരട്ടി ഉപയോഗിക്കുന്നത് വിഷങ്ങൾക്കെതിരെയുള്ള പ്രതിവിധിയാണ്. (വാല്യം 7, പു. 194) |
| പേപ്പട്ടി വിഷബാധയ്ക്ക് | വെള്ള അടമ്പിന്റ ചാറ് ഇഞ്ചിയും Maro യുടെ എണ്ണയും ചേർത്ത് തിളപ്പിച്ചാൽ കിട്ടുന്ന ലേപനം തലയിൽ പുരട്ടുന്നത് പേപ്പട്ടി കടിച്ചുണ്ടാകുന്ന വിഷബാധ തടയുന്നു. (വാല്യം 11, പു. 212) |

| | |
|---|---|
| | പേപ്പട്ടി വിഷബാധയ്ക്ക് പുലിച്ചുവടിയുടെ ഇലകൾ ചതച്ചരച്ച് കുരുമുളക് ചേർത്ത് കടിയേറ്റ മുറിവിൽ വയ്ക്കുന്നത് ഇതിന് പ്രതിവിധിയാണ്. (വാല്യം 11, പു. 216) |
| | പേപ്പട്ടി വിഷത്തിനു മറുമരുന്നായി പേതമ്പേ ചെടിയുടെ ഇലകൾ പൊടിച്ച് പുറമെ പുരട്ടുക. (വാല്യം 9, പു. 154) |
| | പേപ്പട്ടി കടിച്ചുണ്ടാകുന്ന വിഷത്തിന് കുടമുല്ലയുടെ ഇല പിഴിഞ്ഞെടുത്ത് നീര് എണ്ണയിൽ തിളപ്പിച്ച് മുറിവിൽ  പുറമേ പുരട്ടിയാൽ മതി. (വാല്യം 6, പു. 178) |
| പാമ്പ്, തേൾ ദംശനം | കാട്ടുമയിലെള്ളുവിന്റെ ഇലകളും കുരുമുളകും, കൊടപ്പാല (codda pala) അരിയും കഞ്ഞിവെള്ളത്തിൽ വേവിച്ചത്, സർപ്പം, തേൾ, മറ്റ് വിഷ ജന്തുക്കൾ എന്നിവയുടെ ദംശനത്തിനു പ്രതിവിധിയാണ്. (വാല്യം 5, പു. 7) |
| | കടന്നൽ, തേനീച്ച പോലെയുള്ള ജീവികളുടെ കുത്തേറ്റാൽ ചെറു-താർ ദാമൽ ചെടി അരിയുമായി ചേർത്ത് പൊടിച്ച് അതിലേക്ക് പഴകിയ എരുമ ചാണകം ഉണക്കിപ്പൊടിച്ചതും ചേർത്ത് തിളപ്പിച്ച് നന്നായി തണുത്തതിനുശേഷം കുത്തുകൊണ്ടഭാഗത്ത് പുരട്ടുന്നത് ഇത്തരം വിഷത്തെ ചെറുക്കും. (വാല്യം 10, പു. 335) |
| | പൂച്ചപയർ ചെടി പശുവിൻ പാലിൽ പൊടിച്ച് നേരിട്ടോ ലേപന രൂപത്തിലോ ആക്കി ഉപയോഗിക്കുന്നത് പാമ്പ്, തേൾ മുതലായവയാൽ ഉണ്ടാകുന്ന വിഷബാധയ്ക്ക് പ്രതിവിധിയാണ്. (വാല്യം 8, പു. 131) |
| | പട്ടിച്ചെവി മരവാഴയുടെ വേരിന്റെ ചാറെടുത്ത് കടുവയുടെ പല്ല് പൊടിയാക്കിയതിന്റെ കൂടെ ഉപയോഗിച്ചാൽ പാമ്പ്, തേൾ മുതലായവയുടെ ദംശനം മൂലമുള്ള വിഷമിറങ്ങും. (വാല്യം 12, പു. 38) |
| | പാമ്പ്, തേൾ തുടങ്ങിയവ കടിക്കുമ്പോഴുണ്ടാകുന്ന വിഷത്തെ ശമിപ്പിക്കൻ ചൊവന്ന അമൽപ്പൊരിയുടെ വേര് നല്ലതാണ്. (വാല്യം 6, പു. 163) |
| | ചകിരി നൂറൽ ഇലകൾ പഴുതാര കടിച്ചാൽ ഉപയോഗിക്കുന്ന ഫലപ്രദമായ ഔഷധമാണ്. (വാല്യം 7, പു. 120) |
| | കാച്ചിൽക്കിഴങ്ങിന്റെ ഇലയുടെ നീര് തേൾകുത്തിയ വിഷം ശമിപ്പിക്കുന്നു. (വാല്യം 7, പു. 140) |
| വിഷജന്തുക്കളുടെ കടിക്ക് | പേ പൊന്നകത്തിന്റെ ഇലകളും വേരിന്റെ നീരും തേനിൽ തിളപ്പിച്ചുണ്ടാക്കുന്ന ലേപനം വിഷജന്തുക്കളുടെ കടിക്ക് പറ്റിയ ഔഷധമാണ്. (വാല്യം 5, പു. 88) |
| മൂങ്ങ കടിച്ചാൽ | നന്നാറി തൊലി ഉണക്കി പൊടിച്ച് പാലും പുതിയ വെണ്ണയും ചേർത്തുണ്ടാക്കുന്ന എണ്ണ മൂങ്ങ കടിച്ചുണ്ടാകുന്ന വിഷത്തിന് നല്ലതാണ്. (വാല്യം 10, പു. 125) |
| ചെന്നായ്ക്കൾ കടിച്ചാൽ | വേനൽപച്ച്, ബെൽജിംകാർ ജക്കാൾസെൺ എന്ന് വിളിക്കുന്ന വലിയ ചെന്നായ്ക്കൾ കടിച്ച വിഷം മാറ്റുന്നതിനും ഇത് നല്ലതാണ്. (വാല്യം 10, പു. 177) |
| മൃഗങ്ങളെ ചികിത്സിക്കാൻ | പശുക്കൾക്ക് ഭക്ഷണത്തിലൂടെ ശരീരത്തിലെത്തുന്ന വിഷത്തിനെതിരെ ചെറുകൈതയുടെ ഇലകൾ എള്ളെണ്ണയും ചേർത്ത് നൽകുന്നു. (വാല്യം 11, പു. 130) |
| | ചെറുകൈതയുടെ (വെഷം കണ്ട ചൂടാർമണി) ഇലകൾ എള്ളെണ്ണ ചേർത്ത് വിഷാംശം അകത്തു ചെന്ന മൃഗങ്ങളെ ചികിത്സിക്കാൻ അകത്തും പുറത്തുമുള്ള മരുന്നായി ഉപയോഗിക്കുന്നു. (വാല്യം 11, പു. 130) |
| | കാട്ടുവാഴയുടെ വേരുകളിൽ നിന്നു കിട്ടുന്ന നീര് മെർക്കുറി (sublimateof Mercury) വിഷത്തിനെതിരെ ഉപയോഗിക്കുന്നു. |

| | |
|---|---|
| ചുണ്ടെലി കടിച്ചാൽ | വെൾ എരിക്ക് വേരു ഇലയും ചതച്ച് പാലിനോടൊപ്പം കഴിക്കുന്നത് ചുണ്ടെലി കടിച്ചാലുണ്ടാകുന്ന വിഷബാധയ്ക്ക് പ്രതിവിധിയാണ്. (വാല്യം 2, പു. 103) |
| തിരണ്ടി മുള്ള് കൊണ്ടാൽ | ചൊറിഗണത്തിന്റെ തടിയും കായും ചതച്ച് വെക്കുന്നത് തിരണ്ടി യുടെ മുള്ള് നിറഞ്ഞ വാലുകൊണ്ടുണ്ടാക്കുന്ന മുറിവുണക്കുന്നു. (വാല്യം 2, പു. 137) |
| തേനീച്ച കുത്തിയാൽ | തേനീച്ച കുത്തിയ ഭാഗത്ത് തകരയുടെ ഇലകൾ ചതച്ച് പുരട്ടുന്നു. (വാല്യം 2, പു. 192) |
| പേപിടിച്ച പൂച്ച കടി ച്ചാൽ | നഞ്ചറപച്ച/വള്ളിപ്പാലയും കരൾവേഗത്തിന്റെ വേരും നെല്ലിന്റെ വേരും ചേർത്തരച്ച്, പേപിടിച്ച പൂച്ച കടിച്ചുണ്ടാകുന്ന മുറിവിൽ പുര ട്ടിയാൽ വിഷം ശമിക്കും. (വാല്യം 9, പു. 38) |
| നച്ചെലി കടിച്ചാൽ | നച്ചെലി കടിച്ചാലുണ്ടാകുന്ന വിഷബാധയ്ക്ക് മുരിങ്ങയുടെ തൊലി ചതച്ചതും ജീരകവും കഞ്ഞിവെള്ളത്തിൽ അരച്ച് പുരട്ടിയിടുക. (വാല്യം 6, പു. 39-40) |

ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളിലായി ഇരുനൂറിൽപരം രോഗങ്ങൾക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാവി ധികളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. അതിൽ തന്നെ മിക്ക രോഗങ്ങൾക്കും ഒന്നിൽ കൂടുതൽ ചികിത്സകളും നൽകിയിട്ടുണ്ട്. ചില രോഗങ്ങൾക്ക് അമ്പ തിൽപരം ചികിത്സാമുറകൾ പ്രതിപാദിച്ചിട്ടുണ്ട്. വിഷബാധ, വായുകോപം, കരൾ രോഗങ്ങൾ, കുടൽ രോഗങ്ങൾ, ആർത്തവ പ്രശ്നങ്ങൾ, സന്ധിവാതം, ചൊറി, പരു ക്കൾ, മുറിവ്, വ്രണം, വയറുവേദന, വയറിളക്കം, പനി, ചുമ/ശ്വാസം മുട്ടൽ, കഫ ദോഷം തുടങ്ങിയ രോഗങ്ങൾക്ക് നിരവധി ചികിത്സാ പദ്ധതികളാണ് നൽകിയിരി ക്കുന്നത്. അതുപോലെ ദേഹവേദന, അതിസാരം, നേത്രരോഗങ്ങൾ, പ്രസവം, ഗൊണേറിയ, മൂത്ര തടസ്സം, കുഷ്ഠം തുടങ്ങിയ രോഗങ്ങൾക്കും വിവിധ തരത്തി ലുള്ള ഔഷധ സസ്യങ്ങളുപയോഗിച്ചുള്ള നിരവധി ചികിത്സാ രീതികളാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ളത്. ഇത് കാണിക്കുന്നത് കേരള ത്തിൽ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ഔഷധ മൂല്യത്തെക്കു റിച്ചും അവ ഉപയോഗിച്ച് ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സിക്കണമെന്ന് കൃത്യ മായി ബോധ്യമുള്ള ഒരു ജനതയുടെ വൈജ്ഞാനിക മണ്ഡലത്തിന്റെ വ്യാപ്തിയാ ണ്.

ചികിത്സാവിധികൾ പരിശോധിക്കുമ്പോൾ കാണാൻ കഴിഞ്ഞ മറ്റൊരു പ്രത്യേകത ഒരേ രോഗത്തിന്റെ നിരവധിയായ വകഭേദങ്ങൾക്കും ചികിത്സയ്ക്കും

ഔഷധ സസ്യകൂട്ടുകളും ഉണ്ടായിരുന്നു എന്നുള്ളതാണ്. പനിയുടെ വിവിധ രൂപങ്ങളായ കടുത്ത പനി, ഇടവിട്ട പനി, പൊള്ളുന്ന പനി, കഫാധികൃത്താലുള്ള പനി, പനിച്ചൂട്, ജലദോഷപനി, ശീതപനി, വാതപനി, കോളറ പനി, വിറപ്പനി, എല്ലുകൾക്കനുഭവപ്പെടുന്ന പനി, അപസ്മാര പനി, വസൂരിയുടെ കൂടെയുള്ള പനി, പകർച്ചപനി, തുള്ളൽ പനി, പൊങ്ങൻ പനി, അഞ്ചാംപനി എന്നിവയ്ക്കും, വിവിധ വാതരോഗങ്ങളായ സന്ധിവാതം, രക്തവാതം, ശിരോവാതം എന്നിവയ്ക്കും, ഛർദ്ദി, മനം പുരട്ടൽ, പുളിച്ചു തികട്ടൽ, അതിസാരം എന്നിവയ്ക്കും, ബുദ്ധി വളർച്ചയുമായി ബന്ധപ്പെട്ട ബുദ്ധി മാന്ദ്യം, ഉന്മാദം, ഭ്രാന്ത്, ചിത്ത ഭ്രമം എന്നിവയ്ക്കും മൂർഖൻ, രാജവെമ്പാല, ചുണ്ടെലി, നച്ചെലി, മൂങ്ങ, ചെന്നായ, തേനീച്ച, പേപ്പട്ടി വിഷ ജന്തുക്കളുടെ ആക്രമത്തിന്റെ പ്രതിരോധത്തിനായുള്ള വിഷചികിത്സയ്ക്കും പ്രത്യേകം പ്രത്യേകം ചികിത്സാ രീതികളും ഔഷധ കൂട്ടുകളുമാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ നൽകിയിരിക്കുന്നത്. ഇത്രയേറെ ചികിൽസാ വൈവിധ്യങ്ങൾ പാരമ്പര്യത്തിലധിഷ്ഠിതമായ നാട്ടുവൈദ്യത്തിൽ മാത്രമേ ദർശിക്കാൻ കഴിയുകയുള്ളൂ. ഈ പ്രദേശത്തിന്റെ പാരിസ്ഥിതികമായ പ്രത്യേകതകളാൽ സുലഭമായി വളരുന്ന ഔഷധമൂല്യമുള്ള സസ്യങ്ങളാണ് ഈ വൈവിധ്യത്തിന്നാധാരം.

ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ള ഔഷധ സസ്യങ്ങളുംട ഇല, പൂവ്, വേര്, കായ, പഴം, തൊലി, തണ്ട് എന്നിവയെല്ലാം തന്നെ ഔഷധ നിർമ്മാണത്തിനായി ദ്രവ്യമായി ഉപയോഗിക്കുന്നുണ്ട്. ഇല ഉപയോഗിച്ച് ലേപനം, എണ്ണകൾ, കുഴമ്പ്, ഷാമ്പു, കഷായം, മറ്റ് മരുന്നുകൾ എന്നിവ നിർമ്മിക്കുന്ന രീതിയും ഏതെല്ലാം രോഗങ്ങൾക്ക് ഉപയോഗിക്കാമെന്നും പരാമർശിച്ചിട്ടുണ്ട്. എള്ളെണ്ണ, എണ്ണ, വെളിച്ചെണ്ണ, തേങ്ങാപ്പാൽ, മുലപ്പാൽ, പശുവിൻ പാൽ, പുളിപ്പിച്ച പാൽ, എരുമപ്പാൽ, മോര്, അരി, പച്ചരി കഴുകിയ വെള്ളെ, കഞ്ഞിവെള്ളം, കാടിവെള്ളം, പട്ടിക്കാഷ്ഠം, കോഴികാഷ്ഠം, എലിക്കാഷ്ഠം, പൂച്ചക്കാഷ്ഠം, ആട്ടിൻകാഷ്ഠം, വെണ്ണ, തേൻ, ശർക്കര, പഞ്ചസാര, വിനാഗിരി, വീഞ്ഞ്, പനംചക്കര, മുടികത്തിച്ച ചാരം, ചാരം, കുമ്മായം, ചുവന്ന ഉറുമ്പിന്റെ മുട്ട, കോഴിപ്പൂവ്, കാളച്ചാണകം, മാവിൻ പശ, കഞ്ചാവ്, കറുപ്പ്, കരിക്കിൻ വെള്ളം തുടങ്ങിയ അന

വധി ദ്രവ്യക്കൂട്ടുകൾ ചേർത്താണ് ഔഷധങ്ങൾ തയ്യാറാക്കുന്നത്. കഴിക്കാനുള്ള തും, പുരട്ടാനുള്ളതും, കുളിക്കാനുള്ളതും, ആവിപിടിക്കാനുള്ളതുമൊക്കെയായി എല്ലാ തരത്തിലുമുള്ള ഔഷധങ്ങളും ഹോർത്തൂസ് മലബാറിക്കസ്സിൽ വിവരിച്ചിട്ടു ണ്ട്. സസ്യങ്ങളുടെ ഇല, പൂവ്, വേര്, കായ/പഴം, തൊലി, തണ്ട് എന്നിവ ചതച്ചും, അരച്ചും, വറുത്തും, കുതിർത്തും, ഉണക്കിയും, പൊടിച്ചും അല്ലാതെയും നീരും, ചാറും പൊടിയുമൊക്കെ ആക്കിയുമാണ് ഔഷധങ്ങൾ തയ്യാറാക്കാനായി സസ്യ ങ്ങളെ പരുവപ്പെടുത്തുന്നത്.

ഹോർത്തൂസ് മലബാറിക്കസ്സിലെ ചികിത്സാവിധികളെ സൂക്ഷ്മമായി വിശക ലനം ചെയ്താൽ പതിനേഴാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന പാരമ്പര്യ വൈദ്യ സംസ്കാരമാണ് വെളിവാകുക. നാട്ടുവൈദ്യത്തിന്റെ വലിയ സ്വാധീനം ഇതിൽ നിഴലിച്ചു കാണാവുന്നതാണ്. ആയുർവേദം പോലുള്ള വ്യവസ്ഥാപിത വൈദ്യ സമ്പ്രദായത്തിൽ കാണുന്നതുപോലെ ഔഷധങ്ങളുടെ പേരുകൾ ഹോർത്തൂസ് മലബാറിക്കസ്സിൽ കാണാൻ കഴിയില്ല. മാത്രമല്ല ഇതിൽ ഉപയോഗി ച്ചിട്ടുള്ള ഔഷധ സസ്യങ്ങളുടെയും മറ്റ് ദ്രവ്യങ്ങളുടെയും കൂട്ടുകളുടെ അളവുകൾ പാകം ചെയ്യുന്ന രീതി ഇവയൊന്നും ഹോർത്തൂസിൽ കാണാൻ കഴിയില്ലേ, ആയുർവേദ വിധിപ്രകാരം എങ്ങനെയാണ് 'ഭൃംഗാദി തൈലം' ഉണ്ടാക്കുന്നവിധം പരിശോധിച്ചാൽ ഇത് മനസ്സിലാകും. വൈക്കത്ത് പാച്ചു മൂത്തത് രചിച്ച് തിരുവന ന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് പ്രസിദ്ധീകരിച്ച് 'സുഖസാധകം' എന്ന ആയുർവേദ ഗ്രന്ഥത്തിൽ ഭൃംഗാദി തൈലം ഉണ്ടാക്കുന്നവിധം വിവരിച്ചിരി ക്കുന്നത് ഒരു ശ്ലോകത്തോട് കൂടിയാണ്[29]. 'ഭൃംഗാമല രസ പ്രസ്ഥേ തൈല പ്രസ്ഥം പലഞ്ച മധു കസ്യക്ഷീ രഢകേ വിപക്വം ശ്രുതി നേത്ര രുജാസൂ കമ്മില യാം ച്'. കുഞ്ചുണ്ണി, പച്ചനെല്ലിക്ക ഇതുകളുടെ നീര് സമം ഇടങ്ങഴി ഒന്ന്, എണ്ണ ഇടങ്ങഴി ഒന്ന്, പാല് നാഴി പതിനാറ് കല്ക്കത്തിന് ഇരട്ടിമധുരം ഒരു പലം ഈ എണ്ണ ചെവിയിലും കണ്ണിലും ഉണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും നന്ന്'. എന്നാണ് വിവരിച്ചിരിക്കുന്നത്. ഇവിടെ ദ്രവ്യങ്ങളും അവയുടെ അളവുകളും കൃത്യമായി

കൊടുത്തിട്ടുണ്ട്. മാത്രമല്ല ഇങ്ങനെ തയ്യാറാക്കുന്ന എണ്ണയ്ക്ക് ഒരു പേരും നൽകി യിരിക്കുന്നു. എന്നാൽ ഹോർത്തൂസ് മലബാറിക്കസ്സിൽ ഒരേ രോഗത്തിന് തന്നെ നിരവധി ഔഷധ കൂട്ടുകൾ കൊടുത്തിട്ടുണ്ട്. ഇവയ്ക്കൊന്നും പ്രത്യേകം പ്രത്യേകം നാമകരണം നൽകിയിട്ടുമില്ല. തലമുറകളായി കൈമാറി വരുന്ന പാര മ്പര്യ വിജ്ഞാനമായതിനാലായിരിക്കണം ഇങ്ങനെ സംഭവിച്ചത്.

ഹോർത്തൂസ് മലബാറിക്കസ്സിന്റെ മൂന്നാം വാല്യത്തിന്റെ ആമുഖത്തിൽ വാൻറീഡ് ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ശ്ലോകങ്ങളെക്കുറിച്ചും പണ്ഡിതൻമാർ ശ്ലോകങ്ങൾ ഉദ്ധരിച്ച് വാദപ്രതിവാദത്തിലേർപ്പെടുന്നതിനെക്കുറിച്ചും വിവരിക്കുന്നു ണ്ട്. മാത്രമല്ല ചെടികളെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചുമുള്ള കണ്ടുപിടുത്ത ങ്ങൾ അടങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളുടെ കർത്താക്കൾ ഏകദേശം 4000 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നവരാണെന്ന് വിശ്വസിക്കുന്നുവെന്നും വിവരിക്കുന്നു. സംസ്കൃത ശ്ലോകങ്ങൾ അടങ്ങിയ ആയുർവേദ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പരാമർശമായിരിക്കാ മിത്. എന്നിരുന്നാലും ഈ ഗ്രന്ഥങ്ങളേതാണെന്ന് ഒരിടത്തും അദ്ദേഹം പരാമർശി ച്ചിട്ടില്ല. മാത്രമല്ല ഇതിന്റെ രചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർ ഉദ്ധരിച്ച ഗ്രന്ഥ ങ്ങളെ കണ്ടെത്താനും ഇതുവരെ കഴിഞ്ഞിട്ടില്ല. പാരമ്പര്യമായി കൈമാറിക്കിട്ടിയ അറിവാണ് ഇതിന്റെ രചനക്കായി ഇട്ടി അച്യുതനുൾപ്പെടെയുള്ള വൈദ്യൻമാർ നൽകിയതെന്ന് അവർ സാക്ഷ്യപത്രങ്ങളിൽ കൃത്യമായി വിവരിക്കുന്നുമുണ്ട്. എന്നിരുന്നാലും എല്ലാവിഭാഗം ജനങ്ങൾക്കും ഇത്തരം അറിവുകൾ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു സാമൂഹിക അന്തരീക്ഷമായിരുന്നില്ല പതിനേഴാം നൂറ്റാ ണ്ടെന്ന് വാൻറീഡ് തുടർന്ന് ആമുഖത്തിൽ വിവരിക്കുന്നുണ്ട്. ‘ജന്മംകൊണ്ട് ബഹുമാന്യരായി കണക്കാക്കപ്പെട്ടിരുന്ന ഒരു വിഭാഗം ആളുകൾക്ക് മാത്രമെ ഇത് പ്രാപ്യമായിരുന്നുള്ളൂ. ഇത്തരം സിദ്ധികൾ ഒരു തലമുറയിൽ നിന്ന് അടുത്ത തല മുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഒരു പ്രത്യേക ജന്മാവകാശമായി ഇത് തലമുറകളായി പണ്ടു മുതൽക്കേ കൈമാറികൊണ്ടിരിക്കുന്നു. ഒരു പ്രത്യേക ജന വിഭാഗത്തിൽ ജനിച്ചതുകൊണ്ടു മാത്രം ചില അവകാശങ്ങൾ കരഗതമാവുകയോ അപ്രാപ്യമാവുകയോ ചെയ്യുന്ന ഇത്തരം സാമൂഹിക ചുറ്റുപാടുകളിൽ മാറ്റം വരു

ത്താൻ ഏതെങ്കിലും രാജാവ് നിർബന്ധപൂർവ്വം ശ്രമിച്ചാലോ, അല്ലെങ്കിൽ ചർച്ചകളിലൂടെ ശ്രമിക്കുകയോ ചെയ്താൽ, ചില പ്രത്യേക വെളിപാടുകളുടെ പേരിലോ അന്ധവിശ്വാസങ്ങളുടെ പേരിലോ, അത്തരം ശ്രമങ്ങളെ നിരുത്സാഹപ്പെടുത്താൻ പ്രത്യേക അവകാശങ്ങൾ കാലാകാലങ്ങളായി അനുഭവിച്ചുവരുന്നവർ ശ്രമിച്ചിരുന്നു എന്നിങ്ങനെ തുടരുന്നു വിവരണം. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് വൈദ്യപാരമ്പര്യം എന്നത് ചില പ്രത്യേക ജാതി ശ്രേണിയിലെ വിഭാഗങ്ങൾ കൈമുതലാക്കിവച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകുന്ന വൈജ്ഞാനിക മേഖലയാണെന്നാണ്. ബ്രാഹ്മണൻമാരും, മൂസത്മാരും, ആദിവാസികളും, ഈഴവൻമാരുമൊക്കെ അവരുടെ പൂർവ്വികർ പകർന്നു നൽകിയ വംശീയ വൈദ്യവിജ്ഞാനം തലമുറകളായി കൈമാറി വൈദ്യം ഒരു തൊഴിലായി കണ്ടുകൊണ്ട് മുന്നോട്ടുപോകുന്നുവെന്നാണ്. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ എല്ലാവരും ഇതൊരു തൊഴിലായി സ്വീകരിച്ചവരും ആയിരുന്നില്ല. അത്തരമൊരു സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ രചിക്കപ്പെട്ട കൃതിയായതിനാൽ ഇതിന് ആയുർവേദത്തിന്റെയും സ്വാധീനതയും അതിലേറെയായി വംശീയ വൈദ്യ വിജ്ഞാനത്തിന്റെ സ്വാധീനവും കാണാൻ കഴിയും. ഇട്ടി അച്യുതനും അപ്പുഭട്ട്, രംഗഭട്ട്, വിനായക പണ്ഡിറ്റ് എന്നിവർ മുഖ്യമായും അതിലേറെപേർ വിവിധ ഘട്ടങ്ങളിലും ഹോർത്തൂസ് മലബാറിക്കസ്സിന്റെ പൂർത്തീകരണത്തിനായി സഹകരിച്ചിട്ടുണ്ട്. പാരമ്പര്യമായി കൈമാറി വരുന്ന അവരുടേതായ ഗ്രന്ഥങ്ങളും അറിവുകളും മറ്റ് നാട്ടറിവുകളുമൊക്കെയാണ് ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പാരമ്പര്യവൈദ്യമാണ് ഇതിന്റെ വിജ്ഞാന ശ്രോതസ്സ്. ഇത് ആ കാലഘട്ടത്തിലെ സാംസ്കാരിക പൈതൃകത്തേയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നുള്ളത്കൊണ്ട് ഹോർത്തൂസ് മലബാറിക്കസ്സ് ഒരു പാരമ്പര്യ വൈദ്യവിജ്ഞാനത്തിന്റെ സാംസ്കാരിക പാഠം തന്നെയാണ്.

### 4.6 ഉപസംഹാരം

ഒരു ജനത തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന അറിവുകൾ, അചാരങ്ങൾ, വിശ്വാസങ്ങൾ, ജീവിത രീതികൾ എന്നിവയെല്ലാംതന്നെ പാരമ്പര്യം

എന്ന പദത്തിന്റെ പരിധിയിൽ വരുന്നതാണ്. ഭൂതകാലത്തിൽ നിന്നും ആശയങ്ങൾ സ്വരൂപിച്ച് ഒരു സമൂഹത്തിൽ പടർന്നു പന്തലിച്ച ജനങ്ങളുടെ പാരമ്പര്യമാണ് ആ സമൂഹത്തിന്റെ സംസ്കാരം എന്നു പറയുന്നത്. ഒരു പ്രദേശത്തിന്റെ തനതായതും വംശീയബന്ധമുള്ളതും നാടൻ ശൈലിയിലുള്ളതുമായ ആരോഗ്യ സംരക്ഷണ സംസ്കാരമാണ് ആ സമൂഹത്തിന്റെ പാരമ്പര്യ വൈദ്യം. ആധുനിക വൈദ്യശാസ്ത്രം നിലവിൽ വരുന്നതിന് മുമ്പ് പ്രാചീനമായതും ജനജീവിതമായും പ്രകൃതിയുമായും അഭേദ്യമായ ബന്ധമുള്ളതുമായ ചികിത്സാരീതിയാണ് പാരമ്പര്യ വൈദ്യം. കേരളത്തിന്റെ ഭൂപ്രകൃതിയും സസ്യജാലങ്ങളും ജനങ്ങളുടെ ജീവിത സാഹചര്യവും ഒരു ജ്ഞാനമേഖലയായി പാരമ്പര്യ വൈദ്യം ഇവിടെ നിലകൊള്ളാൻ ഇടയായി. വംശീയ പാരമ്പര്യത്തിലധിഷ്ഠിതമായിരുന്നു ഇവിടുത്തെ വൈദ്യ പാരമ്പര്യം. കേരളത്തിലെ ഔഷധ സസ്യങ്ങളെക്കുറിച്ചും പാരമ്പര്യവൈദ്യത്തിലധിഷ്ഠിതമായ ചികിത്സാ രീതികളെക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥമെന്ന നിലയിൽ ഹോർത്തൂസ് മലബാറിക്കസ്സിന് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയ സ്ഥാനമാണുള്ളത്. ഈ ഗ്രനഥത്തിന്റെ പൂർത്തീകരണത്തിൽ പാരമ്പര്യവൈദ്യൻമാരും കേരളത്തിന്റെ തനതായ വൈദ്യ പാരമ്പര്യവും നിർണ്ണായകമായ പങ്കാണ് നിർവ്വഹിച്ചിട്ടുള്ളത്. അതിനുള്ള ഒട്ടേറെ തെളിവുകൾ ഈ ഗ്രന്ഥത്തിന്റെ പന്ത്രണ്ട് വാല്യങ്ങളിലുമുണ്ട്. ഇമ്മാനുവൽ കർണിറോ, ഇട്ടി അച്യുതൻ, രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവരുടെ സാക്ഷ്യ പത്രങ്ങളും ജോൺ കസേറിയസ് തയ്യാറാക്കിയ ഒന്നാം വാല്യത്തിന്റെ മുഖവുരയും വാൻറീഡ് തയ്യാറാക്കിയ മൂന്നാം വാല്യത്തിന്റെ മുഖവുരയും ഇതിനുള്ള തെളിവുകളാണ്. 554 ഔഷധ സസ്യങ്ങളുപയോഗിച്ച് ഇരുനൂറിൽ കൂടുതൽ രോഗങ്ങൾക്കുള്ള ചികിത്സാവിധികൾ പറഞ്ഞു തരുന്ന ഈ ഗ്രന്ഥം പതിനേഴാം നൂറ്റാണ്ടിലെ കേരളത്തിന്റെ വൈദ്യപാരമ്പര്യമാണ് ലോകത്തിന് മുമ്പിൽ പരിചയപ്പെടുത്തുന്നത്.

## ഗ്രന്ഥസൂചി


1. Devi, G.N. (1993). Tradition and Change in Indian literary criticism after Amensia. London : Orient Longman Ltd., 1883, p.15
2. Encyclopedia Britannica. (1973). USA: William Benton Publishers, 1973. Vol.10.
3. ഷൈല എബ്രഹാം (2008). പാരമ്പര്യവും പാരമ്പര്യ നിഷേധവും ഒ. വി. വിജയന്റെ കഥാപാത്രങ്ങളിൽ. (പി. എച്ച്. ഡി. പ്രബന്ധം). പത്തനം തിട്ട : കാത്തോലിക്കേറ്റ് കോളേജ്, മലയാള വിഭാഗം,2008.
4. Terry Nardin and David R.M. (1992). Tradition of International ethics. Cambridge : Cambridge University Press, 1992. p.6.
5. Seligman, R.A., Ed. (1951). Encyclopedia of Social Science. New York: MacMillan, 1951, Vol.15, p.67.
6. രാമചന്ദ്രൻ നായർ കെ (1970). പാരമ്പര്യവും ആധുനികതയും ആശാന്റെ കവിതയിൽ. കോട്ടയം : എസ്. സി. സി. എസ്., 1970, പു. 103.
7. Williams, Raymond (1961). The long revolution. London: Chatto and Windus, 1961.
8. ഉണ്ണികൃഷ്ണൻ, ഇ. (2011). കേരളത്തിലെ നാട്ടുവൈദ്യം. കോട്ടയം : ഡി. സി. ബുക്സ്, 2011, പു. 9.
9. അതേ പുസ്തകം. പു. 9.
10. Bannerman, Robert H., *et al.* (1983). Traditional Medicine and Health care coverage: a reader for health administrators and practitioners. Geneva: World Health Organization, 1983.
11. പാനൂർ കെ. (1987). കേരളത്തിലെ ആഫ്രിക്ക. കോട്ടയം : എൻ. ബി. എസ്., 1987.
12. ഉണ്ണികൃഷ്ണൻ, ഇ. (2005). കേരളത്തിലെ നാട്ടു വൈദ്യത്തിന്റെ പരിസ്ഥിതി നാടോടി വിജ്ഞാനീയം (പി. എച്ച്. ഡി. പ്രബന്ധം). മലപ്പുറം : കാലിക്കറ്റ് സർവ്വകലാശാല, മലയാള വിഭാഗം, 2005.
13. ഉണ്ണികൃഷ്ണൻ, ഇ. (2011). കേരളത്തിലെ നാട്ടുവൈദ്യം. കോട്ടയം : ഡി. സി. ബുക്സ്, 2011, പു. 22.
14. അതേ പുസ്തകം. പു. 22.
15. അതേ പുസ്തകം. പു. 22.
16. അതേ പുസ്തകം. പു. 22.
17. അതേ പുസ്തകം. പു. 25.
18. അതേ പുസ്തകം. പു. 26.
19. വിജയൻ എം. ആർ. വിനോദ്, ഉണ്ണികൃഷ്ണൻ, ഇ. (1993). അട്ടപ്പാടി, ആരോഗ്യത്തിന്റെ സംസ്കാരവും സംസ്കാരത്തിന്റെ ആരോഗ്യവും, തിരുവനന്തപുരം: ആയുർവേദ വികാസ കേന്ദ്രം, 1993.

20. Van Rheede tot drakenstein. (1678-1693). Hortus Malabaricus. Amsterdam : Widow of J. Van Someren, J. Van Dyck, H. Widow of T. Boom. 12 Vols.

21. മണിലാൽ, കെ.എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല. വാല്യം 1.

22. അതേ പുസ്തകം.

23. അതേ പുസ്തകം.

24. അതേ പുസ്തകം.

25. അതേ പുസ്തകം.

26. പാച്ചു മൂത്തത്, വൈക്കത്ത്. (1997). സുഖസാധകം. തിരുവനന്തപുരം :ആയുർവേദ കോളേജ്. പുറം 48.

27. മണിലാൽ, കെ.എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല. വാല്യം 1.

28. മണിലാൽ, കെ.എസ്. (2008). വാൻ റീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്. തിരുവനന്തപുരം : കേരള സർവ്വകലാശാല. വാല്യം 1.

# ഉപസംഹാരം

ലാറ്റിൻ ഭാഷയിൽ രചിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കസ്സിൽ മലയാളഭാഷയുടെയും ആദ്യകാല മലയാളലിപികളുടെയും വലിയ സാന്നിധ്യമുണ്ട്. ഒരു പ്രദേശത്തിന്റെയും ദേശവാസികളുടെയും പ്രത്യേകതകളെല്ലാം വരും തലമുറയ്ക്കായി വിനിമയം ചെയ്യപ്പെടുന്നത് മുഖ്യമായും ഭാഷയിലൂടെയും ലിപിയിലൂടെയുമാണ്. ഒരു സമൂഹത്തിന്റെ സാംസ്കാരിക പുരോഗതി അവിടുത്തെ ഭാഷാപുരോഗതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഹോർത്തൂസ് മലബാറിക്കസ്സിന്റെ പന്ത്രണ്ട് വാല്യങ്ങളിലായി വിന്യസിച്ചിട്ടുള്ള മലയാളഭാഷയും ലിപിയും പഠനവിധേയമാക്കി ഒരു സാംസ്കാരിക പാഠമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ വിശകലനം ചെയ്യുക എന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. കേരളത്തിൽ 17-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന പാരമ്പര്യവൈദ്യത്തിന്റെ സ്വാധീനം ഹോർത്തൂസ് മലബാറിക്കസ്സിൽ എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള ഔഷധ സസ്യങ്ങളെകുറിച്ചും അവ ഉപയോഗിച്ചുള്ള ചികിത്സാ രീതികളെക്കുറിച്ചും അറിയുക എന്നുള്ളതുമായിരുന്നു മറ്റൊരു ലക്ഷ്യം. മലബാർ പ്രദേശത്തെ സസ്യസമ്പത്തിനെ കുറിച്ചും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തെ കുറിച്ചും ഒട്ടേറെ വിവരങ്ങൾ നൽകുന്ന രേഖ എന്ന നിലയിൽ ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥം സവിശേഷ പ്രാധാന്യമർഹിക്കുന്നു. ഒരു പ്രദേശിക സമൂഹത്തിന്റെ ഭാഷയും വൈദ്യപാരമ്പര്യവും അടയാളപ്പെടുത്തപ്പെട്ട ഗ്രന്ഥമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ 'സാംസ്കാരിക പാഠ'മെന്ന ആശയത്തെ മുൻനിർത്തി അന്തർവൈജ്ഞാനിക പഠന മാതൃകയാണ് ഈ പഠനത്തിന് രീതിശാസ്ത്രമായി പരിഗണിച്ചത്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ ലാറ്റിൻ, ഇംഗ്ലീഷ് എന്നീ പതിപ്പുകൾ പ്രബന്ധരചനയ്ക്കായി വിശകലന വിധേയമാക്കിയിട്ടുണ്ടെങ്കിലും കെ. എസ്. മണിലാൽ തയ്യാറാക്കി കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ച ഹോർത്തൂസ് മലബാറിക്കസ്സിന്റെ മലയാള പരിഭാഷയാണ് മുഖ്യ

മായും പഠനവിധേയമാക്കിയിട്ടുള്ളത്. 'ഹോർത്തൂസ് മലബാറിക്കസ്സ് : ഒരു സാംസ്കാരിക പാഠം' എന്ന വിഷയം സ്വീകരിച്ച് നടത്തിയ അന്വേഷണങ്ങളുടെയും അപഗ്രഥനങ്ങളുടെയും അടിസ്ഥാനത്തിൽ വെളിപ്പെട്ട വസ്തുതകൾ താഴെ ക്രോഡീകരിക്കുന്നു.

- കേരളത്തിലെ സസ്യസമ്പത്തിനെ സംബന്ധിച്ച് 1678 - 1693 കാലഘട്ടത്തിൽ ആംസ്റ്റർഡാമിൽ നിന്നും 12 വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്സ്. 742 സസ്യങ്ങളെക്കുറിച്ച് 1595 പുറങ്ങളിൽ 791 ചിത്രങ്ങൾ സഹിതമുള്ള വിവരങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. 554 ഔഷധ സസ്യങ്ങളെക്കുറിച്ചും അതിന്റെ ഉപയോഗക്രമങ്ങളെക്കുറിച്ചും ഹോർത്തൂസിൽ പരാമർശിച്ചിട്ടുണ്ട്. ഔഷധമൂല്യമില്ലാത്ത സസ്യങ്ങളെക്കുറിച്ചും ഇതിൽ പരാമർശമുണ്ട്. മലബാറിലെ ഡച്ച് ഗവർണ്ണറായിരുന്ന ഹെൻട്രിക് ആഡ്രിയാൻ വാൻറീഡ് ആയിരുന്നു ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനയ്ക്ക് നേതൃത്വം നൽകിയത്.
- മലബാർ പ്രദേശത്ത് കണ്ടുവരുന്ന സസ്യങ്ങളുടെ പേരുകൾ തദ്ദേശീയമായ രീതിയിലാണ് എല്ലാ അധ്യായങ്ങളിലും നൽകിയിരിക്കുന്നത്. പാഠഭാഗങ്ങളുടെ തലക്കെട്ടുകൾ ലാറ്റിൻ ഭാഷയിലാണ് രചിക്കപ്പെട്ടതെങ്കിലും മലയാള സസ്യനാമങ്ങൾ ലാറ്റിൻ ഭാഷയിൽ എഴുതുകയായിരുന്നു. പന്ത്രണ്ട് വാല്യങ്ങളിലുള്ള സസ്യങ്ങളുടെ ചിത്രങ്ങൾക്കു മുകളിലായിട്ടുള്ള സസ്യനാമങ്ങൾ ലാറ്റിൻ, മലബാർ (മലയാളം), അറബി, ബ്രാഹ്മണ (നാഗരി) ലിപികളിലാണ് നൽകിയിരിക്കുന്നത്. ചിത്രങ്ങളുടെ മുകളിലായി കൊടുത്തിട്ടുള്ള മലയാള നാമങ്ങൾ മലബാറിൽ പ്രാദേശികമായി ഉപയോഗത്തിലുള്ള ഭാഷാശൈലിയിൽ ആണ് ഹോർത്തൂസിൽ ഉപയോഗിച്ചത്. ഇതിനു കാരണം യൂറോപ്യൻമാർക്ക് ഇത്തരം സസ്യങ്ങൾ അപരിചിതമായിരുന്നു. 17-ാം നൂറ്റാണ്ടിലെ മലയാള ഭാഷയുടെ പദസമ്പത്തിന്റെ ശക്തിയാണ് ഇവിടെ വെളിവാകുന്നത്.

- ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാവേളയിൽ മലയാള ലിപികളുടെ വിവിധ രൂപങ്ങൾ പ്രബലമായി മലബാറിൽ നിലനിന്നിരുന്നു. ഹോർത്തൂസ് മല ബാറിക്കസ്സിലെ കോലെഴുത്ത്, ആര്യയെഴുത്ത് എന്നീ ലിപികളുടെ സാന്നിധ്യം ഇതാണ് തെളിയിക്കുന്നത്. അവിടെ നിന്നും ഇന്നത്തെ നിലയിലേക്ക് ലിപി പരി ണാമത്തിന്റെ പൂർണ്ണതയിലെത്താൻ നൂറ്റാണ്ടുകളെടുത്തു എന്നുള്ളതാണ് വസ്തുത. മലയാള ഭാഷയുടെ തന്നെ വളർച്ചയുടെ പടവുകൾ അടയാളപ്പെടു ത്തപ്പെട്ട ഒരു ആധികാരിക രേഖകൂടിയാണ് ഹോർത്തൂസ് മലബാറിക്കസ്.
- ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന അല്ലെങ്കിൽ പാരമ്പര്യമായി കൈമാറി വരുന്ന അറിവുകളെ വരും തലമുറയിലേക്ക് കൈമാറാൻ ശക്തമായൊരു ലിപി സമ്പ്ര ദായം കേരളത്തിൽ നിലനിന്നിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ മലയാള അക്ഷ രങ്ങൾക്കും ഉപയോഗങ്ങൾക്കും പ്രത്യേകതകൾ ഉണ്ടായിരുന്നു. മലയാള ലിപി വിന്യാസത്തിലൂടെ മലയാള സംസ്കാരത്തിന്റെ അടയാളപ്പെടുത്തലിന്റെ ചരിത്രരേഖയായി ഹോർത്തൂസ് മാറുകയായിരുന്നു.
- കൊച്ചി നഗരത്തിൽ സ്ഥിരതാമസമാക്കിയ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഔദ്യോഗിക ദ്വിഭാഷിയായി ഇമ്മാനുവൽ കർണിറോ തയ്യാറാക്കിയ ആര്യ എഴുത്ത് ലിപിയിലുള്ള സാക്ഷ്യപത്രവും, ഇട്ടിഅച്യുതൻ രചിച്ച കോലെഴുത്തി ലുള്ള സാക്ഷ്യപത്രവും, രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ ചേർന്ന് കൊങ്കണി ഭാഷയിൽ നാഗരി ലിപിയിൽ തയ്യാറാക്കിയിട്ടുള്ള സാക്ഷ്യ പത്രവും ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ ചേർത്തിട്ടുണ്ട്. ഈ മൂന്ന് സാക്ഷ്യപത്രങ്ങളും കേരളത്തിലെ വൈദ്യപാരമ്പര്യത്തിന്റെ നേർസാ ക്ഷ്യങ്ങളാണ്.
- ഒന്നാം വാല്യത്തിലെ ഒന്നാം സാക്ഷ്യപത്രത്തിൽ ഇമ്മാനുവൽ കർണിറോ വാൻറീഡിന്റെ ആജ്ഞാനുസരണമാണ് വൈദ്യപാരമ്പര്യമുള്ള കരപ്പുറം സ്വദേ ശിയായ ഈഴവ കുലത്തിൽ ജനിച്ച ഇട്ടി അച്യുതനെന്ന മലയാളി

വൈദ്യനേക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത്. ഇട്ടി അച്യുതൻ പറഞ്ഞുകൊടുത്തിട്ടുള്ളതും മലബാർ പ്രദേശത്ത് വളരുന്ന വൃക്ഷങ്ങൾ, ചെടികൾ, ഔഷധസസ്യങ്ങൾ, വള്ളികൾ എന്നിവയുടെ പേരും ഔഷധ മൂല്യങ്ങളും ഗുണങ്ങളും മലയാള ഭാഷയിൽ നിന്ന് പോർച്ചുഗീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്തത് കർണിറോവാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

- ഒന്നാം വാല്യത്തിലെ രണ്ടാമത്തെ സാക്ഷ്യപത്രം പാരമ്പര്യ വൈദ്യനായ ഇട്ടി അച്യുതൻ തയ്യാറാക്കിയതാണ്. ഈ സാക്ഷ്യപത്രത്തിൽ ഇട്ടിയച്യുതൻ സൂചിപ്പിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ ആധികാരികതയെയാണ്. ഇന്ത്യൻ സൊസൈറ്റിയിലെ (ഡച്ച് ഈസ്റ്റിന്ത്യ കമ്പനി) ദ്വിഭാഷിയായ മാനുവൽ കർണിറോ മുഖേന അദ്ദേഹം പകർന്നു നൽകിയ ഔഷധസസ്യസംബന്ധമായ കാര്യങ്ങളിൽ ഒരു സംശയവും മലയാളി വൈദ്യന്മാർക്ക് പോലും ഉണ്ടാകാൻ പാടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

- ഒന്നാം വാല്യത്തിലെ മൂന്നാം സാക്ഷ്യപത്രത്തിൽ രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ ചേർന്ന് തയ്യാറാക്കിയ സാക്ഷ്യപത്രത്തിൽ തങ്ങളുടെ ഗ്രന്ഥമായ 'മൻഹനിൻഗട്ടനം' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ചെടികളെക്കുറിച്ചുള്ള വിവരങ്ങളും പുറമെ അവരുടെ ദീർഘനാളത്തെ പഠനത്തിന്റെയും പരിചയത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി ലഭിച്ച അറിവുകളും ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

- സംസ്കൃതഭാഷയെപ്പറ്റിയോ മറ്റ് വൈദ്യ സമ്പ്രദായങ്ങളെക്കുറിച്ചോ ഒരു സൂചനയും സാക്ഷ്യപത്രങ്ങൾ നൽകുന്നില്ല. ഈഴവരെപ്പോലെ ബ്രാഹ്മണർക്കും തനതായ വൈദ്യ ചികിത്സ പാരമ്പര്യമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖ കൂടിയാണിത്. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലേക്കാണിത്

വെളിച്ചം വീശുന്നത്. അതുകൊണ്ട് ആ കാലഘട്ടത്തിൽ കേരളത്തിൽ വൈദ്യ പാരമ്പര്യം അതിശക്തമായിരുന്നുവെന്ന് നിസ്സംശയം പറയാൻ കഴിയും.

- സാക്ഷ്യപത്രങ്ങൾപോലെത്തന്നെ ഹോർത്തൂസ് മലബാറിക്കസ്സിന്റെ ഒന്നാം വാല്യത്തിൽ ജോൺ കസേറിയസ് (കൊച്ചിയിലെ പുരോഹിതൻ) തയ്യാറാക്കിയ മുഖവുരയും മൂന്നാം വാല്യത്തിൽ വാൻറീഡ് നൽകിയ ആമുഖവും കേരളത്തിലെ വൈദ്യപാരമ്പര്യത്തിന്റെ തെളിവുകളാണ്. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാപശ്ചാത്തലവും കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലവും മനസ്സിലാക്കാൻ ഇവ ഉപകരിക്കും.

- ഔഷധസസ്യങ്ങളുടെ കൂട്ടുകളും ഉപയോഗക്രമങ്ങളൊക്കെത്തന്നെയും ആയുർവേദ ഗ്രന്ഥത്തിലും ഹോർത്തൂസിലും വിഭിന്നമാണ്. കൂടാതെ സാക്ഷ്യപത്രങ്ങളിലായാലും പാഠഭാഗങ്ങളിലായാലും മറ്റ് കുറിപ്പുകളിലൊന്നും തന്നെ ആയുർവേദത്തെപ്പറ്റിയോ മറ്റ് ചികിത്സാസമ്പ്രദായങ്ങളെപ്പറ്റിയോ ഒരു പരാമർശവും ഇല്ല. ഹോർത്തൂസ് മലബാറിക്കസ്സിന്റെ രചനാ കാലഘട്ടത്തിൽ കേരളത്തിൽ വിവിധങ്ങളായ പാരമ്പര്യവൈദ്യസമ്പ്രദായങ്ങൾ നിലനിന്നിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.

- മിക്ക രോഗങ്ങൾക്കും ഒന്നിൽ കൂടുതൽ ചികിത്സകൾ നൽകിയിട്ടുണ്ട്. ചില രോഗങ്ങൾക്ക് അമ്പതിൽപരം ചികിത്സാമുറകൾ പ്രതിപാദിച്ചിട്ടുണ്ട്. വിഷബാധ, വായുകോപം, കരൾ രോഗങ്ങൾ, കുടൽ രോഗങ്ങൾ, ആർത്തവ പ്രശ്നങ്ങൾ, സന്ധിവാതം, ചൊറി, പരുക്കൾ, മുറിവ്, വ്രണം, വയറുവേദന, വയറിളക്കം, പനി, ചുമ/ശ്വാസം മുട്ടൽ, കഫദോഷം തുടങ്ങിയ രോഗങ്ങൾക്ക് നിരവധി ചികിത്സാ പദ്ധതികളാണ് നൽകിയിരിക്കുന്നത്. അതുപോലെ ദേഹവേദന, അതിസാരം, നേത്രരോഗങ്ങൾ, പ്രസവം, ഗൊണേറിയ, മൂത്ര തടസ്സം, കുഷ്ഠം തുടങ്ങിയ രോഗങ്ങൾക്കും വിവിധ തരത്തിലുള്ള ഔഷധ സസ്യങ്ങളുപയോഗിച്ചുള്ള നിരവധി ചികിത്സാ രീതികളാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ പരാ

മർശിച്ചിട്ടുള്ളത്. ഇത് കാണിക്കുന്നത് കേരളത്തിൽ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ഔഷധമൂല്യത്തെക്കുറിച്ചും അവ ഉപയോഗിച്ച് ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സിക്കാമെന്ന് കൃത്യമായി ബോധ്യമുള്ള ഒരു ജനതയുടെ വൈജ്ഞാനിക മണ്ഡലത്തിന്റെ വ്യാപ്തിയാണ്.

- ചികിത്സാവിധികൾ പരിശോധിക്കുമ്പോൾ കാണാൻ കഴിഞ്ഞ മറ്റൊരു പ്രത്യേകത ഒരേ രോഗത്തിന്റെ വകഭേദങ്ങളുടെ ചികിത്സയ്ക്കും ഔഷധ സസ്യകൂട്ടുകൾ ഉണ്ടായിരുന്നു എന്നുള്ളതാണ്. പനിയുടെ വിവിധ രൂപങ്ങളായ കടുത്ത പനി, ഇടവിട്ട പനി, പൊള്ളുന്ന പനി, കഫാധികൃത്താലുള്ള പനി, പനിച്ചൂട്, ജലദോഷപനി, ശീതപനി, വാതപനി, കോളറ പനി, വിറപ്പനി, എല്ലുകൾക്കനുഭവപ്പെടുന്ന പനി, അപസ്മാര പനി, മസൂരിയുടെ കൂടെയുള്ള പനി, പകർച്ചപനി, തുള്ളൽ പനി, പൊങ്ങൻ പനി, അഞ്ചാംപനി എന്നിവയ്ക്കും, വിവിധ വാതരോഗങ്ങളായ സന്ധിവാതം, രക്തവാതം, ശിരോവാതം എന്നിവയ്ക്കും, ഛർദ്ദി, മനം പുരട്ടൽ, പുളിച്ചു തികട്ടൽ, അതിസാരം എന്നിവയ്ക്കും, ബുദ്ധി വളർച്ചയുമായി ബന്ധപ്പെട്ട ബുദ്ധി മാന്ദ്യം, ഉന്മാദം, ഭ്രാന്ത്, ചിത്ത ഭ്രമം എന്നിവയ്ക്കും മൂർഖൻ, രാജവെമ്പാല, ചുണ്ടെലി, നച്ചെലി, മൂങ്ങ, ചെന്നായ, തേനീച്ച, പേപ്പട്ടി തുടങ്ങിയ വിഷജന്തുക്കളുടെ ആക്രമത്തിന്റെ പ്രതിരോധത്തിനായുള്ള വിഷചികിത്സയ്ക്കും പ്രത്യേകം പ്രത്യേകം ചികിത്സാ രീതികളും ഔഷധ കൂട്ടുകളുമാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ നൽകിയിരിക്കുന്നത്. ഇത്രയേറെ ചികിൽസാ വൈവിധ്യങ്ങൾ പാരമ്പര്യത്തിലധിഷ്ഠിതമായ നാട്ടുവൈദ്യത്തിൽ മാത്രമേ ദർശിക്കാൻ കഴിയുകയുള്ളൂ.

- കഴിക്കാനുള്ളതും, പുരട്ടാനുള്ളതും, കുളിക്കാനുള്ളതും, ആവിപിടിക്കാനുള്ളതുമൊക്കെയായി എല്ലാ തരത്തിലുമുള്ള ഔഷധങ്ങളും ഹോർത്തൂസ് മലബാറിക്കസിൽ വിവരിച്ചിട്ടുണ്ട്. സസ്യങ്ങളുടെ ഇല, പൂവ്, വേര്, കായ/പഴം, തൊലി, തണ്ട് എന്നിവ ചതച്ചും, അരച്ചും, വറുത്തും, കുതിർത്തും, ഉണക്കിയും,

പൊടിച്ചും അല്ലാതെയും നീരും, ചാറും പൊടിയുമൊക്കെ ആക്കിയുമാണ് ഔഷധങ്ങൾ തയ്യാറാക്കാനായി സസ്യങ്ങളെ പരുവപ്പെടുത്തുന്നത്.

- ഹോർത്തൂസ് മലബാറിക്കസ്സിലെ ചികിത്സാവിധികളെ സൂക്ഷ്മമായി വിശകലനം ചെയ്താൽ പതിനേഴാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന പാരമ്പര്യ വൈദ്യ സംസ്കാരമാണ് വെളിവാകുക. നാട്ടുവൈദ്യത്തിന്റെ വലിയ സ്വാധീനം ഇതിൽ നിഴലിച്ചു കാണാവുന്നതാണ്. ആയുർവേദംപോലുള്ള വ്യവസ്ഥാപിത വൈദ്യ സമ്പ്രദായത്തിൽ കാണുന്നതുപോലെ ഔഷധങ്ങളുടെ പേരുകൾ ഹോർത്തൂസ് മലബാറിക്കസ്സിൽ കാണാൻ കഴിയില്ല. മാത്രമല്ല ഇതിൽ ഉപയോഗിച്ചിട്ടുള്ള ഔഷധ സസ്യങ്ങളുടെയും മറ്റ് ദ്രവ്യങ്ങളുടെയും കൂട്ടുകളുടെ അളവുകൾ, പാകം ചെയ്യുന്ന രീതി ഇവയൊന്നും ഹോർത്തൂസിൽ കാണാൻ കഴിയില്ല.

- പാരമ്പര്യ വിജ്ഞാനത്തിലധിഷ്ഠമായ വൈദ്യവും, ഭാഷയും ലിപിയുമൊക്കെ അടയാളപ്പെടുത്തപ്പെട്ട ഈ ഗ്രന്ഥം ആ കാലഘട്ടത്തിലെ സാംസ്കാരിക പശ്ചാത്തലത്തിലേക്കാണ് വെളിച്ചം വീശുന്നത്. മലബാറിന്റെ സാംസ്കാരിക പൈതൃകത്തിലേക്ക് ചരിത്രസാക്ഷ്യമായി മാറിയ സാംസ്കാരിക പാഠമാണ് ഹോർത്തൂസ് മലബാറിക്കസ്സ്.

**തുടർപഠന സാധ്യതകൾ**

1. ഹോർത്തൂസ് മലബാറിക്കസ്സ് ഒരു വൈദേശിക അധിനിവേശത്തിന്റെ ഉത്പന്നമാണ്. ആയതിനാൽ ഇതിനെ ഒരു വൈദേശിക അധിനിവേശ ചരിത്ര രേഖ എന്ന നിലയിൽ പഠനവിധേയമാക്കാവുന്നതാണ്.
2. സങ്കീർണ്ണമായ ഒരു സാമൂഹിക പശ്ചാത്തലമായിരുന്നു പതിനേഴാം നൂറ്റാണ്ടിൽ കേരളത്തിലേത്. ഇതിന്റെ ചില സൂചനകൾ ഹോർത്തൂസ് മലബാറിക്കസ്സിൽ

നിന്നും ലഭിക്കുന്നുണ്ട്. ആയതിനാൽ ഇതിന്റെ രചനാ കാലഘട്ടത്തിലെ സാമൂഹിക പശ്ചാത്തലം അന്വേഷണ വിധേയമാക്കാം.

3. ഹോർത്തൂസ് മലബാറിക്കസ്സിൽ ഉപയോഗിച്ചിട്ടുള്ള പ്രാചീന മലയാള ലിപി മാതൃകകളെ പഠനവിധേയമാക്കി മലയാള ലിപിയുടെ പരിണാമഘട്ടങ്ങളെ ഭാഷാശാസ്ത്ര രീതിശാസ്ത്രമുപയോഗിച്ച് വിശകലനവിധേയമാക്കാവുന്നതാണ്.

4. ഔഷധസസ്യങ്ങളുപയോഗിച്ച് അനവധി ചികിത്സാ പദ്ധതികളാണ് ഹോർത്തൂസ് മലബാറിക്കസ്സിൽ പരാമർശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ വംശീയവൈദ്യ പാരമ്പര്യത്തെയും ആയുർവേദത്തെയും താരതമ്യം ചെയ്ത് പഠനം നടത്താൻ കഴിയും.

# സഹായകഗ്രന്ഥങ്ങൾ


അനിൽ കെ. എം. (2004). ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴി ക്കോട് : പാപ്പിയോൺ. പുറം 34, 43, 79, 121.

അനിൽ കെ. എം. (2017). സാംസ്കാരിക നിർമ്മിതി. കോഴിക്കോട് : പ്രോഗ്രസ്സ് ബുക്സ്, പുറം 85, 210.

അരുൺ കുമാർ, എൻ. എസ്. (2014). ഹോർത്തൂസ് മലബാറിക്കസ് : ചരിത്രവും ശാസ്ത്രവും. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014, പുറം 29.

അഖില വിജ്ഞാന കോശം (വാല്യം നാല്). (1998). കോട്ടയം : ഡി. സി. ബുക്സ്, പുറം 28.

കുഞ്ചുണ്ണി രാജ. (2015). മലയാള ഭാഷയെപറ്റി എല്ലിസിന്റെ ലേഖനം. (മലയാളഭാ ഷ, ചരിത്രം (എഡി.), തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു. 84.

കുഞ്ഞൻ പിള്ള, ഇളംകുളം. കേരള ഭാഷാ പരിണാമം, കോട്ടയം : എൻ. ബി. എസ്. പു. 12.

കുഞ്ഞൻപിള്ള, ഇളംകുളം. (1970). അന്നത്തെ കേരളം. കോട്ടയം : എൻ. ബി. എസ്. പു. 68.

കൃഷ്ണപിഷാരടി ആറ്റൂർ. (1927). കേരളഭാഷയും സാഹിത്യവും. കോട്ടയം: എൻ. ബി. എസ്.

കൃഷ്ണപിഷാരടി ആറ്റൂർ. (1936). ഭാഷാസാഹിത്യ ചരിത്രം. തിരുവനന്തപുരം : വി. പി. ബുക്ക് ഡിപ്പോ.

ഗണേഷ്, കെ. എൻ. (1997). കേരളത്തിന്റെ ഇന്നലെകൾ. തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. പുറം 205.

ഗണേഷ്, കെ. എൻ. (2002). കേരള സമൂഹ പഠനങ്ങൾ. പത്തനംത്തിട്ട : പ്രസക്തി ബുക്സ് ഹൗസ്.

ഗോപാലകൃഷ്ണൻ മലയിൻകീഴ്. (2012). കേരളം ലോക ചരിത്ര സംഭവങ്ങളിലൂ ടെ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു. 89.

ഗോപാലകൃഷ്ണൻ, പി. കെ. (1974). കേരളത്തിന്റെ സാംസ്കാരിക ചരിത്രം. തിരുവന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 219.

ഗോപാലകൃഷ്ണൻ, പി. കെ. (1995). കേരളത്തിന്റെ സാംസ്കാരിക ചരിത്രം. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 507.

ഗോപാലകൃഷ്ണൻ, പി. കെ. (2000). കേരളത്തിന്റെ സാംസ്കാരിക ചരിത്രം, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 38.

ഗോപിനാഥപിള്ള, എൻ. ആർ. (1972). അന്വേഷണം. കോട്ടയം : എൻ. ബി. എസ്.

ഗോപിനാഥൻ നായർ, എൻ. (2015). മലയാള ഭാഷാ രൂപീകരണവും പ്രാകൃതഭാഷകളും. (ഗോപാലകൃഷ്ണൻ, നടുവട്ടം. മലയാള ഭാഷാ ചരിത്രം). തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 187.

ഗോവി, കെ. എം. (1998). ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി. പുറം 114.

ഗോവിന്ദപിള്ള പി. (2011). സാംസ്കാരിക പഠനം : പുതുമ, പഴമ, പ്രസക്തി, സംസ്കാരപഠനം : ചരിത്രം, സിദ്ധാന്തം, പ്രയോഗം (ലറ) മലയാള പഠന സംഘം, ശുകപുരം : വള്ളത്തോൾ വിദ്യാപീഠം. പുറം 31, 34.

ഗോവിന്ദപിള്ള, ഇ. എം. എസ്. (2008). പി. ഗ്രാംഷിയൻ വിചാര വിപ്ലവം. അഞ്ചാം പതിപ്പ്, തിരുവനന്തപുരം : ചിന്ത. പുറം 8.

ഗോദവർമ്മ. (1961). കേരളഭാഷാ വിജ്ഞാനീയം. തിരുവനന്തപുരം : കേരള സർവകലാശാല. പുറം 45, 65, 125.

ചിദംബരൻ, എ. എൻ. (2011). ഹോർത്തൂസും ഇട്ടി അച്യുതനും: സത്യവും മിഥ്യയും. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011. പുറം 54.

ജലീൽ, കെ. എ. (1989). ലിപികളും മാനവ സംസ്കാരവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 221, 222, 238, 239, 260.

ജലീൽ, കെ. എ. (1989). എഴുത്തിന്റെ തുടക്കം (ലിപികളും മാനവ സംസ്ക്കാരവും). തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 6, 7, 12, 15.

ജോർജ്ജ്, കെ. എം. (1998). സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പുറം 53.

ജോസഫ് ആന്റണി (2015). ഹരിത ഭൂപടം. കോഴിക്കോട് : മാതൃഭൂമി ബുക്സ്, പുറം 16.

തോമസ് ഐസക്, ടി. എം. (1987). കേരളം മണ്ണും മനുഷ്യനും. തൃശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, പുറം. 51, 56.

തോമസ്, പി. ജെ. (1961). മലയാള സാഹിത്യവും ക്രിസ്ത്യാനികളും, കോട്ടയം : എൻ. ബി. എസ്. രണ്ടാം പതിപ്പ്. പുറം 79.

നിസാർ, അഹമ്മദ്, സാംസ്കാരിക പഠനങ്ങൾ എന്താണ് ചെയ്യുന്നത്, സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.). ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 194.

പരമേശ്വരപിള്ള, എരുമേലി. (1996). മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം : കറന്റ് ബുക്സ്. പുറം 22, 46, 48, 49.

പരമേശ്വരപിള്ള, വി. ആർ. (1963). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 38, 40, 53.

പരമേശ്വരപിള്ള, വി. ആർ. (1978). പ്രാചീന ലിഖിതങ്ങൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 36, 47.

പരമേശ്വരയ്യർ, ഉള്ളൂർ എസ്. (1990). കേരള സാഹിത്യ ചരിത്രം വാല്യം (ഒന്ന്). തിരുവനന്തപുരം : കേരള സർവ്വകലാശാല, പുറം. 88.

പവിത്രൻ, പി. സംസ്കാരപഠനത്തിന്റെ മൂന്നാം ലോകവഴി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.). ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 62.

പാച്ചു മൂത്തത്, വൈക്കത്ത്. (1997). സുഖസാധകം. തിരുവനന്തപുരം :ആയുർവേദ കോളേജ്. പുറം 48.

പുന്നൻ, ടി. ഐ. (1965). ലന്തക്കാർ കേരളത്തിൽ. കോട്ടയം : എൻ. ബി. എസ്.

പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം. (1695). ശബ്ദതാരാവലി. കോട്ടയം. സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്സ്റ്റാൾ.

പണിക്കർ, കെ. എൻ. (2010). സംസ്ക്കാരവും ദേശീയതയും. തൃശൂർ : കറന്റ് ബുക്സ്. പുറം 23.

പണിക്കർ, കെ. എൻ. (2016). ചരിത്രത്തിന് സംഭവിക്കുന്നത്. കോഴിക്കോട് : പ്രോഗ്രസ്സ് പബ്ലിക്കേഷൻ. പുറം. 34.

പ്രഭാകരവാര്യർ, കെ. എം. (1998). തെളിച്ചവും വെളിച്ചവും. കോഴിക്കോട് : കാലിക്കറ്റ് സർവ്വകലാശാല പുറം 109.

പ്രഭാകരവാര്യർ, കെ. എം. (1999). ഭാഷാവലോകനം. ശുകപുരം : വള്ളത്തോൾ വിദ്യാപീഠം. പു. 15.

പോക്കർ, പി. കെ. (2010). അവസാനമില്ലാത്ത പ്രത്യയശാസ്ത്രം. പ്രത്യയശാസ്ത്രം ലൂയി അൾത്തൂസർ. കോഴിക്കോട്: പ്രോഗ്രസ്. പുറം. 5.

ബാലകൃഷ്ണൻ, പി കെ. (1987). ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും. കോട്ടയം: ഡി. സി. ബുക്സ്, പുറം 23, 31, 36, 209, 300.

ബാലമോഹനൻ തമ്പി, ജി. (1989). സംസ്കാരം : ഒരു നിർവചനം, സംസ്കാര കേരളം. ജനുവരി - മാർച്ച്, പുസ്തകം 3, ലക്കം 1, പുറം 103.

മധു ടി. വി. സാംസ്കാരിക പഠനങ്ങൾ: രീതിശാസ്ത്രപരമായ ഒരു പുനർവിഭാവനം, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം (എഡി.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം. പുറം 181.

മംഗലം, എസ്. ജെ. (1997). പ്രാചീന ഭാരതീയ ലിപിശാസ്ത്രവും, മലയാള ലിപി വികാസവും. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 115.

മണിലാൽ, കെ. എസ്. (2008). വാൻറീഡിന്റെ ഹോർത്തൂസ് മലബാറിക്കൂസ്, തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി. വാല്യം 1-12.

രവി വർമ്മ, എൽ. എ. (1971). പ്രാചീന കേരള ലിപികൾ. തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

രവീന്ദ്രൻ, പി. പി. (2013). സംസ്കാര പഠനം ഒരു ആമുഖം. കോട്ടയം : സാഹിത്യ പ്രവർത്തക സംഘം. പുറം 17, 27, 71.

രാമ പിഷാരടി, പഴയന്നൂർ. (1969). വട്ടെഴുത്തും കോലെഴുത്തും (ലേഖനം : മാതൃഭൂമി വാരാന്തപതിപ്പ്). 12 ഫെബ്രുവരി.

രാമചന്ദ്രൻ, പുതുശ്ശേരി (2007). കേരളത്തിന്റെ അടിസ്ഥാന രേഖകൾ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 432.

രാമചന്ദ്രൻ, ടി. കെ. (2006). കേരളത്തിലെ സാസ്കാരിക രംഗം ഒരു മാക്സിയൻ വിശകലനം. കാഴ്ചയുടെ കോയ്മ. കോഴിക്കോട്: മാതൃഭൂമി ബുക്സ്. പുറം 45.

രാഘവവാര്യർ, എം. ആർ. (2015) മലയാള ലിപി ചരിത്രം. (ഗോപാലകൃഷ്ണൻ നടുവട്ടം, മലയാള ഭാഷാ ചരിത്രം). തിരുവനന്തുപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 340.

രാഘവവാര്യർ, എം. ആർ. (2015). എഴുത്തിന്റെ ആരംഭം. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

രാഘവവാര്യർ, എം. ആർ. മധ്യകാല കേരളം, തിരുവനന്തപുരം : ചിന്താ പബ്ലിക്കേ ഷൻസ്. പുറം 101.

രാജരാജവർമ്മ, ഏ. ആർ. (1895). കേരളപാണിനീയം. കോട്ടയം : സാഹിത്യപ്ര വർത്തക സഹകരണ സംഘം. പുറം 41, 44, 96.

വേലായുധപിള്ള, പി. വി. (2015). മലയാളഭാഷയുടെ സാംസ്കാരികഘട്ടങ്ങൾ (ഗോപാലകൃഷ്ണൻ നടുവട്ടം. മലയാള ഭാഷാ ചരിത്രം). തിരുവനന്ത പുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 233.

വേലായുധൻ പണിക്കശ്ശേരി (2004). പോർച്ചുഗീസ് - ഡച്ച് ആധിപത്യം കേരള ത്തിൽ. കോട്ടയം : കറന്റ് ബുക്സ്. പുറം 110.

ശ്രീധരമേനോൻ, എ. (1964). കേരള ചരിത്രം. കോട്ടയം : ഡി. സി. ബുക്സ്, പുറം 117.

ശ്രീനാഥൻ, എം. (2006). കേരളത്തിലെ ഭാഷകൾ. തിരുവനന്തപുരം : അന്താ രാഷ്ട്ര പഠന കേന്ദ്രം, പുറം 13, 23.

ശശിഭൂഷൺ എം. ജി. (1988). 'വാസ്തു വിദ്യ', കേരള വിജ്ഞാന കോശം. (എ ഡി.), ടി. കെ. കൊച്ചു നാരായണൻ, തിരുവനന്തപുരം : ദേശബന്ധു പബ്ലി ക്കേഷൻസ്. പുറം 864.

ശാന്താ തുളസീധരൻ. (2016). കേരളത്തിലെ ആദിവാസി സംസ്ക്കാരങ്ങൾ സമ്പൂർണ്ണ പഠനം. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം 22.

ശിവശങ്കരൻ നായർ, കെ. (2017). പ്രാചീന കേരളത്തിന്റെ ചരിത്രം. കോട്ടയം : ഡി. സി. ബുക്സ്.

ഷീബ, എം. കുര്യൻ. (1997). അടിത്തറ/ഉപരിഘടനം മാക്സിസം മുതൽ സാംസ്കാരിക പഠനംവരെ. തിരുവനന്തപുരം : ഭാഷാസാഹിതി, (ഏപ്രിൽ - ജൂൺ) ലക്കം 21, പു. 86.

സിദ്ധീഖ്, എം. എ. (2010). ആഗോളീകരണവും മലയാള ചെറുകഥയും. തിരുവനന്തപുരം: കേരളസർവ്വകലാശാല. പുറം 40, 55.

സുനിൽ പി. ഇളയിടം (2007). ഉരിയാട്ടം. കോട്ടയം: ഡി. സി. ബുക്സ്.

സുനിൽ പി. ഇളയിടം, സംസ്കാര വിമർശം: മർക്സിസ്റ്റ് പാഠങ്ങൾ, ചരിത്രം സംസ്കാരപഠനം സിദ്ധാന്തം പ്രയോഗം (എഡി.). ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, പുറം 132.

സുനിൽ. പി. ഇളയിടം. (2011). സംസ്കാര വിമർശം: സാധ്യതകളും ബാധ്യതകളും, ദേശാഭിമാനി 27, നവംബർ.

സ്കറിയ സക്കറിയ. (2011). സംസ്കാരപഠനം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം. പുറം 10.

ഹരിദാസൻ, എൻ. സി. (1995). സാംസ്കാരികാധിനിവേശം - പ്രാചീന കേരളപശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഒരന്വേഷണം (ഭാഷാസാഹിതി, പുറം 19, ലക്കം 2). തിരുവനന്തപുരം : മലയാളവിഭാഗം, കേരള സർവ്വകലാശാല. പുറം 52.

ഹെർമൻ ഗുണ്ടർട്ട്. (1962). മലയാള ഭാഷാ വ്യാകരണം. കോട്ടയം : എൻ. ബി. എസ്.

Achutha Menon, C. (1964). The Cochin State Manual, Ernakulam, x p.97.

Alexander Cunnigham. (1879). Corpus Inscriptionum Indicarum Inscription of Asokan Kessiner Publishing.

Bastian, A.L. ed. (1975). A Cultural History of India New Delhi: Oxford University Press, p.387.

Bastian, A.L., Ed. (1975). A Cultural History of India, New Delhi: Oxford University Press, p.337.

Bravil H. (1952). Four Hundred Centuries of Cave Art. 1952.

Burman, J., & Schreuder, J. (1769). *Flora Malabarica.* Amstelaedami: Apud Johannem Schreuderum.

Burman, N. L.(1768). *Nicolai Laurentii Burmanni Flora Indica: Cui accedit series zoophytorum Indicorum, nec non prodromus florae Capensis*. Lugduni Batavorum: Apud Cornelium Haek.

Burnell, A.C. (1978). Elements of South Indian Paleography. London: p.28-36.

Cambell, A.D. (1816). A grammar of the Telungu Language, Laurier Books,

Chopra, P.N., Ravindran T.K. (1979). History of South India: New Delhi, S. Chand & Company. p.1.

Chopra, P.N., Ravindran, T.K., Subrahmaniyan N. (1972). History of South India, Vol.111, New Delhi, S. Chand Company Limited. p.2.

Commelin, C., & Rheede, . D. H. A. (1696). *Flora Malabarica, sjve Horti Malabarici Catalogus*. Lugduni Batavorum.

Dalgado, D.G. (1896). Vires Plantarum Malabaricum, ou Virtodas das Plantas do Malabar extrahidas do "Hortus indicus Malabaricus" de Hentrique Van Rheede. – 290pp.Goa.

Danesi, Marcel. Dictionary of Media and Communications USAO M. E. Shape.

Datta, A. (1987). Rheede's ferns in Hortus Malabaricus. *Bull.Bot. Surv. India*. 27, 129-141.

Dennstedt, A. W., & Reede, . D. H. A. (1818). *Schlussel zum Hortus Indicus Malabaricus, von H.A. van Rheede tot Draakestein oder dreifaches Register zu diesem werke*. Weimar: Landes Industrie-Comptoirs.

Dillwyn, L. W., & Reede, . D. H. (1839). *A review of the references to the Hortus malabaricus of Henry Van Rheede Van Draakenstein [sic]*. Swansea: Murray and Rees.

Donald. F. (1968,). Lach, India in the Eyes of Euroup, Chicago: University of Chicago, 347.

Eapen, K.V. (1985). Church Missionary: Society and Education in Kerala. Kottayam: Kollet Publications. p.27.

Foster, W. (1973). Letters to the English East India Company, Vol.4, 64 and Kerala History Association, Kerala Charitram (Mal.), Vol.1, Ernakulam: p.629.

Fournier, M. (1980). Hortus Malabaricus of Hendrick Adriaan van Reede tot Drakestein in Manilal, K.S. Botany and History or Hortus Malabaricus, New Delhi: Oxford & IBH Publishing Col, 1980, 9p.

Fournier, M. and Heniger, J. (1979). Hendrick Adriaan van Reede tot drakestein and Hortus Malabaricus. Amsterdam: A. Asher & Co., 1979.

Fournier, Marian (1980). Horthus Malabaricus of Hendrick Adriaan van Reede tot Drakestein in Manilal, K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980, 9p.

George Mathew (1989). Communal Road to Secular Kerala, New Deli: Concept Publishing House p.33.

Gordon Childe. (2016). What happened in History. Delhi: A Kar Books, p.53.

Gupta, Neelanjana. (2004). Approaches in Literary Theory Delhi. World View.

Hamilton, F. (1822). XXIII. A Commentary on the Hortus Malabaricus, Part I.*Transactions Of The Linnean Society Of London*, *13*(2), 474-560. doi: 10.1111/j.1095-8339.1821.tb00070.x

Hamilton, F. (1824). XII. A Commentary on the Second Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *14*(2), 171-312. doi: 10.1111/j.1095-8339.1823.tb00088.x

Hamilton, F. (1825). A commentary on the Second part of the Hortus Mabalabricus. *Trans. Linn. Soc. London*. 14(2): 171-312.

Hamilton, F. (1827). IV. A Commentary on the Third Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *15*(1), 78-152. doi: 10.1111/j.1095-8339.1826.tb00110.x

Hamilton, F. (1835). XI. A Commentary on the Fourth Part of the Hortus Malabaricus. *Transactions Of The Linnean Society Of London*, *17*(2), 147-252. doi: 10.1111/j.1095-8339.1834.tb00022.x

Hasskarl, J. K. (1867). *Horti Malabarici Rheedeani clavis locupletissima.* Dresden: Druck von E. Blochmann und Sohn.

Hasskarl, J.K. (1861). Horti Malabarici Clavis Nova. Flora.

Henier, J. (1986). Hendrick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus, Rottandam & Bostin : A.A. Balakema Publishers, 1986. p. 41, .42, p.53.

Heniger, J. (1980). Van Reede's Preface to Volume III of Hortus Malabaricus and its historical and political significance in Manilal, K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980. 35 p.

Heniger, J. (1986). Hendick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus. Rottendam & Boston: A.A. Balkema Publishers, 1986. p.125, p.130, p.134.

Heniger, J. (1986). Hendrick Adriaan van Reede tot Drakenstein (1636 – 1691) and Hortus Malabricus. Rottendam & Boston: A.A. Balakema Publishers, P pp.295.

Heniger, J. (1986). Hendrick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus. Rottendam & Boston: A.A. Balkema Publishers, p.97

Heniger, J. (1986). *Hendrik Adriaan Van Reed Tot Drakestein (1636-1691) and Hortus Malabaricus*. Rotterdam: CRC Press.

Hooker, J. D. (1872-1897). *The Flora of British India, by J.D. Hooker.* London: L. Reeve.

Hunter, G.R. (1934). The scripts of Harappa and Mohenjodaro and its connection with other scripts, London: Kogan Paul, trench Tunsler and Company Ltd., p.27.

John Kenely Princes. (1908). Sumeriyan Lexican Introduction. Leipzing: J.C. Hinrichssene. Buccandiung.

Joshi P.C. Article on the remembered village : Insights into an Agrarian Civilisation, Social Structure and Change, Vol.I, p.127.

Kanis, A. (1987). More Validly Published Names from A. W. Dennstedt's Key to Rheede's Hortus Indicus Malabaricus. *Taxon*, *36*(1), 99.

Krishna Pisharadi, Attur. (1927). A Critical Survey of Malayalam language and literature. Vidya Vilasam Press. p.38-62.

Kurup, K.K.N. (1988). Nationalism and Social Change, The role of Malayalam Literature, Thrissur: Kerala Sahithya Academy, p.39.

Kusuman, K.K. (1987). A History of Trade and Commerce, Delhi: p.81.

Mabberley, D. J., & Hamilton, F. (1977). Francis Hamilton's Commentaries with Particular Reference to Meliaceae. *Taxon, 26,* 523-540.

Macdonell, A. (1917). Vedic Reader. Oxford: p.xii.

Madhavan, K.S. (2001). Self Perception of Jathi in Pre-Colonial Keralam . Calicut University Research Journal, p.33.

Majumdhar R.C. Ed. (1981). The History and Culture of the Indian People – British Paramountey and Indian Renaissance, Part II, Bombay: Barathiya Vidhya Bhavan. p.31.

Mammeen, K. (1942). Kerala Culture : Its Genesis and Early History, City Press, p.94.

Manilal, K. S. (1979). The relationship of Hortus Malabaricus with Kerala and Malayam. *Malayalam Lit. Surv*. 3(4), 54-64.

Manilal, K. S., & Suresh, C. R. (1984). The Pandani in Rheede's Hortus Malabaricus. *New Botanist, 11,* 2, 120-125.

Manilal, K. S., Suresh, C. R., & Sivarajan, V. V. (1977). A Reinvestigation of the Plants Described in Rheede's "Hortus Malabaricus": An Introductory Report.*Taxon, 26,* 549-550.

Manilal, K.S. (1979). The Nagari Script in Hortus Malabaricus. Rheede Comm. Vol. Bio hist. Inst., Utrecht.

Manilal, K.S. (1980). Botany and History of Hortus Malabaricus, New Delhi: Oxford & IBH Publishing Co., 1980, 16 p.

Manilal, K.S. (1980). Malayalam plant names from Hortus Malabaricus in modern Botanical Nomenclature in Manilal K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 70 p.

Manilal, K.S. (1980). Botany and history of Hortus Malabaricus. New Delhi: Oxford & IBH Pub. Co., 237pp.

Manilal, K.S. (1981). Ethnobotany of the Nagari Script in Hortus Malabaricus. Lucknow : Recent Researches in Indian Ethnobotany. Society of Ethnobotanists.

Manilal, K.S. (2003). Van Reedes' Hortus Malabaricus, Thiruvananthapuram: University of Kerala.

Manilal, K.S. (2003). Van Rheede's Hortus Malabricus: Thiruvananthapuram: University of Kerala, Vol.3.

Manilal, K.S. (2003). Van Rheedes' Hortus Malabaricus. Thiruvananthapuram: University of Kerala, 12 vols.

Manilal, K.S. et al. (1977). A reinvestigation of the plants described in Rheede's "Hortus Malabaricus" : an introductory report. Taxon, 26 (5/6), 549-550. doi: 10.2307/1219647.

Manitz, H., & Dennstedt, A. (1968). August Wilhelm Dennstedt's Schlussel zum Hortus indicus malabaricus. *Taxon*, *17*(5), 496. doi: 10.2307/1216045

Moore, H. E., & Dransfield, J. (1979). The Typification of Linnaean Palms.*Taxon, 28,* 59-70.

Nicolson, Dan H, Suresh, C.R. and Manilal, K.S. (1988). An interpretation of Van Rheedes Hortus Malabaricus. Germany: Koeltz Scientific books. 378p.

Nicolson, Dan H. et al. (1988). An interpretation of Van Rheede's Hortus Malabaricus. Germann: Koeltz Scientific Books, 10 p.

Nicolson, Dan H., et al. (1988). An interpretation or Van Reede's Hortus malabaricus. Germany: Koetltz Scientific Books,10p.

Padmanabha Menin, K.P. (1924). History of Kerala: A vols, Ernakulam : p.37.

Panikar, K.M. (1960). A History of Kerala, Annamalai Nagar: Annamalai University Press, p.131.

Panikkar, K.M. A Hitory of Kerala, Annamalai Nagar: Annamalai University Press, 1960, p.131.

Punnan, T.I. (1978). Dutch begemony in Malabar and its collapse. Trivandrum: Kerala University.

Radcliffe-Smith, A., & Manilal, K. (1984). Botany and History of Hortus Malabaricus.*Kew Bulletin*, *38*(4), 682. doi: 10.2307/4108582

Ram Ahuja. (1999). Society in India, Cocepts, Theories and Changing Trends. New Delhi: Rawat Publication, 18.

Raymond & Bridget Allchin. (1968). The Birth of Indian Civilization. India: Penguin, p.200.

Raymond Bridget Allchi. (1968). The Birth of Indian Civilization. India: Penguin. p.165.

Robert Caldwell. (1875). A Comparative Grammar of the Dravidian or South Indian Family of Languages. Madras.

Robert Calwell, (1875). A Comparative grammar of Dravidian or South Indian languages (1875), p.18.

Romila Tapper, Cultural Transaction and Early India: Tradition and patronage Oxford University, p.7.

Roque, Jean-Paul de La.(1680). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

Roque, Jean-Paul de La.(1686). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

Roque, Jean-Paul de La.(1690). Journal des Scavans. Amsterdam: Chez Michel Lambert, Libraire.

Roxburgh, W. (1814). *Hortus bengalensis: Or, A catalogue of the plants growing in the East India company's botanic garden at Calcutta*. Serampore.

Saldhana, S. "First Englishman in India (Art)," Journal of the Bombay Brach of the Royal Asiatic Society, Vol.xxii, p.209.

Shetty, B. V. & Paramjit Singh. (1988). The Vitaceae in Rheede's "Hortus Malabaricus". *Taxon, 37,* 1, 169-174.

Sreedhara Menon, A. (1978). A Cultural Heritage of Kerala, East West Publication Pvt. Ltd., p.47.

Sreedhara Menon, A. (2000). A Survey of History. Madrass: Madrassi Viswanath Publishers, p.329.

Sreedhara Menon, A. (2000). A Survey of History, Madrass: S. ViswanathPublishers, p.220.

Suresh, C. R., Sivadasan, M., & Manilal, K. S. (1983). A Commentary on Rheede's Aroids. *Taxon, 32,* 1, 126-132.

Suresh, C.R. (1986). A reinvestigation of the medicinal plants described in Hortus Malabaricus (Ph.D. Thesis). Malappuram: University of Calicut.

The New Encyclopedia Britanica. (1974). Macropaedic Volume, 4, p.657.

Van Rheede tot Drakenstein. (1678-1693). Hortus Malabaricus. Amsterdam: Widow of J. Van Someren, J. Van Dyek, H. Widow of T. Boom. 12 Vols.

Van Rheede tot Drakenstein. (1693). Hortus Malabaricus. Amsterdam: Widow of J. Van Someren, J. Van Dyck, H. widow of T. Boom. Vol 12.

Williams Reymond. (1998). What is Culture, John Story (ed) Amoid A member of the Hodder Head line Group. New York: p.1.

Williams Reymond. (2009). Cultural and society 1780 – 1950. London: The Hogarth Press 1958 Hoggart, Richard. The uses of Literacy: Aspects of working class life. London: Penguin Moden Classics.

Williams, Raymond. (2004). Television: Technology and Cultural Form. First Iian Reprint, London: Routledge p. 87.

Yesudas, R.N. (1977). Colonel John Mundro in Travancore, Kerala Historical Society, p.20.

## അനുബന്ധങ്ങൾ

1. ഹെൻട്രിക് വാൻറീഡ്
2. ഒന്ന്, മൂന്ന് വാല്യത്തിലെ (ലാറ്റിൻ) ചിത്രം
3. ഹോർത്തൂസ് മലബാറിക്കസ്സ് ശീർഷക പുറങ്ങൾ (ലാറ്റിൻ)
4. സാക്ഷ്യപത്രങ്ങൾ
5. അധ്യായങ്ങളുടെ മാതൃക (ലാറ്റിൻ)
6. ഹോർത്തൂസ് മലബാറിക്കസ്സിലെ ചിത്രങ്ങൾ
7. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെർബേറിയം (CALI)


# അനുബന്ധം 1



**ഹെൻട്രിക് ആഡ്രിയാൻ വാൻറീഡ് (1636 –1691)**

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

# അനുബന്ധം 2





**ഒന്ന്, മൂന്ന് വാല്യത്തിലെ (ലാറ്റിൻ) ചിത്രം**

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## അനുബന്ധം 3

### ഹോർത്തൂസ് മലബാറിക്കസ്സ് ശീർഷക പുറങ്ങൾ (ലാറ്റിൻ)

### വാല്യം 1




HORTI
MALABARICI
PARS PRIMA,
DE VARII GENERIS
ARBORIBUS
ET
FRUTICIBUS SILIQUOSIS
*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis,*
Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,
*ADORNATA*
*Per Nobilissimum ac Generosissimum D.D.*
HENRICUM VAN RHEDE TOT DRAAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem supremi Consilii apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,
ET
THEODORUM JANSON. AB ALMELOVEEN, M.D.
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS.



*AMSTELÆDAMI.*
Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,
Anno CIƆ IƆC LXXXVI.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

**വാല്യം 2**



HORTI
INDICI
MALABARICI
PARS SECUNDA
DE
FRUTICIBUS
Regni Malabarici apud Indos celeberrimi,
*Latinis, Malabaricis, Arabicis, & Bramanum Characteribus nominibusque expressis,*
Unà cum Floribus, Fructibus & Seminibus, naturali magnitudine à peritissimis pictoribus delineatis, & ad vivum exhibitis.
*Addita insuper accuratâ earundem descriptione, quâ colores, odores, sapores, facultates, & præcipuæ in Medicina vires exactissime demonstrantur.*
*ADORNATA*
PER
HENRICUM VAN REEDE, TOT DRAAKESTEIN,
Nupertimè Malabarici Regni Gubernatorem, nunc supremi Consessus apud Indos Belgas Senatorem Extraordinarium, & primum successorem loco ordinario destinatum,
*ET*
JOHANNEM CASEARIUM, Ecclesiast. in Cochiri.
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS.



*AMSTELODAMI,*
Sumptibus { Viduæ JOANNIS van SOMEREN, ET Hæredum JOANNIS van DYCK.
Anno cIↄ Iↄc LXXXIX.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

**വാല്യം 3**



HORTI
INDICI
MALABARICI
PARS TERTIA
DE
ARBORIBUS
REGNI MALABARICI,

*Latinis, Malabaricis, Arabicis, & Brachmanum Characteribus nominibusque expressis,*

Unà cum Floribus, Fructibus & Seminibus, naturali magnitudine à peritissimis pictoribus delineatis, & ad vivum exhibitis.

*Addita insuper accuratâ earundem descriptione, quâ colores, odores, sapores, facultates, & præcipuæ in Medicina vires exactissimè exhibentur.*

*ADORNATA*
*Per Nobilissimum ac Generosissimum D.D.*

HENRICUM VAN REEDE, TOT DRAAKESTEIN,

Toparcham in Meydrecht, quondam Malabarici Regni Gubernatorem, supremi Consessus apud Indos Belgas Senatorem Extraordinarium; nunc vero Equestris ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,

*ET*

JOHANNEM MUNNICKS, M. D.

In eademque facultate Anatomes ac Botanices in Academia Ultrajectina Professorem, & Reip. Ultraj. Poliatrum.

*Notis adauxit, & Commentariis illustravit*


JOHANNES COMMELINUS.



*AMSTELODAMI,*
Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, & HENRICI & Viduæ THEODORI BOOM.
Anno cIↃ IↃc LXXXII.


Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

**വാല്യം 4**




HORTI
INDICI
MALABARICI
PARS QUARTA
DE
ARBORIBUS
FRUCTIFERIS
REGNI MALABARICI,
*Latinis, Malabaricis, Arabicis, & Brachmanum Characteribus nominibusque expressis,*
Unà cum Floribus, Fructibus & Seminibus, naturali magnitudine à peritissimis pictoribus delineatis, & ad vivum exhibitis.
*Addita insuper accuratâ earundem descriptione, quâ colores, odores, sapores, facultates, & praecipuae in Medicina vires exactissime exhibentur.*
*ADORNATA*
*Per Nobilissimum ac Generosissimum D.D.*
HENRICUM VAN REEDE, TOT DRAAKESTEIN,
Toparcham in Meydrecht, quondam Malabarici Regni Gubernatorem, supremi Consessus apud Indos Belgas Senatorem Extraordinarium, nunc vero Equestris ordinis nomine Illustribus ac Praepotentibus Provinciae Ultrajectinae Proceribus adscriptum,
*ET*
JOHANNEM MUNNICKS, M. D.
In eademque facultate Anatomes ac Botanices in Academia Ultrajectina Professorem, & Reip. Ultraj. Poliatrum.
*Notis adauxit, & Commentariis illustravit*
JOANNES COMELINUS.



*AMSTELODAMI,*
Sumptibus Viduae JOANNIS van SOMEREN, Haeredum JOANNIS van DYCK, HENRICI & Viduae THEODORI BOOM.
Anno cIↄ Iↄc LXXIII.


Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204



HORTI
INDICI
MALABARICI
PARS QUINTA
DE
ARBORIBUS
ET
FRUTICIBUS BACCIFERIS.
REGNI MALABARICI,


*Latinis, Malabaricis, Arabicis, Brachmanum Characteribus Nominibusque expressis,*
Unà cum Floribus, Fructibus & Seminibus, naturali magnitudine à peritissimis pictoribus delineatis, & ad vivum exhibitis.
*Addita insuper accuratâ earundem descriptione, quâ colores, odores, sapores, facultates, & praecipuae in Medicina vires exactissime exhibentur.*

*ADORNATA*
*Per Nobilissimum ac Generosissimum D. D.*
HENRICUM VAN RHEEDE, TOT DRAAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem, supremi Concilii apud Indos Belgas Senatorem Extraordinarium; nunc vero Equestris ordinis nomine Illustribus ac Praepotentibus Provinciae Ultrajectinae Proceribus adscriptum,
*ET*
JOHANNEM MUNNICKS, M. D.
In eadem facultate Anatomes ac Botanices in Academia Ultrajectina Professorem, & Reip. Ultraj. Politicum,
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS,



*AMSTELODAMI,*
Sumptibus Viduae JOANNIS van SOMEREN, Haeredum JOANNIS van DYCK, HENRICI & Viduae THEODORI BOOM
Anno CIↃ IↃC LXXXV.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204



HORTI
MALABARICI
PARS SEXTA,
DE VARII GENERIS
ARBORIBUS
ET
FRUTICIBUS SILIQUOSIS

*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis,*

Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione;

*ADORNATA*
*Per Nobilissimum ac Generosissimum D.D.*
HENRICUM VAN RHEDE TOT DRAAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem supremi Consessus apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,

ET


THEODORUM JANSON. AB ALMELOVEEN, M.D.
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS.



*AMSTELÆDAMI.*
Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,
Anno CIↃ IↃC LXXXVI.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## വാല്യം 7



# HORTI MALABARICI
## PARS SEPTIMA,
DE VARII GENERIS
## FRUTICIBUS SCANDENTIBUS;

*Latinis, Malabaricis, Arabicis, Belgicis, Bramanum characteribus nominibusque expressis.*

Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,

*ADORNATA*

*Per Nobilissimum ac Generosissimum D. D.*

HENRICUM VAN RHEDE TOT DRAEKESTEIN;

Toparcham in Mydrecht, quondam Malabarici Regni Gubernatorem, supremi Consessus apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,

*Notis adauxit, & Commentariis illustravit*

JOANNES COMMELINUS

*In ordinem redegit, & latinitate donavit*

ABRAHAMUS à POOT M.D.




AMSTELÆDAMI.

Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,

Anno cIↃ IↃc LXXXVIII.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204



HORTI
MALABARICI
PARS OCTAVA,
DE VARII GENERIS
HERBIS
POMIFERIS & LEGUMINOSIS;

*Latinis, Malabaricis, Arabicis, Belgicis, Bramanum characteribus nominibusque expressis.*

Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,

*ADORNATA*
*Per Nobilissimum ac Generosissimum D.D.*
HENRICUM VAN RHEDE TOT DRAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem, supremi Consessus apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,

*Notis adauxit, & Commentariis illustravit*
JOHANNES COMMELINUS

*In ordinem redegit, & latinitate donavit*
ABRAHAMUS à POOT M.D.


NON ÆSTAS EST LÆTA DIU; COMPONITE NIDOS.

Mo. Bot. Garden.

*AMSTELÆDAMI,*
Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,
Anno cIɔ Iɔc LXXXVIII.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## വാല്യം 9



HORTI
MALABARICI
PARS NONA,
DE
HERBIS
ET DIVERSIS ILLARUM
SPECIEBUS
*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis,*
Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,
*ADORNATA*
*Per Nobilissimum ac Generosissimum D. D.*
HENRICUM VAN RHEDE TOT DRAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem supremi Consessus apud Indos Belgæ Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,
*In ordinem redegit & latinitate donavit*
ABRAHAMUS A POOT M.D.
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS.


BIBL. VNIVERS. LIPS.
Duplum.

AMSTELÆDAMI,
Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,
Anno CIↃ IↃC LXXXIX.


Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## വാല്യം 10



HORTI
MALABARICI
PARS DECIMA,
DE
HERBIS
ET DIVERSIS ILLARUM
SPECIEBUS

*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis,*

Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,

*ADORNATA*

*Per Nobilissimum ac Generosissimum D. D.*

HENRICUM VAN RHEDE TOT DRAKESTEIN,

Toparcham in Mydrecht, quondam Malabarici Regni Gubernatorem, supremi Consilii apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,

*In ordinem redegit & latinitate donavit*

ABRAHAMUS A POOT M.D.

*Notis adauxit, & Commentariis illustravit*

JOANNES COMMELINUS.

*Reipublicæ Amstelodamensis Senator, ac Horti Medici præfectus.*



Ma. Bot. Garden.


AMSTELÆDAMI.

Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM.

Anno cIↃ IↃc XC.


Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## വാല്യം 11


HORTI MALABARICI
PARS UNDECIMA,
DE
HERBIS
ET DIVERSIS ILLARUM
SPECIEBUS
*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis.*
Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione,
*ADORNATA*
*Per Nobilissimum ac Generosissimum D.D.*
HENRICUM VAN RHEDE TOT DRAKESTEIN,
Toparcham in Mydrecht, quondam Malabarici Regni Gubernatorem supremi Consessus apud Indos Belgas Senatorem Extraordinarium, nunc vero Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum,
*In ordinem redegit & latinitate donavit*
ABRAHAMUS A POOT M.D.
*Notis adauxit, & Commentariis illustravit*
JOANNES COMMELINUS,
*Reipublicæ Amstelodamensis Senator, ac Horti Medici præfectus.*

AMSTELÆDAMI,
Sumptibus Viduæ IOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM,
Anno CIↃ IↃC XCII.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204



# HORTI MALABARICI

PARS DUODECIMA, & ULTIMA,

DE

# HERBIS

ET DIVERSIS ILLARUM

# SPECIEBUS

*Latinis, Malabaricis, Arabicis, Brachmanum characteribus nominibusque expressis.*

Adjecta Florum, Fructuum, Seminumque nativæ magnitudinis vera delineatione, colorum viriumque accurata descriptione;

*ADORNATA*

*Per piæ memoriæ Nobilissimum ac Generosissimum D. D.*

HENRICUM VAN RHEDE TOT DRAKESTEIN;

Toparcham in Mydrecht, Malabarici Regni Gubernatorem, supremi Consessus apud Indos Belgas Senatorem Extraordinarium, & Equestris Ordinis nomine Illustribus ac Præpotentibus Provinciæ Ultrajectinæ Proceribus adscriptum.

*In ordinem redegit & latinitate donavit,*

ABRAHAMUS A POOT M. D.

*Notis ex parte adauxit, & Commentariis illustravit*

JOANNES COMMELINUS;

*Reipublicæ Amstelodamensis (dum viveret) Senator, ac Horti Medici Professor.*

Accedit, præter hujus partis specialem, generalis totius Operis Index.

NIDOS. NON ÆSTAS EST LÆTA DIU. COMPONITE

AMSTELÆDAMI,

Sumptibus Viduæ JOANNIS van SOMEREN, Hæredum JOANNIS van DYCK, HENRICI & Viduæ THEODORI BOOM.


Anno cIↃ IↃcc III.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

# അനുബന്ധം 4

## സാക്ഷ്യപത്രങ്ങൾ

### ഇമ്മാനുവൽ കർണിറോവിന്റെ സാക്ഷ്യപത്രം



Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## HOC EST.

EGo EMANUEL CARNEIRO, Christianus Romanus, incola Civitatis Cochinensis, interpres juratus N. Societatis Indicæ per mandatum D. Commendatoris HENRICI à RHEEDE ex lingua Malabarica in lingua Lusitanica explicavi & interpretatus sum nomina, virtutes medicas, & proprietates arborum, plantarum, herbarum & convolvulorum nascentium in hisce terris Malabaricis, auditas à COLADDA Doctore Malabarico gentili, & Natione *Cheguo* naturali in *Carruparàm*, ac in Doctorum Malabaricorum libro scriptarum; in cujus rei fidem hasce scripsi & subscripsi. Datum in Civitate *Cochinensi*, vigesimo die Aprilis anni millesimi, sexcentesimi, septuagesimi quinti.


*** 2

MANOEL CARNEIRO.

*Traductum ex lingua Lusit. per me*

CHRISTIANUM HERMAN de DONEP,
Secretarium Civilem Civitatis *Cochinensis*.

## ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം



## *HOC EST.*

EGo ITTI ACHUDEM Doctor Malabaricus Natione *Chego*, gentilis & naturalis in *Carrapuràm*, ſeu terra dicta *Codda Carapalli*, habitator ædium dictarum *Coladda*, qui proavis, avis & parentibus Medicis ſeu Doctoribus natus ſum, teſtor me per mandatum D. Commendatoris HENRICI à RHEEDE, veniſſe in Civitatem *Cochinenſem* & per EMANUELEM CARNEIRO Nobilis Societatis Indicæ interpretem dixiſſe & dictâſſe nomina, virtutes medicas & proprietates arborum, plantarum, herbarum &

**** con-

convolvulorum tum ſcriptas & explicatas in libro noſtro, tum quas diuturna experientia & exercitio obſervaveram; quod verò hæc explicatio & dictatio abſque ullo dubio præterierit, nec ullus Doctorum Malabaricorum ſit qui de veritate eorum quæ dixi dubitet, feci præſentes quas propria manu mea ſcripſi & ſubſcripſi. Datum in Civit. *Cochin.* 20. Aprilis 1675.

ITTI-ACHUDEM, Doctor Malabaricus.


*Traductum ex lingua* Malabarica *in* Luſitanicam *per*


MANUELEM CARNEIRO,

*Et ex* Luſitanica *in* Latinam *per me*

CHRISTIANUM HERMAN de DONEP,

Secretarium Civilem Civitatis *Cochinenſis.*



### HOC EST.

AB anno millesimo quingentesimo nonagesimo septimo dicto à Bramanis *Palicanapaco* (qui apud nos est annus 1674:) usque ad decimum Aprilis anni dicti *Requeçao* (qui apud nos est Annus 1675.) Ego RANGA BOTTO, VINAIQUE PANDITO & APU BOTTO, omnes tres de Natione & Religione Bramanas & Gymnosophistæ antiqui in districtu *Cochinensi* per mandatum Nobilis D. HENRICI à RHEEDE, Commendatoris terrarum Malabaricarum & Civitatis *Cochinensis*, curavimus per servos nostros qui notitiam arborum, plantarum, herbarum & convolvulorum habebant, eas ex terra Malabarica cum suis floribus, fructibus & seminibus ad Civitatem prædictam, ut delinearentur & describerentur, adferri, quarum nomina scripta sunt in libro nostro vocato *Manhamingattnàm*, in quo etiam continentur virtutes & vires earum Medicinales, & præter hasce eis addidimus quod diuturna nostra experientia & magno labore ac sudore de iis didicimus & observavimus,

**** 2 & ut

& ut hic liber perficeretur, laboravimus per spatium duorum ferme annorum, ita ut omnis & quilibet, qui eum lecturus & visurus est, ei possit adhibere fidem quam ipse fuisset daturus, si res in ea scriptas ipsemet fuisset expertus; juramus itaque secundùm consuetudinem nostram, quod omne in eo contentum verum sit: in cujus rei fidem fecimus præsentes chartas quas propriis manibus nostris subscripsimus. Datum in Civitate *Cochinensi* vigesimo die Aprilis anni millesimi sexcentesimi septuagesimi quinti.

RANGA-BOTTO, VINAIQUE PANDITO,
APU BOTTO.

*Traductum ex lingua Bramanum per subscriptum*

VINAIQUE PANDITO

*in linguam* Lusitanicam, *& ex lingua* Lusitanica *in* Latinam *per me*

CHRISTIANUM HERMAN de DONEP,
Secretarium Civilem Civitatis *Cochinensis*.

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

# അനുബന്ധം 5

## അധ്യായങ്ങളുടെ മാതൃക (ലാറ്റിൻ)

### അധ്യായം 1

Fol. 1

PARS PRIMA

# HORTI MALABARICI

DE

# ARBORIBUS.

## *TENGA.*

FIG. 1. 2. 3. 4.

T*Enga*, lingua Bramanum *Mado*, eſt arbor cum ſurrecto caudice alte aſſurgens, naſciturque in arenoſis. Fig. 1.

*Radix* craſſa cortice ruffeſcente ac nigricante, interius ligno molliori, fibras late transverſum diffundens.

*Caudex* ſurrectus unum pedem craſſus, in una parte craſſitie maxima duos ferme pedes æquans, ramis foliaceis qui ex ſolo ejus vertice altius ac altius increſcente erumpunt coronatim ordine decuſſato in ſummitate circumdatus, ac in cortice ſeu cruſta nigricante, quæ deglubi nequit, ſemiannularibus circulis ac notis quibus pedes ramorum inſederunt ſtriatus; conſtatque ligno minus duro ac filamentis groſſis pertexto ac ruſſo-rubeſcente, intus molliori, ad corticem duriori, cùm vetuſtior eſt multò duriori & magis nigricante, quod ſub dio expoſitum intra duos, tresvé annos corruptioni obnoxium, ſub aquis magis durabili, ejus cacumen, quod à teneris ramis circumdatur, cùm altior ac vetuſtior eſt, in conum faſtigiatur ac molli & albicante pulpa ſeu corculo dicto in lingua Luſitanica *Palmita*, quod exterius ex variis tunicis ſibi mutuò ſuperinjectis conflatur, ac intus denſum eſt, conſtat; hoc cum tenerior eſt Ténga & altitudine unius cubiti, eſt dulcis ac grati ſaporis; cùm majoris ætatis, ſaporis minus grati ac aſtringentis ac dulcedine nulla; cùm altior ac vetuſtior eſt, ſaporis dulcioris & gratiſſimi, æmulans juglandes noſtrates, eſtque in eduliis ac ab elephantibus maxime expetitum, qui ob ejus appetitum arbores haſce eradicant.

A    *Rami*

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

## അധ്യായം 2



# *C A U N G A.*

## F I G. 5. 6. 7. 8.

C*Aunga*, Ling. Bram. *Masi*, est arbor procera altitudine arborem *Tenga* æquans, nascens in arenosis. Fig. 5.

*Radix* nigricans, oblonga, crassitie unius spithamæ, radiculas albicantes & rufas, quæ intus lignoso filamento sunt, ex se diffundens.

*Caudex* crassitie unius spithamæ, maxima crassitie ad radicem, in summitate paulò minori obductus cortice viridi-claro. *Rami* qui ex caudice ordinatè prodeunt, ac ordine decussato bini & bini ex se mutuo emergunt cum pede summitatem caudicis instar vaginæ seu capsæ rotundæ ac clausæ circumplectentes, exterioribus interiores circumdantibus, ac simul caput oblongum in summitate *Caungæ*, quod crassius est ipso corpore caudicis inferiore, constituentibus, rami exteriores pede fisso ac rupto pòst successive suo tempore decidunt, est autem pes ramorum exterius viridi-fuscus, in interiori superficie albicans, contextura ferme coriaceus, ac interiori superficie striatus, intus lignosis filamentis minus duris in longum perductus membrana candida & nitente, quæ firmæ & densæ texturæ est, obductus: pars ramorum superior quæ ex pede exit, inferius ad pedem latior est, dein sensim strictior, exterius rotunda, interius nonnihil cava ac superiora versus interiùs in medio in costam acutam extuberans ac utrinque ad costam planis oris circumscripta, in quibus foliis ex adverso oppositis est vestita exteriùs ut & interiùs colore viridi, ad pedem autem interiùs nonnihil flavescens, ac intus lignosis mollibus filamentis ac fungosis carneis fibris pertexta: sunt autem folia oblongo-angusta longitudine trium quatuorvé pedum & latitudine quatuor pollicum plus minus, ac instar flabellorum in duas tresvé, etiam quatuor quinqueve plicas complicata & cum plicis ex oris ramorum producta in parte interiori in plicarum angulis eminentibus costis viridi-claris obsita, & intus venis in longum striata, contextura rigida, superficie plana; viridi-fusca & nitentia in utraque parte.

In *Capitulo Caungæ* quod in summitate est intra pedes ramorum foliaceorum vaginiformes *Capsæ* in quibus fasciæ ramorum ac surculorum cum floribus & fructibus includuntur, proveniunt infra singulos una, sunt autem capsæ oblongæ quatuor plus minus spithamas æquantes in una parte, qua pedi exteriori accumbunt rotundæ, in altera qua pedem interiorem complectuntur, cavi ambitus, superficie glabra & æquabili, ad summitatem in medio partis cavæ stria lacunosa in cujus tractu rumpunt sulcatæ, colore exteriùs primùm viridi-diluto albicante & subflavescente, pòst cum ætate flavescentes, interiùs coloris candidi, capsa exteriore accrescente ramus exterior, qui eum arctè includit, vi detruditur; fasciæ ramorum & surculorum quæ in capsis inclusæ constant uno pede plano quo caudicis summitati circumpositæ, suntque in ramulis crassioribus fructibus teneris dotatæ, & in surculis tenuibus, qui infra exortum fructuum erumpunt, spicis solis seu gemmis florum in duabus oppositis partibus obductæ; fasciæ autem hæ in ramis ac surculis primùm sunt albicantes seu flavo-albicantes, dein viridescentes, cùm vetustiores sunt, colore viridi-fusco & duræ. Fig. 6.

*Spicæ Florum* summitati surculorum obversæ sunt, suntque parvæ & angulatæ & albi- Fig. 7.

C

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204

# CARIM-PANA.

## FIG. 9.

C*Arim-Panà* duæ ſpecies ſunt, *Carim-Panà* & *Ampana*. Fig. 9.

*Carim-Panà* Bramanis *Talatámado* Luſitan. *Palmeira Brava* fem. eſt arbor procera naſcens in arenoſis.

*Radix* supernè capillata, ac infernè ramum medium craſſiorem rectà demittens, ac cum eo ramos transverſos tenuiores, eſtque cortice ac ligno nigricante.

*Caudex* ligno rufo-nigricante, in medio corculo molli, exteriùs cortice ſeu cruſta nigricante, quæ deglubi nequit, ut *Tenga*, obductus, ad cruſtam ligno duriore.

*Rami* coronatim ac ordine decuſſato caudicem circumſident, ſuntque in pede, qui quatuor ferme cubitos oblongus, interius plani & nonnihil cavi, exterius rotundi ac in oris ob cuſpides eminentes aſperi & incidentes, infernè latiores ac ſpithamam fermè in latitudine æquantes, supernè ſtrictiores ac latitudinem ferme unius palmi, in ſummitate folium prægrande, quod latiſſimum eſt, ac velut flabellum plicatum explicant; ſunt autem folia hæc in plicarum oris eminentibus coſtis aſperis obducta, in anteriore parte inciſa, ac in plures cuſpides ſtricta, contextura denſa & craſſa, in longum venis denſis ſtriata; rami cùm tenerrimi ſunt cum ſuis foliis flabelli-formibus candida ſunt & nitentia ac folia in ſe plicis convoluta, anterius haud inciſa.

*Fructus* ſunt externa forma ſimiles fructibus *Tenga*, ſed minores & rotundiores & in vertice nonnihil plani calyci arcto & majori & foliis mutuo circumvolutis excepti, prodeuntes ex capſis quæ tribus foliis arcte circumvolutis conſtant, ac ſupra ex exortu ramorum erumpunt, ſunt autem hi fructus calyce arcto & majori ex foliis mutuo ei circumvolutis compoſito excepti, corticis craſſi exteriùs obducti corticula denſa, quæ fructibus immaturis viridi-fuſca, nitens ac glabra, ac iis maturis inferiùs ſupra calycem nigricans & nitens, ac ſulcis ſeu fiſſuris in longum ſtriata eſt, ſuperiùs in vertice ex viridi-flaveſcens ſeu prorſus flava, intus autem cortex pulpam habet denſam, quæ primùm mollis ac alba eſt, dein cum fructus probè maturi ſunt, filamentis lignoſis, tenuioribus ac mollibus & minus duris denſè pertexta ac ſucculenta, ſaporis ſubdulcis & non ingrati, odoris fortis ac ejuſdem ut caro fructus dicti *Schácca*; in medio pulpæ corticis duæ treſve nuces oblongo-rotundæ & planæ

D pulpa

Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204


# അനുബന്ധം 6


# ഹോർത്തൂസ് മലബാറിക്കസ്സിലെ ചിത്രങ്ങൾ




Downloaded from
https://archive.org/search.php?query=hortus%20malabaricus%20volume%204



Kaida. lat.
mal.
Bondaki
bram.
Arab.



Códda-panà. lat.
malab.
Bram.
Arab.


Adâmaram latin
mal.
Chiba
bram
Arab.
Pars 4. Tab. 3.


Mail-Elou


Tsjetti-Mandaru



Natsjatam


Belá-ſchorá


Tsjovánna-areli
Canéru


Pars 10. Tab. 1


Kapa-tsjakka.



Pars XII Tab.
Ansjeli Maravara lus.
malabar.
Ponessan-kels Bram.

# അനുബന്ധം 7

# കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹെർബേറിയം (CALI)




HORTUS MALABARICUS
PROJECT
Chief Investigator: Dr. K.S. MANILAL, Professor of Botany
CU 12860
CALICUT UNIVERSITY HERBARIUM
Coll. No. 12860
Date 26.12.75
Name
Family
Locality
Altitude
Habit Shrub
Habitat
Notes Flowers white
Collected by
University Department of Botany, Calicut University, Kerala, India



CALICUT UNIVERSITY HERBARIUM

Coll. No. 21784 Date 2-6-79

Name Calamus travancoricus Bedd. ex Becc. & J. Hook

Family Arecaceae

Locality Thenmalai forest.

Altitude 400 meters.

Habit Tufted shrub.

Habitat Evergreen forest.

Notes Greenish brown flowers.

Collected by C. R. Suresh & K. S. Manilal.

University Department of Botany, Calicut University, Kerala, India